
പാട്ടുകൾ

രണ്ടാം വാല്യം



മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,
തൃശ്ശിവപേരൂർ.

പാട്ടുകൾ

II

1. വഞ്ചിപ്പാട്ട്
2. പാനപ്പാട്ട്
3. കളംപാട്ട്
4. പലവകപ്പാട്ട്.

പ്രസാധകന്മാർ

യോഗക്ഷേമം കമ്പനി ക്ലിപ്തം

തൃശ്ശിവപേരൂർ

1108 — 1932

Printed at
The Mangalodayam Press,
Trichur.

Price 2 0 0 വില 2 0 0

പ്രസ്താവന.

ഞങ്ങളുടെ ഗ്രന്ഥശേഖരത്തിൽ പെട്ടു കിടക്കുന്നതും പണ്ഡിതപാമരന്മാൎക്കു ഒരുപോലെ വിശേഷാവസരങ്ങളിൽ പാടിക്കളിപ്പാനും വായിച്ചുരസിപ്പാനുമായി പ്രസിദ്ധന്മാരും സരസന്മാരുമായ പല കവികളും നിൎമ്മിച്ചതും ആയ പഴയ പാട്ടുകളാണു ഈ പുസ്തകത്തിൽ ചേൎത്തിട്ടുള്ളതു. കേരളത്തിൽ പണ്ടുകാലം മുതല്ക്കു പ്രചാരത്തിൽ വന്നിട്ടുള്ള പാട്ടുകൾ പല മട്ടിലും ഒട്ടധികമുണ്ടു. സ്ത്രീകൾ പാടുന്ന പാട്ടുകളെന്നും പുരുഷന്മാർ പാടുന്ന പാട്ടുകളെന്നും പാട്ടുകളെ രണ്ടു തരമാക്കി തിരിച്ചു ഒന്നാംഭാഗത്തിൽ സ്ത്രീകൾ പാടുന്ന പാട്ടുകളും രണ്ടാംഭാഗത്തിൽ പുരുഷന്മാർ പാടുന്ന പാട്ടുകളുമാണു ചേൎത്തിട്ടുള്ളതു. പരിഷ്കാരത്തിന്റെ തള്ളിച്ചകൊണ്ടു ഇത്തരം പാട്ടുകളും അതിന്നു യോജിച്ച വിനോദങ്ങളും നാമാവശേഷമായിപ്പോകുമാറാണെന്നു അനുഭവപ്പെട്ടുകഴിഞ്ഞിട്ടുണ്ടു. ഓണക്കാലത്തെ കൈകൊട്ടിക്കളിയും തിരുവാതിരക്കാലത്തെ ഉഴിഞ്ഞാൽപ്പാട്ടും വെള്ളം തുടിയും മറ്റും സാധാരണയായിരുന്നതു ഇപ്പോൾ ദുൎല്ലഭമായിപ്പോയിട്ടുള്ളതുതന്നെ ഇതിന്നൊരു ദൃഷ്ടാന്തമാണു. കുറച്ചു കാലം കഴിഞ്ഞാൽ ഈ പുസ്തകത്തിൽ ചേൎത്തിട്ടുള്ള ചിത്രങ്ങൾ നോക്കിയാൽ മാത്രമേ ഇങ്ങിനെ ചില വിനോദങ്ങൾ കേരളത്തിൽ പണ്ടുണ്ടായിരുന്നു എന്നു പറവാൻ സാധിക്കയുള്ളു. ഇതാണു പ്രത്യേകം ചിത്രങ്ങൾ ഉണ്ടാക്കിച്ചു ഈ പുസ്തകത്തിൽ ചേൎക്കാൻ കാരണമായതു.

ഞങ്ങളുടെ ആവശ്യപ്രകാരം ഈ പുസ്തകത്തിന്നാവശ്യമായ ചിത്രങ്ങൾ വരച്ചുതന്ന ആർട്ടിസ്റ്റ് മിസ്റ്റർ ജി. കൃഷ്ണവാരിയരുടെ മനോധൎമ്മത്തെപ്പറ്റി ഞങ്ങൾ വിശേഷിച്ചൊന്നും പറയേണ്ടതില്ല. ചിത്രമെഴുത്തിൽ പ്രസിദ്ധി നേടിയ മിസ്റ്റർ വാരിയർ പുസ്തകങ്ങൾ "ഇല്ലസ്ട്രേറ്റ്" ചെയ്വാനും പ്രാപ്തനാണെന്നും മലയാള അച്ചുകൂടങ്ങളിൽ ഇത്തരം പുസ്തകങ്ങൾ പുറപ്പെടുന്നതു് ഒന്നാമത്തെ പ്രാവശ്യമാണെന്നും പുസ്തകം വായിക്കുന്നവരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ലെന്നും വിശ്വസിക്കുന്നു.

മംഗളോദയം പ്രസ്സുകാർ തുടങ്ങിവെച്ച പുതിയ പ്രസ്ഥാനത്തിലെ അഞ്ചാമത്തെ വാല്യമാണ് ഇതു്. പൊതുജനങ്ങളുടെ സഹകരണത്തിന്നു യോജിച്ചവിധം ഈ ഗ്രന്ഥാവലിയിൽ പല പുസ്തകങ്ങളും പെടുത്തുവാൻ ഞങ്ങൾ ഏർപ്പാടുകൾ ചെയ്തുവരുന്നുമുണ്ടു്.

തൃശ്ശിവപേരൂർ
15—5—'08.

മംഗളോദയം പ്രവൎത്തകന്മാർ.

അനുക്രമണിക.

പാട്ടുകൾ II.


ചിത്രങ്ങളുടെ ലിസ്റ്റ്.

(1) വഞ്ചിപ്പാട്ട്.

(2) കിളിപ്പാട്ട്.

(3) പാനപ്പാട്ട്.

(4) കളംപാട്ട്.



വഞ്ചിപ്പാട്ട്.

നളചരിതം.

(വഞ്ചിപ്പാട്ട്.)

ദന്തളീന്ദ്രപുരത്തിൽ സന്തതം വാണരുളുന്ന
ദന്തിരാജാനനൻ ദേവൻ തുണച്ചീടേണം
ഭാരതിയും ഗുരുഭൂതന്മാരുമെന്റെ പരദൈവം
വാരിജാക്ഷൻ ഭഗവാനും വരം നൽകേണം
നൈഷധന്റെ കഥയിതു ഭാഷയായ്ഞാൻ ചമക്കുന്നേൻ
ദോഷവേദി ജനങ്ങളും സഹായിക്കേണം
വീരസേനാത്മജനായ വീരസേനൻ നളൻ പണ്ടു
പാരിടവും പരിപാലിച്ചിരിക്കുംകാലം
നീരജാക്ഷി ഭൈമിതന്റെ ചാതുര്യഗുണമെല്ലാം
നാരദൻ ചെന്നരചനോടറിയിച്ചപ്പോൾ
പുഷ്പബാണപ്രതാപത്താൽ കെൽപ്പുകെട്ട നൃപനപ്പോൾ
പുഷ്പവാടികകം പുക്കു വസിച്ചു ഖേദം
പൊൻനിറമായൊരു ഹംസം സന്നിധിയിൽവന്നുകൂടി
മന്ദമതു പിടികൂടി മന്നവനപ്പോൾ
ശോകമുൾക്കൊണ്ടരയന്നമാകുലമായ് മുറയിട്ടു
പാകവൈരിസമനായ നൈഷധൻമുമ്പിൽ
അന്തരിക്ഷ ചരിക്കും ഞാനൊന്നു ചെയ്തില്ലപരാധം
എന്തിനയ്യോ മഹീപാല! വധിക്കുന്നെന്നോ

വർണ്ണമേറെയിതുകണ്ടു സ്വർണ്ണമെന്റെ ചിറകെന്നു
നിർണ്ണയിച്ചു പോരുന്നാകിലബദ്ധംതന്നെ
പച്ചമാംസം ഭുജിപ്പാനാശിച്ചുവെങ്കിലെൻമാംസം
തുച്ഛമാമിന്നതുകൊണ്ടും സാദ്ധ്യമില്ലല്ലോ
കുട്ടികളുമെനിക്കില്ല പെട്ടുപോയെൻ കലനാശം
പുത്രശോകം വിലപിച്ചാൽ ഫലമില്ലല്ലോ
സ്പഷ്ടവാദൻ മൊഴികേട്ടു തുഷ്ടിപൂണ്ടു വിട്ടുനൃപൻ
തൂർണ്ണയോടരുളിച്ചെയ്തു ക്ലിഷ്ടത പോവാൻ
ഹംസരാജ! ഹിംസചെയ്യാനല്ല നിന്നെപ്പിടിപെട്ടു
സത്യമായും നിന്നിലുള്ള കൌതുകം കൊണ്ടേ
എന്നുടൻ ദൈന്യവാക്യങ്ങൾ കേട്ടുനന്ദികലർന്നവൻ
മന്നവന്റെ മുന്നിൽനിന്നു പറഞ്ഞു ഹംസം
എങ്കിലോ കേട്ടുകൊണ്ടാലും വീരമൌലേ!മഹാരാജ!
പങ്കജാക്ഷി ദമയന്തിയെന്നൊരു കന്യാ
അത്ഭുതമാമവളുടെ രൂപകാന്തി ഗുണമോർത്താൽ
അപ്സരസ്ത്രീ ജനങ്ങളുമൊപ്പമല്ലേതും
നാൽമുഖനാത്തരുണിയെ നാവിലാക്കാതിരുന്നാലും
നന്മയേറും തവ ഭാഗ്യമെന്നാതേ വേണ്ടു
പല്ലവാംഗീയവൾക്കിപ്പോൾ ബാല്യകാലം തരംകെട്ടു
നല്ല താരുണ്യവും വന്നാങ്ങിണങ്ങീടുന്നു.
മന്മഥൻ ചെന്നവൾക്കോരോ തന്മയത്വം വരുത്തുന്നു
കൺമുനത്തെല്ലിനമൊട്ടു നന്മകൂടുന്നു
മന്ദഹാസവിലാസങ്ങൾ സുന്ദരത്വം തടവുന്നു
ചന്ദ്രികയുമതു കണ്ടു നാട്ടീടുന്നു
മന്ദമന്ദമുരോജങ്ങളുന്നമിച്ചു തുടങ്ങുന്നു

കന്യകക്കു വിവാഹത്തിൻ കാലവും വന്നു
ഭാഗ്യവാരാന്നിധേ! നിന്റെ ഭാര്യയാവാനവൾക്കേറ്റം
യോഗ്യതയുണ്ടതിനേതും സംശയം വേണ്ട
ധന്യശീലൻ ഭവാൻ ചെന്നാക്കന്യകയെ വരിക്കേണം
മന്നവേന്ദ്ര! നിനക്കെന്നോ മതിയായുള്ള
ഏവമുണ്ടോ ഭവാനിങ്ങു ഭാവമെന്നാലെനിക്കിപ്പോൾ
ഈവഴിയേ ഗമിക്കേണം കുണ്ഡിനന്തന്നിൽ
നിന്മഹിമ വിശേഷങ്ങൾ നന്മൊഴികൊണ്ടുതിർക്കേണം
പെണ്മണിതന്മനമൊന്നു മയക്കീടേണം
ഭൂമിപാലമണേ! നിങ്കൽ പ്രേമമങ്ങുമുറയ്ക്കേണം
യാമി ഞാനെന്നുരചെയ്തിട്ടാഗമിക്കുന്നോൻ
വിപ്രവരവചനങ്ങളിപ്രകാരം ശ്രവിച്ചപ്പോൾ
സപ്രമോദം നളൻതാനുമരുളിച്ചെയ്തു
കണ്ണിന്നാനന്ദമായ് നിന്നെ കണ്ടനേരമെനിക്കിന്നു
കർണ്ണസൌഖ്യമതും വന്നു നിന്മൊഴിയാലെ
സന്മതേ! നിൻക്രിയകൊണ്ടിട്ടെന്മനവും തെളിയേണം
സമ്മതം നിയ്യെനിക്കുള്ളിൽ വരുത്തീടേണം
ഭീമരാജാത്മജതന്നിൽ പ്രേമമുള്ളിലുദിക്കയാൽ
കാമമാൽക്കൊണ്ടുഴന്നു ഞാൻ മരുവുന്നേരം,
പത്രിവീര! ഭവാനെന്റെ മിത്രമായ്വന്നടുക്കയാൽ
സിദ്ധമായെന്മനോരാജ്യമെന്നുറയ്ക്കുന്നേൻ
ധൈര്യമുൾക്കൊണ്ടവളെയെൻ പ്രേയസിയാക്കിത്തരുവാൻ
ആയവണ്ണം പ്രയത്നം നീ തുടങ്ങീടേണം
ഇത്ഥമുള്ള വചനം കേട്ടുത്തമനായരയന്നം
സന്താപം പോക്കീടേണ്ടുപായത്താൽ പക്ഷ

വൃത്രവൈരിവിപിനത്തോടൊത്ത കേളിവനം കണ്ടു
തത്ര ചെന്നങ്ങൊരു ദിക്കിൽ വസിക്കുന്നേരം
ബന്ധുരാംഗി വരുന്നോരു ചന്തവുമങ്ങുടൻ കണ്ടു
അന്തരംഗമതിലേവം ചിന്തയും പൂണ്ടു
ആരുവാരീ വരുന്നോരു നാരിമൌലിയിവളുടെ
ചാതുര്യപൂർണ്ണം കണ്ടാൽ വിസ്മയം തന്നേ
ശ്യാമളശ്രീ കലരുന്നോരു ശൈവലമങ്ങൊരു ദിക്കിൽ
പേശലയായുല്ലസിച്ചീടുന്നതു കാണുന്നു
തീരവാസികളെയെല്ലാം ചാരവേ ചെന്നടിക്കുന്ന
ചാരുലോലത്തിരമാലയുമുണ്ടു കാണുന്നു
ചഞ്ചരീകതരുണന്മാർ നെഞ്ചലിവാൻ നിറമുള്ളൊ-
രഞ്ചിതമാമരവിന്ദമുണ്ടു കാണുന്നു
മത്തഹംസിയൊരു ദിക്കിൽ മജ്ജനം ചെയ്തുടൻ മന്ദം
മസ്തകമങ്ങുയർത്തുന്നതുണ്ടു കാണുന്നു
അംബരത്തിൽ പ്രതിബിംബം കണ്ടിടുന്നങ്ങൊരു ദിക്കിൽ
നിർമ്മലമാം പുളിനവുമുണ്ടു കാണുന്നു
കച്ഛപങ്ങളൊരു ദിക്കിൽ മെച്ചമോടെ കളിക്കുന്നു,
സ്വച്ഛധാരാവലികളുമുണ്ടു കാണുന്നു
മറ്റുമോരോ വിശേഷങ്ങൾക്കറ്റമില്ല നിരൂപിച്ചാൽ
ഉറ്റവണ്ണം പുകഴ്ത്താനൊരാളുമില്ലാ.
പേർത്തു പേർത്തു ഘനവേണിമാരൊന്നോർത്തു കണ്ടാലിവൾതന്നെ
പാർത്ഥിവേന്ദ്രമകളെന്നും തീർച്ചയും വന്നു.
കയ്ത്തലത്തിലിരിക്കാർക്കുമിത്താമരമോത്തവളും
ആ സ്ഥലത്തിൽ സ്ഥിതിചെയ്തു സ്വസ്ഥതയോടെ.
ചേടിമാരുമൊരുമിച്ചുകൂടി മന്ദം കളിയാടി

പേടമാൻകണ്ണിയും പുഷ്പവാടിയിൽ വന്നു
സ്വർണ്ണകാന്തിതടവുന്നോരണ്ഡജത്തെയവൾ കണ്ടു
പൂർണ്ണമോദം പിടിപ്പാനായ്ത്തുനിഞ്ഞുകൂടി
മന്ദമന്ദമടുക്കുമ്പോളൊന്നു ചാടുമവൻ മെല്ലെ
ചെന്നു ചെന്നടുത്തീടും പിന്നെയും പിന്നെ.
ബന്ധുരാംഗി നടന്നേവം ബുദ്ധിമുട്ടി ദമയന്തി
സാദ്ധ്യമില്ലെന്നൊരു ഭാവമവൾക്കും വന്നു.
ദാസിമാരോടകന്നൊട്ടു ദൂരെയായി തരുണാംഗി
ഹാസപൂർവ്വമുരചെയ്തു ഹംസമന്നേരം.
ബന്ധുരാംഗിയിനി നില്ലിതെന്തു ഭാവിച്ചടുക്കുന്നു
ഹന്ത! നിന്റെ മതിമോഹം ഫലിച്ചീടുമോ.
ദേവമാർഗ്ഗേ ചരിക്കുന്ന ദിവ്യമായ വിഹംഗത്തെ
കേവലം നീ പിടിപ്പാനോ തുടങ്ങീടുന്നു.
അമ്പിളിയെപ്പിടിച്ചോരു പമ്പരമായ് ചമപ്പാനും
ഇമ്പമോടേ തുനിയും നീ ശങ്കയില്ലേതും.
കൊങ്കകളിളംസിവന്നാകരിച്ചതറിയാതെ
പങ്കജാക്ഷി കളിക്കുന്നു പൈതലെപ്പോലെ.
കൊണ്ടൽവേണി കളിയല്ലിക്കണ്ടതല്ലാ കളഹംസം
ഉണ്ടനേകം മഹത്വങ്ങൾ കേട്ടുകൊണ്ടാലും.
പുണ്ഡരീകാസനൻതന്റെ പുണ്യവാഹമഹമെന്നു
പൂർണ്ണചന്ദ്രാനനേ! ബാലേ! ധരിച്ചുകൊൾക.
മാന്യനായ നളൻതന്റെ മന്ദിരേ ഞാൻ മരുവുന്നു
നന്ദിയോടും വിരിഞ്ചന്റെ നിയോഗത്താലേ.
തൽപുരസ്ത്രീകളെയെല്ലാമത്ഭുതമാം ഗതിശാസ്ത്രം
അഭ്യസിപ്പിച്ചിരിക്കുന്നു തത്ര ഞാനിപ്പോൾ

സത്യലോകസ്ഥിതിയോൎത്താലിത്ര സൌഖ്യം വരുന്നില്ല
സത്യമെന്നാൽ സ്വൎഗ്ഗവാസം വരുമെത്താഴെ
ഉമ്പർകോനും മടിക്കാതെ കുമ്പിടുന്നു നളൻമുമ്പിൽ
വമ്പരായ മഹീശന്മാരെന്തഹോ പിന്നെ
മന്നിലോരോ തരുണിമാർ മന്നവനെക്കൊതിക്കുന്നു
മന്മഥാൎത്തി പിടിപെട്ടു കുഴങ്ങീടുന്നു.
അക്കമനികളിലൊന്നും ലക്ഷ്യമില്ലാ നൃപനിപ്പോൾ
ഗദ്ഗദമായ് നിന്നെക്കുന്നേ പറവാനുള്ളു
വൈരസേനി തന്നെക്കാത്ത നാരീരത്നം തെരഞ്ഞീ ഞാൻ
പാരിലെല്ലാം ചരിച്ചിട്ടു മടങ്ങിപ്പോന്നു.
ഉത്തമസ്ത്രീമണേ! നിന്റെ ചിത്രമേഷ ജനമെന്നാ-
ളുറ്റതളിരിൽ നിന്നെച്ചൊന്നു വിശ്വസിച്ചാലും
സത്യമെന്നോട്ടുരചെയ്യാനത്രപോലും മടിക്കേണ്ടാ
പാൎത്തു കാലം കളയുന്നതെന്തിനു പാഴിൽ
പക്ഷിവീരനിവൻ നിന്റെ പക്ഷമായങ്ങിരിക്കുമ്പോൾ
പക്ഷ്മളാക്ഷി നിനക്കെല്ലാം ഭദ്രമേയുള്ളു.
ഏവമോരോ വചനങ്ങളാവിരാജൻ തകൎത്തപ്പോൾ
സാവധാനമുരചെയ്തുതുടങ്ങി ഭൈമി.
എങ്ങിനെ കന്യക ഞാനിന്നിംഗിതങ്ങളുരയ്ക്കുന്നു
ഭംഗിയല്ലാ നിരൂപിച്ചാലെന്നിരിക്കുന്നു.
ഒട്ടനാളായ് നളനെന്നു കേട്ടു കേട്ടു കൊതിച്ചു ഞാൻ
മട്ടലർ സായകച്ചൂടം തട്ടി വാഴുന്നു
ഇഷ്ടബന്ധുജനമൊന്നും പാട്ടിലില്ലാതുഴന്നു ഞാൻ
കഷ്ടകാലമൊഴിഞ്ഞെന്നു തോന്നുന്നു.
ബാഹുജന്റെ മകളേവമീഹിതത്തെക്കൊടുത്തപ്പോൾ

വ്യാഹരിപ്പാനൊരുമ്പെട്ടു വിഹംഗാധീശൻ
പുള്ളിമാൻകണ്ണിയാളേ! നിന്നുള്ളിലുള്ളോരഭിലാഷം
കള്ളമെല്ലാം കളഞ്ഞോ നീ കഥിച്ചീടുന്നു
ഇന്ദുവംശമണിതന്നിൽച്ചേർന്നു നിന്റെ മനമെങ്കിൽ
വന്നടുത്തു ശുഭകാലമെന്നു കല്പിക്കാം

കാന്തികൾകൊണ്ടവനോടു കാമനൊത്തും ശരിയല്ലാ
കാന്തനാവാൻ നളൻതന്നെ സംശയിക്കേണ്ടാ
ഇന്ദ്രനിന്ദ്രാണിക്കു ചേരുമിന്ദിരയ്ക്കച്യുതൻ ചേരും
ഇന്ദുചൂഡൻ ഭഗവാനുമുമയ്ക്കും ചേരും
യാമിനിക്കു ശശി ചേരുമാപഗയ്ക്കംബുധി ചേരും
കോമളാംഗി! നിനക്കോർത്താൽ നൈഷധൻ ചേരും
താമ്രപാണി! പരൻ നിന്റെ വല്ലഭനായ്‌വന്നാകിൽ
താമ്രചൂഡമരയന്നപ്പിടയ്ക്കും ചേരും
എന്നു വേണ്ടാ പിതാവായ മന്നവന്റെ നിയോഗത്താൽ
അന്യഭൂപാലകൻ നിന്നെ വരിച്ചെന്നാകിൽ
ഒന്നുകൊണ്ടും നിനക്കപ്പോളുപഘാതം വരുത്തുണ്ടോ
വന്നതായി തവമെന്നാലുറസ്സും നിസ്സം
ഇപ്പറഞ്ഞ മൊഴിയെല്ലാം നിഷ്ഫലമായ്‌വരുമപ്പോൾ
ഇപ്പരിഷ്കൃതമോ പാരമിളപ്പം വന്നു.

ഈഷലെന്ന്യേ പതിയോടുംകൂടി നന്നായ് രമിച്ചീടാം
ദോഷമെന്തു നിനക്കൊന്നു ഭവിപ്പാനുള്ളൂ.

വൈരസേനിക്കുമെന്നോരാം വൈരമെങ്കൽ വരുമെന്നാൽ
സ്വൈരവും പോയ് മമ രാജസേവയും പൊങ്ങി.
ദോഷമെന്നു ജനമെല്ലാം ഘോഷമേറ്റു തുടങ്ങീടും

ശേഷമെന്തൊന്നറിയാട്ടന്നോന്ന ഞാനിപ്പോൾ
ഇപ്രകാരമനത്ഥം വന്നൽഭവിക്കമിവയെല്ലാം
ഉള്ളിലാക്കി നിനച്ചല്ലോ മടിക്കന്നു ഞാൻ
കണ്ടു കണ്ടെത്തിരിക്കുന്നോ കണ്ടിലഞ്ഞു വൃഥാ ചെന്നു
കണ്ടിവാർകേശി! ചാടീടുന്നെന്നതിനായല്ലോ ഞാൻ
അണ്ഡജത്തിൻ മൊഴിയൊന്നീവണ്ണമാകുന്നനാം ചെയ്തു
ഗണ്യഭാവം വെടിഞ്ഞൊന്നു പറഞ്ഞാളല്ലോ
ചിത്തതാരിലുറപ്പെന്തുമാത്രമുണ്ടെന്നറിവാനൊ
ലല്ലുവണ്ണ! ഭവാനേവമൊന്നും ചെയ്യുന്നു
ചഞ്ചലമില്ലിനിയെന്റെ നെഞ്ചകമൊന്നിളക്കിടാൻ
പഞ്ചബാണൻ നിനച്ചാലും പ്രയാസന്തന്നെ
കിന്തു ബന്ധുജനമെല്ലാമന്തരായിഭവിച്ചാലും
അന്തരംഗമതിലിന്നു ഭ്രംശമില്ല
മൽഗളംകൊണ്ടൊരു മാല്യമൎപ്പണം ചെയ്യണമെന്നാൽ
മൽപ്രിയനാം നളൻതന്റെ ഗളത്തിലുള്ള
ഇത്ഥമോരോ വിഷാദങ്ങളോൎത്തു നില്പോളുടൻ ചെന്നീ–
വൎത്തമാനം നൃപൻ തന്നെ ഗ്രഹിപ്പിക്ക നീ
ദോഷാധീശമുഖി തന്റെ ഭാഷിതങ്ങളിവയെല്ലാം
തോഷമോടെ കേട്ടുകൊണ്ടു തിരിച്ചു ഹംസം
പാൎത്ഥിവാധീശനെക്കണ്ടു വാൎത്തയെല്ലാമറിയിച്ചു
യാത്രയുമങ്ങുണൎത്തിച്ചു തിരിച്ചു മെല്ലെ
താമരപ്പൂമകനുന്നി മാമുനീന്ദ്രനാളു കാലം
കാമചാരി പുറപ്പെട്ടു ശക്രനൊക്കാരമാൻ
പൎവ്വതനൊരുമിച്ചു പൎവ്വതാഗ്രേ പുരേ ചെന്നു
പൂൎവ്വമോരോ വിശേഷങ്ങൾ പറഞ്ഞുകൂടി
ഇന്ദുബിംബമുഖിമാരിന്നിതിൻ കഥയാകം

നന്മധുരാമൃതമെമ്പൊടെടുത്തു പിന്നെ
വിണ്ണവർ നായകൻ തന്റെ കണ്ണനെസ്സ്നേഹത്തിങ്കൽ
പൂർണ്ണമാമ്മാറുടൻ കോരിച്ചൊരിഞ്ഞു പോന്നു.
കാതരാക്ഷീകഥ കേട്ടു കൌശികൻ താനുമേവം
ചൂതബാണനെന്നൊരു ചുണ്ണയും കെട്ടു
അത്തരുണീമണിതന്നിൽ ചിത്താനുരാഗമവനോർത്തു
നേർത്തു ദേവാംഗനമാരിലനാസ്ഥയുമപ്പോൾ
കൃഷ്ണജന്മാവെത്രപ്പാനായ് തൃഷ്ണയോടടുത്തതപ്പോൾ
കൃഷ്ണവർത്മാവിനുമുള്ളിൽ തൃഷ്ണയാർത്തിതന്നു.
അന്തകനന്തരികത്തു പൂണ്ടകാമക്കടൽക്കുള്ളിൽ
നീന്തി നീന്തിത്തുടിച്ചേറം താന്തിയും വന്നു
അപ്പതിക്കു മലർബാണനത്തിപ്പൊരിയിട്ടതപ്പോൾ
ചൊല്ലേറും മോദവുമൊട്ടു കെടിപ്പാനായി
ദിക്പതികളിവരെല്ലാം ദർപ്പകന്റെ നിയോഗത്താൽ
അപ്പോഴേ താൻ പുറപ്പെട്ടു ഭൈമിയെ വേൾപ്പാൻ
    വട്ടമൊത്ത പച്ചയിലെട്ടിരട്ടി മിഴി രണ്ടും
ഇട്ടതട്ടിയവനൊന്നു നട്ടമിട്ടപ്പോൾ
അഷ്ടദിക്കുകളിൽച്ചെന്നു പട്ടാഭം ചെയ്യുമാറുള്ളൊ-
രട്ടഹാസങ്ങളും തൂകിക്കയത്തുകൂടി
രണ്ടു വാക്കു പറയുന്നോനിങ്കൽ നർമ്മം പരിഹാസത്തെ
കണ്ടതില്ലേ പണയത്തിലല്ലേടാ മൂഢാ
പാർക്കെടാ നീ ദേവരാജാവേ! വാക്കിനൊത്തും ഭംഗിയില്ല
തീക്കടലിലൂടെ നീപ്പോളുക്കവൻ നിന്നെ
ഉൽക്കടവിക്രമന്മാരാം മൽഭടന്മാരുമൊന്നാൽ
ദുർഘടമെന്തുമില്ലെന്നോ വിചാരിക്കുന്നു (ങ്ങ
ഞങ്ങൾ പാഠം പഠിക്കുന്നൊന്നു കൊണ്ടൽവേണിയെക്ക
ണ്ടെൻ നാഴികക്കുള്ളിൽ വന്നുകൊണ്ടാലും

ആശതന്റെ പതിയാകും പാശപാണിയെത്തുന്നേരം
ആശു കോപിച്ചവരോടതുമിച്ചൊല്ലി
കീശവൃന്ദമേ! വിശേഷിച്ചു മോശമെന്തു വരാനുള്ളു
പേശലാംഗിയേയും കണ്ടുപോന്നുവെന്നാകിൽ
ദുർമ്മതേ! നിൻ തൊഴിലൊന്നും നിർമ്മലമായ്വരുവീടും
അമ്മഹാനായകനോട് കൂടുകയില്ല
കോപമായിട്ടുമിങ്ങെന്റെ ചാപനിർമ്മുക്തമാം നല്ല
ശാപബാണം തട്ടത്താലും ഭവാനിക്കാലം
ഇത്തരം ദേവകളെല്ലാം നേർത്തടുത്തു കടുത്തപ്പോൾ
പാർത്ഥിവേന്ദ്രൻ വിയത്തോരം ചമഞ്ഞോനല്ലോ.
ക്ഷോണിതന്നിൽ വഴിപോലെ വീണു താണഞ്ഞുടൻ വരു-
പാണി! തന്നോടിവണ്ണം ക്ഷോണിപൻ ചൊന്നാൻ
കല്പനയെന്തിനിയെന്നാലപ്രകാരം നടത്തീടാം
അല്പനാം ഞാൻ മഹാത്മാവിൽ തത്പരനല്ലോ
ദിക്പതികൾക്കതിലപ്രിയം വേണ്ടയെ ലേശം
ഇപ്പൊഴേ പോയ്ക്കൊള്ളാമെന്നോടരുളിച്ചെയ്താലും
മന്നവൻ ചൊന്നതു കേട്ടു മന്ദഹാസം പൂണ്ടു മന്ദം
ഒന്നിവണ്ണമുരചെയ്തു മഹേന്ദ്രൻ മോദാൽ
വീരസേനാത്മജ വീര നീരസം വേണ്ടൊരു തെല്ലും
ധീരനാം നിന്നെ ഞാനിന്നു വിശ്വസിക്കുന്നേൻ (ഞാ
കൊണ്ടൽവേണിമണിയാകും ദേവിയല്ലാതൊരാൾ നി
കണ്ടറിയില്ലതുകൊണ്ടു കുണ്ഠിതം വേണ്ട
തിങ്കൾവംശാധിപനെന്നു ശങ്കയുണ്ടാകയുമില്ല
തിങ്കൾബിംബാനനക്കെന്നറിഞ്ഞുകൊൾക.

വ്യാസോൽപത്തി

അമ്പിളിത്തെല്ലണിയുന്ന തമ്പുരാന്റെ മകനൊരു-
കൊമ്പനുണ്ണിത്തമ്പുരാനെ! കുമ്പിടുന്നു ഞാൻ
ഇമ്പമമ്പോടുയർത്തേണം കമ്പമെല്ലാമൊഴിച്ചെന്റെ
മുമ്പിൽ വന്നു വിളങ്ങേണം കവിത്വം ചൊല്ലാൻ.
നല്ല മീൻകണ്ണിയാം വാണി! നല്ലപോലെ തുണെക്കേണം.
നല്ലതും വല്ലതായീടും നീ തുണെക്കാഞ്ഞാൽ.
വ്യാസനാം ഋഷികന്നായകനീശനാമീശപതിയോടെ-
ന്നാലയത്തിലഴകോടെ വാസം ചെയ്യേണം.
ചൊല്ലേറും തിരുമനസ്സും മൂപ്പാറിന്നടിയോനെ! അ-
ശ്ലപ്പാ റിൻ കഴലിണ ഞാനെപ്പോഴും വന്ദേ
കാറുമോളം പെരുത്തുള്ള കായലിൽ തമ്പുരാക്കന്മാ-
രൊരുമയോരോടിവെച്ചു കളിക്കുന്നേരം
രണ്ടു നാലല്ലാവധി തണ്ടുവെച്ചു വലിക്കുമ്പോൾ
മിണ്ടാതെ വലിക്കുന്നേരം വലച്ചിലേറും
പാട്ടു പാടിക്കൊണ്ടു വലിച്ചെങ്കിലോ വലച്ചലില്ല.
കോട്ടമുണ്ടാമതിനൊരു പാട്ടു പാടുന്നേൻ.
കേട്ടുകൊൾവിനെങ്കിലെന്റെ കൂറുകാരെല്ലാരും നിങ്ങ-
ളേറ്റു പാടിക്കൊൾവിൻ താളം കോട്ടം കൂടാതെ
പണ്ടു പരിചാരനായോരരചന്റെ മകളായി-
ട്ടുണ്ടായിപ്പോലൊരു, മുക്കോൻജാതിയിൽ, കന്യ
ഉർവ്വശി മേനകയെന്നല്ലുമ്പരസ്ത്രീവർഗ്ഗങ്ങളും

സ്വപ്നമവളെക്കണ്ടാൽ നാണിച്ചൊളിക്കും.
കാറൊക്കും തലമുടിയും പൂവൊക്കും മേനിയും നല്ല
മാറൊക്കും മുലയും കണ്ടാൽ നല്ലോരു പെണ്ണ്
കാളിയെന്നു പേരുമിട്ടു വളർത്തു മുക്കോനവളെ
കാളിന്ദിയിൽ വഞ്ചി കടത്തീടുവാനാക്കി
ഓളവുമൊഴുക്കുമുള്ള കാളിന്ദിയിൽ കടത്തുവാൻ
കാളിയാമവൾക്കു ചെറുതും പേടിയുമില്ല.
മത്സ്യഗന്ധമവൾക്കേറെയുണ്ടതുകാരണം പിന്നെ
മത്സ്യഗന്ധിയെന്നു പേരും പ്രസിദ്ധമായി.
മാടൊക്കും മുലയാൾ വിളയാടി കാളിന്ദിപ്പുഴയി-
ലോടവും കടത്തി വഴിപോക്കരെയെല്ലാം
അങ്ങിനെ വാഴുന്ന കാലം മാമുനി പരാശരനാ-
മങ്ങെഴുന്നള്ളിനാൻ വഴിപോക്കനായിട്ട്
പേടമാൻകണ്ണിയെ മിന്നൽക്കൊടിപോലെ കണ്ടേരം
താടിക്കാരനയ്യോ! തല കറങ്ങിപ്പോയി.
എന്തിതിന്നു മൂലമെന്നന്തരംഗംകൊണ്ടു മുനി
ചിന്തചെയ്തപ്പോളറിഞ്ഞു കാരണമെല്ലാം
മന്നവനാം ഉപരിചരൻതന്നുടെ മകളാണിവൾ
ഇന്നു മുക്കോൻജാതിയിലായെന്നതേയുള്ളു
പാലാഴിയിൽ പള്ളികൊള്ളും പത്മനാഭനിവളിലി-
ക്കാലമവതാരം ചെയ്യാൻ ഭാവിച്ചീടുന്നു;
എന്നുടെ തനയനായിട്ടെന്നതറിഞ്ഞുമുനീന്ദ്ര-
നന്നു മുലയാളോടു ചോദിച്ചു മെല്ലെ
ആരെടിയിന്നിക്കടവിൽ തോണി കടത്തുന്നതെന്നു
പാരാതെ കേട്ടവൾ ചൊന്നാ'ളടിയ'നെന്നും

ഘോരവും സന്ധ്യയടുത്തു വഴിയുന്തു കൊള്ളുവാനും
ഘോരം നീക്കം വരും വെക്കം കടത്തീടേണം
വെള്ളത്തിലേറുന്ന പേടിയുള്ളവനാകുന്നു ഞാനും
പുള്ളിമാൻകണ്ണാളെ നീയും ഞാനും കേറാവൂ
എന്നതു കേട്ടവൾ മുനിതന്നെയത്തോണിയിലേററി
സുന്ദരി വഞ്ചിയും നീക്കിത്തുഴയുന്നേരം
തിങ്ങിപ്പൊങ്ങി മാറിടത്തിൽ വിളങ്ങുന്ന മുലകൾ രണ്ടും
പൊങ്ങിത്താഴുന്നതും കണ്ടു മയങ്ങിപ്പോയി.
ചാരുവാം കണ്ണിണ, മധുരകാരിച്ചൊരിയുമധരം,
മാരന്റെ വില്ലിനെ വെല്ലും ചില്ലികൾ രണ്ടും
അംഗത്തിൻ സൌന്ദര്യം കണ്ടിട്ടുഗ്രജാഡ്യമേറു മുനി
പുംഗവനാവളോടേവമരുളിച്ചെയ്തു
പാലൊലാലും മൊഴിയാളേ നീ ചാരത്തു വന്നാലുമെന്റെ
മാലേറുന്ന മദനന്റെ ബാണമേല്ക്കയാൽ
പൊന്നുകൊണ്ടുള്ള കുടങ്ങൾ വന്ദനം ചെയ്യുന്ന മുല-
ക്കുന്നുകളൊന്നൊന്നു പുണരേണമിപ്പോൾ
എന്നതു കേട്ടവൾ പേടിച്ചൊന്നു വിറച്ചുഴറോടെ
വന്ദനംചെയ്യുന്നത്തപോധനമുനിയോടായ്:
തീണ്ടലുള്ള ജാതി ഞാനെന്റെ തമ്പുരാനേ നിങ്ങളോടു
മിണ്ടുവാൻപോലും സംഗതിയില്ലല്ലോ; ഞാനും
കന്യകയാണീ ഞാനെന്റെ, കല്യാണം കഴിഞ്ഞിട്ടില്ല
എന്നതന്നെയല്ല മത്സ്യഗന്ധവുമുണ്ടു
രണ്ടു കരയിലും വന്നു കണ്ടു പലരും നില്ക്കുന്നു
കൊണ്ടുചെൽവാൻ വൈഷമ്യം തോന്നി സന്ധ്യയും വന്നു
ഒഴുക്കം കനേറയുള്ള പുഴയാണിന്നിതിൽ തോണി

ഇഴയാതിരുന്നാൽ വഞ്ചിയൊലിച്ചുപോകും
അങ്ങിനെയെല്ലാമിരിക്കെ നിങ്ങളറിവുള്ളൊരാളി-
ന്നിങ്ങിനെയരുളിച്ചെയ്താലെങ്ങിനെ വേണ്ടു?
എന്നു പല തടവുകൾ ചൊന്നതു കേട്ടൊരു മുനി
പിന്നെയും പെൺകൊടിയാളോടരുളിച്ചെയ്തു
തയ്യലേ! നീ പേടിക്കേണ്ട പൊയ്യല്ലിന്നായതിനെല്ലാം
മെയ്യവേ കഴിവുണ്ടാക്കാം മെയ്യണച്ചാലും
എന്നരുൾചെയ്തിരിക്കവേ വന്നുപൊങ്ങി മഞ്ഞലപ്പോൾ
വൻനദിനടുവിൽ വഞ്ചിയാച്ചുപോയി
ഊറ്റമായ മഞ്ഞും വന്നങ്ങാറ്റിന്നിരുകരെ വനാ-
ങ്ങോരവും നില്ക്കുന്നവർ കാണാതെയായി
മത്സ്യഗന്ധമെല്ലാം പോയിക്കസ്തൂരിഗന്ധവുമായി
തൽസുന്ദരിക്കു കണ്ടിട്ടത്ഭുതമായി
പെണ്മണിയാളോടന്നേരമമ്മുനീന്ദ്രൻ ചൊന്നാനെന്റെ
കണ്മണിയേ! നിനക്കൊരു നാശമെന്നാം.
മുന്നെപ്പോലെ കന്യകയായ്ത്തന്നെക്കൂടും പിന്നെ നീയും
മന്ദമെന്ന്യേ വന്നാലും നീ സുന്ദരിയാളേ
ആശ്ചര്യമോരോന്നേവം കണ്ടൊരു പെൺകൊടിയാളും
വാച്ചകൗതുകത്തോടനുകൂലിച്ചാളപ്പോൾ
മാമുനീന്ദ്രനവളുമായ്ക്കാമകേളി ചെയ്തു നേരം
കോമളാംഗിക്കഹോ! ഗർഭമുളവായ്വന്നു
ഗർഭവും തികഞ്ഞപ്പോഴെയത്ഭുതാംഗി പ്രസവിച്ചി-
ട്ടർക്കനൊത്തുളവായി, ദിവ്യനായിട്ട്
കൃഷ്ണനാം, താമരപ്പൂവിവർണ്ണി, മുകൃഷ്ണനായിര-
കൃഷ്ണനാളികളായുള്ള വിഷ്ണുവന്നാനേ.

ഗൌതമൻ പുലസ്ത്യനഗസ്ത്യനും നാരദൻ പിന്നെ
ഗൌരവമുള്ള മുനികൾ പലരും വന്നു
ജാതകർമ്മം മുതലായ ഷോഡശക്രിയകളെല്ലാ-
മാദരേണ ചെയ്തു തപോധനന്മാരോളം
ദ്വീപത്തിൽനിന്നുത്ഭവിച്ച കാരണം ബാലന്റെ നാമം
ദ്വൈപായനനെന്നായവതരിച്ചു
ബദരായണമാതമ്മ പ്രസവിച്ചതു കൊണ്ടല്ലേ
ബാദരായണനെന്നതും പ്രസിദ്ധമായി?
ചന്ദ്രചൂഡനരവിന്ദമന്ദിരൻ ഗോവിന്ദനിന്ദ്ര-
നെന്നിവരെല്ലാരും പോയി മാമുനിമാരും
മറ്റുമില്ലാതായി മന്നിൽക്കണ്ടതെല്ലാമലിഞ്ഞുപോയ്
മഞ്ജുളാംഗി മുന്നെപ്പോലെ കന്യകയുമായ്
കാരിയമെല്ലാം കഴിഞ്ഞു തോണിയൊലിച്ചും തുടങ്ങി
കാളിക്കും ഉഴയെടുത്തു ഉഴറായി
കാണികൾക്കു മങ്ങിപ്പോയി കാണാതായപ്പോളവളും
തോണിയും ഉഴന്നുകൊണ്ടിരിപ്പതും കണ്ടു
അരവന്മാർ മുതലായിട്ടിക്കരയിലുള്ളവർ
പരമാർത്ഥമറിയാതെ പറഞ്ഞു തമ്മിൽ
ഇരുട്ടുപോലെ വന്നൊരു പെരുത്ത തണുപ്പുകൊണ്ടു
മരിച്ചുപോമെല്ലാരുമെന്നുറച്ചു ഞാനും
കണ്ടുകണ്ടിരിക്കെ തോണി കാണാതെയായിതന്നു പിന്നെ
കണ്ടുകൂടാതായക്കരയുള്ളോരെത്തന്നെ (പ്പോൾ
തോണിയും തോണിയിലുള്ളോരാണും പെണ്ണും കൂടീട്ടി
താണുപോയോ കടലിലേക്കൊലിച്ചുപോയോ?
എന്നു നിരൂപിച്ചു ഞാനതൊന്നും വന്നില്ലിന്നു ദൈവം

തന്നെ രക്ഷിച്ചിതവരൊസ്സന്ദേഹമില്ല
ഒന്നൊരു മാമൂറിയത്തിൽ കന്യകപ്പെണ്ണാണൊന്നേവം
വന്നുപോയാലല്ലോ ലോകം മുടിഞ്ഞുപോമേ! (ൽ
മൂന്നുപേരുണ്ടോ ചങ്ങാതി മുമ്പേകണ്ടപ്പോൾ തോണിയി
ലൊന്നില്ല രണ്ടല്ലേ താനും കണ്ടുള്ളു മുമ്പേ?
അക്കരയിൽനിന്നു തോണി നീക്കുമ്പോൾ രണ്ടാളേയുള്ളു
ഇക്കരക്കടുക്കുംമുമ്പൊന്നൊരിക്കാണുന്നു
തോണി തുഴയുന്നവൾക്കു ഗർഭമുണ്ടായിരുന്നാലും
കാണിനേരം കൊണ്ടു ബാലനല്ലാതെയാമോ?
അങ്ങുട്ടെ കാളിപ്പെണ്ണല്ലേ ചങ്ങാതി തുഴയുന്നവ-
ളെങ്ങിനെ പെറും കല്യാണം കഴിഞ്ഞിട്ടില്ല
കാലത്തിൻപകപ്പുകൊണ്ടു തോണിയെന്നു പെറുവെ
ചാലെയൊളിച്ചുവന്നതിൽ കേറിയതെന്നോ? (ന്നോ)
എന്തൊരാശ്ചര്യമിതു ചിന്തിച്ചുനോക്കുമ്പോൾ നല്ല
പന്തിയല്ല കുറവുണ്ടെന്നെന്റെ പക്ഷം
നിണ്ണയം മറിയും കാളിപ്പെണ്ണും കൂട്ടിട്ടാളൊന്നേറും-
വണ്ണം ചില വിദ്യയെടുത്തെന്നു തോന്നുന്നു
അരവന്മാരുടെ പെണ്ണിനൊരിക്കലും നമുക്കെട്ട-
ക്കരുതെന്നു താടിക്കാരറിഞ്ഞുകൂടേ?
കന്യകപ്പെണ്ണിനൊച്ചില വികൃതി കാണിച്ചുവെന്നു
വന്നാലിതുവർഷം ജാതിക്കുറവായില്ലേ?
എന്തും ചെയ്യാം മറഞ്ഞുകൾക്കെന്നു പഴഞ്ചൊല്ലുണ്ടോ
ചന്തം പോരാത്തതും കാട്ടും മാമൂറിയത് (ട്ടും
താടിയും നീളവും നീട്ടി നാടകം മുറികൾ ചില
മോടിവിദ്യയെടുത്താലറിഞ്ഞുകൂടാ

നെട്ടുവിരൽക്കൊണ്ടു മൂറി കടലിലെ വെള്ളമെല്ലാം
കുടിച്ചിട്ടെന്നല്ലോ ചമിച്ചൊട്ടകി പണ്ട്
കടലിൽ മീനും പിടിച്ചു കുടികൾ പുലത്തുന്നവ-
ർക്കടികൊണ്ടെന്തതിൻമീതെ പറവാനുണ്ടോ?
പലരും നില്ക്കുമ്പോളിതുപോലും താനേ വന്നതെന്തോ
ക്കിളവാണെന്നപ്പോൾത്തന്നെ കരുതി ഞാനും
പരക്കെപ്പലതുമേവം പറഞ്ഞുംകൊണ്ടിരിക്കുമ്പോൾ
പരന്ന പുഴേടെ കരയ്ക്കടുത്തു തോണി
അച്ഛനും മകനും കൂടിട്ടപ്പോഴെ താഴത്തിറങ്ങി-
ട്ടിച്ഛയോടമ്മയെത്താണുതൊഴുതു ബാലൻ
എന്നെക്കാണേണമെന്നമ്മക്കെന്നു തോന്നും മനസ്സി-
ലന്നേരം വന്നിടുവൻ ഞാൻ സന്ദേഹമില്ല.
അച്ഛനേയും നമസ്കരിച്ചിട്ടു യാത്ര ചൊല്ലി
സൽചരിത്രനാക്കുമാരൻ മറഞ്ഞു മെല്ലെ
മാമുനി പരാശരനുമാമോദമോടെഴുന്നള്ളി
കോമളാംഗി കാളിപ്പെണ്ണും തിരിച്ചു തോണി
ഭവ്യനാം ദ്വൈപായനനും ദിവ്യനായി വന്നു പിന്നെ
ദിവ്യരായുള്ളവരാലും പൂജിതനായി
വേദം നാലു ഭാഗമായി വ്യസിച്ചതു മൂലമായി
വേദവ്യാസനെന്ന പേരും പ്രസിദ്ധമായി
അങ്ങിനെയുള്ളോരു മുനിപുംഗവൻ വേദവ്യാസനും
മങ്ങാതെ വരം തരേണം; കൈവണങ്ങുന്നേൻ.

വ്യാസോല്പത്തി വഞ്ചിപ്പാട്ട്
സമാപ്തം.

കുചേലവൃത്തം.

വഞ്ചിപ്പാട്ട്.

കെല്പോടെല്ലാജനങ്ങൾക്കും കേടു തീരത്തക്കവണ്ണം
എപ്പോഴുമനാമയവും ചെയ്തു ചെമ്മേ
മുപ്പാരുമടക്കിവാഴും വയ്ക്കത്തു പെരുന്തൃക്കോവി-
ലപ്പ ഭഗവാനേ പോററി മററില്ലാശ്രയം
നിന്തിരുവടിയുടെ നിത്യമാരാധനമില്ലെങ്കിലും
ചെന്തിരുപാദം പണിയും വഞ്ചിവാസവൻ
സന്തതവും ധർമ്മം ചെയ്യുന്നില്ലെങ്കിലുമാകും കലി
സന്താപം കൊണ്ടിപ്പോഴെരിപൊരി കൊള്ളും
മൂർത്തിമൂന്നും മുപ്പത്തുമുക്കോടിദേവന്മാരുമൊരു
മൂർത്തിയായി മുപ്പാരിന്നു വിളക്കമായി
മാർത്താണ്ഡാഖ്യയായിരിക്കും പ്രത്യക്ഷദേവതയുടെ
മാഹാത്മ്യമോർത്തിട്ടു മനസ്സലിഞ്ഞീടുന്നു
സർവ്വദേവതകളും പ്രസാദിച്ചിട്ടനുഗ്രഹിക്കും
സന്തതമെന്നുള്ളിലുള്ള വികാരമോർപ്പു
ഗുർവ്വിയായ ഭക്തിവേണ്ടുന്നോരത്തോടെടുത്തുറച്ചു
ഗുരുവിന്റെ കടാക്ഷംകൊണ്ടിന്നു തോന്നുന്നു
വഞ്ചീരാമനൃപനായിട്ടവതരിച്ചിരിക്കുന്ന
വഞ്ചിബാലവൈരിയുടെ കൃപക്കിരിപ്പാൻ
വഞ്ചിതയാകുന്നാവു ഞാനെന്നിച്ഛിച്ചു വാഴും കാലം

വഞ്ചിപ്പാട്ടുണ്ടാക്കേണമെന്നരുളിച്ചെയ്തു
വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി
വേദികളായിരിക്കുന്ന കവികളുടെ
മേദുരങ്ങളായ ഗദ്യപദ്യങ്ങളെ ശ്രവിക്കുന്ന
മേദിനീന്ദ്രനങ്ങനെയൊടരുളിച്ചെയ്തതോർപ്പു
വാനവർക്ക് വിരവോടമൃതമർപ്പിച്ചഭഗ
വാൻ ഭക്തപാലകനിവിടമെന്നോണം
വാണീഗുണംകൊണ്ടാരെയും പ്രീണിപ്പിക്കും വഞ്ചിവജ്ഞ-
പാണിക്കെൻപാട്ടിനുമാപാനാടിതൊഴുന്നേൻ
ബോധംവന്ന ഭക്തലോകേന്ദ്രനെത്തന്നെപാട്ടായിട്ടു
ബോധിപ്പാനതിന്നിനിയും സംശയിക്കും
ബന്ധുരതിരസ്ഥനുമതോറും ഭക്തന്മാ-
ബന്ധുവായ ഭക്തന്മാരെയും തൊഴുന്നേൻ
യാനന്ദത്തുകലെളുതല്ലാത്തിട്ടെങ്കിലും മമ-
ന്യാനന്ദ്യരത്തിങ്കലോളം ചെന്നിട്ടവനം
ആനന്ദരൂപിയാമനന്തശായിയെ ദർശിപ്പാന-
മാനന്ദഗോപകുമാരൻ കൃപ ചെയ്യണം
കഷ്ടമായ കലിയുഗകാലവും കലികളായ
ദുഷ്ടരും മുഴുക്കമൂലമനന്തപുരം
പുഷ്ടമായിപ്പോകകൊണ്ടും പുണ്യശീലന്മാരായുള്ള
ശിഷ്ടന്മാർക്കും പുലച്ചയില്ലാത്തതുകൊണ്ടും
നാമകരന്മാരെന്നുകൂടെ വേണ്ടിവന്നു ഞാനും
നാരകാരിക്കുമ്പത്തിരാണ്ടിനിപ്പുറത്തു
നവമായിട്ടോരോകൂട്ടമത്യാശ്ചര്യം നാളുതോറും
നരലോകെ കണ്ടും കേട്ടും വരുന്നില്ലയോ

സ്വാമിദ്രോഹികളുടെ വംശവിച്ഛേദം വരുത്തിയതും
സ്വാമിഭക്തന്മാരെ ശ്രേയിപ്പിച്ചതും
ഭൂമിയിങ്കലാരും സാധിക്കാത്ത കാര്യം പലതും
ഭൂമാവുകൊണ്ടു സാധിച്ചു സമർപ്പിച്ചതും
കോട്ടപ്പടി! പണ്ടുള്ളൊപ്പിച്ചവന്നായൊരേടത്തും
കോട്ടംകൂടാതെകണ്ടുത്സാഹിച്ചു ചെയ്തൊരോ
നാട്ടിലെ നന്മക്കിയന്നുമോർത്താലെത്രയും ധന്യത്വം
നാട്ടിന്നുപായവതാരമെന്നു തോന്നുന്നു
കാർത്തവീര്യൻ കഴിച്ചോരു ശ്രീപദപ്രതിഷ്ഠയും
കാശിരാമസ്വാമി പ്രതിഷ്ഠയും കഴിച്ചു
മാർത്താണ്ഡമഹീപതിതിലകൻ വെറുതെയോ ജയിക്കുന്നു
മാലോകരെന്നെന്നോരായാലിവണ്ണം വേണ്ടു
അന്നവസ്ത്രാഭരണാദിപഞ്ചമഹിമകളിലിന്നും
മന്നവരിലാരൊരാവം ചെയ്തിടുന്നതോ
അന്യായം ചെയ്യുന്നവരെ ദണ്ഡമേറ്റവിക്കേണ്ടു-
മെന്ന്യേ മനോദോഷം മഹാരാട്ടിനില്ലൊട്ടും
ചോൽകൊണ്ടപണ്ഡിപ്രകാരം ചൊല്ലുകേളത്ഭുതമാമൃ-
മിക്കണ്ടപാരിലീവണ്ണമില്ലിപ്പൊഴെങ്ങും
ഉൽക്കണ്ഠമാമുടനന്നതപുര ശില്പവുംകേട്ടു
ഉൽക്കണ്ഠയും കാണാഞ്ഞുള്ളോരം കരളിലാക്കം
ഒറ്റക്കല്ലിനൊരടിവന്നു മുഖമണ്ഡപം ചമച്ചു
മറ്റൊന്നിതിൽപ്പരം മനോഹരമാകൊണ്ടാമോ
കനകമാറതിരക്കാപ്പുമകത്തേ മുററവും തിരു-
മുററത്തുള്ള മണ്ഡപവുമമ്പലം നാലും
ചുററിനകത്തും പുറത്തും ബലിശിലകളും വെണ്മ-

പൊററ വേദികയും പൊന്നിൻ കൊടിമരവും
അററത്തികലന്തരിക്ഷം പൊക്കികളഞ്ഞൊരാമ്മപീഠം
പാററിയോരു പക്ഷിരാജപരിഷ്കാരവും
ഇന്ദ്രനീലശിലയാനിർമ്മിതമാം ശീവെലിപ്പുരതൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാരംകണങ്ങളും
ചന്ദ്രശാലാശതങ്ങളും ചാതുരഹർമ്മ്യങ്ങളും
ചന്ദ്രികാ ചച്ചിതങ്ങളാം പ്രാസാദങ്ങളും
ഗോപുരനിരാലും വളന്ന വാമനൻെറ വട്ടമേറും
നൂപുരംപോലെ വിളങ്ങും പൊൻപ്രാകാരവും
ദീപിക്കുന്ന ദിവ്യരത്നമയം ചൊല്ലപ്പെട്ടതെല്ലാം
പാപിളക്കകൾക്കേ കല്ലും മരുമരു
ളുവിദവിച്ചിട്ടനന്തല്ലേ ശങ്കിക്ക മാനദ-
രൂപിയാം പത്മനാഭൻെറ പുരിസഹസ്രം
രൂപികളെക്കൊണ്ടാകാശം തുളക്കുന്ന രാസാവിശം
വ്യാപിക്കുന്ന വിശാലത പൂകത്തിള്ളടാ
പടികളുമെല്ലാനാളും വസന്തശ്രീ വിളയാടും
പാടികളും വണ്ടേറും പൂങ്കാവുകളുടെ
വാടകളും വാപീകൂപതടാകാദികളും ചുററും
വീടുകളും മഠങ്ങളും വിളങ്ങീടുന്നു
അത്രയല്ലരികത്തമരാവതിയെക്കാട്ടിലതി-
ചിത്രമമായ വഞ്ചിരാജരാജധാനിയും
പത്രിവാഹനൻെറ പുരി പെററിട്ടു പിറന്നൊരായ
പുത്രിയെന്നപോലെ പരിലസിച്ചീടുന്നു
ഭൂലോകവൈകുണ്ഠശോകസ്തുതാനന്തപുരത്തും
കലാലോകിക്കപ്പെട്ടമഖിലാണ്ഡങ്ങളുടെ

മൂലകന്ദത്തിന്റെ ജന്മകർമ്മങ്ങൾക്കില്ലന്തം ജന്മ-
ജാലങ്ങളുമിന്നതുമാതു്കർമ്മവും ചൊല്ലാം
എങ്കിലെല്ലാവരും കേട്ടുകൊള്ളു തിരുമനസ്സിന്നും
എങ്കലുള്ള പരമാർത്ഥം പാട്ടുകൊണ്ടുണ്ടാം
പങ്കജനാഭാവതാരമ്പത്തിലുമാധിക്യമേറും
പങ്കഹരനായ കൃഷ്ണനൊന്നറിഞ്ഞാലും
മത്സ്യകൂർമ്മാദികളിലെഴും വ്യാജം ബലിയോടും
മത്സരിച്ചു വടുതുലോം വലുതുപോലും
മത്സ്യാമീരാമപുരത്തു ഭഗവാനും ഗോവിന്ദനും
ചിത്സ്വരൂപം പരബ്രഹ്മം മുഴുവൻതന്നെ
മായാമോഹമേറും മൂന്നു മാനുഷകം കൃഷ്ണസ്വഭാ-
മായ മുഴുബ്രഹ്മത്തിനും മറുമൂർത്തികം
ആയതൊട്ടുമല്ലമൂലം മൂർത്തിയിലും ശൌരികേറു-
മായത വിത്രാധിക്യനാം പുത്രനൊന്നാണം
ബ്രഹ്മാദികളർത്ഥിച്ചിട്ടു പരിപൂർണ്ണമായിരിക്കും
ബ്രഹ്മം മുഴുവൻ ദേവകിയുടെ ജഠരേ
ജന്മഭൂമിയാക്കീട്ടമ്പാടിയിലെട്ടമ്പതു വർഷം
നന്മയോടെ നാളുതോറും വളർന്നീലയോ
ദേവകിയുടെ വയററിൽ പിറന്ന പിള്ള നന്ദന്റെ
ജീവനാഥയാകുമെശോദക്കു മാതമാറാം
പാവനാംഗം പത്തുമാസം ചുമന്നു ഞാൻ പെറുവുണ്ടായ
ഗോപാലനൊന്നറപ്പിച്ചു പുത്രമയോപ്പു
ഞങ്ങളെയും തണ്ടുനമൊരുത്താനണ്ടായിട്ടുണ്ടോ
പണ്ടെങ്ങാനമീശ്വരന്റെ കളിയാത്രയും
ചെണ്ടകൊട്ടിക്കുമാരെയും ചതിസ്സയില്ലാ ദിനമ്പു

കൊണ്ടുചിലേടത്തു വേണ്ടിവരും കൈതവം
പിള്ളയായിട്ടു പിറന്ന പിന്നെപ്പോഴേ തുടങ്ങിയ
കള്ളവിദ്യശംങ്കരന്റെ ശംമേൽപ്പോളും
ഉള്ളഴന്നഭക്തിയോടു ചിന്തിപ്പോരെ കാത്തുകൊള്ളും
ഉള്ളതു ചെയ്യുന്നേരം പുഞ്ചിരിതൂകും
വീരമേറോത്സവും വല്ല്യരോഷം നടിക്കുന്നോരവും
ശ്രീരാമന്റെ കൂട്ടിതന്നാലൊരു കാര്യവും
തീരുന്ന കാലമല്ലിപ്പോഴെന്നായിട്ടിരിക്കും കൃഷ്ണൻ
തീരാത്ത കാപട്യംകൊണ്ടു കളിച്ചതെല്ലാം
മണ്ണുതിന്നു മകനെന്നു കേട്ടിട്ടമ്മ കോപിച്ചപ്പോൾ
ഉണ്ണിക്കൃഷ്ണൻ വാപൊളിച്ചിട്ടുലകീരേഴും
കണ്ണിൽകാട്ടി മായകൊണ്ടു മോഹിപ്പിച്ചു നേരംതന്നെ
കണ്ണൻ കെട്ടികേറികൊണ്ടു മുലകുടിച്ചു
വെണ്ണകട്ടുതിന്നും വേശ്യമാർക്കു കൂലിവേലചെയ്തും
വിണ്ണോടൊക്കും വ്രജവീട്ടുതോറും നടന്നും
തണ്ണുകന്നൂരംകൊണ്ടു നാൽമുഖനെ കരയിച്ചു
വർണ്ണിപ്പാനിന്നതിൽപ്പരമുണ്ടോ വൈഭവം
കണ്ണൊടുത്തു കടയാക്കീട്ടഹോരാത്രം കുഴൽവനം
നിന്നു ഉണ്ണിക്കൃഷ്ണൻ നിജ പശുമേയ്പവാൻ
കണ്ണൊഴിയാതെ പാലിച്ചു കല്ലാനമേഘങ്ങളിന്നൻ
ചോന്നവണ്ണം വഞ്ചിച്ചവരൊതുങ്ങി വാങ്ങി
എന്നൊക്കെമെൻ ഗർവ്വുവച്ചു വട്ടംവെഴ്കൊല്ലാ കൃഷ്ണ
കൊണ്ടെന്നല്ലാല്ല ഭഗവാനേ ഭജേ ഭവന്തം
എന്നിവണ്ണമാവലാധി പറവുതും ചെയ്തു വഞ്ചി
വന്നവനെങ്ങിട്ടു വീണു നമസ്കരിച്ചു

കണ്ടാലെത്രയും നന്നായിട്ടുണ്ണമാറിട്ടമ്പാടിയി-
ലുണ്ടായിരുന്നൊരു ഗോപിമാരിലുണ്ണിയാം
തണ്ടാരമ്പൻ പിതാവിനെ തെണ്ടിച്ചെന്നു പുണരാതെ
രണ്ടാ നാളൊ നാരിമാരുണ്ടായിരിക്കിലാം
പാട്ടിലിന്നിക്കഥയൊട്ടും പറയാതെ കണ്ടൊഴിച്ചാൽ
പാപവും ഗോപസ്ത്രീകളുടെ ശാപവുമുണ്ടാം
പാട്ടിലുള്ള കലാവിദ്യകൊണ്ടു പരമാത്മാവിന്റെ
പദം പ്രാപിച്ച കൂട്ടത്തെ മറന്നൊന്നാമൊ
ത്രിവിക്രമൻ മധുരയ്ക്കു ചെല്ലുന്നോരുഗതിയാം
ത്രിവക്രയെക്കണ്ടു കൂനം നിവൃത്തു വേഗാൽ
അവക്രയാക്കിയെന്നല്ല മറ്റൊരു മങ്കയെക്കാളും
അവൾക്കഴകേറി വച്ചുതന്നിരിച്ചു
കംസനെ മഞ്ചത്തിന്നന്തി കാതം വഴി ദൂരത്തിട്ടു
ഹിംസിച്ചിട്ടും വൈരമൊട്ടടങ്ങാതിട്ടൊടുക്കം
ഹംസത്തികലിട്ടിഴച്ചു സർവ്വസാക്ഷിയായിരിക്കും
പുമാം ഭക്തി ചെയ്യലില്ലിപ്പക്ഷം മറ്റും
മാതുലനാക്കൊന്നവന്റെ താതനെ നാടുവാഴിച്ചു
മാതാപിതാക്കന്മാരെയുമഴിച്ചുവിട്ടു
മാധവനുഗ്രസേനന്റെ ഭൃത്യനെന്ന ഭാവം ഭക്ത-
ബാന്ധവനന്തരമാവനെ മറപ്പാൻ മൂലം
അനേകനെ ജയിച്ചിട്ടു ചത്ത പുത്രനെ കൊണ്ടന്നു
സന്തോഷിപ്പിച്ചിട്ടു സാന്ദീപനിക്കു ചെമ്മെ
ചെന്താമരക്കണ്ണൻ ഗുരുദക്ഷിണ ചെയ്തതാക്കാലം
ചിന്തിക്കാകുന്ന കാര്യമൊ നിരൂപിച്ചാലും
പതിനെട്ടു വട്ടം ജരാസന്ധനോടു പടവെട്ടി-

പ്പടിഞ്ഞാറെ ജലധിയിൽ പാളയം കെട്ടി
പതിനാറായിരത്തെട്ടു പതിവ്രതമാരെ വിട്ടു
പരന്നിതൊക്കയും പാരിൽ പരക്കെ കേട്ടു
ബാണോരത്തുങ്കൽ കൃഷ്ണൻ പ്രമഥന്മാരെയും പുഷ്പ-
ബാണപുരാന്തകനാകും ഭഗവാനെയും
ബാണങ്ങളെക്കൊണ്ടു ജയിച്ചതും ബാല്യേ കഴിഞ്ഞൊരു
പാണിജാനിജയത്തെക്കാളതികഠിനം
ധർമ്മപുത്രരുടെ കാര്യക്കാരനോ കാരണമർത്ത്യൻ
ധർമ്മദേവരെ ദൂതനോ ഞാനറിഞ്ഞില്ലാ
സന്മതിയാമർജ്ജുനന്റെ സഖിയോ സൂതനോ പര-
ചിന്മയൻ ഗുരുഭൂതനോ ഞാനറിഞ്ഞില്ല
സുരാസുരന്മാരെ ജയിച്ച സവ്യസാചിയെ
ജരാനരജിതനായ നളിനായൻ
ശരപരവശനാക്കി പോരിലപ്പോഴപ്പോളൊരു
ചരാചരപ്രപഞ്ചമാകും പതി കോപിച്ചു
കമ്മട്ടമല്ലീവൃഷന്റെ കയ്യിയെന്നിട്ടു കയറും
ചമ്മട്ടിയും വച്ചിട്ടനായുധതപം സത്യം
കമ്പിട്ടും കളഞ്ഞു ചക്രമെടുപ്പതും ചെയ്തു രാജ-
കൺവട്ടത്തിറങ്ങി ദേവവ്രതന്റെ നേരെ
വില്ലുംവെച്ചു തൊഴുകൈ വിളയാടിവേണമടിയനെ
കൊല്ലുവാനെന്നർത്ഥിച്ചിട്ടഞ്ജലിയും ചെയ്തു
വല്ലഭനാം ഭീഷ്മരരികത്തു വന്ന വാസുദേവൻ
വല്ലാതെയായിട്ടു വാങ്ങി പലവട്ടവും
ദ്രോണരെന്നെ ഭഗദത്തനയച്ചു നാരായണാസ്ത്രം
ചാണൂരാരി തേരിൽനിന്നു ചാടിക്കച്ചണൊരു

കാണപ്പെട്ടമാവിലത്തു മാലയോടെല്ലാരാലും
പ്രാണഹാനി വരാതെ ജിഷ്ണുവും ജീവിച്ചു
അന്നൊരു നാഴികപ്പകലുള്ളപ്പോഴാദിത്യബിംബം
മറയാതെ തൃച്ചക്രംകൊണ്ടു മറച്ചു കൃഷ്ണൻ
വഞ്ചിച്ചു ജയദ്രഥനെ വധിപ്പിക്കകൊണ്ടർജ്ജുനൻ
വഹ്നിതീയിൽ ചാടി ചാമ്പലാകാത്തതുപോലും
ഗാണ്ഡീവശരക്കൂടം തീർത്തിന്ദ്രന്റെ വർഷം തടുത്തു
ഖാണ്ഡവത്തെക്കൊണ്ടഗ്നിക്ക വിശപ്പു തീർത്തു
ബാണപുരാന്തപ്രിയന്റെ തൃക്കണ്ണനും കൊല്ലുമൊ
പാർത്ഥനാഗ്നിപ്രവേശം പ്രതിജ്ഞചെയ്തിട്ടും പാർത്ഥ
തീർത്ഥവാസാകതിരസ്കാരം ചെയ്യിച്ചും
ചിത്രപുത്രഗേഹിനിയെ ബന്ധനത്തിൽകൊണ്ടുതിര
പാർത്ഥയോർത്തിട്ടല്ലാതൊന്നാണിതിനിക്ക തോന്നുന്നു
കർണ്ണന്റെ നാഗാസ്ത്രമർജ്ജുനന്റെ മഹാകിരീടത്തെ
മണ്ണിലാക്കിക്കഴിഞ്ഞതുമില്ലാ നൂതനാം
കർണ്ണനൂഴിതാഴ്ത്തുകകൊണ്ടിവണ്ണമെന്നെല്ലാം കൂട്ടം
കർണ്ണപാർത്ഥന്മാർക്കൊണ്ടിട്ടച്യുതൻ ചെയ്തു
എളിയ പീഠത്തെ നില്ലു കൃഷ്ണനെല്ലാവരെക്കൊണ്ടും
തെളിയുന്ന ജനങ്ങളെ തെളിപ്പാൻ കൂട്ടം
കളിയല്ല കർണ്ണന്റെയും ദുര്യോധനന്റെയും വധ-
മെളുതാമൊ പാണ്ഡവർക്കീ ബന്ധുവില്ലെങ്കിൽ
ദീനദീനനാകകൊണ്ടും ഹീനനാകകൊണ്ടുമേറ്റം
ജ്ഞാനമില്ലായ്കകൊണ്ടുമിനിക്കിപ്പോൾ
താനൊ കൂടെത്തന്നെ ചെയ്യുകകൊണ്ടിവണ്ണം ഗാനം ചെയ്തു
തൊന്നല്ലാതെ മതിയാകയില്ലെന്നു നൂനം

എത്രയും ഭക്തവാത്സല്യമേറിയ ഭഗവാൻ കൃഷ്ണ-
നത്രപാരിലവതാരകാര്യം മിക്കതും
സത്രിക്കാതെ സാധിച്ചിട്ട് സർവ്വമഹർഷിമാരോടും
പുത്രപൌത്രാദികളുടെ സാകല്യത്തോടും
പിത്രാദികളോടും പ്രീതനായ ബലഭദ്രനോട്-
മിത്ര മിഥുനങ്ങളോടും മന്ത്രികളോടും
അത്രസമുദ്രമദ്ധ്യസ്ഥമഹാരാജധാനിയിങ്കൽ
സുത്രാമാവിനെക്കാട്ടിലും സുഖിച്ചിരുന്നു
ആക്കാലത്തൊന്നിച്ചു ഗുരുകുലവാസം ചെയ്തുമൂലം
ചിൽക്കാതൽക്കു സതീർത്ഥ്യനായിരുന്ന വിപ്രൻ
ചൊൽക്കൊണ്ട കുചേലൻ ഭക്തികൊണ്ടു ദാരിദ്ര്യദുഃഖവും
കണ്ണോളമില്ലാതെകണ്ടില്ലത്തു ഭുജിച്ചിരുന്നു
ഭക്തിയേറും ഭഗവാൻകലെങ്കിലുമവന്റെ ഭാര്യ
ഭർത്താവോളം വിരക്തയായില്ല ഭക്ഷിച്ചു
ശക്തിയോളം ശുശ്രൂഷിപ്പാനൊന്നാകിട്ടേകദാ സതി
സക്തിയോടും കൂടപ്പതിയോട് പറഞ്ഞു
ചല്ലിനാമാനസാപതെ ചിന്തനീയനായ പുമാൻ
ചില്ലി ചുളിച്ചൊന്നു കടാക്ഷിപ്പാനൊരുക്ഷണം
ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും
ഇല്ലം വീണു ശത്രുമാരായതും കണ്ടാലും
വല്ലഭാ കേട്ടാലും പരമാത്മമഗ്നനാകിയ ഭവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല
സർവ്വവേദശാസ്ത്രപുരാണജ്ഞൻ ഭവാൻ ശംഖചക്ര-
ശർവ്വവന്ദ്യനായ ശൌരി തവ വയസ്യൻ
ദിവ്യാണദനായ ലക്ഷ്മീപതിയെച്ചെന്നു കണ്ടാലി

ദാരദാരിദ്ര്യദുഃഖമൊഴിയും നൂനം
ഗൃഹസ്ഥത്തിങ്കൽനിന്നു പിഴിഞ്ഞതിൽപിന്നെ ജഗൽ-
ഗുരുവിനെ ഉണ്ടോ കണ്ടു വെറുതെ ഗുണം
വരികയില്ലാർക്കും ഭഗവാനെക്കാണ്മാൻ കാലെത്തന്നെ
വിരവെ യാത്രയാകണമെന്നു തോന്നുന്നു
പറഞ്ഞതങ്ങിനെതന്നെ പാതിമാവായല്ലൊ പതി!
കുറഞ്ഞൊന്നുണ്ടെട്ടു ഞാനലകിമേഴം
നിറഞ്ഞ കൃഷ്ണനെക്കാണ്മാൻ പുലർകാലേ പുറപ്പെടാം
അറിഞ്ഞതില്ലുളും കൂടെത്തന്നയക്കണം
ത്രിഭുവനമടക്കിവാണിരുന്നരുളുന്ന മഹാ-
പ്രഭുവിനെക്കാണ്മാൻ കയ്യിലേതും കൂടാതെ
സ്വഭവനത്തിങ്കൽനിന്നു ഗമിയ്ക്കുന്നതാകും കയ്യ-
ദളവുമാമിലയുമാം കുസുമവുമാം
അവലുമാം മലരുമാം ഫലവുമാം യഥാശക്തി
മലർകന്നാമണിവാഴുന്നൊരച്യുതാകം
മലംകള മനസ്സിലിന്നെന്തുവേണ്ടുന്നറിയാതെ
മലസ്സുണ്ടോ ചൊന്നതിലൊന്നുണ്ടാകിയാലും
ഇപ്രകാരം ഭർത്താവിൻെറ വാക്കുകേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചു കൊണ്ടുവന്ന ധാന്യം
ക്ഷിപ്രമിട്ടുത്തിടിക്കകൊണ്ടു കല്ലും നെല്ലുമേറു-
മപൃഥുകം പൊതിഞ്ഞൊരു തുണിയിൽ കെട്ടി
കാലത്തെഴുന്നേറ്റു കുളിച്ചുത്തുവന്ന പതിയുടെ
കാലടി വന്ദിച്ചു പൊതി കയ്യിൽ കൊടുത്തു
കൂലംകഷാ കനുകമ്പം കുടയുമെടുത്തിട്ടനു-
കൂലയായ പതിയോടു യാത്രയും ചൊല്ലി

ബാലാദിത്യവെട്ടം തുടങ്ങിനേരം കൃഷ്ണനാമ-
ജാലങ്ങളെ ജപാർച്ചനം ചെയ്തു കുചേലൻ
ചാലേ വലത്തോട്ടെഴുന്ന ചകോരാദി പക്ഷികടെ
കോലാഹലം കേട്ടുകൊണ്ടു വിനിർഗ്ഗമിച്ചു
നാഴികതോറും വളരും ഭക്തിനാകമാനന്ദമാ-
മാഴിയുങ്കലുടനുടൻ മുഴുകുകയും
താഴുകയുമെഴുകയും ചെയ്തു കോലാഹലം പോലും
പാഴാകാതെ പോയി വിപ്രൻ വിവിധങ്ങളാം
ഗ്രാമം നഗരാദികളെ കടന്നിട്ടു സജ്ജനാനാം
ഗ്രാമണി ഗമിക്കുന്നേരമഗണ്യമേറും
രാമാനുജന്റെ ഹൃദയമറിവാനേലാതെയെന്നിട്ടു
രോമാഞ്ചമണിഞ്ഞതിമുഗ്ദ്ധം വിചിന്ത ചെയ്തു
നാളെ നാളെയെന്നായിട്ടു ഭഗവാനെ കാണാനിത്ര-
നാളും പുറപ്പെടാഞ്ഞ ഞാനിന്നു ചെല്ലുമ്പോൾ
നാളീകനയനനെന്തു തോന്നുമോ ഇന്നു നാഥനോടു-
നാളികം കരിമ്പനാമേലെന്തു പൈശാകം
ദേശിക ദക്ഷിണ കഴിഞ്ഞതിൽപിന്നൊക്കാനൊന്നു
ഞാൻ ദേവദേവനാർത്ഥിക്കപ്പെട്ടമെങ്കിലും
ദാശാർഹനെന്റെ ദാരിദ്ര്യമൊഴിച്ചയപ്പാൻ ബന്ധം വേണ്ട
ദാസ്യസഖ്യാദികളനിത്യന്മാർക്കുണ്ടാമൊ
താണുപണ്ടുണ്ടായ സഖ്യാപദിനം തന്നെ പാരത്തു
കാണുമ്പോളഖിലേശനൊന്നോടിരിപ്പവനിവൻ
ദ്രോണർ ദ്രുപദയാലെന്നപോലെ നിന്ദിക്കപ്പെടുക
വേണമെന്നില്ലാത്മനല്ല പ്രളയവല്ലല്ലൊ
മാനിയാമെങ്ങനെനാളും വലിപ്പമില്ലയെങ്കിലും

ക്ഷുത്തിയായ പത്നിയെക്കാളിളപ്പംകൊണ്ടും
മാനനീയതപം വലിപ്പംകൊണ്ടുമിനിക്കേറും നൂനം
ദീനബന്ധവൻ ബ്രാഹ്മണ്യദേവനല്ലയോ
അന്തണരിലേകനെന്നാൽ കഴിഞ്ഞു കൃഷ്ണനൊരുത്രയും
ജന്തുവായ ജഡനെയും പ്രസാദിപ്പിക്കും
എന്തായാലും ചെന്താമരക്കണ്ണനെക്കാണെന്നാണം
സന്തോഷിക്കും സൽക്കരിച്ചയക്കുകയും
ഈവണ്ണമാക്ഷേപസമാധാനങ്ങളെച്ചെയ്തു ചിത്തം
കാവണ്ണമുറപ്പിച്ചു ചെമ്മെ ചെല്ലും
ഭൂവിണ്ണോരിലഗ്രഗണ്യനായ കുചേലനാലഗ്രേ
സൌവണ്ണയാം ദ്വാരകാപുരി ദർശിക്കപ്പെട്ടു
ഇപ്പാരിലിന്നില്ലിവണ്ണമൊരു മഹാരാജധാനി
മുപ്പാരിലുമില്ലാ മന്യേ മുകുന്ദപദം
അല്പവുമില്ലാതതൂഴിയിങ്കൽ പോയി വസുദേവൻ
ചിൽപൂരുഷനോടുകൂടി പരമപദം
പശ്ചിമപയോധിയുടെ നടുവിന്നാഭരണമാം
കശ്മലനപൊന്നുള്ളത്തുമതിന്റെ മീതെ
ദശ്ചവനനഗരിയെ നാണിപ്പിച്ചു രത്നപുരി
നിശ്ചലയായിട്ടു നിന്നു നിലയുമോർപ്പു
ഭോഗവതിയായ പുരി പൊക്കംകൊണ്ടും നഭസ്സിന്റെ
ഭാഗത്തെയുമതിക്രമിച്ചനേകം കാലം
ഭോഗവതിപുരിയുടെ തലയിലിരുന്നപോലും
ഭോഗശായിയോടുകൂടിപ്പാർക്കയും ചെയ്തു
ചുററുമംബരം ചുംബിക്കും പൊന്നിൻ പിറകൊട്ടളക-
ളോരോ രത്നകൽത്തളം ചെയ്യിരിക്കുമ്പോലം

മുററമെല്ലാം മിനുങ്ങീട്ടു തെററു തെളുതെളെ മിന്നും
മുററമെവിടെയുമാക്കം കണ്ണാടി കാണാം
മുകളിലാകാശം മുട്ടുംകമതിലു കടയും
മുകപ്പു കടെയുമെന്നും ഗണിച്ചുകൂടാ
മുകുന്ദന്റെ പാദമെന്റെ മനോമയമായിരിക്കും
മുകുരത്തിൽ കണ്ടപോലെ പറഞ്ഞുകൂട
സാലംതോറുംനാന്നാലും ഗോപുരങ്ങളുണ്ടത്രയല്ലാ
സാലം കാരപുരദ്വാരങ്ങളുടെ നേരെ
നാലു ദിക്കിലൊട്ടുമോരോ മഹാ മാർഗ്ഗങ്ങളുണ്ടതി-
ന്നാലിന്റെ പാർശ്വങ്ങളിലാപണങ്ങളും
അങ്ങാടികളിലൊക്കയുമാലയങ്ങളിലൊക്കയും
മങ്ങീടാതെ മഹാലക്ഷ്മിയുടെ കടാക്ഷം
മങ്ങീടുകകൊണ്ടു ധനധാന്യാദികൾക്കിടംപോരാ
പൊങ്ങീടുന്ന നാനാമണിഹേമാളികകൾക്കും
ഇന്ദിരാരമണന്നായിരത്തെട്ടായിട്ടിരുന്നതളും
മന്ദിരങ്ങളുമത്രയുമുണ്ടെന്നു വെപ്പു
നന്ദഗോപപുത്രപുത്രപൌത്രാദിഗൃഹഗണനാ
ദാനന്ദകശനെളുതല്ലാ നിർണ്ണയം
പ്രദ്യോതനാദകോടിപ്രകാശന്മാരായി വിളങ്ങീടും
പ്രദ്യുമ്നാനിരുദ്ധാദി സദനങ്ങളും നാദാ
മദ്ധ്യമത്തനായ മാധവാഗ്രജന്റെ മന്ദിരവും
വിദ്യാവൃദ്ധനാമുദ്ധവരുടെ ഗൃഹവും
സാത്യകി കൃതവർമ്മാദി മഹാരഥന്മാരുടേയും
സത്വസംഘത്തിന്റേയും കുടികോടികൾ
സാമ്യസമൃദ്ധികളെല്ലാം സഹസ്രാനനസഹസ്രവും

സാധുപാസനത്തെ ഗമിച്ചിട്ടു മടങ്ങി വാഴും
ചിന്മയൻെറ പുരിക്കുള്ളിൽ ഗ്രഹമില്ലാത്തിടമില്ലാ
പൊന്മയമല്ലാതെയില്ല ഗ്രഹത്തിലെങ്ങും
നിൎമ്മലമായ പളുങ്കാവും പൊന്നും വേണ്ടുന്നതെല്ലാം
നന്മാലയംതോറും വെവ്വേറെയുണ്ടെല്ലാക്കും
ജ്യേഷ്ഠനെ മുമ്പിട്ടു ചെല്ലും പ്രപഞ്ചപ്പയമാരുടെ
കോട്ടയ്ക്കകത്തകപ്പെട്ടു പുരുഷന്മാൎക്കും
കേട്ടാലും പുരസ്ത്രീകൾക്കും കരിതുരഗാദികൾക്കും
വാട്ടം വിനാ വസിപ്പാനിപ്പാരിടം പോരാ
പട്ടിണികൊണ്ടു മെലിഞ്ഞ പണ്ഡിതനാം കശസ്ഥലി
പട്ടണം കണ്ടപ്പോഴേ വിശപ്പും ദാഹവും
പെട്ടെന്നകന്നവെന്നല്ലാ ഭക്തികൊണ്ടെന്നിയേ പണി-
പ്പെട്ടാലും മൊഴിയാത്ത ഭവാബ്ധിയും തീൎന്നു
രാമാനുജാഞ്ചിതരാജധാനിസൽക്കമിച്ചേകിയ
രോമാഞ്ചകപ്പായമിദാനീ ചെഞ്ചമേ
സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു കുചേല
ച്ചോമാതിരിക്കുള്ളു ചുമടായിച്ചുമന്നു
ഭക്തിയായ കാറുകൈക്കണക്കലൊറു പെരുകിയ
ഭാഗ്യപാരാവാരഭോഗപരമ്പരയാ
ശക്തിയോടുകൂടി വന്നു മാറിമാറിയെടുത്തിട്ടു
ശാൎങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു
കല്പാന്തകാലത്തൊന്നിക്കും കടലുകളുടെ ഘോഷം
അല്പമാക്കും പുരുഷാരപ്പൂരങ്ങളുടെ
ചൊൽപ്പൊങ്ങുമിരപ്പുകേട്ടും പുരിചില്ലും കണ്ടുചെല്ലും
ചിപ്പുംകസൻ മഹാമാൎഗ്ഗമലങ്കരിച്ചു

ആഴികളുമൊരുമിച്ചോരു കട്ടിന്മേലന്നേര-
മേഴാമാളികമുകളിലിരുന്നരുളും
ഏഴരണ്ടുലകുവാഴിയായ തമ്പുരാനൊരുത്രയും
താഴെ തന്റെ വയസ്യനെ ദൂരത്തു കണ്ടു
കണ്ടാലെത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണ്ണവസ്ത്രം
കൊണ്ടു താറുടുത്തിട്ടുത്തരീയവുമിട്ടു
മുണ്ടിൽ പൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടുംകൂടെ കക്ഷത്തിങ്കലടക്കിക്കൊണ്ടു
ഭദ്രമായ ഭസ്മവും ധരിച്ചു നാമസ്മാരകിണ-
മുദ്രയും മുഖരമായ പൊളിക്കുടയും
രുദ്രാക്ഷമാലയുമേന്തി നാമകീർത്തനവും ചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചമ്മെ ചെല്ലും
അന്തണനെക്കണ്ടിട്ടുസന്തോഷംകൊണ്ടോ തസ്യദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ
എന്തുകൊണ്ടോ കണ്ണീരണിഞ്ഞു ശൌരിധീരനായ
ചെന്താമരക്കണ്ണനാണോ കരഞ്ഞിട്ടുള്ള
പള്ളിമഞ്ചത്തിന്ന വെക്കമുത്ഥാനംചെയ്തിട്ടു പക്ക-
ലുള്ള പരിജനത്തോടും കൂടി മുകുന്ദൻ
ഉള്ളഴിഞ്ഞു താഴത്തെഴുന്നെള്ളി പൌരവരന്മാരും
വെള്ളംപോലെ ചുററും വന്നു വന്ദിച്ചുനിന്നു
പാരാവാരകല്പപരിവാരത്തോടുകൂടി തദാ
പാരായണനായ നാരായണനാസ്ഥ്യം
പാരാതെ ചെന്നെതിരേററു കുചേലനെ ദീനതയാ-
പാരവശ്യമേവം മറെറാരീശ്വരനുണ്ടോ?
മാറത്തെ വിയർപ്പുവെള്ളംകൊണ്ടു നാറും സതീർത്ഥ്യനെ

മാറത്തുണ്മയോടു ചേൎത്തു ഗാഢം പുണൎന്നു
ത്തുമൂലം തൃക്കൈകൊണ്ടു കൈ പിടിച്ചുംകൊണ്ടുപരി-
കേറിക്കൊണ്ടു ലക്ഷ്മിതൽപത്തിന്മേലിരുത്തി
പള്ളിപ്പാണികളെക്കൊണ്ടു പാദം കഴുകിച്ചു പരൻ
ഭള്ളൊഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു
തുള്ളിയും പാരിൽ പോകാതെ പാത്രങ്ങളിലൊരു തീൎത്ഥ-
മുള്ളതുകൊണ്ടു തനിക്കുമാൎക്കും തളിച്ചു
നന്ദനും വസുദേവൎക്കും യശോദയ്ക്കും ദേവകിക്കും
നന്ദനനാം മുകുന്ദൻ ഭക്തനെത്താനെ
ചന്ദനവും പൂശിപ്പിച്ചു പൂജിച്ചുപോലിത്ഥം ഹരി-
ചന്ദനകുസുമയപടിപാടി ഭക്ത്യാ
ഭർത്തൃഭാവമറിഞ്ഞിട്ടു ലക്ഷ്മീഭഗവതിതാനും
ഭദ്രമായ താലവൃന്തമെടുത്തു ചെമ്മെ
ഭക്തനാമതിഥിക്കുപശ്രമം തളൎവാൻ വാസു-
ഭദ്രനോടുകൂടി നിന്നു വീശിത്തുടങ്ങി
ദക്ഷിണദിഗീശനെ ജയിച്ചുണ്ണിയെ വീണ്ടുഗുരു-
ദക്ഷിണ കഴിച്ച ദേവൻ ഗുണനിധിയാം
അക്ഷോണീസുരനൊടാനിച്ചിതനായിട്ടനന്തരം
അക്ഷീണതരമാംവണ്ണം കഥകളിച്ചൊല്ലു
എത്രനാളുണ്ടു ഞാൻ കാണാഞ്ഞിട്ടു ചിത്തെകൊതിക്കുന്നു
അത്രതന്നെ പോന്നുവന്നതസ്മാകം ഭാഗ്യം
ചിത്രം ചിത്രമങ്ങൊട്ടു ചെന്നാടേണ്ടുന്ന മഹാതീൎത്ഥ-
മിത്ര്യോളമിങ്ങാഗമിക്കകൊണ്ടു നന്നായി
പാരഭാരതാപവും വിരഹോത്ഥമഹാവ്യഥാദി
പാപങ്ങളൊക്കെയുമിന്നു നമുക്കൊഴിഞ്ഞു

പാരിരേഴിനേയും പൂതമാക്കുന്ന സാധുക്കളുടെ
പാദതീർത്ഥമാകുന്നിക്കമേൾപ്പാറൊത്തുമോ
സാന്ദീപനിഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും
സാന്ദ്രസൌഹൃദസംബന്ധം നമ്മിലുണ്ടായതും സഖേ
സാരനാകും ഭവാനൊന്നും മറന്നില്ലല്ലി?
ഗുരുപത്നിനിയോഗേന കദാചന നാമെല്ലാരു-
മൊരുമിച്ചു വിറകില്ലാഞ്ഞിട്ടു പോയതും
പെരുംകാട്ടിൽ പുക്കിന്ധനമൊടിച്ചു കെട്ടിവെച്ചതും
അരുണനസ്തമിച്ചതും മറന്നില്ലല്ലി?
കൂരിരുട്ടമാകുന്നിക്കമായോരു മഹാമഴയും
കൂടിവന്നു കൊടുംകാറ്റും കൂടീട്ടസ്സാകം
കൂരിരുട്ടു കൊടുത്തുമുമ്പപ്പോളും തകർത്തതും
ഉഴറിച്ചുടത്തു നാമെല്ലാരൊരുമിച്ചതും
പാർത്തിരയാതെ പരന്നപോമിക്കാറാരത്തെന്നറാംകാംപി-
ലോത്താരു തുറപ്പിനങ്ങളിലൊളിച്ചന്യോന്യം
കയ്യുംകോർത്തു പിടിച്ചതും പിന്നെ നടന്നൊരുവണ്ണം
മാർത്താണ്ഡനുദിച്ചതും മറന്നില്ലല്ലി?
താപസനന്തിക നമ്മെക്കാണാഞ്ഞിട്ടു പത്നിയോടു
കോപിച്ചതും പുലർകാലേ തിരഞ്ഞുകാണ്മാൻ
താപംപൂണ്ടു താനേ പുറപ്പെട്ടേടം കണ്ടു നാം
പേടിച്ചു വിറകും കൊണ്ടരികിൽ ചെന്നതും
ചെമ്മെവീണു നമസ്കരിച്ചതും മഹാമുനിമോദാൽ
നമ്മെയെല്ലാമനുഗ്രഹിച്ചതും തോന്നുന്നോ?
നന്മ നമുക്കതേയുള്ളു ഗുരുകടാക്ഷം കൂടാതെ

ജന്മസാഫല്യം വരുമോ ജനിച്ചാലൊക്കം
മുക്തിയുമാം പുണ്യവുമായിടയിലെന്നുമാം ഗുരു-
ദക്ഷിണതാനിക്കൊത്തവണ്ണം ചെയ്യേണമാരും
അന്തകനോടുണ്ണിയെ മേടിച്ചുകൊണ്ടന്നർപ്പിച്ചു നാം
അത്രമാത്രം ചെയ്തിട്ടിന്നും ഭക്തിചെയ്യുന്നു
ആചാര്യനിഷ്ക്രയം ചെയ്തിട്ടാലയേ ഗമിച്ചശേഷ-
മാത്രുസമാവർത്തനാമതീതമായില്ലെ
വാചാ കിംബഹുനാ തവ വേളിയും കഴിഞ്ഞുവല്ലോ
വാരിജാക്ഷി ഭവാനനുരൂപയല്ലയോ
വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം ബന്ധം വിനാ
വിരക്തന്മാർ നമുക്കു സഹിച്ചുകൂടാ
വിശുദ്ധനായ ഭവാന്റെ ഭവപീഡ തീർന്നുപോമി-
വശക്കേടു ശമിക്കുമ്പോളതിനൊന്നുമില്ല
പൊതിയിലൊട്ടു തന്നാലും ലജ്ജിക്കേണ്ടാ ഗോപിമാരും
കൊതിയൊന്നിളക്കാത്ത പാരമ്യത്രയം
ഇതി യദുപതി മുദാ സന്തതമിരന്നു സതാം
ഗതിയതുകൈക്കലാക്കിട്ടഴിച്ചുകൊണ്ടു
കല്ലും നെല്ലുമെല്ലാമവലെന്നു വെച്ചിട്ടൊരു പിടി
നല്ലവണ്ണം വാരിവേഗം വയറ്റിലാക്കി
മല്ലരിപു പിന്നെയും വാരുവാനാഞ്ഞൊരോരം വിളും
വല്ലഭാ വന്ദിച്ചു തന്റെ കരം പിടിച്ചു
മതിമതി പതിയോടു പറവതും ചെയ്തുകാന്ത
മതി മതി കദാചന മതിപാരൂഷ്യം
മതിപ്പാനും കൊടുപ്പാനും തന്നെത്താനിന്നൊന്നുകൊണ്ടും
മതിയാകയില്ലെന്നായി വന്നിരിക്കുന്നു

പിറന്നന്നു തുടങ്ങീട്ടു പിരിയാതെ പാൎക്കുമെന്നെ
മറന്നെന്നു തോന്നീടുന്നിതധുനാബന്ധം
മുറക്കയച്ചീവിപ്രന്റെ പത്നിക്കു ദാസിയാകുവാൻ
ഉറച്ചിതോ തിരുമനസ്സിലിതെന്തയ്യോ
പരിഭ്രമിക്കേണ്ടാ പത്നീ പറഞ്ഞതു കൊള്ളാന്താനും
പരമഭക്തന്മാരെക്കണ്ടിരിക്കുന്നേരം
പരവശനാം കൃപകൊണ്ടെന്നെയും മറന്നു പോം ഞാൻ
പരിചയിച്ചീടും നീയതറിഞ്ഞിട്ടില്ലേ
നിറഞ്ഞുകഴിഞ്ഞു നാമുകൊരു മുഷ്ടിയാൽ നിന്നുടെ ഭാവ-
മറിഞ്ഞുവതിനായി പുനരുദ്യോഗം
കുറഞ്ഞൊരു ചിപിടകം ശേഷിച്ചതിതാ ഭവതി
പറഞ്ഞതും മറക്കാമോ ഭക്തയായ നീ
വിവിധ ചരാചരാണാം പിതാക്കന്മാരേവം കാൎയ്യം
സവിധകനാം ദ്വിജനെ ശ്രവിപ്പിക്കാതെ
ചെവിയിലന്യോന്യമോതീട്ടുത്തമമാകിയ ശേഷം
അവലമ്മകൊണ്ടുപോയിപ്പിന്നെയും വീശി
നിഖിലാണ്ഡകോടി നിശമാരികളെക്കൊണ്ടും നിറ-
യാത്ത കൃഷ്ണകുക്ഷി ഉദരപൂരിതമായി
സഖിമത്താപൃഥുകൈകമുഷ്ടിയാൽ നിറയ്ക്കപ്പെട്ടു
സചിന്തകനന്നാലേവം വദിക്കപ്പെട്ടു
പണ്ടൊരിക്കൽ പാണ്ഡവന്മഹർഷിയുടെ ശാകോദന്നു
മുണ്ടൊന്നാമിന്നു ഭവാന്റെ പൃഥുകം തിന്നു
രണ്ടുകൊണ്ടുമുണ്ടായോന്നം സുഖവും തൃപ്തിയും കീഴി-
ലുണ്ടായിട്ടില്ലൊരിക്കലുമിനിക്കു സഖേ
കണ്ടലാത്രമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരൎപ്പിച്ചാൽ

കഷ്ടം കാണുന്നിതക്ഷന്തവ്യമിനിക്കത്ഭുതം
ഭക്തിഹീനന്മാരായ മൎത്ത്യന്മാരത്രതന്നാലും
തിക്തകാരസ്കരഫലമായിട്ടിതും
ഗൎവ്വഹീനന്മാരായ ഭാഗ്യവാന്മാരൎക്കുമാത്രം
ചൎവ്വണമിന്നു വല്ലതും കൊണ്ടെന്നതന്നാൽ
പൎവ്വതത്തിലുമധികമിനിക്കെന്നു പറയാതെ
സൎവ്വതതാചിത്തെ ഭവാനറിയാമല്ലോ
കായഭേദമുണ്ടെങ്കിലും ഒന്നല്ലോ വാമുഭൌ ജീവൻ
പോയാലുമിരിക്കുമ്പോഴുമെന്നറിഞ്ഞാലും
ശ്രീയും തവ സ്ത്രീയുമെന്നും ഒന്നെന്നപദം തന്നാന്നു-
ജായയോടു പറഞ്ഞതല്ലേ മമ വചനം
ഇത്തരം സല്ക്കാരവാക്യങ്ങളെക്കൊണ്ടു സമൎപ്പിച്ചു
ഉത്തമപുരുഷനോടുണൎത്തിപ്പാരോളും
ഉത്തരമില്ലാഞ്ഞിട്ടു വിചാരിച്ചിതന്നു കുചേലൻ
ചിത്തരസം വരുമാറിവണ്ണം വചിച്ചു
ഭുക്തിമുക്തി ദാതാവെ ഭുവനനാഥാ ഭഗവാനേ
ഭക്തി ഭക്തന്മാരും കൊണ്ടു നിന്നാലത്ഭുതം
ശക്തികൊണ്ടു ശക്തന്മാരും ജയിക്കപ്പെടുന്നു യുക്തം
രണ്ടജിതാഖ്യക്കന്തരം വേണ്ട കല്പവും
കൊണ്ടല്ലോ ലോകപാലകന്മാരുമെല്ലാ ദ്വാരം തോറു-
മെപ്പോഴെ വാസരമെന്നു നോക്കിപ്പാൎക്കുന്നു
കപ്പയിൽ കിടന്നവനെ പൂജിക്കുന്നു ഭവാൻ കിഴി-
ലിപ്പുതുമ കണ്ടിട്ടില്ലാ കേട്ടിട്ടുമില്ലാ
ചെറുപ്പത്തിൽ പരിചയംകൊണ്ടു തവരൂപത്തെ ഞാൻ
മനോദൎപ്പണത്തിൽ കണ്ടു അവരെയെപ്പോഴും

അപ്പോഴപ്പോൾ കേട്ടവാറെ സ്മരിച്ചിരുന്ന ഞാനു-
മിപ്പോഴിവിടേക്കു വന്നു കാണ്കയും ചെയ്തു
കല്പനാലംഘിപ്പാൻ മേലാഞ്ഞേഴാം മാളികമുകളിൽ
അല്പനിവർ രമുഴവനീശ്വരിയുടെ
തല്പത്തിന്മേലിരുന്നിട്ടു വിഷ്ണുപദം വാണവല്ലോ
മല്പരനാം ധന്യനില്ലീമന്നിരേഴിലും
ദിവ്യരത്നപ്രകാശം കൊണ്ടത്രരാത്രിയില്ലെങ്കിലു-
ന്നവ്യമാമന്നഭോജനമടുത്തു നൂനം
ഭവ്യതയാം ഭക്തിവിശ്ലേഷണം മമ പോകട്ടെ ഞാ-
നവ്യയം മനോജ്ഞമംഘ്രി ചേരുവോളവും
മാത്രംപോലും ധനഹീനനായ വിപ്രൻ മുകുന്ദനെ
മാനസംകൊണ്ടെടുത്തിട്ടു കൂടെക്കൊണ്ടുപോയി
യാത്ര ചൊല്ലി നടന്നുടനശ്രുപൂർണ്ണനേത്രമനു-
യാതനായ മാധവനെ പുണർന്നു നിർത്തി
മല്ലരിപുവിന്റെ മന്ദഹാസസൗന്ദര്യാതിശയ
സല്ലാപാനുകമ്പമനുമാനസൽക്കാരം
എല്ലാമുള്ളിലോർത്തു തന്നെ വിസ്മയിച്ചു താനേ ചെന്നൊ-
രില്ലമടപ്പാറായപ്പോളേവം ചിന്തിച്ചു
ആശ്ചര്യമാശ്ചര്യമിദമോർത്തു കാണുന്തോറും പാരി
ലാരിലുമസാരനായ ഞാനെവിടത്തു
ഈശ്വരേശ്വരനായുള്ള കൃഷ്ണനെവിടത്തു മൈത്ര-
മീവണ്ണമാർക്കുമാരിലും കാണ്കയില്ലെങ്ങും
ത്രയസ്ത്രിംശൽകോടിത്രിദിവേശന്മാർക്കല്ല മൂർത്തി
ത്രയത്തിനു മാത്രമല്ല ത്രിജഗത്തിനും
ത്രയിക്കും തമ്പുരാനായ പുമാനെന്നെക്കണ്ടനേരം

തെരിക്കെന്നു താഴത്തു വന്നൊന്നിരറെറത്തും
വിസ്മയത്താലിച്ചിട്ടു പൃഥിഗന്ധമേറും വിപ്രവരൻ
വയസ്യനൊന്നിട്ടു രതിപതിപിതാവാം
ശ്രീയഃപതിമാറത്തു ചേർത്തിഗാഢം പുണർന്നതും
ഭയപ്പെട്ടിട്ടതൊന്നും പറയാതെയും
അപ്പുറമിവനൊക്കെയാരി കൊണ്ടുപോയി പൊക്കമേറും
സപ്തമസൌധസോപരി രത്നപര്യങ്കേ
തൃപ്തിവരുമാറിരുത്തി പൂജിച്ചതും രാത്രൌ രമാ
സുപ്തിസുഖമുപേക്ഷിച്ചു വീശിനിന്നതും
ദൈന്യബ്രാഹ്മണനാകിലബ്രാഹ്മണനായകൻ ചെയ്ത
ദാസ്യത്തിനില്ലവസാനമെന്നല്ലതുകൊണ്ടും
ശാസ്യന്മാരാം ഭൃത്യന്മാർ മറക്കാത്ത കൃപാലക
മാസ്യത്തിലിട്ടുമുതാകിട്ടിയാകിലതും (ൽ
റത്താലെന്റെ ദാരിദ്ര്യം തീർത്തയച്ചനെ ന്നതിലെങ്കി
ആർത്തപാലിതനാകമാന്നായത്തിലൊന്നി
ചേർത്തതൊട്ടു വെള്ളികളും കല്ലുംവഴി കണ്ണും തോന്നും
കാന്തിയിലും പതിയോടെടുത്തും ചെയ്യുന്നു
ജന്മവൃത്തമൊക്കിപ്പതിവ്രതയെ പട്ടിണിക്കിട്ടു
കന്മഷവാനാമെന്നാരശിതി മുഴുതനായാലും
ചിന്മയനാം കൃഷ്ണൻചെയ്ത സല്ക്കാരമിവണ്ണമവന്റെയും
മന്മതിമന്ദതമോന്മം മായനാം പാറി
ഭാര്യയുടെ ദുഃഖമോർത്തിട്ടതിവിരൂപനായ താൻ
കാര്യമാനന്മവേറാളും സുന്ദരനായതും
സൂര്യപ്രകാശനായതുമറിയാതെ പോയിച്ചെല്ലും
ആര്യനായ വിപ്രനാഥമിങ്ങനെ

കണ്ടാലച്യുതന്റെ കണക്കായ കുചേലനാരില്ല-
മുണ്ടായിരുന്ന ദേശവുമട്ടത്തിലിക്കം
രണ്ടാം ദ്വാരകപട്ടണമായിട്ടഗ്രേ കാണപ്പെട്ടു
തണ്ടാറുമാനിനീശന്റെ കാരുണ്യമാഹാത്മ്യം
പൊക്കംകൊണ്ടും ലക്ഷംകൊണ്ടും പണികൊണ്ടും മ
(ണിഭേദമ
മുഷ്ടുകൊണ്ടും ധനധാന്യസമൃദ്ധികൊണ്ടും
മുപ്പൊഴിഞ്ഞ നരകാരികരിതുരഗാദികടെ
തിരക്കുകൊണ്ടും തിമർത്ത കോലാഹലംകൊണ്ടും
എല്ലാംകൊണ്ടും കുശസ്ഥലീപട്ടണത്തോടൊത്തിരിക്ക-
മെല്ലാം കണ്ടീശപാദം വഴിപിഴച്ചതാനാം
മല്ലരിപുവിന്റെ മഹാരാജധാനിക്ക പിന്നെയും
ചെല്ലുകയൊ എന്നാവിടെ നിന്നു കുചേലൻ
അപ്പൊളകത്തുന്നു ലക്ഷ്മികല്പയായ പത്നി വെക്ക-
മപ്പുരസ്ത്രീകളോടൊത്ത സഖിമാരോടും
നൽപുരവാസികളോടും നാനാവാദ്യഘോഷത്തോടും
കെല്പോടഷ്ടമംഗല്യാദി സാകല്യത്തോടും
ക്കൂടിവന്നെതിരേററകം പൂകിച്ചു പതിയെമിത്ര-
കോടിപ്രഭപൂണ്ട പുത്തൻ പുരി കാണിച്ചും
നാടകക്കൊട്ടിലും കക്ഷിപ്രകാരഗോപുരങ്ങളും
ഘോടകപംക്തിയുമാനക്കൊട്ടിലുകളും
പാടെ കാട്ടി പ്രസാദിപ്പിച്ചിട്ടു കേററിക്കൊണ്ടുപോയി
പാടീരശ്രീതുംഗമഞ്ചത്തിന്മേലിരുത്തി
വെണ്കൊററാതപത്രം തഴ വെഞ്ചാമരം താലവൃന്ദം
തങ്കക്കോളാമ്പി താംബൂലചൂർണ്ണക്കൊപ്പം

ശങ്കമാരെട്ടുത്തുംകൊണ്ടു വേണ്ടെങ്കിലും ചുററും കൂടി
പങ്കജാക്ഷികൃപകൊണ്ടു മുട്ടി കുചേലൻ
അൻപതിനായിരത്താണ്ടു കഴിഞ്ഞാലും ലയമില്ല
സമ്മതം മുകുന്ദനാജ്ഞാപിച്ച മന്ദിരേ
സംഭ്രമമകന്നു തല്പത്തിന്മേലിരുന്നു കുചേലൻ
സപ്രസാദം പൂണ്ടു പത്നിയോടു ചോദിച്ചു
എന്തിവണ്ണമിപ്രദേശേ മന്ദിരങ്ങൾ വിളങ്ങുവാൻ
ബന്ധമെന്തെന്നുരചെയ്ക മംഗലശീലേ
വിപ്രവാക്യമേവം കേട്ടു പത്നിതാനുമുരചെയ്താൾ
സുപ്രസന്നനായ മഹീദേവനോടപ്പോൾ
ചിത്രതരമിന്നലെയിങ്ങിരുന്നേരമായിവിടെ
ചിത്രദീപ്തി പൂണ്ടൊരുത്തി മിററത്തു വന്നു
ഇന്ദിരയ്ക്കു നേരായുള്ള ചന്ദ്രബിംബമുഖിതന്റെ
സുന്ദരത്വം കണ്ടാൽ കണ്ണിന്നമൃതായുള്ളു
പങ്കജകോരകമവൾ കരങ്ങളിലുണ്ടു തന–
കൊങ്കകളിലിളകുന്നു മുത്തുമാലയും
കുന്ദമന്ദസ്മിതം തൂകീട്ടെന്നെനോക്കിയുരചെയ്തു
സന്ദർശനസംഗതിക്ക മഞ്ജുളവാണി
ദ്വാരകയിൽ നിന്നഹമിങ്ങാഗമിച്ചു നിൻകണവൻ
ആരണൻ നല്കിയ പ്രാഭൃതമെന്തെന്നോർപ്പു
ശ്രീപതി അവൽഭുജിച്ച കാരണം ഞാൻ വന്നിവിടെ
ശ്രീസമ്പദാ നിങ്ങൾക്കെന്നുമനുഭവിക്കാം
നാളിൽനാളിൽ സുഖിച്ചനുമോദമോടു വസിച്ചാലും
നാളീകലോചനൻ തന്റെ നാമമാഹാത്മ്യാൽ
ഇത്ഥമവൾ ഗിരം കേട്ടു സത്വരം ഞാൻ ചെല്ലുന്നേരം

സത്യം പത്മപത്രാക്ഷിയും ചെററകത്തോട്ട
ചെന്നു കേറുന്നതും കണ്ടു പിന്നെയുള്ള വിസ്മയങ്ങൾ
പന്നഗാരാഥനം വാഴ്ത്തിക്കൂട ചെയ്താരെ
ഇപ്രകാരം പത്നിതന്റെ മംഗലവാണികൾ കേട്ട
വിപ്രനേററം പ്രസാദിച്ചിട്ടിങ്ങിനെ ചൊന്നാൻ
കാമക്രോധലോഭമോഹമദാഹംകാരമദംഭം
താമിസ്രമത്സരം പൈശൂന്യത്തിലങ്ങൊന്നും
സാധുക്കളെപ്പരിപാലിച്ചാധികളന്താകിലാക്ക-
മാധാരഭൂതനാം കൃഷ്ണനൊന്നറിഞ്ഞാലും
ബോധരൂപാത്മകൻതന്റെ പാദഭക്തികൊണ്ടു ദുഃഖ-
വാരിധിയെക്കടക്കുന്നു സമചിത്തന്മാർ
വാമദേവവിരിഞ്ചാദിവാനവർ യോഗിവൃന്ദങ്ങൾ
കാമദശ്രീകൃഷ്ണപദം ഭജിച്ചിരിപ്പൂ
താമരപ്പൂവിൽ പിറന്ന കോമള പെൺമണിയാൾതൻ
വാർമുലക്കോരകം പൂണ്ടു പുരുഷോത്തമൻ
ദേവ ദേവ ജഗന്നാഥൻ കേവലം ജ്യോതിസ്സ്വരൂപൻ
ദേവകീപുത്രൻ ശ്രീവാസുദേവൻ മുകുന്ദൻ
ശ്രീരമണൻ ശ്രീധരൻ ശ്രീനീലകണ്ഠപ്രിയൻ ശൌരി
ക്ഷീരസലിലേ ഭുജംഗതല്പേ ശയിച്ചോൻ
കേശവൻ ഗോവിന്ദൻ മധുസൂദന കൈടഭാന്തകൻ
ക്ലേശപാശവിനാശനൻ കേശിമഥനൻ
അച്യുതനാനന്ദാമൃതാനന്ദൻ വിശ്വവിനോദൻ
സച്ചിൽ ബ്രഹ്മാഖ്യൻ സകലലോകൈകനാഥൻ
നിശ്ചലൻ നിഷ്കളൻ നിത്യൻ നിർവ്വികല്പൻ ജനാർദ്ദനൻ
സ്വാത്മസ്വരൂപൻ നിഗമനിച്ചേദ്യൻ

അദ്വയനാജനാദ്യനാദിമദ്ധ്യാന്തവിഹീനൻ
വിദ്വജ്ജനാചിന്ത്യഹംസൻ വിധിജനകൻ
എത്രയും കനിഞ്ഞനുഗ്രഹിക്ക നിമിത്തം ശ്രീദേവി
ചിത്തസന്തോഷം പൂണ്ടു ശ്രീസമ്പദം നല്കി
കാരണപൂരുഷൻ മുന്നം മീനകൂർമ്മകോലമായി
ഭൂരമേശൻ നരസിംഹവാമനമൂർത്തി
ക്രൂരകർമ്മം ചെയ്തിട്ടുള്ള ഘോരപാപന്മാരെക്കൊന്നു
ആരണരെ പാലിച്ച ശ്രീപരശുരാമൻ
സൂര്യവംശതിലകനാം ഭൂപതിദശരഥന്റെ
ആര്യപുത്രനായയോദ്ധ്യയിൽ ശ്രീരാമചന്ദ്രൻ
താപസരെ പീഡിപ്പിച്ച രാവണനെക്കൊന്നു രാമൻ
പാപശാന്തി ജഗത്തിന്നു ഭൂപതി തീർത്തു
സീരപാണിയായിട്ടശേഷകലാമയനാദശി
നാരദമുനിയന്നങ്ങനെ ബുദ്ധാവതാരം
ദുഷ്ടരായ മ്ലേച്ഛനിവഹത്തെ നിഗ്രഹിപ്പാൻ
കല്കിവേഷം ധരിച്ചീടും ജഗന്നിവാസൻ
ദശവിധരൂപങ്ങളുമൊന്നായവതരിച്ചെന്നു
ദശമത്തിലുപാഖ്യാനം കൃഷ്ണാവതാരം
നാരായണൻതന്റെ തിരുനാമം ജപിച്ചിഹലോകേ
പാരമാശയി പൂണ്ടു നമ്മൾ വസിക്കാം ദയിതേ
ഇത്ഥം കുചേലോക്തി പതിവ്രതയാകും പത്നി കേട്ടു
സത്യസ്വരൂപപദം ഭജിച്ചു സുചിരം
ചിത്രമണിഗേഹംതന്നിൽ പുത്രമിത്രഭൃത്യവൃന്ദം
ചിത്താമോദ്യം കുചേലനും പത്നിയും വാണു
അൻപതിനായിരം ജനം ജ്ഞാനാനന്ദിതരാം വിപ്ര-

ദമ്പതിമാരെ ശുശ്രൂഷചെയ്താരെപ്പോഴും
അന്നതിനമാത്രം പുരസ്ത്രീപുമാന്മാൎക്കാവെന്നു സ-
മ്പതിച്ചതാരുടെ കടാക്ഷമെന്നോൎത്തു
ഇന്നവിലുണ്ടാക്കിയ വിപ്രകന്ധുണ്ണിനി ചിത്ര-
വൎണ്ണാവകൾക്കെല്ലാം വസ്ത്രാഭരണങ്ങളും
വിരുന്നൂട്ടും വേണ്ടുന്നതൊക്കയും കഴിച്ചു തുടങ്ങി
തരുന്നാദിനംതോറുമതിരസവും
നിൎമ്മലകശസ്ഥലിപുരത്തുങ്കലും കൃഷ്ണകൃപാ
നിൎമ്മിതമാം കുചേലപട്ടണത്തുങ്കലും
ധൎമ്മപുത്രരിരിക്കുന്ന ഹസ്തിനാപുരത്തിങ്കലും
ധൎമ്മമൊരു പോലെയായി ദിവസന്തോറും
വിപ്രപുരിയിലെപ്പോഴുമുള്ള വാദ്യഘോഷങ്ങളും
അപ്രമേയസ്ത്രീപുരുഷസാരാവങ്ങളും
ചൊല്ലേറിയ ഹയഹേഷശബ്ദങ്ങളുമത്രയല്ല
കെല്പേറിയ ഗജവരഗൎജ്ജിതങ്ങളും
രാമകൃഷ്ണ ഗോവിന്ദ ഗോപാല ബാലഭദ്ര രാമ
രാമാനുജ രമാപതേ പരശുരാമ
വാമനശിവശങ്കര ശംഭോ മഹാദേവേത്യാദി
നാമകോലാഹലങ്ങളിലന്തൎഭവിച്ചു
കുചേലനും പ്രേയസിക്കും സമ്പത്തൊന്നായതിൽ തത്ര
കുശേശയലോചനാം കല്പത്തിരട്ടിച്ചു
കുചേലതനയരുമതി കൃഷ്ണനൈക്യം കെടുത്താലും
ക്ലേശതരതരമായിക്കടം ശേഷിച്ചു
ദാനധൎമ്മങ്ങളും ചെയ്തു ദമ്പതിമാരിരുപേരു-
മാനന്ദിച്ചിട്ടാലയത്തിലനേകം കാലം

പാരാതമരതിരരിയോടുകൂടി വാണിട്ടവ-
സാനത്തുങ്കൽ കൈവല്യം ലഭിക്കയും ചെയ്തു
ഇന്നിക്കഥാചൊല്ലുന്നോൎക്കും ഭക്തിയോടെ കേൾക്കുന്നോ
മന്ദമെന്യേ ധനധാന്യസന്തതിയുണ്ടാം (ൎക്കും
എന്നതു തന്നെയുമല്ലയിജ്ജന്മത്തുതന്നെ വിഷ്ണു-
തന്നുടെ സായൂജ്യവും വന്നു കൂടീടുമേ.

കുചേലവൃത്തം വഞ്ചിപ്പാട്ട്

സമാപ്തം.

കിരാതം

വഞ്ചിപ്പാട്ട്

വാസുദേവപുരംതന്നിൽ വാണരുളും ജഗന്നാഥൻ
വാസുദേവൻ കനിവോടു തുണച്ചീടേണം
വാരണേന്ദ്രാനനൻ ദേവൻ വാണിമാതും ഗൌരിതാനും
വാമദേവൻഭഗവാനും വരം നൽകേണം
വേദസാരം ഗ്രഹിച്ചുള്ള വേദിയന്മാർ തുണയ്ക്കേണം
മന്ത്രസാരം ഗ്രഹിച്ചുള്ള മാമുനിമാരും
ദേവരാജാധിപനായ ദേവനാരായണസ്വാമി
കേവലം കാത്തരുളേണം കരുണയോടെ
കീർത്തിയോടായിരത്തെട്ടു മൂർത്തികളും തുണയ്ക്കേണം
ചിത്തഭക്ത്യാതൊഴുതു ഞാൻ ചിന്തു ചൊല്ലുന്നേൻ
പുഷ്ടമോദം കുടവാളൂർ മഠംതന്നിൽ കുടികൊള്ളും
വേട്ടയ്ക്കൊരുമകനെ ഞാൻ കൈവണങ്ങുന്നേൻ
പച്ചമിന്നും തുകിൽകൊണ്ടു കച്ചകെട്ടി വാലുമിട്ടു
പച്ചവില്ലും ചുരികയും കരത്തിലേന്തി
മെച്ചമേറും കതിരാമേലിപ്പുയോടെയെഴുന്നെള്ളി
വാച്ചമോദം കളിക്കുന്ന കുലദൈവമേ
ബാലുശ്ശേരി കോട്ടതന്നെ മൂലമെന്നു പറയുന്നു
നാലുദിക്കും പുകഴുന്നോരു കുമാരകനെ
കാലകാലൻ ഭഗവാന്റെ ലീലകൊണ്ടു ചമഞ്ഞൊരു
നീലവേണി ചാരുവേഷം കാത്തുകൊള്ളേണം

ശങ്കരന്റെ തൃപാദപ്രസാദലീലാചരിതം ഞാൻ
ഏതുകിലിപ്പോളുര ചെയ്യാം കേട്ടുകൊണ്ടാലും—
അൎജ്ജുനൻ പണ്ടൊരുകാലം ശങ്കരനെ തപം ചെയ്തു
അത്ഭുതമാം പാശുപതം ലഭിപ്പാനായി
മന്ദരമാം പൎവ്വതത്തിൻ മൂലഭാഗേ ചെന്നുകൂടി
സുന്ദരനാം പാണ്ഡുപുത്രൻ വസിക്കും കാലം
ഉഗ്രമായ തപംകൊണ്ടു ലോകമെല്ലാം ഭയപ്പെട്ടു
വ്യഗ്രഭാവങ്ങളെ പൂണ്ടു ദേവരാജാവും
അൎജ്ജുനന്റെ തപോവിഘ്നം വരുത്തുവാനിന്നുന്നപ്പോൾ
അപ്സരസ്ത്രീകളെപ്പാടെ യാത്രയുമാക്കി
സുന്ദരിമാരതുകാലം ചെന്നു പാണ്ഡുതനയന്റെ
മുന്നിൽനിന്നു വിലാസങ്ങൾ പലതും ചെയ്തു
പാട്ടുപാടിക്കളിക്കയും പാണിതാളം പിടിക്കയു-
മാട്ടമോരോവിധം കാട്ടി രമിപ്പിക്കയും
ചന്ദനവും പനിനീരും കോരിവാരിത്തളിക്കയും
ചന്ദ്രബിംബമിളകുമ്പോളിന്ദിരാപാടി
എന്നുവേണ്ട പലവേഷം സുന്ദരിമാർ പ്രയോഗിച്ചു
ഒന്നുകൊണ്ടുമിളകീല പാണ്ഡവവീരൻ
പാട്ടുകൊണ്ടും ഫലിച്ചില്ലാ കൂത്തുകൊണ്ടും ഫലിച്ചില്ലാ
പാട്ടിലാക്കാനൊരുത്തനല്ലെന്നവൎക്കു തോന്നി
നാരിമാരും കൂട്ടമെല്ലാം നാണവും കെട്ടങ്ങുമാറി
നാണിമത്തിന്നന്നുതൊട്ടു കുറവും വന്നു
അൎജ്ജുനന്റെ തപോവീൎയ്യംകൊണ്ടു പാരം പെരുകിമുട്ടി
ബ്രഹ്മലോകാധിപന്മാരും മാമുനിമാരും
ദേവരാജൻ മുതലായ ദേവവൃന്ദം പുറപ്പെട്ടു

ദേവദേവൻതിരുമുമ്പിലാവലാധിച്ചൊല്ലാൻ
ദേവനായ ശംഭുതന്നോടാവലാധി പ്രകാരത്തെ
കേവലം ചെന്നുണർത്തിപ്പാൻ ദേവനാഥൻതാൻ
അമ്പിളിത്തെല്ലണിഞ്ഞോനെ തുമ്പച്ചൂടും ഭഗവാനേ
തമ്പുരാനേ ഇജ്ജനത്തെ കാത്തുകൊള്ളേണം
ഭക്തനായ പാണ്ഡവൻെറ ഭീമമായ തപംകൊണ്ടു
ഭസ്മമായി ലോകമെല്ലാമെന്നതേ വേണ്ടു
എന്തിനിത്ര വലയ്ക്കുന്നു വിശ്വവാസിജനത്തെ നീ
അന്തകാരേ പാർത്ഥനിന്നു വരം നൽകേണം
കാട്ടിൽ വന്നു പിടിപെട്ടു കാട്ടുതീയ്യെന്നതുപോലെ
കാറുമേറു വലയുന്നു താപമോഹത്താൽ
എത്രനാളുണ്ടവൻ നിന്നെയത്ര നിന്നു സേവിക്കുന്നു
എത്ര കഷ്ടം വരം നൽകാത്തതെന്തിതാ പോററി
ഇത്തരങ്ങൾ പറഞ്ഞിട്ടും ഫലിച്ചില്ല ദേവനോടു
വൃത്രവൈരി ചെന്നു വീണു പാർവ്വതി മുമ്പിൽ
ലോകമാതാവേ ശൈലകന്യേ ലോകതാപം ശമിപ്പിപ്പാൻ
ലോകനാഥൻ പ്രസാദിപ്പാനരുളീടേണം
ശങ്കരനോടടിയനങ്ങുണർത്തിച്ചാൽ ഫലമില്ലാ
നിൻ കൃപയുണ്ടെങ്കിലെല്ലാം ഫലിക്കും താനും
വാസവൻെറ വചനങ്ങൾ കേട്ടനേരം കൃപയോടെ
ഈശനോടങ്ങറിയിച്ചു പാർവ്വതീദേവി
പാദപത്മം വണങ്ങുന്ന പാണ്ഡവനെ മടിയാതെ
പാശുപതം കൊടുത്താലും മൽപ്രിയനാഥാ
ദേവിതൻെറ വചനങ്ങൾ കേട്ടനേരം ചന്ദ്രചൂഡൻ
ഏവമൊന്നു നിരൂപിച്ചങ്ങരുളിച്ചെയ്തു

ഇന്നവൻെറ കരത്തിൻെറ ബലമൊന്നിങ്ങറിയേണം
പിന്നെ വേണം പ്രസാദിച്ചു വരം നൽകുവാൻ
വേദമൂൎത്തി മഹാദേവൻ വേടരൂപം ധരിച്ചാശു
വേലു ശൂലം ചാപബാണം ധരിച്ചുനിന്നു
താടിയും മീശയും നല്ല മോടിയും ചന്തവും കൂടി
പ്രൌഢിയോടെ പുറപ്പെട്ടു പാൎവ്വതീകാന്തൻ
വേടനായ ഭഗവാനെക്കണ്ടനേരം ശൈലപുത്രി
വേടനാരിവേഷമാശു ധരിച്ചാളപ്പോൾ
ശംഖുകൊണ്ടു കടകങ്ങൾ ശംഖമാലാ ഗളംതന്നിൽ
ശങ്കരൻതാനതു കണ്ടു തെളിഞ്ഞു നിന്നാൻ
കട്ടയുണ്ടു കരംതന്നിൽ കട്ടിക്കുന്തലിയുമുണ്ടു
വട്ടമെല്ലാം ചിത്രമാക്കി പാൎവ്വതീദേവി
പട്ടിവേഷം ധരിച്ചോരു ഭൂതവൃന്ദം പുറപ്പെട്ടു
കാട്ടുപന്നിത്തടിയനെക്കടിച്ചുകൊൾവാൻ
വേടരായിട്ടൊരുകൂട്ടം വിരുതന്മാർ പുറപ്പെട്ടു
വേണ്ടതെല്ലാം ഭൂതവൃന്ദമെന്നതേ വേണ്ടു
കൊട്ടുഘോഷം കുഴൽ കൊമ്പു കൂടിയാട്ടമകമ്പടി
കൂട്ടി മെല്ലെ കാടു പുക്കു വേട്ടയാടുമ്പോൾ
പന്നി വന്നു കയൎന്നു കൊന്നു കൊന്നു മുടിയ്ക്കുന്നു
പന്നി സിംഹങ്ങടെ കൂട്ടമൊടുങ്ങീടുന്നു
കന്നിനൊത്ത കലയാനത്തലവന്മാരൊടുങ്ങുന്നു
കന്നിമാരിൻ കണവൻതൻ കൂട്ടവും കൂട്ടി
പാണ്ഡുപുത്രൻ തപം ചെയ്യും ദിക്കിലേക്കങ്ങെഴുന്നള്ളി
പാൎവ്വതിനായകനായ വേടരാജാവും
വേടനാഥൻ പടക്കൂട്ടം വേഗമോടെ ചെല്ലുമപ്പോൾ

മൂകനെന്നങ്ങൊരു ദൈത്യൻ പന്നിയായ്‌വന്നു
ശത്രുവിന്റെ നിയോഗത്താലർജ്ജുനനെക്കൊലചെയ്‌വാൻ
പേടിയാതങ്ങോടിവന്നു ചാടിനാൻ രോഷൻ
മുന്നിലാശു വരുന്നൊരു പന്നിയെക്കണ്ടൊരു നേരം
ഇന്ദ്രപുത്രനൊരു ബാണം തൊടുത്തു വിട്ടാൻ
പന്നിതന്റെ ശിരസ്സിങ്കൽ ചെന്നുകൊണ്ടു പാർത്ഥബാ
(ണം

പിന്നിൽനിന്നു ശിവനുമയച്ചു ബാണം
രണ്ടുപേരും പ്രയോഗിച്ച രണ്ടു ബാണങ്ങളും ചെന്നു
കൊണ്ടുനേരം പന്നി മണ്ടിക്കാലനൂർ പുക്കു
ശങ്കരൻതാനെയ്തു ബാണം പാണ്ഡവന്റെ കാല്ക്കൽ
(വീണു

ശങ്ക കൂടാതവൻ മെല്ലെയെടുത്താനപ്പോൾ
തനിക്കുള്ള ബാണമെന്നു നിരൂപിച്ചു കുന്തീപുത്രൻ
തനിച്ചു വേടനന്നേരം കയർത്തു ചൊന്നാൻ
ആരെടാ നീ നമുക്കുള്ള ഘോരമായ സായകത്തെ
ചോരണം ചെയ്യുന്നോ കള്ളാ നല്ലതല്ലേതും
കട്ടുതിന്മാൻ ചിതം നോക്കി കാട്ടിൽ വന്നു കിടക്കുന്ന
ദുഷ്ടബുദ്ധേ മടിയാതെ ശരം തന്നാലും
നേരുകേടു കാട്ടുവാനോ തപംചെയ്തു വസിക്കുന്നു
വീരനെന്നു നടിപ്പാകിൽ പോരു ചെയ്താലും
മാനമേറും നമുക്കുള്ള കാനനത്തിൽ കടക്കാമൊ
ഹീനമായ മൃഗങ്ങളെ കൊലചെയ്യാമൊ
മാനുഷാ നീ ധരിച്ചാലും കാനനങ്ങൾ നമുക്കുള്ള
ആന സിംഹം മാനു പന്നി നമ്മുടെ കൂട്ടം

പക്ഷിമാംസങ്ങളെയെല്ലാം വെച്ചതിന്നു തപം ചെയ്താൽ
ഇപ്പുറയെല്ലാം വരുമെന്നൊ നിനച്ചു മോഹാ
ഇത്തരങ്ങൾ വേടനാഥൻവാക്ക കേട്ടൎജ്ജുനനും
ഉത്തരമൊന്നരചെയ്തു കോപവും പൂണ്ടു
നില്ലു നില്ലു കിരാതാ നീ നല്ലതല്ലാ തുടങ്ങുന്നു
കൊല്ലുവൻ ഞാൻ നിന്നെയിപ്പോൾ ശങ്കരനാണെ
കള്ളാ എന്റെ പരമാൎത്ഥം ഉള്ളവണ്ണം ധരിച്ചാലും
തള്ളലോടെ ചില വാക്ക പറഞ്ഞീടാതെ
കാട്ടിലുള്ള മൃഗങ്ങളെ കൂട്ടമെല്ലാം കുല ചെയ്താൽ
കാട്ടമോഷ നിനക്കുണ്ടു ചൊല്ലുമെന്നൊടു
നീചജാതിക്കടുക്കുന്ന വാക്കുകളെ പറയാവു
നീചതക്ക പരമാൎത്ഥമറിഞ്ഞുകൂടാ
പാൎത്ഥനേവം പറഞ്ഞപ്പോൾ പാൎവ്വതീശനാദരംചെയ്തു
പാൎത്ഥ കണ്ടാലറിയും ഞാൻ നിങ്ങളെയെല്ലാം
അൎജ്ജുനാ നീ കേൾക്കം ഞാനാദിവൃത്തം പറയുമ്പോൾ
ലജ്ജയുണ്ടാമുള്ളിലുള്ള തള്ളലും തീരും
കന്യകയ്ക്കു പിറന്നുള്ള കണ്ടകന്റെ മകനല്ലോ
നിന്നുടെ താതനും മറ്റും ധൃതരാഷ്ട്രരും
കുന്തിയല്ലോ നിങ്ങളുടെ പെറ്റമാതാവതും കൊള്ളാം
ഹന്ത കശ്മലന്മാൎക്കുണ്ടു കന്യകാദോഷം
മറുകണ്ടു ജാതങ്ങൾക്ക പിറന്നല്ലോ നിങ്ങളഞ്ചും
കുറമെല്ലാം പാണ്ഡുപുത്രനറിഞ്ഞില്ലല്ലൊ
അഞ്ചുപേരുമൊരുമിച്ചങ്ങൊരുത്തിയെ വേട്ടുകൊണ്ടു-
തഞ്ചമിപ്പോളതു ചൊന്നാലന്തമില്ലാ
ജ്യേഷ്ഠത്തിയായൊട്ടുകാലം കഴിഞ്ഞാൽ പിന്നെക്കളത്രം
പിന്നെയൊട്ടു കാലം ചൊന്നാലനുജത്തിയാം

സേവചെയ്യാൻ നിനക്കൊരു ദേവനുണ്ടായതും കൊള്ളാം
ആവതില്ലേ പിടിയാത്ത കൂട്ടമാസ്സുന്നാൽ
മുണ്ടുകൊൾവാൻ മുതലില്ലാഞ്ഞുടുക്കുന്നു പുലിച്ചർമ്മം
ഉണ്ടുകൊൾവാൻ നാണമില്ലാഞ്ഞിരന്നീടുന്നു
കാളതന്റെ മുതുകേറി കാടുതോറും നടക്കുന്നു
കാളിക്കുളിപ്പുരിമ്പയിൽ കേളിയാടുന്നു
പാമ്പലെല്ലും ഇമ്പമാലാപ്പൂർത്തമെല്ലാമണിയുന്നു
തമ്പുരാനെന്നേസ്സേവചെയ്യാൻ നിനക്കോ തോന്നി
എന്തിനെന്റെ പാണ്ഡുപുത്രാ സന്തതം നീ സേവിക്കുന്നു
എന്തു കിട്ടും നിനക്കീശൻ പ്രസാദിച്ചെന്നാൽ
താനിരന്നു നടക്കുന്ന ദൈവമെന്തു തരുന്നിപ്പോൾ
താൻ ഉജിയ്ക്കാത്തവരേതോ ധർമ്മം ചെയ്യുന്നു
കണ്ണുരുളവചനങ്ങൾ കേട്ടനേരം സഹിയാഞ്ഞു
കണ്ണു രണ്ടും ചുവത്തിനിന്നുരത്താൻ പാർത്ഥൻ
ശങ്കരനെ ദുഷിക്കുന്ന നിൻ കരളു പിളർപ്പൻ ഞാൻ
ശങ്കയില്ലാ നമുക്കേതും മൂഢനായോനേ
കണ്ടു കള്ളപ്രായന്മാർ കണ്ടതെല്ലാം പറയുമ്പോൾ
കണ്ണാലും പറിച്ചുനി തന്നിലാക്കേണം
നേരെ വന്നു കരേറാതെ ദൂരവേ നില്ലെടാ മൂഢാ
പോരുമോരോ ദൂഷണങ്ങൾ പറഞ്ഞതെല്ലാം
ശങ്കരനെ ഉണർന്നോളം ശങ്കയില്ലാതൊരു നിന്റെ
ഉൾകൃതി ഞാൻ നിലപ്പിപ്പാൻ തുടങ്ങുന്നിപ്പോൾ
എങ്കിൽ വാട കിരാത നീ നല്ലതല്ലാ തുടങ്ങുന്നു
ചിന്തിയാതെ ജല്പനങ്ങൾ തുടങ്ങീടാതെ
വീരനായ ഫലയാനത്തലവനൊക്കലെ ചെയ്യാൻ
ഭീരുവായ മാൻകിടാവു തുടങ്ങുമ്പോലെ.

ഗരുഡനും പറക്കുന്നു കാകനും താൻ പറക്കുന്നു
ഇരുവരും സമമെന്നു വരുമാറുണ്ടോ
എലി വീട്ടിൽ കിടക്കുന്നു പുലി കാട്ടിൽ കിടക്കുന്നു
വലിപ്പംകൊണ്ടിരുവർക്കും സമത്വമുണ്ടോ
എലിപോലെ ഇരുന്നു നീ പുലിപോലെ പിണങ്ങുന്നു
ബലവാന്മാരോടു ചെന്നു പിണങ്ങീടാതെ
അരവത്തെക്കലചെയ്യാനാണെന്നു ഞെളുതാമോ
പുരുഷരെന്നുള്ളെല്ലാം പുരുഷരല്ലാ
അടങ്ങിക്കൊൾക ഭോഷാ നീ തുടങ്ങേണ്ടാ ചില മോഹം
പടവെട്ടി ജയിപ്പാൻ നീ സമർത്ഥനല്ല
ആയുധങ്ങളറിയാത്ത നീയിതൊന്നും തുടങ്ങേണ്ട
കായൽ കാണാത്തവൻ വെള്ളം കളിസ്സുപോലെ
അർദ്ധചന്ദ്രകലാധരനിപ്രകാരമരുൾചെയ്തു
ഇന്ദ്രപുത്രനതു കേട്ടൊന്നരത്താനപ്പോൾ
കാട്ടുകള്ളാ വഴിപോലെ കേട്ടുകൊൾക വിജയന്റെ
നാട്ടിലൊക്കെപ്പരന്നോരു ഭുജവിക്രമം
അസ്ത്രശസ്ത്രം പ്രയോഗിപ്പാനിത്രപോരാ മറ്റൊരുത്തൻ
ഇത്രനാളും നീയിതൊന്നും ഗ്രഹിച്ചില്ലല്ലോ
ആർക്കുമൊത്താലെളുതല്ലെന്നാക്കിവെച്ചങ്ങിരുന്നോരു
ലാക്ഷ ഖണ്ഡിച്ചെറിഞ്ഞോരു പാണ്ഡുപുത്രൻ ഞാൻ
മന്നിലുള്ള നരേന്ദ്രന്മാർ മുന്നിലാശു തടുത്തപ്പോൾ
ചെന്നു യുദ്ധം ചെയ്തവരെ ജയിച്ചല്ലോ ഞാൻ
എന്നു വേണ്ടാ വിശേഷങ്ങളൊന്നുരണ്ടല്ലറിഞ്ഞാലും
അന്നു നിന്റെ ചെവി രണ്ടുമടഞ്ഞോടാ മൂഢാ
അതൊന്നിസ്സു ചെവി കേളാഞ്ഞായതൊന്നും ഗ്രഹിച്ചില്ല

നന്നു നന്നു പറഞ്ഞതു മതി ഭോഷാ നീ
പാണ്ഡവന്മാൎക്കുണ്ടുപോലും ദ്രൗപതിയെന്നൊരു ഭാൎയ്യാ
പാതി നാടും നഗരവുമുണ്ടുപോൽ പണ്ടേ
ചൂത്തിലന്നൊരു വീരനോടിവന്നു ദ്രൗപതിയെ
താഡനങ്ങൾ ചെയ്തുപോലും പലരും കാൺകെ
വേശ്യയാകുമവളുടെ കേശഭാരം പിടിപെട്ടു
വേഗമോടപ്പുടവയുമഴിച്ചുപോലും
അന്നു നീയട്ടിക്കിലെന്നും ചെന്നില്ലെന്നു കേട്ടു ഞാനും
അന്നു നിന്നെപ്പററില്ലന്നോ ചൊൽകെടാ ഭോഷാ
പൊണ്ണനായ ഭീമസേനനണ്ണനായ ധൎമ്മപുത്രൻ
കണ്ണനുടെ സഖിയാകും നീയുമന്നേരം
കണ്ണുരണ്ടും ഇറന്നോരോ മണ്ണുകോലങ്ങളെപ്പോലെ
പെണ്ണിനൊത്തല്ലുന്നതെല്ലാം കണ്ടു നിന്നില്ലേ
നാടൊരുത്തൻ കയ്യിലാക്കി വീടൊരുത്തൻ കയ്യിലാക്കി
കാടു നിങ്ങൾ കയ്യിലാക്കി എന്നതും കേട്ടു
ലാക്ക ഖണ്ഡിച്ചെറിഞ്ഞൊരു വാക്കുകൊണ്ടു ഫലമില്ല
നാക്ക ഖണ്ഡിച്ചുപോമിപ്പോളുരചെയ്താൽ നീ
ഇത്തരങ്ങളിരുപേരും ബാലഘോഷമുരചെയ്തു
യുദ്ധഘോഷമുരചെയ്താൻ ശേഷനും പോരാ
വരുണാസ്ത്രം വാരിജാസ്ത്രം പാവകാസ്ത്രം നാഗമസ്ത്രം
വാരിജാക്ഷാസ്ത്രവും തമ്മിൽ പ്രയോഗിക്കുന്നു
ഇരുപേരുമൊരുപോലെ ഇടഞ്ഞു പോർ പൊരുതാറെ
ഇണങ്ങി ദേവിയും വന്നു പറഞ്ഞാൾ മെല്ലേ
പോടാ ഫൽഗുന കേട്ടാലും കാട്ടാളനല്ലിവനിന്നു
മട്ടലർബാണനാരിയാകും പരമേശ്വരൻ

അതു കേട്ടങ്ങർജ്ജുനനും കരച്ചില്ലങ്ങന്നുവച്ചും
അതു കണ്ടു പാർവ്വതിയും ശപിച്ചാൾ മെല്ലെ
അത്ര വീര്യമുള്ള നിന്റെ അസ്ത്രമെല്ലാമിന്നു തന്നെ
എത്ര സൌരഭ്യമേറുന്ന സൂനമാകട്ടെ
എന്നനേരമർജ്ജുനന്താനയച്ചോരു ബാണമെല്ലാം
നന്നു നന്നു സൂനമായിപ്പോയതും കണ്ടു
ആദിമൂലമെന്നുതന്നെയറിഞ്ഞില്ലല്ലോ അന്നാളു-
കൊണ്ടവൻ പിന്നെ നന്നായിക്കാണാതെയാക്കി

* * * * * * *

എന്നനേരം വിഷാദിച്ചു നിന്നു ദേവിയും
എങ്കിലെന്റെ വാക്കു നീയും നിരസിച്ചു നിമിത്തമായ്
സൂനമൊന്നുമങ്ങുമെയില്ലാതെയാകട്ടെ
എന്നപോലെ ഭവിച്ചപ്പോളിളകി പാർത്ഥനു കോപം
നന്നായിത്താഡനം ചെയ്തു ധനുസ്സുകൊണ്ടു
അതുകൊണ്ടു പാർവ്വതിയുമനുഗ്രഹം നൽകി പിന്നെ
ഇടികൊണ്ടർജ്ജുനൻ താനെന്നറിഞ്ഞു ദേവി
ആരുമ്പൂട്ടം ഭഗവാനെ അർജ്ജുനനെ വധിച്ചല്ലെ
അവനൊരു പിഴയൊന്നും നിനച്ചില്ലല്ലോ
പാണ്ഡുപുത്രനുടെ കയ്യിൽ പാശുപതം കൊടുത്താലും
പാണ്ഡവന്മാർക്കതുകൊണ്ടു ജയം വന്നാലും
ഇത്തരങ്ങൾ ദേവിതന്റെ വാക്കുകേട്ടു ഭഗവാനു-
മർദ്ധചന്ദ്രകലാധരൻ കോപവും പൂണ്ടു
മുഷ്ടിയുദ്ധം ചെയ്തവനെ കെട്ടി നന്നായെറിഞ്ഞപ്പോൾ
പെട്ടെന്നുടൻ വീണു പാർത്ഥൻ കേണിടുംനേരം
മണ്ണുകൊണ്ടു ശിവലിംഗം തീർത്തുവെച്ചു പാണ്ഡവനും

മാനസപൂജ തുടങ്ങി മനം തെളിയെ
ഒട്ടുനേരം കഴിഞ്ഞപ്പോൾ തത്സ്വരൂപം ഭഗവാനും
സ്പഷ്ടമായിക്കാട്ടിനിന്നു സന്തോഷത്തോടെ
ചെമ്പുലിത്തോലണിഞ്ഞോരു തമ്പുരാനും ദേവിതാനും
മുമ്പിൽ വന്നു പ്രസാദിച്ചു വരം നൽകുവാൻ
അർജ്ജുനാ ഞാൻ പ്രസാദിച്ചേനുള്ളതിന്നിനെൻറവീഴ്ത്താ-
ലസ്ത്രമിന്നു തരുവൻ ഞാൻ മടികൂടാതെ
എന്നിവണ്ണമരുൾചെയ്തു മന്ദഹാസം പൂണ്ടു ദേവൻ
തന്നുടെ ബാണവും നൽകി പാണ്ഡുപുത്രനായ്
തിങ്കൾമൌലി ജഗന്നാഥൻ പങ്കജാക്ഷി പാർവ്വതിയും
കിങ്കരന്മാരോടുകൂടി മറഞ്ഞോരപ്പോൾ
വേട്ടയാടികളിക്കുന്ന ശങ്കരന്റെ രൂപമല്ലോ
വേട്ടക്കുരുമകനോ ഞാൻ സ്മരിച്ചീടുന്നു
നിൻ പാദങ്ങൾ വഴിപോലെ കുമ്പിടുന്നോരടിയന്റെ
കുമ്പമെല്ലാം കളഞ്ഞാശു കാത്തുകൊള്ളേണം.

കിരാതം വഞ്ചിപ്പാട്ട് സമാപ്തം.

———— :0: ————

നൃഗമോക്ഷം

വഞ്ചിപ്പാട്ട്

ഗണപതി.

ആരണിയും തമ്പുരാനൊരാരണ്യേ പണ്ടു
കാറണിവേണിയാം ഗൌരീ നല്ല പിടിയായി
വാട്ടമററു കാട്ടാനകൾ കൂട്ടമൊത്തു കൂടി
കാട്ടിനുള്ളിൽ ചെന്നു തമ്പുരാട്ടിയോടും കൂടി
യാമിനീശനാലിച്ചൊരു യാമിനിയും വന്നു
കാമനീശൻ തന്നന്തികസീമനിയും വന്നു
കാമവൈരിയുള്ളോരാം കാമതാപമേററു
കാമിനിയെപ്പുണർന്നുടൻ കാമിതം സാധിച്ചു
അത്ഭുതാംഗിക്കുള്ളൊരാരം ഗർഭവുമുണ്ടായി
അത്ഭുതാകാരനായുള്ളൊരർഭകനുണ്ടായി
കൊമ്പുരണ്ടും തുമ്പിക്കയ്യും കമ്പവും വിശേഷാൽ
ചെമ്പരത്തിപ്പൂവിന്നിറം കമ്പിടും നിറവും
കണ്ടവർക്കാനന്ദമായ കുഞ്ഞിനെക്കണ്ടപ്പോൾ
കണ്ടുനാഥനൊരിക്കമോദമുണ്ടസാ ഭവിച്ചു
നീലവേണി ഗൌരിതന്റെ ബാലനെ മടിയിൽ
ചാലവേ കിടത്തി മുലപ്പാലുമൂട്ടി നൽകി
കാലകാലൻ തമ്പുരാന്റെ ബാലകൻ ഗണേശൻ
മാലകററിയടിയനെ നല്ലുപാലനം ചെയ്യേണം.

വഞ്ചി.

പുരഹരഭഗവാനും ഗിരിവരമകൾ താനും
കരിവരവദനനും തുണച്ചീടേണം
ഹരിതൊട്ടുള്ളക്ഷരങ്ങളുരിയിൽ പണ്ടെഴുതിച്ച
ഗുരുവരനൊരുവരമരുളീടേണം
ഹരിമിറാത്തമരുന്ന ഹരനും മോഹനാലയേ
മരുവും ഷൺമുഖൻതാനും മുരവൈരിയും
കാളകൂടാശനൻ ദേവൻ കാളകണ്ഠനാന്തിമഹാ-
കാളനും ഭദ്രകാളിയും തുണച്ചീടേണം
പാരതിലൊക്കെയുമെന്റെ ഭാരതി നടപ്പായീടാൻ
ഭാരതി വാഴ്കെന്റെ ചിത്താന്തരത്തിൽ നിത്യം
സന്തോഷത്തോടടിയന്റെ സന്തതി ബ്രഹ്മസ്വമെല്ലാം
സന്തതം കാത്തുടൻ മുഷ്ടമംഗലേ വാഴും
ചിന്തിച്ചതേകുവാനൊരു ചിന്താമണിക്കല്ലായീടും
നിന്തിരുമേനിയെ നിത്യം ചിന്തിച്ചീടുന്നേൻ
ഇന്ദിരാവല്ലഭൻ ലോകസുന്ദരൻ കക്കാട്ടെന്നുള്ള
മന്ദിരേ വാണീടും നന്ദനന്ദനൻ താനും
ചന്ദ്രചൂഡൻ ഭഗവാനും ചന്ദ്രാദിത്യന്മാരും രാമ-
ചന്ദ്രനുമിന്നടിയനു നന്ദി നൽകേണം
പൂർണ്ണമോദമടിയനു പൂർണ്ണവേദാലയേ വാഴും
പൂർണ്ണചന്ദ്രാനനൻ ദേവൻ തുണച്ചീടേണം
നാരായണൻതന്റെ കഥാ പാരായണം ചെയ്തുകൊണ്ടു
പാരാതെ പറഞ്ഞവരും ശാരികപ്പെണ്ണേ
സാരമാകും പഴം പഞ്ചസാരയും ഭുജിച്ചുകൊണ്ടു
സാരസാക്ഷൻതന്റെ കഥാസാരം ചൊന്നാലും

ശാരികപ്പെണ്ണുരകേട്ടുനേരത്തു സന്തോഷത്തോടെ
പാരിടത്തിലിറങ്ങിവന്നാച്ചിരുന്നു
പാലും പഴങ്ങളും ഭുജിച്ചാലസ്യങ്ങളെല്ലാം തീൎത്തു
നീലാളിവൎണ്ണന്റെ നല്ല ലീലകൾ ചൊന്നാൻ
ശ്രീമണാളൻ ദുഷ്ടന്മാരാം ഭൂമിപാലന്മാരെക്കൊന്നു
ഭൂമിഭാരമെല്ലാം തീൎത്തു കാമപാലനും
പതിനാറായിരത്തെട്ടു മതിമുഖിമാരുമൊത്തു
മതിമാൻ ദ്വാരകന്നിലതിമോദേന
പുത്രന്മാരും പൌത്രന്മാരും മിത്രവൎഗ്ഗങ്ങളുമൊത്തു
തത്ര വാണു വസുദേവപുത്രനക്കാലം
നന്ദനന്ദനൻതന്നുടെ നന്ദനന്മാരൊത്തുകൂടി
നന്ദിയോടെ വനം പുക്കു സഞ്ചരിക്കുമ്പോൾ
കാന്തി ചിന്നിച്ചിതറുന്ന കാന്താരത്തിനുള്ളിൽവെച്ചൊ-
രോന്തിനെക്കണ്ടിതു നല്ല ശാന്തചിത്തന്മാർ
കണ്ടകങ്ങൾ നിറഞ്ഞുള്ള കുണ്ടിൽ വീണുഴലുന്നതു
കണ്ടനേരമവൎക്കുള്ളിലിണ്ടലുണ്ടായി
വെള്ളമെങ്കിലതുമൊരു തുള്ളിപോലുമില്ല കുണ്ടി-
നുള്ളിലോരം വലയുന്നു മുള്ളു കൊണ്ടിട്ടും
എന്തുചെയ്തെന്നാലും നോക്കിജ്ജന്തുവിനെക്കേറ്റീടേണ-
മെന്നു ചിന്തിച്ചവരെല്ലാമൊന്നിച്ചുകൂടി
താന്തനായിക്കിടക്കുന്നോരോന്തിനെക്കരേററാൻ ലക്ഷ്മീ-
കാന്തന്റെ പുത്രന്മാർ കളുകന്തം മറിഞ്ഞു
പലനേരം പലർകൂടിത്തലകുത്തി മറിഞ്ഞിട്ടും
ഫലമില്ലെന്നാച്ചവർ തിരിച്ചുപോന്നു
ഇച്ഛപോലെ വരാഞ്ഞവരച്ഛനോടങ്ങറിയിച്ചാ-


നച്യുതനന്നേരം നിരൂപിച്ചുനോക്കിനാൻ
കോപമേറും വിപ്രൻതന്റെ ശാപംകൊണ്ടു നൃഗനോന്തു-
രൂപമായിക്കിടക്കുന്നു കൂപത്തിനുള്ളിൽ
എന്നറിഞ്ഞു ഭഗവാനും ചെന്നു കൂപത്തിന്നരികേ
നിന്നുകൊണ്ടു കണ്ടിതേല്ലായൊന്നു നോക്കിനാൻ
പണ്ടു നൃഗൻ ചെയ്തു ദാനംകൊണ്ടുള്ള പുണ്യങ്ങളെല്ലാം
കൊണ്ടൽവർണ്ണൻതന്റെകൂടെ മണ്ടിവന്നപോൽ
വാരിജാക്ഷൻതന്റെ കരതാർകൊണ്ടൊന്നിനെത്തൊട്ടു
നേരമൊരു ചതുരൂപം പാരാതെ കണ്ടു
ഓന്തുരൂപം വെടിഞ്ഞവൻ കാന്തിയേറുന്നൊരു മഹി-
കാന്തനുടെ രൂപമായി നന്നു കാണായി
വിപ്രശാപം തീർന്നു നൃഗനിപ്രകാരം വന്നതെല്ലാ-
മപ്രമേയൻ ഭഗവാന്റെ നൽപ്രഭാവത്താൽ
ഭാസുരാംഗൻ നൃഗൻ പൂർവ്വവാസനകൊണ്ടന്നേരം
വാസുദേവനെ വന്ദിച്ചു വാസവതുല്യൻ
കൊണ്ടൽവർണ്ണൻതന്റെ രൂപം കണ്ടുകണ്ടാനന്ദാമൃതം-
കൊണ്ടുള്ള സാഗരെ മുങ്ങിക്കൊണ്ടാനന്നേരം
ശ്രോത്രാനന്ദം നാരായണസ്തോത്രംകൊണ്ടു ഗാനംചെയ്തു
നേത്രം രണ്ടും മുകുന്ദന്റെ ഗാത്രത്തിൽ മുങ്ങി
സത്വമൂർത്തിഭഗവാനെച്ചിത്തതാരിലുറപ്പിച്ചു
തത്വബോധം വന്ന നൃഗനിത്തരം ചൊന്നാൻ
ജന്മാന്തരങ്ങളിൽച്ചെയ്ത കർമ്മമെല്ലാമടിയനി-
ന്നോർമ്മയുണ്ടെന്നറിഞ്ഞാലും നിർമ്മലമൂർത്തേ!
നൃഗനെന്നാഖ്യയാ മുന്നം നൃപനായിരുന്നു ഞാനും
നൃപതിമാരുടെ ധർമ്മമഖിലം ചെയ്തു

നിത്യകൎമ്മങ്ങളൊക്കെയും കൃത്യമായി നടത്തി ഞാൻ
സത്യം വിട്ടു നടക്കുന്ന മൎത്ത്യനല്ല
ധൂൎത്തന്മാരെയെല്ലാം ശിക്ഷിച്ചാൎത്തന്മാരെ രക്ഷിച്ചു ഞാൻ
പാൎത്തലത്തിലെല്ലാം ധനം പൂൎത്തിയാക്കിനാൻ
ഭൂമിദേവന്മാരെയെല്ലാം സാമോദം സൽക്കരിച്ചു ഞാൻ
ഭൂമിദാനങ്ങളുംചെയ്തു സീമകൂടാതെ
കല്യന്മാരാം ഭൂദേവന്മാൎക്കില്ലം പണിതീൎത്തു നൽകി
നെല്ലും പണങ്ങളും വേണ്ടതെല്ലാം നൽകി ഞാൻ
വൻകടങ്ങളെല്ലാം തീൎത്തു പെണ്കൊടകൾ കഴിപ്പിച്ചു്
സങ്കടങ്ങളെല്ലാം തീൎത്തു നിൻകടാക്ഷത്താൽ
സാദരം ഞാനക്കാലം ഭൂദേവന്മാൎക്കായി നിത്യം
ഗോദാനങ്ങൾ തുടങ്ങിനാൻ ഭേദംകൂടാതെ
നിത്യവും പതിനായിരം പൃത്ഥ്വീദേവന്മാൎക്ക് ദാന-
മത്യന്തമോദേന ഞാനും പ്രത്യേകം ചെയ്തു
ആരണശാപത്തിനുള്ള കാരണവുമെന്നുള്ളത്തിൽ
ധാരണയുണ്ടെന്നും ചൊല്ലാം കാരുണ്യമൂൎത്തേ!
ഒരു ഭൂമിസുരന്നു ഞാൻ പരിചോടേകിന പശു
തിരിയേ പോന്നടിയന്റെ പുരിയിൽ വന്നു
അറിയാതെ ഞാനതിനെപ്പുനരായിട്ടദാനംചെയ്തു
പരമാൎത്ഥമെല്ലാം ഭവാനറിയാമല്ലോ
ഉടമസ്ഥനുടനേ വന്നടിയന്റെ മുന്നിൽ വന്നു
പിടികൊണ്ടതുന്നേരത്തിലും മടി കൂടാതെ
ഊനം കൂടാതനാവധി ദാനംചെയ്യും ഞാനെന്നൊരു
മേനിയുണ്ടു നിനക്കതും ഞാനറിയുന്നു
അതിനുള്ള കൌശലങ്ങൾ മതികൊണ്ടു വിചാരിച്ചി-

ട്ടിതുതന്നെ തരമെന്നുറച്ചു നീയും
ഒരു ഗോവിനെക്കൊണ്ടു നീ കറയാതായിരം ദാനം
പരിചോടേ കഴിക്കവാനൊരുങ്ങി നീയും
ആരണന്മാരുടെ ധനം ചോരണം ചെയ്യുന്നാലതി-
നാരുമില്ലാ ചോദിപ്പാനെന്നുറച്ചു നീയും
എന്നിവണ്ണം കേട്ടനേരം ചെന്നു മറ്റൊ ദ്വിജൻതന്റെ
മുന്നിൽ നിന്നു വണങ്ങി ഞാനൊന്നു യാചിച്ചു
അറിയാതെ ഞാൻ ചെയ്തുള്ളോരപരാധങ്ങളൊക്കെയും
പരമാൎത്ഥമറിഞ്ഞു നീ പൊറുത്തീടേണം
പരനായിട്ടദാനംചെയ്ത പശുവിനെബ്ഭവാനും ഞാ-
നറിയാതെ ദാനംചെയ്തെന്നറിഞ്ഞീടേണം
അതുമൂലമൊഴിക്കിന്നീപ്പശുവിനെത്തന്നീടേണം
പതിനായ്യായിരം പശു പകരം തരാം
എന്നു കേട്ട വിപ്രൻ ചൊന്നാനൊന്നുമാത്രം മതി നമു-
ക്കന്യനായിക്കൊടുത്താലും പിന്നെയൊക്കെയും
എന്നതു കേട്ടടിയനാമന്യനോടും വണങ്ങിനാ-
നന്യനും സമ്മതിക്കാഞ്ഞു ഖിന്നനായി ഞാൻ
എന്തുതന്നെ പറഞ്ഞാലുമവരണ്ടാൾക്കൊരു ലേശ-
മന്തരംഗത്തിലില്ലതുമെന്നുടെ കർമ്മം
താപത്തെക്കൈക്കൊണ്ടു ഞാനും കോപത്തെക്കൈക്കൊ
ശാപത്തെ നൽകിനാനപ്പോളാപത്തും വന്നു (ണ്ടുവിപ്രൻ
താന്താൻ ചെയ്ത കർമ്മമെല്ലാം താന്താനനുഭവിക്കേണം
കാന്താരെ ഞാനൊരു കണ്ടിലോനതായി വീണു
ആരണശാപത്തിനുള്ള കാരണമിങ്ങിനെ നൃഗൻ
കാരണമൂർത്തിയോടെല്ലാം പാരാതേ ചൊല്ലി

നന്ദനന്ദനൻതന്നെയും നന്ദനന്മാരെയും നൃഗൻ
വന്ദിച്ചു യാത്രയും ചൊല്ലി മന്ദം ഗമിച്ചു
സുന്ദരാംഗൻ വാസുദേവനിന്ദിരാവല്ലഭൻ കൃഷ്ണൻ
നന്ദനന്മാരോടും തന്റെ മന്ദിരം പുക്കു.
തത്ത്വമിത്തരം പുണ്യാത്മചരിത്രമെല്ലാം
സത്വരം പറഞ്ഞുകൊണ്ടു പറന്നുപോയി
അതുലശ്രീയെഴും മാടക്ഷിതിതന്നിൽ ധരണീനാ-
ഥതിമോദമവതരിച്ചോരു ഭൂപാലൻ
കരുണാവാരിധി ധീരൻ വരുണാവാസശരീരൻ
ധരണീപാലകനൊന്നോടരുളിച്ചെയ്തു
ബോട്ടിലെഴുന്നെള്ളുന്നേരം പാട്ടുപാടീടുവാൻ വഞ്ചി-
പ്പാട്ടുണ്ടാക്കേണമെന്നു ഞാൻ കേട്ടിട്ടുണ്ടാക്കി
ഇതിനുള്ള കുറവെല്ലാം മതിമാന്മാർ പൊറുക്കേണ-
മതിനു ഞാനൊന്നു വേറെ വണങ്ങിടുന്നേൻ.

നൃഗമോക്ഷം സമാപ്തം.



പാനപ്പാട്ട്.

ശ്രീകൃഷ്ണദൂത്.

പാനപ്പാട്ട്.

ഒന്നാം പാദം.

ശ്രിതനാഥനാം വാണിയും നമ്മുടെ
ശ്രിതമന്ദിരേ മേവുന്ന കൃഷ്ണനാം
പൂതകനാനാം തന്നിലമരുന്ന
പുരവൈരിയുമെൻ ഗണനാഥനാം
ഗൌരവത്തോടെ ചെപ്പിൽ വിളങ്ങുന്ന
ഗൌരീദേവിയും ദക്ഷിണാമൂർത്തിയും
ഭാരതംകൊണ്ടു പാനയായ് ചൊല്ലുവാൻ
പാരമിന്നു തുണച്ചരുളേണമേ
ബന്ധുരാംഗൻ വസുദേവനന്ദനൻ
ബന്ധമോചനൻ പാണ്ഡവരൊരു കാലത്തു
ബന്ധുവായ വിരാടന്റെ മന്ദിരേ
ബന്ധമെന്നിയെ വാഴും ദശാന്തരേ
അന്ധനായ ധൃതരാഷ്ട്രൻതന്നോടു
സന്ധിചെയ്യ വരേണമെന്നിങ്ങിനെ
കുന്തിപുത്രന്മാരൊന്നിച്ചു കൃഷ്ണന്റെ
അന്തികേ ചെന്നുണർത്തിച്ചു കാരണാൽ
ദന്തിമന്ദിരേ ചെന്നു നൃപേന്ദ്രന്റെ
ചിന്തിതങ്ങളറിഞ്ഞിങ്ങു പോരുവാൻ
ചെന്താർമാനിനീകാന്തനൊരു ദിനം

സന്തോഷത്തോടെ യാത്ര പറഞ്ഞുടൻ
അന്തകാരനാം സാത്യകി തന്നോടു-
മന്തണരോടും കൂടിപ്പുറപ്പെട്ടു
വിശ്വത്തിങ്കൽ പ്രസിദ്ധനായുള്ളോരു
വിശ്വകർമ്മാവു നിർമ്മിച്ചിരിക്കുന്ന
വിശ്വമോഹനമായ രഥംതന്നിൽ
വിശ്വനാഥനെഴുന്നള്ളുന്നേരത്തു
അശ്വവൃന്ദങ്ങളാനപ്പടകളും
അശ്വയുക്തങ്ങളായ രഥങ്ങളും
വിശ്വാസം പൂണ്ടു വൃഷ്ണിവരന്മാരും
വിശ്വമെല്ലാം നിറഞ്ഞു പുറപ്പെട്ടു
സോമബിംബത്തോടൊത്ത കുടകളും
കോമളങ്ങളായുള്ള തഴകളും
ചാമരങ്ങളുമാലവട്ടങ്ങളും
സീമകൂടാതെ കാണായിതന്നേരം
ഹേമപർവ്വതംതന്നിൽ വിളങ്ങുന്ന
ശ്യാമളനായ രത്നം കണക്കിനെ
കാമഗമായ തേരിൽ വിളങ്ങുന്ന
കോമളാംഗനാം കൃഷ്ണനെക്കണ്ടപ്പോൾ
മാമുനിമാരും ഭൂസുരവൃന്ദവും
സാമഗാനങ്ങൾ ചെയ്തു നമിക്കയും
വാമലോചനമാരും വിരവോടെ
വാമനൻതന്നെ കണ്ടു സുഖിക്കയും
രാമ രാമ മുകുന്ദ ജനാർദ്ദന
രാമസോദര കൃഷ്ണ ജയ ജയ

ആമോദംപൂണ്ടു ഭക്തന്മാരിവണ്ണം
നാമകീർത്തനം ചെയ്യുന്ന ഘോഷവും
നീരദധ്വനിപോലെ മുഴങ്ങുന്ന
നീരജാക്ഷന്റെ ശംഖധ്വനികളും
വൈരിവൃന്ദങ്ങൾ ഞെട്ടുമാറുള്ളോരു
ഭൈരവമായ ഭേരീനിനാദവും
ധരണീതലമെല്ലാം പരന്നങ്ങു
സുരലോകത്തു ചെന്നു മുഴങ്ങിനാർ
കാരണാത്മാവു താനതുനേരം
സ്വൈരമോടെ വൃകസ്ഥലം പ്രാപിച്ചു
ധരണീസുരന്മാരുടെ സല്ക്കാരം
അരവിന്ദനയനനാം കൈക്കൊണ്ടു
ആരണ്യാലയമെല്ലാം കടന്നങ്ങു
വാരണപുരേ ചെല്ലുന്ന നേരത്തു
പുരുഷോത്തമനന്റെ വരവത്തു
പുരവാസികൾ ചെന്നറിയിച്ചു
നരവീരന്മാരായ കുരുക്കളും
നരകാന്തകൻ വന്നതറിഞ്ഞുടൻ
പരിചോടെയെതിരേറ്റു മാനിച്ചു
പരിതോഷേണ കൂടി നടകൊണ്ടു
ധൃതിമാനായ കൃഷ്ണനവരോടും
ധൃതരാഷ്ട്രസമീപം പ്രവേശിച്ചു
അന്നേരം നൃപതിയെഴുന്നീറ്റു
അതിമാനുഷമൂർത്തിയെ പൂജിച്ചു
അതിമോഹനമായ മഹാസനേ

മതിമോദമിയന്നി വഴിപോലെ
കൃതകൃത്യനെന്നോൎത്തു മഹീപതി
കൌതുകേന കുശലങ്ങൾ ചോദിച്ചു
അതുകേട്ടു തെളിഞ്ഞു ഭഗവാനും
ധൃതരാഷ്ട്രനോടേവമരുൾ ചെയ്തു
താതസോദരി തന്നെയും വന്ദിച്ചു
പ്രീതനായിട്ടു നാളെ ഞാൻ വന്നിങ്ങു
ഇതൊന്നിയാകുന്ന പാൎത്ഥന്റെ വാഞ്ഛിതം
നീതിയോടെ ഭവാനോടു ചൊല്ലിടാം
എന്നിവണ്ണമരുൾചെയ്തു വേഗേന
പന്നഗാശനൻതാനമെഴുന്നള്ളി
ഖിന്നത പൂണ്ടു വാഴുന്ന കുന്തിയെ
വന്ദനം ചെയ്തു നിന്നോരനന്തരം
സുന്ദരാകൃതി പൂണ്ട മുകുന്ദന്റെ
ചന്ദ്രബിംബത്തോടൊത്ത തിരുമുഖം
നന്ദിയോടേവൾ കണ്ടു സുഖം പൂണ്ടു
മന്ദഭാവേന ചൊല്ലിത്തുടങ്ങിനാൾ
ഇന്ദിരാപതേ നാഥ ഭവാനെന്റെ
നന്ദനന്മാരെ രക്ഷിച്ചുകൊള്ളുക
നിന്നുടെ കൃപയുണ്ടെന്നുറച്ചു ഞാൻ
വന്നതെല്ലാം സഹിച്ചു വസിക്കുന്നു
ദുൎന്നയംകൊണ്ടു പണ്ടു സുയോധനൻ
എന്നുടെ സുതന്മാരെയും വഞ്ചിച്ചു
നിന്ദിച്ചമ്പോടു കാട്ടിലയച്ചതും
സുന്ദരാകൃതേ നീയുമറിഞ്ഞല്ലോ

ധന്യരായ സുതന്മാരോടൊത്തു ഞാ-
നൊന്നൊരു കാലം വാഴുന്നു ദൈവമേ
എന്നീവണ്ണം പറഞ്ഞു കരയുമ്പോ-
ളിന്ദുസോദരനേവമരുൾചെയ്തു
ദൈന്യമാശു കളക മനോഹരേ
മാന്യരായ സുതന്മാരെയോർക്കടോ
ഇന്നു നമ്മുടെ ഫൽഗുനൻ കോപിച്ചാ-
ലിന്ദുശേഖരൻപോലും ഭയപ്പെടും
മന്നിടങ്ങളഖിലം ജയിപ്പതി-
നന്നതനായ ഭീമനും പോരുമേ
എന്നതുകൊണ്ടു ഗാന്ധാരീപുത്രരെ
കൊന്നൊടുക്കുവാനെന്തൊരു വൈഷമ്യം
ഒന്നുകൊണ്ടും വിഷാദിക്ക വേണ്ട നീ
വന്നുകൂടും മനോരഥമാകവേ
നന്ദനന്ദനൻ ഇങ്ങളീവണ്ണം
നന്ദിയോടെ പറഞ്ഞു കളഞ്ഞുടൻ
പാർത്ഥിവന്മാരെക്കൊണ്ടു നിറഞ്ഞുള്ള
ധാർത്തരാഷ്ട്രസഭാന്തരം പ്രാപിച്ചു
സത്തമനായ കൃഷ്ണനെ കണ്ടപ്പോ-
ളുത്ഥാനംചെയ്തു കൌരവനന്ദനൻ
ഉത്തമാസനം നൽകി വിരവോടെ
സത്വരം ബഹുമാനിച്ചിരുത്തിനാൻ
ചിത്തമോദേന തങ്ങളിലോരോരോ
വൃത്താന്തങ്ങൾ പറഞ്ഞോരനന്തരം
മർത്ത്യരൂപം ധരിച്ചോരു കൃഷ്ണനോ-

ടിത്ഥമൊന്നു പറഞ്ഞു സുയോധനൻ
സാത്വതാധിപനായ ഭവാനിന്നു
സാത്യകിയോടുമന്തണന്മാരോടും
അത്തലെല്ലാമൊഴിച്ചു വിരവോടെ
അത്താഴം കഴിച്ചിങ്ങു വസിച്ചാലും
ഇത്തരമുരചെയ്തതു കേട്ടതി-
നുത്തരമരുൾചെയ്തു ജഗന്നാഥൻ
പാൎത്ഥന്മാരെന്റെ പ്രാണങ്ങളെന്നതും
തീൎത്തുചൊല്ലീടാമില്ലൊരു സംശയം
ധാൎത്തരാഷ്ട്രനീ വഞ്ചിച്ചവരുടെ
പാൎത്ഥിവത്വമടക്കിയതോൎക്കുമ്പോൾ
ശത്രുവല്ലയോ നീയിന്നു നമ്മുടെ
മിത്രമല്ലെന്നുറയ്ക്കുന്നു ഞാനഹോ
ശത്രു നല്ലൊരു ഭോജനം തന്നാലും
ചിത്രമല്ലെന്നു വിശ്രുതമല്ലയോ
ഇത്രമാത്രമല്ലാദരവില്ലെന്നും
ക്ഷത്രിയാത്മജന്മാരറികയാൽ
അത്ര നിന്നു ഗമിക്കുന്നു നമ്മുടെ
മിത്രമായ വിദുരന്റെ മന്ദിരേ
പത്രവാഹനനേവമരുൾചെയ്തു
തത്ര നിന്നു ഗമിച്ചു തെളിവോടെ
ഗാത്രശോഭകൊണ്ടെല്ലാ ജനങ്ങൾക്കും
നേത്രാനന്ദം വരുത്തി നടകൊണ്ടു
സ്വൈരമോടെ വിദുരന്റെ സന്നിധൌ
സാരസേക്ഷണൻ ചെന്നൊരനന്തരം

തരുണാംബുദസന്നിഭമായൊരു
തിരുമേനിയെ കണ്ടു വിദുരനും
പരമാനന്ദം പൂണ്ടു വിധിപോലെ
പരമാത്മാവുതന്നെയും പൂജിച്ചു
പരിചോടെ കുശലങ്ങൾ ചോദിച്ചു
പരമാന്നവും മോദേന നൽകിനാൻ
ആദരേണ കൊടുത്തൊരു ഭോജനം
ആദിനായകൻ കൈക്കൊണ്ടു രാത്രിയിൽ
മേദിനീസുരന്മാരോടൊരുമിച്ചു
മോദമോടെ ഭുജിച്ചൊരു നേരത്തു
ബാദരായണപുത്രൻ വിദുരനും
പാദസേവനം ചെയ്തിട്ടുണർത്തിച്ചു
മേദിനീപതേ കൃഷ്ണ ഭവാനിന്നു
സാദരമെഴുന്നള്ളുകകാരണാൽ
ഖേദമെല്ലാമകന്നു വഴിപോലെ
മോദമാർന്നു വളരുന്നു മാനസേ
വേദമായതും വേദജ്ഞനായതും
വേദിതവ്യമായുള്ളൊരു വസ്തുവും
യാദവേന്ദ്ര ഭവാനൊന്നു നിത്യവും
വേദവാദികൾ ഘോഷിച്ചു ചൊല്ലുന്നു
അന്തകാന്തകനിന്ദ്രൻ വിരിഞ്ചനും
ചെന്താർമാനിനീതാനും ഭജിക്കുന്ന
നിന്തിരുവടി തന്റെ പാദാംബുജം
സന്തതം മമ ചിത്തേ വിളങ്ങേണം
അന്ധതകൊണ്ടു ചെയ്യുന്നതൊക്കെയും

ആന്തകേശ സഹിച്ചതല്ലേണമെ
ബന്ധുവായ വിദുരന്റെ ഭാഷിതം
ബന്ധനാശനനായിങ്ങിനെ കേട്ടപ്പോൾ
സന്തോഷം പൂണ്ടു മാനിച്ചവനോടും
സന്തതം പല ധൎമ്മം നിരൂപിച്ചു
കുന്തിപുത്രനു രാജ്യം കൊടുപ്പിച്ചു
സന്താപങ്ങളെല്ലൊഴിപ്പാനുപായവും
ചിന്തിച്ചോരോരോ മാൎഗ്ഗമതുചെയ്തു
ചന്തമോടെ ശയിച്ചോരനന്തരം
ബന്ധുരമായ ശീതാംശുമണ്ഡലം
സിന്ധുതന്നിൽ പതിച്ചൊരു നേരത്തു
കാന്തനില്ലാത്ത നാരിജനംപോലെ
കാന്തികൂടാതെ തീൎന്നു കുമുദിനി
കാന്തമായുള്ള നക്ഷത്രശോഭയും
ശാന്തമായ്വന്നു സൂൎയ്യപ്രഭകൊണ്ടു
സ്വാന്തമോരോ പത്മസമൂഹവും
കാന്തിയോടെ വിരിഞ്ഞു തുടങ്ങിനാർ
ആനന്ദം കൂടാതെ മോദിച്ചു പക്ഷിക-
ളന്തരിക്ഷം നിറഞ്ഞു പുറപ്പെട്ടു
അന്ധകാരം കുറഞ്ഞു വഴിപോലെ
സന്ധ്യാവന്ദനകാലവും വന്നതെ

ഒന്നാം പാദം സമാപ്തം.

—:*:—

രണ്ടാം പാദം.

ധാത്രീപാലകനായ ജനാൎദ്ദനൻ

രാത്രിശേഷം കഴിഞ്ഞതറിഞ്ഞപ്പോൾ
ശ്രോത്രിയന്മാരോടൊന്നിച്ചു തന്നുടെ
ഗാത്രശുദ്ധി വരുത്തി വഴിപോലെ
മിത്രദേവനെ വന്ദിച്ചനന്തരം
മിത്രമായ വിദുരനുമൊന്നിച്ചു
ചിത്രഭാനുപ്രകാശമായുള്ളൊരു
ചിത്രമായ കിരീടം ധരിച്ചുടൻ
ഛത്രചാമരഭൂഷിതനായവൻ
തത്ര നിന്നു പുറപ്പെട്ടു വൈകാതെ
ശത്രുതാപനമായ രഥന്തന്നി-
ലെത്രചിത്രമെഴുന്നള്ളിനിന്നപ്പോൾ
തുംഗമായ കൊടിതന്നിലേറവും
ഭംഗിപൂണ്ട ഗരുഡനും വന്നുടൻ
മംഗലമായ ഭാസ്വരബിംബത്തോ-
ടംഗസംഗമം ചെയ്തു വിളങ്ങിനാൻ
അംഗജനു സമാനൻ സുയോധനൻ
അംഗരാജരോടൊന്നിച്ചുദാരം
ഭംഗമെന്നിയേ കൃഷ്ണനെ കണ്ടു
മംഗലമോടെ കൂടെ പുറപ്പെട്ടു
ധീരധീരനാം സാത്യകിവീരനും
ശൂരരായ ഭടന്മാരുമൊന്നിച്ചു
വൈരികൾക്കു ഭീതി ജനിപ്പിച്ചു
സൈന്യമോടെ പുറപ്പെട്ടു ചെന്നഥ
ദാരുകനും തെളിച്ചുടനന്നേരം
തേരു നന്നായിളക്കിച്ചനന്തരം

വാരിജേക്ഷണൻ ശംഖും വിളിച്ചഥ
പാരിലെല്ലാം മുഴക്കി ദിഗന്തങ്ങൾ
പൌരവന്മാരോടൊന്നിച്ചു ചെന്നുടൻ
കൌരവേന്ദ്രന്റെ മന്ദിരം പ്രാപിച്ചു
ചാരുശോഭ കലൎന്ന സഭതന്നിൽ
കാരുണ്യാംബുധി ചെല്ലുന്ന നേരത്തു
കുരുവൃദ്ധരോടൊത്തു ധൃതരാഷ്ട്ര-
നതിവേഗമെഴുന്നേറ്റു മോദേന
പരമാനന്ദമൂൎത്തിയെ പൂജിച്ചു
പരമാസനം തന്നിലിരുത്തിനാൻ
നാരദാദിമുനികളുമൊന്നിച്ചു
നീരജാക്ഷനെക്കണ്ടു വണങ്ങുവാൻ
പാരമുള്ളിൽ കുതൂഹലം പൂണ്ടഥ
വാരണപുരം പ്രാപിച്ചതുനേരം
ഇന്ദുവംശശിഖാമണി ഭീഷ്മനും
മന്ദിരംതന്നിൽ വന്ന മുനികളെ
വന്ദിച്ചാശു വിധിപോലെ പൂജിച്ചു
നന്ദിച്ചാസനസല്ക്കാരം ചെയ്തുതേ
നന്ദനന്ദനനായ മുകുന്ദന്റെ
മന്ദഹാസം കലൎന്ന മുഖാംബുജം
നന്ദിച്ചങ്ങനെ കണ്ടുടൻ മാമുനി-
വൃന്ദമേറ്റം തെളിഞ്ഞു വസിച്ചുതേ
തണ്ടാർമാനിനീകാന്തനുമന്നേരം
കൊണ്ടാടീട്ടു നൃപരോടരുൾചെയ്തു
പണ്ടു പണ്ടു ഭവാനോടെ വംശത്തി-

ലുണ്ടാസ്സന്നാ ന്നൃപന്മാരശേഷവും
കണ്ഠോരവം വെടിഞ്ഞോരു തങ്ങളിൽ
ശണ്ഠകൂടാതെ രാജ്യങ്ങൾ രക്ഷിച്ചു
രണ്ടെന്നുള്ളൊരു ഭാവമുപേക്ഷിച്ചു-
കൊണ്ടുവാണതു വിശ്രുതമല്ലയോ
ദുർമ്മദംകൊണ്ടു നിന്റെ സുതനിന്നു
നിർമ്മലനായ ധർമ്മജനൊന്നിച്ചു
ധർമ്മമെന്നിയേ ചൂതു കളിക്കയാൽ
ധർമ്മരാജൻ പരാജിതനായപ്പോൾ
മർമ്മഭേദങ്ങളായുള്ള വാക്യങ്ങൾ
ദുർമ്മുഖനും പറഞ്ഞതു കേട്ടുടൻ
കർമ്മപാകമിതെന്നു വിചാരിച്ചു
നിർമ്മലാംഗനാം പാണ്ഡവപുംഗവൻ
മാനിനീമണി പാഞ്ചാലിതന്നോടും
മാനമുള്ള സഹജന്മരൊന്നിച്ച്
ആനനം മറച്ചാനന്ദഹീനനായ്
കാനനത്തിൽ ചെന്നങ്ങകംപുക്ക
സ്നാനതർപ്പണം ചെയ്തു വിധിപോലെ
പാനഭോജനമെല്ലാമുപേക്ഷിച്ചു
ദീനബന്ധുവെന്നാകിലും ധർമ്മജൻ
ദീനനായിച്ചമഞ്ഞു നടകൊണ്ടു
മാനസത്തിലീശനെദ്ധ്യാനിച്ചു
മൌനമോടെ സമയം കഴിച്ചവൻ
മാനവേന്ദ്രനാം മാത്സ്യനെ പ്രാപിച്ചു
മാനമെന്നിയെ വാണതറിഞ്ഞല്ലോ

ഭിന്നനായവൻ നിന്നെയും മാനിച്ചു
വന്ന ദുഃഖങ്ങളെല്ലാം സഹിക്കുന്നു
മന്നിലെല്ലാ ജനങ്ങളിതുകൊണ്ടു
നിന്നെക്കൂടി കുറവു പറയുന്നു
എന്നതുകൊണ്ടു താമസംകൂടാതെ
മന്നവേന്ദ്രനാം ധർമ്മതനൂജനോ
ടിന്നുതന്നെ വരുത്തി നീ രാജ്യത്തി-
ലൊന്നു പാതി കൊടുത്തവനൊന്നിച്ചു
ഇക്ഷിതിതലമെല്ലാം വഴിപോലെ
രക്ഷിച്ചീടുകവേണം മഹാമതേ
പക്ഷിവാഹനൻ സാമങ്ങളിങ്ങിനെ
പക്ഷപാതങ്ങൾ കൂടാതെ ചൊന്നപ്പോൾ
അക്ഷിതിപതിനായകൻ സുയോധനൻ
അക്ഷികളുരുട്ടി മിഴിച്ചുടൻ
അക്ഷരനായ കൃഷ്ണനോടായവ-
നക്ഷണമുരചെയ്തു തുടങ്ങിനാൻ
കൊണ്ടൽവർണ്ണ ഭവാനിന്നു ഞങ്ങളെ-
ക്കൊണ്ടു ദൂഷണമെന്തിനു ചൊല്ലുന്നു
പണ്ടു കുന്തി വനത്തിൽ വസിക്കുമ്പോ-
ഴിണ്ടൽ പൂണ്ടൊരു പാണ്ഡുവേന്ദ്രനെ
ചെണ്ടകൊട്ടിച്ചു തെണ്ടി നടന്നവർ
കണ്ടവരോടിരന്നു ഭുജിക്കയാൽ
ഉണ്ടാകുന്ന സുതന്മാർക്കു രാജ്യത്തി-
ലുണ്ടായീടുമോ സംബന്ധമല്പവും
വാട്ടമെന്നിയെ നമ്മുടെ ഭാഷിതം

കേട്ടുകൊള്ളുക യാദവപുംഗവ
നാട്ടിലിന്നൊരു സൂചിപഴുതു ഞാൻ
ചേട്ടകൾക്കു കൊടുക്കുന്നതില്ലഹോ
കൂട്ടത്തോടെ പുറപ്പെട്ടു പാർത്ഥന്മാർ
കാട്ടിലങ്ങു നടന്നു കഴിയേണം
നാട്ടിലെങ്ങാനും കണ്ടാലവർക്കൊരു
കോട്ടമിങ്ങു വരുത്തും സുയോധനൻ
ഇത്തരം പല വാക്കു പറഞ്ഞവൻ
ചിത്തകോപേന വാഴുന്ന നേരത്തു
ഉത്തമനായ കൃഷ്ണനും കോപമോ-
ടുത്തരമരുൾചെയ്തുതുടങ്ങിനാൻ
പാർത്ഥനായ യുധിഷ്ഠിരനല്ലാതെ
പാർത്ഥിവേന്ദ്രത്വമുണ്ടോ നിനക്കിന്നു
പാർത്ഥന്മാരുടെ വിക്രമമൊക്കെയും
പാർത്തറിയാതെ നിന്ദിച്ചു വേണ്ടെടോ
പല്ലവാധരി പാഞ്ചാലിതന്നുടെ
ചൊല്ലെഴുന്ന സ്വയംവരേ ഫൽഗുനൻ
വില്ലെടുത്തു കുലച്ചങ്ങു ലാക്കിനെ
നല്ലവണ്ണം മുറിച്ചു പതിപ്പിച്ചു
മല്ലലോചനതന്നെയും കൈക്കൊണ്ടു
മെല്ലെമെല്ലെ നടന്നൊരു നേരത്തു
കല്യനായൊരു നിന്നുടെ കർണ്ണനും
ശല്യരാദികളെല്ലാമൊരുമിച്ചു
നില്ലു നില്ലെന്നു ചൊല്ലിയടുത്തപ്പോൾ
ശല്യജാതം പ്രയോഗിച്ചു വൈകാതെ

അല്ലലോറം വരുത്തി ധനഞ്ജയ-
നുല്ലാസത്തോടെ പോയതുമോൎക്കടോ
ഖാണ്ഡവപ്രസ്ഥന്തന്നിൽ വസിക്കുമ്പോൾ
ഖാണ്ഡവദാഹേ വന്ന സുരേന്ദ്രനെ
ഗാണ്ഡീവംകൊണ്ടു ഖണ്ഡിച്ചയച്ചതും
പാണ്ഡവനായ ഫൽഗുനനല്ലയോ
കുണ്ഡലീധരൻ തന്നോടു പോർചെയ്തു
ദണ്ഡമെന്നിയേ ബാണം ലഭിച്ചതും
വിണ്ണവർപുരേ വാഴുന്ന കാലത്തു
ചണ്ഡരായുള്ള ദൈത്യരെക്കൊന്നതും
ഘോഷയാത്രയിൽ ഗന്ധൎവ്വരാജനാം
രോഷത്തോടെ ഭവാനെ പിടിച്ചുടൻ
പേഷണംചെയ്തു ബന്ധിച്ചുകൊണ്ടവൻ
ഘോഷത്തോടെ പുറപ്പെട്ട നേരത്തു
ഏഷണി പറഞ്ഞീടുന്ന കൎണ്ണനാം
തോഷമെന്നിയേ ഖണ്ടിത്തിരിച്ചപ്പോൾ
ഭീഷണനായ പാൎത്ഥന്റെ വിക്രമം
ദോഷനായ ഭവാനും മറന്നിതോ
ദുൎജ്ജനങ്ങളായീടുന്ന നിങ്ങളും
അൎജ്ജുനനോടിതുകാലമാകവേ
നിൎജ്ജിതരായി മാത്സ്യന്റെ ഗോക്കളെ
വൎജ്ജിച്ചുടൻ നടന്നതുമോൎക്കടോ
അൎജ്ജുനന്റെ പരാക്രമമോൎക്കുമ്പോൾ
നിൎജ്ജരേന്ദ്രനും ഭീതി ജനിച്ചിടും
ദുൎജ്ജയന്മാരാം പാണ്ഡവന്മാരെ നീ

ത്ഝനാചെയ്തതെത്രയുമത്ഭുതം
കുന്തിപുത്രനായീടുന്ന ഭീമനും
അന്തംകൂടാതെ ചെയ്ത പരാക്രമം
എന്തിനിന്നു ഞാൻ ചൊല്ലുന്നതൊക്കയും
ചിന്തിച്ചാലങ്ങു തോന്നീടും വൈകാതെ
അന്തകാത്മജൻതന്നോടു സന്ധിച്ചു
സന്തതം വസിച്ചീടുക നല്ലതു
സ്വാന്തരംഗത്തിൽ ബോധിച്ചതില്ലെങ്കി-
ലന്ത്യകാലമടുത്തു സുയോധന
കുന്തിപുത്രൻ ധനഞ്ജയൻ കോപിച്ചു
ചന്തമോടങ്ങു നമ്മോടെതിരിച്ചു
അന്തികേ ചെന്നു കണ്ണനെക്കൊണ്ടു-
നന്തകന്റെ പരാക്രമം കാട്ടീടും
നിദ്രകൂടാതെ കോപിച്ചിരിക്കുന്ന
രുദ്രതുല്യപരാക്രമൻ ഭീമനും
വിദ്രുതം വന്നു സൈന്യം തകർത്തതി-
ക്ഷുദ്രരാം ഘോര ദുശ്ശാസനാദിയോടും
വിഗ്രഹം ചെയ്തു മർദ്ദിച്ചവരുടെ
വിഗ്രഹം പിളർന്നാശു കരംകൊണ്ടു
വിശ്രമെന്നിയെ ചോരകുടിച്ചവ-
നുഗ്രരൂപം ധരിച്ചു ഗദയുമായ്
അഗ്രേ വന്നു ഭവാനെയും വൈകാതെ
നിഗ്രഹിച്ചീടുമില്ലൊരു സംശയം
അന്നു വന്ന നൃപന്മാരശേഷവു-
മൊന്നിച്ചാശു നശിച്ചിടും നിർണ്ണയം

എന്നിവണ്ണമതാംചെയ്ത വാക്കുകൾ
മന്നവേന്ദ്രനും കേട്ടു ഭയപ്പെട്ടു
ധന്യരായ മുനികളുമൊന്നിച്ചു
പിന്നാലായിട്ടു താനും പറഞ്ഞുതേ
മാന്യരായ മുകുന്ദനോടിന്നു നീ
ചൊന്നവാക്കുകൾ നല്ലതല്ലേതുമേ
അർദ്ധരാജ്യം കൊടുപ്പാൻ മടിയെങ്കിൽ
വർദ്ധിച്ചീടും കലഹങ്ങളേറവും
ക്രുദ്ധരായിട്ടു പാർത്ഥന്മാർ വന്നിഹ
യുദ്ധംചെയ്തു വിനാശം വരുത്തിടും
സ്പർദ്ധകൊണ്ടുള്ള ദോഷങ്ങളൊക്കയും
ബുദ്ധികൊണ്ടു വിചാരിച്ചറിഞ്ഞു നീ
ശുദ്ധരാകുന്ന പാർത്ഥന്റെ രാജ്യവു-
മർദ്ധിച്ചങ്ങുകൊടുത്തു വിരവോടെ
വൃദ്ധന്മാരായ ഞങ്ങളുമൊന്നിച്ചു
വൃദ്ധിപൂണ്ടുള്ള രാജ്യങ്ങൾ രക്ഷിച്ചു
നിർദ്ധനന്മാർക്കു ദാനങ്ങൾ ചെയ്തിഹ
ബോധമോദം വസിക്കുക വേണമേ
അർത്ഥകാമങ്ങളേറവും മോഹിച്ചു
വ്യർത്ഥമാക്കികളകൊല്ല ജീവിതം
ഇത്ഥമെല്ലാം പറഞ്ഞതു കേട്ടപ്പോ-
ളുത്ഥാനംചെയ്തു കോപിച്ചു കൌരവൻ
സത്വരം നിജബന്ധുക്കളൊന്നിച്ചു
പത്തനാന്തന്നിൽ ചെന്നു വിചാരിച്ചു
അത്തൽ പൂണ്ടു വസിക്കുന്ന നേരത്തു

ചിത്തമോദേന മാതുലൻ ചൊല്ലിനാൻ
സന്ധിമോഹിച്ചുവന്നൊരുമാധവ-
നന്ധരായും പറഞ്ഞു ഹലിപ്പിച്ചു
ബന്ധുവർഗ്ഗങ്ങളൊന്നിച്ചു നമ്മെയും
ബന്ധിപ്പാനിങ്ങു വന്നിട്ടും മുന്നമേ
ബന്ധുരാംഗരായീടുമവരെയും
ബന്ധിച്ചീടേണമെന്നു പറഞ്ഞപ്പോൾ
അന്ധരായിട്ടു ബോധിച്ചവരെല്ലാ-
മന്തകേശന്റെ വിക്രമമോർക്കാതെ
പാശഹസ്തന്മാരായിട്ടു ചെല്ലുമ്പോ-
ളാശു കണ്ടിട്ടു സാത്യകി കോപിച്ചു
കേശവന്റെ സമീപം പ്രവേശിച്ചു
ക്ലേശമെന്നിയെ ചൊല്ലിത്തുടങ്ങിനാൻ
പശുബുദ്ധികളായ ഹതകളും
പശുപാലനെന്നോർത്തു ഭവാനെയും
പാശംകൊണ്ടു പിടിച്ചിങ്ങു ബന്ധിപ്പാ-
നാശയോടെ വരുന്നുണ്ടു കേശവ
സാത്യകോദിതം ചൊന്നതു കേട്ടിട്ടു
സത്യരൂപനും കോപിച്ചൊരുത്തു
സത്യശീലന്മാരായ നൃപന്മാരും
സത്വഹീനന്മാരായിച്ചമഞ്ഞുതേ
സത്യസന്ധൻ വിദുരനുമന്ധനും
ചിത്തവിഭ്രമം പൂണ്ടു ഗാംഗിയും
മത്തനായ സുയോധനൻതന്നോടു-
മിത്ഥം ചില വാക്കു പറഞ്ഞുതേ

കാലകാലന്റെ വിക്രമമുള്ളോരു
നീലവൎണ്ണനെ ബാധിപ്പാനാരുള്ളു
ബാലതകൊണ്ടു നിങ്ങൾ മുകുന്ദന്റെ
ചാലവെ ചെന്നു നിന്നാകിലന്നേരം
ജ്വലിച്ചീടുന്നോരഗ്നിയിൽ ചെന്നുള്ള
ശലഭങ്ങളെപ്പോലെ നാശിച്ചിടും
പല വാക്കുകളേവം പറഞ്ഞിട്ടു
ഫലമില്ലാതെ വന്നുഭവിച്ചതെ
മന്ദനായ സുയോധനൻ കോപിച്ചു
മന്ദമെന്നിയെ കൎണ്ണനോടൊന്നിച്ചു
തന്നെത്താനും മന്നു മുകുന്ദന്റെ
സന്നിധിതന്നിൽ ചെന്നോരു നേരത്തു
ഇന്ദുബിംബപ്രകാശനായീടുന്നോ-
രിന്ദ്രസോദരൻ കോപിച്ചു ചൊല്ലിനാൻ
മന്നവാധമ കൌരവനന്ദന
നന്നു നന്നു നീ ഭാവിച്ചതൊക്കയും
ഇന്നു ഞാനൊരു ബന്ധുക്കൾ കൂടാതെ
വന്നതെന്നു നിനക്കുക വേണ്ടെടോ
ഉന്നതരായ പാണ്ഡുസുതന്മാരും
ധന്യരായുള്ള വൃഷ്ണിവീരന്മാരും
എന്നുവേണ്ട സുരന്മാരശേഷവും
ഒന്നിച്ചിങ്ങു വസിക്കുന്നു കണ്ടാലും
ഇന്ദിരാകാന്തനേവമരുൾചെയ്തു
മന്നിൽനിന്നുടനൊന്നു ഹസിച്ചപ്പോൾ
അന്നു കണ്ടോരു വിസ്മയമൊക്കയും

പന്നഗേന്ദ്രനും ചൊല്ലാൻ പണിയത്രേ
മിന്നൽക്കൂട്ടങ്ങൾപോലെ സുരന്മാരെ
നന്ദിയോടങ്ങു കണ്ടുതുടങ്ങിനാൻ
പങ്കജേക്ഷണൻതന്റെ നിടിലത്തിൽ
പങ്കജാസനൻതന്നെയും കാണായി
തൻകഴൽക്ക വണങ്ങുന്നവരുടെ
സങ്കടങ്ങളൊഴിച്ചരുളീടുന്ന
ശങ്കരനേയും ശോഭിച്ച മാറത്തു
കിങ്കരന്മാരോടൊന്നിച്ചു കാണായി
ശംക നൽകുന്ന ശംഖചക്രങ്ങളും
തങ്കശോഭ കലർന്ന ഗദകളും
പങ്കജങ്ങളും ചാപസമൂഹവും
തിങ്കൾപോലെ വിളങ്ങുമസികളും
തങ്കരങ്ങളിലേറവും കോപിച്ചു
ഹുങ്കാരത്തോടെ തുള്ളുന്നു കാണായി
ദിവ്യരൂപൻ വലംകയ്യിൽനിന്നങ്ങു
സവ്യസാചിയും വന്നതു കാണായി
സവ്യമായ ഭുജമതിൽനിന്നട-
നവ്യയനായ രാമനെക്കാണായി
ദേവദേവൻ തിരുമുഖത്തിങ്കൽ
പാവകനും ജ്വലിക്കുന്നു കാണായി
ദേവസംഘവും വിദ്യാധരന്മാരും
ദേവവൈരികളായുള്ള ദൈത്യരും
ധീരനായ യുധിഷ്ഠിരൻ ഭീമനും
വീരനായ യദുപ്രവരന്മാരും

കാരണാത്മാവൃതങ്ങൾ നിന്നൊരാവും
ക്രൂരമാവേന വന്നതു കാണായി
വാരിജേക്ഷണൻ കോപിച്ചു നേരത്തു
വാരിരാശി കലങ്ങി മറിഞ്ഞതേ
സുരവാദ്യങ്ങളേറവും ഘോഷിച്ചു
വിരവോടെ കുസുമങ്ങൾ വർഷിച്ചു
കുരുരാജന്റെ ധൈര്യത്തോടൊന്നിച്ചു
ധരണീതലമേററം കലുങ്ങിനാൻ
ദുഷ്ടരായ നൃപന്മാരശേഷവും
ദൃഷ്ടികളുമടഞ്ഞുപോയന്നേരം
നാഷ്ടിവന്നിടും ജീവനെന്നോർത്തവർ
ഇഷ്ടികൂടാതെ പേടിച്ചുനിന്നതേ
ശിഷ്ടനായോരു സഞ്ജയൻ ദ്രോണരും
ഇഷ്ടനായ വിദുരനും ഭീഷ്മരും
വിഷ്ടപത്തിലുള്ള മുനികളും
ഇഷ്ടിയോടെ വണങ്ങി സ്തുതിചെയ്തു
പാഹി പാഹി ഭയങ്കര പാഹിമാം
പാഹി പാഹി കൃപാനിധേ പാഹിമാം
മോഹനനായ നിന്നുടെ മായയാ
മോഹിച്ചീടുന്നു വിശ്വമഖിലവും
ആഹമെന്നൊരഭിമാനം കൊണ്ടു നിൻ
മഹിമാനമറിയാതെ ഞങ്ങളും
ബാഹുദുഷ്ടകൃതം ചെയ്യുന്നതൊക്കയും
ബാഹുരൂപാ സഹിച്ചരുളേണമേ
ആഹിരൂപം ധരിച്ചു ജഗത്തിനെ

വഹിച്ചീടുന്ന നാഥ ഭവാനിന്നു
ദഹിച്ചീടൊല്ല ലോകമിതുമൂലം
സഹിച്ചീടുക കോപം നമോസ്തു തേ
ഇത്ഥമെല്ലാം സ്തുതിക്കുന്ന ഘോഷങ്ങൾ
സത്വരമങ്ങു കേട്ടു ധൃതരാഷ്ട്രർ
നിത്യനായ മുകുന്ദനെ കാണ്മതി-
നാൾത്തള്ളിരിങ്കൽ കാമിച്ചുകാരണാൽ
സത്തമനായ കൃഷ്ണൻ തെളിഞ്ഞുട-
നുത്തമമായ നേത്രം കൊടുത്തപ്പോൾ
അത്തലെല്ലാമകന്നു ജനേശ്വരൻ
ചിത്തമോദേന കണ്ടു സ്തുതിച്ചിതേ
ആദിനാഥ ജഗന്നാഥ പാലയ
യാദവേന്ദ്രശിഖാമണേ പാലയ
ആദരം പൂണ്ടു ഞാനും ഭവാനുടെ
പാദപത്മങ്ങൾ കണ്ടു കൃതാർത്ഥനായ്
ഖേദഭാവമകന്നുടനൊന്നുമേ
ഭേദമെന്നിയേ ഞാനൊന്നു ചൊല്ലുന്നു
വേദമൂർത്തേ ഭവാനെന്റെ നേത്രങ്ങൾ
സാദരം മറച്ചീടുക വേണമേ
ചിൽപ്രകാശത്തെ കണ്ടോരിനിക്കിതി-
ലപ്പുറമൊന്നുമേ കാണുകവേണ്ടഹോ
ഇപ്രകാരം പറഞ്ഞതു കേട്ടപ്പോ-
ളിപ്രകാരം ഭവിക്കുന്നതാൾചെയ്തു
സൽപ്രഭാവങ്ങളെല്ലാമതുനേരം
ക്ഷിപ്രമങ്ങു മറച്ചു വിരവോടെ

അപ്രമേയനാം യാത്ര പറഞ്ഞുട-
നപ്രദേശത്തുനിന്നു പുറപ്പെട്ടു
കുന്തിഭോജന്റെ നന്ദിനിയാകിയ
കുന്തിദേവിയെ പിന്നെയും വന്ദിച്ചു
ചന്തമോടെ പലതുമുരചെയ്തു
സന്താപം തീൎത്തു പോകുന്ന നേരത്തു
അന്തികത്തിൽവന്നോരു കൎണ്ണനെ
തന്തിരുവടി സാദരം മാനിച്ചു
ചിന്തിതങ്ങളഖിലമരുൾചെയ്തു
സന്തോഷത്തെ വരുത്തി നടകൊണ്ടു
അന്തണേന്ദ്രനാമശ്വത്ഥാമാവോടും
മന്ത്രിച്ചാശു നരദേവദേവനും
അതിവേഗം പുറപ്പെട്ടു ചെന്നാശു
മതിമാനായ പാൎത്ഥനെ കണ്ടുടൻ
മതിഹീനന്മാരായ കുരുക്കടെ
മതമെല്ലാമരുൾചെയ്തു മാധവൻ
നീതിമാനായ സാത്യകിതന്നോടും
പ്രീതരായുള്ള പാണ്ഡവന്മാരോടും
വീതശോകം വിരാടപുരന്തന്നിൽ
ജാതമോദമിരുന്നരുളീടിനാൻ.

ശ്രീകൃഷ്ണദൂത് പാട്ടു സമാപ്തം.

സന്താനഗോപാലം

പാന.

ശ്രീമഹാഗണനാഥനാം വാണിയും
ശ്രീമണാളനാം വാഴ്ക ഗിരീശനാം
ശ്രീനീലകണ്ഠനെൻ ഗുരുനാഥന്റെ
ശ്രീപാദങ്ങളും വാഴ്ക വിശേഷിച്ചും
മതിചേൎന്ന കുമാരഹരണമാം
കഥതന്നിൽ മുഴുകിച്ചമകയാൽ
അളുകൊണ്ടിത വാഴ്ത്തി സ്തുതിക്കുന്നേൻ
അതിമോഹനമെന്നേ പറയാവൂ
മതിയില്ല നമുക്കതിനെങ്കിലും
മതിയുണ്ടെന്നു വെച്ചു മഹാജനം
എങ്കിലോ പണ്ടു കൃഷ്ണൻ തിരുവടി
സങ്കടം തീൎത്തു ധാത്രിയ്ക്കനന്തരം
മങ്കമാർ പതിനാറായിരത്തോടും
സംഖ്യയില്ലാതോളം തനയന്മാരും
ജ്യേഷ്ഠനാകിയ ശ്രീബലഭദ്രരും
ഇഷ്ടനായ് മരുവീടും കിരീടിയും
അററമില്ലാത വൃഷ്ണിവരന്മാരും
മററും നാനായദുക്കളും താനമായ്
വാരിരാശി നടുവിൽ വിളങ്ങീടും
ദ്വാരകാപുരിതന്നിലനാകുലം

പൃത്ഥ്വീചക്രവും കാത്തു ജഗല്പതി
സ്വസ്ഥനായ് മരുവീടുന്ന കാലത്തു
ആ മഹാ പുരിതന്നിലൊരേടത്തു
സമ്മതനായ ഭൂസുരൻതന്നുടെ
ധർമ്മദാരങ്ങൾ പെറ്റൊരു ബാലകൻ
കർമ്മമെന്ന്യേ മരിച്ചു വിധിവശാൽ
ഖിന്നനായി മഹീസുരനപ്പൊഴേ
ചെന്നു വൃത്താന്തം കേൾപ്പിച്ചു നാഥനോ-
ടിന്നിനിയ്ക്കീവണ്ണം വരാനൊന്നു
ബന്ധമെന്റെ കരുണാജലനിധേ!
ബന്ധമോക്ഷങ്ങളെന്നിവ ധർമ്മങ്ങൾ
നിന്തിരുവടിയ്ക്കില്ലെന്നു കേൾപ്പു ഞാൻ
എന്നെ നീ പരിപാലിയ്ക്കകൊണ്ടല്ലോ
ഉപദ്രവം ധരിത്രിയിലില്ലാത്തു
എന്നിരിയ്ക്കെയെനിയ്ക്കുള്ള സങ്കടം
എന്തല്ലോ പാപമിങ്ങിനെ വന്നതും
എന്നെല്ലാം വിലപിയ്ക്കുന്ന വിപ്രനോ-
ടേതുമൊന്നരുളീല മുകിൽവർണ്ണൻ
തന്തിരുമനസ്സെന്തെന്നറിയാതി-
ട്ടേതുമൊന്നുമിളകീലൊരുത്തരും
എന്താവു മമ കർമ്മമിതൊക്കെയും
എന്നു ചൊല്ലിട്ടു പോന്നിതു വിപ്രനും
പിന്നെയും പ്രസവിച്ചിതു പത്നിതാ-
രൊന്നുമിങ്ങു ലഭിച്ചീല ബാലന്മാർ
നാന്ത്യായം ചെന്നണഞ്ഞിതുമപ്പൊഴേ

അങ്ങതിന്നൊരു ഭാവമില്ലാഞ്ഞേ
അന്നന്നിങ്ങിനെയുണ്ടായ് മരിച്ചു പോ-
യൊന്നുരണ്ടല്ലയെട്ടു കുമാരന്മാർ
ഒമ്പതാമതൊരുണ്ണി പിറന്നപ്പോൾ
സംഭ്രമത്തോടെ ചെന്നു മഹീസുരൻ
അപ്പോഴത്തെയവസ്ഥ നിരൂപിച്ചാൽ
കെൽപ്പു പോരാ നമുക്കെന്റെ ദൈവമേ
വിപ്രൻ ചെന്നു കിടാവിനെ നോക്കുമ്പോൾ
വീർപ്പുമാത്രവുമില്ല കുമാരനു
പാപമെന്തിനിതിപ്പൂന്നു ഞാനൊന്നു
വാവിട്ടൊന്നലറീ മഹീദേവനാം
ചോരയോടെയെടുത്തു തന്മാറത്തു
കരംകൊണ്ടു തൊഴിച്ചു കരകയും
അയ്യോ! ബാലക!യെന്നു നീയിങ്ങിനെ
കയ്യുംകാലുമിളക്കിക്കരയാത്തു
അയ്യോ ഞാൻ ചെയ്ത പാപങ്ങളൊക്കയും
പൊയ്യായിട്ടോ വരുന്നവാറീശ്വര
കഷ്ടമെന്തിതു കൃഷ്ണൻ തിരുവടി-
ക്കുള്ളോട്ടുചെന്നാൽ കരുണയുമില്ലയോ
സന്തതം സുഖിച്ചീടുന്നിതെല്ലാരും
എന്തു ഞാനൊന്നു വേറെ പിഴച്ചതു
കൃഷ്ണ! കൃഷ്ണയെന്നല്ലാതെ മറ്റൊരു
മിത്രഭാവമറിയുന്നതില്ല ഞാൻ
കഷ്ടമെന്നുടെ കുട്ടിക്കിടാവിതാ
മുഷ്ടി നീർത്തിക്കിടക്കുന്നു ദൈവമേ

ഉണ്ണി നിന്നെയെടുത്തു മടിയിൽ വെ-
ച്ചെന്നും കൂടാതെ ഗാനങ്ങൾ ചെയ്കയും
ജാതകർമ്മം കഴിക്കയുമന്നേരം
മോദംകൊണ്ടുള്ള കണ്ണീർ പൊഴിക്കയും
അങ്ങിനെ സുഖിച്ചീടേണ്ടും ഞാനിപ്പോ-
ളിങ്ങിനെ ദുഃഖിച്ചീടുന്നതീശ്വരാ!
എന്നീവണ്ണം പ്രലാപിച്ചും മോഹിച്ചും
തിണ്ണം വാവിട്ടലറിയുമന്നേരം
ശ്രീമന്നാളുനിയന്നാളീടുന്ന
ശ്രീമഹാരാജാ തന്നിലകം പുക്കാൻ
അന്നേരം ഭൂമാനിധി കാണുന്നൻ
മധുവാണികൾമൗലിലാകലാനിധി
ചതുരാനനാദികൾക്കെല്ലാർക്കും
മുതലായ പരബ്രഹ്മമൂർത്തി താൻ
കർമ്മാകർമ്മവികർമ്മപരായണൻ
ധർമ്മാധർമ്മഫലപ്രദനീശ്വരൻ
വാജിമേധം സമാരംഭിച്ചങ്ങിനെ
ശാലതന്നിലകം പുക്കിരിക്കുന്നു
മറ്റും നാനാജനങ്ങളോരോതരം
ചുറ്റും വന്നു ഭ്രമിക്കയുമന്നേരം
മുറ്റാതൊരു കിടാവിന്റെ ദേഹത്തെ-
യൊട്ടേടം കൊണ്ടുകാട്ടിയാർപ്പിട്ടുടൻ
വിശ്വവാസികളൊക്കെ നടുങ്ങവെ
വിശ്വസാക്ഷിയോടീവണ്ണം ചൊല്ലിനാൻ
ദുഷ്ടരായ മഹീപാലന്മാരുടെ

ധൃഷ്ടതകൊണ്ടിവന്നേമോരോതരം
നിഷ്ഠുരമായ ബാലമരണങ്ങൾ
കഷ്ടമായിട്ടനുഭവിച്ചീടുന്നു
ശിശുപാലനെന്നപോട്ട ഭാവിച്ചു
കൃഷ്ണനെന്തിനിവനു ഞെളിയുന്നു
പതിനാറു സഹസ്രം മടവാർ
വിടവൃത്തിക്കു നന്നിവനൊത്രയും
അതികാമികളിൽ മുടിമന്നനെ-
ന്നതേയൊന്നു പറയാവു പാർക്കുമ്പോൾ
സ്വസ്ഥരായിട്ടിവന്നും മററാതുള്ള-
തത്തലൊന്നുമറിയുന്നോരല്ലിവൻ
ഒന്നുകൊണ്ടുമൊരിക്കലിവനൊരു
ഗ്ഗുണമില്ല നിരൂപിച്ചു കാണുമ്പോൾ
മററാരുത്തനെക്കൊണ്ടു തനിക്കൊരു
സാദ്ധ്യമില്ലെന്നൊരുത്തനും വെക്കാമോ
ലോകനാഥൻ താനെന്നു വരികിലും
ലൌകികത്തെക്കടന്നു നടക്കാമോ
നിർമ്മര്യാദമെന്നിയെ മററായ
ധർമ്മാധർമ്മമിവനു തിരിയുമോ
ഖേദംകൊണ്ടു പറയുന്നു ഞാൻ വൃഥാ
ഖേദവാക്കിനുമില്ലിവനാദരം
ഇവൻതന്നെയുടയവനൊന്നാകിലോ
ഇനി മേല്പോട്ടു നന്നു നമുക്കെല്ലാം
എന്നെല്ലാം ചില വാക്കുകൾ കേട്ടപ്പോൾ
എന്നോകഷ്ടമിതെന്തെന്നോരോജനം

പുത്രദുഃഖം പൊറാഞ്ഞൊരാ ബ്രാഹ്മണൻ
കൃഷ്ണനോടരിയിക്കയെന്നാർ ചിലർ
പുത്രദുഃഖമുണ്ടെന്നാകിലീശനോ-
ടിത്രകോപിച്ചാലെന്തു ഫലമെടോ!
ആർത്തി നൽകിടുമീശപാദമെങ്കിലും
പ്രാർത്ഥിക്ക നമുക്കതൊട്ടു ചൊല്ലാവൂ
ഇന്നതെന്നേയല്ലിവണ്ണം കേൾക്കമോ-
റന്നുമുണ്ടിതു നിത്യമെന്നാർ ചിലർ
എന്നാലും കടൽവർണ്ണനോടിങ്ങിനെ
തോന്നുമോ പറവാനെന്നു ചിലർ
തോന്നുകില്ലയോ ബാലമരണമോടെ-
ളൊന്നുമുണ്ടില്ലിതെന്തിതെന്നാർ ചിലർ
കഷ്ടമല്ലോ തിരുമനക്കാമ്പിങ്കൽ
മറ്റൊന്നുണ്ടു കാണാമെന്നാർ ചിലർ
ദുഃഖമൊന്നുമൊട്ടങ്ങില്ലെന്നാർ ചിലർ
ദുഃഖമില്ലിനിമേലിലെന്നാർ ചിലർ
കഷ്ടവാക്കുകൾ നന്നല്ലെന്നാർ ചിലർ
കുറ്റമല്ല പറഞ്ഞതെന്നാൽ ചിലർ
എന്നുവേണ്ട പലരും പലവിധം
നിന്നു തങ്ങളിലിങ്ങിനെ ചൊല്ലുമ്പോൾ
ശിഷ്ടരായ മഹാജനമൊക്കവേ
കത്തിക്കാളുന്ന കാട്ടുതീയർജ്ജുനൻ
ദൃഷ്ടിവാൾമുനയൊന്നു കലുഷവേ
പുഷ്ടരോഷമവിടന്നൊരു നേരു
ഗാണ്ഡീവത്തെയെടുത്തു വിരവോടു

ചണ്ഡവേഗം ചെറുത്താണൊലിയിട്ടു
ചുററും നിന്നു മഹാജനം കേൾക്കുമാ-
റിത്ഥമൊന്നു പറഞ്ഞു കപിധ്വജൻ
നാടുവാഴികളായിട്ടിരിയ്ക്കുന്നു
നാടുരക്ഷിപ്പാനല്ലയോ ഭൂതലേ
നാട്ടിലുള്ള പ്രജകളെ രക്ഷിപ്പാൻ
ശക്തിപോരായിതെന്നു വരികിലും
വിപ്രജാതിയെ രക്ഷിക്കയെന്നതു
ക്ഷത്രിയൎക്കു കുലധൎമ്മമായതു
രണ്ടിനും മതിപോരാതെയുള്ളവർ
പെണ്ണുങ്ങൾക്കു സമമെന്നറിഞ്ഞാലും
എന്നിരിക്കെയീയാദവന്മാരിവ-
രൊന്നുമില്ല നിരൂപിച്ചു കാണുമ്പോൾ
എന്നവരിലൊരുത്തനു തോന്നുന്നി-
ല്ലിന്നിവൃത്താന്തം കഷ്ടമെന്നുള്ളതും
ഭംഗിക്കോപ്പും ചമയവും വെണ്മയും
നന്നു നന്നടനൊന്നോ പറയാവൂ
അതു നില്ക്കട്ടെയിന്നിയൊരൎഭകൻ
ഹിതമോടെ പിറന്നു ഭവാനെങ്കിൽ
സുരനായകനന്ദനനർജ്ജുനൻ
പരിപാലിക്കുമെന്നതു നിർണ്ണയം
വിപ്രന്മാരതിഖിന്നന്മാരായിട്ടി-
ങ്ങിപ്രകാരം പറയുന്ന വാക്കുകൾ
പൂരുവിന്റെ കുലത്തിൽ പിറന്നൊരു
ബാലകനു സഹിക്കയില്ലേതുമേ

ഇന്നിതിന്നു സഹായമായെന്നുടെ
ഗാണ്ഡീവം തന്നെ പോരുമറിഞ്ഞാലും
ഉഗ്രനായ മഹേശ്വരൻതന്നുടെ
തൃക്കാലാണെ ചതിക്കയില്ലേതുമേ
ഇത്തരം കുരുവീരൻ പറഞ്ഞതി-
നുത്തരമുരചെയ്തു മഹീസുരൻ
ഭ്രമിപ്പറയുന്നതു നീ ബാല-
ഭദ്രരില്ലെ മഹാരഥരായിട്ടു
പ്രദ്യുമ്നാദികളായവർക്കുമേ
സാദ്ധ്യമായിലയെന്നതു നീയിപ്പോൾ
തീർച്ചയാക്കിപ്പറഞ്ഞതു കേട്ടിട്ടു
കാട്ടുപോരു നിനക്കെന്നുറച്ചു ഞാൻ
ഈശ്വരന്മാർക്കീശ്വരനാകിയ
കൃഷ്ണനൊന്നുകൊണ്ടേതുമിളകാതെ
എന്നതേതും നിരൂപണം കൂടാതെ
എന്തു മോഹാ പറയുന്നതിങ്ങിനെ
കലയാനത്തലവനിരിക്കവേ
കഴിയാന മല്ലിക്കും കണക്കിനെ
നിങ്ങളിലൊരു ഭാവമുണ്ടെങ്കിലു-
മെങ്ങളിലിതു ചേരുകയില്ലെടോ!
ഭക്ഷിപ്പാനായി വന്നീയിപ്പൊഴേ
രക്ഷിപ്പാൻ ശ്രമിക്കേണ്ട ജളമതേ
ബ്രാഹ്മണരോടു വല്ലതും ചൊല്ലിയാൽ
സമ്മതിക്കുമെന്നോർത്തു പറകയോ
ഇത്തരം ചില വാക്കുകൾ കേട്ടപ്പോൾ

എത്രയും പാരം കോപിച്ചു ഫല്ഗുനൻ
നാടേതാനൊരു നാളുമേ കേളാതെ
കൊട്ടവാക്കുകൾ കേട്ടതിനുത്തരം
നാടിച്ചൊന്നു പറഞ്ഞു വിജയനും
കഷ്ടപ്പം പറയായ്ക നീ ഭൂസുര!
ജിഷ്ണുവെന്നെന്റെ നാമമതിനുടെ
അർത്ഥമെന്തെന്നു ചിന്തിച്ചു ചൊൽക നീ
പൊട്ടനൊന്നു ഭവാനുള്ളിലില്ലെങ്കിൽ
കേട്ടാലും മമ വിക്രമമോരോന്നേ
മട്ടാർശരവൈരിപുരനുടെ
അടിത്താരിണ കൂപ്പുവാൻ ചെന്നപ്പോൾ
അടുത്തു വന്നു വേടനായെന്നുടെ
പടുത്വമറിവാൻ പരമേശ്വരൻ
എടുത്തു കലവില്ലുമായെത്തി ഞാൻ
നാടിച്ചു തിരുമേനി മേലെയ്തപ്പോൾ
മിടുക്കനെന്നു കണ്ടുടനപ്പോഴേ
കടുക്കെന്നു തെളിഞ്ഞു പുരാന്തകൻ
പരമാസ്ത്രമെടുത്തിങ്ങു തന്നതിൻ
പരമെന്തറിയാത്തു ഭവാനയ്യോ!
വീരന്മാരുടെ വീര്യം പരീക്ഷിപ്പാൻ
ചാലെവെച്ചൊരു വില്ലുകലച്ചതും
മധുരോർമൊഴി മാലയതോരാവും
പൃഥ്വീപതിമാരെ ജയിച്ചതും
പൊരുവെള്ളം കണക്കെപ്പരന്നൊരു
കുരുവംശത്തെയൊക്കെ മുടിച്ചതും

വിരുതുള്ള വിജയനൊന്നുമുള്ളാതെ
വിളികൊണ്ടെന്നും കേട്ടിലയോ ഭവാൻ
ഇരിക്കട്ടെയതൊക്കെയുമിന്നിമേ-
ലൊരു പാലകനാരെയായിരുന്നിലൊ
പ്രേതനാഥനൊത്തനൊന്നായും വെന്നു ഞാ-
നായുധത്താലെ കാത്തു തരുന്നുണ്ടു
ഇതമിന്നു പറഞ്ഞതു ചെയ്യാഞ്ഞി-
ലത്രയല്ല മഹീസുര കേട്ടാലും
ശക്തിയേറുന്ന ഗാണ്ഡീവത്തൊടെ. വീ-
ണനഗ്നിതന്നിൽ മരിക്കുന്നതുണ്ടു ഞാൻ
വിജയവീരനീവണ്ണം പറഞ്ഞപ്പോൾ
വിശ്വസിച്ചു മഹീസുരനെത്രയും
ചിത്തതാരഴിഞ്ഞാശീർവ്വാദങ്ങളും
പത്തുനൂറു സഹസ്രം ചെയ്തീടിനാൻ
ദുഃഖംകൊണ്ടു പറഞ്ഞീടുമെന്നുടെ
വാക്കിതൊന്നും മനസ്സിൽ വെച്ചീടൊല്ല
പത്നിതന്നുടെ ഗർഭം തികയുമ്പോൾ
പാൎത്ഥനിന്നെയും കൊണ്ടുപോകുന്നുണ്ടു
എന്നെല്ലാം പറഞ്ഞവരൊടു പോകുന്നൊ-
ന്നാനന്ദത്തോടു ഭൂദേവനാമവൻ.

ഇതി പ്രഥമപാദം സമാപ്തം.

ദ്വിതീയപാദം.

കൎണ്ണവൈരി ധനഞ്ജയനിങ്ങിനെ
നിൎണ്ണയിച്ചു പറഞ്ഞൊരനന്തരം
പൃത്ഥ്വീദേവനുമങ്ങു ചെന്നപ്പൊഴേ
പത്നിതന്നെയുമാശ്വസിപ്പിക്കുന്നു
പെററു പിന്നെ നിലത്തുതന്നെ കിട-
ന്നേററം കൂടാതെ കേണു മുറയിട്ടു
കാറവാർകുഴൽ ചുററി മുഖത്തൊക്കെ
പാറുമാറു ചളിയിലുരുണ്ടിട്ടും
ഉലകൊന്നിലുമെന്നോളം പാപിയായ്
കുലസ്ത്രീകളിലാരുമില്ലീശ്വര
എന്നിവണ്ണം പറഞ്ഞു പലവഴി
കണ്ണുമൂടിത്തളൎന്നു കിടക്കയും
മദ്ധ്യേ മദ്ധ്യേയെഴുന്നേററിരിക്കയും
ഒച്ചയില്ലാഞ്ഞു മാറത്തു താഡിച്ചും
കത്തിക്കാളുന്ന കാട്ടുതീയിൽ ചെന്നു
ബദ്ധപ്പെട്ടൊരു മാനിനിതലെപ്പോലെ
വാട്ടം പോരുന്നൊരാത്തു ചെന്നിട്ടു-
ജിഷ്ണുവോടിവണ്ണം ചൊന്നാൻ മഹീസുരൻ
സ്വല്പജന്മാരകത്തിലെപ്പോലെ
പുത്രദുഃഖത്തിൽ വെന്തു മുഴുകേണം
ഇനിയുണ്ടാകുമൎക്കരോത്തമേ
ബന്ധമുണ്ടാകയില്ലെന്നറിഞ്ഞാലും
ചിത്ത വില്ലാളിമാർമുടിരത്നമാം

പാൎത്ഥനിവണ്ണം കയ്യേററു വല്ലഭെ
കണ്ണവൈരി പറഞ്ഞ വചനത്തി-
നന്യഥാത്വം വരികയില്ലുത്തമെ
എന്നതു കേട്ടു ചൊന്നാൾ പതിവ്രതാ
കണ്ണനീരം തുടച്ചതിധീരയായ്
കണ്ണവൈരി പറഞ്ഞവാറെങ്ങിനെ
കണ്ണനോടു നിരൂപിച്ചിട്ടല്ലയോ
ദീക്ഷശാലയകം പുക്കിരിക്കുന്നു
സാക്ഷിയാം മുകിൽവണ്ണനാതുരോരം
നാഥനാം ബലഭദ്രരിതു കേട്ടി-
ട്ടേതുമൊന്നരുളീലയോ ഭൎത്താവെ
മററാരൊന്നെ ശ്രമിച്ചു നടക്കയാൽ
മുററുമൊന്നരുളീലെന്നതെ വേണ്ടു
പ്രദ്യുമ്നാദികളെന്നിവരാരാനും
ഫൽഗുനനു സഹായമായ് വന്നിതോ
പ്രദ്യുമ്നാദികളെന്നിവരാരെയും
ഉദ്യോഗത്തോടെ കണ്ടതുമില്ല ഞാൻ
ഭൎത്താവിനോടു പോയനേരത്തു
യാത്ര ചൊല്ലിയോ പോന്നു ഹരിയോടു
അൎജ്ജുനന്റെ വചനത്തെ കേൾക്കയാ-
ലാശ്വസിച്ചങ്ങു പോന്നതെയുള്ളു ഞാൻ
എന്നതിവണ്ണമെങ്കിൽ ധനഞ്ജയൻ
ചൊന്ന വാക്കു ഫലിപ്പാൻ പണിയത്രെ
ആഴിവണ്ണൻ തിരുമനക്കാമ്പിങ്കൽ
വൈഷമ്യം ചെറുതുണ്ടെന്നു നിൎണ്ണയം

ഭക്തവത്സലനല്ലായ്കിലെന്നുമേ
ഇത്തൊഴിൽക്കു ശ്രമിയ്ക്കുമോ ഭർത്താവേ
അതു കേട്ടു പറഞ്ഞു മഹീസുരൻ
അതു ചിന്തിച്ചു ഖേദിയായ്ക്കുമേ
പരമാത്മം നിരൂപിയ്ക്കിൽ കൃഷ്ണനാം
ജിഷ്ണുവുമൊരു ഭേദമില്ലേതുമേ
എന്നൊടിപ്പോൾ നീ ചൊന്ന വചനങ്ങൾ
മുന്നം തങ്ങളിൽത്തന്നെ പറഞ്ഞപ്പോൾ
കരുവീരൻ പരിഭവിച്ചെന്നോട-
ന്നൊരു വാക്കു പറഞ്ഞതു കേൾക്ക നീ
അന്തകാന്തകൻ തൃക്കഴലാണ ഞാൻ
അന്തകനോടും വെന്നു കുമാരനെ
രക്ഷിച്ചീടുവാനല്ലായ്കിലപ്പോഴേ
തീക്കുഴി തന്നിൽ വീണു മരിപ്പൻ ഞാൻ
എന്നിവണ്ണം വിശേഷിച്ചു പിന്നെയും
പിന്നെയുമുരചെയ്തു വചനങ്ങൾ
ഇജ്ജനാം മഹാപാപികളെങ്കിലും
അജ്ഞനായതു സാധിയ്ക്കും നിർണ്ണയം
ഖേദിയ്ക്കേണ്ട നാമെന്നങ്ങിരുവരും
മോദമുൾക്കൊണ്ടിരിയ്ക്കുന്ന കാലത്തു
വിപ്രപത്നിയ്ക്കു ഗർഭവുമുണ്ടായി
വിപ്രനേറ്റം പ്രസാദവുമുൾക്കാമ്പിൽ
സത്യമാസ്സുതമെന്നുറച്ചുടൻ
നിത്യമോരോരോ രക്ഷ തുടങ്ങിനാൻ
വിഷ്ണുരാജാനിനാകിതാ കൃഷ്ണനോൻ

വിഘ്നം കൂടാതെ രക്ഷിച്ചു ഗൎഭത്തെ
ആദിത്യദേവ നിന്റെ പ്രസാദത്താ-
ലായുസ്സുണ്ടായ്വരേണം കിടാവിനു
ഭദ്രകാളി ജഗന്നായികേ തൊഴാം
ദാരിദ്ര്യം കൂടാതെ രക്ഷിച്ചു ഗൎഭത്തെ
ഈശ്വരന്മാൎക്കിവണ്ണമോരോതരം
നേൎച്ചകൾ പല ജാതി കഴിക്കയും
പുത്രനെ പരിപാലിക്കും കാലത്തെ
സൌഖ്യമോരോ മനോരഥം ചിന്തിച്ചും
മൎത്ത്യരോരോരുപായം നിരൂപിച്ചി-
ട്ടാത്തമോദം ഒട്ടതായി വീൎക്കയും
ഭക്തനായ വിജയന്റെ വാക്കിനെ
കൃഷ്ണനങ്ങോ പഴുതിലാക്കീട്ടന്നു
എന്നെല്ലാമുറപ്പിച്ചുമോരോ നേരം
എന്തറിയാമെന്നപ്പോഴെ ഖേദിച്ചും
നല്ലതോരോന്നേ ചെയ്യിട്ടുമിങ്ങിനെ
മെല്ലെ മെല്ലെ തികഞ്ഞിതു ഗൎഭവും
പൃത്ഥ്വീദേവനമങ്ങു ചെന്നപ്പോഴെ
പാൎത്ഥനോടറിയിച്ചിതു വാസ്തവം
ചണ്ഡഭാനൂദയമെഴുംപോലെ
പാണ്ഡുനന്ദനൻ തേരിൽ കരേറിനാൻ
ഉദ്വേഗമൊടുകധനൎജ്ജനമായി
ഭവനത്തിലകം പുക്ക വിപ്രനും
തോഴിമാർ പലർകൂടി നിരൂപിച്ചു
സൂതികാഗൃഹം പൂകിച്ചു പത്നിയും

മന്ദം മന്ദമെ നൊന്നു വിളിക്കുന്നോ-
തഞ്ജസാ കൂടക്കൂടവെ കേട്ടാരായി
ജാതസംഭ്രമമങ്ങു ചെന്നപ്പോഴെ
പാൎത്ഥൂധി വതത്തി ധനഞ്ജയൻ
ഖാണ്ഡവദഹനത്തിൽ ലഭിച്ചോരു
ഗാണ്ഡീവം വില്ലുമാശു കലയേറി
പാവകഭഗവാൻ കൊടുത്തീടിനോ-
രാവനാഴികയും മുറുക്കീടിനാൻ
സ്വൎണ്ണപുഷ്പങ്ങളാം ചില ബാണങ്ങ-
ളൎണ്ണോജാക്ഷനെയൎച്ചിച്ചെടുത്തുടൻ
ബാണമെയ്തു വലംവെച്ചു ഭൂമിയിൽ
താണുകൂപ്പിത്തൊഴുതു വിശേഷിച്ചും
ബാണം മൂന്നമെടുത്തു തൊടുത്തുടൻ
ദ്രോണാചാൎയ്യനെയും കനത്തീടിനാൻ
കുരുവംശശിഖാമണിയെന്നവും
പരമീശനെ വന്ദിച്ചു പിന്നെയും
ശരകൂടം ചമപ്പതിന്നായ്ക്കൊണ്ടു
പരമാസ്ത്രമെടുത്തഭിമന്ത്രിച്ചു
ഈററില്ലത്തിൻപുറമെ തെരുതെരെ
പുറമെയ്തെയ്തസംഖ്യം ശരങ്ങളാൽ
കാണിനേരംകൊണ്ടുത്തമമായൊരു
ബാണകൂടം ചമച്ചാനതുനേരം
പൊയ്ക്കറീടിനോരസ്ത്രമുറപ്പിച്ചു
കയ്യിൽ നല്ലൊരു ബാണവുമായുടൻ
മന്ദിരത്തിൻ പുറത്തൊരു ഭാഗത്തു

സിന്ധുരേന്ദ്രനൊപ്പോലെ നിന്നീടിനാൻ
ഈനില്ലത്തിങ്കൽ ചെന്ന മഹീസുരൻ
പൊനില്ലല്ലീ കുഡുംബിനി നമ്മുടെ
തഴക്കമുള്ള നാരിമാരെ നിങ്ങ-
ളാഴിവണ്ണനെ ധ്യാനിച്ചുകൊള്ളുവിൻ
ബന്ധുക്കൾ പറഞ്ഞീടുവിൻ ഞാനിപ്പോ-
ളെന്തു സൽക്രിയ ചെയ്യേണ്ടുവെന്നതു
സന്താപംകൊണ്ടും ചിന്തകൊണ്ടും നമു-
ക്കെന്തെന്നൊന്നും തിരിയുന്നില്ലുൾക്കാമ്പിൽ
ഒത്തവണ്ണം പിറന്നീടിലപ്പോഴേ
ആരക്ഷണം നിങ്ങൾ ഋത്വിജന്മാരെ
പാണ്ഡുനന്ദനനിന്ദ്രനോടും ദ്രോണാ-
ചാര്യനോടും മനക്കാമ്പിൽ ധ്യാനിച്ചു
കാണിനേരമിളകാതെക്കണ്ടു നീ
കാണേണമെന്നെ കരുതി നില്ലുന്ന
പ്രാഡ്വിവാകന്മാരെ നിങ്ങൾ നിരൂപിപ്പിൻ
പ്രാണനോടെ പിറക്കുമോ ബാലകൻ
ഈശ്വരായിനി വൈകതതെന്നുമേ
ഒച്ച പാരം തളർന്നിതാ കേൾക്കുന്നു
ഉമ്മറത്തോളം ചെല്ലും തെരു തെരെ
ചെന്നു വാങ്ങിയിരുന്നു വിചാരിച്ചും
വിപ്രന്മാർ പലർ കൂടിയൊരുമിച്ചു
കൃഷ്ണ കൃഷ്ണായിതെന്നു ജപിക്കയും
പാർക്കുന്തോറും മനസ്സിലുദ്വേഗം
മൽഗ്ഗുണന കരണവധികയും

കരത്തൊക്കെപ്പിഴച്ചു വരികയും
വിരുദ്ധമായപശ്രുതി കേൾക്കയും
എന്നോ കഷ്ടമിതെന്നോരുഴൽച്ചയാൽ
പെണ്ണുങ്ങളൊക്കെത്തങ്ങളിൽ നോക്കിയും
എന്തു വാറിതെന്നോർത്തു മഹീസുരൻ
അന്തസ്താപം മുഴുത്തു പറകയും
ഞങ്ങൾക്കാവതില്ലെന്നൊഴിച്ചാരൊക്കെ
കണ്ണുനീരുമൊലിപ്പിച്ചു തോഴിമാർ
അത്യുഗ്രശോകത്തിന്നു കേൾപ്പൊരാ-
യതിദീനപ്രലാപങ്ങളിങ്ങിനെ
മൂന്നാമതൊന്നുമേ കണ്ടീലിവണ്ണം ഞാ-
നെന്നെ വഞ്ചിച്ചു പോയാരീ ബാലകർ
പാണ്ഡുനന്ദനനോടു പോയാനല്ലോ
നിന്നെയും കൂടെ വഞ്ചിച്ചിതീശ്വരൻ
മോഹംകൊണ്ടു ഞാൻ നോക്കിയിരിക്കവേ
ദേഹത്തോടെ മറഞ്ഞിതാ പോകുന്നു
ആവതില്ല മരിച്ചുകൊൾവാനെന്നാ-
ങ്ങിവണ്ണം നടുങ്ങി ഉഴവനത്തോടെ
കമ്പുതട്ടിമുളമുളപോലെയ-
ങ്ങൊട്ടു പൊട്ടിക്കരഞ്ഞിതു വിപ്രനും
സന്താപംകൊണ്ടു മൂർച്ഛിതനായതാ
ഭ്രാന്തനെപ്പോലെ തിണ്ടനപ്പോഴേ
കനൽക്കട്ടയോടൊത്ത മിഴികളും
കനക്കെ മിഴിച്ചിട്ടവും പൊരാട്ടിൽ
നിറച്ചീടുന്ന മുൾവാലോടുംകൂടി

വിയത്തോടിയണഞ്ഞു വിജയനോ-
ടയ്യോ പാപമെന്നില്ലെന്നു ചൊല്ലി തൻ-
കരം രണ്ടുമുയർത്തിപ്പിടിച്ചുടൻ
അഗ്നിപോലെ ജ്വലിച്ചോരു കാന്തി പൂ-
ണ്ടഗ്നിഹോത്രി പറഞ്ഞുതുടങ്ങിനാൻ
തിഷ്ഠിൽ ചെല്ലു നിൻ ഗാണ്ഡീവവും നീയും
ദുഷ്യശസ്സിന്നു പാത്രമായല്ലോ
ആണുപോലെ ഞെളിച്ചു പറഞ്ഞു നി
ന്നാണും കെട്ടുള്ളോരെന്നു കളിച്ചു
ഭാവിച്ചില്ലേ സന്തോഷിപ്പിയുന്നോരു
ഞാനാത്രെ നല്ല ജോഷനാകന്നുളും
തിരുമുമ്പിൽ ഞെളിഞ്ഞുനിന്നോരെല്ലാം
ജളപ്രാഭവം കാട്ടി നിഷ്ക്കയാൽ
ജളതയൊഴിഞ്ഞു വിനാകിന്നോരു
നാലാം മേലിൽ വരാതെന്നു നിർണ്ണയം
കുരച്ചീടുന്ന പട്ടിയൊരുനാളും
കടിച്ചീടുകയില്ലെന്നറിക നീ
കാട്ടാളവേഷം പൂണ്ടു ഹരനോട
കാട്ടിയോരു പരാക്രമവും പിന്നെ
പെരുവെള്ളം കണക്കെ പരന്നോരു
കുരുവംശത്തെയൊക്കെ മുടിച്ചുപ്രാ
വിരുതുള്ള വിജയനെന്നുള്ളോരു
ശൌര്യമെന്നുപോലിന്നു കാണാതെത്തും
വമ്പനായ നീയിപ്പൊഴിതെന്തിനു
കമ്പ തപ്പി പരക്കെ നോക്കീടുന്നു

ആൻപത്തു ഭോഷന്മാരിലെ മുമ്പനാം
വമ്പരൊന്നുള്ളവരൊന്നറിക നീ
ദുഷ്ടനിഗ്രഹം ചെയ്യുതിന്നായ്യുന്ന
പൃത്ഥ്വിതന്നിൽ പിറന്ന ഭഗവാന്റെ
വീൎയ്യങ്ങളെല്ലാം വീരനാമെന്നുടെ
വീൎയ്യമെന്നു നിനക്കോല്ല ഭോഷ നീ
ഉത്തരം ചൊല്ലീടുന്ന ശൌൎയ്യത്താൽ
സാദ്ധ്യമെന്തുള്ളു ഭാവിക്കയെന്നിയേ
മൂക്കനാം നിന്റെ ഡംഭു കളവാനായ്
തത്തടത്തിന്നരുൾചെയ്ത വാക്കുകൾ
കാളത്തിന്റെ പുറമെ പകന്നിട്ടു
മാംസ്സംപോലെ തിന്ന നിനക്കതും
ഇപ്പാരിന്നു നിമിത്തമാത്രം ഭവാൻ
സവ്യസാചിയെന്നല്ലോ അരുൾചെയ്തു
പീലിക്കാർക്കുന്തൽ കെട്ടി വിരവോടെ
ചാലവെ നല്ല ചമട്ടി കൈക്കൊണ്ടു
മറകൾക്ക പൊരുളായ മൂൎത്തിതേർ
ത്തടം തന്നിലിരുന്നീലെന്നാകിലോ
ഇപ്രതിജ്ഞ കണ്ടുകൊണ്ടെന്നു തവ
യുദ്ധഭൂമിയിലൊക്ക ഫലിച്ചതും
കൃഷ്ണനോട് ചേൎന്നതിപ്പാവനം
ചേച്ചയില്ലാതെ തീൎന്നു നിൻ വാക്കിനാൽ
ഉത്തമപൂരുഷാ നിന്നെ കൂപ്പുന്നോൻ
ചെറു കാരുണ്യമെങ്കിൽ പുലമ്പുവാൻ
ചിത്തേ തോന്നാത്തതിന്നൊരു കാരണം

ബുദ്ധികൊണ്ടു വിചാരിച്ചറിഞ്ഞു ഞാൻ
പതിനാറു സഹസ്രം മടവാരിൽ
പത്തുപ്പത്തു സുതന്മാരെ ലാളിച്ചാൽ
സുഖമുണ്ടല്ലോ നിന്മനക്കാമ്പിങ്ക-
ലതുകൊണ്ടിതു ഭാരമല്ലേതുമേ
താൻ നേടാ പൊന്നിന്മാരറിയുന്നീല
നൂനം നാണായ് തെളിഞ്ഞു മനസ്സിങ്കൽ
പഴുതേതന്നെ നിന്നോടെടുത്തു ഞാൻ
ദോഷമേതും നിനക്കില്ല ഫൽഗുന
ബലവാനായ നിന്റെ പരാക്രമം
ഫലിയാഞ്ഞതുമെന്നുടെ കർമ്മമെ-
ന്നലറി ധരണിതലംതന്നിൽ വീ-
ണഴലുന്നതു കണ്ടു ധനഞ്ജയൻ
ഒരാളുമേ താനറിയാതൊരു
പാരശാഠികളിവണ്ണം കേട്ടിട്ടും
നിജവാണിതമംഗം നിനച്ചിട്ടും
അച്യുതൻ തന്നെ വഞ്ചിച്ചതോർത്തിട്ടും
അളവില്ലാതെ കോപിച്ചു തന്നുടെ
കലവില്ലുമെടുത്തുടനപ്പോഴേ
ചെറു ഞാണൊലികൊണ്ടു ജഗത്രയം
കലുഷം പരിചാത്ഭുതവിക്രമൻ
അന്തണനോടുമുത്തരം ചൊല്ലുവാൻ
അന്തരമെന്യേ സാധിച്ചിടാമെന്ന-
ന്തകപുരി നോക്കി നടകൊണ്ടാ-
നന്തരാത്മനുടെ ധനഞ്ജയൻ

ദ്വിതീയപാദം സമാപ്തം.

തൃ തീ യ പാ ദം.

വെണ്മതികലമൌലി ധനഞ്ജയൻ
അംബരായണമാകുന്ന വിദ്യയാൽ
കണ്മിഴിക്കുന്ന നേരംകൊണ്ടഞ്ജസാ
ധർമ്മരാജമഹാപുരിയിൽ ചെന്നു
ധർമ്മരാജാവെ കേളൊരു ഭൂസുരൻ
ധർമ്മദാരങ്ങൾ പെറ്റ കിടാവിപ്പോൾ
നമ്മുടെ ശരക്കൂടത്തെ ഭേദിച്ചു
നിർമ്മരിയാദംകൊണ്ടിങ്ങു പോന്നതും
കിങ്കരന്മാർകൾ തങ്ങളോ ചെയ്യതു
നിന്തിരുവടിക്കൂടിയറിഞ്ഞിട്ടോ
എന്നൊയിന്നു നിരൂപിച്ചീലെങ്കിലും
എൻെറ പൂർവ്വജനാകിയ ധർമ്മജൻ
തന്നെയോ നിനച്ചീടുവാനെത്രയും
ബന്ധമുണ്ടായിതന്നീലെ പാർക്കുമ്പോൾ
ധർമ്മരാജാവെന്നുള്ളൊരു നാമവും
ധർമ്മസൂക്ഷ്മമറികകൊണ്ടല്ലയോ
നന്നു നന്നിനിയാവോളം വൈകാതെ
തന്നാലും ധരണീസുരബാലനെ
ജാതരോഷമീവണ്ണം പറഞ്ഞപ്പോൾ
പ്രേതനാഥനുമാധി മുഴുത്തുടൻ
ഏതു വിപ്രകുമാരനെന്നുള്ളതും
ഏതുമേയറിഞ്ഞീലെൻെറ ഫൽഗുനാ
എന്തു ബന്ധം നിനക്കു പരിഭവം

ഉണ്ടാവാനെന്നതേതുമറിഞ്ഞീല
എന്റെ കിങ്കരന്മാരുമീ ബാലനെ
കൊണ്ടുപോന്നീല നിർണ്ണയം നിർണ്ണയം
ശങ്കയുണ്ടു മനസ്സിലെന്നാകിലോ
ശങ്കിച്ചുള്ളൊരു നരകങ്ങളൊക്കെയും
നോക്കുകെന്നു പിതൃപതി ചൊന്നപ്പോൾ
ഉഗ്രമായ നരകകവാടങ്ങൾ
താമിസ്രാദി നരകങ്ങളിൽ ചില
പ്രേതങ്ങളുണ്ടു കാകോളം തുള്ളുന്നു
ക്ഷിപ്രമൊക്കെത്തിരഞ്ഞതിലെങ്ങുമേ
വിപ്രബാലനെക്കാണാഞ്ഞു പിന്നെയും
ഉമ്പർകോൻ തിരുമുമ്പിൽ ചെന്നപ്പോഴേ
സംഭ്രമത്തോടെ ചോദിച്ചു നേരത്തു
അമരാധിപൻതന്റെ വചനം കേ-
ട്ടമരാപുരി നീളേ തിരഞ്ഞിട്ടും
അവനീസുരബാലനെ കണ്ടീല
രക്ഷോനായകനോടു തിരഞ്ഞിട്ടും
ഇക്ഷിതിസുരബാലനെക്കണ്ടീലാ
അർണ്ണനാഥനോടന്വേഷിച്ചിട്ടമി-
യുണ്ണിയെങ്ങു പോയെന്നുമറിഞ്ഞീല
പ്രാണനോടു തിരഞ്ഞിട്ടുമുണ്ണിടെ
പ്രാണൻ പോയതിൻ മൂലമറിഞ്ഞീല
നക്ഷത്രാധിപനോടു തിരഞ്ഞിട്ടു
നഷ്ടമായ കുമാരനെക്കണ്ടീല
ഈശനോടു തിരഞ്ഞിട്ടുമേശാഞ്ഞി-

ട്ടാശ വിട്ടമരേന്ദ്രതനൂജനും
ഫണമായിരമുള്ള ഫണീന്ദ്രരോ-
ടണഞ്ഞിപ്പതിനായി മുതിർന്നപ്പോൾ
ക്ഷണനേരംകൊണ്ടങ്ങു ചെന്നീടിനാ-
നതിപൂർണ്ണമാം പാതാളലോകത്തു
പ്രണവാത്മകമായ പരബ്രഹ്മം
ഫണിരൂപമായുള്ളവും കണ്ടിതാ
വിളങ്ങീടുന്ന സങ്കർഷണമൂർത്തി
തിരുവുള്ളത്തിലോറിയ നേരത്തു
പരിതാപമൊന്നാകളിച്ചുള്ള
പരമാർത്ഥമറിഞ്ഞീല ഞാനൊന്നും
ദിക്പാലന്മാരിലെങ്ങുമേ ഇല്ലെന്നും
ബുദ്ധിയുംകെട്ടു പിന്നോക്കം പോന്നുടൻ
വക്ത്രവും താഴ്ത്തി നിന്നു കരഞ്ഞൊന്നു
വൃത്രവൈരി തനയനാമന്നേരം
ദുസ്സരമെന്നാർത്തു ഞാനിത്താഴീൽ
പുഷ്കരേക്ഷണൻ വഞ്ചിച്ചു ചെയ്തു
മതിയെന്നാലിജ്ജീവനിലൊട്ടുമേ
കൊതിയില്ലാത നേരമിരിപ്പാനും
കീർത്തി പേർപെട്ടിരിക്കയിൽ നല്ലതു
ക്ഷത്രിയർക്കു മരിക്കുന്ന നിർണ്ണയം
അഗ്നിതന്നിൽ പതിച്ചുടനിപ്പോഴേ
മൃതി കൈവരുത്തീടുന്നുണ്ടു ഞാൻ
ചെന്നു ഞാൻ കടൽവർണ്ണനോടിപ്പോഴേ
അന്യായമുണർത്തിച്ചിട്ടേ വേണ്ടതു

അപ്പോഴേയതള്ളിച്ചെയ്യുമിത്തൊഴിൽ
ഏപ്പേരുമറിഞ്ഞിലെന്നു ഭാവിച്ച്
മന്ദഹാസവും ചെയ്തു പതുക്കവേ
വന്നാലുമരികത്തെൻറ ഫൽഗുനാ
ഇത്രനാളുമെവിടേയ്ക്കു പോകയാ-
ലത്ര കാണാഞ്ഞു നിന്നെ പ്രിയസഖേ!
ജാതഖേദമീ വാർത്തകളൊക്കെയും
നാഥനോടറിയിപ്പു ഞാനന്നേരം
അതള്ളിച്ചെയ്യുമെന്നു നീയിപ്പൊ-
മാത്രം മുമ്പെപ്പറയാഞ്ഞു ഫൽഗുനാ
വഞ്ചനാപൂർത്തിവാക്കുകളിങ്ങിനെ
പുഞ്ചിരിയോടെ കേൾക്കുന്നേരത്തു
ആണല്ലാതെ വദനവും കുമ്പിട്ടു
നാണവും കെട്ടിരിക്കുന്നതില്ല ഞാൻ
കാലമൊട്ടുനാൾ ചെല്ലുന്നേരത്തു
മാലോകരറിയിച്ചിടും സ്വാമിയോ-
ടർജ്ജുനൻതൻറ സത്യം പിഴച്ചയാ-
ഗ്നിയിൽ വീണു വെന്തുപോയെന്നതു
കാലമേതും കളയാതെ ഞാനിനി
കാളമഗ്നിയിൽ ചാടുമാറെന്നാ-
ച്ചായിരം കോലുയരത്തു കത്തുവാ-
നായവണ്ണം ചമച്ചിതു കണ്ഡവും
വിറകിട്ടു നിറച്ചതിനുള്ളടെ
ജ്വലിപ്പിച്ചിതു പാവകദേവനെ
അർജ്ജുനൻറ വിശേഷത്തെ വൈകാതെ

അച്ഛനോടറിയിക്കണമെന്നിട്ടു
സ്വർഗ്ഗലോകത്തെക്കൂന്ന കണക്കിനെ
നിർമ്മിച്ചുയർന്നുള്ള ജ്വാലകൾ
ബ്രഹ്മജന്മാനുളിക്കുന്ന നേരത്തു
കർമ്മവാസനാ നിത്യം കണക്കിനെ
അംബരത്തോടൊരുമിച്ചു കത്തുമ്പോൾ
ധൂമമൊക്കയും നീങ്ങി ക്രമത്താലെ
വിളങ്ങീടുന്നൊരഗ്നിയെ വന്ദിച്ചു
വലവൈരിതനൂജനാമന്നേരം
അഴകോടൊത്ത പൊയ്കയിൽ ചെന്നുടൻ
മുഴുകി പരിശുദ്ധി വരുത്തിനാൻ
വിലസീടുന്ന പാണിതലങ്ങളിൽ
തുളസീദളംകൊണ്ടു നിറച്ചുതേ
കുലവില്ലും ചുമലിലെടുത്തുടൻ
നിർമ്മലമായ മാറുമുടുത്തുടൻ
കിഴിഞ്ഞീടിന വാർകുഴൽതന്നില-
ഞൊഴുകീടുന്ന വാരികണങ്ങളും
ഹർഷാശ്രു വഴിഞ്ഞു നിരന്തര
വരി നീണ്ട വിലോചനാംഗിയും
കൃഷ്ണനാമം ജപിക്കുന്ന നേരത്ത-
ങ്ങൊട്ടൊട്ടു കാണും ഭക്തൃതികളും
അർജ്ജുനനൊത്ത വേഷം നിരൂപിച്ചാ-
ലതിമോഹനമെന്നേ പറയാവൂ
കരുണാകരമൂർത്തി മുകുന്ദന്റെ
ചരണാംബുജമുള്ളിലുറപ്പിച്ചു

പരമാനന്ദത്തോടെയടുത്താന-
ങ്ങെരിഞ്ഞിടുന്നോരഗ്നികുണ്ഡത്തിങ്കൽ
വലഭാഗം ചുഴന്നു ചുഴന്നോരനം
ജ്വലിച്ചീടുന്നോരഗ്നിഭഗവാനെ
വലംവെച്ചു വണങ്ങി വിരവോട-
ങ്ങഞ്ജലി പൂണ്ടിവണ്ണം കഥിതിനാൻ
വിശ്വനായക നിന്നുടെ ഭക്തനാ-
മഞ്ജുനാഥിതാ വഹ്നിയിൽ ചാടുന്നു
ചിത്തമോഹമശേഷമകന്നു ഞാൻ
ചിത്സ്വരൂപത്തിൽ ചെന്നു ലയിക്കേണം
ഇത്താനാമൂർത്തിയോടീവണ്ണം പ്രാർത്ഥിച്ചു
ധ്യാനശക്തിയുറപ്പിച്ചു പിന്നെയും
ഏഴു രണ്ടു ഭുവനമശേഷവും
മുഴവേ നിറഞ്ഞീടിന മായയെ
കള്ളമെന്നിയേ കാണേണമെന്നിട്ടു-
ള്ളിലുമേവ ദൃഷ്ടി തുറന്നുടൻ
അല്ലൽ തീർന്ന മനസ്സോടുകൂടവേ
നല്ല ഭാസ്കരബിംബത്തിലാക്കിനാൻ
വിഷയങ്ങളിൽ പിന്നെയും പിന്നെയും
ഉഴന്നിടുന്നോരിന്ദ്രിയമോരോന്നെ
കാരണങ്ങളിൽ ചേർത്തു ലയിപ്പിച്ചു
കാര്യകാരണഭേദമറിയാതെ
പരമാനന്ദവൻകടൽതൻകരെ
പെരുമാറിത്തുടങ്ങിയ നേരത്തു
ഇക്കാണാകിയ വിശ്വമശേഷവും

ഉൾക്കരളിലുദിച്ചോരു തത്വവും
അക്ഷീണമായ ഭാസ്കരബിംബവും
അഗ്രേ കാണുന്നോരഹിശേശയനും
മൂർത്തി മൂന്നിനും മൂന്നായ വേദവും
സത്യവാസിയാം ശ്രീഗുരുനാഥനും
ജ്ഞാനമെന്നുമേ ഭേദമില്ലെന്നോരു
ജ്ഞാനമുള്ളിലുറച്ച വിജയനും
ഇപ്രപഞ്ചഭ്രമങ്ങളശേഷവും
ഭിക്ഷവിഭ്രമംപോലെ തെളിഞ്ഞുടൻ
ഉന്നിയുന്നിയുറപ്പിച്ചൊരുത്തു
പന്നഗേന്ദ്രനമരുന്ന ഗാത്രപോൽ
അന്നേരം ഭഗവാശ്ചര്യനാം മുകിൽ-
വർണ്ണനാം തിരുവുള്ളത്തിലോർത്താൻ
വാജിമേധമഹാമഖശാലയി-
നാളു തെട്ടിയെഴുന്നോരു നേരത്തു
അയ്യയ്യോ കഷ്ടമെന്റെ ധനഞ്ജയ
തിയ്യിലായിപ്പോളെന്നതും ചൊല്ലുടൻ
കടൽവർണ്ണനും കണ്ണീർ നിറഞ്ഞുട-
നിടനൊന്നു വിറച്ചു വിവശനായ്
അമ്പിനേക്കാളധികമുഴറോടെ
അംബുജാക്ഷനെഴുന്നള്ളും നേരത്തു
അമ്പിനോടു ജ്വലിച്ചിടുമഗ്നിയെ
അംബരത്തോടൊരുമിച്ചു കാണായി
അഗ്നിജ്വാലകളോട്ടൊട്ടു തട്ടമാ-
ർജ്ജുനന്റെ നിലവാടും കാണായി

അന്തികേ ചെല്ലും മുമ്പേ ധനഞ്ജയൻ
വെന്തുപോമെന്നിട്ടിത്ഥമരുൾചെയ്തു
വത്സ വത്സ വിജയ സഖേ സഖേ!
പാർത്ഥ പാർത്ഥ ധനഞ്ജയ ഫൽഗുനാ!
അവിവേകം തുടങ്ങൊല്ല നിന്നുടെ
സഖിയല്ലയോ ഞാൻ പശുപാലകൻ
ഉലകീരേഴും കീഴ്മേൽ മറിപ്പാനും
പണിയില്ല നിനക്കു ഹിതമെങ്കിൽ
പിഴയേതാനും ചെയ്തുപോയെങ്കിലും
കഴിവുണ്ടല്ലോ കൂടി നിരൂപിച്ചാൽ
കരവുമുള്ളൊന്നു ബോധമുള്ളവനൊന്നു
ധരിച്ചല്ലോയിരിക്കുന്നു നീയെടോ!
ബന്ധം കൂടാതെ നിന്റെ ഹിതത്തിനു
ഉതകുംവണ്ണമച്ചെയ്തതും ഞാനല്ലോ
തേർത്തടത്തിൽ തളർന്നു നീ വീണപ്പോൾ
ഉണർവ്വെപ്പിച്ചുകൊണ്ടതും ഞാനല്ലോ
പോർക്കളത്തിൽ ജയിപ്പിച്ചു നല്ലൊരു
കീർത്തിയുണ്ടാക്കിത്തന്നതും ഞാനല്ലോ
ഇത്ര പീഡിച്ചതൊക്കെ മറപ്പതി-
നിത്ര പാരുഷ്യമെന്തെന്റെ ഫൽഗുനാ!
ഇപ്രതിജ്ഞ നിനക്കു ഫലിപ്പിപ്പാൻ
കല്പിച്ചാലെന്തു ദണ്ഡം നമുക്കെടോ!
മുടിഞ്ഞീടൊല്ല വല്ലാതെ ചെന്നു നീ-
യടങ്ങീടെന്നരുളുന്നു മാധവൻ
ഉൾക്കോപംകൊണ്ടങ്ങോട്ടു ചാടിയോ-

ലിതകോപംകൊണ്ടിതൊട്ടു പോരാമോ?
പരിപാലിച്ചുകൊൾക നീ ദേഹത്തെ
പരിപാലിച്ചുകൊൾവൻ ഞാൻ കീർത്തിയെ
പലജാതിയിവണ്ണം പാരകയും
വളകൾ തിരുകയ്യിൽ കിലുങ്ങിയും
പീലിക്കാർ കുന്തൽ കെട്ടഴികയും
പട്ടു പൂന്തുകിലൊട്ടൊട്ടഴികയും
കതനൊച്ചൊല്ലി മണ്ടിക്കിതക്കയും
പങ്കജാക്ഷൻ തിരുമനക്കാമ്പിങ്കൽ
സങ്കടങ്ങളിതെന്തേ പറയാവൂ
ഇവയൊക്കെ നടിച്ചുകൊണ്ടേറവും
കപടസ്വാമി ചെന്നങ്ങടുക്കവേ
നിർവികല്പസമാധിസുഖത്തെയും
നിർവികല്പമനുഭവിച്ചങ്ങുനാൻ
പരമാനന്ദവാരിധിതന്നിലെ
തിരമാലയിലോളംകളിച്ചുടൻ
വ്യക്തമാക്കിയുറപ്പിച്ച പൂമാല
യാകാശത്തോളമാരാധിച്ചപ്പോഴേ
മായാമാനുഷമൂർത്തിയെക്കാണാതെ
ആയുധത്തോടെയൊന്നു നതിച്ചുടൻ
തീക്കുഴിതന്നിൽ ചാടുവാനൊരുമ്പോൾ
തൃക്കൈകൊണ്ടു പിടിച്ചൊരു വില്ലോടു
കണ്ഠത്തിങ്കടെ പിന്നോക്കിൽ വീണതേ
പാണ്ഡുനന്ദനനെന്തൊരു വിസ്മയം
ജാതസംഭ്രമമപ്പോഴേ കണ്മിഴി-

ച്ചാളിനാഥൻമുഖത്തു നോക്കീടിനാൻ
ഇററിററുവീഴുമശ്രുക്കളോടുമായ്
ചെററു ഖേദിച്ചിവണ്ണമുരചെയ്താൻ
സമസ്തേശ്വര നിന്നുടെ മായയിൽ
ഭ്രമിപ്പിച്ചതലമലമിന്നു നീ
ദൃഷ്ടിത്തിരിയ്ക്കാതെ പാത്രമാമെന്നുടെ
ദുഷ്ടമേഘമിപ്പോഴ് വഹ്നിയിൽ
ദഹിപ്പിപ്പാനനുഗ്രഹിയ്ക്കേണമേ
അതുവേണമെന്നിയ്ക്കിനി നിർണ്ണയം.
തിരുവുള്ളമൊരുപൊഴുതുണ്ടെങ്കിൽ
ഇതുപോരുമെനിയ്ക്കു കൃപാനിധേ!
ഫൽഗുനൻറെ പരിഭ്രമം കണ്ടിട്ടു
ഫൽഗുവാംവണ്ണമേവമരുൾചെയ്തു
അനലങ്കൽ പതിച്ചാൽ നിനക്കൊരു
ഫലം മേലിൽ വരായെന്നു നിർണ്ണയം
ലോകവാസം മതിയായിട്ടെങ്കിലോ
ലോകസിദ്ധി വരുത്തിക്കൊൾ വൈകാതെ
കീർത്തിനാശം വരാഞ്ഞതിനെങ്കിലോ
പാർത്തുപായമുണ്ടിത്തൊഴിലൊന്നിയേ
നാണക്കേടു വലുതായിട്ടെങ്കിലോ
ജ്ഞാനമില്ലേ നിനക്ക മഹാത്മാവേ!
വിപ്രബാലരെക്കാണാഞ്ഞിട്ടെങ്കിലോ
പത്തിനെയുമൊരിയ്ക്കലേ കാട്ടുവൻ
മതിപോരായിതാനുമെന്നാകിലോ
പതിച്ചീടുക വഹ്നിയിൽ വൈകാതെ

കൃഷ്ണഭാഷിതമീവണ്ണം കേട്ടപ്പോൾ
ജിഷ്ണുതാനുമുരചെയ്തു മെല്ലവേ
മിത്രമായതു ഞാനതിനൊക്കെയും
പാത്രമിന്നടിയൻ കരുണാംബുധേ!
പിഴച്ചീടുന്നതൊക്കെയും നിന്തിരു-
വടിയിന്നു ക്ഷമിച്ചരുളേണമേ
അഭിമാനം കളവതിനെൻപോററി
അടിയത്തോടു കാട്ടിയതൊക്കെയും
മതിയില്ലഭിമാനം മുഴക്കുമ്പോൾ
ഇതു ചിന്തിച്ചുകൊള്ളവിരോധതം
പോക നാമിവിടുന്നതിദൂരത്തു
ചൂടുതട്ടുന്ന പാരമനാലരൻ
പാർത്ഥവാക്യം ചെവിക്കൊണ്ടു കാരണ-
മൂർത്തി പൊട്ടിച്ചിരിച്ചുപോയന്നേരം
പാർക്ക നീയെന്നുരചെയ്തു മെല്ലവേ
തൃക്കരത്തിൽ കരുതിയ നേരത്തു
തേർ കുതിരകൾ സൈന്യങ്ങളും വന്നു
മേഘപുഷ്പകവാഹകന്മാരെക്കൊ-
ണ്ടിണചേർത്തു വിലാസമെഴുന്നൊരു
മണിത്തേരുംകൊണ്ടംബരമാർഗ്ഗമേ
സംഭ്രമത്തോടെ ദാരുകനും തിരു-
മുമ്പിലാമ്മാറു വീണു വണങ്ങിനാൻ
പൊന്മാലമുകൾപ്പാട്ടിലുമന്നീടും
അംബുദത്തെക്കണക്കെ തെളിവിനോ-
ടംബുജാക്ഷനതാനർജ്ജുനനോടുമാ-

യമമഹാരഥമേറി നിരാകുലം
അംബരാന്തം മുഴങ്ങുമാറത്ഭുതം
കംബുനാദം മുഴക്കി ജഗത്ത്രയം
കന്മഷാപഹനായി മരുവിടും
ചിന്മയൻ പുരുഷോത്തമനവ്യയൻ
അംബരമാർഗ്ഗത്തൂടെ പടിഞ്ഞാറോ-
ട്ടുഴറിയെഴുന്നെള്ളിത്തുടങ്ങിനാൻ.

തൃതീയപാഠം സമാപ്തം.

ചതുർത്ഥപാഠം.

എങ്കിലോ പണ്ടു പാർത്ഥനും താനുമാ-
യ്പങ്കജേക്ഷണനന്നു തേരിൽ കരേറിനാൻ
ഭൂദേവന്റെ കിടാങ്ങളെയന്വേഷി-
ച്ചാകാശമാർഗ്ഗത്തൂടെ ഗമിക്കുമ്പോൾ
വായുമാർഗ്ഗത്തിൽനിന്നു ധരിത്രിയെ
ആയിരക്കാതം താഴത്തു കാണായി
അഷ്ടനാഗന്മാരെയും നിരക്കവേ
വഷ്ടമാരോരോന്നേ വെവ്വേറെ കാണായി
പൊന്നിൻമാമല രത്നപ്രഭപോലെ
പിന്നിലായിട്ടു ദൂരത്തു കാണായി
ചന്ദ്രാദിത്യന്മാർ ചുറ്റും നടപ്പതും
അംബരമാർഗ്ഗത്തിങ്കന്നു കാണായി
ലോകനാഥന്റെ തേരും പതുക്കവേ
ലോകാലോകം കടന്നു നടന്നതേ

ആരും മുന്നമേ കണ്ടറിയാതൊരു
കൂരിരുട്ടിലകപ്പെട്ടിതന്നേരം
തേർ കുതിരകളാകുലപ്പെട്ടുടൻ
തേർത്തടമൊന്നു ചക്രം തിരിഞ്ഞുതേ
എള്ളുവാറിതെന്നോർത്തതിധീരനാം
കുന്തിപുത്രനുമൊന്നു ഭയപ്പെട്ടു
ഇക്കൈകൊണ്ടു പിടിച്ചു പതുക്കവേ
ചക്രപാണിയതാഠം ചെയ്യിതന്നേരം
കണ്ണുകാണായ്കകൊണ്ടു മനസ്സിങ്കൽ
ഖേദമേതാനുമുണ്ടോ ധനഞ്ജയ!
കണ്ണാ! നിന്തിരുമേനി കാണായ്കയാൽ
കണ്ണിനാനന്ദമില്ലതു സങ്കടം
എത്ര ദിക്കിലകപ്പെട്ടു നാമെന്ന-
തെല്ലുമേയടിയന്നു തോന്നീലാ
അന്ധകാരം നിരൂപിച്ചുകാണുമ്പോൾ
അന്ധതാമിസ്രം നല്ല വെളിവത്രേ
കേൾക്ക പാണ്ഡവ! നമ്മുടെ ദിക്കിൽനി-
ന്നെത്ര പോന്നു വഴിയെന്നു തോന്നുന്നു
ഏകദേശമൊരമ്പതിനായിരം
യോജന വഴി പോന്നിതു നിർണ്ണയം
അമ്പതോ ശിവ! ലക്ഷവും കോടിയും
അമ്പതൊട്ടും കഴിഞ്ഞു ധനഞ്ജയ!
ലോകാലോകം കടന്നു പടിഞ്ഞാറേ
ഭാഗത്തായി നാമെന്നറിഞ്ഞാലും
ലോകാലോകത്തെയർക്കന്റെ തേജസ്സും

ലോകാലോകത്തിനപ്പുറമില്ലെടോ!
ലോകം പാതിയലോകവുമാകയാൽ
ലോകാലോകമിതെന്നു പറയുന്നു
വിശ്വനാഥനിവണ്ണം പറഞ്ഞപ്പോൾ
വിസ്മയപ്പെട്ടു വന്ദിച്ചു ഫൽഗുനൻ
അർജ്ജുനന്റെ പരിശ്രമം പോക്കുവാൻ
ഇച്ചക്രത്തെ സ്മരിച്ചു ഭഗവാനും
ഉച്ചനേരത്തെയാദിത്യമണ്ഡലം
പത്തുനൂറു സഹസ്രമൊരുമിച്ചു
വിശ്വവ്യാപ്തമാകുന്ന കണക്കിനെ
ഉച്ചത്തിൽ വന്നുദിച്ചിതു ചക്രവും
അപ്രഭാവമശേഷമറിഞ്ഞു
തങ്ങളീശചരിതത്തിലെന്നിയേ
സഹസ്രാരത്തെക്കണ്ടു ഭയപ്പെട്ടു
സഹസ്രേക്ഷണപുത്രനന്നേരം
ജ്വാലമാലകൾ കണ്ണിൽ തട്ടുന്നു
നാലുഭാഗത്തു നോക്കുന്നനേരത്തു
മിഴിച്ചാലുമടച്ചാലുമില്ലാത
കഴിവെന്റെ ഭഗവാനെ!യെന്നിതു
ഈവണ്ണം കുരുവീരൻ പറഞ്ഞപ്പോൾ
ഭാവം നോക്കിച്ചിരിച്ചു ജനാർദ്ദനൻ
തീയതു ചുരുക്കേണം പ്രഭയെന്നു
ദേവദേവൻ കടാക്ഷമറിഞ്ഞപ്പോൾ
ചണ്ഡവേഗം പുറപ്പെട്ട രശ്മികൾ
മണ്ഡലത്തിങ്കലാക്കിയൊരാദിത്യൻ

മണ്ഡലത്തിങ്കലുള്ള പ്രഭകൊണ്ടു
പാണ്ഡവന്നു പ്രകാശവുമുണ്ടാക്കി
കാരണജലത്തൂടേ തിരുമുമ്പിൽ
ദൂരെ ദൂരേ നടന്നു സുദർശനം
അനേകത്തായ നൂറുനൂറായിരം
പൂർണ്ണചന്ദ്രന്മാർ വന്നുദിക്കുംപോലെ
ദൂരത്താമമാറു കാണായി തന്നുടെ
കാരണമായൊരാനന്ദതേജസ്സു
പാർത്ഥ! പാർത്ഥ! വിജയ! സഖേ! സഖേ!
പാർത്തുകാൺക പുരുഷാർത്ഥവസ്തുവെ-
ന്നാത്തമോദമരുൾചെയ്തു വേഗത്തിൽ
തേർത്തടത്തിന്നിറങ്ങി ജനാർദ്ദനൻ
എന്നതിൽപരമുള്ള വിശേഷങ്ങൾ
എന്തു ഞാൻ പറയേണ്ടു ദൈവമേ!
വിശ്വസാക്ഷിയായ് സത്യമായ് നിത്യമായ്
സച്ചിദാനന്ദമായ പരബ്രഹ്മം
കണ്ടുകണ്ടങ്ങിരിക്കവേ കൃഷ്ണന്മാർ
കണ്ടു വൈകുണ്ഠലോകമതിൽതന്നെ
പത്തുനൂറുസഹസ്രം കിരണന്മാർ
ബദ്ധമോദമുദിക്കും കണക്കിനെ
വിളങ്ങീടും നിരക്കവേ താഴിക
കുടങ്ങളതി ദൂരത്തു കാണായി
കനകക്കൊടി തന്റെ മുകൾപ്പാട്ടിൽ
ഖഗരാജനിരിപ്പതും കാണായി
കൊടിക്കൂറകളൊപ്പമിയലുന്ന-

തിടക്കൂടിപ്പലതരം കാണായി
പ്രളയാംബുധിനാദം കണക്കിനെ
വലിപ്പത്തിലൊരാഘോഷം കേൾക്കായി
ഇടക്കൂടി വണങ്ങിയും വന്ദിച്ചും
അട്ടത്തങ്ങു പോയ് ചെല്ലുന്ന നേരത്തു
സ്ഫടികംകൊണ്ടും വിദ്രുമംകൊണ്ടുമ-
ങ്ങിടചേർന്ന കിടങ്ങുകൾ കാണായി
മതിബിംബത്തോടൊപ്പമിയലുന്ന
മതിൽക്കൂട്ടങ്ങൾ വെവ്വേറെ കാണായി
മതി പോരാതെ നോക്കുന്നു പിന്നെയും
മതിപോരാ നമുക്കിതു വാഴ്ത്തുവാൻ
നിരക്കെ മണിഗോപുരപംക്തികൾ
തിരപോലെ പ്രകാശിച്ചു കാണായി
നിലവെവ്വേറെ മേല്പോട്ടു നോക്കിയാൽ
നിലയില്ല മനസ്സിനും കണ്ണിനും
വിസ്മയത്തിൽ ചമച്ചു കിടക്കുന്ന
രത്നസോപാനമാർഗ്ഗങ്ങളിൽ ചില
ഭക്തന്മാരുടനങ്ങോട്ടുമിങ്ങോട്ടും
ബദ്ധാനന്ദം നടപ്പതും കാണായി
യോഗമാർഗ്ഗങ്ങൾ പോലെ ശിവ! ശിവ!
രാജമാർഗ്ഗങ്ങളൊക്കെയും കാണായി
ആളിവൃന്ദം മുരണ്ടു മുരണ്ടുടൻ
ഹരിഗാഥകൾ ചൊല്ലി നടക്കുന്നു
ശംഖചക്രം ധരിച്ചു പുരുഷന്മാർ
സംഖ്യയില്ല മഹാപുരിചൂഴവും

സംഖ്യയില്ലാതെ കാമിനിമാരുമു-
ണ്ടേറമില്ലാ പറഞ്ഞാലൊരോതരം
മജ്ജനാസ്പദമുണ്ടു ബഹുവിധം
സജ്ജനഹൃദയംപോലെ വെള്ളവും
ഭേരിപ്പൂണ്ടുള്ള പക്ഷിമൃഗങ്ങളും
ചിത്രമോഹനമുദ്യാനഭൂമിയും
സരസീരുഹകന്യകാന്തന്നുടെ
ചരണങ്ങൾ പതിഞ്ഞു കിടക്കുന്ന
വള്ളീഷുനിരക്കവേയാനന്ദി-
ച്ചിളകാതെയിരിക്കുന്ന ഭോഗന്മാർ
പച്ചക്കൽകൊണ്ടു വിദ്രുമസപത്രമാ-
ല്ലൂത്തിവെച്ചൊരു പാവകളെപ്പോലെ
ആയിരക്കാൽമണിമയമണ്ഡപം
മുഴങ്ങി സ്തുതിഘോഷമൊരേടത്തു
ശ്രീപാദത്തിങ്കൽ വീണു നമിക്കയി-
ലാവശ്യം മനതാരിൽ മുഴക്കയാൽ
ആരതെന്നു കരുതി നടകൊണ്ടാർ
നരനാരായണന്മാരിരുവരും
സച്ചിദാനന്ദമൂർത്തി മുകുന്ദന്റെ
നിത്യസന്നിധിയുള്ള പ്രദേശത്തു
കൃഷ്ണപാർത്ഥന്മാർ ചെന്നോരു നേരത്തു
വിസ്മയങ്ങൾ പറവാൻ പണിപണി
രത്നകോടിപ്രഭാപടലംകൊണ്ടു
ചിത്രമായെഴുമാസഭാമണ്ഡപം

ഇന്ദ്രനീലമകലമെന്നുള്ളതും
തീൎത്തുകൂടായി ദിവ്യമാകാശമേ
മുകതിയെന്നു പറയുന്നതെല്ലാതും
ഇതുമൊന്നറിയാതെ പാൎക്കുമ്പോൾ
അതുകണ്ടങ്ങിരിക്കവേ പിന്നെയും
അതിന്മേലൊരു വിസ്മയം കാണായി
വെള്ളിമാമലമേലെയും മേലെയും
മണ്ഡപാകൃതി പൂണ്ടുകിടക്കയോ
വെള്ളികൊള്ളുന്ന പാൽക്കടൽ തന്നിലെ
വെള്ളംതന്നെ പരന്നു കിടക്കയോ
നിൎണ്ണയിച്ചു പറവാനരുതേതും
പന്നഗേശ്വര നിന്നെ വണങ്ങുന്നേൻ
ഭദ്രപീഠം പരിചരമാകുന്ന
സൎപ്പരാജനെന്നിവണ്ണം കൂപ്പുന്നേൻ
ഇണ്ടലെന്നിയെ പിന്നെയൊരത്ഭുതം
കണ്ടവൎക്കിതാ ഞാനൊന്നു കൂപ്പുന്നേൻ
ഇന്ദ്രനീലനിറത്തിലൊരായിരം
ചന്ദ്രമണ്ഡലമൊന്നിച്ചുദിക്കയോ
കാരുണ്യാമൃതവൎഷം പെയ്യുന്ന
കാളമേഘം നിരന്നങ്ങിരിക്കയോ
ബ്രഹ്മാനന്ദമെന്നുള്ള പരമാൎത്ഥം
ശ്യാമവൎണ്ണത്തിൽ പ്രത്യക്ഷമാകയോ
നാലുഭാഗത്തും നോക്കുന്ന നേരത്തു
നീലവൎണ്ണപ്രപഞ്ചവുമന്നേരം
വിശേഷസംക്രുടിയില്ലാതെ കൃഷ്ണന്മാർ

വിശ്വനാഥനെക്കണ്ടു സുഖിച്ചതേ
പങ്കജാക്ഷന്റെ മീതെയൊരായിരം
വെൺകൊറ്റക്കുട തീർത്താനനന്തനും
ഫണരത്നങ്ങളൊക്കെ നിരക്കവേ
മകുടത്തിന്നു ശോഭയായീടുന്നു
നവരത്നക്കിരീടം നിനയ്ക്കുമ്പോൾ
നവസൂര്യന്നു ലജ്ജ മുഴക്കുന്നു
ചന്ദ്രാദിത്യന്മാർതന്നെ തിരുമിഴി
നിർണ്ണയമതിന്നാധാരം കാണുന്നു
മുക്തിയെക്കൂട ശ്രദ്ധയില്ലാതൊരു
ഭക്തന്മാരിൽ കടാക്ഷം പതിക്കുമ്പോൾ
ഉൾത്താപങ്ങൾ കൂട്ടുന്നിതപ്പോഴേ
ചിത്തപത്മങ്ങളൊക്കെ വിടരുന്നു
ചന്തമേറുന്ന ബാലാദിത്യനും
വെണ്ണിലാവു പരക്കുന്നതുപോലെ
ദന്തപംക്തിപ്രകാശവും മോഹന-
മന്ദഹാസവിലാസവും കാണുന്നു
കനകാദ്രിയോടൊത്ത ശിഖരത്തിൻ
ശിഖരങ്ങളുടന്ന കണക്കിനെ
ഉത്തമാംഗം ചുമലിലഴിഞ്ഞൊരു
പൂങ്കുഴൽ കണ്ടു വീണു വണങ്ങിനാർ
മണിത്തോളിന്നു തൃക്കൈവിരൽ നഖം
അടിയോളം പ്രകാശിച്ചു മേവിനാർ
മാലാഗന്ധവും മേന്മേലെ കാണായി
താരകംതന്നെ മാലകളാകയോ

ഹാരമോ തിരുമാറിൽ കിടപ്പതു
വിശ്വരൂപമാം നാഭിസരോജത്തെ
നിത്യമായൊരുപോലെ വിടത്തുവാൻ
സത്യമായൊരു ഭാസ്കരബിംബത്തെ
കൌസ്തുഭമെന്നു പേർ പറഞ്ഞീടുന്നു
തിരുമാറിൽ ധരിത്രിയിൽ മുമ്പുള്ള
മറുവും വലഭാഗത്തു കാണായി
എട്ടു ദിക്കിലും കൈകൾ നിറഞ്ഞവ
എട്ടുകൈകളുണ്ടൊരുത്തു കാണായി
കടകാംഗുലീയങ്ങൾ നിറഞ്ഞുതി-
ലിടയിൽ ശ്യാമമേറെ ജ്വലിക്കുന്നു
ചതുർവ്വേദവും ഘോഷിച്ചു നാഭിയിൽ
ചതുരാനനൻ താനങ്ങിരിപ്പതും
പൊന്മയമായ കാഞ്ചികൾ പൂഴവും
പത്മരാഗമരതകശോഭയും
മിന്നൽപോലെയപ്പീതാംബരങ്ങളും
പന്നഗേന്ദ്രന്റെ ധാവള്യസീമയും
ഇടകൂടിത്തിരുമേനികാന്തിയും
കൂടിയൊപ്പം പ്രകാശിച്ചു കണ്ടപ്പോൾ
പഞ്ചവർണ്ണത്തിൽ ചെന്നലയിച്ചൊരു
പഞ്ചഭൂതങ്ങളോടെ വണങ്ങിനാർ
ഭക്തന്മാരുടെ ചിത്തമലർതന്നി-
ലഞ്ജനമണിസ്തംഭം കണക്കിനെ
ഭംഗിചേന്ന കണങ്കഴൽ കാണായി
തുളസീദളംകൊണ്ടു നിറഞ്ഞുടൻ

വിലസിടും പുറപ്പാടിന്നുപരം
നിസ്തുലബ്രഹ്മവസ്തുസ്വരൂപമായ്
മുത്തുപോലെ നഖമണിശോഭയും
സകലത്തിനുമാധാരമായൊരു
സകളാകൃതി പൂണ്ട പുരുഷനൊ
ധൂമംവേർപെട്ട പാവകനെപ്പോലെ
ശ്രീമൽകേശാദിപാദവും കാണായി
സമീപസ്ഥലങ്ങളും ഭൂമിയു-
മിതുഭാഗമിതെന്നതല്ലീടുന്നു
അരികേ തന്നെ നാരദമാമുനി
ഹരിഷാശ്രു പൊഴിഞ്ഞു ശിവ!ശിവ!
പരബ്രഹ്മംകൊണ്ടഗ്രേ വിളങ്ങുന്ന
പരബ്രഹ്മത്തെസ്സേവിച്ചു നിൽക്കുന്ന
തിരുവായുധമൂർത്തികളൊക്കെയു-
മിതുഭാഗമിതെന്നതല്ലീടുന്നു
ശില്പമേറും വിമാനങ്ങളിൽച്ചെന്നു
മേൽഭാഗത്തു നിറഞ്ഞു സുകൃതികൾ
പ്രളയംപോലെ വാരിപൊഴിയുന്ന
തുളസീദളപുഷ്പവും കാണായി
അത്തരമൊരത്ഭുതം കണ്ടവ-
രതിവിസ്മയമെന്നേ പറയാവൂ
ഉരഗാധിപമെത്തമേൽക്കാണായി
ധരണീസുരബാലകന്മാരെയും
അംബുജമകൾ തന്റെ മടിയിൽച്ചെ-
ന്നമ്മയെന്നു വിളിക്കുന്നിതു ചിലർ

ശ്രീദേവിയെടുത്തൊരു ബാലനെ-
യോമനിച്ചു മുല കൊടുത്തീടുന്നു
സച്ചിദാനന്ദമൂർത്തിയെച്ചെന്നിട്ട-
ങ്ങച്ഛനെന്നു വിളിക്കുന്നതിൽ ചിലർ
ത്തെക്കൈകൊണ്ടു പതുക്കെയെടുക്കുമ്പോൾ
ബോധാനന്ദമുറങ്ങുന്നിതു ചിലർ
നാരദമുനി ഭാവവിശേഷങ്ങൾ
നോക്കി നോക്കിച്ചിരിക്കുന്നിതു ചിലർ
ആനന്ദം തന്നെ പോലൊരു ബാലനെ
ആനന്ദൻമേൽ വിശേഷിച്ചു കാണായി
ഇതു കാൺക ധനഞ്ജയ! നമ്മുടെ
പൃഥിവീസുരബാലകന്മാരെയും
യദുനാഥൻ പാർത്ഥനപ്പോളിങ്ങനെ
അതിമോദമിയന്നു നിരൂപിച്ചാൻ
ഇവിടം വിട്ടുപോവാനിനിക്കൊരു
വഴിയായതിക്കണ്ടതു ദൈവമേ!
ബ്രഹ്മാനന്ദത്തെക്കാളുമധികമി-
ക്കർമ്മമെന്നതു വന്നു ശിവ! ശിവ!
എന്നിവണ്ണം നിരൂപിച്ചു മാനസേ
കണ്ണുനീരാൽ വഴിഞ്ഞൊഴുകിയും
ഹരിഗോവിന്ദ! ഗോവിന്ദ! ഗോവിന്ദ!
പരിപാലയ പാലയ പാലയ
പലജാതിയിവണ്ണം സ്തുതിച്ചും
പരമാനന്ദരൂപത്തെ നോക്കിയും
മദ്ധ്യേമദ്ധ്യേ നമസ്കരിച്ചും പിന്നെ

ജാതിയോടേയുഴന്നൊരു കുട്ടിയും
നാരായണന്മാരിവരെ
തൃക്കണ്ണോർത്തങ്ങു ജഗന്നാഥനം
തന്നെത്താൻ കണ്ടപോലെ മുകുന്ദനാ-
മന്യോന്യം തങ്ങളിൽ കണ്ടോരനേരത്തു
സ്വാമിഭൃത്യന്മാരെന്നു കണ്ടില്ലൊ
പ്രേമവും ബഹുമാനവും ഭാവിച്ചു
പാദപത്മത്തിൽ വീണു നമിച്ചപ്പോ-
ളതിമോഹനമെന്നോ പറയാവു
തൻപാദം കുമ്പി നില്ക്കുന്നവരോടു
ഗാംഭീര്യമെഴുമധിനാഥനരുൾചെയ്തു
ഉണ്ണി കൃഷ്ണ! ധനഞ്ജയ! നിങ്ങൾക്ക
ണ്ടയംകൂടാതെ നല്ല സുഖമല്ലി
ങ്ങളു നമ്മുടെ നാരദാദികൾ
പൃഥ്വിയും പരിപാലിച്ചിരിപ്പോരോ
നിങ്ങളിപ്പോളിവിടെ വരുമെന്നു
മുന്നമിങ്ങറിഞ്ഞെത്രയുമിന്നു നാം
ബന്ധമോ പറയേണമെന്നില്ലല്ലോ.
ഹന്ത! കണ്ടാലും വിപ്രകുമാരരെ
നിങ്ങളിങ്ങധികത്തു വരുവാനും
നിങ്ങടെ ധർമ്മബുദ്ധിയറിവാനും
മുമ്പനായൊരു വിപ്രന്റെ ബാലരെ
പത്തിനെയുമിവിടെ വരുത്തി ഞാൻ
അപ്പൊഴേത്തൊട്ടു കാൺക കിടാങ്ങളെ
ക്രമത്താലെ വയസ്സും വളർച്ചയും

നിങ്ങളെയരികത്തിങ്ങു കാൺകയാൽ
കണ്ണിനാനന്ദം വന്നു നമുക്കിപ്പോൾ
ഇനിയൊട്ടുമേ കാലവും വൈകാതെ
അങ്ങു പോയാലുമുണ്ണികളുമായി
എന്നീവണ്ണം പറഞ്ഞു കിടാങ്ങളോ-
ടങ്ങു നിങ്ങടെയച്ഛനമമ്മയും
നിങ്ങളെച്ചൊല്ലി ദുഃഖിച്ചിരിക്കുന്നു
ഇങ്ങിതവശമാക്കോക നിങ്ങളും
പെട്ടന്നീവണ്ണം കേട്ടോരു ബാലന്മാർ
പൊട്ടിപ്പൊട്ടി കരഞ്ഞിതെല്ലാവരും
ഞങ്ങൾക്കച്ഛനമമ്മയുമുണ്ടല്ലോ
ഞങ്ങൾ പോകയില്ലെന്നുമറിഞ്ഞാലും
കണ്ണിമയാതെ നാഥൻ മുഖംതന്നെ
നോക്കി നോക്കിക്കരയും കിടാങ്ങളെ
ആകുലം തീർത്തു മെല്ലെത്തഴുകിനാർ
ലോകമാതാക്കന്മാരക്കുന്നേരം
നിനയ്ക്കുംതോറും പിന്നെയും പിന്നെയും
നിനച്ചേറാം തളർന്നിതു ബാലന്മാർ
പോവാനേതും കൊതിയില്ലവർക്കിന്നു
ആവതില്ലെന്റെ കൃഷ്ണ! നിരൂപിച്ചാൽ
ആരുമപ്പാട്ടു കേട്ടു മുകിൽവർണ്ണ-
നങ്ങൾചെയ്ത മനോഹരമാംവണ്ണം
മെയ്യപ്പാടേതുമില്ലടിയത്തിന്നാ-
ങ്ങയച്ചാലവർ പോന്നീടും നിർണ്ണയം
കള്ളനോ കളവുള്ളതറിയാവൂ

ഉള്ളുകൊണ്ടു രസിച്ചാരിരുവരും
വിഷ്ണുരൂപത്തിലുള്ളോരു മായയെ
കൃഷ്ണരൂപത്തിലാക്കിയരുൾചെയ്തു
പൊയ്ക്കൊൾകെന്നതു കേട്ടു കുമാരന്മാർ
കൃഷ്ണൻ കഴലിൽ മറഞ്ഞുതുടങ്ങിനാർ
ഞങ്ങൾക്കുന്നമമ്മയുമുണ്ടല്ലോ
ഞങ്ങളെക്കൂടെക്കൊണ്ടുപോയിടണം
നന്നു നാമിങ്ങു പോരികെന്നും ചൊല്ലി
തങ്ങടെ മണിത്തേരിൽ കരേറിനാർ
ആഴിനാഥനിരുവരെയും നന്നാ-
യാശ്ലേഷിച്ചോരു നേരത്തിരുവരും
ഇങ്ങുതന്നെ വരികെന്നരുൾചെയ്തു
അങ്ങിനെതന്നെയെന്നു തൊഴുതവർ
വേഗത്തോടെ കടന്നു മഹാപുരി
ഗോപുരത്തിങ്കൽനിന്നു ജഗൽപ്പതി
ഉള്ള ലോകങ്ങളൊക്കെ മുഴങ്ങവെ
വെള്ളിശ്ശംഖും വിളിപ്പിച്ചു തേർമേലെ
പണ്ടേക്കാളുമധികമുഴറോടെ
കൊണ്ടുപോന്നു ധരിത്രിയിലമ്പോടു
പൃത്ഥ്വീദേവഭവനമടുക്കെ വ-
ന്നത്ര ചിത്രമിറങ്ങി മണിത്തേരും
പാർത്ഥ! നീയിനി വൈകാതെ ചെന്നുടൻ
പൃത്ഥ്വീദേവനെയിങ്ങു വരുത്തുക
കൃപയുണ്ടടിയത്തിലെന്നാകിലോ
ഇതിന്നാളു ഞാനല്ല ഭഗവാനേ!

മുമ്പിൽ ചൊന്ന കൊടുംക്രൂരവാക്കുക-
ളിന്നുമുണ്ടെൻ ചെവിയിൽ കിടക്കുന്നു
നിന്തിരുവടിയിതെഴുന്നെള്ളിയാൽ
മറന്നു പിന്നാലെ കൂടേ വിടകൊള്ളാം
മുന്നം ചെയ്ത പ്രതിജ്ഞകളോർക്കെടോ!
പാണ്ഡുനന്ദന! യെന്നരുൾചെയ്തപ്പോൾ
ക്ഷമിയ്ക്കേണമെൻ തമ്പുരാനേയെന്നു-
ടമരേന്ദ്രതനയനുമോതിനാൻ
അന്നേരം തന്നെ പത്നിയും താനുമായ്
ഖിന്നത പൂണ്ടിരിയ്ക്കുന്ന വിപ്രനും
അർജ്ജുനന്റെ വരവതു കണ്ടപ്പോ-
ളേറ്റം കൂടാതെ ദുഃഖിച്ചു ചൊല്ലിനാർ
എന്തു പോന്നു ധനഞ്ജയ! ചൊല്ലു നീ
ഇനിയേതാനുമുണ്ടോ മനസ്സിങ്കൽ
കപടത്തിനു മുമ്പു വിളിപ്പിച്ചു
കൃപയില്ലാത്ത കൃഷ്ണനെവിടത്തു
പത്തു ബാലമരണത്തെക്കേട്ടിട്ടും
തൃപ്തിവരാഞ്ഞു ദുഃഖിച്ചിരിയ്ക്കയോ
അതു കേട്ടു പറഞ്ഞു വിജയനും
അടുക്കത്തന്നെയുണ്ടു കൃപാംബുധി
ഏഴുരണ്ടു ഭുവനമുടയവൻ
എഴുന്നെള്ളി വിരവോടു നില്ക്കുന്നു
ക്ഷമിയ്ക്കുന്റെ ശോഭനെവിടത്തു
ഭ്രമംകൊണ്ടു പറഞ്ഞു ഞാനർജ്ജുന!
പിഴവാക്കുകൾ ചിത്തത്തിലോർക്കൊല്ല

ഭഗവാനേ! പരന്ത്വനായെന്നു
ഭക്തികൊണ്ടു നടന്നു നടന്നവൻ
എത്തുന്നില ധരണീസുരേന്ദ്രനം
കുഞ്ഞു! കുഞ്ഞു! നമന്നൂയെന്നിങ്ങിനെ
പത്നിക്കുടെപ്പുറപ്പെട്ടു പിന്നാലെ
മഴക്കൊണ്ടൽനോക്കുന്നൊക്കണപ്പോൾ
മഴ പെയ്യുന്ന കണ്ണുനീർകൊണ്ടവർ
അരുളിച്ചെയ്യാൻ ഭാവിച്ചൊരോരത്ത
ഞിടനൊന്തു വിറയ്ക്കുന്ന നാഥനം
അകമൊക്കെയും കോൾമയിർക്കൊള്ളുന്ന
കണ്ടുനില്ക്കുന്ന ദിവ്യജനങ്ങൾക്കും
അതുകൊണ്ടു ധനഞ്ജയനേതുമേ
വശമല്ലാതെ നിന്നുപോയന്നേരം
അന്നേരത്തിലശേഷജനങ്ങളും
തന്നെക്കാണാതെതാതുണ്ണിക്കിടാവിനെ
അജ്ജുനന്റെ കരത്തിൽ വെച്ചൊട്ടു
അച്ഛന്റെ കയ്യിൽ നില്ക്കുന്ന ചൊല്ലിനാൻ
തിണ്ണമുള്ളൊരു ഭക്തി മുഴുകയാൽ
കണ്ണുകാണാതെ നില്ക്കുന്ന വിപ്രനം
ഉണ്ണിയെക്കണ്ടിട്ടെന്തൊരു ഞാലെന..
നാഥലയുണ്ണിയെന്നന്നേരം നൽകിനാൻ
അയ്യയ്യോ! കുഞ്ഞു! കുഞ്ഞു! യെന്നിങ്ങിനെ
കയ്യിൽ മേടിച്ചു മാറത്തണച്ചുതേ
പ്രാണനോടെയൊരുണ്ണിയെ ഞാനിപ്പോൾ
മോദമോടെ തഴുകുന്നു ഫൽഗുനാ!

അപ്പോഴേ കൂടി മറെറാരു ബാലനെ
ചിൽപുമാനൊടുത്തങ്ങു കൊടുക്കുന്നു
അതുകൊണ്ടതിസൌഖ്യമിതെന്നെന്നു
പുത്രന്മാരിവിടങ്ങു മരിപ്പവർ
പെറ്റു ദുഃഖങ്ങളിലുണ്ടെന്നു ഫൽഗുനൻ
കൃഷ്ണൻ നമ്മെയനുഗ്രഹിപ്പാനെന്നു
പത്നികളിൽ കൊടുത്തു കിടാവിനെ
പെറ്റു പെറ്റു പുനരന്നു തഴുകിയും
ബാലമോദം മുല കൊടുത്തീടുന്നു
ദുഃഖങ്ങളിന്നു ധനഞ്ജയൻ വാങ്ങിയു-
മക്കളിന്നു മഹീസുരൻ വാങ്ങിയും
പത്നി വാങ്ങി മുലകൊടുത്തും ചിലർ
ദുഷ്പിയമാന്തു നോക്കിക്കൊണ്ടും
പെറ്റു ഭിക്ഷിലുമിത്ര സന്തതികൾ
പൃഥ്വീദേവനെപ്പോലെയില്ലാതമേ
പെറ്റു ബാലരെക്കൂടിയൊരുമിപ്പ്
ഭക്തവത്സലൻ നാഥിയതാക്കുള്ളു?
ഈശപര! യെന്നു പാണ്ഡവൻതന്നെയു-
മാശീർവ്വാദങ്ങൾ ചെയ്തു മഹീസുരൻ
നല്ലവണ്ണം വരിക ധനഞ്ജയ!
ഇല്ല നിന്നോടു തുല്യമൊരുത്തനും
വല്ലതും നീ തുടങ്ങുന്നതൊക്കെയും
നല്ലതായിട്ടു തീരും നിനക്കെടോ!
വില്ലെടുത്തതിൽ മുമ്പനെന്നുള്ളോരു

ചൊല്ലും വിശപ്പം കൂടിവോളമുണ്ടു കേൾ
പാഹി പാഹി പരമപുരുഷോത്തമ!
ദേഹി ദേഹി ദയാലയമിന്നിയും
ഘോരഘോരമാം സംസാരചക്രത്തിൽ
മുങ്ങി മുങ്ങി മറുകരെ താനിനി
ജ്ഞാന ജ്ഞാനസ്വരൂപമാം നിന്നുടെ
പാദത്തോടണയേണമേ ദൈവമേ!
എന്നിവണ്ണം സ്തുതിച്ചു പലവഴി
പുണ്യവാരിധി വിപ്രനാം പണിയും
ആനന്ദമതാം ചൊല്ലു കടൽവന്നു
മന്ദമെന്നിയകത്തങ്ങു പോയാലും
നന്ദനന്മാരും കൂടിയൊരുമിച്ചു
പുണ്യപുണ്യമനുഭവിച്ചീടുക
എന്നനന്തരവും വാണി വിപ്രനോടെ
തന്നുടെ സദനം തന്നിൽ മേവിനാൻ

സന്താനഗോപാലം പാന

സമാപ്തം.

ശ്രീഭാഗവതസാരകഥ

ജ്ഞാനപ്പാന.

ശ്രീ സദ്ഗുരവെ നമഃ

ഗുരുനാഥൻ തുണ ചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ
ഇന്നലെയോളമെന്തെന്നറിഞ്ഞീലാ
ഇനിനാളെയുമെന്തെന്നറിഞ്ഞീലാ
ഇന്നിക്കണ്ട തടിക്കു വിനാശവു-
മിന്നനേരമെന്നേതുമറിഞ്ഞീല
കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും കാലനും
രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുണ്ടാക്കുന്നതും ഭവാൻ
കണ്ടാലൊട്ടറിയുന്നു ചിലരിതു
കണ്ടാലും തിരിയാ ചിലർക്കേതുമേ
കണ്ടതൊന്നുമേ സത്യമല്ലെന്നതു
മുമ്പെ കണ്ടങ്ങറിയുന്നിതു ചിലർ

മനുജാതിയിൽ തന്നെ പലവിധം
മനസ്സിന്റെ വിശേഷമുണ്ടോർക്കണം
പലർക്കുമറിയേണമെന്നിട്ടല്ലോ
പലജാതി പറയുന്ന ശാസ്ത്രങ്ങൾ
കർമ്മത്തിന്നധികാരിജനങ്ങൾക്ക്
കർമ്മശാസ്ത്രങ്ങളുണ്ടു പലവിധം
സാംഖ്യശാസ്ത്രങ്ങൾ യോഗങ്ങളെന്നിവ
സംഖ്യയില്ലതു നില്ക്കട്ടെ സർവ്വവും
ചുഴന്നിടുന്ന സംസാരചക്രത്തി-
ലുഴന്നിടും നമുക്കറിഞ്ഞീടുവാൻ
അറിവുള്ള മഹത്തുക്കളോരോരോ-
പരമാത്മമതങ്ങൾ ചൊല്ലിയിരിക്കുന്നു
എളുതായിട്ടു മുക്തി ലഭിപ്പാനായ്
ചെവിതന്നിതു കേൾപ്പിനെല്ലാവരും
നമ്മളെയൊക്കെയും ബന്ധിച്ച സാധനം
കർമ്മമെന്നറിയേണ്ടതു മുമ്പിനാൽ
മുന്നമിങ്ങനെ വിശ്വമശേഷവും
ഒന്നായുള്ളോരു ജ്യോതിസ്സ്വരൂപമായ്
ഒന്നും ചെന്നങ്ങു തന്നോടു പറ്റാതെ
ഒന്നിലും ചെന്നു താനും വലയാതെ
ഒന്നൊന്നായി നിന്നാലും ജനങ്ങൾക്കു
ഒന്നുകൊണ്ടറിവാകുന്ന വസ്തുവായ്
ഒന്നിലുമുറ്റാത്ത ജനങ്ങൾക്കു
ഒന്നുകൊണ്ടും തിരിയാത്ത വസ്തുവായ്
ഒന്നുപോലെയൊന്നില്ലാതെയുള്ളതി

ഒന്നായുള്ളൊരു ജീവസ്വരൂപമായ്
നിന്നവൻ തന്നെ വിശ്വം ചമച്ചപോൽ
മൂന്നുമൊന്നിലടങ്ങുന്നു പിന്നെയും
ഒന്നുമല്ലപോൽ വിശ്വമന്നേരത്തു
ഒന്നുകൊണ്ടു ചമച്ചൊരു വിശ്വത്തിൽ
മൂന്നായിട്ടുള്ള കർമ്മങ്ങളൊക്കെയും
പുണ്യകർമ്മങ്ങൾ പാപകർമ്മങ്ങളും
പുണ്യപാപങ്ങൾ മിശ്രമാം കർമ്മവും
മൂന്നുജാതി നിരൂപിച്ചു കാണുമ്പോൾ
മൂന്നുകൊണ്ടും തളയ്ക്കുന്നു ജീവനെ
പൊന്നിൻ ചങ്ങലയൊന്നിപ്പറഞ്ഞതിൽ
ഒന്നിരിമ്പുകൊണ്ടെന്നത്രേ ഭേദങ്ങൾ
രണ്ടിനാലുമെടുത്തു പണിചെയ്ത
ചങ്ങലയല്ലോ മിശ്രമാം കർമ്മവും
ബ്രഹ്മാവാദിയായീച്ചയെറുമ്പോളം
കർമ്മബദ്ധന്മാരെന്നതറിഞ്ഞാലും
ഭുവനങ്ങളെ സൃഷ്ടിക്കയെന്നതു
ഭുവനാന്ത്യപ്രളയം കഴിവോളം
കർമ്മപാശത്തെ ലംഘിക്കയെന്നതു
ബ്രഹ്മാവിനുമെളുതല്ല നിർണ്ണയം
ദിക്പാലന്മാരുമവ്വണ്ണമോരോരോ
ദിക്കുതോറും തളച്ചു കിടക്കുന്നു
അല്പകർമ്മികളാകിയ നാമെല്ലാം
അല്പകാലംകൊണ്ടോരോരോ ജന്തുക്കൾ

ഗൎഭപാത്രത്തിൽ പുക്കും പുറപ്പെട്ടും
കൎമ്മംകൊണ്ടു കളിക്കുന്നതിങ്ങിനെ
നരകത്തിൽ കിടക്കുന്ന ജീവൻപോയ്
ദുരിതങ്ങളൊടുങ്ങി മനസ്സിന്റെ
പരിപാകവും വന്നു ക്രമത്താലെ
നരജാതിയിൽ വന്നു പിറന്നിട്ടു
സുകൃതം ചെയ്തു മേല്പോട്ടുപോയവർ
സുഖിച്ചീടുന്നു സത്യലോകത്തോളം
സല്ക്കൎമ്മംകൊണ്ടു മേല്പോട്ടു പോയവർ
സ്വൎഗ്ഗത്തിങ്കലിരുന്നു സുഖിക്കുന്നു
സുകൃതങ്ങളുമൊക്കെയൊടുങ്ങുമ്പോൾ
പരിപാകവുമെള്ളോളമില്ലവർ
പരിചോടങ്ങിരുന്നിട്ടു ഭൂമിയിൽ
ജാതരായ് ദുരിതം ചെയ്തു ചത്തവർ
നരകങ്ങളിൽ വെവ്വേറെ വീഴുന്നു
സ്വൎല്ലോകത്തിരുന്നൊരു ജീവൻ പോന്
നരലോകേ മഹീസുരനാകുന്നു
ചണ്ഡകൎമ്മങ്ങൾ ചെയ്തവർ ചാകുമ്പോൾ
ചണ്ഡാലകുലത്തിങ്കൽ പിറക്കുന്നു
അസുരന്മാർ സുരന്മാരായീടുന്നു
അമരന്മാർ മരങ്ങളായീടുന്നു
അജം ചത്തു ഗജമായ്പിറക്കുന്നു
ഗജം ചത്തങ്ങജവുമായീടുന്നു
നരി ചത്തു നരനായ്പിറക്കുന്നു

നാരി ചമഞ്ഞുടനോരിയായ്പ്പോകുന്നു
കൃപകൂടാതെ പീഡിപ്പിച്ചീടുന്ന
നൃപൻ ചത്തു കൃമിയായ്പിറക്കുന്നു
ഈച്ച ചത്തൊരു പൂച്ചയായീടുന്നു
ഈശ്വരന്റെ വിലാസങ്ങളിങ്ങനെ
കീഴ്മേലിങ്ങനെ മണ്ടുന്നു ജീവന്മാർ
ഭൂമിയിന്നത്രെ നേടുന്നു കർമ്മങ്ങൾ
സീമയില്ലാതോളം പലകർമ്മങ്ങൾ
ഭൂമിയിന്നത്രെ നേടുന്നു ജീവന്മാർ
അങ്ങിനെ ചെയ്തു നേടി മരിച്ചവർ
അന്യലോകങ്ങളോരോന്നിലോരോന്നിൽ
ചെന്നിരുന്നു ഭുജിക്കുന്നു ജീവന്മാർ
കടന്നീടുമതൊട്ടുനാൾ ചെല്ലുമ്പോൾ
ഉടനെ വന്നു നേടുന്നു പിന്നെയും
തന്റെ തന്റെ ഗൃഹത്തിങ്കൽ നിന്നുടൻ
കൊണ്ടുപോന്ന ധനംകൊണ്ടു നാമെല്ലാം
മറ്റെങ്ങാനമൊരേടത്തിരുന്നിട്ടു
വിറ്റൂണെന്നു പറയുംകണക്കിനെ
കർമ്മങ്ങൾക്കു വിളവായിട്ടുള്ളതു
ജന്മദേശമിബ്ഭൂമിയറിഞ്ഞാലും
കർമ്മനാശം വരുത്തേണമെങ്കിലും
ചെമ്മേ മറ്റെങ്ങും സാധിയാ നിർണ്ണയം
ഭക്തന്മാർക്കും മുമുക്ഷുജനങ്ങൾക്കും
സക്തരായ വിഷയിജനങ്ങൾക്കും

ഇച്ഛിച്ചീടുന്നതൊക്കെ കൊടുത്തിടും
വിശ്വമാതാവു ഭൂമി ശിവ ശിവ
വിശ്വാധാരന്റെ മൂലപ്രകൃതിതാൻ
പ്രത്യക്ഷേണ വിളങ്ങുന്നു ഭൂമിയായ്
അവനീതലപാലനത്തിനാല്ലോ
അവതാരങ്ങളും പലതോർക്കുമ്പോൾ
അതുകൊണ്ടു വിശേഷിച്ചും ഭൂലോകം
പതിനാലിലുമുത്തമമെന്നല്ലോ
വേദവാദികളായ മുനികളും
വേദവും ജ്ഞാനമാറിച്ചു ചൊല്ലുന്നു
ലവണാംബുധിമദ്ധ്യേ വിളങ്ങുന്ന
ജംബുദ്വീപൊരു യോജന ലക്ഷവും
സപ്തദ്വീപുകളുണ്ടതിലെത്രയും
ഉത്തമമെന്നു വാഴ്ത്തുന്നു പിന്നെയും
ഭൂപത്മത്തിന്നു കർണ്ണികയായിട്ടു
ഭൂധരേന്ദ്രനിതിലല്ലോ നില്ക്കുന്നു
ഇതിലൊമ്പതു ഖണ്ഡങ്ങളുണ്ടല്ലോ
അതിലുത്തമം ഭാരതഭൂതലം
സമ്മതരായ മാമുനിശ്രേഷ്ഠന്മാർ
കർമ്മക്ഷേത്രമെന്നല്ലോ പറയുന്നു
കർമ്മബീജമതിന്നു മുളകൊണ്ടു
ബ്രഹ്മലോകത്തിരിക്കുന്നവർകൾക്കും
കർമ്മബീജം വാട്ടിക്കളഞ്ഞുടൻ
ജന്മനാശം വരുത്തേണമെങ്കിലും

ഭാരതമായ ഖണ്ഡമൊഴിഞ്ഞുള്ള
പാരിലെങ്ങുമെളുതല്ല നിർണ്ണയം
അത്ര മുഖ്യമായുള്ളോരു ഭാരത-
മിപ്രദേശമെന്നെല്ലാരുമോർക്കണം
യുഗം നാലിലും നല്ലൂ കലിയുഗം
സുഖമേതന്നെ മുക്തി വരുത്തുവാൻ
കൃഷ്ണ കൃഷ്ണ മുകുന്ദ ജനാർദ്ദന
കൃഷ്ണഗോവിന്ദ രാമയെന്നിങ്ങിനെ
തിരുനാമസങ്കീർത്തനമെന്നിയെ
മറ്റേതുമില്ല യത്നമറിഞ്ഞാലും
അത്ര ചിന്തിച്ചു മറ്റുള്ള ലോകങ്ങൾ
പതിമ്മൂന്നിലുമുള്ള ജനങ്ങളും
മറ്റു ദ്വീപുകളാറിലുമുള്ളോരും
മറ്റു ഖണ്ഡങ്ങളെട്ടിലുമുള്ളോരും
മറ്റു മൂന്നു യുഗങ്ങളിലുള്ളോരും
മുക്തി തങ്ങൾക്കു സാദ്ധ്യമല്ലാഞ്ഞയാൽ
കലികാലത്തെ ഭാരതഖണ്ഡത്തെ-
കലിതാദരം കൈവണങ്ങീടുന്നു
അതിൽ വന്നൊരു പുല്ലായിട്ടെങ്കിലും
ഉത്തുകാലം ജനിച്ചുകൊണ്ടീടുവാൻ
ഭാഗ്യം പോരാതെ പോയല്ലോ ദൈവമേ
ഭാരതഖണ്ഡത്തിങ്കൽ പിറന്നൊരു
മാനുഷർക്കും കലിക്കും നമസ്കാരം
എന്നെല്ലാം പുകഴ്ത്തീടുന്നു മറ്റുള്ളോർ
എന്നതെന്തിനു നാം പറഞ്ഞീടുന്നു

കാലമിന്നു കലിയുഗമല്ലയോ
ഭാരതമിപ്രദേശവുമല്ലയോ
ചെമ്മെ നന്നായ് നിരൂപിപ്പിനെല്ലാരും
ഹരിനാമങ്ങളില്ലാതെ പോകയോ
നരകങ്ങളിൽ പേടി കുറകയോ
നാവുകൂടാതെ ജന്മമതാകയോ
നമുക്കിന്നു വിനാശമില്ലായ്കയോ
കഷ്ടം കഷ്ടം നിരൂപണം കൂടാതെ
ചുട്ടു തിന്നുന്നു ജന്മം പഴുതേ നാം
എത്ര ജന്മം പ്രയാസപ്പെട്ടിക്കാലം
അത്ര വന്നു പിറന്നു സുകൃതത്താൽ
എത്ര ജന്മം മലത്തിൽ കഴിഞ്ഞതും
എത്ര ജന്മം ജലത്തിൽകഴിഞ്ഞതും
എത്ര ജന്മങ്ങൾ മന്നിൽക്കഴിഞ്ഞതും
എത്ര ജന്മം മരങ്ങളായ് നിന്നതും
എത്ര ജന്മം മരിച്ചു നടന്നതും
എത്ര ജന്മം മൃഗങ്ങൾ പശുക്കളായ്
മർത്ത്യജന്മത്തിൽ മുമ്പേ കഴിച്ചു നാം
എത്രയും പണിപ്പെട്ടിങ്ങു മാതാവിൻ
ഗർഭപാത്രത്തിൽ വീണതറിഞ്ഞാലും
പത്തുമാസം വയററിൽ കഴിഞ്ഞുപോ-
യ്പുറത്തു പന്തിരാണ്ടുണ്ണിയായിട്ടും പോയ്
തന്നെത്താനഭിമാനിച്ചു പിന്നേടം
തന്നെത്താനറിയാതെ കഴിയുന്നു
ഇത്രകാലമിരിയ്ക്കുമിനിയെന്നും

സത്യമോ നമുക്കേതുമൊന്നില്ലല്ലോ
നീർപ്പോളപോലെയുള്ളോരു ദേഹത്തിൽ
വീർപ്പുമാത്രമുണ്ടിങ്ങിനെ കാണുന്നു
ഓർത്തറിയാതെ പാടുപെടുന്നേരം
നേർത്തുപോകുമതെന്നേ പറയാവൂ
അത്രമാത്രമിരിക്കുന്ന നേരത്തു
കീർത്തിച്ചീടുന്നതില്ലാ തിരുനാമം
സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണം കെട്ടു നടക്കുന്നിതു ചിലർ
മദമാത്സര്യം ചിന്തിച്ചു ചിന്തിച്ചു
മതി കെട്ടു നടക്കുന്നിതു ചിലർ
ചഞ്ചലാക്ഷിമാർ വീടുകളിൽ പുക്കു
കുഞ്ചിരാമനായാടുന്നിതു ചിലർ
കോലകങ്ങളിൽ സേവകരായിട്ടു
കോലം കെട്ടി ഞെളിയുന്നിതു ചിലർ
ശാന്തി ചെയ്തു പുലർത്തുവാനായിട്ടു
സന്ധ്യയോളം നടക്കുന്നിതു ചിലർ
കാൺക നമ്മുടെ സംസാരംകൊണ്ടത്രേ
വിശ്വമീവണ്ണം നിൽപ്പുവെന്നും ചിലർ
ബ്രാഹ്മണ്യംകൊണ്ടു കുന്നിച്ചു കുന്നിച്ചു
ബ്രഹ്മാവുമിനിക്കൊവ്വായെന്നും ചിലർ
അർത്ഥാശക്കു വിരുതു വിളിപ്പിപ്പാൻ
അഗ്നിഹോത്രാദി ചെയ്യുന്നിതു ചിലർ
വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ

കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം
കൃഷ്ണ കൃഷ്ണ നിരൂപിച്ചുകാണുമ്പോൾ
തൃഷ്ണകൊണ്ടു ഭ്രമിക്കുന്നതൊക്കെയും
എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും
വന്നുവോണം കഴിഞ്ഞു വിഷുവെന്നും
വന്നില്ലല്ലോ തിരുവാതിരയെന്നും
കുംഭമാസത്തിലാകുന്നു നമ്മുടെ
ജന്മനക്ഷത്രമശ്വതിനാളെന്നും
ശ്രാദ്ധമുണ്ടഹോ വൃശ്ചികമാസത്തിൽ
സദ്യയൊന്നുമെളുതല്ലിനിയെന്നും
ഉണ്ണിയുണ്ടായി വേൾപ്പിച്ചതിലൊരു
ഉണ്ണിയുണ്ടായിക്കണ്ടാവൂ ഞാനെന്നും
കോണിക്കൽത്തന്നെ വന്നു നിലമിരി-
ക്കാണമന്നൊട്ടുപ്പിച്ചിട്ടതെന്നും
ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാവം ശിവ ശിവ
എന്തിനിത്ര പറഞ്ഞു വിശേഷിച്ചും
ചിന്തിച്ചീടുവിനാവോളമെല്ലാരും
കർമ്മത്തിന്റെ വലിപ്പവുമോരോരോ
ജന്മങ്ങൾ പലതും കഴിഞ്ഞെന്നതും
കാലമിന്നു കലിയുഗമായതും
ഭാരതഖണ്ഡത്തിന്റെ വലിപ്പവും
അതിൽ വന്നു പിറന്നതുമിത്രനാൾ

പണ്ടേതന്നെ പോയ പ്രകാരവും
ആയുസ്സിന്റെ പ്രമാണമില്ലാത്തതു-
മാരോഗ്യത്തോടിരിക്കുന്നാവസ്ഥയും
ഇന്നു നാമസങ്കീർത്തനംകൊണ്ടുടൻ
വന്നുകൂടും പുരുഷാർത്ഥമെന്നതും
ഇനിയുള്ള നരകഭയങ്ങളി-
ലിന്നു വേണ്ടും നിരൂപണമൊക്കെയും
എന്തിനു വൃഥാ കാലം കളയുന്നു
വൈകുണ്ഠത്തിനു പൊയ്ക്കൊൾവിനെല്ലാരും
കൂടിയല്ല പിറക്കുന്ന നേരത്തും
കൂടിയല്ല മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങിനെ കാണുന്നനേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ
അർത്ഥമോ പുരുഷാർത്ഥമിരിക്കവേ
അർത്ഥത്തിനു കൊതിക്കുന്നതെന്തു നാം
മദ്ധ്യാഹ്നാർക്കപ്രകാശമിരിക്കവേ
ഖദ്യോതത്തെയോ മാനിച്ചുകൊള്ളേണ്ടു
ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോ-
ളുണ്ണികൾ മറ്റു വേണമോ മക്കളായ്
മിത്രങ്ങൾ നമുക്കെത്ര ശിവശിവ!
വിഷ്ണുഭക്തന്മാരില്ലേ ഭുവനത്തിൽ
മായ കാട്ടും വിലാസങ്ങൾ കാണുമ്പോൾ
ജായ കാട്ടും വിലാസങ്ങൾ ഗോഷ്ഠികൾ
ഭവനത്തിലെ ഭൂതികളൊക്കെയും
ഭവനം നമുക്കായതിതുതന്നെ

വിശ്വനാഥൻ പിതാവു നമുക്കെല്ലാം
വിശ്വധാത്രി ചരാചരമാതാവും
അത്യുന്നം പുനരമ്മയുമുണ്ടല്ലോ
രക്ഷിച്ചീടുവാനുള്ള നാളൊക്കെയും
ഭിക്ഷാന്നം നല്ലോരന്നവുമുണ്ടല്ലോ
ഭക്ഷിച്ചീടുക തന്നെ പണിയുള്ളു
സക്തികൂടാതെ നാമങ്ങളെപ്പൊഴും
ഭക്തി പൂണ്ടു ജപിക്കേണം നമ്മുടെ
സിദ്ധികാലം കഴിവോളമിവണ്ണം
കാണാകുന്ന ചരാചരജാതിയെ
നാണം കൈവിട്ടു കൂപ്പി സ്തുതിക്കേണം
ഹരിഷാശ്രുപരിപ്ലുതനായിട്ടു
പദപാളികളൊക്കെസ്സ്മരിച്ചുടൻ
സജ്ജനങ്ങളെക്കാണുന്നനേരത്തു
ലജ്ജ കൂടാതെ വീണു നമിക്കേണം
ഭക്തിതന്നിൽ മുഴുകിച്ചമഞ്ഞുടൻ
മത്തനെപ്പോലെ നൃത്തം കനിക്കേണം
പാരിലിങ്ങിനെ സഞ്ചരിച്ചീടുമ്പോൾ
പ്രാരബ്ധങ്ങളശേഷമൊഴിഞ്ഞിടും
വിധിച്ചീടുന്ന കർമ്മമൊടുങ്ങുമ്പോൾ
പതിച്ചീടുന്ന ദേഹമൊരേടത്തു
കൊതിച്ചീടുന്ന ബ്രഹ്മത്തെക്കണ്ടിട്ടു
കതിച്ചീടുന്ന ജീവനമപ്പോഴേ
സക്തി വേറിട്ടു സഞ്ചരിച്ചീടുമ്പോൾ
പാത്രമായില്ലയെന്നുകൊണ്ടേതും

പരിതാപം മനസ്സിൽ മുഴുക്കേണ്ട
തിരുനാമത്തിൻമാഹാത്മ്യം കേട്ടാലും
ജാതി പാർക്കിലൊരന്ത്യജനാകിലും
വേദവാദിമഹീസുരനാകിലും
നാവു കൂടാതെ ജാതന്മാരാകിയ
മൂകരെയങ്ങൊഴിച്ചുള്ള മാനുഷർ
എണ്ണമറ്റ തിരുനാമമുള്ളതിൽ
ഒന്നുമാത്രമൊരിക്കലൊരു ദിനം
സ്വസ്ഥനായിട്ടിരിക്കുമ്പോഴെങ്കിലും
സ്വപ്നത്തിൽ താനറിയാതെയെങ്കിലും
മറ്റൊന്നായിപ്പരിഹസിക്കിലും
മറ്റൊരുത്തർക്കു വേണ്ടിയെന്നാകിലും
എത്ര ദിക്കിലിരിക്കിലും തന്നുടെ
നാവുകൊണ്ടിതു ചൊല്ലിയെന്നാകിലും
അത്രമല്ലൊരു നേരമൊരു ദിനം
ചെവികൊണ്ടിതു കേട്ടുവെന്നാകിലും
ജന്മസാഫല്യമപ്പോഴേ വന്നുപോയ്
ബ്രഹ്മസായൂജ്യം കിട്ടീടുമെന്നല്ലോ
ശ്രീധരാചാര്യർ താനും പറഞ്ഞിതു
ബാദരായണിതാനുമരുൾചെയ്തു
ഗീതയും പറഞ്ഞീടുന്നതിങ്ങിനെ
വേദവും ബഹുമാനിച്ചു ചൊല്ലുന്നു
ആമോദം പൂണ്ടു ചൊല്ലുവിൻ നാമങ്ങൾ
ആനന്ദം പൂണ്ടു ബ്രഹ്മത്തിൽ ചേരുവാൻ
മതിയുണ്ടെങ്കിലൊക്കെ മതിയിതു

തിരുനാമത്തിന്മാഹാത്മ്യമാമിതു
പിഴയാകിലും പിഴക്കേടെന്നാകിലും
തിരുവുള്ളമരുൾക ഭഗവാനേ!

ശ്രീ[illegible]

സമാപ്തം.



കളംപാട്ടു്.

കളംപാട്ടുകൾ.

കല്യാണസൌഗന്ധികം

ശ്രീവാമദേവനാം ദേവൻ പണ്ടു
ഹൈമവതിയോടുകൂടി
ശ്രീമൽകരിമിഥുനത്വം പൂണ്ടു
ശ്രീസുത ലീലയാടുമ്പോൾ
ഉത്ഭവനാം ഗണനാഥനെന്റെ
നിർദ്ദുഃഖമൊഴിപ്പാൻ
ത്വൽപാദപങ്കജദ്വന്ദ്വമെന്റെ
ഹൃല്പൂമലേ കരുതുന്നേൻ
ആയതാക്ഷീവാണിമാതാ
രസനായാന്നടനമാടേണം
ചില്ലീവിലാസങ്ങൾകൊണ്ടു ജഗ-
ത്തെല്ലാമൊരുപോലെ നിത്യം
ഉൽപാദനസ്ഥിതികല്പങ്ങളെ
കെല്പോടു ചെയ്യുവരുന്ന
വിശ്വംഭരം പരം വന്ദേ സദാ
വിശ്വംഭരാവരദേവം
മംഗലമിങ്ങു വർദ്ധിപ്പാൻ ശ്രുതി-
പുംഗവന്മാരെ തൊഴുന്നേൻ
സൂര്യാദി ഖേചരന്മാരും മമ
സൂരികളും തുണചെയ്യു

വാല്മീകിയാദി മുനീന്ദ്രന്മാരു
മാമ്നായവേദികൾ മറ്റും
ഭക്തിയോടെ വണങ്ങുന്നോരെന്റെ
ശക്തിധരാപാദപത്മം
വേദവ്യാസിതമുനീന്ദ്രം പര-
മാദരേണ വണങ്ങുന്നേൻ
ശേഷം മഹജ്ജനമെല്ലാമെ-
നിക്കാശീസ്സരുളീടവേണം
നല്ല സഭയെ വണങ്ങീട്ടു ഞാൻ
ചൊല്ലുന്നോരു കഥയിപ്പോൾ
വല്ലപിഴയിതിലുണ്ടെന്നാകി-
ലെല്ലാവരും ക്ഷമിക്കേണം
ചൊല്ലുള്ള ഭാരതം തന്നിൽനിന്നു
കല്യാണസൌഗന്ധികാഖ്യം
പുഷ്പമപഹരിച്ചോരു ഭീമ-
വിക്രമം ചൊല്ലുന്നു ഞാനും
എങ്കിലോ പങ്കജാക്ഷന്റെ പാദ-
പങ്കജസേവകന്മാരാം
ധർമ്മജന്മാരുമനുജന്മാരും
ധർമ്മദാരങ്ങളുമായി
അദ്രിവനെ സഞ്ചരിക്കുന്നോര-
മദ്രൌപതിയുരചെയ്തു
കൽഹാരപുഷ്പസൌഗന്ധാമോദ-
മുല്ലാസമോടശചൂരൻ
ആമോദമോടെ പുണരുന്നു

ഭീമസേന ഭവാൻ കാൺക
നല്ലപുഷ്പമിതുപോലെ മന്നി-
ലില്ല സൌഗന്ധമൊന്നിനും
ഭൃംഗികൾ സൌരഭ്യമേറ്റു നല്ല
സംഗീതമോടെ വരുന്നു
കല്പദ്രുമകുസുമാമോദത്തെ
അല്പമാക്കുന്ന സൌരഭ്യം
ഉത്തരാശാമുഖേ വന്നീടുന്നു
സത്വരമോർത്തുകണ്ടാലും
നല്ല കുസുമം തിരഞ്ഞു മമ
വല്ലഭ കൊണ്ടുതരേണം
ഉണ്ടു സാമർത്ഥ്യം ഭവാനെന്നു
കൊണ്ടത്രെ ഞാൻ പറയുന്നു
വല്ല വിരോധികളുണ്ടെന്നാകിൽ
കൊല്ലുവാനും ശക്തിയുണ്ട്
ആയതുകൊണ്ടു ചൊല്ലുന്നേൻ പ്രാണ-
നായക ചിന്തിച്ചു ചെയ്ക
പൊൻമൃഗത്തെക്കണ്ടു മോഹിച്ചപോൽ
തന്വംഗിയായ വൈദേഹി
സ്ത്രീവാക്കു കേട്ടിട്ടനർത്ഥം പണ്ടു
ശ്രീരാമനകപ്പെട്ടു
നാരിമാർ സാരസ്യഹാസ്യംകൊണ്ടു
പൂരുഷന്മാരെ മയക്കും
ദുർല്ലഭവസ്തുവെ ചൊല്ലി തന്റെ
വല്ലഭന്മാരെ വലക്കും

വാമാക്ഷിമാർ വാക്കു കേട്ടിട്ടൊന്നു
ചെയ്യാറാരമോർത്തിട്ടു വേണം
വേണ്ടാത്തതെന്നു മനസ്സെങ്കിലോ
വേണ്ടാ നമുക്കെന്റെ കാന്താ
ഇത്ര സുഗന്ധമുള്ളോരു സൂനം
കുത്രാപി നാസ്തി മൽകാന്ത
ഇത്ഥം ദ്രുപദജാവാക്യം കേട്ടു
സത്വരം ചൊല്ലിനാൻ ഭീമൻ
എന്തിനീവണ്ണം പറയുന്നു നിൻ
ചിന്തിതം സാദ്ധ്യമെന്നോർക്ക
പാഞ്ചാലനന്ദനെ ബാലേ നിന്റെ
വാഞ്ഛിതമെന്നാൽ സഫലം
വീരനാം മാരുതപുത്രനാമ-
മാരെയും പേടിയുമില്ല
ബന്ധുരാംഗിജനമായുള്ളോരു
സിന്ധുജന്റെ പ്രഭക്കൊന്നാം
അന്ധതാനൽകന്ന ബാലേ നിന്റെ
ചിന്തിതമെന്നാൽ സഫലം
സ്വർഗ്ഗപാതാളഭൂലോകേഷു ഞാൻ
നിർഗ്ഗമിച്ചാശു തിരഞ്ഞു
ഹേമപുഷ്പം ഹരിക്കുമ്പോൾ ഭീമ-
സേനനോടാരാനുമേറ്റാൽ
വഹ്നൗ ശലഭങ്ങൾ പോലെയവ-
രന്നായ സന്നമായിടും
ഇത്ഥമുരചെയ്തു ഭീമൻകരേ

ധൃത്വാ ഗദയതിവേഗാൽ
ഉത്തരാശാമുഖേ നോക്കീട്ടങ്ങു
സത്വരം യാത്ര തുടങ്ങി
ദണ്ഡകാരണ്യം പ്രവേശിച്ചിതു
പാണ്ഡവനതിവേഗാൽ
വൃക്ഷങ്ങളോരോതരങ്ങൾ നൂറു
ലക്ഷമല്ലോർത്തുകാണുമ്പോൾ
നക്ഷത്രവർഗ്ഗത്തിലെത്തീടുന്ന
വൃക്ഷങ്ങളത്ഭുതം കണ്ടാൽ
ചൂതമലയജമന്ദാരവും
മല്ലികാ നല്ലരയാലും
അശ്വത്ഥപനസഖർജ്ജൂരങ്ങളു-
മാമ്രാതകൌദുംബരങ്ങൾ
പൂഗങ്ങൾ നാളികേരങ്ങൾ നല്ല
മാകന്ദപുന്നാഗവൃന്ദം
ആലുമെരിഞ്ഞി തമാലം നല്ല
മാലതി ജാതി വൃക്ഷങ്ങൾ
ആലോലപല്ലവജാലങ്ങളാം
സാലങ്ങളുമുണ്ടനേകം
മററുമനേകമുണ്ടോരോതര-
മററമില്ലാത്ത വൃക്ഷങ്ങൾ
കോകിലകീചകനാദങ്ങളും
കേകാവിലാസങ്ങൾ മററും
വല്ലിഗൃഹേ വനദേവതമാ-
രുല്ലാസമോടെ പാടുന്നു

പുഷ്പമധു കുടിച്ചൊരാരം നല്ല
ഷട്പദങ്ങൾ മുരളുന്നു
കണ്ടുകേട്ടാനന്ദമോടെ ഗദ-
കൊണ്ടു വനങ്ങൾ തകൎത്തും
പൊട്ടി ഞെരിഞ്ഞു തകൎന്നു മരം
കൂട്ടമോടങ്ങു വീഴുന്നു
കാട്ടാനകൾ കരടികൾ പുലി-
ക്കൂട്ടങ്ങൾ കാട്ടികൾ മറ്റും
കൂട്ടമിട്ടോരോരോ ദിക്കുകളിൽ
ചാട്ടം തുടങ്ങുന്നു ഭീത്യാ
പല്ലുമിളിച്ചു വിറച്ചു വീണു
ഉല്ലൂകജാലങ്ങളെല്ലാം
വായുസുതൻ തിരിക്കുന്നോ ഗദാ-
പായങ്ങളേററു മൃഗങ്ങൾ
വായുംപിളൎന്നു പതിച്ചു ഹന്ത
കായം വിറക്കുന്നു പാരം
മാരുതപുത്രഗദാഗ്രം ചില
ദാരുക്കളേല്ക്കുന്നനേരം
പൊട്ടിയൊരു മരം മറെറാതിനു
തട്ടിയതുമുടൻ പൊട്ടി
വൃക്ഷങ്ങൾ വീഴുന്ന ഘോഷമിടി-
വെട്ടിമുഴങ്ങുന്നപോലെ
ഗംഭീരഹുംകാരനാദം കേട്ടു
കുംഭികളും വിറക്കുന്നു
കുഞ്ജിരവങ്ങൾ ഭയപ്പെട്ടു

മണ്ടി ഗ്ഗുഹയിലുറപ്പുക
കല്ലും മരവും ഗദയെക്കൊണ്ടു
തല്ലിപ്പൊടിച്ചുടൻ വേഗാൽ
കുന്തീസുതൻ നടന്നാശു ഗന്ധ-
മാദനപർവ്വതം പുക്ക
കുന്നിന്നാനന്ദപ്രദമായുള്ള
പുണ്യസ്ഥലമതു കണ്ടാൽ
കാനനദേവതമാരും പര-
മാനന്ദമോടെ കളിച്ചു
കാളിയും വേതാളപാളികളും
മേളമോടെ കളിക്കുന്നു
ഗന്ധർവ്വകിന്നരന്മാരും പുന-
രന്ധുവാസി പിശാചുകളും
യക്ഷരും ചാരണന്മാരും നല്ല-
യക്ഷികളും കക്ഷിശാസ്ത്രന്മാർ
ഭൈരവവിഗ്രഹന്മാരായുള്ള
ഭൈരവർ ബ്രഹ്മരക്ഷസ്സും
കാലപിശാചും കപാലിനല്ലു
ശൂലിനി മാലിനി താനും
മുണ്ഡികളായവർ കേചിൽ ചില
ദണ്ഡുംധരിച്ചവർ വേറെ
മർത്ത്യരെക്കൊണ്ടും പിടിച്ചിട്ടുഭു-
ക്തമാടുന്നവർ കേചിൽ
കുത്രചിൽ സ്ത്രീകളെ ബാധിക്കുന്നു
ക്ഷുദ്രകന്മാരങ്ങനേകം

പുത്രരെ തിന്നുന്നവരുണ്ടഹോ
കുത്രചിൽ മറ്റൊരു ഭാഗേ
നാരിമാരെ പിടിപെട്ടിട്ടു
ചോരകുടിക്കുന്നവരും
ചോരകുടിച്ചു മദിച്ചുപുള-
ച്ചീടുന്ന രക്ഷോഗണങ്ങൾ
കണ്ണു മിഴിച്ചു ചിലരങ്ങഹോ
മണ്ണു വാരി ഭുജിക്കുന്നു
ഭൂതിധരിച്ചു സർവ്വാംഗം ചിലർ
ഭൂതേശനെ സ്തുതിചെയ്തു
ഭംഗി കത്തിടുന്ന ദിക്കിൽ ചെന്നു
നാനാരാഗ് നൃത്തമാടുന്നു
കണ്ടുകേളിയുള്ള ദിക്കിൽചെന്നു
കൊണ്ടാടി നൃത്താധരിച്ചും
പുഷ്പിതവൃക്ഷം കരേറിച്ചിലർ
പുഷ്പങ്ങളുമറുക്കുന്നു
നല്ലോരു പൊയ്കയിൽ ചെന്നു ചില-
രുല്ലാസമോടെ നീന്തുന്നു
അഞ്ചിതഗാനങ്ങൾ വേറെ ചില-
രഞ്ചിതരായൊരു സാകം
നാടകമാടിയും കേചിൽ ചില-
രോടക്കുഴൽ വിളിയോടും
നാനാവിനോദമിയന്നകമാം
കാനനേ ഭീമസേനൻ താൻ
സഞ്ചരിക്കുന്നോരു നേരം നല്ല

കഞ്ചുവന്നോരു വേടന്മാർ
നായാട്ടുവാൻ വരാം പൃക്ഷ റിജ–
ജായമാരോടിടചേർന്നു
പാണികളിൽ ചാപബാണങ്ങളും
തൂണീരവും ധരിച്ചാശു
ഗുഞ്ജാഫലമാലകളും ധരി–
ച്ചഞ്ജനാപർവ്വതംപോലെ
ചെമ്പിച്ച താടിയും മീശകളും
ചെമ്പരത്തിപോലെ കണ്ണും
ഏറെക്കറുത്തോരധരങ്ങളും
ഞാറകളുമതുപോലെ
എത്രയും പാരമുണ്ടാകും ഭയം
ഗാത്രങ്ങൾ കാണ്മാൻ ഭേദം
ഓരോ മൃഗങ്ങളെക്കൊന്നിട്ടവർ
പാരാതെയങ്ങു ഭുജിച്ചും
അസ്ത്രങ്ങളേറു ചാകാതെ ചില
പോത്രികളാംപാഞ്ഞങ്ങൊളിച്ചും
മത്തഗജങ്ങൾ വരുമ്പോൾ പാഞ്ഞു
പൃഥ്വീരുഹങ്ങൾ മറഞ്ഞും
കേളിയാടുന്നതും കണ്ടു കളവാണീ–
പതി ഭീമസേനൻ
വേഗേന ചെന്നു കരേറി ഗന്ധ–
മാദനസ്യാധിത്യകായാം.

[illegible]

ആനകസുതാനുജൻ കാന്തിമാനാമാൻ ഭീമൻ
അനഘനായ്നിന്നു കിഞ്ചിൽഗന്ധമാദനോപരി
പാർത്ഥസോദരൻതാഴെ പാർത്തുനോക്കുന്ന നേരം
കാളാംബുനിധിതന്നിലിളകും തിരപോലെ
ഇളകുമൊരുപോലെ കദളീദളങ്ങളാൽ
നിബിഡമായ കദള്യടവികണ്ടു ഭീമൻ
കൗതുകംപൂണ്ടു നോക്കി മതിമാൻ വൃകോദരൻ
നീലക്കൽകൊണ്ടുകോർത്ത മാലകൾക്കിടയിടെ
അഴകേറീടും നല്ല പവിഴം ചേർത്തുനന്നായ്
വിരവിൽ വിതാനിച്ചു മറ്റും പന്തൽപോലെ
പെട്ടന്നുകൂടി വിലപ്പെട്ടുകൊണ്ടെന്നപോലെ
അഴകിൽ പഴക്കുലച്ചുഴലമൊന്നപോലെ
കുലകൾ തമ്മിൽ തിങ്ങീട്ടലഞ്ഞു വീണപഴം
പക്ഷികൾപോലുമൊന്നു ഭക്ഷിച്ചിടമാറില്ല
പേടികൊണ്ടൊന്നും ഭുജിച്ചീടമാറില്ലപഴം
ആരിതു ഭക്ഷിക്കുന്ന വീരനൊന്നറിയുമവൻ
ശൂരതയുണ്ടെങ്കിലേ പാരാതെ ഭയപ്പെടും
ഇത്തരം നിനച്ചതിസന്താപം വൃകോദരൻ
തകർത്തുനടന്നിതു സമർത്ഥൻ പവനജൻ
സത്വരം രാമരാമേത്യുമിതജപത്തോടും
മറ്റും കപികുലവരനാം മഹാവീരൻ
തന്നെ നിനച്ചു മാനസി ഹനുമാനും.

കപികുലവരനിവനെൻ സഹോദര-
നമതാകമ്പലമുള്ളാത്ത വീരൻ
അറിവനിക്കമശേഷമൊട്ടുക്കും

കരുണാലയശാലി സമീരണസൂനു
ചപലമിഴികുലമണി പാഞ്ചാലിക്കായ്
വിമലസുമത്തിനൊരാശയെഴുന്നു
കിന്നരവരസുമഹരണം ചെയ്വാ-
നന്നതബലനിവനാളൂ ഇനിത്തു
കടുതരകോപിപ്രസൂനകാനനപടലീ
തടതി തകർത്തുവരുന്നു
മമ ജനകാത്മജനാതിമാനഘനിവ-
നിതി കരുതീടിന കപികുലവീരൻ
പദവിമുടക്കണമെന്നാൽ പവനജ
പടുതകൾ കാണാമെന്നു നിനച്ചു
ത്രിഭുവനമൊക്കെ ജയിച്ചൊരു മാരുത-
സുതനായുള്ളൊരു കപിപുംഗവനും
സ്ഥവിരതപൂണ്ടൊരു വാനരനായി
പെരുവഴിതന്നിൽ ചെന്നു ശയിച്ചു.

ഘണ്ടാരം—ചെമ്പട താളം.

ശ്രീമാൻ ദശരഥപുത്രനായ
ശ്രീരാമദാസനായിടും
മാരുതിയും വഴിതന്നിൽ വൃദ്ധ
വാനരനായിക്കിടന്നു
കണ്ണുമടച്ചു ശയിച്ചാനതി
ദണ്ഡമോടവൻ ഹനുമാൻ
കാലുരവും കുഴഞ്ഞതെങ്ങോ
വാലതും മെലിഞ്ഞിരിപ്പുണ്ടു

ഗാത്രകീലാലമൊഴുകീടുന്ന
ഗാത്രവുമെറെ മെലാഞ്ഞു
അല്ലൽ മുഴുത്തു ശയിച്ചീടുന്ന
ഋക്ഷകരാജന്റെ മാൎഗ്ഗേ
വീരനാകും ഭീമസേനനാതി-
ഘോരമായ് ചെന്നടുത്തു
ആരെടോ മാൎഗ്ഗേ കിടന്നീടുന്ന
വാനര മാറീടു വേഗാൽ
മാറിക്കിടപ്പാനെളുതല്ലിനി-
ക്കേറെയുണ്ടാൎത്തിയെന്നോൎക്ക
ആരെന്നറിഞ്ഞു പറഞ്ഞീടുന്നു
മൂഢ മാറീടു വേഗാൽ
നല്ല വൃദ്ധകളെക്കണ്ടൊരറി-
വില്ലാതെ വാനരക്കൂട്ടം
വീരനാമെന്നെയറിയാത്തവ-
രാരുള്ളു ഭൂതലംതന്നിൽ?
മാരുതിയെ കേട്ടറിയാത്തവ-
രാരുള്ളു മൂന്നു ലോകത്തും?
ധൎമ്മിഷ്ഠനാകിയോരെന്നെ വിശ്വ-
സമ്മതമല്ലയോ ലോകേ?
ഇത്തരം ശ്രവിച്ചു ഹനുമാൻതാനും
പാൎത്ഥാഗ്രജനോടു ചൊന്നാൻ
ആരാകിലും വഴി നീങ്ങീടുവാൻ
പോരാ നമുക്കിന്നു ശക്തി
ഉള്ളെ തിരിഞ്ഞു പോയീടുന്നതും

പോരാസ്ഥയെങ്കിലിദാനീം
ലംഘിച്ചുപൊയ്ക്കൊൾക നീയുമിന്നു
ശങ്കിക്കവേണ്ടയല്ലായ്കിൽ
വാനരഭേദം തൊടുന്നതിനു
മാനസേ ശങ്കയുണ്ടെങ്കിൽ
നല്ല ഗദകൊണ്ടു പുച്ഛമദ്ധ്യേ
മെല്ലവേ നീക്കിഗ്ഗമിക്ക
ഉത്തരം കേട്ടൊരു നേരത്തി-
നുത്തരം ഭീമനും ചൊന്നാൻ
ധിക്കാരമേറും നിണക്കൊരി-
ക്കാൾക്കാമ്പിലേറുന്ന കോപം
വല്ലതും ചൊല്ലുന്ന നിന്നെ ത്തല്ലി
കൊല്ലുവാനും മടിയുണ്ടു
മൽ ഗുരു ശ്രീമാൻ ഹനൂമാൻ രാമ-
ഭക്തന്റെ വംശജനല്ലോ
അല്ലായ്കിൽ മർക്കട നിന്നെത്തല്ലി
കൊല്ലുവൻ മാരുതപുത്രൻ
വൃദ്ധനായുള്ളോരു നിന്നെയിന്നു
ബദ്ധകോപേന വധിച്ചാൽ
ചേരുകയില്ലതു കേട്ടാൽ മഹാ-
വീരനാം ഞാനിതു ചെയ്താൽ
പോരും പറഞ്ഞതു ഭീമായെന്നു
വാനരാധീശ്വരൻ ചൊന്നാൻ
മർക്കടയെന്നു ചൊല്ലീട്ടെന്നു
ധിക്കരിക്കുന്നു വളരെ

പാണ്ഡവന്മാരിപ്പൂമണ്ഡലം ബാഹു
സാരവാന്മാരെന്നറിക
വീൎയ്യവും ശൌൎയ്യവും ചൊന്നാലു നാ
ഥോതമറിഞ്ഞിരിക്കുന്നു
ഐശ്വൎയ്യമൊത്തൊരു ഭാൎയ്യയും
ചൊവ്വുള്ള നാലു ജാതിക്കും
പാണ്ഡവന്മാൎക്കുമയോഗ്യമിതു
പോരുമിനിയും ശ്രവിക്ക
ചാപല്യമെന്നിയേ ദുശ്ശാസനൻ
പാഞ്ചാലിതന്നുടെ വസ്ത്രം
പാരാതെ ചെന്നഴിച്ചില്ലേ നിങ്ങ-
ളെല്ലാവരും കണ്ടങ്ങിരിക്കെ
കണ്ണും മിഴിച്ചങ്ങിരിക്കെ തന്റെ
പെണ്ണിനെച്ചെന്നു പിടിച്ചു
മണ്ണിലിട്ടങ്ങിഴച്ചപ്പോൾ നിന്റെ
തിണ്ണമെല്ലാമെവിടെപ്പോയ്
ഗാന്ധാരിപുത്രരോടേറ്റു തോറ്റു
കാന്താരവാസിയാം നിന്റെ
വീരത ചൊന്നതു കൊള്ളാം പോക
വീര സമീരണസൂനോ
ഇത്തരം ശ്രവിച്ചുടൻ ഭീമൻ ചിത്ത-
കോപേന ചൊല്ലിനാനപ്പോൾ
ഏറെപ്പറഞ്ഞുപോകല്ല ഗദ
യാൽ പതിച്ചീടുമോക

എന്തു ചെയ്യാകിലും കൊള്ളാമിന്നു
പന്ഥാവൊഴിക്കുവാൻ മേലാ
ഇത്ഥം കപീശ്വരവാക്യം കേട്ടു
ബദ്ധകോപേന കൌന്തേയൻ
നല്ല ഗദകൊണ്ടവന്റെ വാലു
മെല്ലവേ നീക്കുന്നനേരം
തെല്ലുമിളക്കമില്ലാഞ്ഞു ഭീമൻ
പല്ലും കടിച്ചങ്ങലറി
രണ്ടു കൈകൊണ്ടും പിടിച്ചിട്ടവൻ
വേണ്ടുന്ന സാഹസം ചെയ്തു
പാരാതെ പുച്ഛേ കിടന്നീടുന്ന
രോമവുമൊന്നിളകീലാ
എന്നല്ലവന്റെ ഗദയും വാലു-
തന്നുടെ കീഴിൽ പതിച്ചു
മാറിനിന്നാശു പറഞ്ഞു മരു-
മേവുന്ന വാനരത്താനോ!
ഇപ്രകാരം നിന്റെ മായകളും
ദുഷ്പ്രയോഗങ്ങളും കൊള്ളാം
അദ്യശമിച്ചീടുമോർക്ക നിന്റെ
വിദ്യയും മായയുമെല്ലാം
മന്ത്രതന്ത്രങ്ങളുമെന്റെ ഗദാ-
തന്ത്രത്തിനൊക്കുമോ മൂഢ!
ശ്രീരാമദാസനാമെന്റെ ഗുരു:
ശ്രീഹനുമാൻതന്റെ വംശേ
ജാതനാം നിന്നെ വധിച്ചാൽ ഞാനു-
പാതകമുണ്ടെന്നോർക്ക

വീരനാം മാരുതികളുള്ളിൽ ബാല്യ
ഭോഗസൌഖ്യമകന്നപ്പോട്ടു
ആധിയും പൂണ്ടു സമീരസുതൻ
ക്രോധേന വിഷ്ണുപദനോടം
വൃദ്ധപ്ലവംഗശരീരം വെടി..
അത്യുത്തുംഗശൈലസമാനൻ
കനലെരിയുമാറുള്ള നയനമതിഭീഷണം
അതിധവളമായുള്ളതുള്ള ദംഷ്ട്രങ്ങളും
പൃഥുലതരവക്ത്രമതാകിലതിഭീഷണം
ഗഗനതലമതിനെത്തുന്നസട കണ്ടാൽ
അത്ഭുത കലശ പരിപാവനിലമോടും
പ്രസ്തരസ്തംഭികൂടസ്ഥസ്ഥിതികളിലന്നോ
ദക്ഷനഖലക്ഷണതശതമെന്നധികശുഭ്രങ്ങളും
മാറിടവുമേറെയുയരമുടലിതും കണ്ടാൽ
വിരവിൽപുളകിതകരസരോരുഹവമോടും
വാനരകുലാധിപതി വിനതിയൊടു കണ്ടു
മാരുതി ഭയേന വിരചിച്ചു നിജചിത്തേ
ആരിതു മഹാഗിരിവരോപമശരീരൻ
പാരിലൊരു വീരമതല്ലിവനു തുല്യൻ
ദുഷ്ടകപിരാജനുടെ ലക്ഷണമതോർത്താൽ
ലക്ഷ്മണാഗ്രജപ്രവരദാസനിവനെന്റെ
പൂർവ്വജനതോ കപികുലേശനൊടു ഞാനും
പൂർവ്വമതു ചെയ്തുള്ള സമരമപി കഷ്ടം
ഇത്ഥമുരു ഭീതിവിനയേന കപിരാജൻ
ചിത്തമതിലോർത്തു കപിസത്തമപദാന്തേ
ഭയഭരമനസാ നമസ്കാരമപ്പോൾ

ദണ്ഡനതി ചെയ്തിഹ പുകഴ്ന്നു ഹനുമാനോ
രാമചരണാംബുജപരായണ നമസ്തേ
വീരകരസാരജിതവൈരിജയശാലേ!
ഘോരതരവാരിനിധിതാരണ നമസ്തേ
മാരുതപുരാരിതനയ ജയ മഹാത്മൻ!
താതസ്യഹൃദേ ജയ സമസ്തവിഭവേന
സാകമനുശാസനേന്ദ്രം തുടർന്നു ഭാതാ
രാമദയിതാമനസി മോദപരിഭാതാ
വീര ജയ രാമപദതാപപരിണോദ്ധാ
ഭീമസമവേദനതി കേട്ട ഹനുമാനും
മോദമൊടു ഭൂപതികുമാരനെയെടുത്തു
ചേർത്തു നിജവക്ഷസി ചിരായ ഹനുമാനും
കീർത്തിയൊടു മാഴ്കു ശുഭമസ്തു തവ നിത്യം
ഭൂസുരിപുവൃന്ദമയി സോദര ഭവാനാൽ
നാശമഖിലം വരുത്തേ നിഖിലമിഷ്ടം
മാനിനി കൊതിച്ചു സുമമുണ്ട ധനദന്റെ
വാരിനിധിയിലതിന പാലകരനേകം
ചെന്നു കുസുമത്തോടണയുന്നതു ഭയായാം
വന്നു കലഹിച്ചുവരശേഷമപി തോല്ക്കും
അപ്പൊഴുതു വേണ്ട കുസുമങ്ങളുമറുത്തി-
ട്ടുള്ളതപരാക്രമ സുഖേന വരികാശു
ഇത്തരമുരചെയ്തു ഭവ്യസത്തമചരിത്രം
ചിത്തപരിതുഷ്ടി വരമാരുതനുചെയ്തു
ഇത്തരമുരചെയ്തിഹ മറഞ്ഞു ഹനുമാനും
ചിത്തകുതുകേന പവനാത്മജനമഷ്ട്രാൻ

ഇതി മൂന്നാം പാദം സമാപ്തം.

ചിത്തകൌതുകത്തോടങ്ങു ഭീമൻ
വിത്താധീശന്റെ പുഷ്പം തിരഞ്ഞു
കണ്ടു ഭീമനും താതനിയോഗം-
കൊണ്ടു കൽഹാരപുഷ്പനിവാസം
മാനവൈരപ്രവേശ്യമായീടും
വാരിനീതടം പ്രാപിച്ചു ഭീമൻ
തത്ര കണ്ടുള്ള വിസ്മയം ചൊല്‌വാൻ
സർപ്പാധീശനുണ്ടു പ്രയാസം
യക്ഷകിന്നരഗന്ധർവ്വസ്ത്രീകൾ
ലക്ഷം കോടിയുമല്ല ഗണികളിൽ
നല്ലോരു സുഗന്ധങ്ങളുമേറി-
ട്ടെല്ലാ നാളും സുഖേന വാഴുന്നു
സ്നാനം ചെയ്കയല്ലാതെ സുമങ്ങൾ-
ക്കൂനമൊന്നും വരുത്തുമാറില്ല
പാലുപോലെ വെളുത്ത ശരീരം
കാലും ചുണ്ടും ചുകന്ന ഹംസങ്ങൾ
സാന്ദ്രതുണ്ഡങ്ങൾ ചേർത്തു വിളങ്ങു-
മന്ദ്രാരാജൻ തഴകളെപ്പോലെ
എണ്ണമില്ല ഗണിപ്പതിനിന്നീ-
വണ്ണം മൂന്നു ലോകത്തിലുമില്ല
ക്രൗഞ്ചസാരസങ്ങളുമനേകം
കാഞ്ചനപത്രികളുമസംഖ്യം
ചക്രവാകങ്ങൾ വിക്രമമുള്ള
നക്രങ്ങളുമസംഖ്യമായുണ്ടു
സ്വച്ഛമായ ജലമതിലാർദ്ര-

കച്ഛപം വന്നു പൊരുന്നു തത്ര
ഝഷ്ഷരാഘാകൻെറ ഗജവും
തജ്ജലമതിൽ വന്നിരുന്നു
വാല്യഭാഗേ കളിക്കുന്ന യക്ഷ-
ബാലികമാരമിതമോദേന
കണ്ടു മാനസതാരിൽ കൗതുക-
മുണ്ടായ്വന്നിതു ഭീമനപ്പോഴും
ഭൂരവേ നിന്നു മണ്ടി വന്നാശു
വാരിതന്നിലമ്മാറങ്ങു ചാടി
തൽക്ഷണമതിലുള്ള ജലവും
പ്രക്ഷോഭിച്ചതു ഭീത്യാൽ കരേറി
ത്രസ്തരായോടക്കൂടവേ വേഗാൽ
പത്രികളും പറന്നുദ്ദേശേ
മാരുതസുതവക്ഷസ്സിലുള്ള
രോമമേറ്റു വിരാജിതമായി
പാരം ശോഭ പൂണ്ടു മണ്ടുന്ന
ലോലമായ മകരന്ദികരം
തൽക്ഷണമൊരു പുഷ്പം പറിച്ചി-
ട്ടുത്തമാംഗേ ധരിച്ചിതു ഭീമൻ
ഉത്തമമാം സുമങ്ങളെപ്പാർത്തു
വാതപുത്രൻ പറിക്കുന്ന നേരം
പുഷ്പപാലകന്മാരതു കണ്ടി-
ട്ടപ്പോഴവർ ചൊല്ലിത്തുടങ്ങി
രേ രേ കിന്നരാധീശൻെറ പുഷ്പ-
മാരുമേ പറിച്ചീടുമാറില്ല

മൎത്ത്യനിന്റെ തൊഴിലിതു കണ്ടാൽ
മൃത്യുകാലമടുത്തിരിക്കുന്നു
രാജരാജന്റെ രാജ്യത്തിൽ വന്നി-
ട്ടാരുമിങ്ങിനെ ചെയ്യുമാറില്ല
രാജരാജന്റെ ഭാൎയ്യമാർ ചൂടും
സാരസൌരഭ്യമിവയെന്നറിക
യക്ഷരാജന്റെ മന്ദിരത്തിങ്കൽ
ലക്ഷമല്ല തരുണികളോൎത്താൽ
പക്ഷഭേദങ്ങൾ കൂടാതെ നൂറു
ലക്ഷം പുഷ്പങ്ങൾ വേണം കൊടുപ്പാൻ
പുഷ്പപാലകന്മാരായ ഞങ്ങൾ-
ക്കല്പവും ഭയമേതുമില്ല
ഏല്പാവശ്യം ഭയന്നു ഞങ്ങൾ
കൽഹാരാസ്യമം ചമ്പകമൂലം
പ്രത്യേകം കൊടുക്കണം ശതാഖ-
പ്രത്യഗ്രപ്രസൂനങ്ങൾ വെവ്വേറെ
പൊയ്കില്ലയ്ക്കുഴ് പുഷ്പങ്ങൾ വേണം
ശയ്യകളിൽ വിരിപ്പാനവൎക്കു
കേശഭാരത്തിലിടുന്ന പുഷ്പം
സാദരം കൈകളിലോരോന്നു വേറെ
പ്രാണനാഥനണയുന്ന നേരം
വേണം മാറത്തിലാറാറു പുഷ്പം
പാടെയല്ല പലവൎക്കധികം
കാൎയ്യമുണ്ടറിക നീ ഭോഷ
അല്ലാതെ വേണമയ്യഞ്ചു പുഷ്പം

ചൊല്ലാന്തുള്ളവൎക്കിനി ഞായം
രാത്രിപോരായതു ദുഃഖാഗ്നിതന്നെ
തീൎത്തുകൊൾവാൻ പ്രഭാതമാകുമ്പോൾ
സ്നാനം ചെയ്തു വന്നാൽ കൊടുക്കേണം
മാനസം തെളിവോളം കുസുമം
ഈയ പുഷ്പമപഹരിപ്പാനായ്
മായാവി നീ ഇറങ്ങിയതു ചിത്രം
ദേഹത്തോടു കൂറുണ്ടെന്നിരിക്കിൽ
വേഗം പോകുന്നതു നല്ലു മൎത്ത്യ.
ഇത്ഥമോരോന്നേ പറഞ്ഞു പിന്നെ
വിത്താധിനാഥഭൃത്യന്മാർ
പോരിനു കോപ്പിട്ടു നേരത്തങ്ങു
മാരുതപുത്രനതപ്പോൾ
നല്ല ഗദയുമെടുത്തു തിരി-
ച്ചൊന്നു മെല്ലെയടിച്ചപ്പോൾ
ചിത്തകോപം വളൎന്നിട്ടവ-
രെത്തില ഭൃത്യപുരത്തിൽ
എല്ലു തെറിച്ചുപോയിട്ടും ചിലർ
പല്ലു തകൎന്നുപോയിട്ടും
കണ്ണും തിരിഞ്ഞു ചിലൎക്കു മുഖ-
മുണ്ടൊരു മറ്റൊരു ഭാഗേ
നാവു മുറിഞ്ഞു ചിലൎക്കു മുഖ-
മാകെത്തകൎന്നുപോയിട്ടും
ദേഹം തളൎന്നു ചിലൎക്കതഹോ
നൊമ്പുകൾ കാണ്മതിനില്ല

മുട്ടു മുറിഞ്ഞതു വീണു ചിലർ
വട്ടം തിരിയുന്നു പാരം
ആധിയോടെ ചിലർ മണ്ടിച്ചെന്നു
ക്രോധവശരോടു ചൊന്നാർ
വിത്തേശ പുഷ്പങ്ങളെല്ലാമൊരു
മർത്ത്യൻ പറിക്കുന്നു ഘോരം
ഞങ്ങൾ ചെന്നാരെന്തെന്നപ്പോളവ-
നിങ്ങളിനെ ചെയ്തു കാണ്കെ
എന്തിനു ചൊല്ലുന്നവൻെറ ബല-
മന്തകനു സമമത്രെ
ഇത്തരം കേട്ടോരു നാകനായ-
നന്ദനായ കോപേന വേഗാൽ
വാളുമെടുത്തു കരത്തിൽ കാള-
രാത്രിയെപ്പോലെ നടന്നു
ആശു ചെല്ലുന്നൊരു നേരത്തുട-
നാശുഗനന്ദനൻ താനും
വാരിയിൽ നിന്നു കരേറി നല്ല
വാരിജങ്ങളെയെല്ലാം
ബാഢമാ കരെ വെച്ചു ഭീമൻ കരെ
പൂതഭാഗമതിവേഗാൽ
ക്രോധവശനോടക്കമ്പോളതി-
ക്രോധേന ഭീമസേനൻ താൻ
താഡനം ചെയ്തോരു നേരം പ്രാണ-
പീഡ സഹിയാഞ്ഞൊഴിഞ്ഞു
വിത്തേശപാടരികിൽ പ്പോയാരു

വൃത്താന്തമെല്ലാമവനും
ധൎമ്മജസോദരൻ ഭീമൻ താവ
നിൎമ്മലപുഷ്പങ്ങളെല്ലാം
വീരനപഹരിക്കുമ്പോൾ സമ-
പാലരും ചെന്നടുത്തു
എല്ലാവരെയുമവനൊരു
തല്ലുകൊണ്ടൊട്ടു തകൎത്തു
എന്നതു കേട്ടൊരു ഞാനും വായു-
നന്ദനനോടെതൃത്തപ്പോൾ
വായുസുതനടിച്ചൊരു തക-
ൎത്തീടിനാൻ കായമശേഷം
ഇത്ര ബലമുള്ള വീരൻ പുന-
രിത്രിലോകത്തിങ്കലില്ല
ചിത്തകോപത്തോടു വേഗാലങ്ങു
ചിത്രേശനന്നുനേരം
യക്ഷരെ യുദ്ധത്തിനായിട്ടൊരു
ലക്ഷമയച്ചവനപ്പോൾ
നില്ലനില്ലെന്നു പറഞ്ഞിട്ടവ-
രുല്ലാസമോടടുക്കുമ്പോൾ
മാരുതിതാഡനമേററിട്ടവ-
രെവരും മണ്ടിനാരപ്പോൾ
പുഷ്പമെടുത്തു നടന്നാനനി-
കല്പനാകും ഭീമസേനൻ
വീരനാകും ഹനുമാന്റെ പാദ-
താരിനെ വന്ദിച്ചു വേഗാൽ

ധൎമ്മജൻതൻ പദതാരിലവൻ
നന്നായ് നമസ്കൃത്യ പിന്നെ
ബാലകന്മാരെത്തഴുകി കാമ-
ലാളന സന്തോഷമോടും
പുഞ്ചിരി തൂകി നിന്നീടുന്നൊരു
പാഞ്ചാലിതന്നുടെ കയ്യിൽ
കല്യാണമേറുന്ന സൌഗന്ധിക-
മുല്ലാസമോടെ കൊടുത്തു
നിൎമ്മലപുഷ്പങ്ങൾ വാങ്ങിത്തന്റെ
ധമ്മില്ലമങ്ങതിൽ ചേൎത്തു
സന്തോഷമോടൊന്നു പുൽകീടിനാ-
ളന്തൎമ്മുദാ ഭീമസേനം
കല്യാണസൌഗന്ധികാഖ്യമിതു
കല്യാണകാരണമേററം
ചൊല്ലി രസിച്ചതു കേൾക്കുന്നാകി-
ലല്ലലെല്ലാമകന്നീടും
പൂരുഷന്മാരിതു കേട്ടു പര-
മാദരേണ രസിച്ചീടിൽ
വൈരികളേയും ജയിച്ചു നിജ-
കാൎയ്യങ്ങളും ലഭിച്ചീടും
നല്ലൊരു കീൎത്തിയുമുണ്ടത്ഭുതം
കല്യാണമാശു വൎദ്ധിക്കും
രാമമുകുന്ദഭക്തന്മാരായ
മാരുതിഭീമകാരുണ്യാൽ
ആമയമെല്ലാമകലും നല്ല

സായുജ്യവും ലഭിച്ചീടും
പഞ്ചകന്യാജനംതന്നിലൊര-
മഞ്ചിതയായ പാഞ്ചാലി
വാഞ്ഛിതസാദ്ധ്യം ലഭിച്ച കഥാ
ചഞ്ചലാക്ഷിജനം കേട്ടാൽ
ഇഷ്ടമെല്ലാം ലഭിച്ചീടും ദേഹ-
പുഷ്ടിയും കാന്തിയുമുണ്ടാം
ഭൂതസകലാഭിലാഷങ്ങളും
കർത്താ ഭവിക്കുമെന്നോൎക
ഭർത്തൃസൌഖ്യങ്ങളുമുണ്ടാമദ്ഭുതം
പുത്രസമ്പത്തുമുണ്ടാകും
നാനാമയങ്ങളും തീൎന്ന പര-
മാദരേണ രസിച്ചീടും
യക്ഷഗന്ധൎവ്വാദിപീഡകളും
തൽക്ഷണമൊക്കെ നീങ്ങീടും
നാരായണായ നമസ്തേ ഹരി
നാരായണായ നമസ്തേ.

കല്യാണസൌഗന്ധികം കുറുമ്പാട്ട് സമാപ്തം.

ബാലിവിജയം.

കളമ്പാട്ട്.

കാലാരാതി പദാംബുജ! നിത്യവും
ലീലാവിനോദമെസ്സുഖം
ബാലശൈലജാലാളിതാംഗി കല്യാ-
ണശീലേ! സുഗാനപ്രിയേ!
കാലേ വന്നിടുകതിന്നു പദവും
പാദവും നൽകിന്നാരാൽ
ചേലോടെ പാടുകയാണു ബാലിവിജയം
ബാലേ! ശുഭമേകുകമേ.

ബാലചന്ദ്രകലാധരനായ
കാലാരാതിതനയൻ ഗണേശൻ
കാലിണ വണങ്ങീടുമെൻ വിഘ്ന-
ജാലമെല്ലാമകറ്റുക നിത്യം
ബാലേ ശ്രീഭാരതി മമ നാവിൽ
ലീലയായ് നൃത്തമാടീടുവാനായ്
കാലേ കാലേ നമസ്കാരം ചെയ്യാ
ബാലേ വാഗീശ്വരി കാത്തുകൊൾക
വന്ദേ വാസുദേവം സദാ മോദാൽ
നാനാസ്ഥാനങ്ങളേണമെന്നുള്ളിൽ
ഉള്ളഴിഞ്ഞു പള്ളിക്കരെ മേവും
പുള്ളിമാൻമിഴിയായ ശ്രീഗൗരി

ഉള്ളിലുള്ളഴൽതീരുവാൻ നിന്തിരു-
വുള്ളമെന്നിലരുൾക മാതാവേ
ഉത്തമോത്തമനാം ഗുരുവെന്റെ
ചിത്തതാപമറുത്തരുളേണം
ചൊല്ലാനീടുന്ന ബാലിവിജയം
നല്ലതെന്നു കേൾപ്പുണ്ടാകകൊണ്ടു
ആശയുണ്ടല്ലമിക്കഥ ചൊൽവാൻ
ദേശികൻ തിരുവുള്ളമുണ്ടെങ്കിൽ
ശേഷമെൻപുരാചാര്യനതിന്നാ-
യാശീസ്സാശു നൽകേണമാവോളം
എങ്കിലോ രാവണനാശരൻ പണ്ടു
ലങ്കായാമഹങ്കാരസമേതം
നാനാലോകവുമൊക്കെ ജയിച്ചു-
ങ്ങാനന്ദേന വാണീടും ദശായാം
അക്കാലത്തവൻ തന്നുടെ പുത്രൻ
ശക്തനായൊരു മേഘനിനാദൻ
ദേവലോകവുമൊക്കെജ്ജയിപ്പാൻ
ദേവവൈരിയാം രാവണപുത്രൻ
അങ്ങു ചെന്നു ദേവേന്ദ്രനോടേറ്റു
സംഗരേ ജയിച്ചാശു ബന്ധിച്ചു
കൊണ്ടുവന്നു കൊടിമരത്തോട-
ങ്ങണ്ടർകോനെ ബന്ധിച്ചിതു വേഗാൽ
അക്കഥയറിഞ്ഞു വിധാതാവു-
മക്കഠോരനാം രാവണൻമുമ്പിൽ

ആശു ചെന്നു പറഞ്ഞു വേധാവു-
മാശരകുലാധീശ ശൌര്യ
അണ്ടർകോനെയയയ്ക്ക വൈകാതെ
വേണ്ടുന്ന വരം നൽകുവൻ ഞാനും
ശക്തനെത്രയും തൽപുത്രനോർത്താൽ
ശക്രൻതന്നെ ജയിച്ചോരുമൂലം
ഇന്നുതൊട്ടിന്ദ്രജിത്തെന്നു നാമം
നിന്നുടെ സുതനോർക്ക ശൌര്യ
ഇത്ഥം ധാതൃവാക്യം സമാകർണ്ണ്യ
സത്വരം ദശഗ്രീവാസുരേന്ദ്രൻ
ബന്ധനമതിൽനിന്നു മോചിച്ചു
ചിന്തിച്ചാലത്ഭുതമിതുകാര്യം
ധാതാവിന്ദ്രനോടും ദേവ-
ഘാതകനായ രാവണനോടും
യാത്രയുമയപ്പിച്ചുടൻ വേഗാൽ
പാർത്തീടാതെ ചെന്നാൻ സത്യലോകേ
ഇന്ദ്രൻതാനും നിജപുരി പുക്ക
ഖിന്നമാനസനായവനേറ്റം
രാവണി ചെയ്തതോർത്തോർത്തു ദുഃഖ-
രാവാകും തമസി വസിക്കുമ്പോൾ
മംഗലമാം ശരച്ചന്ദ്രബിംബം
പൊങ്ങി നന്നായ്ത്തന്നതുപോലെ
മംഗലനായ ശ്രീനാരദനെ
ഭംഗ്യാ വന്നതു കണ്ടു മഹേന്ദ്രൻ
ചൊല്ലുകൊണ്ടു മുനിശ്രേഷ്ഠനെ ഭക്ത്യാ

സൽക്കരിച്ചിരുത്തി സുരശ്രേഷ്ഠൻ
ദുഃഖമോടേവം രാവണി ചെയ്യു-
ന്നതൊക്കെയും മുനിയോടുണർത്തിച്ചു
ഇന്ദ്രവാചകം കേട്ടു മുനീന്ദ്രൻ
ചൊന്നാനാശു മഹേന്ദ്രനോടപ്പോൾ
ഇന്നു രാവണപുത്രൻ ഭവാനെ
നന്നായ് ബന്ധിച്ചു താപമകൽവാൻ
കുത്സിതനായ രാവണൻതന്നെ
തൽസുതനായ ബാലിയെക്കൊണ്ടു
ബന്ധിപ്പിച്ചീടുവൻ ഞാനറിക
സന്തുഷ്ടാത്മനാ കേട്ടുകൊണ്ടാലും
ദുഷ്ടൻതന്നെയൊരു വ്യാഴവട്ടം
കെട്ടിയിട്ടുരുട്ടും കപീന്ദ്രൻ
ഇന്നോ നാളെയോ സംശയമില്ല
ഖിന്നത ഭവിച്ചും ദശാസ്യന്നു
രണ്ടുനാളിലകത്തു കേൾക്കാം
കണ്ടു നന്നായ് രസിച്ചാലും നമുക്ക
ആണ്ടർക്കോനതു കേട്ടു തെളിഞ്ഞു-
ള്ളുണ്ടായ പരിതാപം കുറഞ്ഞു
ലങ്കാധീശനെ ബന്ധനം ചെയ്കിൽ
സങ്കടം മമ തീരും മുനീന്ദ്ര
എങ്കിൽ ഞാനതിന്നായ്ക്കൊണ്ടു യാത്ര
സങ്കടം കളഞ്ഞു വസിച്ചാലും
ഇത്ഥം മാമുനിസത്തമൻ ചൊന്ന-
ത്തെത്തി കിഷ്കിന്ധയാം പുരിയിങ്കൽ

ബാലിയെകണ്ടു വൃത്താന്തമെല്ലാം
കാലം വൈകാതുണർത്തി മോദേന
പങ്കജാക്ഷസംകീർത്തനം പാടി
ലങ്കാഗോപുരദ്വാരെ കടന്നു
ചെന്നു രാവണരാക്ഷസൻ മേവും
പൊന്മയമായ സൌധം കരേറി
വീണാപാണിയെ വന്നതു കണ്ടു
കൌണപാധിപനായ ദശാസ്യൻ
താണു കമ്പിട്ടു കൂപ്പിയ ചക്ര-
പാണിസേവകനായ മുനിയെ
പീഠവുംകൊടുത്തങ്ങിരുത്തീട്ടു
പീഠമേറി ദശാസ്യനും ചൊന്നാൻ
കുത്രനിന്നാഗതൻ മഹാനിപ്പോ-
ളത്ര വന്ന കാര്യം കഥിച്ചാലും
സ്വസ്ഥനായിട്ടെഴുന്നെള്ളുകയോ
വൃത്താന്തം വിശേഷിച്ചെന്തു ലോകേ
വൃത്രാരിയുടെ വൃത്താന്തമേതാൻ
അത്ര നിന്നു പറഞ്ഞു കേൾപ്പുണ്ടോ
ശക്തനാം മമ പുത്രൻ സമർത്ഥൻ
ശക്രൻതന്നെ ജയിച്ചു യുദ്ധത്തിൽ
ബന്ധിച്ചിങ്ങു കൊണ്ടന്നവൻ തന്നെ
സന്ധിപ്പിച്ചു കൊടിമരത്തോടു
സ്രഷ്ടാവങ്ങു കേട്ടെഴുന്നെള്ളി
പെട്ടെന്നങ്ങടെ ലങ്കാനഗരേ
വിട്ടിടേണം മഹാനിന്ദ്രനെയെ-

ന്നൊട്ടു രോമഹൎഷം പറഞ്ഞു
സൃഷ്ടികൎത്താവു തൻ ഗിരം കേട്ടു
വിട്ടേച്ചേൻ ഞാനുമിന്ദ്രനെയോൾ
മാനശാലിയാമെന്നോടെതിൎപ്പാൻ
വാനവരാരുമില്ലെന്നു നൂനം
ഭൂമിപാലകന്മാരുമിന്നെന്റെ
നാമം കേട്ടാൽ ഭയപ്പെട്ടൊളിച്ചും
മാനിനിമാരുമെന്നെ കൊതിച്ചു
ദീനം പൂണ്ടുഴന്നീടുന്നു നിത്യം
മന്നിലാരാനുമുണ്ടോ മുനീന്ദ്ര
എന്നെക്കൊണ്ടു ദൂഷിച്ചു പറയുന്നു
ഉണ്ടെന്നാലറിഞ്ഞാലുണ്ടവനു
രണ്ടാംജന്മമതിനില്ല ഭേദം

ഏവം രാവണഭാഷിതം കേട്ടു
ദേവമാമുനി നാരദൻ ചൊന്നാൻ
എത്രയും സമൎത്ഥൻ ഭവാനെന്നു-
ത്രിഭുവനം തന്നിൽ പ്രസിദ്ധം
അത്രയുമല്ല നിന്നുടെ പുത്രൻ
വൃത്രാരിയെജ്ജയിച്ചോരു കീൎത്തി
പാരെല്ലാം നിറഞ്ഞൊരു മറഞ്ഞു
വീരനിന്ദ്രജിത്തെന്നു പ്രസിദ്ധം
എങ്കിലിന്നൊരു കാൎയ്യം പറയാം
ലങ്കാധിപതേ കേട്ടുകൊണ്ടാലും
ശക്തനോടശക്തന്റെ നിന്ദ
യുക്തമല്ലല്ലൊ സജ്ജനങ്ങൾക്കു

ശക്തിയില്ലായ്കിലുമമിത്രത്തെ
ശക്തനൊന്നു ഹതമാക്കവേണം
എന്നാൽ ഞാനൊരു കാര്യം പറയാം
നന്നായ്ക്കേട്ടുകൊണ്ടാലും ദശാസ്യ
അണ്ടർകോനുടെ നന്ദനനായി-
ട്ടുണ്ടു ബാലിയെന്ന കപിശ്രേഷ്ഠൻ
കണ്ടാൽ പ്രാംശുകനായതുകൊണ്ടു-
ണ്ടവനാഢംഭാവമറിക
ധിക്കാരി ഭവാനെക്കൊണ്ടനേകം
ധിക്കാരം പറഞ്ഞു നടന്നും
തൊണ്ടനാമവനിന്നു ഭവാന്റെ
രണ്ടടിക്കു പോരാ വിചാരിച്ചാൽ
അർജ്ജുനൻതന്നെ ബന്ധിച്ചവൻതന്റെ-
യർജ്ജുനനായഥം കണ്ടുവെന്നാകിൽ
അർജ്ജുനനോ ചെയ്തുപോലെ ഞാൻ ചെയ്യും
നിശ്ചയമതിനില്ലൊരു ഭേദം
അത്രയുമല്ലവന്റെയരയിൽ
സത്വരമൊരു വള്ളിയും ചേർത്തു
നാട്ടിൽ നീളെ നടത്തുന്നുണ്ടു
കേട്ടുകൊള്ളാം പലക്ഷമതോർക്ക്
എവം നാരദഭാഷിതം കേട്ടു
ദേവവൈരിയായൊരു ദശാസ്യൻ
കോപിച്ചാളു വിളിച്ചു പറഞ്ഞു
ചാപം കൊണ്ടുവരിക ശരവും
തേരു മുമ്പായവയും വരട്ടെ

പോരാളികളാം രാക്ഷസന്മാരും
വാനരാധിപൻ നിന്ദകൾ കേട്ടു
മൌനം പൂണ്ടങ്ങിരിക്കയല്ലോട്ടും
വീരരായവർ പാരാതെ ചെന്നു
ചോരനെ പൊത്തു പിടിക്കേണം
ദുഷ്ടനെക്കണ്ടു കിട്ടിയാലപ്പോൾ
കെട്ടേണമതിനില്ലൊരു ഖേദം
ഇത്ഥം ചൊന്നു തൻ വാളുമെടുത്ത-
ങ്ങുത്ഥാനം ചെയ്യുന്നോരം മുനീന്ദ്രൻ
ഭ്രാന്തുണ്ടോ ഭവാനെന്തിതിൽ കാര്യം
കാന്താരവാസിയായ കപിയെ
വെല്ലുവാൻ ചാപബാണാദികളും
നല്ല കാലാൾപ്പടകളും വേണം
ഭല്ലൂകത്തെ ജയിപ്പതിനിപ്പോൾ
നല്ല പാശമൊന്നാവശ്യമത്രേ
എല്ലാരുമൊത്തൊരുമിച്ചു പോരുമ്പോൾ
ഭല്ലൂകവരൻ പല്ലിളിക്കൂട്ടും
നാലഞ്ചു ജനമൊന്നിച്ചു പോരുമ്പോൾ
വാലും പൊങ്ങിച്ചവൻ മരമേറും
വിശ്വശൌര്യാദികൾ വിചാരിച്ചാൽ
ഒട്ടും വേണ്ട സഹായം ഭവാനു
സാരഥിയായി ഞാൻ വരാമല്ലോ
പാരാതെ പുറപ്പെട്ടീടുമെങ്കിൽ
സാരജ്ഞോത്തമനാം മുനീന്ദ്രന്റെ
ചാതുര്യ്യഗിരമിങ്ങിനെ കേട്ടു-

കാഴ്ചയെന്നോർത്തു ദശകണ്ഠൻ
പാരാതെ ഗമിപ്പാൻ പുറപ്പെട്ടാൻ

തൽക്ഷണത്തിൽ മുനി ചൊന്ന യുക്തിതരമാം
വാക്കാൽ മുഖപ്രസന്നനായ്
ശക്തൻ രാവണനാദരവോടു മന്ദമെ.
ന്നോടം കല്പിച്ചിതാൻ
ഉത്തമം സൌഖ്യമിവന്റെ ധാർഷ്ട്യപ്രവൃത്തർ
ശോധകം കപിപ്രസാധന-
ത്താലും ...
... മുനി.

ഉത്തമം നാരദമുനിയുടെ വചനം
ശ്രുത്വാ ദശവദനൻ ...

പ്രശ്നം ...

മുനിനായകൻ ഗിരം കീർത്തിയിൽ കേട്ടു പോവാൻ
മതിനു ദശാസ്യനമന്ന് ഭയോദ്ധതി
വിധിനന്ദനൻ താനുമധിതപ്യാഗമം
നടന്നു വാരാന്നിധി കടന്നങ്ങവർ വേഗാൽ
മർക്കടേശപാലൻ വാഴും കിഷ്കിന്ധാപുരദ്വാരേ
ചെന്നടനിച്ചൈസ്തരം ചൊന്നാൻ രാവണനപ്പോൾ
സ്വർല്ലോകാധിപാത്മജ മല്ലികപ്രഭോ ബല
യാളി യുദ്ധാർത്ഥനായ് ചെൽ പാലിതി വര ഗ്രതം

ഇത്ഥം രാവണനോക്തികൾ ശ്രുത്വാ കിശോരാഗ്രം ചൊ
(ന്നാർ
സന്ധ്യാതർപ്പണാർത്ഥമാസ്ഥിസന്ധ്യാദ്രിസമൻ ബാലി
പുക്കിതു സമുദ്രത്തെ തെക്കേതെന്നറിഞ്ഞാലും
ഇത്തരം കീശോക്തികൾ ശ്രുത്വാ രാവണൻതാനും
അടവിചിലനാടും കൊടുതാം ഗിരികളും
കടന്നുചെന്നു തെക്കേ കടലിൻ തടാന്തികേ
കഠിനബലം പാരമുടയ ബാലി തന്നെ
കണ്ടു നാരദൻ ദശകണ്ഠനോടരുൾചെയ്തു
കണ്ടാലും ദശാനന കണ്ഠനാം കപീന്ദ്രനെ
സമയം നന്നു തന്റെ നിയമമായുള്ളോരു
തർപ്പണകാലമിവനിപ്പോഴെന്നറിഞ്ഞാലും
വെക്കത്തിൽ ചെന്നിടേണം തക്കം നന്നിതു പാർത്താൽ
അണ്ടർകോൻ തനയനെ കണ്ടാലുണ്ടാകും ഭയം
തുടിച്ച വദനവും തടിച്ചു നീണ്ട വാലും
വളർന്ന കാലും കരം വളർന്ന ദംഷ്ട്രങ്ങളും
വലുതായുള്ള ദേഹം ബലമില്ലശേഷവും
ഭയപ്പാടേതും വേണ്ടാ ജയിസ്സാം കപീന്ദ്രനെ
അന്നേരം ദശാനനൻ ചൊന്നാൻ നാരദനോടു
ഭോഷ്കു ചൊല്ലുന്നതെന്നോടേറ്റം മുനിശ്രേഷ്ഠ
ഇക്കാണും ഗിരിസ്ഥലം തെക്കുഭാഗത്തോ ബാലി
അതു കേട്ടുടൻ മുനി കൗതുകം പൂണ്ടു ചൊന്നാൻ
ഗിരിയെന്നതു ഭവാൻ കരുതുന്നതും ചിത്രം
ഗിരിയല്ലിതു തവ രിപുവായുള്ള ബാലി
മുന്നേ ഞാൻ പറഞ്ഞില്ലേ ഉന്നതകായനെന്നു

സംഭ്രമിച്ചിതു കേട്ടു ജംഭാരി തനയനേ
സമസ്താംഗവുമൊന്നു ക്രമത്താലാശു നോക്കി
സമർത്ഥനിവനെന്നമർത്ത്യരിപുവോർത്താൻ?
തെറ്റെന്നന്തകൻ താനുമൊരു ബാലിയെക്കണ്ടാൽ
നെറ്റിതന്നുടെ താഴത്തോറ്റവുമഗാധമായ്
പാറിയ മിഴികളുമറ്റമില്ലാതെ താടി
ചെമ്പിച്ച മീശകളും വമ്പിച്ച ദശനങ്ങൾ
ഇടിച്ച കവിൾത്തടേ സ്ഫുടിച്ച ദംഷ്ട്രദ്യുതി
തടിച്ച മുഖമൊക്കെയടച്ചു ശോഭിക്കുന്നു
ഉരത്ത കരങ്ങളും പെരുത്ത ചരണങ്ങൾ
വലിയ ശരീരവും വളർന്ന വാലും കോപ്പും
കണ്ടു രാവണനേറ്റമുണ്ടായി ഭയമുള്ളിൽ
പറഞ്ഞു ദശാസ്യനും കരഞ്ഞൊന്നു ചിരിയോടു
ചിന്തിച്ചാൽ ബാലിതന്നെ ബന്ധിപ്പാൻ ഭയമില്ല
തരമില്ലിപ്പോൾ കപിവരനോടെതിർക്കുവാൻ
തർപ്പണം കഴിയട്ടെ ഇപ്പോൾ ഞാനതുകൊണ്ടു
സത്വരമങ്ങു ലങ്കാപുരത്തിനു ചെന്നു വേഗാൽ
പുത്രന്മാർക്കെന്നെ കാണാത്തതാലും കളഞ്ഞു ഞാൻ
സദ്യോന്നിവനെയുമത്രൈവ ബന്ധിച്ചിടാം
തച്ഛ്രുത്വാ ശ്രീനാരദൻ തദ്ദശാനനമൂചേ
പ്രളത്വമുള്ളോർക്കിളു ജളത്വമറിഞ്ഞാലും
മടിച്ചീടേണ്ട വേഗാലടുക്ക ബാലിയോടു
പിടിച്ചു ബന്ധിച്ചങ്ങു നടക്ക ലങ്കാപുരേ
കളിക്കും ബാലന്മാർക്കും കളിപ്പാൻ യോഗ്യനിവൻ
കളവല്ലേതും തവ ഇളയ സുതൻ കണ്ടാൽ
കളിയും ചിരിയേറ്റം വളരുമറിഞ്ഞാലും

സംഭ്രമം കൂടാതവൻ പിന്നുറെ ചെന്നു വേഗാൽ
തൽക്ഷണം മന്ദം ചെന്നു പുച്ഛത്തെ ഗ്രഹിച്ചാകിൽ
ഋക്ഷരാജനാമാശു തൽക്ഷണം വലഞ്ഞീടും
കേവലം ഞാനരണ്ട്രു മേവുന്നൊന്നറിഞ്ഞാലും
നാരദമുനീന്ദ്രന്റെ ചാതുഭാഷിതം കേട്ടു
അടുത്തു കപീന്ദ്രനെപ്പിടിപ്പാൻ ദശാനനൻ
അങ്ങനെതന്നോർത്തു ഭയാലകലെ പാഞ്ഞീടിനാൻ
അടുത്തു കൂടക്കൂടെ പിടിപ്പാൻ ഭാവിക്കയും
അല്പനല്ലിവനെന്നതുൾപ്പൂവിൽ ദശാനനൻ
അറിഞ്ഞു മുനീന്ദ്രനെ മറഞ്ഞു നോക്കുകയും
പിടിച്ചിടെന്നു മുനി വിളിച്ചു ചൊല്ലുകയും
ശങ്കനായിട്ടന്നൊരു മർക്കടരാജൻ തന്റെ
തടിച്ചു നീണ്ടുള്ള വാൽ പിടിച്ചു ദശാനനൻ
പിടിച്ച ഭാവമേതും നടിച്ചീലുടൻ ബാലി
പിടിച്ച കരമൊന്നു ചുറ്റി വാൽകൊണ്ടപ്പോൾ
ചുറഞ്ഞു ഞാനെന്നോർത്തു മറഞ്ഞു നോക്കിപ്പിന്നെ
പറഞ്ഞു ദശാസ്യനാം കരഞ്ഞന്നൃഷിയോടു
മുഴക്കയെന്നു പാരം കുഴങ്ങി മുനീശ്വര
കുഴക്കു തീർക്കാം ഖേദമൊഴിച്ചു ദശാനന!
മറ്റൊരു കരംകൊണ്ടു തെറ്റെന്നു പിടിച്ചാലും
അന്നേരം ദശാനനൻ പിന്നെ മറ്റെ കൈകൊണ്ടും
ഉറക്കെ പിടിച്ചപ്പോൾ ചുറ്റിച്ചാനതും ബാലി
ഇനി ഞാനെന്തുവേണ്ടു മുനിനായക ചൊൽക
ഹസ്തങ്ങൾ രണ്ടും മമ സ്വാസ്ഥമല്ലാതെ വന്നു
ഇത്ഥം കേട്ടതിൽ ചൊല്ലു സത്യനാരദൻ താനും

ശിഷ്ടമുള്ളോരു പതിനെട്ടുകൈകൊണ്ടും ഭവാൻ
അമർത്തു പിടിച്ചാശു വലിച്ചീടുമളവെ
അന്നേരം ദശാനനനാനനമൊട്ടു ശീഘ്രം
രോഷിച്ചു ദശാനനൻ ശോഷിച്ചു കരംകൊണ്ടു
ഊറ്റമാശ്ശിടിച്ചപ്പോൾ ചുറ്റി സർവ്വാംഗം ബാലി
ഉറക്കെ ചിരിച്ചാശു ഞെരുക്കിഞെരുക്കിവിട്ടീടിനാൻ
അന്നേരം ശ്രീനാരദനൊന്നു പുഞ്ചിരി പൂണ്ടു
ഹേ ഹേ രാവണ തവ സാഹസമിതു വൃഥാ
അധികം ഖേദിക്കേണ്ട വിധിയാർക്കൊഴിച്ചാവൂ
എന്നുടെ വാക്കാലിതു വന്നുവെന്നോർത്തീടേണ്ട
ഇന്ദ്രനെ വെന്ന തവ നന്ദനൻതന്നോടേവം
ചൊന്ന നാരദിയിതും വന്നിടുമവൻ വേഗാൽ
ആകുലമേതും വേണ്ട പോകുന്നേനെങ്കിൽ ഞാനും
ഇത്തരം പരിഹാസം സത്വരമരുൾചെയ്തു
ചിത്തമോദേന മുനി തത്ര നിന്നെഴുന്നള്ളി
ശക്രജനാം ബാലി ദശവക്ത്രൻതന്നെയും പിന്നെ
ബന്ധനത്തൊടുകൂടി സിന്ധുവിൽ പതിപ്പിച്ചു
ഒട്ടുനാഴിക ലവണാബ്ധിയിലിട്ടീടിനാൻ
ഒട്ടേറെയുപ്പുവെള്ളം പെട്ടെന്നു കുടിച്ചപ്പോൾ
തളർന്നു വീർപ്പുമുട്ടി വലഞ്ഞീടുമ്പോൾ ബാലി
വലിച്ചങ്ങിട്ടു മറിച്ചലിച്ചുമാറു തീരെ
അങ്ങിനെ കപിശ്രേഷ്ഠനാശു രാവണനോരം
ഖിന്നത വളരുംവണ്ണം ഒട്ടുനാഴിക വെള്ളം
തന്നിലും പിന്നെയെടുത്തിട്ടീടുമതിന്നെതിരെ
ദുഷ്ടനാം ദശാസ്യനാം പുഷ്ടവേദന പൂണ്ടു–

ഞൊട്ടേറെ വിചാരിച്ചപ്പോൾ ഇഷ്ടദേവതയായ
മട്ടലർശരാരിയെ ഒട്ടേറ നിനച്ചു ഖേദാൽ
ശങ്കര! ശിവ! ശിവ! ശങ്കര! ശിവയെന്നു
ലങ്കേശൻ വിളിച്ചു കേണാൻ.

ഇതി ചരിതം [illegible] സമാപ്തം.

[illegible]

ശങ്കര ശിവ ശങ്കര പാഹി
തിങ്കൾശേഖര മാം പരിപാഹി
പങ്കജശരാരേ ഭവാനെന്റെ
സങ്കടമകലെക്കളഞ്ഞാലും
മുപ്പുരാന്തക ഞാനിന്നിവിടെ—
ന്നുപ്പുവെള്ളം കുടിച്ചുമാറായി
ത്വൽകൃപകൊണ്ടു [illegible] വന്നുള്ള
നൽകൃപാമാംപ്രതി ഭവിച്ചാലും
ഇത്ഥം രാവണൻ കേഴും ദശായാം
സത്വരം കപിസത്തമൻ താനും
മറ്റൊരു സമുദ്രക്കര നോക്കി
തെറ്റെന്നങ്ങിവൻതന്നെയും ഞെറി
ചെല്ലുന്ന വഴിയിൽ ചില കല്ലും
നല്ല സാലഗിരിയിവകൊണ്ടു
തല്ലിയങ്ങവൻതലയോടാ—
ലെല്ലാമങ്ങു ചതഞ്ഞു മറിഞ്ഞു
ബാലിയിങ്ങിനെ നാലാഴിയിങ്കൽ

കാലതാമസം പൂണ്ടു നിയമം
കാലവും കുറഞ്ഞൊന്നു കഴിഞ്ഞു-
കാലമിന്ദ്രജിത്തു പുനരോൎത്താൻ
അച്ഛൻപോയി വന്നില്ലതിൻകാൎയ്യം
നിശ്ചയിച്ചൊന്നറിഞ്ഞതുമില്ല
ഒട്ടനാളുമായി പോയിട്ടു താതൻ
പെട്ടന്നൊന്നുകൊണ്ടിങ്ങു വരാഞ്ഞു
നാരദൻ കൂടെയുണ്ടെന്നു കേട്ടു
ഘോരനാം മുനിയോൎത്തുകാണുമ്പോൾ
ഏഷണിക്കാരനാം മുനി പണ്ടേ
ദോഷമേ വിചാരിച്ചും നമുക്ക
പണ്ടിന്നാരദൻ ഹേഹയനുമായി
ശണ്ഠകൂട്ടിച്ചു ചെണ്ട കൊട്ടിച്ചു
ഇന്നുമങ്ങതുപോലെ ഭവിച്ചോ
എന്നു തോന്നുന്നു താമസം കണ്ടാൽ
ഇത്തരം വിചാരിച്ചിന്ദ്രജിത്തും
സത്വരമൊരു ദൂതനെ വിട്ടു
തൽക്ഷണം ദൂതനന്വേഷിച്ചപ്പോൾ
ദക്ഷിണാൎണ്ണവന്തന്നുടെ തീരേ
ഋക്ഷരാജനാം ബാലിതൻ പൃഷ്ഠേ
പുച്ഛംകൊണ്ടു ചുറ്റി ബന്ധിച്ചു
രക്ഷോനായകൻതന്നെയും കണ്ടു
തൽക്ഷണം ദൂതനങ്ങുനേരം
ചെന്നു രാവണവൃത്താന്തമെല്ലാം
ചൊന്നാനിന്ദ്രജിത്തോടങ്ങുനേരം

ഇതി തൃതീയപാദം സമാപ്തം.

സുരകുലവരജിതനായ ദശാനന-
സുതനിതി വാൎത്ത ശ്രവിച്ചു ദശാസ്യം
ഉന്നതകോപമിയന്നഥ രാവണി
വിരവിനൊടെഴുന്നീററാശു കഥിച്ചു
പരിഭവിയാകിയ വാനരവരനുടെ
കരബലമിന്നു ശമിപ്പിപ്പൻ ഞാൻ
കൊടിയൊടു രണമിക്കപികുലവരനൊടു
നടത്തി തുടങ്ങുകവേണമിദാനീം
കുടിലനതായൊരിവനോടലടയ
കൊടുതായുള്ളൊരു ശരനിര തൂകി
തിലസമശകലങ്ങളാവതിനൊത്താൽ
ചപലത നഹി നഹി മമ പുനരോൎത്താൽ
രക്ഷോകുലവരനേവം ചൊന്ന-
ണക്ഷണമുരുതരസൈന്യസമേതം
കരിഹരിതുരഗവുമേററം കാൎമ്മുക-
ശരപാശാദ്യായുധമായവ മററും
ചട്ട കടുത്തില കട്ടാരം ചില
യഷ്ടിബഹുവിധമായുധസഹിതം
വീരനതാകിയ ശതമഖരിപുതാൻ
ഘോരതരേണ പുറപ്പെട്ടപ്പോൾ
ആക്കഥ കേട്ടു മയാസുരനവനൊടു
വെക്കം ചെന്നു തടുത്തുരചെയ്തു.
എങ്കിലൊ കേട്ടുകൊള്ളുന്നീ ഭവാൻ
സംക്രന്ദനാത്മജനായ
മൎക്കടരാജനാം ബാലിതന്റെ

ഉത്ഭവമത്ഭുതമോർത്താൽ
പണ്ടു ദേവാംഗനമാരെ ക്കൂടി
കണ്ടുകൊൾവാനായരുണൻ
വണ്ടാർകുഴലിയാൾവേഷം പൂണ്ട-
ണ്ടർകോൻ മന്ദിരം പുക്കു
ഇന്ദ്രനമങ്ങവൾതന്നെക്കണ്ടു
കന്ദർപ്പമാൽ സഹിയാഞ്ഞു
നന്നായ്പ്പുണർന്നൊരനന്തരം തത്ര
നന്ദനനൊന്നുളവായി
വൃന്ദാരകാധിപൻ താനുമെന്നും
നന്നായി രക്ഷിച്ചുകൊൾവാൻ
ചേതസി ചിന്തിച്ചഹല്യയായ
ഗൗതമപത്നിക്കു നൽകി
ബാലകൻതന്നെയഹല്യാതാനം
ചാലെ നന്നായ്വളർത്തുനാൾ
മാമുനിതന്നിൽ കരുതു കൃപ
മേന്മേലഹല്യയ്ക്കു നിത്യം
എന്നതു കണ്ടു മുനിനായക-
നിന്ദ്രാത്മജനെ ശപിച്ചു
മാമുനിശാപം നിമിത്ത-
മവൻ വാനരനായതറിക
ശക്രനാം ബാലിതൻ ബാഹുബല
മെത്രയും വിസ്മയമോർത്താൽ
പണ്ടു പാലാഴി കടഞ്ഞീടുവാ-
നണ്ടർകോനാളിയായുള്ള

ദേവസമൂഹവും ദൈത്യന്മാരു-
മേവരുമൊത്തൊരുമിച്ചു
ആദിനാരായണൻ ചൊല്ലാലവ-
രാഴി കടയുവാനായി
മന്ദരപർവ്വതം മന്താക്കിയ-
പ്പന്നഗരാജനായൊരു
വാസുകിയെ പാശമാക്കിച്ചേ-
ച്ചുറ്റു പിടിച്ചു വലിച്ചു
ദൈത്യസുരന്മാർ വലിച്ചങ്ങവ-
രാർത്തരായ് നിന്നൊരു നേരം
കണ്ടു ചിരിച്ചു കപീന്ദ്രൻ വന്നു
രണ്ടു കരങ്ങളെക്കൊണ്ടും
രണ്ടു നാഴികകൊണ്ടു വലി-
ച്ചിങ്ങനെയേറ്റു തിരിച്ചപ്പോൾ
ഘോരമായങ്ങു കലങ്ങി
ക്ഷീരവാരിധിയുമന്നേരം
ആശാഗജരത്നമാദിയായി
വിശ്വവിമോഹിനിയായ
ലക്ഷ്മിമുമ്പായുള്ള നാരിമാരും
തൽക്ഷണമതിൽനിന്നു
ഉണ്ടായി പിന്നെ സുധാകുംഭവും
കണ്ടുതെളിഞ്ഞമരന്മാർ
[illegible]
ക്കടൽ തന്നിറവുമായ
വാരിജനാഭനായുള്ളോരു

താരയാം നാരിയെ നല്കി
അത്ര സമർത്ഥനായൊരു കപി.
സത്തമനോടിന്നെതിർപ്പാൻ
ശക്തി പോരാ നിണക്കേതും മമ
ചിത്തത്തിലോർത്തു കാണുമ്പോൾ
ശക്രനൊ ബാധിച്ച വൈരമവൻ
ചിത്തത്തിലുണ്ടറിഞ്ഞാലും
ഖേദം കളഞ്ഞു വസിയ്ക്കു തവ
താതൻ വരുമിനി വേഗാൽ
ഇത്ഥം മയാസുരൻതാനും തന്റെ
പൌത്രനോടേവം പറഞ്ഞു
എന്നതു കേട്ടടങ്ങീടിനാ-
നിന്ദ്രജിത്തുമന്നേരം
അക്കാലമക്കപിശ്രേഷ്ഠൻ
സ്നാനതർപ്പണം മുമ്പായ കർമ്മം
ഒക്കെസ്സമർപ്പണം ചെയ്തവൻ
കിഷ്കിന്ധയാം പുരി നോക്കി
പെട്ടെന്നു രാവണൻതന്നെ തന്റെ
പൃഷ്ഠേ ധരിച്ചു ഗമിച്ചു
കിഷ്കിന്ധവാസികളായുള്ളോരു
മർക്കടന്മാരുമന്നേരം
നമ്മുടെ നാഥൻ വരുന്നതാ-
നന്ദമോടെന്നങ്ങൊരുത്തൻ
എന്നതു കേട്ടവരെല്ലാമപ്പോ-
ളൊന്നോർത്തു നോക്കിപ്പറഞ്ഞു

ദീൎഘമായുള്ളോരു വാലെന്തിത്ര
ദീൎഘം കറന്തു കാണുന്നു
രോമ രോമകെത്രയുമല്ലിന്നു
വാല്ക്കു കിഴിലുരുണ്ടൊന്നു
സിന്ധുതന്നിൽ സ്നാനകാലം ജല-
ജന്തുക്കളെ താറമിപ്പോൾ
ഛന്ന ഭേദിച്ചതോ ചെല്ലതള
ചിന്തിച്ചു ചൊല്ലിനെല്ലാരും
എന്നതു കേട്ടോരു കീശനാശു
ചൊന്നാനതല്ല നിനച്ചാൽ
കല്പമായുള്ളൊരു വാലിന്നിന്നു
വാച്ചു വളൎന്നു വരുന്നു
വാച്ചുള്ളതു കരുവെന്നും ചിലർ
വാൽ പുറത്തുണ്ടാകകൊണ്ടു
ചൎമ്മത്തിൽനിന്നു ജനിച്ചതല്ല
മൎമ്മസംബന്ധവുമുണ്ടു
ചീൎത്തു പുൎത്തു വരുന്ന കരു-
വോൎത്താൽ ശമിപ്പാൻ വിഷമം
പത്തു മുഖം പുറമെത്രയല്ല
പ്രത്യേകമീരണ്ടു കണ്ണും
വീരനായുള്ളൊരിവനൊയിന്നു
രോഗം വലച്ചതറിക
ധീരനായുള്ളൊരു വൈദ്യൻതന്നെ-
യാരാഞ്ഞുവേണമിതാനീം
ഉദ്യമം പറഞ്ഞവർ മേവുംവിധൌ

സത്വരം ബാലിയും വന്നു
ചെന്നു തൻ പിതാമഹന്നോരം
വന്ദിച്ചു നിന്നവരെല്ലാം
അപ്പോളൊരുത്തരാട്ടത്തു ചെന്നു
സത്വരം നോക്കിപ്പുറത്തു
പാരം വളൎന്ന കരുവല്ലിതു
വീരനാം രാവണൻ തന്നെ
ബന്ധിച്ചു നമ്മുടെ സ്വാമിയതു
ചിന്തിക്കിലത്ഭുതമത്രെ
കുട്ടിക്കപികളും ബാലിതന്റെ
പൃഷ്ഠഭാഗേ ചെന്നിരുന്നു
കണ്ണും മിഴിച്ചു ചെരിഞ്ഞു നോക്കി
ഉണ്ണികളായ കപികൾ
പല്ലിളിച്ചാശു ചൊറിഞ്ഞും ചിലർ
കല്ലെടുത്തു കൊണ്ടെറിഞ്ഞും
നുള്ളിപ്പറിച്ചും കടിച്ചും മീശ
നുള്ളിപ്പിടിച്ചു പൊരിച്ചും
കണ്ണും മിഴിച്ചു നോക്കുമ്പോളവർ
മണ്ണുകൾ വാരിച്ചൊരിഞ്ഞും
മൂൎദ്ധ്നിയേറീടുന്ന കോൽകൊണ്ടവർ
മൂക്കു തുളച്ചും ചതച്ചും
മുഗ്ദ്ധക ബാലകന്മാരങ്ങവെ
മൂൎഖൽ വളൎത്തും ദശായാം
ബന്ധം സഹിച്ചുകൂടാഞ്ഞിട്ടവൻ
തിണ്ണം വിലപിച്ചു ശീഘ്രം

രാമനാം കേട്ടൊരു നാമം കപി-
വീരൻ ദശാനനൻതന്നെ
ചുററി മുറുക്കിയ വാലിൻ ചുറ
റെററന്നഴിച്ചു സഭയിൽ
നിർത്തിയവനൊടു ബാലി ചില
വൃത്താന്തമാശു ചോദിച്ചു
ലങ്കയോ നിന്നുടെ രാജ്യം ചൊൽക
ശങ്കിക്കവേണ്ട നീ എന്നൊ
രാവണനെന്നു നിനക്കോ നാമ-
മാമയം വേണ്ടതു ചൊൽക
മണ്ഡോദരിയോ നിന്റെ മാതൃ തവ
ഉണ്ണിയോ ഇന്ദ്രനൊ നൂനം
ബന്ധിച്ചതെന്നോടിദാനീം ഭവാൻ
ചിന്തിച്ചു ചൊൽക വൈകാതെ
വാനവർകോനാദിയേയും മററു
മാമുനിമാരെയുമെല്ലാം
ശാസിച്ചടക്കുന്ന നിന്നെയിന്നു
ബാധിച്ചുവേണം നിനച്ചാൽ
എങ്കിൽ ഞാനിന്നിതു ചെയ്യുന്നില്ല
ലങ്കാധിപയിനിമേലിൽ
നിർജ്ജരന്മാരെയുമെല്ലാം മററു
സജ്ജനതാപസരേയും
സൽക്കരിച്ചീടുക വേണം ഭവാൻ
ധിക്കരിച്ചീടരുതെന്നും
വാനരന്മാരെയുമേററം ബഹു-

മാനിക്കവേണമെപ്പോഴും
ഏവം മനസ്സിങ്കൽ വേണം ഭവാൻ
പോയാലുമെങ്കിൽ വൈകാതെ
ഇത്ഥം ശ്രവിച്ചു ദശാസ്യൻ പുന-
രുത്തരമായുരചെയ്തു
ചൊന്നതു പോലെ നടക്കാമെങ്കി-
ലൊന്നുണ്ടു ഞാൻ പറയുന്നു
സ്നേഹിച്ചിരിക്കേണമെന്നിൽ മമ
മോഹമതുകൊണ്ടിദാനീം
അന്യോന്യമാക്കെട്ടിപ്പിടിച്ചു നമ്മൾ
നന്നായ് പ്രതിജ്ഞ ചെയ്യേണം
എന്നാലിനിക്കു വിശ്വാസം
ജാതമെന്നതു കേട്ടുടൻ ബാലി
അന്യോന്യമാക്കെട്ടിപ്പിടിച്ചു തമ്മിൽ
നന്നായ് പ്രതിജ്ഞയും ചെയ്തു
യാത്രയും ചൊല്ലി ദശാസ്യൻ പുന-
രാസ്ഥാനമണ്ഡപം പുക്ക
പുത്രദാരാമാത്യഭൃത്യസമം
തത്ര സുഖേന വസിച്ചു
മർക്കടരാജനാം ബാലിതാനും
കിഷ്കിന്ധയാം പുരിയിങ്കൽ
വാനരന്മാരുമായത്ര
പരമാനന്ദമോടെ വസിച്ചു
വൃത്രാരിയും പ്രസാദിച്ചുചൊല്ലി
നിത്യമായീടുക സഖ്യം

ചൊല്ലുന്നവൎക്കും ശ്രവിക്കുന്നോൎക്കു-
മല്ലലെല്ലാമകന്നിടും
നാരായണായ നമസ്തേ ഹരി
നാരായണായ! നമസ്തേ!

ഇതി ബാലിവിജയം കളനാട്ട്

സമാപ്തം.

ഗരുഡരാമായണം.

കളമ്പാട്ട്.

കാലാരിപാദാരവിന്ദേ സദാ-
കാലവും വാഴുന്ന ബാലേ!
ബാലേ! കിളിപ്പൈങ്കിടാവേ! നല്ല
ഫാലവിലോചനസേവ്യേ!
വെള്ളിഗിരിയിങ്കൽനിന്നു സദാ
തുള്ളിക്കളിക്കുന്ന ബാലേ!
ഉള്ളം തെളിഞ്ഞെന്നരികിൽ വന്നു
നല്ലൊരു സൽകഥ ചൊൽക
പാലും പഴം ഗുളം തേനും നല്ല
നീലക്കരിമ്പിന്റെ ചാറും
പഞ്ചസാര നറുനെയ്യും കൂടെ
പഞ്ചവൎണ്ണേ ഭുജിച്ചാലും
വേണ്ടുവോളം നുകൎന്നെന്നോടിന്നു
കൊണ്ടൽവൎണ്ണൻകഥ ചൊൽക
ദാമോദരനെങ്ങിനെ പോയും നാഥ
സാദൃകരമൂന്റെ ബാലേ!
പഞ്ചസാരജലംതന്നിൽ കൊഞ്ച-
മിഞ്ചിയോടഞ്ചു നാരങ്ങ
കിഞ്ചന നന്നായ്ത്തിങ്ങിയരി-
ച്ചഞ്ചാതെ പൊങ്ങിച്ചതിനിൽ

കണ്ഠാവധി പാനമൻപോടു നീ
കണ്ഠതാ തീൎന്നു ചെയ്താലും
ഇത്ഥം ശ്രവിച്ചു ശുകപ്പൈതലു-
മുത്തമായ ഭോജ്യപേയങ്ങൾ
നന്ദായ് നുകൎന്നു തുടങ്ങീടിനാൾ
മന്ദത കൈവിട്ടു മോദാൽ
വിഘ്നമെല്ലാമകറേറണം സദാ
വിഘ്നേശ്വരാ വണങ്ങുന്നേൻ
നീലാരവിന്ദാക്ഷി വാണീ സദാ
കാലവും നാവിൽ വാഴേണം
കല്ലോലമാലകളെന്നപോലെ
നല്ലവണ്ണം വിളങ്ങേണം
പാരിൽ വീണാശു വണങ്ങീടുന്നു
പാരിജാക്ഷി സദാകാലം
പങ്കജാക്ഷികൊങ്കയിങ്കൽ സദാ
തങ്ങുന്ന കുങ്കുമപങ്കൈഃ
നന്നായലംകൃതവക്ഷസ്സദാ
നന്ദജസുന്ദര പാഹി
ദേശികനാഥനാശീസ്സിന്നു മേ
ആശു നൽകേണമനന്തം
ആശാപതികളിന്ദ്രാദികളെ-
യാശു ഞാൻ വീണു നമാമി.
ശൎവ്വാംശജാതനായിട്ടും മുനി
ദ്വൈപായനാവിന്നു തുണെക്കു
നാരദാദിമുനിമാരും മേ

പാരാതനുഗ്രഹിക്കേണം
രാവണാരേ രഘുനാഥ സദാ
ദേവ ദേവേശ മാം പാഹി
നാരായണനും വിരിഞ്ചൻ ശിവൻ
പാരാതെ മാം തുണക്കേണം
ആദിതേയന്മാരെയെല്ലാമഹ-
മാദരേണ വണങ്ങുന്നേൻ.
ഭാൎഗ്ഗവവംശേ പിറന്നുള്ളൊരു
ഭാൎഗ്ഗവം രാമം നമാമി
സൂരികളും നവഖേടന്മാരും
പാരാതനുഗ്രഹിക്കേണം
നാനാഗുണങ്ങളുമുള്ളീടുക
സേനാപതിയാം ഗുഹനും
എങ്കിലോ കേട്ടുകൊണ്ടാലും പണ്ടു
പങ്കജനാഭനാം കൃഷ്ണൻ
കാമുകനായി വസിച്ചു ഗോപ-
കാമിനിമാൎക്കെല്ലാൎക്കും
രണ്ടെന്ന ഭാവം വെടിഞ്ഞങ്ങു വൈ-
കുണ്ഠൻ വസിച്ചു ഭൂലോകേ
സീരി മുമ്പായുള്ളവരുമായി
സ്വൈരമായ് ദ്വാരാവതിയിൽ
ലോകങ്ങളെ പരിപാലിച്ചു
ലോകേശനായ്വസിക്കുന്നനാൾ
പാണിഗ്രഹം പതിനാറായിരം
കാണി വൈകാതെയൊരെട്ടും
കേശവൻ ചെയ്തു വസിച്ചു പുരേ

സ്വൈരമങ്ങനെയൊരു നാളിൽ
വൈനതേയം വിളിച്ചങ്ങു ചൊല്ലി-
യാനന്ദവാരിധി കൃഷ്ണൻ
അപ്പതിന്മീതെ ശതയോജന
തപ്പാതെ ചാടിയിരുന്ന
മായാമയപ്രിയനായുള്ളൊരു
വായുസുതം വരുത്തേണം
കാലുഷ്യമൊന്നും കരുതാതെ നീ
കാലം വൈകാതെ പോയാലും
തണ്ടാർശരാരിപ്രിയന്റെ ശ്രീരാ-
മുണ്ടായ മോദേന കേട്ടു
ഒക്കയും വെല്ലുവിളിസി തദാ
വേഗമോടെ വൈനതേയൻ
തൃപ്പാദങ്ങളും നിനച്ചുട-
നല്ലലരൊത്തും വണങ്ങി
തൊട്ടു തലോടി മുകുന്ദൻതാന-
മിച്ഛന വൈനതേയനും
ചിത്തമോദത്തോടരുണാനുജ-
നത്തരാശാമുഖേ നോക്കി
ചിത്താം കദളീവനത്തിൽ ചേർന്നു
സത്വരം പക്ഷീശ്വരനും
പക്ഷപുടങ്ങളടിച്ചിട്ടവൻ
തൽക്ഷണം നന്നായ് പറന്നു
വേഗേന ചെന്നു കദളീവനേ
ശോഗീകലാശനനാനം
മാരുതിയെക്കണ്ട നേരത്തവൻ

പാരാതിറങ്ങിനാൻ ഭൂമൌ
വാനരാധീശനോടന്നങ്ങു
വൈനതേയം തമുവാച
എന്തെടോ പക്ഷികളേക്കാൾ ഭവാ-
നെന്തിനായ്‌വന്നതു ചൊൽക
വാതാത്മജന്റെ വചനം കേട്ടു
ചാതുര്യമുള്ള പക്ഷീശൻ
വാനരശ്രേഷ്ഠ കേൾക്ക ഭവാൻ-
മാനിയാമെന്നുടെ വാക്യം
വൃഷ്ണികുലമണിയായിടുന്ന
കൃഷ്ണന്റെ വാഹനമായി വന്ന
കാണുന്നെപ്പോഴും ഭവാനെ ദ്രുതം
ബാണവൈരിക്കിതുകാലം
പാപമെല്ലാം നശിച്ചീടും നിന്റെ
പാകാരിസോദരം കണ്ടാൽ
മത്സ്വാമിയെക്കണ്ടവർക്ക് സുഖം
വത്സരാസംഖ്യമറിക
പുണ്യവാനായുള്ള നിന്നുമിന്നു
പുണ്യജനാരിയെക്കാൺക
വർണ്ണിപ്പതെങ്ങിനെ ഞാനിന്നെടോ
കർണ്ണവൈരിസഖിവാർത്താം
ഇത്ഥമരുണാനുജന്റെ ഗിരം
ശ്രുത്വാ കപീശ്വരൻ ചൊന്നാൻ
എന്തെടോ നീ പറഞ്ഞിടുന്നതു
ചിന്തിക്കിലുള്ളതല്ലോ

പാപികളിൽ വെച്ചു മുമ്പുള്ള വ-
മ്പാപിയാം നിന്നുടെ സ്വാമി
ബാലകാലം ചെയ്ത കള്ളത്തൊഴിൽ
കാലമോ ചൊല്ലുവാൻ പോര
മാതുലൻതന്നെയും കൊന്നു പിന്നെ
മാതാവെ വഞ്ചിച്ചതില്ലേ
പാലൊടു വെണ്ണയും മോന്തുമവൻ
ചാലവേ കട്ടുകൊണ്ടില്ലേ
ഗോപികമാരുടെ വസ്ത്രങ്ങളെ
പാപി കവൎന്നുമില്ലേ
എങ്ങിനെ ഞാനിതു ചൊല്ലീടുന്നി-
ങ്ങവൻ ചെയ്ത ദുഷ്ടത്വം

ഭാനുവംശത്തിൽ ശിരോരത്നമാം
മാനവേന്ദ്രോത്തമം രാമം
മാരാരിസേവിതം നാരായണം
സീതാസമേതം വിഭാവ്യ

ആരെയും സേവിക്കയില്ലിനി ഞാൻ
വീര ഷണ്ഡനാ നീ പോക
അല്ലാസ്സിൽ നിന്നുടെ നാശമത്രെ
നല്ലവണ്ണം വരുത്തീടും
ആരറിയാതെയിരിക്കുന്നിതു
വീരനാമെന്റെ ചരിത്രം
ശക്തി പെരുത്തൊരു നക്തഞ്ചര-
രൊക്കെയും മൽപ്രഹരത്താൽ
ധൎമ്മരാജാലയേ വാഴുന്നു

ദുർമ്മതേ നീയറിഞ്ഞീലേ
കാലാലയേ വസിപ്പോരാൽത്തവ
കാലവും വന്നിതറിക
പൊങ്ങല്ലോർക്ക നല്ലതു വെക്കം തവ
ധിക്കാരമേറുന്ന ഭോഷ
ഭല്ലൂകനാഥൻെറ വാക്യം കേട്ടു
ചൊല്ലിനാൻ കോപേന താർക്ഷ്യൻ
നാരായണപ്രിയനായോരെൻെറ
ഘോരമായുള്ള ബലത്തെ
ഒക്കെയും കേട്ടുകൊണ്ടാലും ബല-
മുഖ്യനായുള്ളോരു നീയും
സപ്താംബുധികളും സപ്താചലം
സപ്തദ്വീപങ്ങളുമെല്ലാം
പക്ഷപുടത്തിലെടുത്തു പുരാ
ക്ഷിപ്രം പറന്ന പക്ഷീശൻ
എന്നറിഞ്ഞീടു നീയെന്നെ ബല-
മന്നവനായുള്ള നീയും
ഇത്ഥം ശ്രവിച്ചു കപീന്ദ്രൻതാന-
മുത്തമായ കോപേന ചൊന്നാൻ

ശ്രുത്വാ മരീചിതനയാത്മജവാക്യമേവം
കൃത്വാട്ടഹാസമതിഭീതിസ്വനപൂർണ്ണദിക്കൻ
സ്മൃത്വാ രഘൂത്തമപദാംബുജമാദരേണ
ഗർവ്വം കപീശ്വരനുവാച ശകുന്തനാഥം.

ഗരുഡരാമായണേ ദ്വിതീയപാദം സമാപ്തം.

യക്ഷകുലവരനുടെ സചിവാ നിന്നുടെ
മരമിഥ തീക്ഷ്ണനായുധനാ ഞാനും

കരബലമെന്നുടെ തൊട്ടറിയേണം
കഠിധരസോദര സചിവനതാം നീ
വരികരികെന്നുടെ മുമ്പിലിദാനീം
വിരവിൽ പക്ഷികുലാധമ യൊരപ്പം
ഇതി ഗിരമാകർണ്യാരുണസഹജ–
നതികോപത്താലെഴുന്നീറ്റുടനെ
പക്ഷപുടങ്ങളെ കല്പക്കിയടിച്ചുട–
നക്ഷിതിയിനായ പക്ഷിശ്രേഷ്ഠൻ
തൽക്ഷണമൊന്നു വിഷണ്ണനതായിതു
പക്ഷീശ്വരനുടെ പക്ഷമരുത്താൽ
വാനരപുംഗവനാകിയ മാരുതി
മാറി താർക്ഷ്യമടിച്ചൊരു സമയേ
താമരമേറൊരു ഗന്ധമാദനമപ്പോ–
ളുടലൊടവനിയിൽ വീണിതു മോഹാൽ
പിന്നെയുണർന്നഥ നോക്കുന്നേര–
ത്തുന്നതനാകിയ മാരുതി ചൊന്നാൻ
കരബലമെന്നുടെ തൊന്നാൽ മറിയാ–
തൊരുവരപോലും ധരണിയിലില്ല
വിഹഗകുലാധമ വിരുതൻ നിന്നുടെ
ബാഹുഭാഗ്യംകൊണ്ടിങ്ങിനെ വന്നു
മാരുതരക്ഷകരക്ഷകനെന്നാരു
ധീരതമാരുതിയോടിഹ കൂടാ
എന്നതു കേട്ടൊരു കാശ്യപി സഹജ–
നൊന്നു കയർത്തിതു മാരുതിയോട്
ഉണ്ടൊ പക്ഷനഖാദികളാലെ
തിണ്ണം ചെയ്യുവനാഹവമിപ്പോൾ
എങ്ങിനെ ഞാനിതു ചൊല്ലീടുന്നവർ

തങ്ങളിലുള്ളൊരു യുദ്ധവിശേഷം
കാകോദരകുലനായകനോത്താ-
ലാകെ ചൊൽവതിന്നെന്തു പ്രയാസം
അഹിവരശായിപ്രിയനായുള്ളൊരു
മഹതിധരൻ ചില പാട്ടു തുടങ്ങി
ദേവകളോടു ചിരിച്ചു പറഞ്ഞിതു
ദേവപ്രിയനാം നാരദമുനിയും
ദിനകരകുലമണി സചിവനൊടിപ്പോൾ
വിനതാതനുജനിഹ തോറ്റു ഗമിക്കും
വീരനതാകിയ ഗരുഡനൊടിപ്പോൾ
വീരന്മാരതി തോൽക്കുമതിക
അംബരചാരികളിങ്ങിനെ ചൊന്നാർ
നന്ദകലർന്നു പരസ്പരമപ്പോൾ
ഇങ്ങിനെ നിൽക്കുന്നേരത്തിങ്ക-
ലങ്ങതി ഘോരമതായിതു രണവും
ചോരയണിഞ്ഞിതു വീരന്മാരുടെ
പാരം രണ്ടുവരി തമ്മിൽ പിന്നെ
താഡനമേറ്റു സഹിക്കരുതാഞ്ഞുട
ശ്രീഗരുഡനതിശോകത്താൽ
ദ്വാരകയായ മഹാപുരിയിൽ ചെ-
ന്നാധിയൊടതിതാപി പക്ഷിശ്രേഷ്ഠൻ
അണ്ണന്റാജ്ഞാശം കണ്ടു പറഞ്ഞു
കണ്ണുനീർ വാർത്തു വിശേഷമശേഷം

ഏവം വാനരനാഥനാം ഗരുഡനാം
പാരം രണം ചെയ്യുവാൻ
പോരിൽ തോറ്റ പറന്നു പോന്നു ഗരുഡൻ
ദ്വാരകയെന്നാപ്പുരി...

൧൭൭ാം [illegible]
ആഭൂപ്രകാരങ്ങളെ-
കേശവം വീണ വായനി നാരദമഹർഷി
നാരായണസ്തുതിവാക്
ദ്വിതീയപാദം സമാപ്തം.

നാരായണ ഹരേ നാഥ ജയ
മാരാരിസേവിത ദേവ
കോമളശ്യാമളവർണ്ണ
സദാ മാമവ പരിപാഹി
നാരദ നാരദ ദേവവൃന്ദ-
വന്ദിത സുന്ദര വരദ
മാതിയോടു ഞാൻ ചൊന്നതിന
വിരോധിയ കോപത്താൽ
ആയവ തോല്പിച്ചിതെന്നയിന്ന
ശേഷശായി മുകുന്ദ
പ്രാണങ്ങളെ കളഞ്ഞീടും ജഗൽ
പ്രാണനെന്നോർത്തു ഞാനും
നിന്തിരുവുള്ളമുണ്ടായിട്ട ദേ
അന്തവും വന്നില ദേവ
മാതിയിന്ന ദേവനാഥ പര
വാരം ദൂഷിച്ചു പറഞ്ഞു
സൂക്ഷ്മകലമണി രാമം വിരോ
കാര്യമായുള്ള വിചാരം
മാതികൾ സദാകാലം കൃപാ-
വാരിധേ നാഥ മുരാരേ
എന്നതു കേട്ട പറഞ്ഞിടിനാ

നിന്ദിരാവല്ലഭൻ കൃഷ്ണൻ
ദാരാസഹിതനാം രാമനെന്നു
ദ്വാരാവതിയിലെന്നെ
മാരുതിയോടു പറഞ്ഞിന്നു നീ
വിര ക്ഷണേന വരേണം
ചക്രപാണിഗിരം കേട്ടു പക്ഷി-
വിക്രമനാം നടകൊണ്ടാൻ
ദേവകീദേവിതനയൻ ദേവൻ
ദേവേശവന്ദിതൻ കൃഷ്ണൻ
രുഗ്മിണിയെ വിളിച്ചിട്ടു ചൊല്ലി
രുഗ്മമായുള്ളൊരു വാക്യം
വല്ലഭേ ബാലേ സുശീലേ നല്ല
മല്ലവിലോചനേ വേഗാൽ
ജാനകീരൂപം ധരിച്ചു വരി-
കേണാങ്കബിംബാനനേ നീ
അംഭോരുഹലോചനൻ വാക്കു കേട്ടു
കണ്ണാടിയുമെടുത്തിട്ടു
പുഷ്പതല്പേ ചെന്നിരുന്നു ക്ഷിപ്ര-
ഉല്പലാക്ഷി രുഗ്മിണിയും
ജാനകീതന്നെയും ധ്യാനിച്ചവ-
ളാനനപത്മവും നോക്കി
ജാനകീരൂപമാകാഞ്ഞിട്ടവ-
ളാനനം താഴ്ത്തി വസിച്ചു
കണ്ണനാം കണ്ടു ചിരിച്ചു തിണ്ണ-
മൊന്നു പറഞ്ഞിതു വേഗാൽ

ഉള്ളിലഹങ്കാരമുണ്ടാകയാ-
ലല്ലയോ വന്നിതിവണ്ണം
കോമളരൂപെ വരിക മമ
സോമാനനെ സത്യഭാമെ
എണ്ണമിഴിലോചനെ നീയുമിന്നു
കാണിപോലും വൈകാതെ
ആദിതേയാബലാവന്ദ്യെ ഭാമെ
വൈദേഹിയായി വന്നാലും
ചൊന്നതുപോലെയവളും വന്നു
നിന്നിതു നന്ദജനുമ്പിൽ
മാരിചജവൃന്ദനാഥൻ ദേവൻ
മാരീചവൈരിരൂപനതാ
പൂണ്ടയോദ്ധ്യാപുരെ വാഴുമ്പോലെ
കൊണ്ടൽവർണ്ണൻ സുഖം വാണാൻ
പത്ന്യാ സമം സുഖത്തോടെ വാണ
രത്നസിംഹാസനെ രാമൻ
രണ്ടാമതും ശംഖേന്ദ്രശൻ ചൊന്നു
കണ്ടു ചൊന്നാൻ ഹനുമന്തം
വാനരനായക രാമപ്രിയ
ഭാനുസുതപ്രിയ കേൾക്ക
ദാരാസമേതനായിട്ടെടൊ
രാഘവൻ ദ്വാരാവതിയിൽ
ഇന്നു മയാ സമം പോന്നിടുക
മന്നനാം രാമനൊക്കെയോൻ
പന്നീരവാക്കിനെ കേട്ടു ക്ഷിപ്രം

ദൂതനായ മാരുതി ചൊന്നാൻ
പക്ഷികുലോത്തമ വീര സഖേ
ചക്ഷുശ്രവണാശനാ നിൻ
വാക്കിനെ കേൾക്കയാലിന്നു മമ
ദുരിതവും സിദ്ധിച്ചിതേറം
കർണ്ണപീയൂഷമാം വാക്യം കേട്ടു
ബന്ധജാലം നശിച്ചെന്റെ
വന്നു ഞാൻ നാഥനെ കണ്ടിടുവാ-
നിന്നു ഗമിക്കടോ നീയും
എന്നു ഹനുമാന്റെ വാക്യം കേട്ടു
നന്നായ്പ്പറന്നിതു താർക്ഷ്യൻ
മാരുതി രാമനെ ചിന്തിച്ചിട്ടു
പാരാതെ ദ്വാരക നോക്കി
പണ്ടു രത്നാകരം ചാടിടുവാ-
നുണ്ടായ വേഗം കണക്കെ
മേരുവിനോളം വളൎന്നിട്ടവൻ
പാരാതെയൊന്നങ്ങലറി
ദ്വാരക നോക്കി കുതിച്ചീടിനാൻ
മാരുതിയുമതിവേഗാൽ
ഈരേഴു ലോകവുമപ്പോൾ വിറ-
ച്ചാലില പോലെയന്നേരം
എന്തൊരു ശബ്ദമിതെന്നു നിന-
ച്ചന്ധനായിട്ടുഴന്നിന്നൻ
മാരുതിയും രഘുവീരം കണ്ടു
പാരാതെ പാദാരവിന്ദേ
വീണു വണങ്ങി നമസ്കാരവും

കൌണപാരിപ്രിയൻ ചെയ്വാൻ
ജാനകീപാദേ നമിച്ചീടിനാൻ
വാനരേശൻതാൻ തഥൈവ
പിന്നെ മുരാന്തകം ദാശരഥിം
നന്നായ് സ്തുതിച്ചിതു മോദാൽ

ഘോരമേവം പ്രാപ്യ കപീശ്വരൻ താൻ
ശ്രീരാമപാദങ്ങളിൽ വീണു പിന്നെ
സീതാംഘ്രി വന്ദിച്ചു പുകഴ്ന്നു മോദാൽ
പാരാതെ ദാശരഥി മാരുതനെ.

ശ്രീമദ്രാമായണം തൃതീയപാദം സമാപ്തം.

ദാശരഥേ രാഘവ മമ
ആശാ സഫലമായ്വന്നു
സുസ്ഥാനാശ്രയമണേ നാഥ ജയ
നാരായണ രഘുനാഥ
പുണ്യവും വന്നിതനേകം മമ
പുണ്യജനായേ നമസ്തേ
ദേവദേവേശ്വര രാമ ബുധ-
സേവിത നാഥ മുരാരേ!
സീതാപതേ ദശഗ്രീവാന്തക
വാതാശനേന്ദ്രശയന!
പാഹി മാം ദേവദേവേശ സദാ
ബാഹുജനാഥ നമസ്തേ
ഇത്ഥം കപീന്ദ്രസ്തവങ്ങൾ കേട്ടു
സത്വരം ദാശരഥിയും

വക്ഷസി ചേർത്താശു പുൽകീടിനാ-
ന്നക്ഷേശരാ ഹനൂമന്തം
വാനരേശന്തമുവാച മുദാ
മാനവേശൻ രഘുനാഥൻ
പണ്ടു നീ ചെയ്തോരുപകാരവു-
മുണ്ടെന്റെ മാനസന്തന്നിൽ
അന്നു ദശാനനൻ ചെയ്തുള്ളതു-
മുന്നാതൻ നീ ചെയ്തുള്ളതെല്ലാം
ഒന്നും മറന്നില്ലിരിക്കുന്നിതു
ഉന്നത വാതജ കേൾക്ക
വല്ലഭമേറുന്ന ഭല്ലേശ്വര
നല്ലതു മേന്മേൽ വരിക
വീരനാം മാരുതിതാനും
പിന്നെ പാരാതെ വീണു വണങ്ങി
മാരുതിതന്നെയടുപ്പിച്ചുടൻ
മാറിലണച്ചിതു ഗാഢം
ജിഷ്ണുസഹജനാം ദേവൻ തദാ
കൃഷ്ണരൂപത്തെയും കാട്ടി
ദാരസഹിതനാം രാമൻതന്നെ
മാരുതി കാണാഞ്ഞുകൊണ്ടു
പാരം ഭയപ്പെട്ടുകൃഷ്ണനവദേ
മാരുതി വീണു വണങ്ങി
ഗോപികാവല്ലഭ നാഥ ജയ
ഗോപനംചെയ്യണമെന്നെ
വീണു സ്തുതിച്ചു നമസ്കാരണേ

കേണും വണങ്ങി നിൽക്കുമ്പോൾ
പാരാതെ യാദവനാഥൻ കപി-
വീരമണച്ചൊന്നു പുൽകി
പിന്നെ കപീന്ദ്രനുമപ്പോൾ നന്ദ-
നന്ദനനം നന്നായ് സ്തുതിച്ചാൻ
യാദവനാഥ മുകുന്ദ ജയ
ദാമോദര സദാ പാഹി
രാവണനം കൊല്ലുവാനായിട്ടു നീ
ഭൂതലേ ദാശരഥിയായ്
കംസാദികളെ വധിപ്പാൻ ദേവ-
ഹിംസയാ കൃഷ്ണനായിട്ടു
നന്ദഗോപാലയേ വന്നു ജനി-
ച്ചിന്നു കുലമണിയായി
നിർജ്ജരവനിത ദേവ നിത്യ-
മിജ്ജനത്തെ തുണയ്ക്കേണം
പാഹി മാം പാഹി മാം നിത്യ-
മഹിഭൂഷണസഖ്യ മുകുന്ദ
പക്ഷീശനോടു പറഞ്ഞുള്ളു
പക്ഷീശവാഹന ദേവ
നന്നായ് ക്ഷമിച്ചുകൊള്ളേണമിന്നു-
മെന്നെയനുഗ്രഹിക്കേണം
ഇത്ഥം ശ്രവിച്ചു ശ്രീകൃഷ്ണൻതാനും
സന്തുഷ്ടം വാനരവാക്യം
കൂറോടു മാരുതിതന്നെയൊന്നു
മാറിലണച്ചിതു ഗാഢം

പിന്നെ വിശേഷങ്ങളെല്ലാമവ-
രന്യോന്യമങ്ങു പറഞ്ഞു
മൽഭക്തനായ് ഭവിച്ചാലും ഭവാ-
നത്ഭുതവിക്രമ കേൾക്ക
ഇന്നു കദളിവനത്തിൽ ചെന്നു
നന്നായ് സുഖിച്ചു വസിക്ക
ഞാൻ നിനച്ചീടുന്ന കാലമത്ര
വന്നരെന്നു വന്നിടേണം
വാനരപുംഗവ നീയങ്ങു ചെ-
ന്നാനന്ദമോടിരുന്നാലും
ഇത്ഥം ശ്രവിച്ചു കപീന്ദ്രൻ തദാ
നത്വാ മുകുന്ദപാദാബ്ജേ
കുന്തീസുതപ്രിയം ചിന്തിച്ചവൻ
ഗന്തും കദളിവനത്തിൽ
യാത്രയും ചൊല്ലി പുറപ്പെട്ടിതു
മിത്രശിഷ്യൻ ക്ഷിപ്രമപ്പോൾ
ഒന്നങ്ങുചാടി കുതിച്ചീടിനാ-
നന്ദനൻ കേസരിപുത്രൻ
വീരനാം ദ്വാരപാലന്മാരവർ
മാരുതിയെ പ്രശംസിച്ചാർ
വീരനാം മാരുതിതാനും പിന്നെ
പാരാതെ പോകുന്നനേരം
മാർഗ്ഗമദ്ധ്യേ കണ്ടു പക്ഷീശനെ
ഭോഗ്ഗിവികാരവയസ്യൻ
വീരനാം താർക്ഷ്യനെ കണ്ടപ്പോഴേ

മാരുതിയുമുരചെയ്തു
ചിത്രമിതെന്തെടോ പക്ഷിരാജ
കുത്ര വസിച്ചിരുന്നോരം
വാനരപുംഗവൻ വാക്യം കേട്ടു
വൈനതേയൻ പ്രിയാ സാകം
മാരുതിതന്നോടു ചൊല്ലീടിനാൻ
വീരനായുള്ളൊരു താർക്ഷ്യൻ
നമ്മളിൽ സ്നേഹം ഭവിച്ചീടണം
നമ്മളിരുവരുമുള്ളനാൾ
നമ്മൾതമ്മിൽ ചൊന്നതെല്ലാമിന്നു
നമ്മൾതമ്മിൽ ക്ഷമിക്കണം
എന്നിത്തരം കേട്ടു നേരത്തങ്ങു
മന്ദതരം മന്ദമാനം
തൊട്ടതാലോടി ശകുന്താധിപ-
മൊട്ടുനേരം കപിവീരൻ
അന്യോന്യമങ്ങു പറഞ്ഞീടിനാർ
പിന്നെ വിശേഷങ്ങളെല്ലാം
തങ്ങളിൽ സ്നേഹം ഭവിച്ചിട്ടവ-
രങ്ങുമിങ്ങും നടകൊണ്ടാർ
ഭോഗികുലാശനനാനനം ബുദ്ധ-
മാനിച്ചു മാരുതിതന്നെ

പാരാതെ മാരുതിതാനും ചെന്നു
വീരൻ കദളിവനത്തിൽ
നന്നായ് സുഖിച്ചു വസിച്ചു നന്ദ-
നന്ദനനേയും നിനച്ചു

വീരനാം കാശ്യപിതനയം പിന്നെ
ദ്വാരകാപുരേ ചെന്നു വേഗാൽ
മാരുതി വന്നു പറഞ്ഞതുമുള്ളതും
രാമാനുജൻ ചെയ്തതെല്ലാം
ശ്രുത്വാ ശകുന്തേശനപ്പോൾ
ചെന്നു നത്വാ മുകുന്ദപാദാംബുജേ
ഉള്ളിലുള്ളോരഹങ്കാരം ത്യജി-
ച്ചുള്ളവും ശുദ്ധങ്കലാക്കി
നിൽക്കുന്ന നാഗാരിയെക്കണ്ടു-
ളൊക്കെയും ചൊന്നാൻ മുകുന്ദൻ
വീരനായുള്ളോരഞ്ജനാത്മജ
മാരുതിയെ ചെന്നു കണ്ടു
പദ്ധതിമദ്ധ്യേ കപീന്ദ്രം കണ്ടു
ബുദ്ധിയില്ലാത്തോരടിയൻ
നാരായണ യദുനായക ജയ
സീരായുധാനുജ പാഹി

ഏവം ഗരുഡോക്തി കേട്ടു ദേവ-
ദേവനാം ദേവകീപുത്രൻ
വക്ഷസി ചേർത്തൊന്നു പുൽകീടിനാൻ
പക്ഷിശ്രേഷ്ഠമതികാലം
നന്നായ് സുഖിച്ചു വസിച്ചീടിനാൻ
നന്ദജൻതന്നോടുകൂടി
വൈദർഭിയും നിജഭാവം വെടി-
ഞ്ഞാനന്ദമോടേ വസിച്ചു
ഭാര്യമാരോടും സുഖേന വസി-

ച്ചാൎജ്ജുനോടും യദുനാഥൻ
നാഗാരിരാമായണാഖ്യമിതിൽ
നാഗപത്ഥ്യം മുന്നിൽനിക്കി
വായുസുതബലം ചൊന്നൊരിതിൽ
വായുപത്ഥ്യം വരയോളം
രണ്ടാമത്തെക്ഷരം നോക്കിക്കണ്ടാ-
ലുണ്ടാക്യവനെ ഗ്രഹിക്കാം
കാട്ടണ്ടതിലെന്തിരിക്കിൽ നല്ല
പാടവമുള്ളവർ തീൎക്ക
ഇക്കഥാനിത്യവും ഭക്ത്യാ കേൾക്കിൽ
മിക്കതും പാപം നശിക്കും
മുക്തിയും സാധിക്കമത്രയല്ല
നിത്യസൌഖ്യങ്ങളുമുണ്ടാം
ശ്രീരാമശ്രീകൃഷ്ണഭക്തരായ
മാരുതി താൎക്ഷ്യകാരുണ്യാൽ
ഇത്ഥംപറഞ്ഞു കിളിപ്പൈതലു-
മുത്തമായ വേഗം പറന്നു.
നിൎജ്ജരാരിവൃന്ദ വന്ദ്യമായ
ധൂൎജ്ജടിപാദേ വസിച്ചാൾ
നാരായണായ നമസ്തേ സദാ
നാരായണായ നമസ്തേ.

ചതുൎത്ഥപാദം സമാപ്തം.

ലക്ഷണാ

സ്വയംവരം.

കളമ്പാട്ട്.

ശുകകലമണിമാരേ ശാരികപ്പൈതലേ നീ
അംഗജപരിപന്ഥിന്റെ കോമളാംഗജന്റെ ചരിതം
സകലകലകളെയും ചൊല്ലിത്തരുന്ന കൈതവ
പായണമിന്നിയും നീ ഖലജനങ്ങളെ മംഗളം

അദ്രിജാസുതനായ ഗണേശൻ
മംഗലം മേ സദാ നൽകുവാൻ വന്ദേ
ഏണീലോചനേ വാണി സുശീലേ
വാണീടേണമെന്നുടെ നാവിൽ സദാ നീ
ഗോപബാലക ഗോപികാകാന്ത
ഗോപിക്കേണമെന്നെ സദാകാലം
നന്ദനന്ദന സുന്ദര പാഹി
ഇന്ദുചൂഡപ്രിയാരവിന്ദാക്ഷ
നന്നായിന്നു ഗ്രന്ഥവാദാദ്യം
മന്ദതതീർത്തനുഗ്രഹിക്കേണം
വന്ദേ രാവണാരേ സദാ ഞാന-
മിന്നു നിൻ പാദപങ്കേരുഹത്തെ
വിഷ്ണു വന്നു ഭൂമൌ ജനിച്ചോരു
കൃഷ്ണദ്വൈപായന തുണക്കേണം
വൈശമ്പായനനായ മുനിയും
വൈഷമ്യത്തെ കളഞ്ഞു രക്ഷിക്ക
നാരദാദികളായ മുനികൾ

പാരാതെ ഉണൎത്തിടുകവേണം
എങ്കിൽ പങ്കജാക്ഷന്റെ കഥക-
ളിങ്ങു വന്നിങ്ങു ചൊല്ലിത്തരുവാൻ
അഞ്ചാതെ പഞ്ചബാണാരി വാഴും
മഞ്ചൊ മേവുന്ന പൈങ്കിളിപ്പെണ്ണേ
പുഞ്ചനെല്ലിന്നരിവെച്ച ചോറും
പഞ്ചസാരപ്പഴം മധു പാലും
നെഞ്ചിൽ തൃപ്തിയാവോളം ഭുജിച്ചി-
ട്ടഞ്ചാതെ പറഞ്ഞീടുക ബാലേ
എന്ന വാക്കതു കേട്ടു കിളിയും
നന്നായുണ്ടിട്ടു ചൊന്നിതു മോദം
പണ്ടു യാദവനാഥമുകുന്ദൻ
കൊണ്ടാടി ബലഭദ്രനുമായി
ദാരപുത്രമിത്രാദികളുമായി
പാരാതെ ഭൃത്യസംഘേന സാകം
നാരായണൻ സുഖേന വസിച്ചു
പാരാതെ ദ്വാരകയാം പുരത്തിൽ
അക്കാലത്തങ്ങു നൃപവരന്മാരിൽ
മുഖ്യനാകിയ നഗ്നജിൻതാൻ
പുത്രിതന്റെ വിവാഹം കഴിപ്പാൻ
മിത്രങ്ങളെയെല്ലാമറിയിച്ചു
മാളവർ നല്ല കേരളൻ ചോളൻ
കേളിയുള്ളോരു മാദ്രാധിപനും
അംഗൻ വംഗൻ കലിംഗനും മാത്സ്യൻ
ഇംഗൻ മാഗധൻ സൈന്ധവൻ താനും
കോസലനവന്തിനൃപൻ ചൈദ്യൻ

ശൂരസേനാമനാത്മജനേകം
വംഗൻ കേകയൻ ദോദയൻ സാല്വൻ
കൊങ്കണൻ നല്ല സൌരാഷ്ട്രഭൂപൻ
പുണ്യവാനായ കാശിനൃപനും
പാണ്ഡ്യനും മഗധനും പിന്നെ
മറ്റുമുള്ളോരു ഭൂപാലവൃന്ദ-
മൊന്നൊഴിയാതെ വന്നു നിറഞ്ഞു
പന്നഗലാഞ്ഛൻ ചേദീശനും
കന്യകയെ വിധിച്ചിതു മോദാൽ
കന്യകാവിവാഹം കാണ്മതിന്നാ-
യ്ലിന്നയങ്ങളാചാരികളായ
നാരദാദികളായ മുനികൾ
പാരാതങ്ങളിൽ വന്നു നിറഞ്ഞു
ദേവവൃന്ദവുമൊക്കവേ വേഗാൽ
ദേവിമാരോടുകൂടെ നിറഞ്ഞു
കല്യാണസമയമടുത്തപ്പോൾ
മല്ലാരിസുതനാകിയ സാംബൻ
തേരിൽ കേറി തിരിച്ചുടനപ്പോൾ
വീരൻ മെല്ലനെ ചെന്നിതു വേഗാൽ
ആളിമാരുമായ് കന്യകയപ്പോൾ
കാളിന്ദിയിൽ കളിപ്പതിന്നായി
ലക്ഷണാനാടക്ഷണത്തു നേര-
ത്തക്ഷമനായ സാംബനാമനും
ലക്ഷ്യമാർക്കുണ്ടെ'ന്നോർത്തവനും
ക്ഷിപ്രം തേരതിലേറി ഗമിച്ചു

എന്നതു കണ്ടു ഭൂപാലവൃന്ദ-
മൊന്നൊഴിയാതെ ചെന്നു വളഞ്ഞു
വീരരായവർ പാരാതെ യുദ്ധം
ഘോരഘോരമായ് ചെയ്യുന്ന നേരം
നാരദാദികൾ കണ്ടു രസിച്ചു
പാരാതെ ദേവസംഘേന സാകം
വീരനാം ശിശുപാലനമപ്പോൾ
പാരാതുച്ചത്തിൽ ചൊല്ലിനാൻ കോപാൽ
കള്ളൻതന്റെ സുതനായ കണ്ടി-
ക്കള്ളൻ ബാലികയെ കവൎന്നല്ലൊ
മല്ലനാശനാസ്ത്രത്തെ കൊൾവാ-
നല്ലൊ ഭൂപാലതമട്ടക്കേണം
എന്നു ചേദിപാലൻ പറഞ്ഞപ്പൊ-
ളുന്നതനായ സാംബനും കോപാൽ
ബാണമാരി ചൊരിയുന്ന നേരം
നാണത്താൽ കോണിലൊളിച്ചു ഭൂപാലന്മാർ
സജ്ജനങ്ങളെല്ലാമെ സ്തുതിച്ചു
സജ്ജനപ്രിയപുത്രനെ മോദാൽ
നൂറുവരായ നാഗധ്വജന-
മേറു ബന്ധിച്ചു സാംബനെ കോപാൽ
കാൎത്തവീൎയ്യൻ ദശാനനൻതന്നെ
ചീൎത്ത കോപേന ബന്ധിച്ചപോലെ
ചെന്നു സാംബനെ കാരാഗൃഹത്തിൽ
നന്നായ് ബന്ധിച്ചു വെച്ചിതു മന്നർ
വമ്പന്മാർ ചെന്നു ഹസ്തിനാന്തന്നിൽ

വമ്പും ചൊല്ലി ഹസിച്ചുതുടങ്ങി
നാണില്ലിത്തൊഴിലെന്നു പറഞ്ഞു
പിന്നെ ദിഗ്ജയാദികളെല്ലാം
കള്ളനാകിയ ഗോപാലനിപ്പോൾ
ഉള്ളുകൊണ്ടിവിടെ വരുമല്ലൊ
എന്നു മാഗധൻ ചൊന്നതുനേരം
നന്നായ് വ്യൂഹമുറപ്പിച്ചു വേഗാൽ
നാരദമുനി വീണയും വായി-
ച്ചോരോ വൃത്താന്തമോർത്തു തുടങ്ങി
ഒട്ടനാളായി ഞാൻ രണം കാണ്മാ-
നിഷ്ടം വെച്ചിരിക്കുന്നിതു പാരം
ഇന്നതിന്നൊരു യോഗം ഭവിച്ചു
എന്നു മാനസതാരിൽ നിനച്ചു
ദ്വാരകപുരെ ചെന്നറിയിച്ചാൽ
ഘോരമായുള്ള യുദ്ധമുണ്ടാം
കണ്ടു നന്നായ് രസിക്കാം നമുക്കു
കൊണ്ടൽനേർവ്വർണ്ണനൊടുചെന്നു കാൺക
എന്നു മാനസതാരിൽ നിനച്ചു
നന്നായ് ദ്വാരകാ നോക്കി നടന്നു
പാരാതെ ചെന്നു ദ്വാരകാ തന്നിൽ
നാരായണപ്രിയനാം മുനിയും
നന്ദനന്ദനൻ കണ്ടതു നേരം
ചെന്നു തൻതിരുപാദേ വണങ്ങി
പുണ്ഡരീകപ്രഭനാം മുനിയെ
ഭഗവാന് നമസ്കാരവും ചെയ്തു

ആഗതനായ മാമുനി തന്നെ
വേഗാൽ സിംഹാസനത്തിലിരുത്തി
അഞ്ജലിയും ശിരസി ധരിച്ചു
കഞ്ജലോചനൻ നാരദമൂചേ
എന്തു കാൎയ്യം വിചാരിച്ചു വന്നു
ചെന്താമരോത്ഭവോത്ഭവ ചൊൽക
വിഷ്ണോ പുത്രവാൎത്തയുണ്ടെങ്കി-
ലൊട്ടൊഴിയാതെ ചൊല്ലുക വേണം
ഏവം നന്ദജൻെറ ഗിരം കേട്ടു
ദേവമാമുനിയും പറഞ്ഞപ്പോൾ
ഉണ്ടൊരു വാൎത്തയുണ്ടായിട്ടിപ്പോൾ
കൊണ്ടൽവൎണ്ണ നീ കേട്ടുകൊണ്ടാലും
നിന്നുടെ സുതനാകിയ സാംബനെ
മന്നവൻ നാഗധ്വജൻ പിടിച്ചിട്ടു
ബന്ധിച്ചുടൻ കാരാഗൃഹേ വെച്ചു
അന്ധകവൃഷ്ണിനാഥ മുരാരേ
തൽസുത നിമിത്തമാ ബന്ധിച്ചു
തൽസുതനായ സാംബനെ മന്നൻ
തൽസുതനായ ലക്ഷ്മണതന്നെ
താതസഖിസുതൻ ബന്ധിച്ചു പണ്ടു്
എന്നതുകൊണ്ടിവനം ഭവിച്ചു
നന്ദനന്ദന കേട്ടുകൊണ്ടാലും
നിന്നുടെ പ്രിയന്മാർ പാണ്ഡവന്മാ-
രിന്നു കാനനേ വാഴുന്നിതല്ലൊ
ചൂതിൽ തോല്പിച്ചു പാണ്ഡവരെയും
ചൈതന്യമുള്ള ധാൎത്തരാഷ്ട്രന്മാർ

ധാൎത്തരാഷ്ട്രനു തുല്യനായിട്ടു
ധാത്രിയിങ്കലൊരുത്തനുമില്ല
നിന്നെക്കൊണ്ടു പറഞ്ഞു ദൂഷിക-
ളെന്നാൽ ചൊല്ലുവാനാവതുമല്ല
നൂറുവരോടു തുല്യരോ നിങ്ങ-
ളേറാൽ തോൽക്കുമറിക നീ കൃഷ്ണ
മാഗധാദികളാകിയ മന്നോർ
ഭാഗമുണ്ടവരൊന്നറിക
സാംബനെക്കൊണ്ടുപോരുവാനായി
സാദ്ധ്യമായിട്ടൊരുത്തരുമില്ല
എന്തിനിന്നിവിടെ വസിക്കുന്നു
ചെന്താർമാനിനീകാന്ത മുരാരേ
പുത്രനെ ശത്രു ബന്ധിച്ചിരിക്കെ
അത്ര വാസമുചിതമോ കൃഷ്ണ
ഏവം നാരദന്റെ ഗിരം കേട്ടു
ഗോവിന്ദനു വളൎന്നിതു കോപം
കണ്ണു രണ്ടും ചുവന്നു മറിഞ്ഞു
കണ്ണവൈരിസഖിക്കുന്നേരം
ചക്രവുമങ്ങെടുത്തു പിടിച്ചു
വിക്രമശാലിയങ്ങതികോപാൽ
സംഖ്യയില്ലാത്ത സൈന്യവുമായി
ശംഖുമങ്ങു വിളിച്ചതിവേഗാൽ
ഘോഷമിത്ഥം ശ്രവിച്ചുന്നേരം
ശേഷാംശോത്ഭവനോടിയവിടെ
നാരദം ചൊന്ന വാക്യങ്ങളെല്ലാം

പാരാതെ കേട്ടൊരത്തു രാമൻ
കോപംകൊണ്ടു പാരവശനായി
ഗോപിവല്ലഭനോടു പറഞ്ഞു
തമ്മിൽ ശണ്ഠപിണക്കമതായി-
ട്ടിമ്മുനിനിന്നൊരപ്പോലെയാരുള്ള
നാരദനെന്ന നാമം വിളിച്ചു
പാരാതെ വിധിയെന്തിനെന്നോൎക്ക
സീരിതന്റെ വചനം ശ്രവിച്ചു
സാരനാം മുനിയുമതു ചെയ്തു
പോരും ചൊന്നു കാമപാല നീ
വീര സാംബനെ ചെന്നു വിണ്ടാലും
ശ്രുത്വാ നാരദന്റെ വചനത്തെ
സത്വരം കാമപാലനും ചൊന്നാൻ
ആഹവത്തിനായിട്ടുണ്ടു പോകേണം
ബാഹുജന്മാരോടിന്നു മുദാ
വേഗാൽ ഞാൻ ചെന്നു സാംബനെ കൂട്ടി-
ട്ടാഗമിക്കവനെന്നറി കൃഷ്ണ
സീരി തന്റെ വചനം ശ്രവിച്ചു
സീരിസോദരൻ വാണാ പുരത്തിൽ.

> അക്കൃഷ്ണൻ ശ്രീനാരദവാക്യമേവം
> കേൾവതോ സോദരനെ വിലക്കി
> പാരാതെ നരിതം മുസലം ഗ്രഹിച്ചാ
> കോപേന ശത്രുക്ഷയകാരണം തിരിച്ചാൻ,

ഹാലുള്ളോരു കരിയും മുസലവു-
മുല്ലാസത്തോടെ കയ്യിലെടുത്തു
ചെണ്ടു ലക്ഷ്മണൻ കിഷ്കിന്ധയിൽ

കൊണ്ടൽവൎണ്ണാഭനെയാ പോയപോലെ
മല്ലാൎയ്യാഗ്രജൻ പോകുന്നേരം–
ത്തെല്ലാലോകരുമൊന്നു വിറച്ചു
മല്ലാരിയൊടു യാത്രവഴങ്ങി
മെല്ലെ നാരദനും നടകൊണ്ടാൻ
ചെന്നു ഹസ്തിനം പുക്കതികോപാൽ
കുന്ദമന്ദാരസന്നിഭൻ രാമൻ
നന്ദനന്ദനാപൂൎവ്വജം കണ്ടു
ബന്ധുക്കളാളികളെല്ലാം
ഒന്നും മാനിയാതെ നിന്നോരം
വന്നു കോപം നിറഞ്ഞു വഴിഞ്ഞു
രാമനാഗതനായതു കണ്ടു
ഭൂമിപാലകന്മാരതികോപാൽ
ഗോപാലാഗ്രജം മാനിപ്പതിന്നായ്
ഭൂപാലന്മാൎക്കയോഗ്യമറിക
എന്നു നാഗരപുജനൊടു ചൊന്നാൻ
മന്നനാകിയ ചേദീശനപ്പോൾ
വന്ന കോപാൽ കരിയുമെടുത്തു
ബന്ധുകേശപുരാംശജനപ്പോൾ
ചെന്നു ഹസ്തിനത്തിന്നു കുത്തി–
ട്ടൊന്നു നന്നായുലച്ചതിരോഷാൽ

പ്രഥമപാദം സമാപ്തം.

കുങ്കലാവരമണി ഗൃഹപുരമപ്പോൾ
പൊങ്ങിയ കരികൊണ്ടൊന്നു കുലുക്കി
ഞെട്ടി വിറച്ചിത ഹസ്തിനാപുരവും

പൊട്ടിത്തെറിച്ചൊരു ഭാഗേ വീണു
സുരകുലവരകരിശാമിനിമാരാം
കരികലത്രങ്ങണികൾ കേണുതുടങ്ങി
ഗിരികളുമവനിയുമബ്ധികളേഴു-
ഭൃശതരമങ്ങു വിറച്ചു തുടങ്ങി
ശ്രോത്രമടച്ചഥ ധാത്രീശന്മാർ
ധാത്രിയിൽനിന്നഥ ധാത്രിയിൽ വീണു
കരിവരനികരം കൊണ്ടൊരു ഹരിതാ-
നന്തരകോപാൽ നിന്നതുപോലെ
മുരരിപുപൂർവ്വജനാകിയ രാമൻ
കരിയുമെടുത്തുപിടിച്ചഥ നിന്നു
ഉന്നതകോപാൽ നിന്നതുനേരം
കരയും നാരികളുന്നതകമ്പ്രാ
ക്ഷിതിസംഭവസുതനായകനുടെ
സുതരിപുപൂർവ്വജകോപം തീർപ്പാൻ
വസുമകൾ താനനുജന്മാരുടെ സുതമാരൊടു
ചലമിഴിമാരഥ ചെന്നു പറഞ്ഞു
മതിമുഖി രേവതിപതി കോപത്തെ
അതിവേഗേന ശമിപ്പിക്കേണം
രഘുകുലവരമണി തന്നിതുപോലെ
അതിവേഗേന ശമിപ്പിച്ചാലും നി
ലക്ഷ്മണനൊന്നൊടുകൂടെ സാമോദം
ചക്ഷുശ്രവണാംശജനെ കൊടുക്ക
കരവാളവശമശേഷമൊടുക്കം
വിരുതൻ മുരരിപുപൂർവ്വജനരിക

പുഷ്ടമൃഗാക്ഷികൾ കൗതുകമോടും
ഉള്ളിൽ ശോകമിയന്നു പരാഗ്യം.
തരുണീമണിമാരുടെ ശിരോമകുടകതാൻ
പെരുകിയൊരു മദമൊടുടനാകണ്ണിന്നു സ്വതാരം
തരുണിമണി ലക്ഷണാതന്നോടു കൂടവെ
കുരുകുലനൃപാധിപൻ ചെന്നു കാരാഗൃഹേ
ഉരഗവരശായിതൻ പുത്രനാം സാംബനെ
പെരുകിയൊരു ബന്ധനാൽ വെച്ചിട്ടതപ്പൊഴെ
വിരവൊടു കളിപ്പിച്ചു ഗന്ധമാല്യാദിയാൽ
പരിചിനൊടു കായസൗഖ്യം വരുത്തിത്തദാ
നിജതനയതന്നോടും കൂടവെ സാംബനെ
ഭുജഗകൊടി യദുവരന്നേകിനാൻ തൽക്ഷണം
തദനു ധൃതരാഷ്ട്രജൻ യദുവരപൌത്രനിക
മനസി യതിശോകമോടങ്ങു വീണീടിനാൻ
അമരവരതനയസഖി പൂർവ്വജനതമ്പരെ
കുമതിവരപുംഗവൻ വീണു കേഴും വിധൌ
അസുരകുലഗുരുകുലജഗുരുസഖി ശിവപ്രിയ
സഹജജനകാഗ്രജപുത്രനെ നിർത്തിനാൻ
അളുപൊഴുതു കുരുവൃഷഭരൊത്തു വിനീതനായ്
കരിധരപുരോളുവി നിന്നു ചൊല്ലീടിനാൻ
മമ മതിവിമൂഢതാസംഭവമൊക്കെയും
സുമതിവരവീര ക്ഷമിച്ചുകൊള്ളേണമെ
യദുവര നമോസ്തു തേ പാഹി മാം സന്തതം
മുരമഥനപൂർവ്വജ കാത്തുകൊള്ളേണമെ
കുരുകുലജ പാപിയായുള്ളൊരടിയനി_

ഭവതയുതു ദൈവം സദാ പുണ്യവാരിധേ
തവ കരുണയല്ലാതെ മറ്റൊന്നുമില്ല മേ
ഭുവനജനപൂജ്യനായുള്ള ഗുണാംബുധേ
കൃഷ്ണാദിവചനമഥ ശ്രുത്വാ ഹലായുധൻ
നരകരിപുപൂർവ്വജൻ ചൊല്ലി നാഗധ്വജം
അലമലമിതിനു നീ ചൊന്ന വാക്യമഹോ
കലിമലബലേശ്വര കുരുകുലജ കേൾക്ക നീ
തവ മാനസി വാഴുന്ന ധിക്കാരമൊക്കയു-
മവനിപരിപാലക ത്യക്ത്വാ വസിക്ക നീ
യദുകുലജ കുരുകുലജ സംഭാഷണേ വന്നു
വിദുരകൃപഗാംഗേയ ദ്രോണരും മെല്ലവെ
തരുണിമണി രേവതീവല്ലഭരാമനെ
വിരവിലഥ മാനിച്ചു ശാന്തനവാദികൾ
കുരുകുലജ വൃഷ്ണികളോടു യാത്രയും ചൊല്ലീട്ടു
നരകരിപുപൂർവ്വജൻ ലക്ഷണാതനനോടും
നിജസഹജനായവരോടുകൂടവെ. തൽക്ഷണം
നിജപുരമതും നോക്കി മെല്ലെ നടന്നുടൻ
മുനിവരരിൽ മുമ്പനായുള്ള ശ്രീനാരദ-
നതികുതുകമോടിദം കണ്ടു സന്തോഷമായ്
തദനു സുരവൃന്ദമോടൊത്തു ശ്രീനാരദ-
നദിതിസുതലോകം ഗമിച്ചു വാണീടിനാൻ
മഗധശിശുപാലാദി മന്നവരൊക്കയും
സപുത്രസുഖമോടങ്ങു വാണിതു സർവ്വരും
ഹരിതനയനാകിയ സാംബനോടുംകൂടി
ഹരിവരപരാക്രമൻ ചെന്നു ദ്വാരാപുരേ

നരകരിപു മാധവൻ തന്നൊടു ചൊല്ലിനാൻ
കരിധരനാമതികളുകളോടങ്ങു സൎവ്വവും
ശതമഖജസവിതനായനാതികളുകളോടങ്ങു
മതിമുഖിയതാകിയ ലക്ഷണതന്നൊടും
നിജപുരമതിൽ ചെന്നു വാണു സുഖിച്ചിതു
ഭവജരിപുതനയനാതികളുകളൊടു മേവിനാൻ
ഇത്തരം തത്തയും ലക്ഷണാകല്യാണം.
മോൎത്തു ചൊല്ലിത്തീൎത്തു മേവ പുക്കിടിനാൾ.

ലക്ഷണാസ്വയംവരം കിളിപ്പാട്ട സമാപ്തം

വേടയുദ്ധം പാട്ട്.

ഗജാനനകൃപാനിധി നാരദാനുജൻ
കാത്യായനീനന്ദനൻ
കണ്ടാകിലുണ്ടാകുന്നില്ല ഖേദം
വിഘ്നം കളഞ്ഞീടുവാൻ
തിന്മാൻ നല്ല പഴം ഉണ്ടം മലരും.
തന്നീടാം കൈതൊഴുന്നേൻ
മംഗല്യ നിൻ തിരുമുമ്പിൽ തൊഴുതുകൂടിൽ
ചെയ്യുന്ന വന്ദനം ഞാൻ.
വാണി വാരിജലോചനേ ശ്രുതിമയേ!
വാണി വിദ്യാപ്രിയേ!
വാണീടേണമെൻ്റെ നാവിലനിശം
ഏണാങ്കബിംബാനനേ!
ഞാനിതാ തൊഴുന്നേൻ നിൻ പാദയുഗം
പാണിയുഗ്മേന സന്തതം
വാണീടുന്ന സരസ്വതി വിധിസുതേ!
വരദേ ഭഗവതി!
ഉണ്ണിശ്രീകൃഷ്ണനെന്റെ മനതാരിൽ വിളയാ
ടേണമെല്ലായ്പോഴും ഞാൻ
വന്ദിക്കുന്നേൻ മുരാരേ! മധുരിപുഭഗവൻ!
പൂജ്യകരങ്ങളാലേ:
കുന്നിന്മകളുടെ കാന്തൻ ഗംഗാധരനാം
ഗംഗയെ ചൂടുമീശൻ
വന്ദിക്കുന്നേൻ പുരാരേ! തവ പദയുഗളം
നിത്യവും കൈ തൊഴുന്നേൻ.
കണ്ണൂരമ്മയുമുടയ വിഷ്ണുരാജനെന്റെ
നാവകത്തു വാണീടേണമെല്ലാനാളും
കൊഞ്ചുകിളിമൊഴിയാകും വാണിദേവി നിത്യം

ചഞ്ചലമെന്നിയെ നാവിൽ വാണിടേണം
ഗോവിന്ദ! മുകുന്ദ! ശൌരേ! കാരുണ്യാബ്ധേ കൃഷ്ണ!
മാലിന്യമകററിടേണമെല്ലാനാളും
കഞ്ജവൈരി കാത്തുകൊൾക ദോഷമെല്ലാം തീൎത്തു
നിഞ്ജനെപ്പോലെ പിന്നെ കുമ്പിടുന്നോൻ
ദുഷ്കൃതങ്ങൾ പോക്കിടുവാൻ മൽഗുരുവിൻ പാദം
ഉൾക്കമലത്തിൽ ധ്യാനിച്ചീടുന്നേൻ നിത്യവും ഞാൻ
ചൊല്ലേഴും ശ്രീനാരദനും വേദവ്യാസൻ താനും
തെല്ലിതു കടാക്ഷിച്ചീടേണം നല്ലവണ്ണം
ഭൂസുരേന്ദ്രന്മാരും പിന്നെ നിൎജ്ജരേന്ദ്രന്മാരും
ഭാസുരേന്ദ്രന്മാരാം ഗന്ധൎവ്വന്മാരും
മററുള്ള സജ്ജനങ്ങൾ കനമെല്ലാം തീൎത്തു
മുററുമിങ്ങനുഗ്രഹിക്ക മുഖ്യാദികൾ.
കുന്തീപുത്രന്മാരിൽ ജ്യേഷ്ഠൻ ധൎമ്മപുത്രൻ താനും
തമ്പിമാരും കാനനത്തിൽ പുക്കശേഷം
പാശുപതമസ്ത്രം വേണമെന്നാൎത്ത പാൎത്ഥ-
നാശു ചെന്നു സേവചെയ്തു കാലകാലം
പഞ്ചബാണവൈരിയുടെ നാമമാകും നല്ല
പഞ്ചാക്ഷരകീൎത്തനങ്ങൾ ചെയ്തുകൊണ്ടു
പഞ്ചാഗ്നിമദ്ധ്യസ്ഥനായി സൎവ്വകാലം പിന്നെ
സഞ്ചാരം മുടക്കി നെഞ്ചിൽ ധ്യാനംചെയ്തു
നേത്രങ്ങളടച്ചുകൊണ്ടു പാണ്ഡുപുത്രൻ തന്റെ
ഗാത്രവും മെലിഞ്ഞു പാരം നാളിൽ നാളിൽ
എത്രയുമതികഠോരമാകുംവണ്ണം ജിഷ്ണു
തത്ര ശൂലിസേവചെയ്തു വാഴുംകാലം

അജ്ജുനാദിചെഷ്ടിതങ്ങളെല്ലാം കേട്ടിട്ടു
നിജ്ജരേന്ദ്രനുള്ളിലേറ്റം പ്രീതിയുണ്ടായ്
ഇപ്പോഴിതാപാപവിഘ്നത്തെ ചെയ്തിടായ്കിൽ പിന്നെ
മല്ലമമടക്കിവാഴും പാണ്ഡവന്മാർ
എന്നോർത്തു ദേവരാജൻ ദേവനാരിമാരാം
സുന്ദരാംഗിമാരെ വിളിച്ചേവം ചൊന്നാൻ
വന്നാലും സുന്ദരി ബാലേ ഉർവ്വശി! നീയിങ്ങു
വന്നാലും മേനകേ! രംഭേ! വൈകിടാതെ
നമ്മുടെ സുതൻ വിജയൻ സുന്ദരാംഗനിപ്പോൾ
മന്മഥാരിസേവചെയ്തു വാഴുന്നു
ചൊന്നാവൻ തപസ്സിൻവിഘ്നം ചെയ്തിടായ്കിൽ പിന്നെ
നമ്മുടെ പൌരുഷമെല്ലാമില്ലെന്നാകും
സുന്ദരാംഗിമാരാം നിങ്ങളൊന്നായ് ചെന്നു വേഗാൽ
ചെന്നവൻ തപസ്സിളക്കി വന്നിടേണം
സംഗീതങ്ങൾ താളമേളം വീണാനാദം നല്ല
ഭംഗിയിൽ പ്രയോഗിക്കേണം മടിടാതെ
ശിക്ഷയോടെ സംഗീതങ്ങൾ കേൾക്കുന്നേരം തന്റെ
അക്ഷികൾ മിഴിച്ചു നോക്കും സവ്യസാചി
അന്നേരം കാര്യങ്ങൾ ചൊല്ലാം സത്യമാകുംവണ്ണം
എന്നാൽ നിങ്ങൾ വേഗം പോയിൻ നാരിമാരേ

ഇത്ഥം ദേവേന്ദ്രവാക്യം സുരതരുണിജനം
കേട്ടു സന്തോഷമോടെ
തല്പാദേ വീണു വന്ദിച്ചഴകിനൊടവരും
അത്യന്തം സല്ലീലമോടെ

തല്ക്കാലേ നാരിവൃന്ദം മനമതിലധികം
രാഗസമ്പൂർണ്ണമാരായ്
ഗത്വാ കൈലാസശൈലേ ഹരിസുതനികടം
പ്രാപ്യ ചൊന്നാരിവണ്ണം.

ഇന്ദുശരാസനതുല്യനതാകിയ പാർത്ഥ കേൾനീ തൈതൈതെ
ശിഖയിൽ ഞങ്ങൾ ചൊല്ലും മൊഴിയിതു കേട്ടീടേണം
സ്വർഗ്ഗസുരാംഗനമാരതിൽവെച്ചു മനോഹരിമാരാം ഞങ്ങൾ
ഉർവ്വശി മേനക രംഭ തിലോത്തമമാരാകുന്നു
പുള്ളിമൃഗാക്ഷികളാകിന സുന്ദരിമാരെക്കണ്ടാൽ തൈതൈതെ
നല്ലതു ചൊല്ലി വിളിച്ചു സമീപേ വെച്ചീടേണം
കണ്ണടച്ചു വനത്തിൽ നിന്നു തപസ്സു ചെയ്യിട്ടിങ്ങിനെ
കണ്ണനു സഖിയായിട്ടെന്തിനു ബുദ്ധി മുഷിക്കേണ്ടാ
സുന്ദരിമാരാം ഞങ്ങൾമൊഴിയിതുകേട്ടീടേണം തൈതൈതെ
ഞങ്ങളോടൊത്തു രസിച്ചു കളിച്ചു വസിച്ചീടേണം
ഘോരതപഃ തുടങ്ങീട്ടിതുകൊണ്ടെന്തൊരു കാര്യം പാർത്ഥ
പങ്കജലോചനമാരുടെ സേവ തുടങ്ങീടേണം
ചുംബനമൊന്നു ലഭിച്ചാൽ നിന്നുടെ കന്മഷമെല്ലാം തീരും
മന്മഥവൈരിയുടെ സേവകളിനിയിതു മതിയാക്കേണം
മതി മതി പാണ്ഡവ സാഹസമിങ്ങിനെ ചെയ്യരുതേ നീ (ഇപ്പോൾ
മതിമുഖിമാരൊടു മനസിജലീലകളാടീടേണം
മധുരതപെരുകിന സംഗീതാദികൾ കേൾക്കണമില്ലേ തൈതെ (തൈതെ
അധരത വദനമാനവകാശം പാണ്ഡുകുമാര!
തുംബുരുനാദം കേട്ടാൽ കൌതുകമില്ലയോ പാർത്ഥ! തൈതെ (തൈതെ

മന്മഥരസമില്ലാതെ വരുവാനെന്തവകാശം
പരിമളമേറിന കുസുമസുഗന്ധമിതറിയുന്നില്ലേ തൈതൈ
പരിചേറിന മമ നടനം കാണ്കയിലാഗ്രഹമില്ലേ
നല്ലൊരു രസികൻ നീയെന്നുള്ളതു കേൾപ്പുണ്ടല്ലോ തൈ
നല്ലരിൽ മണിമാരല്ലയൊ ഞങ്ങൾ കന്യകമാര (തൈ
സാരസ്യാദിഗുണങ്ങൾ ഞങ്ങൾക്കില്ലെന്നുണ്ടോ തൈതൈ
ആലസ്യം തവ വരികയൊ സന്തതമുരചെയ്താലും
പന്തണിമുലമാരാകിയ ഞങ്ങടെ ചന്തം കാണ്മാൻ തൈ
(തൈ
സന്തതമിഹ തവ കണ്ണു മിഴിക്കുക വൈകിടാതെ
എന്തെടോ വിജയ ഞങ്ങളിങ്ങിനെ ഖേദിക്കുന്നു തൈ
(തൈ
എന്തൊരു പരിഭവമുരചെയ്താലും മടികൂടാതെ (തൈ
അയ്യോ ഞങ്ങൾ വലഞ്ഞിതുപാരം ഇന്ദ്രസുത കേൾ തൈ
പൊയ്യല്ലഞ്ഞുന നിന്നുടെ ഹൃദയമിതെത്ര കഠോരം.

ഇങ്ങിനെ ദേവാംഗനമാർ സവ്യസാചിതന്റെ
സന്നിധിയിൽ നിന്നോരോരൊ ലീല ചെയ്തു
ഒന്നുമങ്ങറിഞ്ഞതില്ല ഫല്ഗുനൻ താൻ തൈ തൈ
തന്നുടെ തപോധൈര്യംകൊണ്ടന്നേരം
ഇങ്ങനങ്ങൾ ചെയ്തതെല്ലാം വ്യർത്ഥമത്രെയെന്നു
ലജ്ജ പൂണ്ടു ദേവസ്ത്രീകൾ പോയ ശേഷം
അത്യുഗ്രതപസ്സുകൊണ്ടു താപസന്മാർക്ക-
ളത്യഗ്നിപിടിച്ചു വന്നും ഖേദമുണ്ടായ്
ഇന്നു ചെന്നണഞ്ഞിക്ഷണം പാർവ്വതീശൻ
തന്നോടെന്നുരച്ചു മാമുനിമാരൊത്തുകൂടി

യാത്രയായി മാമുനിമാർ കൈലാസാഗ്രെ ചെന്നു
നേത്രം മൂന്നുള്ളീശപാദനോടോതി നിന്നാർ
ഉത്തരമതിന്നു നാഥനൊന്നു കല്പിച്ചീല
സത്വരം മുനികൾ ചെന്നു ദേവീമുമ്പിൽ
വൃത്താന്തമറിയിച്ചപ്പോൾ പാൎവ്വതിയും ചെന്നു
ഭൎത്താവോടു മന്ദമായിട്ടേവം ചൊന്നാൾ
കേൾക്കേണം ഭൎത്താവേ നാഥ ചന്ദ്രശേഖര എന്റെ
വാക്യമേവം നീലകണ്ഠ നല്ലൊന്നും
ഇന്ദുചൂഡ നിന്നെ സേവിച്ചേത്രനാളുണ്ടിപ്പോൾ
ഇന്ദ്രസൂനു സവ്യസാചി വാണിടുന്നു
നിന്തിരുവുള്ളത്തിലോൎത്തതെന്തൊന്നുള്ളു ലോകേ
എങ്കിലുമുണ്ണത്തിരുവുള്ളം കണ്ടുകൂട
കൌരവന്മാർ കാട്ടീടുന്ന കാലുഷ്യങ്ങൾ തീൎപ്പാൻ
പാരമുണ്ടവന്നു പാരം മാനസത്തിൽ
ഊണുമില്ലുറക്കമില്ല കാണിപോലും നാഥ
പ്രാണൻപോലും വേണമെന്നുള്ളാശയില്ല
ഈശ വൈകാതങ്ങു ചെന്നു കണ്ണുവെച്ചീടിപ്പോൾ
പാശുപതമസ്ത്രം നൽകിട്ടപ്പോന്നിടേണം
സുന്ദരിമാർ മൌലി തന്റെ വാക്യമേവം കേട്ടു
സന്തോഷേന ഗംഗാകാന്തൻ ചൊന്നാനേവം
സുന്ദരിമാർമൌലെ കാന്തെ കല്യാണാംഗി കേൾ നീ
ഉന്നതി മനസ്സിലേറമുണ്ടവന്നു
നിൎജ്ജരേന്ദ്രപുത്രനെന്നും ശൌൎയ്യമുള്ളോനെന്നും
സജ്ജനപൂജിതനെന്നും ശക്തനെന്നും
ലക്ഷ്മീശൻ ശ്രീകൃഷ്ണൻ തന്റെ സഖ്യമുള്ളോനെന്നും

പാണ്ഡവപുരുഷന്മാരിൽ മുഖ്യനൊന്നാം
ശസ്ത്രാസ്ത്രപ്രയോഗങ്ങൾക്ക മുമ്പനൊന്നാം
പാൎത്ഥനെത്രയും വിക്രമനൊന്നാം ധീമാനൊന്നാം
ഇത്തരമവൻ മനസ്സിലുള്ള ഗൎവ്വം പോവാ-
നിത്തിരി വിഷമിച്ചെന്നോ വന്നുകൂട
യുദ്ധം ചെയ്തു തോറ്റീടുമ്പോൾ ഗൎവ്വമെല്ലാം തീരും
ബുദ്ധിക്കും വിവേകമുണ്ടായ്‌വന്നുകൂടും
അല്ലാതെ വരവും വാങ്ങി പോയീടുമ്പോ-
ളിന്നു വല്ലാതെ ഭവിക്കും മേലിൽ ശിവനാഥേ
കാട്ടിത്തരുവനിതവന്നുടെ ബലവും വീൎയ്യവുമെല്ലാം
(തൈ തൈ
വേട്ടക്കായി നടന്നാലതിനൊരു സംഗതിയുണ്ടാം
കാട്ടാളാകൃതി ഞാനെടുപ്പൻ പാൎവ്വതീദേവി നീയും
കാട്ടാളസ്ത്രീതന്നുടെ വേഷമെടുത്തീടേണം
ഭൂതഗണങ്ങൾ മറ്റുള്ളവർകളുമിങ്ങിനെ തന്നെ
ഓരോ വേഷമെടുത്തഥ വേട്ടയുമാടി നടന്നീടേണം
ഏവമിതുരചെയ്തുടനെ ധൂൎജ്ജടി കാമവിനാശൻ ദേവൻ
ഏവം വനചരവേഷം പൂണ്ടിതു വേഗത്തോടെ
ജടകൊണ്ടുടനെ തലമുടിയായി പരിചോട കെട്ടിത്താ
(ശ്രീ-
നിടിലതടത്തിൽ ചന്ദ്രക്കലയാൽ തൊടുകുറിയായി
കരിയുടെ തോലുകുറുത്തൊരുവസ്ത്രം പന്നഗജാലത്തൊടൊത്ത്
പരിചിനൊടസ്ഥികൾ കടകം തോൾവളയായിത്തീൎന്നു
തന്നുടെ കാന്തൻ വനചരവേഷം പൂണ്ടതു കണ്ടു ദേവി
കന്നിമകളും വനചരിയായിതു താമസിയാതെ

ശന്നികരെ കല്ലാക്ഷമാലകൾ പിച്ചളകൊണ്ടും പിന്നെ
കുന്നിമണികളുടെ ഭൂഷണമെല്ലാമിങ്ങിനെയായി
ഒട്ടു കറുത്തൊരു പുടവയുടുത്തൊരു കൊട്ടയുമേന്തി കയ്യിൽ
ചട്ടം കണ്ടാൽ കൌതുകമെന്നേ ചൊൽവാനുള്ളു
വനചാരികളും ശ്വാക്കളുമായി ഭൂതഗണങ്ങൾമറ്റും
വനമതിലെല്ലാം വേട്ടയുമാടിനടന്നു തുടങ്ങി
തോക്കൊടുവില്ലും ശരവും പിന്നെ വെണ്മഴുശൂലംവേലും
തുക്ഷന്താം കട്ടാരം ചുരികകടുത്തിലവാളും
മറ്റും പലവിധമായുധമൊക്കെയെടുത്തുംകൊണ്ടു വേടൻ
തെറ്റന്നങ്ങു നടന്നിതു കാട്ടിൽ ശ്വാക്കളുമായി
ചൊക്കൻനായി പിടിച്ചിന്നലെയൊരു മാനിനെ വേ
(ഗാൽ തൈ തൈ

ഊക്കൻ പാണ്ടൻ വിരുതില്ലവനെ കൊണ്ടുവരേണ്ട
കാളനായക്കൊച്ചിയണഞ്ഞു പിടിച്ചിടേണം തൈ തൈ
കാടൻനായവനത്തിൽ പോയാലെളുതല്ലേതും
വെള്ളവിറിച്ചേപ്പാൾ പന്നൊക്കേപ്പാലൊരു ശാന്തിയുമില്ല
(തൈ തൈ

പള്ളനിറച്ചും ചോറുകൊടുത്തെ ഫലമുണ്ടാകൂ
ഇണകടിയന്മാരെന്നാകിലകറീടേണം തൈ തൈ
ഗുണമില്ലാതെ ചമഞ്ഞീടും ചില നായാട്ടെല്ലാം
പലതുമതിങ്ങിനെ ചൊല്ലിപ്പുറ്റിച്ചൊടു കാടുകൾ തോറും
(തെണ്ടി

പലതരം കുടിപ്പുലജന്തുക്കളെ വധവും ചെയ്തു
കാട്ടാനയെക്കണ്ടൊരുവൻചെന്നൊരു ഗുഹയിൽ പുക്കാൻ
(പ്പോൾ

കൊടുതായുള്ളൊരു കരടി പിടിച്ചുടനവനെക്കൊന്നു
കലയാനകളെക്കണ്ടു ഭയപ്പെട്ടൊരവൻ വേഗാൽ ചെന്നു
വലിയൊരു വള്ളി പിടിച്ചു കരേറിപ്പോകുന്നേരം
വലിയൊരു വാനരനെന്നു നിനച്ചിതു മറ്റൊരു വേടൻ (ബാണം
ബലമൊടുകൂട്ടിയതേറ്റു മരിച്ചിതു ഫലമില്ലാതെ
കൊന്നമൃഗങ്ങളെയെല്ലാം പരിചൊടു കെട്ടിയെടുത്തും (കൊണ്ടു
മന്ദതയെന്നിയെ പിന്നെയുമടികൾ തേടി നടന്നും
അങ്ങിനെ ചെന്നു കിരീടിവസിക്കും കാനനദേശംതന്നിൽ
നിന്നൊരുനേരത്തിങ്കലെ വന്നൊരു തടിയൻപന്നി
ദുൎയ്യോധനശാസനയാലൎജ്ജുനനിധനം ചെയ്യുവാനപ്പോൾ
പെരുതായൊരു കിടിരൂപം പൂണ്ടൊരു മൂകൻതാനും
കരകലവിശിഖാമണിയാകിയ വിജയൻ തന്നൊടു കൊ (ൽവാൻ
പെരുകിന കോപത്തോടടുത്തൊരു സമയത്തിങ്കൽ (ഉടനെ വില്ലും
ശരവുമെടുത്തൊരു സായകമെയ്താൻ ഭില്ലൻ
ഉടലിൽ കൊണ്ടുടനോടും പന്നിയെ വേടനുമെയ്താൻ
അമ്പുകൾ രണ്ടും കൊണ്ടുപിളൎന്നു പുറപ്പെട്ടപ്പോൾപന്നി
അന്തകലോകം പ്രാപിച്ചാനതിമോദംകൊണ്ടു
വേടനയച്ചൊരു ബാണം പരിചൊടു പാൎത്ഥസമീപേ വീ (ണു ബാണം
നമ്മുടെതെന്നു നിനച്ചെടുത്തു കിരീടി
അതുനേരത്തു കിരാതൻ ചെന്നു കിരീടിയെ നോക്കിച്ചൊ (ന്നാൻ

അതിമൂഢ! നീ ഘോഷണമെന്തിനു ചെയ്തീടുന്നു
ബാണംമോഷ്ടിക്കുന്നതിനോളം നാണക്കേടില്ലൊന്നും
ആണുങ്ങൾക്കിതു യോഗ്യതയല്ല വിചാരിച്ചാലും
അമ്പുകളില്ലെന്നാകിൽ നമ്മോടു യാചിച്ചിടിൽ ഞാനൊ-
രമ്പതുനൂറു തരുന്നതിനൊരു സംശയമില്ല
പൊണ്ണാ! നീശരമോഷണമിങ്ങിനെ ചെയ്തീടുമ്പോൾ
(നിന്റെ
കണ്ണുകൾ കുത്തിയെടുപ്പതിനിന്നൊരു മടിയില്ലുള്ളം
ദുർബുദ്ധേ! നീ നമ്മുടെ ബാണംമോഷ്ടിപ്പാനായല്ലേ
ഇത്തിക്കിൽ വന്നിങ്ങിനെ നിന്നു തപം ചെയ്യുന്നു
വേടൻ ശിവമൂടനിങ്ങിനെ കേട്ടൊരു സമയത്തിങ്കൽ
(തൈ തൈ
കോപം പൂണ്ടഥ വിജയനവനോടിങ്ങിനെ ചൊന്നാൻ
ഏറെതട വേടാ! നീയിങ്ങിനെയൊരു ഭയമില്ലാതെ
(തൈ തൈ
ഏറെയെങ്കിലുമര ചെയ്യുന്നിതു തവ നാശമടുത്തോ?
തുമ്പില്ലാതെ പറഞ്ഞാൽ ഞാനും മടികൂടാതെ നിന്റെ
ഉന്തങ്ങൾക്കു ചവിട്ടും തലമെന്നോത്തീടേണം
വകതിരിവില്ലാതുള്ളൊരു മൂഢ! വേടാ! ഭോഗാൽ തൈ
(തൈ
വനമതിലുള്ള കിഴങ്ങുകൾ തിന്നു നടന്നാലും നീ
കാട്ടുകിഴങ്ങുകൾ തിന്നാനല്ലാതെന്തറിയാമോ
നിന്റെ കൂട്ടക്കാരും നീയും മററിങ്ങെന്തിനു കൊള്ളാം
ചണ്ടിപ്പട്ടും വന്നിവരെല്ലാരുടങ്ങിയതാത്താൽ തൈതൈ
മണ്ടിപ്പോണം തല്ലു കൊടുത്തിഹ മടികൂടാതെ

ധൎമ്മാധൎമ്മം ജാതിവിഭാഗതയെന്നിവയെല്ലാംതൈതൈ
കൎമ്മതങ്ങളറിയാത്തവരല്ലയൊ പണ്ടെ നിങ്ങൾ
കാട്ടുമൃഗങ്ങളെ സംസൎഗ്ഗത്താൽ നിങ്ങൾക്കുള്ള തൈതൈ
നാട്ടുനടപ്പുകളെങ്ങിനെ നിങ്ങളറിഞ്ഞീടുന്നു
ഇങ്ങിനെ നൽഗുണവചനം കേട്ടഥ പെരുവേടന്താൻ
(തൈ തൈ
തിങ്ങിനരോഷം പൂണ്ടതുപോലെ പറഞ്ഞു തുടങ്ങി
നിന്നുടെ വംശവിശേഷാചാരപ്രൗഢതയെല്ലാം
(തൈ തൈ
ഇന്നു നമുക്കിഹ നിശ്ചയമുണ്ടു മതിയാവോളം
മുക്കുവത്തരുണിയുടെ മകനല്ലൊ വേദവ്യാസൻ തൈ തൈ
മുത്തപ്പൻ തവ ധാതാവുടെ നാഭിയിലുള്ളിൽ
അന്യജന്മാരുടെ മാനിനിമാരെയവനും പുൽകി തൈതൈ
അതിലുണ്ടായവരല്ലേ തവ താതന്മാരും
പിന്നെ വിശേഷാൽ പൊന്നന്നതാകിയ നിന്നുടെ പാ
പെണ്ണിനെ വേണ്ടാത്തുള്ളവരൊന്നുമറിയാത്തു (ണ്ഡു
പെണ്ണിനെ വേണ്ടാത്തവനാം തന്നുടെ പൊന്മണിമാരും
(കൂടി-
ട്ടൊന്നിച്ചടവികൾ തോറും നിങ്ങളു നടക്കും കാലം
എന്നെപ്പോലുള്ളവർ ചിലർ പൊന്നാം പൂമണിമാരെ
(പുൽകി
നിന്നൊടുകൂടൊരു നാലാങ്ങളമാരുണ്ടല്ലോ
നാലാങ്ങളൊളും കൂടിയൊരുത്തിയെ വേട്ടവിശേഷം കേട്ടാൽ
ബാലകർപോലും പരിഹാസങ്ങൾ തുടങ്ങീടുന്നു
ഇങ്ങിനെ നിങ്ങൾക്കുള്ള നടപ്പുകൾ ലോകത്തിങ്കൽ

(തൈ തൈ

എങ്ങാനും മറ്റുണ്ടെന്നുള്ളതു കേൾപ്പാനില്ല
പോരാത്തുള്ളപരാധം നിങ്ങൾ ചെയ്തതുകൊണ്ടും

(തൈ തൈ

കുരുകുലവീരൻ ദുര്യോധനനെ പേടി കലർന്നു
നാട്ടിലിരിപ്പാൻ പാടില്ലാഞ്ഞിട്ടല്ലേ നിങ്ങൾ വന്നു
കാട്ടിൽ പുക്കു വസിച്ചീടുന്നിതു പട്ടികൾപോലെ
ഉണ്മാനിരകിട്ടാതെ കാട്ടിൽ നടന്നീടുമ്പോൾ തൈ തൈ
എങ്ങാനുമൊരു മുനിയെക്കണ്ടു വണങ്ങിയനേരം
പട്ടിണി പോവാനെന്നൊരു കഴിവെന്തു ചെയ്യപ്പോൾ

(മുനിയും

പൊട്ടപ്പശിവനൊപ്പവില്ലെന്നു പറഞ്ഞതുമൂലം
ഉടുതുണിയില്ലാത്തുള്ളൊരു ശിവനെ സേവതുടങ്ങീട്ടല്ലോ
വിടുമോ ഹാ നീ എന്തിന വെറുതെ മരിച്ചീടുന്നു
തിന്മാനൊരു വകയുണ്ടെന്നാകിലിരിപ്പാൻ പോരാമോ

(ശിവനും

പിന്നെയതെങ്ങിനെ നിങ്ങളെയും ഞാൻ രക്ഷിക്കുന്നു
അരയിൽ വെപ്പാൻ തുണിയില്ലാതെ വലഞ്ഞതുമൂലം
ചെന്നു കരിയെക്കൊന്നിട്ടതിനുടെ തോലു ധരിച്ചീടുന്നു
ഒരുനേരത്തൊരു പുലിയുടെ തോലുമുടുത്തു നടക്കും

(ശിവനും

ഭിക്ഷപാ വേണം മനസ്സുമൊരിക്കൽ തെണ്ടണമെങ്കിൽ
ചുട്ടൊരു ചുടലയിലവനെക്കാണാം പാതിരനേരം

(ചെന്നാൽ

കൂട്ടത്തോടെ പിശാചന്മാരെയുമവിടെക്കാണാം

ക്ഷൌരക്കാരനു കാശുകൊടുപ്പാൻ വകയില്ലാഞ്ഞിട്ടത്രേ
തലയിൽ ജടയും കെട്ടിക്കൊണ്ടു നടന്നീടുന്നു
ശൌചാദികളും തീണ്ടലുമില്ലാത്ത നാണവുമില്ലാത്തവനെ
പഴതേ നിന്നു ഭജിച്ചുനൊന്തിറ പോയാലും നീ

പൊറുത്തു കൂടാതുള്ളൊരു വാക്കുകൾ
ശ്രവിച്ചനേരം കോപം മുഴുത്തു വേഗാലെടുത്തു
ബാണം തൊടുത്തു പാർത്ഥൻ
ക്ഷണത്തിലപ്പോളെടുത്തു
ബാണം തൊടുത്തു വേടനപ്പോൾ
കടുപ്പമോടങ്ങടുത്തു യുദ്ധം തുടങ്ങി നേരെ
കടുക്കമില്ലാതുള്ള ശരങ്ങൾ തൊടുത്തയച്ചു പാർത്ഥൻ
തടുത്തുകൂടാ നമുക്കെന്നങ്ങുരച്ചു ശൂലി
കിരീടിതന്നുടെ ശരങ്ങളാൽ ശിവശരീരമെല്ലാം കീറി
ഗിരീശകന്യക ശപിച്ചു ബാണമിതൊടുങ്ങുകെന്നു
ധനഞ്ജയൻ നിജശരങ്ങളെല്ലാമൊടുങ്ങിയപ്പോൾ

തന്റെ ധനുസ്സുകൊണ്ടൊന്നടിച്ചു വേടൻ ശിരസ്സുതന്നിൽ
അടിച്ചനേരം പിടിച്ചു ചാപമിതൊളിച്ചു ഗംഗയതു
കൊടുത്തു മുഷ്ടികൾ ചുരുട്ടി വിജയൻ കിരാതനെ താൻ
ഇടിക്കയും പുനരടിക്കയും ബത പിടിച്ചു വീണും തമ്മിൽ
തടുക്കയും പുനരിടിക്കയും രണമതിവ ഘോരം
ഹരന്റെ തല്ലും ചവിട്ടുമേററഥ തളർന്നുവീണു മെല്ലെ
കരംപിടിച്ചുടനെറിഞ്ഞു ഭൂമൌ പതിച്ചു പാർത്ഥൻ

ഏവം തങ്ങളിലുള്ളയുദ്ധസമയേ
കാട്ടാളരാജൻ ശിവൻ
ദേവേന്ദ്രാത്മജനെച്ചുഴററിയുടനേ
മേല്പോട്ടെറിഞ്ഞീടിനാൻ

ഭൂമൌ ചെന്നു പതിച്ചിതിന്ദ്രസുതനും
ക്ഷീണം കലൎന്നേറവും
ഭൂമീശൻ ശിവനോ നിനച്ചു ഹൃദയേ
കൂപ്പിസ്തുതിച്ചീടിനാൻ
ഗംഗാകാന്ത ചന്ദ്രമൌലേ പാൎവ്വതീശ ഞാനും
അംഗജാരേ നിന്നെ സേവിച്ചിപ്രകാരം
കാട്ടാളന്റെ തല്ലും കുത്തും കൊണ്ടു ഭൂമൌ വീണു
കേട്ടാൽ പോരാതായിവന്നു ലോകത്തിങ്കൽ
കാരുണ്യമില്ലാതെ പോവാനെന്തുമൂലം ശംഭോ
ഞാനെന്തു പിഴകൾ ചെയ്തു ഭൂതമൂൎത്തേ!
ഗാത്രമിങ്ങിളക്കീടുവാൻ പാടില്ലാതായ്വന്നു
നേത്രങ്ങൾ മിഴിപ്പാൻപോലും ശക്തിയില്ല
ഊനമിങ്ങടിയൻ പക്കലുണ്ടെന്നാകിൽ നീ താൻ
ശിക്ഷിച്ചാലതിന്നു ദോഷമുണ്ടോ നാഥ
ആരുവന്നാർ കേട്ടിതെന്നു വന്നിടുമ്പോൾ പിന്നെ
നാണമായിവന്നുകൂടും ലോകത്തിങ്കൽ
ഊറ്റമുള്ള സവ്യസാചി വേടൻതന്നോടേറ്റു
തോറ്റുപോയെന്നു നാട്ടിൽ കേളിയാകും
ഈശപരശ്രീനീലകണ്ഠ പാലിക്കേണം നിത്യം
ആശ്രിതവത്സല ശംഭോ പാലിക്കേണം
ഇത്ര ചമച്ചിട്ടുസ്തുതികയാലൊരു ശിവലിംഗത്തെ ഭൂമൌ
പത്രം തത്രകൊഴിഞ്ഞതെടുത്തവനൎച്ചനചെയ്തു
അൎച്ചനപത്രം കണ്ടിതു വേടൻ മൂൎദ്ധാവിങ്കൽ തൈ തൈ
ആശ്ചര്യം പൂണ്ടൎജ്ജുനനമ്പൊടു നോക്കുന്നേരം
ചന്ദ്രകലയും ചെഞ്ചിടമുടിയും തുമ്പയുമെല്ലും പാമ്പും

വെണ്മഴുവും നല്ലകടന്തുടി ത്ര്യംബകനാമം
ഗരളവിരാജിതമാകിന ഗളവും കരിയുടെ തോലും ഗംഗാ
തിരമാറ്റിടവും ശോഭിതമാകിന ശിവനുടെ രൂപം
കണ്ടൊരുനേരം പാണ്ഡുതനൂജൻ മാനസതാരിൽ പാരം
ഉണ്ടായൊരു കൗതുകത്താൽ ശിവനെ സ്തുതിയും ചെയ്തു
വാസുകിഭൂഷണ കേതകിഭൂഷണ പാലിക്കേണം നാഥ
പാദസരോജമതല്ലാതടിയനു ഗതിയില്ലുള്ളം
പാപവിനാശന കാമവിനാശന ഭൂതഗണേശ! ഹര!
താപമശേഷം തീർത്തരുളേണം പാർവ്വതികാന്ത
ഗംഗാകാമുകകാത്തരുളേണം നിത്യവുമെന്നെ തൈതെ തൈതെ
മംഗലമിങ്ങുതള്ളിടുവതിന്നിഹ വന്ദിപ്പേനാൻ
തൃപ്പാദങ്ങളിൽ വീണു നമിപ്പാനങ്ങുവരാനും കൂട
ക്കെല്പില്ലാതെ ചമഞ്ഞിതു ഞാനും കാരുണ്യാബ്ധേ
അറിയപ്പോകാതടിയൻ ചെയ്തൊരു ദോഷമിതെല്ലാം
(തൈതെ തൈതെ
ഹരനെ കാരുണ്യത്താലങ്ങു സഹിച്ചീടേണം
ഭക്തികലർന്നഥ വിജയൻ ശിവനെ സ്തുതിചെയ്തപ്പോൾ
(തദ്രൻ
ഭക്തപ്രിയനാം വിജയസമീപേ ചെന്നു പതുക്കെ
ബാഹുപിടിച്ചുടനെഴുന്നേല്പിച്ചു വിജയനെ മെല്ലെ
(തൈതെ തൈതെ
വാസുകിഭൂഷണനാകിയ ഭഗവാൻ വാത്സല്യത്താൽ
തൃക്കൈകൊണ്ടഥ വിജയൻതന്റെ ശരീരമശേഷം
(തൈതെ തൈതെ
തൊട്ടുതലോടി പുഷ്ടിവരുത്തീട്ടിദമരുൾ ചെയ്തു

തുംഗപരാക്രമനാകിയ നിന്നെ കാണ്മതിനാത്രെ
(തൈ തൈ
ഇങ്ങിനെ ഞാനനുഷ്ഠിച്ചെന്നു ധരിച്ചിടേണം
പാൎത്ഥാ നിന്റെ മനോഹിതമായൊരു പാശുപതാസ്ത്രം
(തൈ തൈ
പാൎത്തിടാതെ തരുന്നുണ്ടിഹ നീ ബോധിക്കേണം കുരുവീര
ധനഞ്ജയ കേൾ മമ പാശുപതാസ്ത്രം തൈ തൈ
രിപുകുലമാകിന വിപിനത്തിന്നൊരു ദഹനൻതന്നെ
പരമേശ്വരനിതരുളിച്ചെയ്തുടൻ വരവും നൽകി
(തൈ തൈ
പരിചൊടു പാൎവ്വതിയോടുംകൂടിമറഞ്ഞിതുമെല്ലെ

വേടയുദ്ധം പാട്ടു

സമാപ്തം.

പലവകപ്പാട്ടുകൾ.

ശീലാവതി.

ശ്രീരാമ ഗോവിന്ദ നാരായണാനന്ദ
ശ്രീവാസുദേവ മുകുന്ദ ഹരേ
വിലപാചലംതന്നിൽ വാണരുളീടുന്ന
വില്ലാളിവീര ശ്രീരാമചന്ദ്ര
കല്യാണവാരിധേ കാത്തരുളേണമേ
കാരുണ്യമൂർത്തേ ഞാൻ കൈതൊഴുന്നേൻ
വെള്ളിമലതന്നിൽ പള്ളികൊണ്ടീടുന്ന
വേദസ്വരൂപമേ പാലയ മാം
കിള്ളിക്കുറിശ്ശി മഹാദേവനെന്നുടെ
ഉള്ളിൽ വിളങ്ങേണമെല്ലാനാളും
തുള്ളിക്കളിക്കുമരവങ്ങളും നല്ല
പുള്ളിമറിമാനും വെണ്മഴുവും
അമ്പിളിത്തെല്ലുമാകാശഗംഗയും
തുമ്പയും ചാമ്പൽ പുലിത്തുകലും
ശൂലം കപാലം കടുന്തുടി രുദ്രാക്ഷം
ചാലേ ധരിക്കുമെൻ തമ്പുരാനേ
ശ്രീശുകമന്ദിരവാസ ജഗന്നാഥ
ശ്രീശൂലപാണേ വണങ്ങീടുന്നേൻ
ചിത്തേ മഹേശനെച്ചിന്തിച്ചു മേവുന്ന

തത്തേ വരിക നീ വൈകിടാതെ
ശീലാവതിയുടെ ചാരിത്രശുദ്ധിയും
ശീലഗുണങ്ങളും സൌന്ദൎയ്യവും
പാവനമാകും പതിവ്രതാധൎമ്മവും
പാരാതെ ചൊൽക കിളിക്കിടാവേ
എന്നതു കേട്ടു കിളിപ്പൈതലൻപോടു
വന്ദനം ചെയ്തു പറഞ്ഞു മെല്ലേ
ഉഗ്രതപസ്സെന്നു പേരായ മാമുനി
വ്യഗ്രതകൂടാതെ പണ്ടൊരുനാൾ
ശീലാവതിയെന്നു പേരായ കന്യയെ
ചാലവേ പാണിഗ്രഹണം ചെയ്തു
കാന്താരംതന്നിലൊരാശ്രമമുണ്ടാക്കി
കാന്താസമേതം തപസ്സുചെയ്തു
വൃദ്ധൻ മുനീന്ദ്രൻ വസിച്ചു മഹാശഠൻ
ക്രുദ്ധൻ കുശീലൻ കുടിലാശയൻ
കാറക്കുഴൽമണിയാളായ ഭാൎയ്യയെ
ക്രൂരമല്ലാതെ പറകയില്ല
കുഷ്ഠം പിടിച്ചു വെളുത്തു ശരീരവും
കുഷ്ഠം കൈകാലും തളൎന്നീടുന്നു
ശീലക്കേടുള്ളോരു ഭൎത്താവിനെ നിത്യം
ശീലാവതിദേവി ഭക്തിയോടെ
ഇഷ്ടമറിഞ്ഞവൾ ശുശ്രൂഷചെയ്യുന്നു
കഷ്ടമുപേക്ഷയുമില്ലവൾക്കു
കാലത്തു നേരത്തെഴുന്നേറ്റു വൈകാതെ
ചോലയിൽ ചെന്നു കുളിച്ചു വന്നു

കേവലം തന്നുടെ ഭർത്താവിനാദരാൽ
ദേവകാര്യത്തിന്റെ കോപ്പുകൂട്ടി
വെള്ളവും കാച്ചിക്കുളിപ്പിച്ചു കാന്തനെ
വേദനകൂടാതെ മെല്ലെ മെല്ലെ
ഈഞ്ചപ്പതകൊണ്ടു തേച്ചു വ്രണമെല്ലാം
ഊടാടെ ശോധന ചെയ്തുകൊണ്ടാൾ
മുങ്ങിക്കുളിപ്പിച്ചു തോർത്തി വഴിപോലെ
ഭംഗിവരുത്തി വണങ്ങിക്കൊണ്ടാൾ
ചന്ദനം പുഷ്പം ജലവും നിവേദ്യവു-
മൊന്നൊഴിയാതെ സമീപത്താക്കി
നല്ലവരിനെല്ലു കുത്തിയരിയാക്കി
മെല്ലവേ പാകത്തിൽ വെച്ചുണ്ടാക്കി
ലന്തക്കുരുകൊണ്ടു കൂട്ടാനുമുണ്ടാക്കി
ചന്തത്തിൽ വേണ്ടുന്ന കോപ്പുകൂട്ടി
ആട്ടിന്റെ പാലു കറന്നു തിളപ്പിച്ചു
കൂട്ടിക്കുഴച്ചുള്ള ചോറു നല്കി
ഇങ്ങിനെ നിത്യവും ശുശ്രൂഷ ചെയ്താലു-
മങ്ങുള്ളിലേതും പ്രസാദമില്ലാ
ഉള്ളിൽ മുഴുത്തോരു കോപേന മാമുനി
കൊള്ളിവാക്കല്ലാതെ ചൊല്ലുകയില്ലാ
കള്ളം പെരുത്തോരു നിന്റെ മുഖം കണ്ടാ-
ലുള്ളംതെളിവിനിക്കില്ല തെല്ലും
വെള്ളം കുടിയാതെ ചാവാനടുത്തു ഞാൻ
വേശ്യപ്പെണ്ണേ നിന്നെ വേൾക്കമൂലം
കാലത്തൊരുതുള്ളി കഞ്ഞിതരാൻ പോലും

ശീലാവതി നിനക്കാസ്ഥയില്ലാ
ലക്ഷണമില്ലാത്ത നീ വെച്ചു കൊണ്ടെന്നാൽ
ഭക്ഷണത്തിന്നു രുചിയുമില്ലാ
കൈപ്പുണ്യം തെല്ലും നിനക്കില്ല വല്ലഭേ
കൈപ്പും പുളിപ്പുമെരിപ്പുമില്ലാ
വെപ്പിൻെറ കൌശലമില്ല കറി വായിൽ
വെപ്പാനമാകാ നീ വെച്ചതൊന്നും
ഉപ്പേരിയും നിൻെറ ചോറുമെടുത്തങ്ങു
കുപ്പയിലാക്കുവാനൊന്നേ തോന്നു
ആൎക്കാനും വേണ്ടീട്ടുണ്ടാക്കാനിശ്ശംപോലെ
ആക്കം കൂടാതെ നീ ചോറുതന്നാൽ
ഭക്ഷിപ്പാനാഗ്രഹമുണ്ടാമോ നീയെന്നെ
രക്ഷിപ്പാനാളല്ല ശീലാവതി
പത്തുനൂറായി വയസ്സു നമുക്കിപ്പോൾ
പതിശ്ശു നല്ല ചെറുപ്പകാലം
താടിനരച്ച പുരുഷനെക്കാണുമ്പോ-
ളോടിയൊളിച്ചീടുമംഗനമാർ
താടിയും നമ്മുടെ മൂക്കുമായൊന്നിച്ചു
കൂടിട്ടുണ്ടോഷമെന്നേ വേണ്ടു
വായിലൊരുപല്ലുമില്ലാത്ത വൃദ്ധനെ
സ്ഥായിയുണ്ടാകുമോ പെണ്ണുങ്ങൾക്കു
പിന്നെ വിശേഷിച്ചു വ്യാധിയും വൎദ്ധിച്ചു
നിന്നെപ്പറയുന്നതെന്തിനിപ്പോൾ
എന്നുടെ ജാതകദോഷമിതൊക്കെയും
നിന്നുടെ കുറ്റമിതല്ലതാനും

ചാവാനടുത്തവൻ വേളിക്കു മോഹിച്ചാ-
ലീവണ്ണമെല്ലാമനുഭവിക്കും
യൌവനമുള്ള പുരുഷനെ പ്രാപിപ്പാൻ
ദൈവം നിനക്കു വിധിച്ചില്ലല്ലോ
കണ്ണിന്നു കാഴ്ച കുറഞ്ഞു ചെവി കേളാ
വണ്ണം നിറഞ്ഞു ശരീരമെല്ലാം
ഏതും നടപ്പാനൊരുത്തനല്ലെനിക്കിപ്പോ-
ളെങ്ങിനെ വെച്ചു പൊറുപ്പിക്കേണ്ടു
വീട്ടിലിരിക്കുന്നോർക്കൊന്നുമില്ലെങ്കിലോ
ഊട്ടിൽ നടന്നു ഭുജിച്ചുകൊള്ളാം
കാട്ടിലിരിക്കും നമുക്കെന്താധാരം
കൂട്ടിലിരിക്കും കിളിയെപ്പോലെ
ആരാനും കൊണ്ടന്നു തന്നാകിൽ ഭക്ഷിക്കാം.
മല്ലെങ്കിൽ പട്ടിണിയെന്നേവേണ്ടു
എന്നെപ്പുലർത്തുവാനാളല്ല നീയിപ്പോൾ
നിന്നെപ്പുലർത്തുവാൻ ഞാനും പോരാ
വിപ്രസ്ത്രീയാകും നിനക്കിന്നു ഭക്ഷിപ്പാൻ
ക്ഷിപ്രസമമോദനം പോരാ താനും
ചാമയുമില്ല തിനയുമില്ലിക്കാട്ടിൽ
മാമുനിമാർ തിന്നൊടുങ്ങിപ്പോയി
പാരം കുറഞ്ഞു ഫലമൂലവും പിന്നെ
ദൂരത്തു പോവാൻ നടന്നുകൂടാ
ശീലാവതി നിന്റെ ശീലം തരമല്ല
ബാലസ്വഭാവം ശമിച്ചില്ലൊട്ടും
നേരത്തു നാഴിയരി വെച്ചു നൽകുവാൻ

പോരാത്ത നിന്നെക്കൊണ്ടെന്തു ഫലം?
ഈവണ്ണമോരോ ശകാരപ്രകാരങ്ങൾ
കേവലം കേട്ടു വിഷാദത്തോടെ
ദുഃഖിച്ചു പാരം കരഞ്ഞു വിഷാദിച്ചു
ചൊല്ക്കൊണ്ടു താപസശ്രേഷ്ഠൻതന്റെ
ഇഷ്ടങ്ങളെല്ലാമനുസരിച്ചങ്ങിനെ
പെട്ടന്നു ശുശ്രൂഷ ചെയ്തുകൊണ്ടാൾ
രോഗം ശമിപ്പാനുള്ളൌഷധമോരോന്നു
വേഗേന കൊണ്ടന്നരച്ചുണ്ടാക്കി
ദുഷ്ടവ്രണങ്ങളിൽ തേച്ചു പതുക്കവേ
കഷ്ടം ശമിപ്പിച്ചു ഭർത്താവിന്റെ
ഭക്ഷണത്തിന്നു രുചിയുമങ്ങുണ്ടാക്കി
ഭിക്ഷയ്ക്കു പോവാൻ നടന്നുകൂട
ഉഗ്രതപോമുനിശ്രേഷ്ഠനെയക്കാലം
അഗ്രഹാരെ മേവും ഭൂസുരന്മാർ
വന്നു ക്ഷണിച്ചുതുടങ്ങി ഭവാനിപ്പോ-
ളെന്നുടെയില്ലത്തെഴുന്നള്ളണം
ഭിക്ഷയ്ക്കു കോപ്പുകൾ കൂട്ടിപ്പാർത്തീടുന്നു
ശിക്ഷയിൽ വന്നു ഭുജിച്ചീടേണം
ഇങ്ങിനെ വിപ്രന്മാർ വന്നു ക്ഷണിക്കുന്നു
എങ്ങിനെ പോകേണ്ടു ശീലാവതി?
ഒട്ടും നടപ്പാനെളുതല്ലെനിക്കിപ്പോ-
ളിച്ഛയ്ക്കു മോഹമുണ്ടു താനും
ഇത്തരം ഭർത്താവു ചോദിച്ചതിന്നട-
ന്നുത്തരം ചൊല്ലിനാൾ ശീലാവതി

എന്റെ ചുമലിൽ കരേറിയിരുന്നാലു-
മേതും മടിയ്ക്കേണ്ട ജീവനാഥ
ഇല്ലങ്ങളിൽ കൊണ്ടുചെന്നു വഴിപോലെ
വല്ലഭ നിന്നെ ഞാൻ ഭുജിപ്പിയ്ക്കുന്നേൻ
ഇത്ഥം പറഞ്ഞു മുനീന്ദ്രനെക്കണ്ഠത്തിൽ
സത്വരമങ്ങു വഹിച്ചുകൊണ്ടാദം
വിപ്രഗൃഹങ്ങളിൽ കൊണ്ടുചെന്നാദരാൽ
വിപ്രകുടുംബിനി ശീലാവതി
ഉഗ്രതപസ്സിന്റെയൂണു കഴിപ്പിച്ചു
അഗ്രഹാരങ്ങളിൽ നിന്നുടനെ
പോന്നിങ്ങു തന്നുടെയാശ്രമം പ്രാപിച്ചു
അന്നത്തെ രാത്രി കഴിച്ചുകൂട്ടി
പിറെറന്നാളും പുലർകാലേ പുറപ്പെട്ടു
മറെറാരു വിപ്രന്റെ ഗേഹംതന്നിൽ
തെററന്നു കാന്തനെക്കൊണ്ടു ചെന്നാദരാൽ
കൊററും കഴിപ്പിച്ചു കൊണ്ടുപോന്നു
ഇങ്ങിനെ നിത്യവുമോരോ ഗൃഹങ്ങളി-
ലിംഗിതംപോലെ ഭുജിപ്പിയ്ക്കയും
ഇങ്ങു ഗൃഹംതന്നിൽ പോന്നു വസിയ്ക്കയും
തിങ്ങിന മോദേന വാഴുംകാലം
അന്തിയ്ക്കൊരു നാളിലാശ്രമേ വാണീടു-
മന്തണശ്രേഷ്ഠനരുളിച്ചെയ്തു
ശീലാവതി നീ താനെന്നെയും കൊണ്ടിങ്ങു
ലീലാവിലാസേന പോകണേനരം
ഉന്നതമായൊരു മന്ദിരംതന്നുടെ

സന്നിധിതന്നിലണഞ്ഞൊരു നേരം
നല്ല പെരുവഴി തന്നിലൊരേടത്തു
വെള്ളമൊഴുകുന്ന കണ്ടുടനേ
നാട്ടുപെരുവഴി വിട്ടു വളച്ചിട്ടു
വെട്ടുന്നു പോരുവാനെന്തു മൂലം?
അക്കണ്ട മന്ദിരമാർക്കുള്ളു വല്ലഭേ
പൊക്കത്തിൽ മാളിക ഭംഗിയോടെ
കെട്ടുകൾ നാലും നടുമുറ്റവും നല്ല
കൊട്ടുത്തളവും മണിക്കിണറും
തെങ്ങും കവുങ്ങും കൊടികളും വാഴയും
എങ്ങുമൊരേടമൊഴിഞ്ഞിട്ടില്ല
രാജഗൃഹമെന്നു തോന്നുമതു കണ്ടാൽ
രാജീവലോചനേ ചൊല്ലെന്നോട്
ഇത്തരം ഭർത്താവു ചോദിച്ചതിനുട-
നുത്തരം ചൊല്ലിനാൾ ശീലാവതി
വിശ്വത്തിലൊക്കെ പ്രസിദ്ധമായുള്ളൊരു
വേശ്യാഗൃഹമതു ജീവനാഥ
ഐശ്വര്യവും നല്ല സൌന്ദര്യവും പിന്നെ
വശ്യപ്രയോഗവുമെന്നുവേണ്ട
വിശ്വം ജയിക്കുന്ന വൈഭവമുള്ളൊരു
വേശ്യയുണ്ടത്രെ വസിച്ചീടുന്നു
വിത്തമുള്ളാളുകളെല്ലാമവളുടെ
ഭൃത്യന്മാരാവാൻ കൊതിച്ചീടുന്നു
കൺമുനത്തെല്ലുമപ്പുഞ്ചിരിക്കൊഞ്ചലും
വെണ്മ കലർന്ന വിലാസങ്ങളും

കണ്ടു ഭ്രമിച്ചു പുരുഷന്മാരർത്ഥങ്ങൾ
കൊണ്ടുചെന്നാശു കൊടുത്തീടുന്നു
ഇല്ലവും വസ്തുവും വിററവളുടെ
വല്ലഭനാവാൻ കൊതിച്ചീടുന്നു
മന്നവന്മാരെ വശത്താക്കി മെല്ലവേ
പൊന്നും പണവും കരസ്ഥമാക്കി
കൊന്നിട്ടു മീനിന്നിരയിട്ടതു പോലെ
പിന്നെയാ ഭോഷരെക്കൈവെടിയും
ദ്രവ്യമുണ്ടാകിൽ സുഭഗന്മാരെല്ലാരും
ദ്രവ്യമില്ലെന്നാകിൽ ദുർഭഗന്മാർ
ഇങ്ങിനെയുള്ളോരു വേശ്യാ വസിക്കുന്ന
തുംഗമഹാമണിമന്ദിരത്തിൽ
അന്തികേ വന്നൊരു നേരമവളുടെ
അന്തിക്കു മേല്പ്പൊഴുകുന്ന വെള്ളം
മാർഗ്ഗത്തിൽ വന്നൊഴുകുന്നതു കണ്ടവൻ
മാർഗ്ഗം വെടിഞ്ഞു വളച്ചുപോന്നു
മേല്പ്പൊഴുകീടുന്ന വെള്ളം ചവിട്ടിയാൽ
മേല്ക്കുമേലുണ്ടാമശുദ്ധദോഷം
മംഗല്യഹാനി ഭവിക്കും തപസ്സിനും
ഭംഗം വരുമജ്ജലത്തെത്തൊട്ടാൽ
എന്നതുകൊണ്ടു വളച്ചിങ്ങു പോന്നു ഞാ-
നൊന്നു ധരിച്ചാലും ജീവനാഥ
ശീലാവതിയുടെ വാക്കുകൾ കേട്ടപ്പോൾ
ശീലം പകർന്നിതു മാമുനിക്കു
ഇക്ഷുശരാസനവീരന്റെ ബാണങ്ങൾ

ശിഷ്യകളേയും വലച്ചുമല്ലോ
പാരസ്ത്രീയെന്നുള്ള നാമത്തെക്കേട്ടപ്പോൾ
മാരാസ്ത്രമേററു മയങ്ങിപ്പോയി
അന്നത്തെ രാത്രിയിൽ നിദ്ര ലഭിച്ചില്ല
അന്നത്തെ ഭക്ഷണിപ്പാനാശയില്ല
ഊണുമുറക്കവുമെല്ലാമുപേക്ഷിച്ചു
വാണു മഹാമുനി നാലഞ്ചു നാൾ
ദീർഘനിശ്വാസവുമാലസ്യവും പൂണ്ടു
തീക്കനൽപോലെ ശരീരമെല്ലാം
വേശ്യയെത്തന്നെ മനസി നിരൂപിച്ചു
വൈശ്യാദികർമ്മങ്ങൾ ചെയ്തീടുന്ന
ഭർത്താവുതന്നുടെ പാരവശ്യം കണ്ടു
ഭാര്യയും മെല്ലവേ ചോദ്യം ചെയ്തു
എന്തൊരു കാരണമെന്നുടെ ഭർത്താവേ
സന്തപിച്ചീടുന്നു നാഥ ഭവാൻ?
എന്നോടുരചെയ്യവേണം മടിയാതെ
എന്നാലൊരു കഴിവുണ്ടാക്കീടാം
വ്യാധിവികാരമോ വല്ലാതെ വന്നു-
മാധിവികാരമോ ചിത്തം തന്നിൽ
നാലഞ്ചു നാളായി ഭക്ഷണമില്ലാതെ
ആലസ്യം പാരമുറക്കമില്ല
എന്നെ ഗ്രഹിപ്പിയ്ക്കാമെങ്കിൽ പരമാർത്ഥ-
മെന്നോടുരചെയ്ക ജീവനാഥ
എന്നതു കേട്ടുരചെയ്തു മഹാമുനി
നിന്നെ ഗ്രഹിപ്പിയ്ക്ക വേണ്ടിവന്നു

വേശ്യാഗ്രഹമെന്നു കേട്ടതുകാരണം
വേശ്യയിലാശ മുഴുത്തീടുന്നു
വാരാംഗനാമണിമൌലിയെപ്പുൽകുവാൻ
പാരമുണ്ടാഗ്രഹമന്തരംഗേ
ധർമ്മമല്ലെന്നു ഗ്രഹിച്ചാലുമല്ല
കർമ്മാനുബന്ധമൊഴിച്ചുകൂടാ
എന്നെക്കഴുത്തിലെടുത്തു പതുക്കവേ
ഇന്നത്തെ രാത്രി വരുന്ന നേരം
വേശ്യാഗൃഹം തന്നിൽ കൊണ്ടുചെന്നാക്കി നീ
വേശ്യാവിനോദം ലഭിപ്പിക്കേണം
ഭർത്താക്കന്മാരുടെ വാക്കു നിരസിച്ചാൽ
ഭാര്യമാർക്കാപത്തു വന്നുകൂടും
നല്ലതെന്നാകിലും തീയതെന്നാകിലും
വല്ലഭൻ ചൊല്ലുന്നതാചരിക്കാം
അല്ലാതെ താന്തോന്നിത്തങ്ങൾ തുടങ്ങിയാൽ
വല്ലാതെ വന്നു ഭവിക്കുമല്ലോ
മംഗല്യസ്ത്രീകൾക്കു ഭർത്താക്കന്മാരല്ലോ
ദൈവതമാകുന്നതെന്നറിക
ദേഹമതായതും ജീവനതായതും
കേവലം നിങ്ങൾക്കു ഭർത്താവല്ലോ
എന്നതുകൊണ്ടു പറഞ്ഞു ഞാൻ വല്ലഭേ
എന്നുടെ മോഹത്തെസ്സാധിപ്പിക്കു
ഇത്തരം ഭർത്താവുതന്റെ ഗിരം കേട്ടു
ചിത്തരംഗത്തിൽ വിഷാദത്തോടെ
എന്തു ഞാൻ ചെയ്യേണ്ടു ധർമ്മാർത്ഥമിങ്ങിനെ

ചിന്തിച്ചു നാഥനരുളിച്ചെയ്താൽ
ആചാരമല്ലാത്ത വല്ലാത്ത മോഹങ്ങ-
ളാചാര്യന്മാരും തുടങ്ങിക്കൊണ്ടാൽ
ആകുന്ന വണ്ണം പ്രയത്നങ്ങൾ ചെയ്യേണം
ലോകാപവാദം വരാതിരിപ്പാൻ
ഓർത്താൽ ഗുണമല്ലാതുള്ള വിധമെന്നു
ഭർത്താവുതന്നോടും ബോധിപ്പിച്ചീടാം
കണ്ണു കാണാതെ കിണററിൽ ചാടുന്നോരെ
ചെന്നു പിടിപ്പാൻ മടിച്ചീടാമോ?
വല്ലതെന്നാകിലും വല്ലഭൻതന്നുടെ
വല്ലാത്ത മോഹം വിരോധിക്കേണം
ഇത്തരം ചിന്തിച്ചു ശീലാവതി തന്റെ
ഭർത്താവിനോടു വണങ്ങിച്ചൊന്നാൾ

ഇതി പ്രഥമവൃത്തം സമാപ്തം.

അഥ ദ്വിതീയവൃത്തം.

ഗുണമേറും ഭർത്താവേ! മാമുനീന്ദ്ര!
ഗുരുനാഥ! കേട്ടാലുമെന്റെ വാക്യം
ഗണികമാരോടുള്ള കേളിമോഹം
ഗുണമല്ല നിങ്ങൾക്കെന്നോർത്തിടേണം
പണിയാലെ വന്നോരു വിപ്രജന്മം
പഴുതിലാക്കീടൊല്ല ജീവനാഥ!
കണികാണ്മാൻപോലും ഗുണമില്ലാത്ത
ഗണികമാരെക്കണ്ടു മോഹിക്കുന്നു

പുരുഷന്റെ ജന്മം പഴുതേതന്നെ
ദുരിതമാം കൂപത്തിൽ ചെന്നു വീഴും
കുലടമാരോടുള്ള സംസർഗ്ഗത്താൽ
കുലധൎമ്മാചാരങ്ങളില്ലാതാകും
മലമൂത്രാഗാരമാകുന്ന പാത്രം
മലർബാണാധീനമാകുന്ന ഗാത്രം
ചപലമെന്യേ മോഹിയ്ക്കും മൂഢന്മാൎക്ക്
പല രോഗം വന്നു ഭവിക്കുമല്ലോ
കുലഹാനി വന്നിടും മുന്നേതന്നെ
മലിനമായീടും മനുഷ്യജന്മം
പരിതാപമോരോന്നേ വന്നുകൂടും
പരിഹാസത്തിന്നുള്ള പാത്രമാകും
പരിശോടെ കീൎത്തി നശിച്ചുപോകും
പരിണാമപാപങ്ങൾ സംഭവിക്കും
ധനങ്ങൾക്കു നാശങ്ങൾ വന്നുകൂടും
ജനങ്ങൾക്കു വൈരാഗ്യമുണ്ടായിടും
കനക്കെട്ടു ജാതിയ്ക്കു ഹീനഭാവം
മിനക്കെട്ടു നീചന്മാരോടുകൂടി
കുലഭാൎയ്യമാരെ വെടിഞ്ഞുകൊണ്ടു
കുലടമാരോടു രമിക്കുന്നോരു
കുലശ്രേഷ്ഠന്മാരാകും ഭൂസുരന്മാർ
കലിഭരത്തേക്കാളും കഠിനമാകും
ഇരിമ്പുകൊണ്ടുള്ളോരു നാരീവേഷ-
മിതരാഗം തീയിട്ടെരിച്ചു നന്നായ്
പഴുപ്പിച്ചു പെൺകുലത്തിന്റെ ദേഹം

തഴുകിപ്പുണരേണമെന്നു ചൊന്നാൽ
ഒന്നാളും വേശ്യാജനങ്ങളോടു
ഒരുമിച്ചു ക്രീഡിപ്പാൻ മോഹിക്കൊല്ലാ
ഗുണദോഷങ്ങളൊന്നുമവൎക്കില്ലൊട്ടും
പണമെന്നല്ലാതൊരു ചിന്തയില്ല
ധരണീസുരന്മാരും ബൌദ്ധന്മാരും
തരുണിയാം വേശ്യക്കു ഭേദമില്ല
കനകത്തെക്കയ്യിൽകൊടുക്കുന്നേരം
കനിവെന്നു ഭാവിച്ചു കൈ പിടിക്കും
ധനമെല്ലാമങ്ങു കരസ്ഥമായാൽ
ഘനമില്ലാതുള്ളൊരു പഞ്ഞിപോലെ
പറപ്പിക്കും ദൂരത്തു ദുഷ്ടകളൊട്ടും
ഉറപ്പിക്കും ദ്രവ്യമൊടുങ്ങുവോളം
അവരുടെ കൂട്ടത്തിൽ ചെന്നു ചാടാ-
നവകാശം വന്നാലവന്റെ ജന്മം
വിഫലമായീടുമിത്രയല്ലാ
വികടമായുള്ള നരകംതന്നിൽ
അനവധി കാലം വസിച്ചീടേണം
അനുഭവമെന്തെല്ലാം വന്നീടാത്തു
വെളിച്ചെണ്ണ വീഴ്ത്തി നിറച്ച ചെമ്പിൽ
തിളപ്പിച്ചു കാളുന്ന വഹ്നിതന്നിൽ
പിടിച്ചങ്ങു തള്ളി യമഭടന്മാ-
രടിച്ചങ്ങു നീന്തിക്കളിപ്പിച്ചീടും
വടികൊണ്ടു മസ്തകഭാഗംതന്നിൽ
അടികൊണ്ടു ദേഹം തളൎന്നു വീഴും

അമൃതുകൊണ്ടെപ്പൊഴേ ജീവിപ്പിച്ചു-
മൃതന്മാരായീടും തിക്കനലിൽ
വരിവോടങ്ങോടിക്കമെന്നുവേണ്ട
ദുരിതങ്ങൾ ചൊന്നാലൊടുക്കമില്ല
അതുകൊണ്ടു ചൊല്ലുന്നേൻ ഭർത്താവേ ഞാൻ
കുതുകമീ വേശ്യയിലുണ്ടാകേണ്ടാ
അറിയിക്കവേണമോ ഞാനിവണ്ണം
അറിയപ്പോകാതുള്ള ഖേദമോ നീ
ചെറുപ്പംകൊണ്ടോരോന്നുരച്ചെന്നു ഞാൻ
വെറുപ്പുണ്ടായിടൊല്ല മാമുനീന്ദ്ര!
ക്ഷമിക്കേണമിക്കാലം വേശ്യാഗേഹേ
ഗമിക്കേണമെന്നതും ചൊല്ലതെല്ലാം
വചനങ്ങളിവണ്ണം കേട്ടനേരം
വചനീയമല്ലെന്നു മാമുനീന്ദ്രൻ
കനിവോടെ പിന്നെയും ഭാര്യയോട
ഘനതാപത്തോടെയരുളിച്ചെയ്തു.

ദ്വിതീയവൃത്തം സമാപ്തം

അഥ തൃതീയവൃത്തം.

എന്തിനയ്യോ വിരോധം പറയുന്നു
ദന്തിഗാമിനിമൌലിമണേ ശൃണു
അന്തികേ വന്നു നിന്നാലുമാദരാ-
ലന്തിനേരമണഞ്ഞു കൃശോദരി
യെന്നെത്തോളിലെടുക്ക നീ വൈകാതെ

നിന്നൊത്തന്നോ പറഞ്ഞു ബോധിപ്പിക്കാം
പുള്ളിമാന്മിഴിയാളേ നമുക്കിപ്പോ-
ളുള്ളിലുണ്ടായ തണ്ടാർശരാമയം
തള്ളിനീക്കിക്കളവാനെളുതാമോ
കൊള്ളിവാക്കല്ല ചൊല്ലുന്നു വല്ലഭേ!
ന്യായമല്ലാത്ത കർമ്മങ്ങൾക്കൊക്കെയും
പ്രായശ്ചിത്തങ്ങളുണ്ടെന്നറിഞ്ഞാലും
മോഹമുള്ളതു സാധിച്ചില്ലെങ്കിലോ
ദേഹനാശം ഭവിക്കും നമുക്കെടോ
സ്നേഹമുണ്ടെങ്കിൽ വേശ്യാമണിയുടെ
ഗേഹന്തന്നിലങ്ങാക്കണമെന്നെ നീ
അംഗനാമണിയാകുമവളുടെ
സംഗമിന്നു ലഭിച്ചുവെന്നാകിലോ
അംഗസൗഖ്യം ഭവിക്കും തപസ്സിനും
ഭംഗമുണ്ടാകയില്ലെന്നറിഞ്ഞാലും
ന്യായം വിട്ടു നടക്കയില്ലെങ്കിലോ
പ്രായശ്ചിത്തം വിധിക്കണമെന്നുണ്ടോ
കൃച്ഛ്രചാന്ദ്രായണാദിക്രിയകൊണ്ടു
സപ്തമാവവിശുദ്ധി വരുത്തിടാം
മന്മഥക്ഷോഭംകൊണ്ടുള്ള വൈഷമ്യം
ധർമ്മചാരിജനങ്ങൾക്കുമുണ്ടാകും
വിശ്വമോഹിനി മേനകയെപ്പണ്ടു
വിശ്വാമിത്രനനുഭവിച്ചില്ലയോ?
ചന്ദ്രനും ഗുരുഭാര്യയെ പ്രാപിച്ചു
ചന്തമോടു രമിച്ചീലയോ ശുഭേ!
ഇന്ദ്രനും പണ്ടഹല്യയെ പ്രാപിച്ചു

ഇന്ദ്രിയക്ഷോഭശാന്തി വന്നതില്ലേ?
സൎവ്വജ്ഞന്മാരാം മിത്രാവരുണന്മാ-
രുൎവ്വശിയെപ്പരിഗ്രഹിച്ചീലയോ?
ബ്രഹ്മശാപ്യയായുള്ളൊരു നാരിയെ
പ്രാപിച്ചീലയോ കണ്വമഹാമുനി
ബ്രഹ്മദേവനായ ഭഗവാനും
തന്മകളെപ്പരിഗ്രഹിച്ചീലയോ?
ഇപ്പറഞ്ഞ മഹാമുനിമാരൊക്കെയും
തൽപ്രതിക്രിയകൊണ്ടു വിശുദ്ധരായ്
അപ്രകാരം നാമുക്കഴിച്ചിട്ടാപത്തെ
ക്ഷിപ്രമങ്ങു കളവാൻ തടവുണ്ടോ
അദ്ധരാത്രിക്കു മുന്നമവളുടെ
പത്തനംതന്നിലാക്കേണമെന്നോൎത്തു
വൃദ്ധനാകുന്നോരെന്റെ മനോരഥം
വ്യൎത്ഥമാക്കിച്ചമഞ്ഞല്ലൊ വല്ലഭേ!
ഇത്തരം ഭൂസുരനാഥന്റെ വാക്കിനാ-
ലുത്തരം പറയുന്നവളാമതോ
അന്നു വല്ലതുമെന്നാലവളുടെ
ചിത്തം തന്നിലുറച്ചു പുറപ്പെട്ടു
അന്ധകാരം നിറഞ്ഞൊരു രാത്രിയിൽ
അന്തണേശനെ മെല്ലെന്നെടുത്തുടൻ
കണ്ഠദേശത്തിലാക്കി നടകൊണ്ടു
കുണ്ഠിതം വിട്ടു വേശ്യാഗൃഹം നോക്കി
തൽപ്പദങ്ങൾകൊണ്ടു മെല്ലവേ
തപ്പിത്തപ്പി നടന്നു നടന്നുടൻ

കല്ലും മുള്ളുമക്കാടും മലകളും
മെല്ലെമെല്ലെക്കടന്നു പണിപ്പെട്ടു
ചെല്ലുന്നേരമൊരാരോഹണം തന്നിൽ
വല്ലഭന്റെ ശരീരം തടകയാൽ
അക്കഥയും ചുരുക്കിപ്പറഞ്ഞിടാം
തസ്കരന്മാരതിന്നിഹ കാരണം
തത്ര രാജ്യേ വസിക്കുന്ന ഭൂപന്റെ
പത്തനത്തിലകം പുക്കു കള്ളന്മാർ
രാജഭണ്ഡാരം കട്ടു തിരിച്ചപ്പോൾ
രാജകിങ്കരന്മാരുമുണർന്നിതേ
കള്ളന്മാരുടെ പിമ്പേ നടന്നതും
കൊള്ളിയും മിന്നിമിന്നിപ്പുറപ്പെട്ടു
കാനനത്തിൽ മാണ്ഡവ്യമാമുനി
ധ്യാനമൗനവിലോചനനാകയാൽ
നിശ്ചലനായിരിക്കും മുനിയോടു
നിശ്ചയം വരുമാറു ചോദിച്ചു
താനരണ്ടോ കണ്ടു തസ്കരക്കൂട്ടത്തെ
കാനനത്തിലോടിവരുന്നതു്?
എന്നു ചോദിച്ചു കിങ്കരന്മാരോടു്
ഒന്നും മിണ്ടീല മാമുനിശ്രേഷ്ഠനും
ഉത്തരമുരിയാടാത്തതെന്തെടോ!
ഇത്തരമവർ ചിന്തിച്ചു പോയുടൻ
കൊള്ളിയും മിന്നി നാലു ദിക്കിലും
കള്ളന്മാരെത്തിരഞ്ഞു പിടികൂടി
പട്ടുപൊൻപണം പെട്ടകമെന്നിവ

കട്ടുപോയതും കിട്ടി യഥാവിധം
തമ്പുരാനോടറിയിച്ചനേരത്തു
തമ്പുരാനാമതാംചെയ്തിതന്നേരം
ചോരന്മാരെക്കഴുത്തിലേറ്റുവി-
നാരെന്നാലും മടിക്കേണ്ട വീരരേ
രാജശാസനം കേട്ടു ഭടന്മാരും
വ്യാജവൃത്തക്ഷന്മാരെക്കഴുവേറ്റി
ഒന്നും മിണ്ടാതിരിക്കമിത്താപസൻ
ഇന്നു തസ്കരന്മാരുടെ കൂട്ടത്തിൽ
മുമ്പനായി വരേണമെന്നിങ്ങിനെ
വമ്പന്മാരവർ നിശ്ചയിച്ചിടിനാർ
വല്ലാതെകണ്ടു ബന്ധനം ചെയ്യിച്ചാൽ
കൊല്ലാതെ കഴുവേറ്റണമെന്നുട്ടു
മാമുനീന്ദ്രനെശ്ശൂലത്തിലേറ്റുവാൻ
സ്വാമിസ്സ്മൃതിതന്നെയായ് സമ്മതം
ശൂലപാണിസദൃശനാം മാണ്ഡവ്യൻ
ശൂലംതന്നിൽ മലർന്നു കിടക്കുമ്പോൾ
കാലിന്മേൽ തട്ടി വൃദ്ധമുനീന്ദ്രന്റെ
മൌലിഭാഗമതുനേരം മാണ്ഡവ്യൻ
പാരം വേദനയുണ്ടാകകാരണാൽ
ആരെന്നുള്ളതു ചിന്തിച്ചറിഞ്ഞുടൻ
വാരനാരിയെക്കാമിച്ചു രാത്രിയിൽ
ചോരനായിട്ടു പോകുന്ന വൃദ്ധനോ
നാളെ സൂര്യനുദിക്കുന്നനേരത്തു
നാശം വന്നു ഭവിക്കും നിനക്കെടോ

എന്നിവണ്ണം ശപിച്ചതു കേട്ടവൻ
ഖിന്നമാനസനായുഗ്രതപോമുനി
പിന്നോക്കം തന്നെ പോകുന്നതാം ചെയ്തു

തന്നുടെ പർണ്ണശാലയകംപൂക്കു
പ്രാണനാശം വരുമെന്നു പേടിച്ചു
കേണു മേവുന്ന താപസശ്രേഷ്ഠന്റെ
പാദപത്മം വണങ്ങിപ്പറഞ്ഞിതു

ഖേദം കൂടാതെ ശീലാവതി സതി
ഒട്ടും ക്ലേശിക്കവേണ്ടെന്റെ ഭർത്താവേ!
ഹേതു കൂടാതെ വന്നൊരനർത്ഥത്തെ
ധർമ്മചാരിത്രംകൊണ്ടങ്ങൊഴിക്കുന്നേൻ

കർമ്മസാക്ഷി ദിവാകരനല്ലയോ
എന്നിവണ്ണം പറഞ്ഞു കുളിച്ചവൾ
വന്നു നിന്നു ദിനേശനെ ധ്യാനിച്ചു
ശാന്താനന്ദസമാധിയേ ഭവാനെന്റെ
ഭർത്താവിന്റെ മരണമൊഴിക്കണം

ഉന്നതമാമുദയാദ്രിമസ്തകേ
വന്നുദിച്ചു ഭവാനെങ്കിലപ്പോഴേ
എന്നുടെ ജീവനാധാരപായവും
വന്നുപോമെന്നു ശാപമകപ്പെട്ടു
എന്നതുകൊണ്ടു മൽഭർത്തൃജീവനെ
തന്നു രക്ഷിക്കവേണം ഭഗവാനേ!
എന്നിവണ്ണം പറഞ്ഞു വ്രതത്തോടെ
നിന്നുകൊണ്ടു തപം ചെയ്തു താപസി

സൂൎയ്യദേവനഗാരമനോരമം
തെളിവേറിയൊരിപ്പുരംതന്നെവിട്ടു
വന്നൊരാമിപ്രാൎത്ഥന കേട്ടകയാൽ
നിന്നുപോയി മഹാഗിരിസന്നിധൌ
ആദിദേവനെയിസ്തുതികൊണ്ടഹോ
വേദിയന്മാർ കൎമ്മങ്ങളൊക്കെയും
ഭംഗം വന്നപ്പോളന്തേവാസികൾ
അത്ര പാരം പരവശന്മാരായി
കാരണമിതിനെന്തെന്ന വാസവൻ
ചാരന്മാരാം വിദ്യാധരന്മാരും
കിന്നരന്മാരും കിമ്പുരുഷന്മാരും
ചിന്തപൂണ്ടിരിയ്ക്കും ഭഗവാനതാർ!
നാരദൻ വന്ദനംചെയ്തു ബോധിപ്പു
സാരമൊക്കെയും സാദരമായും
പാരാതെകണ്ടു പങ്കജവാസനെ
ചാരത്തു ചെന്നണഞ്ഞിച്ചു വൃത്താന്തം
പങ്കജവാസൻ താനും സുരന്മാരും
ശങ്കരാചലംതന്നിൽ പ്രവേശിച്ചു
സങ്കടമറിയിച്ചോരനന്തരം
തിങ്കൾചൂഡനം മറ്റുള്ള വൃന്ദവും
ക്ഷീരവാരിധിതീരത്തു ചെന്നുടൻ
വാരിജാക്ഷനെ വാഴ്ത്തി സ്തുതിചെയ്തു
സൂൎയ്യദേവാദികാൎയ്യങ്ങൾകൊണ്ടുള്ള
കാൎയ്യഹാനികളെല്ലാമുണൎത്തിച്ചു
മന്ദഹാസവും പൂണ്ടങ്ങതച്ചെയ്തു

ഇന്ദിരാപതി ദേവൻ മുരാന്തകൻ
അത്രിയെന്നുള്ള താപസശ്രേഷ്ഠന്റെ
ആശ്രമം നോക്കിപ്പോന്നാലുമേവരും
തത്ര ചെന്നാലുപായങ്ങളുണ്ടാകും
മിത്രദേവനരിപ്പാൻ കഴിവതും
എല്ലാററിന്നുമൊരു കഴിവുണ്ടാക്കും
കല്യാണാംഗി കനിവുള്ള താപസി
ലക്ഷ്മീനായകനിത്ഥമതുംചെയ്തു
പക്ഷിരാജന്റെ കണ്ഠേ കരേറിനാൻ
അന്നത്തിന്റെ പുറമേറി ബ്രഹ്മാവും
മുന്നിലാമ്മാറു വേഗം നടകൊണ്ടു
കാളതന്നുടെ കണ്ഠേ വസിക്കുന്ന
നീലകണ്ഠനും പിമ്പേയെഴുന്നെള്ളി
വൈനതേയന്റെ കണ്ഠേ വസിക്കുന്ന
വൈകുണ്ഠൻ താനും പിമ്പേയെഴുന്നെള്ളി
നാലു കൊമ്പുള്ള വെള്ളഗ്ഗജേന്ദ്രന്മേൽ
നാകനാഥൻ കരേറി വിളങ്ങിനാൻ
വാനരന്മാരും നാനാമുനികളും
യാനം ചെയ്തു മഹായോഗമിങ്ങിനെ
അത്രിതാപസശ്രേഷ്ഠൻ വസിക്കുന്നൊ-
രാശ്രമം നോക്കിപ്പോന്നാലുമേവരും
വൃത്രവൈരിയും ദേവകദംബവും
അത്രിയെച്ചെന്നു വന്ദിച്ചനന്തരം
വേറെച്ചെന്നനസൂയയോടെല്ലാം
ഏറെശ്ശക്ത്യാ വിശേഷമറിയിച്ചു

ബ്രഹ്മവിഷ്ണുഗിരീശന്മാർ മൂവരും
ബ്രാഹ്മണി നിന്നാക്കാമൊരൊപ്പങ്ങളുള്ളി
താപസിയായ ശീലാവതിയുടെ
താപം കൂടാതെ സൂൎയ്യനുദിക്കണം
ആയതിന്ന പ്രയത്നങ്ങൾ ചെയ്യണം
ആയവണ്ണം കഴിവുണ്ടാക്കീടണം.

ഇതി തൃതീയവൃത്തം സമാപ്തം.

അഥ ചതുൎത്ഥവൃത്തം.

അത്രിമഹാമുനി ഭാൎയ്യാ പുരാ_
ത്രിദശന്മാരോട ചൊല്ലി
ശീലാവതിയുടെ പാതി_വ്രത്യ
ശീലഗുണാദി വിശേഷം
എത്ര മനോഹരമോൎത്താ_ലതു
മിത്രനും ലംഘിച്ചുകൂടാ
വൈധവ്യം കൂടാതിരിപ്പാ_നൊന്നു
വൈഷമ്യമിന്ന നിനച്ചാൽ
മൂൎത്തികൾ മൂവരും കൂടെ_വന്നു
പാൎത്തിരിക്കുന്നതു കണ്ടാൽ
എങ്ങിനെ ഞാനങ്ങു ചൊല്ലാ_തിനി_
യിങ്ങു വസിച്ചീടവേണ്ടു
ഭൎത്താവിനാജ്ഞയുണ്ടാ_മെങ്കിൽ
ഭാൎയ്യാ ഞാൻ കൂടെ വരുന്നേൻ
എന്നുള്ള വാക്കുകൾ_കേട്ടു

ശക്രൻ ചെന്നത്രിയോടറിയിച്ചു
അത്രിസ്സുരവാദമെന്നുള്ളു
വൃത്രാരി വന്നു പറഞ്ഞു
ആയതു കേട്ടു നടന്നു-അന-
സൂയയും വാസവൻതാനും
മൂർത്തികൾ മൂവരും പിമ്പെ-ജഗ-
ദാർത്തി ശമിപ്പതിന്നായി
ഉഗ്രതപസ്സിന്റെ ശേഷം-തന്നി-
ലഗ്രേ ഗമിച്ചനസൂയ
ശീലാവതിയെ വിളിച്ചു-ശീഘ്ര-
മമ്പോടിവണ്ണം പറഞ്ഞു
സൂര്യനുദിക്കാതെ പോയാൽ-ബാഢ
കാര്യക്ഷയമുണ്ടു പാരിൽ
ധർമ്മങ്ങളൊക്കെ മുടങ്ങി-വിപ്ര-
കർമ്മങ്ങളും ബാഢ മങ്ങി
ദുരിതൾ വന്നു നിറഞ്ഞു-ഭുവി
ഭൂരിഗുണങ്ങൾ മറഞ്ഞു
കള്ളന്മാരൊക്കെ മുതിർന്നു-ദിക്കി-
ലുള്ളതശേഷം കവർന്നു
ദൈത്യന്മാർ പാരം കടുത്തു-സുര-
മർത്ത്യന്മാർ ചാവാറടുത്തു
ദുഷ്ടം പെരുത്തും വളർന്നു-പശു-
ക്കൂട്ടം വിശന്നു തളർന്നു
ഭൂസുരന്മാരുടെ സായ-ന്തന-
കർമ്മാദിവാദനപാഠം

രാത്രിയൊട്ടങ്ങാതെ തന്നൊ-കഷ്ടം
ധാത്രിയിലിങ്ങിനെ മൂന്നം
കണ്ടറിയുന്നില്ല പാരം-ദോഷ-
മുണ്ടാമതിന്നില്ലപായം
ഏവമനസൂയ തന്റെ-മൊഴി
കേവലം കേട്ടു മടങ്ങി
ശീലാവതി ദേവി ചൊന്നാ-ളനു-
കൂലമെന്നിലനസൂയെ
ഭർത്താവിന്നാപത്തു കൂടാ-തിരു
മാർത്താണ്ഡദേവനരുളിപ്പാൻ
സംഗതിയുണ്ടാകുന്നതാ-മെങ്കി-
ലിങ്ങനവാദമെന്തിനു
മംഗല്യം പോകാതിരിപ്പാ-നുള്ള
മാർഗ്ഗം വിചാരിച്ചുകൊൾക
ഇപ്പോളനസൂയ ചൊന്നാൾ-ഞാനേ
ചൊല്ലൊട്ടു കേട്ടുകൊണ്ടാലും
ബ്രഹ്മനും വിഷ്ണു ഗിരിശ-നാദം
ചെമ്മയെഴുന്നള്ളി നിന്റെ
വൈധവ്യം തീർപ്പാനിപ്പോ-ളെന്നു
വൈഷമ്യമീശന്മാർക്കും
ലോകത്തെ സൃഷ്ടിക്കും ദൈവം-നിന്റെ
ശോകത്തെത്തീർപ്പാൻ പോരായോ?
സാദരമങ്ങരുളിപ്പാ-നന്ന-
വാദം കൊടുക്കു നീ ഞാനേ
അത്രിയപ്പൊഴിനി തന്റെ-മൊഴി
സത്യമെന്നുള്ളിലുറച്ചു

ശീലാവതി കനിവോടെ—ചെന്നു
ബാലരവിയെ വണങ്ങി
എങ്കിലുദിച്ചുകൊണ്ടാലു—മെന്നെ
ദ്ദുഃഖിക്കവേണ്ട ദിനേശ
എന്നു പറഞ്ഞൊരു നേരം—തന്നെ
വന്നങ്ങുദിച്ചു ദിനേശൻ
മൂന്നു ദിവസം കഴിഞ്ഞു—സൂര്യൻ
തന്നുടെ രശ്മി കൂടാതെ
നാലാം ദിവസമുദിച്ചു—ദിശി
വെലും പരക്കെപ്പരന്നു
വിപ്രന്മാരുണർക തുടങ്ങി—ചില—
ക്ലേശം നീങ്ങിയടങ്ങി
താമരപ്പൂക്കൾ വിരിഞ്ഞു—ഭുവി
താമസിയാതെ വിളങ്ങി
മേളങ്ങൾ നീളെ തുടങ്ങി—യപ്പോൾ
ധൂമങ്ങൾ പൊങ്ങിത്തുടങ്ങി
എല്ലാരും വാതിൽ തുറന്നു—ഗൃഹ—
മെല്ലാമടിച്ചു തളിച്ചു
ദേവാലയങ്ങളിൽ പൂജാ—ബലി
ശീവേലി ഘോഷം തുടങ്ങി
സ്ത്രീകളടുക്കളതന്നിൽ ചെന്നു
പാകാദികർമ്മം തുടങ്ങി
ചോരന്മാരോടിയൊളിച്ചു—നല്ല—
മാരന്മാർ ചാടിക്കളിച്ചു
ഉഗ്രതപസ്സു ഫലിച്ചു—ഭുവി

വ്യഗ്രതയോടു പതിച്ചു
തൽപത്നി മോഹിച്ചു വീണു-പിന്നെ-
തൽപ്പരിവാരങ്ങളും കേണു
ആയതു കണ്ടൊരു നേരം-മന്ന-
സൂയസ്സുമാധി പിടിച്ചു
വേഗേന ചെന്നു വിരിഞ്ഞെ-ന്നപ്പോൾ
വെള്ളമെടുത്തു തളിച്ചു
അന്നേരം കണ്ണു തുറന്നു-ചത്തു
വീണൊരാ മാമുനിശ്രേഷ്ഠൻ
താനെയെഴുന്നേററിതന്നു-മുനി
മാനോലുംകെല്പുറിയുന്നു
മൂർത്തികൾ മൂവരും കൂടി-മുനി
മുഖ്യനിതോഷ്ടതും ചെയ്തു
കാമനൊക്കാളും മനോജ്ഞാ-കൃതി
മാമുനിശ്രേഷ്ഠനിദാനീം
ദീർഘായുസ്സായിനി ഭവിക്കും-നിന്റെ
വല്ലഭൻ മാമുനി താനും
എന്നതും ചൊല്ലി മറഞ്ഞു-ഹരി
ചന്ദ്രചൂഡൻ വിധി താനും
വാനാലയത്തെ ഗമിച്ചു-തന്റെ-
മാനമിവൾ ലഭിച്ചു
അത്രിഗൃഹംനിന്നു താനും-പുന-
രത്രിസമീപേ ഗമിച്ചു
ഉഗ്രതപോമുനി ശ്രേഷ്ഠൻ-സുഖ-
മഗ്രജനാഗതപൻ

ശീലാവതിയോടുകൂടേ_യൊരു_
കാലമിരുന്നു സുഖിച്ചു
യാഗാദികൎമ്മങ്ങൾ ചെയ്തു_സുഖ
യോഗാനുകൂലം വസിച്ചു
ഉത്തമപുത്രന്മാർ വിഷ്ണു_പുരാ_
ണത്രിസുതനായ്പിറന്നു
ദത്തനെന്നുള്ളൊരു നാമം_പൂണ്ടാ
ത്താ_ത്രേയനെ വിളിച്ചു
സൎവ്വേശനാകും ശിവന്റെ_നാമം
ദുൎവ്വാസാവെന്നു പ്രസിദ്ധം
പിന്നെ വിരിഞ്ചന്റെ യോഗാ_കൃതി
തന്നെ ശരീരമതായി
ചന്ദ്രനെന്നുള്ളൊരു നാമം_പൂണ്ടു
സാന്ദ്രമത്യാതിശീതൻ
ണാത്രിമഹാമുനിശ്രേഷ്ഠൻ_തന്റെ
ഗോത്രത്തിൽ വന്നു ജനിച്ചു
ശൃംഗാരകോമളരൂപൻ_ശശി
ശൃംഗാരയോനിക്കു ബന്ധു
ഇങ്ങിനെ മൂൎത്തികൾ മൂന്നു_പേരും
മംഗലത്തോടെ വിളങ്ങി
ചന്ദ്രികയെന്നുള്ള നാമ_മങ്ങു
മൂൎത്തികൾ മൂവരും നല്കി
ഉത്തമരാം ത്രിദശന്മാർ_നിജ
പത്തനമെത്തി വസിച്ചു
ഉത്തമയാമനസൂയ_മുനി_

സന്താനസാമഗ്രിയോടും
ശീലാവതി ഭൎത്താവോടും ചേൎന്നു
ലീലാദികൎമ്മങ്ങളും ചെയ്തു
യാഗാദികൎമ്മങ്ങളും ചെയ്തു-ബഹു
ഭോഗാനുകൂലം വസിച്ചു
ഇക്കഥാ നിത്യവും ഭക്ത്യാ-ചൊല്ലു
ന്നോൎക്കുമതു കേൾക്കുന്നോൎക്കും
സന്തതിയും ദീൎഘമംഗ-ല്യവും
സമ്പത്തുമേറെയുണ്ടാം
ഉത്തമാനുഗ്രഹം ചെയ്തു-കിളി
ചിത്തസുഖേന വസിച്ചു.

ശീലാവതിപ്പാട്ടു സമാപ്തം.



കിളിപ്പാട്ട്.

കുചേലവൃത്തം

ശാരികപ്പൈതലേ ചാരുശീലേ മമ
ചാരേ വരിക നീ വൈകിടാതെ
പാലും മധുവും ഭുജിച്ചു വിരവോടെ
ആലസ്യം തീൎത്തുരചെയ്യെന്നോടു
ഉത്തമനായ കുചേലന്റെ വൃത്താന്തം
സത്വരം കേൾപ്പതിന്നാശ പാരം
എന്നതു കേട്ടു കിളിമകൾ ചൊല്ലിനാ-
ളിന്നതു ചൊൽവാൻ പണിയുണ്ടേറ്റം
എങ്കിലുമൊട്ടു ചുരുക്കി ഞാൻ ചൊല്ലുവൻ
പങ്കമകലുന്ന വാൎത്തയെല്ലാം
ഭൂമിസുരോത്തമനായ കുചേലൻ താൻ
ഭാമിനിയോടും തൻ പുത്രരോടും
ഒന്നിച്ചു വാണിടും കാലമൊരുദിനം
മന്ദം പറഞ്ഞുതുടങ്ങി ഭാൎയ്യാ
ഭൎത്താവേ! നമ്മുടെ ദാരിദ്ര്യസങ്കടം
ഓൎത്താലിതെത്രയും കഷ്ടം കഷ്ടം
കുട്ടികളെല്ലാരും പട്ടിണിയിട്ടിട്ടു
ദൃഷ്ടി മിഴിപ്പാൻ വശമില്ലിപ്പോൾ
എത്രയും പാരം വിശന്നു കരയുന്ന
പുത്രന്മാരെക്കണ്ടാലുണ്ടോ സൌഖ്യം
കാലത്തൊരുപിടിച്ചോറു കൊടുത്തിട്ടു

നാലഞ്ചു മാസങ്ങളായിതല്ലോ
ഉച്ചക്കൊരുപിടിച്ചോറു കൊടുപ്പാനു-
മിച്ഛിഷ്ഠിലെത്തുമുപായമില്ലാ
രാത്രിയിലത്താഴമെന്നുള്ളതും പിന്നെ
എത്രനാളായി കഴിഞ്ഞിട്ടിപ്പോൾ
മറ്റുള്ളയില്ലത്തെ ഉണ്ണികളെല്ലാരു-
മേററം പുലരുമ്പോൾ ഭക്ഷിച്ചിട്ടും
ഓണപ്പുടകളുമോണവില്ലുമായി
കാണപ്പെടുന്നല്ലി ലീലയോടേ
നാരായണന്റെ കളികളിതൊക്കെയു-
മാരോടു മററു ഞാൻ ചൊല്ലിടേണ്ടു
കീറി മുഷിഞ്ഞ തുണിയേ നമുക്കുള്ളു
മാറിയുടുപ്പാനുമില്ലയല്ലോ
മൂന്നിടം മാത്രം മറച്ചു നടന്നാകി-
ലന്നം തൊടാമാത്രം കിട്ടുമെന്നോ
ഇപ്പോളൊരുപിടി നെല്ലെങ്കിലും പിന്നെ
ഉപ്പുപോലുംകൂടികിട്ടുന്നില
നാളെപ്പൊറുതിക്കു കണ്ടേ മുഷിപ്പാറു-
ന്നില്ലെ പ്രസിദ്ധമിതെന്തു ചെയ്വൂ
നിത്യം ബലിക്കരിയില്ലാത്തവരെന്നോ
നിത്യമായ്ച്ചാത്തമമൂട്ടിടുന്നു
നാഴിയരിപോലും വെപ്പാൻ വിറകില്ല
പാഴായ നമ്മുടെയില്ലമിപ്പോൾ
മാരി ചൊരിയുമ്പോൾ ചോരുന്നു നീളവേ
ചോരില്ലാന്നതു സങ്കടം താൻ

മച്ചിന്റെ തട്ടും ഉത്തരങ്ങളും വാതിലു-
മച്ചൃതന്നാണു മറിഞ്ഞുവീണു
ശ്വാക്കളും ക്രോഷ്ടാവും മററു ജന്തുക്കളു-
മൊക്കെയകത്തു കടന്നിടുന്നു
പാനീയമുള്ള കലങ്ങളുമെന്നിവ
പാനീയകുംഭവും നഷ്ടമായി
സ്ഥാനത്തൊരെടത്തു വെപ്പതിന്നില്ലാഞ്ഞാൽ
ഞാനെന്തു ചെയ്യേണ്ടു ജീവനാഥാ?
പാത്രങ്ങളില്ലാ നമുക്കതുകൊണ്ടു
പാത്രങ്ങൾ മാത്രം തകർന്നില്ല
എല്ലാമതിൻവണ്ണമായതെന്നാകിലോ
ഇല്ലൊരു വസ്തുവും ഭക്ഷിപ്പാനും
താളും തകരയും ചീരയും തിന്നിട്ടു
കോളില്ലയാതെ ചമഞ്ഞു നാഥാ!
ആളല്ല നമ്മെപ്പുലർത്തുവാനെന്നാകിൽ
വേളി കഴിച്ചതും കർമ്മദോഷം
ദാരിദ്ര്യസങ്കടം പാരം മുഴുക്കയാൽ
നേരിട്ടുനിന്നു കൃശാംഗിയപ്പോൾ
ധർമ്മജ്ഞനാകിയ ഭർത്താവുതന്നോടു
ധർമ്മം വെടിഞ്ഞു പറഞ്ഞു ഭാര്യാ
ഭർത്താവേ! നമ്മുടെ ദാരിദ്ര്യസങ്കടം
തീർത്തിടുമല്ലോ മുകിൽവർണ്ണൻതാൻ
പണ്ടു ഭവാനമായൊന്നിച്ചിട്ടല്ലയോ
വേണ്ടുന്ന വിദ്യകൾ പാഠംചെയ്തു
എന്നതുകൊണ്ടിട്ടുകാരുണ്യമുണ്ടല്ലോ

നന്നു ഭവാൻ ചെന്നു കണ്ടതാകിൽ
പീതാംബരൻ തന്നെക്കണ്ടുവെന്നാകിലോ
ഏതാനമൊന്നു ലഭിക്കുമല്ലോ
ആര്യയായുള്ളോരു ഭാര്യതാൻ ചൊന്നതു
കാര്യമെന്നോർത്തു കുചേലൻ ചൊന്നാൻ
ആര്യേ! ശുഭേ! മമ ഭാര്യേ! മനോഹരേ!
കാര്യം നീയെന്നോടു ചൊന്നതെല്ലാം
എന്നതിനിന്നൊരു വൈഷമ്യമുണ്ടല്ലോ
ഇന്നു ഞാനായതും ചൊല്ലാമിപ്പോൾ
പ്രാഭവമുള്ളോരെ പ്രാകൃതർ കാണുമ്പോൾ
പ്രാഭൃതം വേണമെന്നുണ്ടു ന്യായം
എന്നതിനിന്നൊന്നും കൊണ്ടുപോവാനില്ല
നന്ദതനൂജനു കാഴ്ചവെപ്പാൻ
എന്നതു കേട്ടോരു ഭാര്യ മനോരമ
മന്ദം നടന്നങ്ങു ചെന്നു പിന്നെ
ഇല്ലങ്ങളിൽ ചെന്നിരന്നിട്ടവൾക്കങ്ങു
നെല്ലോരു മൂഴക്ക കിട്ടിയല്ലോ
മെല്ലവേ പോന്നിങ്ങു വന്നു നോക്കീടുമ്പോൾ
നെല്ലുതന്നെയല്ല കല്ലുമുണ്ടു
മൂഴക്ക നെല്ലതിലാഴക്ക വന്നില
ആഴക്ക മെല്ലവേ നെല്ലു പോരും
ചേറിത്തെരിഞ്ഞു വറുത്തങ്ങിടിച്ചീടി-
ലോരം പറയവിലെന്നോർത്തു
മെല്ലെ വറുത്തങ്ങിടിച്ചവിലാക്കിനാൾ
മല്ലാരിക്കിഷ്ടത്തിൽ കാഴ്ചവെപ്പാൻ

കീറി മുഷിഞ്ഞൊരു മുണ്ടിന്റെ കണ്ടത്തിൽ
കൂറോടെ നന്നായ്മുറിഞ്ഞുകെട്ടി
ചെമ്മേ കുചേലന്റെ കയ്യിൽ കൊടുത്തിതു
നന്മ വരുംനാളിലെന്നു ഞായം
യഷ്ടിയുമൂന്നിയെഴുന്നേറ്റു വൈകാതെ
ഇഷ്ടത്തിൽ തന്റെ കുടയെടുത്തു
കാലുമലകമേയുള്ള കുടക്കിപ്പോ–
ളോല വിശേഷിച്ചുമില്ലയല്ലോ
അന്തർജ്ജനത്തോടു യാത്രയും ചൊല്ലീട്ടു–
ടന്തർമ്മോദേന കുചേലനപ്പോൾ
ദ്വാരകാ നോക്കി നടന്നവനമ്പോടു
നാരായണസ്വാമി തന്നെക്കാണ്മാൻ
ഒട്ടു നടന്നുമിരുന്നും നടന്നിട്ടു
മുട്ടു കുടഞ്ഞിരിയ്ക്കും പിന്നെ
മെല്ലെയെഴുന്നേറ്റും മെല്ലെ നടന്നിട്ടും
മല്ലാരിയെക്കാണ്മാൻ മോഹിച്ചിട്ടും
നാലഞ്ചു വാസരംകൊണ്ടു മഹീസുരൻ
പാലാഴി മാതുതൻ കാന്തൻതന്റെ
ദ്വാരകാതന്നിലകംപുക്ക നേരത്തു
ദ്വാരപാലന്മാരും കണ്ടു ചൊന്നാർ
കാലനരികേന്നോട്ടു പോന്നു വന്നിട്ടിപ്പോൾ
കാലവിശേഷമോ മറ്റൊന്നില്ലാ
അന്തികേ വന്നവർ നോക്കുന്നേരത്തു
അന്തകനല്ലിവനാരെന്നോർത്താർ
ഏറ്റം കറുത്തു മെലിഞ്ഞ ശരീരവും

മുററുമിതൊന്നേയങ്ങോൎത്തുകണ്ടാൽ
എല്ലുകൊണ്ടിങ്ങിനെ നിൎമ്മിച്ചുകൊള്ളുവാൻ
വല്ലഭമുള്ളവൻ കണ്ടോനല്ലൊ
നേത്രങ്ങൾ രണ്ടിതു നിൎമ്മിച്ചതെങ്ങിനെ
കൃത്രിമമവൻകഴിയെന്നപോലെ
അംഭോജസംഭവൻ നിൎമ്മിച്ച ഞാറ്റുക-
ളംഭോജവല്ലിമേൽ പുഷ്പംപോലെ
ഭൂമിക്കു ഭൂണായി നിൎമ്മിച്ചു പണ്ടു താൻ
ഭൂമീസുരോത്തമൻ പാദം രണ്ടും
കണ്ടവരിങ്ങിനെ ചൊല്ലുന്ന നേരത്തു
തണ്ടാരിൽ മാതുതാൻ കാന്തൻതന്റെ
ചാരത്തു വന്നങ്ങു നില്ക്കും കുചേലനെ-
പ്പൂരിച്ച മോദേന കണ്ടു കൃഷ്ണൻ
പെട്ടന്നെഴുന്നേറ്റു കയ്യും പിടിച്ചിട്ടു
യഷ്ടിയും കാല്ക്കുട വാങ്ങിവെച്ചു
മൎയ്യാദപൂജകൾ ചെയ്തു വിരവോടെ
ആൎദ്രനായുള്ളോരു ഗോവിന്ദൻ താൻ
ശയ്യയിലപ്പൊഴങ്ങിരുത്തി വിരവോടെ
മെയ്യോടു ചേൎത്തു പിടിച്ചുകൊണ്ടു
കെട്ടാളായി ഞാനാഗ്രഹിച്ചീടുന്നു
ഇഷ്ടനായുള്ള ഭവാനെക്കാണ്മാൻ
കേട്ടു വിശേഷങ്ങളെല്ലാം ഭവാനിനി-
ക്കെട്ടു സുതന്മാരുമുണ്ടായെന്നു
കേട്ടതോ കാണേണമെന്നു നിനച്ചിട്ടു
ദിഷ്ടവശാലിന്നു സാദ്ധ്യമായി

ഇന്നല്ലൊ സംഗതിവന്നതുകൊണ്ടിഹ
നന്നായി വന്നീടുമിന്നിമേലിൽ
ഒന്നും മറന്നില്ല മുന്നം കഴിഞ്ഞവ
ഇന്നൊന്നു തോന്നുന്നു മാനസത്തിൽ
പണ്ടു നാമൊന്നിച്ചു ദേശികമന്ദിരെ
വേണ്ടുംപ്രകാരമിരുന്നുകൊണ്ടു
വേദങ്ങൾ വേദാന്തശാസ്ത്രങ്ങളും പിന്നെ
ആദരാൽ ചെയ്തു വസിക്കും കാലം
ഇന്ധനം വേണമെന്നഞ്ജസാ ചൊല്ലി-
ട്ടിന്ധനത്തിന്നു നാം പോയിതല്ലൊ
നല്ല വിറകുമൊടിച്ചു നടന്നു നാം
വല്ലാതെയുള്ളൊരു കാട്ടിലന്നു
ഊറ്റത്തിൽ വന്നൊരു കാറ്റുമിടികളു-
മൂറ്റം മഴയും ചൊരിഞ്ഞു താനെ
ദിക്കമറിയാതെ ദീനന്മാരായി നാ-
മക്കാട്ടിൽ നിന്നു നടക്കുന്നേരം
മാർത്താണ്ഡദേവൻ മറഞ്ഞങ്ങു പോയപ്പോ-
ളാർത്തരിൽ വേദന ചൊല്ലിക്കൂടാ
കയ്യോടു കയ്യും പിടിച്ചു പതുക്കവെ
മെയ്യോടു മെയ്യുമണച്ചുകൊണ്ടു
വന്മരംതന്നുടെ കീഴഞ്ഞു നില്ക്കുമ്പോൾ
വന്മഴ പെയ്തതു ചൊല്ലാമൊ താൻ
ഊറ്റത്തിൽ വൻനരിയലറുന്നതു കേട്ടി-
ട്ടേറ്റം കരഞ്ഞിതു നീതാനല്ലൊ
കാട്ടാനതാനലറുന്നതു കേട്ടു

തട്ടി വീണല്ലോ നാമപ്പൊഴുതെ
കാട്ടികൾ കാട്ടടെ പായുന്ന നേരത്തു
ഗോഷ്ഠികളേറവും കാട്ടി നീ താൻ
എറിയോരുച്ചത്തിൽ വെട്ടുമിടികളാൽ
വേറിട്ടുപോയല്ലോ തമ്മിലപ്പോൾ
അപ്പൊഴുതുണ്ടായ ദുഃഖങ്ങൾ ചൊല്ലുവാൻ
കെൽപ്പുള്ളോരാരുമില്ലിപ്പാരതിൽ
തങ്ങളിൽക്കാണാതെ കേണങ്ങു നില്ക്കുമ്പോൾ
തങ്ങളിൽക്കാണായി മിന്നൽകൊണ്ടു
പിന്നെയണഞ്ഞു നാമൊന്നിച്ചു മെല്ലോട
മുന്നേതിലേറവും ചേർത്തുകൊണ്ടു
നില്ക്കുന്ന നേരത്തു കേൾക്കായി മെല്ലവെ
കുക്കുടം കൂകുന്ന നാദമപ്പോൾ
നേരം പുലർന്നുതുടങ്ങിയെന്നോർത്തിട്ടു
നാരായണേതി ജപിച്ചിതേറം
കാട്ടിലെക്കോഴിക്കു നേരില്ലയല്ലോ താൻ
വീട്ടിലെക്കോഴിക്കു സത്യമുള്ളു
വീട്ടിലെക്കോഴികൾ കൂകിത്തുടങ്ങുമ്പോൾ
പെട്ടെന്നു സൂൎയ്യനുദിച്ചുവന്നു
കെട്ടി വിറകെടുത്തു നടന്നു നാ-
മൊട്ടുവഴിക്കലെ ചെല്ലുന്നേരം
ദേശികൻ പോന്നിങ്ങു വന്നാനന്നേരം
നാശം ഭവിച്ചില്ലയെന്നുകൊണ്ടു
കണ്ടോരു നേരത്തു തന്നോരനുഗ്രഹ-
മുണ്ടോ മറക്കാനും സാധിക്കുന്നു?

നമ്മെയും ദേശികന്മാർ കൊണ്ടങ്ങു പോയിട്ടു
ചെമ്മെ തന്മന്ദിരം തന്നിലാക്കി
അന്നു കഴിഞ്ഞൊരു മഞ്ഞിനെയല്ലോ താ-
നിന്നു ഭവാനു സുഖമല്ലല്ലീ?
കക്ഷത്തിലെന്തൊന്നിന്നു ഭവാനിങ്ങു
കാഴ്ചയായ് നൽകുവാൻ കൊണ്ടുപോന്നു
എന്നതു കേട്ടു കുചേലനന്നേരം
നന്നാച്ചുറച്ചിതു ലജ്ജകൊണ്ടു
മല്ലാരി മെല്ലെപ്പിടിച്ചു തഴുകുമ്പോ-
ളെല്ലുകൊണ്ടങ്ങു തിണർത്തു മേനി
മല്ലാരി മെല്ലെപ്പിടിച്ചു കരംകൊണ്ടി-
ട്ടുല്ലാസത്തോടു കുചേലൻതന്റെ
കക്ഷത്തിൽ വെച്ചോരു കെട്ടങ്ങെടുത്തിട്ടു
ശിക്ഷയിൽ കെട്ടഴിച്ചുവെച്ചു
ഒട്ടാളായി ഞാനാഗ്രഹിച്ചീടുന്ന
ഇഷ്ടത്തിൽ പൃത്തവിൽ തിന്മതിന്നായ്
ഇത്തരം ചൊല്ലി മുകുന്ദൻ തിരുവടി
സത്വരം വാരിയങ്ങാഹരിച്ചു
രണ്ടാമതും പിന്നെ വാരിയ നേരത്തു
തണ്ടാരിൽമാതു താൻ കൈ പിടിച്ചു
ആരണനെൻതന്നുടെ മുറമടിക്കുവാൻ
നാരായണാ! യെന്നെയാക്കിടൊല്ലാ
വാരിജലോചനനെന്നതു കേട്ടപ്പോൾ
വാരിയവിലതും വെച്ചു പിന്നെ
ഇഷ്ടമായുള്ള കുചേലനാം ഭൂസുര-

മഷ്ഠി കഴിച്ചു ശയിച്ചുറങ്ങി
കട്ടപുലരുമ്പോൾ പെട്ടെന്നെഴുന്നേറ്റു
യഷ്ടിയും തന്റെ കുടയെടുത്തു
മല്ലാരിതന്നോടു യാത്രയും ചൊല്ലീട്ടു
മെല്ലെ നടന്നു കുചേലനപ്പോൾ
മല്ലാരി നമ്മെ വിളിക്കുമെന്നോർത്തിട്ടു
മെല്ലെ മടങ്ങീട്ടു നോക്കിനിന്നു
ഇല്ലയെന്നുള്ളിൽ നിർണ്ണയിച്ചപ്പൊഴേ
മിണ്ടാതെനിന്നു നിരൂപിച്ചിട്ടു
ആശിച്ചതൊന്നുമേ യാചിച്ചീലല്ലൊ ഞാൻ
കേശവൻതന്നോടു പോരുന്നേരം
ഉല്ലാസലോചനൻതന്നോടിരന്നിടി-
ല്ലല്പമായുള്ളതും സാധിച്ചിടും
മോദിച്ചു വല്ലതും നൽകുമെന്നോർത്തിട്ടു
ചോദിച്ചീലല്ലൊ ഞാൻ നാരായണ
അച്ഛൻ താൻ വല്ലതും കൊണ്ടുവരുമെന്നി-
ട്ടിച്ഛിച്ചിരിക്കുന്നു ബാലന്മാരും
സന്താപം വന്നു കുടുംബിനി ചോദിച്ചാ-
ലുത്തരം ചൊൽവു ഞാനെന്തുപിന്നെ
എന്നു നിനച്ചു നടന്നങ്ങടുക്കുമ്പോൾ
നന്നായിക്കാണായി മന്ദിരവും
മാടങ്ങൾ മാളിക ഗോപുരമെന്നിവ
മാടിട്ടു പത്തനമെത്ര ചിത്രം
നാടകശാല നടപ്പന്തലും പിന്നെ
കേടകന്നുള്ള പടിപ്പുരയും

ആനക്കു പന്തി കുതിരക്കു ചാവടി
സ്ഥാനത്തു നല്ല കളിപ്പുരയും
ആരുടെ മന്ദിരമെന്നതുമുള്ളിലു
റോരറിവാനൊരുപായമില്ല
വിത്തേശൻ വാഴുമളകാപുരിതാനോ
ചിത്തേ നിരൂപിച്ചാൽ തോന്നുന്നിലാ
വൃക്ഷഫലങ്ങളുമെന്നിവയൊക്കെയും
ശിക്ഷയിൽ നന്നുങ്ങളായിക്കണ്ടു
ആഴിമാതാവു വിളയാടീടുന്നോരു
ഊഴിയിതെന്നു സംശയിച്ചു
മന്ദം കുചേലൻ നടന്നടുക്കുമ്പോൾ
നന്ദനന്മാരെയും കാണായ്വന്നു
അന്തണൻ വീട്ടിലങ്ങല്ലമായല്ലല്ലോ
ബന്ധുനരന്മാരും ബാലന്മാരും
ഇത്തരം കണ്ടിട്ടു ചിന്തിച്ചു നില്ക്കുമ്പോൾ
ചിത്തകുതുകേന കണ്ടിതല്ലോ
നാരീമണിയാമവളെ വരുന്നതു-
മാരിവളെന്നതും സംശയിച്ചു
ഉർവ്വശി മേനകാ രംഭാ തിലോത്തമാ
സ്വർവ്വേശ്യമാരിലങ്ങാരാനോ താൻ?
എന്നു നിനച്ചങ്ങു നില്ക്കുമ്പോൾ സുന്ദരി
ചെന്നു കുചേലന്റെ കാൽ കഴുകി
എങ്കിലോ ചോദിക്കവേണമെന്നോർത്തിട്ടു
ശങ്കിച്ചു ചോദിച്ചു ഭാര്യയോടായ്
ഇപ്പുരവും നീയും പുത്രന്മാരെല്ലാരും

ഇപ്പാരിലാവതിനെന്തേ ചൊൽവു
എന്നതു കേട്ടു പറഞ്ഞിതു ഭാൎയ്യയു-
മന്നാൾ ഭവാനങ്ങു പോയശേഷം
സുന്ദരരൂപിണിയായൊരു കന്യക
വന്നിവിടെക്കളിചെയ്തുപോയി
അപ്പൊഴുതേ കണ്ടിതിപ്രകാരമെല്ലാം
ചിൽപ്പൂരുഷൻ കൃപയെന്നേവേണ്ടു
അന്നുതുടങ്ങിക്കുചേലനും ഭാൎയ്യയും
നന്ദനന്മാരും സുഖിച്ചു വാണാർ
ഇക്കഥാ നിത്യവും പാടുന്നവർകൾക്കു-
മുൾക്കനിവോടതു കേൾക്കുന്നോൎക്കും
ദാരിദ്ര്യസങ്കടം തീൎന്നു സുഖത്തോടെ
പാരിൽ വസിച്ചിടാമെന്നു നൂനം
എന്നു പറഞ്ഞു കിളിയും പറന്നുപോയ്
മുന്നമേ വാണൊരു ദേശം നോക്കി.

കുചേലവൃത്തം സമാപ്തം.

മൂഷികമാൎജ്ജാരയുദ്ധം.

കിളിപ്പാട്ട്.

കിളിക്കിടാവേയെന്നരികിൽ വന്നിരി
തെളിതേനും പാലും തരുവനാവോളം
ചെറുകദളി നൽ പഴവും വെല്ലവും
ഉടച്ചു മെല്ലവേ നറുനെയ്യും പക-
ൎന്നിളക്കിപ്പാകത്തിൽ ചമച്ച പായസം
മതിവരുവോളം ഭുജിച്ചുകൊണ്ടാലും
മതി തെളിഞ്ഞു വന്നിരുന്നു ചൊല്ലുക
എലിയും പൂച്ചയും പൊരുത പോരുകൾ
പറക ശാരികാകുലതിലകമേ—
അതു കേട്ടു കിളിമകളും സന്തോഷി-
ച്ചതികുതുകേന പറഞ്ഞു മെല്ലവേ
എലിയും പൂച്ചയും പൊരുത പോരുകൾ
പറവാനെത്രയും പണിയാണെന്നാലും
അലസാതെ വിളങ്ങീടുന്നു കേൾക്കിലോ
അറിഞ്ഞേടമെല്ലാം പറഞ്ഞീടാമിപ്പോൾ
എലികുലത്തിലെയ്യജമാനനായ
പെരിച്ചാഴിതന്റെ മരുമകനായൊ-
രെലിക്കിടാവിനെപ്പിടിച്ചുതിന്നപോ-
യതിമ്പുറനാട്ടിലുടയ മന്നന്റെ
മണിഗൃഹത്തിങ്കൽ വളൎന്ന മാൎജ്ജാരൻ
പതിനൊന്നുവിരൽ മികവാനാകിയ
കരിമ്പൻപൂച്ചയും പരിഷയും കൂടെ
അതു കേട്ടന്നൊന്നടിച്ചു നാട്ടിലു-
ള്ളെലിപ്പിള്ളരെല്ലാമൊരുത്തിയിൽക്കൂടി

കറുത്ത കാട്ടെലി ഉരത്ത പുണ്ണെലി
തടിച്ച നച്ചെലി ജയിച്ച ക്ഷുരെലി
മടയിൽ മണ്ണെലി മുഖം വെളുത്തെലി
വെളുത്ത പുല്ലെലി മടയിൽ ക്ഷുരെലി
പുര തകർന്നാ വികൃതി ചെമ്പനും
ഫര ഫരയെന്നോ പറയാവു കണ്ടാൽ
അറുതി കൂടാതുള്ളെലിക്കൂട്ടമെല്ലാം
ഒരുത്തിയിൽക്കൂടി നിഴലിലന്നേരം
നടിച്ച നച്ചെലിവെളിച്ചപ്പാടണ്ടാ-
യ്യരക്കെ ലോകരേ അവസ്ഥ കേൾക്കണം
ശിരസ്സു പത്തുമഞ്ഞിരുപതു കയ്യും
ധരിച്ച രാക്ഷസനായിരിക്കുന്ന വീരൻ
മനുഷ്യരാജന്റെ കളത്രത്തെക്കട്ടു
സമുദ്രവും കടന്നുടനെ ലങ്കയിൽ
ഇരുന്ന വൻപടയുറച്ച തങ്ങളിൽ
പൊരുതനേരത്തു മുറിഞ്ഞു രാക്ഷസർ
മരിച്ചിതക്കാലം മനുഷ്യർ കയ്യാലേ
അതുപോലെ ജയം നമുക്കറിഞ്ഞാലും
ഒരുഭാഗം ജയം വരുമെന്നോർക്കേണം
വലത്തു വമ്പന്മാരുറച്ച നില്ക്കണം
പെരുത്ത ധൂളികളകലെ നില്ക്കണം
മുടക്കാലനെലി പടക്കു പോരേണ്ടാ
പിടച്ചുവീണിട്ടു മരിച്ചുപോകുള്ളു
ഇവയെല്ലാമങ്ങു പറഞ്ഞ നച്ചെലി
വെളിച്ചപ്പാടമങ്ങടങ്ങി മെല്ലവേ
അറിഞ്ഞു പൂച്ചകളടുത്തുകൂടുന്നു

കറുത്ത കണ്ടപ്പൻ കരിമ്പൻ പാണ്ടനും
കലമണ്ടാടൻ ചൊക്കി കരിഞ്ഞി നീലിയും
നാരകടിയനും പതകടിയനും
ചെവിമുറിയനും മുറിഞ്ഞവാലനും
ഉറിമേൽ ചാടുന്ന വിരുതൻ കണ്ടപ്പൻ
പതിഞ്ഞു ചാടുന്ന പരുത്ത കണ്ടനും
ചിറിമുറിയനും വരിയൻപുള്ളിയും
പലരോടുംകൂടി വരുന്ന മാൎജ്ജാരർ
അതുകേട്ടനേരമരണയുമേറ്റും
നമുക്കും പൊയ്ക്കല്ലേയുറച്ചുനില്ക്കണം
പറഞ്ഞിതവരുമൊരുമിച്ചു ചെന്നു
മണിഗൃഹത്തിന്റെ സവിധേ നിന്നിതു
അതിചതുരത കലർന്ന വൃത്താന്തം
വിരവോടു കേട്ടു പെരുത്തും കാകനും
മതിമോദത്തോടു പറന്നിതവനും
തെളിഞ്ഞു വൃക്ഷാഗ്രേ മരുവിനാരവർ
അവരെക്കൊന്നാലുമിവരെക്കൊന്നാലും
പറന്നു കൊത്തീട്ടു ശവങ്ങൾ ഭക്ഷിക്കാം
ഇതിവചനങ്ങൾ പറഞ്ഞിരിക്കുമ്പോൾ
എലിക്കൂട്ടമെല്ലാമൊരുക്കിനാർ പട
പരക്കെയെല്ലാരുമാപ്പുറമേറി
തുടങ്ങേണം പട മടിക്കരുതേതും
ഇവയെല്ലാം പറഞ്ഞവരവർ തമ്മിൽ
പെരുത്ത വിക്രമം തുടങ്ങിനാരോരോന്നേ
വിതച്ചു വിത്തെല്ലാം മണി പൊറുക്കിയും
കലച്ചു തെങ്ങിന്റെ കലുതകൾക്കയും

മറകൾ പെട്ടികൾ വിചിത്രമെത്രയും
ചെരുപ്പു തൊപ്പികൾ പുതപ്പു കുപ്പായം
അടിപ്പുമെത്തയും വിരിപ്പു മേല്പെട്ടി
ഇവയെല്ലാം വെട്ടിപ്പൊളിച്ചു ധൂളിച്ചു
കളിച്ചഹങ്കരിച്ചവർ നടക്കയും
അറിഞ്ഞു പൂച്ചകളുറപ്പോടേറി
കടിച്ചതൊക്കവേ കടന്നു കൊല്ലയും
കറുകറെത്തല കടിച്ചുടക്കയും
കുടുകുടെച്ചോര കുടിച്ചിറക്കയും
വിറക്കുന്ന മീശ തുറിക്കുന്ന കണ്ണും
ചതിച്ചതാരെടാ നശിച്ചുപോകട്ടെ-
യൊളിച്ചുപോവാനും കഴിവുകണ്ടില
പയററിടയിൽ ചെന്നൊളിക്കുന്നോരെലി
അവിടെയും ചെന്നു പിടിക്കുന്നു പൂച്ച
പിടിക്കുമ്പോളതു പിടക്കുന്നോരെലി
പിടക്കുമ്പോൾ കടി മുറുക്കുന്നു പൂച്ച
പുറപ്പുതിയിൽ ചെന്നൊളിക്കുന്നോരെലി
അവിടെയും ചെന്നു പിടിക്കുന്നു പൂച്ച
കുരുക്കൾ തന്നുടെ കുടുക്കസന്ധിയിൽ
ഇരിപതോരൊന്നെലി കടന്നൊളിക്കുന്നു
പണിക്കർ തന്നുടെ പഴുത്ത സന്ധിയിൽ
ഉടനെ പത്തെലി കടന്നു കൂടിനാർ
അതുപോലെ തന്നെ പല സ്ഥലത്തിലും
കടന്നു കൂടിക്കൊണ്ടിരുന്നു മെല്ലവെ
ഇവയെല്ലാമതു പറഞ്ഞു കേൾപ്പിച്ചു
കിളിക്കിടാവിതാ പറന്നുപോകുന്നു.

മൂഷികമാർജ്ജാരയുദ്ധം സമാപ്തം.

സീതാദുഃഖം.

കിളിപ്പാട്ട്

ചെഞ്ചൊലാക്കിളിപ്പെണ്ണേ ചെഞ്ചെമ്മേ വരിക നീ
എന്തൊരു വിശേഷങ്ങൾ പറവാനുള്ളു തത്തേ!
എങ്കിലോ ചൊല്ലുന്നുണ്ടെന്നുരച്ചോരനന്തരം
അന്നേരം കിളി തന്റെ ആനന്ദം വരുത്തുവാൻ
അന്നമാറവും പാലും വെല്ലവും പഞ്ചസാര
കദളിക്കനികളും നിറവേ ഭുജിച്ചു നീ
ആർത്തിയെക്കളഞ്ഞു നീ പാക വിസ്തരിച്ചു
ഊഴിപ്പെണ്ണായ സീതാ തനിക്കു വന്നൊരല്ലൽ
പാരിൽ പെൺകൊടിമാരും കൂടിക്കൊണ്ടരികത്തു
മാനിച്ചു പറയുന്നു മകളേ കേൾക്ക നീയും
ആനന്ദമൊരുപത്തും കരഞ്ഞിരുപത്തും
രാവണനെന്നൊരു കേട്ടുകേൾവിയേയുള്ളു
അവന്റെ നിറങ്ങളും ഗുണവും ഭംഗികളും
ഞങ്ങൾക്കു പലകമേൽ വരച്ചുകാട്ടവേണം
സ്നേഹിച്ചു പറയുന്നോൻ മകളെ മടിയാതെ
അമ്മമാർകളുമൊത്തു പറഞ്ഞു നേരങ്ങളിൽ
എണ്ണാങ്കമിഴി സീതാ മനസ്സു വാടിച്ചൊന്നാൾ
ആപത്തിന്നാശ്രയിച്ചു നിങ്ങളെന്നോടു ചൊല്ലി
എൻഭർത്താവറിയുമ്പോൾ രാജകോപവുമുണ്ടാം
ബോധിപ്പാനൊരു മൂലമില്ലാതെയിരിക്കുന്നു
കാലദേശകടത്രയിനിയില്ലാതൊന്നോ ചമഞ്ഞിതേ

രാവണൻ കട്ടുകൊണ്ടുപോയുള്ള മൂലത്താലെ
ചാടിച്ചാനഗ്നിതന്നിൽ മുഴുകിപ്പൊന്നു ഞാനും
പിന്നെയുമിനിക്കൊരു ദൂഷണത്തിനു നിങ്ങൾ
ഇന്നിവൻ രൂപം കാണ്മാൻ ചൊല്ലു നീയെന്നോടിപ്പോൾ
എന്നിട്ടും ഭർത്താവിനും കീർത്തിവന്നുള്ളൊക്കെ
അനർത്ഥമല്ലാതില്ലെന്നെല്ലാരും ധരിച്ചാലും
പള്ളിവേട്ടയുമാടിട്ടന്പോടു വരുന്നേരം
രൂപത്തെക്കാണുന്നേരം ഭേദിച്ചുമുടവാളാൽ
പാപത്തെച്ചെയ്യിടല്ലേ അമ്മമാർകളേ നിങ്ങൾ
അന്നേരം അമ്മമാർകൾ മൂവരുമൊരുമിച്ചു
അന്നേരമരുൾചെയ്തു കൌസല്യാദേവിയപ്പോൾ
എല്ലാരും പറയാം ഞങ്ങൾ മകളെ കേൾക്ക നീയും
പെണ്ണായാലെല്ലാവരും ഒക്കമേ മകളേ കേൾ
ഇന്ദിരാപതിയാണെ ശങ്കരൻ കഴലാണെ
ഈരേഴു ലോകത്താണെ മൂർത്തികൾ മൂവരാണെ
ബ്രഹ്മാവും വിഷ്ണുവാണെ അച്ഛന്റെ തൃക്കാലാണെ
വേട്ട ഭർത്താവിനാണെ ഞങ്ങളിൽ മൂവരാണെ
അല്ലിത്താർശരനാണെ നിന്നാണെൻ മകളാണെ
രാമന മകനെന്റെ ലക്ഷ്മണസുതനാണെ
ഭരതശത്രുഘ്നന്മാരിരുവർ പുത്രരാണെ
എന്നാണെ നിന്നെ ചതിചെയ്കയില്ലൊരു നാളും
എന്നവരാണയിട്ടു വിശ്വാസം വരുമാറു
തൽക്ഷണമെടുത്തുടൻ വച്ചിതു മണിപ്പീഠം
വരട്ടുരൂവും മഷിക്കോലുമെടുത്തുടൻ
സുമിത്രാദേവി കൊണ്ടു കൊടുത്തു സീതകയ്യിൽ

അന്നേരം മുതിൎന്നപ്പോൾ സീതയും നിരൂപിച്ചു
സത്യമായുരയുമ്പോൾ ഞാൻ ബ്രഹ്മചാരിയാണെന്നാൽ
അമ്മമാരെക്കൊണ്ടേറ്റം ദോഷമായുള്ളതല്ലോ
ആത്മാവിൽ ദോഷമില്ല ജാനകിതാനന്നപ്പോൾ
ആത്മാവെ കണ്മകൊണ്ടു മെല്ലവെ നിരൂപിച്ചു
ചഞ്ചലംകൊണ്ടു മെല്ലെ മനസ്സിൽ നിരൂപിച്ചു
എങ്ങിനെയവൻ തന്റെ രൂപത്തെ വരുത്തുന്നു
ഭൂമിയുമാകാശവുമിന്നിന്നു തുണചെയ്യു
കടലും ഭഗീരഥൻ ഇന്നിന്നു തുണ ചെയ്യു
പാലാഴിവർണ്ണൻ പരമീശനും തുണചെയ്യു
അൎക്കനും ചന്ദ്രൻ താനിങ്ങിന്നു തുണചെയ്യു
അശ്വിനീദേവകളുമിന്നിന്നു തുണചെയ്യു
നാന്മുഖൻ നാരായണൻ വിഷ്ണുവും തുണചെയ്യു
മുപ്പുരമെരിച്ചോരു മുക്കണ്ണനും തുണചെയ്യു
ശ്രീരാമസ്വാമിയെന്റെ ഭർത്താവും തുണചെയ്യു
ദൈവമേ തുണയെന്നു വരച്ചു തല പത്തും
മുഖത്തൊടിടകളിൽ കറുത്ത കണ്ഠതലവും
വെളുത്ത വെള്ളക്കേറും വലിയ മുഖങ്ങളും
ജ്വലിച്ച കണ്ണു തന്നിൽ അഗ്നികൾ ജ്വലിക്കുന്നും
പതിനെട്ടിലും നല്ല ദൈവത തോന്നിച്ചീടും
വേദമന്ത്രത്തെ ജപിച്ചിരിക്കുന്നൊരു മുഖം
സംഗീതങ്ങളും പാടീട്ടിരിക്കുന്നൊരു മുഖം
ആദിത്യന്റെ നേരെ ഇരിക്കുന്നതൊരു മുഖം
ഇന്ദ്രാദികളോടു യുദ്ധം ചെയ്യുന്നതൊരു മുഖം
ദേവകൾ തന്നെ ഭക്തിചെയ്യുന്നതൊരു മുഖം

പടസ്സു മറുതല തിരിസ്സുന്നൊരു മുഖം
സീതയെത്തന്നെ നിനച്ചീടുന്നതൊരു മുഖം
മദ്യവും മാംസവും ഭക്ഷിസ്സുന്നതൊരു മുഖം
ഇന്ദ്രജിത്തിനെ വിളിച്ചീടുന്നതൊരു മുഖം
വരവും പെരുകീട്ടു വസിസ്സുന്നൊരു മുഖം
പാണികളിരുപതിൽ നിറച്ചു വളകളും
മാർപതം ചവിടിയും കഴുത്തിൽ മാലകളും
ഭംഗിയിൽ ആട പട്ടു ഞെറിഞ്ഞു ചാർത്തി തൊങ്ങൽ
പൊന്നണി ആരങ്ങളും കൂടെത്താൻ പലതിട്ടു
കാൽച്ചിലമ്പൊടു നല്ല പൊന്നുമെ കിരീടവും
കസ്സു മോതിരം നല്ല കവുട നെറ്റിപ്പൊട്ടും
കവചവും ശംഖചക്രവും തെളിതാർ
വാക്കിന ഭംഗിയേറും നാവുതൻ ഗുണങ്ങളും
ആരാമായുധങ്ങളും ആനതേർ കുതിരയും
കണ്ടപ്പോൾ ആളുമാർകൾ സന്തോഷിച്ചവളെയും
കളിയോടൊന്നു ചൊല്ലി വാങ്ങിച്ചു സുമിത്രയും
കൌതുകത്തോടു കണ്ടു മൂവരും തെളിഞ്ഞിട്ടു
കാണാതെ മറയിൽക്കൊണ്ടൊളിച്ചു കൊണ്ടുവച്ചു
കീഴിലുണ്ടായ മൊഴി അമ്മമാർ പറയുന്നു
മൂവരുമൊരുമിച്ചു കലഹിച്ചുടൻ താഴിൽ
വരുന്ന വഴി പിഴവിഴകാളുടൻ നോക്കി
ഇരിസ്സുന്നൊരത്തിങ്കൽ വരുന്നു രാമദേവൻ
പെരിയ പെരുമ്പടക്കൂട്ടവും താനുമായി
ധർമ്മരാജനായും ഇന്ദ്രനും ദേവകളും
നിഴലും സപുത്രപവും ഇളയ ബാലനായും

പെരുത്ത പെരുമ്പടക്കൂട്ടവും താനമായി
വിശന്നു വെയിൽകൊണ്ടു വരുന്നു രാമദേവൻ
അടുത്തു വന്ന നേരം കൊട്ടത്തോരാവണിയും
ഇനിക്കു മകനൊന്നു സന്തോഷിച്ചമ്മമാർകൾ
സ്വർണ്ണമൊന്തയിൽ ജലം പകർന്നു കൊണ്ടുവെച്ചു
കട്ടകെ എടുത്തുടൻ ഇരുകാലും കഴുകീട്ടു
മണിപ്പീഠത്തിന്മേൽ ചെന്നിരുന്നു രാമദേവൻ
മനസ്സിൽ സംഭ്രമംകൊണ്ടിളകി സീതാദേവി
അടച്ച വാതൽ പിറകെ ഒളിച്ച നേരത്തിങ്കൽ
ഇളകി മണിപ്പീഠം ഇതിനെന്തവകാശം
എന്നു ശ്രീരാമദേവൻ എടുത്തു മണിപ്പീഠം
മറിച്ചുനോക്കിയപ്പോൾ മരിച്ച രാവണന്റെ
കനത്ത രൂപത്തെയിന്നെഴുതിവച്ചതാരാ?
കയർത്തമ്മമാരോടരുളിച്ചെയ്ത നേരം
മകനെ ഞങ്ങളാരും മനസ്സാലറിഞ്ഞില്ലാ
നിന്നുടെ ഭാര്യതന്റെ വിനോദമത്രെയിതു
മകനെ സുഖത്തോടു വരുത്തിവച്ചോളിവൾ
ഇനിയും ഇവൾ നിന്റെ ഭാര്യയാവേണമെന്നു
നിന്നുടെ മനസ്സിന്നു ഞങ്ങൾക്കിന്നാവതുണ്ടൊ
എത്രയും ഗുണമുള്ള നല്ലോരു ജനങ്ങളെ
എത്രയും ദുഷ്കർമ്മങ്ങൾ ചെയ്യുമ്പോളിവൾ മുമ്പിൽ
ഏതുമൊന്നറിയാതെ ഇരുന്ന മനുഷ്യരെ
ഏതെല്ലാം ദോഷം വരുമാറിവൾ ചമച്ചല്ലൊ
മന്നവന്മാർക്കും നരപാലകന്മാർക്കും ദോഷം
പലതും ചെയ്തതെല്ലാം മറന്നൊ മകനെ നീ

കള്ളനാമസുരന്റെ വാക്കിനെക്കേട്ടിട്ടിവൾ
ലങ്കയിൽ പോയതെല്ലാം മറന്നിട്ടിവളേയും
മന്ത്രികൾ പലരേയും നിധ്യമായ്ക്കൂടിച്ചെന്നു
യുദ്ധംചെയ്തവനേയും നിഗ്രഹിച്ചിവളേയും
ചോലയിൽ കളിപ്പിച്ചു അഗ്നിയിൽ മുഴുകിച്ചു
സത്യവുംചെയ്തു നിന്നെ ബോദ്ധ്യവും വരുത്തിയെ
ദുഃഖങ്ങളെല്ലാം ഭോഷ മകനെ മറന്നോ നീ
ഇവളെ വെളിചെയ്തു നാളതൊട്ടിന്നേയോളം
നിനക്കൊരു സുഖം വന്നു ഞാൻ കണ്ടില്ലല്ലൊ
ഇവളുടെ നിനവു നീ മറന്നിട്ടില്ലായെങ്കിൽ
നിന്നുടെ ജീവനാശം വരുത്തും ഭേദമില്ലാ
നിന്നുടെ മനസ്സിനു ഞങ്ങൾക്കു കഴിവില്ലേ
മകനെ മാനസത്തിൽ ഞാനുള്ളിതറിഞ്ഞില്ലാ
നിന്നുടെ ഭാര്യ സീത വെറുമൊരു കള്ളിയത്രെ
എന്നതു കേട്ടു രാമദേവനമർചെയ്തു
അമ്മമെ ഭേദമില്ല നാരീകതന്ത്രമല്ലൊ
രാമനേയും സീത എളുപ്പോൾത്തന്നിട്ടു
മരിച്ചു അസുരന്റെ രൂപത്തെ എഴുതുവാൻ
തോന്നിയതെന്തുബന്ധം സത്യം നീ പറയേണം
വെള്ളിടിവെട്ടുംവണ്ണം കരഞ്ഞു പറയുന്നു
എന്തുമേ പിഴച്ചില്ലേ ദൈവമേയിതിനു ഞാൻ
ആരുമേ തുണകൂടാതാരാന്റെ നാട്ടിൽ പക്ഷ
ആയവൾക്കൊത്തവണ്ണം തന്നെയെന്നറിഞ്ഞാലും
അല്ലാതെ കഴിവുണ്ടോ മന്നമെ നിരൂപിച്ചാൽ
അയ്യയ്യോ ഭർത്താവേ! ഞാൻ പറയും മൊഴിയിപ്പോൾ

കല്യാണഘോഷത്തിന്ന മുതിൎന്ന രാത്രികൽ
ഭൂമിയിലുള്ള ജനമൊക്കയുമൊന്നിച്ചു
വിധിയാലിനിയുള്ളിടപ്പാൎപ്പ വന്നിതെന്നാൎത്തൊലം
ഏതുമേ പിഴച്ചില്ല ദൈവമേ ഇതിന്ന ഞാൻ
എന്നിവൾ പറകയും വിങ്ങിയും കരകയും
അവളുടെ ദുഃഖം കണ്ടു മലകളുലയുന്നു
പക്ഷിജാലങ്ങളൊക്കെ ചിറകനെയൊതുക്കുന്നു
കുസുമങ്ങളും മലൎമൊട്ടേറെ ചൊരിയുന്നു
പെരുത്ത വൃക്ഷങ്ങളും ഇലയൊന്നിളകാതെ
നിലകൊണ്ടിന്നുമഹം അവളുടെ ദുഃഖംകണ്ടു
പശുവും പുലികളും ഒരുമിച്ചു മേവിടുന്നു
അരവംമൂഷികനും ഒരുമിച്ചു മേവിടുന്നു
മത്സ്യവും ചുഴലുന്നു നദിയെയൊഴുകാതെ
പാപമേയെന്നാൎന്നു കാലനും കരയുന്നു
എന്നെത്ര മഹാജനം പറയുന്നവരെല്ലാം
അന്നേരമതൊക്കെ ചെയ്തു ശ്രീരാമദേവൻതാനും
അവളുടെ കോലാഹലം എല്ലാമതും കേട്ടുകൊണ്ടവിൻ
പിന്നെയുമതൊക്കെ ചെയ്തു ശ്രീരാമദേവൻ താനും
ആദിയെ സീതതന്റെ കൈപിടിച്ചതിൽ പിന്നെ
അന്നുതൊട്ടിന്നാവോളം ഉണ്ടായില്ലൊരുസുഖം
അരുണ്ണുതന്നൊമുന്നം പിഴകി പുറപ്പെട്ടു
അമ്മയോടൊക്കത്തന്നെയിരിക്കെന്നുടൻചൊല്ലി
ചൊല്ലുകൾ കേളാതെന്റെ പിന്നാലെ കൂടപ്പോന്നു
ഒട്ടേറെ വഴിവന്നു ചിത്രകൂടത്തിൽപ്പുക്കു
അച്ഛൻതാൻ മരിച്ചോരു തൽക്രിയാ ദാനുംചെയ്തു

അത്രയല്ലിതിന്നൊരു ദൂഷണം പറവതൊ
അന്തകൻ നേരെ വന്നു ചിന്തയിലെത്തുന്നുടൻ
അംഗവും പൊട്ടിത്തുമി ദാനവും ചെയ്തു പിന്നെ
മെല്ലവെ ചെന്നു ഞങ്ങൾ മൂവ്വരും ദണ്ഡകത്തിൽ
തമ്പിതാൻ കരത്താൽകൊണ്ടു പർണ്ണശാലയുംകെട്ടി
മെല്ലവെയിവൾപോയി സ്വൈരമായ്‌വാഴുംകാലം
എന്തിവൾ മനസ്സിലെ ചിന്തയെന്നറിഞ്ഞില്ലാ
ഭർത്താവെന്നൊരു ചിന്തയില്ലല്ലൊ ഒരിക്കലും
വേഗമെ രാവണനൊടു കണ്ണൊണ്ടു മറിവാലെ
നിത്യവും വഴിപാടു പാർത്തുപാർത്തിരിക്കയും
പാതിരാവ്വുമേലിവൾക്കുറക്കമില്ലാതാനും
പനിയും കടുവായും കണ്ടിട്ടെന്നോർത്തു ഞാനും
എന്നെയോ പലനാളും തല്ലിയോടിക്കുന്നില്ലാ
നിനച്ചു മായയെന്നു തന്നത്താനടങ്ങുന്നു
കളിപ്പാനെന്നൊക്കായിൽ മുതിന്നു പോകുംമുമ്പെ
മലക്കാവിലെ പോയാൽ വൈകിട്ടെ വരും താനും
പുഷ്പസായകനോടു മറിവു പറഞ്ഞിവൾ
ഒക്കവെ പരമാർത്ഥം നിശ്ചയമറിഞ്ഞു ഞാൻ
മതിയാകയില്ലായെന്നു മനസ്സിൽ നിരൂപിച്ചു
പറഞ്ഞാളിവളോടു കശലുണ്ടിതിന്നിപ്പോൾ
ഭർത്താവെ നിനക്കെല്ലാമാശയാൽ പറഞ്ഞിവൾ
വന്നിതു കണ്ടൊ എന്റെ കർത്താവെ കൌതുകത്താൽ
കളിപ്പാൻ നമുക്കൊരു ഭാവമുണ്ടല്ലൊ നാഥാ!
ഇതത്തിൽ വരുത്തണം മാനിനെത്തന്നെയിപ്പോൾ
അതിനെക്കേട്ടനേരം അരശന്മതാൾചെയ്തു

മാരീചനായിപ്പോയി പൊന്മാനായ് ചമഞ്ഞിട്ടു
മായയാലുന്നാരിവൾ മനസ്സുതെളിപ്പാനായ്
അതിനെ കേട്ടനേരം ചൊല്ലിനാൾ സീതാദേവി
പരീക്ഷയുണ്ടുപിന്നെ തോന്നുന്നു മാനസത്തിൽ
പിടിപ്പാൻ വിഷമമുണ്ടെല്ലൊ എൻ ഭർത്താവെ കേൾ
ഭംഗിയും ത്രപം പൂണ്ടു കളിച്ചു മാരീചനും
ചാടിയും മറികയും ചാടിത്താൻ കളിക്കയും
ആട്ടവും കുഴച്ചിലും ഭംഗിയും നോക്കിക്കണ്ടു
പൊൻപോലെ നിറമൊത്ത പുള്ളിമാൻ കിടാവിനെ
പിടിച്ചു തരേണമെന്നെന്നോടു പറഞ്ഞിവൾ
മോഹമായതു പാരമതിനെന്നോർത്തു ഞാനും
പൊൻശരവില്ലും കൈക്കൊണ്ടത്തു പിടിപ്പാനായ്
അടുക്കുന്നേരത്തവൻ അതിദൂരത്തു പോകും
തൊടുക്കുന്നേരമവൻ കളിച്ചും കാട്ടിനിന്നു
അതിദൂരത്തെപ്പോകുന്നവനെ ഞാനെയ്തിവൾ
നാരിതൻമതിവിനെ വേണ്ടുകയൊരു കരൾ
കണ്മിഴികൊണ്ടിട്ടവൾ വേറെയൊന്നറിയില്ലം
മണ്ണിലും വിണ്ണിലുമെ കള്ളമായ് ചമച്ചതും
എങ്ങിനെ മനോവീരാ തന്നോടു പറയുന്നു
ബാധമില്ലാതെ പറഞ്ഞൊടുക്കി ലാക്കോതരം
ചിന്തയിലാകായെങ്കിൽ കൊല്ലേണം കളയാതെ
നാന്മണിമുലമാരെ അമ്മമാർകളെ നിങ്ങൾ
ഇങ്ങിനെ ചമച്ചതും ദൈവമെ അറികെന്നു
എന്നിവൾ പറകയും വിങ്ങിയും കരകയും
എന്നതു കേട്ടനേരം രാമദേവനുമപ്പോൾ

കള്ളത്തിൽ മറിവുകൾ ഏറെ നീ പറയേണ്ടാ
നിന്നുടെ മായമറിവത്രയും അറിഞ്ഞു ഞാൻ
സാഗരമേഴുഭൂമി തന്നിലുമിത്രയുള്ള
ഭംഗിയും മായമറിവുള്ളവൾ ഇവൾപോലെ
മറിവുപെരുത്തൊരു മങ്കമാരില്ല പാരിൽ
മസ്സാരകെട്ടിടനാ ആശ്രയമില്ല പാരിൽ
മണിയും കൊട്ടി മെല്ലെ ഉലകിൽ നടത്തണം
എന്നിത്തു നരവരൻ അരുളിച്ചെയ്യുന്നേരം
കളവാനുള്ളവഴി കൂട്ടിയോ ഭർത്താവെന്നെ
വല്ലാതെ എന്നെക്കൊണ്ടിട്ടിങ്ങിനെ ചമച്ചതും
എങ്ങിനെ മനതാപം ആരോട് പറയുന്നു
മുത്തണി ചാലയാലെ അമ്മമാർകളെ നിങ്ങൾ
ഇങ്ങിനെ വന്നുകൂടി എന്നുടെ കർമ്മദോഷം
ജനിച്ചനാളിലുള്ള ദോഷമിക്കാഴ്ചമിപ്പോൾ
എന്നിവൾ മാറത്തൊട്ടി വിങ്ങിയും കരകയും
അന്നേരമതുകൾചെയ്തു ശ്രീരാമദേവൻതാനും
ലക്ഷ്മണ ഇവളെക്കൊണ്ടുക വനത്തിങ്കൽ
ഇത്രനാളുമേ പൊറുത്തതിനായിനിക്കൊരു
നിശ്ചിതത്തെപ്പോലെ ചമഞ്ഞു നരപാലൻ
ദൂഷണമിനിക്കേണ്ട ലോകനറിഞ്ഞാലും
വൈകാതെ ഇവളെക്കൊണ്ടുക വനത്തിങ്കൽ
അതൊക്കെ കേട്ടനേരം ലക്ഷ്മണനതുൾചെയ്തു
ഗർഭമിവൾക്കുമാസവും തികഞ്ഞല്ലോ
പെൺകൊല ചെയ്യുന്നതു നമുക്ക വിധിയല്ലാ
ദുരിതം പാരമേറിയും ചമഞ്ഞീടുംതന്നെ

അടിയൻ കൊല്ലുന്നില്ലെന്നരുളി രാഘവൻ
തൃക്കണ്ണു മിഴിച്ചുടൻ തമ്പിയോടരുൾ ചെയ്തു
ലക്ഷ്മണാ നിനക്കിനി ഭാഗ്യമായിരുത്തുവാൻ
നിശ്ചയം നിനക്കുന്നു ഇപ്പോൾ ഞാനറിഞ്ഞീടാ
കഷ്ടമെന്നുരോരം പൊത്തിനാൻ ചെവിരണ്ടും
കല്പകം കേട്ടനേരമുറച്ചാനിളമന്നൻ
കളിച്ചു വേട്ടവൾ വേണോയെന്നിരിക്കിലോ
ഇനിക്കുവേണമെന്നു മനസ്സിലാശയില്ല
നടക്ക സീതയെന്നു എടുത്തു ഉടവാളും
വിധിച്ചുവിധിയെന്നു നടന്നു സീതാദേവി
മനസ്സിൽ കൊടുംതീയ്യുംപിടിച്ചു പുറപ്പെട്ടു
ഇളയ വെയിലത്തൊട്ടും നടപ്പാനരുതല്ലോ
ഉഴവിൽ പൈതൽ വന്നു കലത്തിൽ മുതിയപ്പോൾ
നെടുവീർപ്പിട്ടു അതിനായിവൾ കണ്ണീരാൽ
കണവൻ പിരിഞ്ഞെന്നൊ മരിക്ക വേണ്ടതുള്ളു
എന്നിവൾ പറകയും വിങ്ങിയും കരകയും
മനസ്സിൽ ദുഃഖത്തോടെ മെല്ലവേ നടകൊണ്ടു
അഴിഞ്ഞമുടിക്കുട്ടി തിരുകി കെട്ടിയവൾ
തിരുകി കെട്ടിയവൾ നിരൂത്തിരാഘവൻ
നിന്നാണെ നിന്നെക്കൊല ചെയ്യുന്നില്ലൊരിക്കലും
ഇതുവരോടിച്ചെന്നു ശ്രീമഹാലോകംപുക്ക
മുനിതാൻ കോയിക്കലുമുടനേയകംപുക്ക
അരശാചിരനിയെന്തിവിടെ വന്നതിപ്പോൾ
ഇവളെത്തന്നെ എന്തേ ഇവിടെക്കൊണ്ടുവന്നു
ള്ളതൻവന്നതു വന്നുപോയതില്ലെന്നുമുനി

അവസ്ഥയുള്ളതെല്ലാം പറഞ്ഞാനിളയമന്നൻ
പലകതന്റെമീതെ രാവണൻതന്റെ വേഷം
ചതിയാലിവളെക്കൊണ്ടമ്മമാർ വരപ്പിച്ചു
ഇവളെ കളവാനാജ്ഞയളിരഘുവരൻ
ഇവിടെയിതത്രെ മുനിതാനാധാരത്തിൽ
വീണാചണ്ഡാലൻതന്റെ ദോഷമോ ഇവൾക്കെങ്കിൽ
കൊള്ളതിനിക്കെന്റെ കോയിക്കലിരിപ്പാനായ്
പറഞ്ഞു മുനിവരനെങ്കിലുമൊരു കശൽ
ചൊല്ലുവനൊന്നുമുനി മുമ്പിനാൽ മുഖമുള്ള
പുലിയും കരടിയുമിനിവളണയത്തു
ഇനിവളണയത്തു കൂടവേ എഴുന്നൊള്ളി
കുളിപ്പവരിക നീ വനത്തിലൂടൻചെന്നു
പിഴച്ചവളെങ്കിൽ പിടിച്ചു ഭക്ഷിച്ചീടും
അവസ്ഥ കേട്ടനേരം തിരിച്ചു സീതാദേവി
ഇടച്ചുതന്താപതികളിപ്പാൻ പൊയ്കതന്നിൽ
ഇറങ്ങിക്കുളിച്ചുടൻ തൊഴുതു കരേറിനാൾ
എടുത്തു മാറും പകർന്നുടനെ നടകൊണ്ടു
വനത്തിലുള്ള നിങ്ങൾ തുണെക്ക എല്ലാവരും
മുമ്പിനാൽ മുഖമുള്ള പുലിയും കരടിയും
ഇനിവളണയത്തു കൂടവെയെഴുന്നൊള്ളി
പിഴച്ചില്ലിവളെന്നു പറഞ്ഞു പുലികളും
തെളിഞ്ഞവരൊ ചെന്നു വന്ദനം ചെയ്തുമുനി
മുനിതൻകുടിൽവരെക്കി നാനാചാരം
തിരിച്ചു മുനിയോടു വിടയും ചൊല്ലിപാലൻ
സമതാമപ്പൂകളും മറ്റും പുഷ്പങ്ങളും

അടക്കം കർമ്മങ്ങളും വെറുക്കാതെയാശുന്ന
മാമുനികളിൽ മരമാക്കിയുമരാചനം
തിരിച്ചു മുനിയോട് വിടയും ചൊല്ലിബാലൻ
കണ്ണുനീരോട്കൂടെ സീതയുമരചെയ്തു
എൻമൂലം വഴികൊണ്ടു ബാലനെ അറിക നീ
നീയല്ലാതിനിക്കൊരു ആധാരമാരുമില്ല
മുഖവും വാടി തമ്പി വരുന്നവഴിയ്ക്കലും
കണ്ടിതുചെതമ്പാനും പന്നിയുമണലിയും
ഉടമ്പുവെട്ടിമന്നൻവളരെ ചോരാനിന്നം
അണിഞ്ഞു പള്ളിവാളാൽ വേഗത്തിൽനടന്നിട്ടു
അണ്ണനെൻതിരുമുമ്പിൽതൃപ്പാദം നോക്കികൊണ്ടു
വച്ചിതുപള്ളിവാളും തൊഴുതു നിവന്നുടൻ
അന്നേരം അമ്മമാർകൾ മുപ്പതുംകൂടികൊണ്ടു
ഇളയബാലൻ പുത്രൻതന്നുടെയരികത്തു
കൌസല്യാചെന്നു പള്ളിവാളുമങ്ങെടുത്തുടൻ
തിരിച്ചു മറിച്ചുനോക്കുന്നിതമ്മമാർകൾ
മകനെ മറവുകൾ ഞങ്ങളറിഞ്ഞിടാ
മനുഷ്യർ ചോര ഞങ്ങൾ കണ്ടിട്ടില്ലതുകൊണ്ടോ
പടയും ഭണ്ഡാരവും കണ്ടിട്ടില്ലതുകൊണ്ടോ
അകത്തുകേട്ടനേരം ശ്രീരാമൻ വന്നുകണ്ടു
അറിഞ്ഞിട്ടില്ലമന്നൻ തന്നുടെ നിഷേധങ്ങൾ
ഇവനൊടിതുമാത്രമെന്നതുകൊണ്ടുതന്നെ
മനസ്സിലിവനൊന്നകറിമതുകൊണ്ടോ
പടയും ഭണ്ഡാരവും കണ്ടിട്ടില്ലതുകൊണ്ടോ
എന്തിനു പറയുന്നു നിന്നൊടചെറുവാക്ക

അതൊക്കെക്കേട്ടനേരം ഇളയബാലൻ ചെന്നു
എടുത്തുപള്ളിവാളും ഉഴറി നടകൊണ്ടു
എങ്ങിനെ ഇപ്പോൾ ചെന്നുചൊല്ലുന്നിതവളോട്
എന്നെല്ലാം പിന്നെമന്നൻ നടന്നുവേഗം ചെന്നു
മുറിതാൻ കോയിക്കലുമുടനെയകംപുക്ക
അന്നേരം സീതാദേവിയരുളിച്ചെയ്തുമെല്ലെ
എന്നയ്യോ ഇളയമന്ന വീണ്ടനിയെഴുന്നെള്ളി
അന്നേരം ഇളയമന്നൻ ചൊല്ലിനാൻ ഉള്ളവണ്ണം
അമ്മമാരുടെ മറിവെങ്ങിനെ സാധിക്കുന്നു
അവസ്ഥകേട്ടനേരം സീതതാൻ പറയുന്നു
ആരുമേ എന്റെ വിരൽ മടിയാതിളമന്നാ
ആറുത്താനാണിവിരൽ രുധിരം ചോരുന്നു
ആണിത്തുപള്ളിവാളെത്ത് അന്നതാളങ്ങൾ പാരം
തറിക്കമുഴുത്തപ്പോൾ വിറന്നുവെയിൽകൊണ്ടു
തളർന്നശരീരവും വേഗത്തിൽ നടന്നാഥ
അണ്ണന്റെ മുമ്പിൽചെന്നു തൃപ്പാദം നോക്കികണ്ടു
വച്ചിതുപള്ളിവാളും തൊഴുതുനിവന്നുടൻ
മുഖവും വാടിനിന്നാനന്നേരമമ്മമാർകൾ
മൂവ്വരും കൂടികൊണ്ടുടനെയരുൾചെയ്തു
ഇളയബാലൻപുത്രൻ തന്നുടെയരികത്തു
കൌസല്യചെന്നുപള്ളിവാളുമെടുത്തുടൻ
തിരിച്ചുമറിച്ചുടൻ നോക്കുന്നിതമ്മമാർകൾ
മകനെമറിവുകൾ ഞങ്ങൾക്കറിഞ്ഞീടാം
ആൺചോര പെൺചോരയും കണ്ടിട്ടില്ലിതുകൊണ്ടോ
ആകത്തുകേട്ടനേരം ലക്ഷ്മണനരുൾചെയ്തു

നിങ്ങളുടെയോമനിയെയാരാഗമുഖം
ഒന്നപോൽ നിനമെങ്കിൽ പിന്നെ ഞാൻ പറഞ്ഞിടാം
മരിച്ചു സീതയെന്നു അറിഞ്ഞു രഘുവരൻ
തമ്പി നീയരികത്തു പോരികയെന്നു ചൊല്ലി
എത്രയും പതിവുള്ള നിങ്ങടെ മുമ്പിലിപ്പോൾ
എങ്ങിനെ ഞങ്ങൾ രണ്ടും പാർന്നുള്ളമിതന്നിൽ
ഇരിക്കുന്നില്ലായിനി മരിക്കുമത്രേയുള്ളു
തമ്പിയും താനുമായി പള്ളിമെത്തമേൽ വീണു
ദുഃഖവും തുടരുന്നു ആർത്തിയും മയങ്ങുന്നു
രോമകം പൊടിയുന്നു കാണുന്നു കാക്കണോരം
അല്ലിത്താർതിരുമുടി അംഗികൾ മറപ്പതോ
മഴക്കാറിനെയൊത്ത തലമുടിപ്പരപ്പതോ
മുത്തുകളണിഞ്ഞിടും തൃക്കണ്ണു മറപ്പതോ
കോവൽത്താൻ കനിയൊത്ത പല്ലുകൾ മറപ്പതോ
ആലിലസമമൊത്ത അംഗികൾ മറപ്പതോ
അന്നത്തിൻ നടയൊത്ത നടകൾ മറപ്പതോ
കാട്ടിൽ കാൽ നിറമൊത്ത തൃക്കാലു മറപ്പതോ
പോർമുലയിടയിടെ ഉദരം മറപ്പതോ
കട്ടിൽകാൽ നിറമൊത്ത തൃക്കാലു മറപ്പതോ
മല്ലാരിവില്ലുമത്തും വില്ലുതൻ അഴകുകൾ
ഇങ്ങിനെ ശ്രീരാമന്റെ ഭാര്യയാം സീതതന്റെ
അംഗികളോരോതരം പറഞ്ഞു കരയുന്നു
കുളിയും കുറികളും മറ്റും ചിന്തയുമില്ലാ
മരണമിതവർക്കും സുഖവുമവർക്കില്ലാ
ആധിയും പിടിച്ചവരിരിക്കുന്നവിടത്തിൽ

ആത്മാവായിതന്നുടൻ ഭംഗികളോർത്താലെന്റെ
ഉള്ളകമൊക്കെയറുത്താങ്ങിനെയായിരിയ്ക്കുന്നു
അങ്ങിനെചെല്ലുന്നഞ്ചുമാസവും തികഞ്ഞിതു
പത്തുമാസവുമേറി ഗർഭവും മുഴുത്തുടൻ
അവളെക്കണ്ടുമുനി അരുളിച്ചെയ്യുന്നാനപ്പോൾ
കാർകുഴൽദേവിയാളെ കേട്ടുകൊൾ മകളേ കേൾ
നിനക്കുപത്തുമാസം തികഞ്ഞതിപ്പോഴല്ലേ
ഈസ്ഥലത്തിന്നാരും പെറിട്ടില്ലല്ലോ മുമ്പിൽ
എന്നുടെ കോവിലിന്റെ കിഴക്കേവശത്തൊരു
ഇലവിൻമരമുണ്ടു വസിപ്പാൻ സുഖമുണ്ടു
അതിന്റെവേരാലു ദിക്കിലും പോയിട്ടുണ്ടു
നിനക്ക വേണ്ടുന്നൊരു നാരിമാരുമുണ്ടു
നിനക്കവേണ്ടുന്നതെല്ലാമങ്ങവിടെയുണ്ടു
പൊന്നണിഞ്ഞൊരുപോലെ നിനക്കങ്ങിരിയ്ക്കാമേ
അരുളിച്ചെയ്യുന്നേരം അങ്ങിനെ എന്നുസീതാ
പലതും ആശീർവ്വാദം കൊടുത്തുമുനീശ്വരൻ
അടങ്ങി കേട്ടുകൊൾക മകളെയിപ്പോൾ നീയും
നിനക്ക പത്തു മാസം തികഞ്ഞതിപ്പോഴല്ലോ
ദോഷങ്ങളേതും വന്നുഭവിപ്പാനിടയില്ലാ
ആശ്രയശേഷമെല്ലാം കൊടുത്തു മുനീശ്വരൻ
അന്നതു കേട്ടു താപം ഒട്ടേറെ മറച്ചുടൻ
അടങ്ങി താപം സീതാ നടന്നു മെല്ലെച്ചെന്നു
ഇരുന്നു ഇലവിന്റെ തണലിൽ സീതാദേവി
എളിയ നോവു വന്നു തളർന്നു ശരീരവും
കണവൻ പിരിഞ്ഞതന്നെ മറിയ്ക്കു വേണ്ടതിപ്പോൾ

അങ്ങിനെ ഇരുന്നപ്പോൾ പലരും കൂടിവന്നു
കടുത്ത നോവു വന്നു പിറന്നു കഴിവിയും
പലരും തോഴിമാർകൾ പലതും ചെയ്തു പിന്നെ
അശുദ്ധി തീർത്തു നല്ല അകത്തു കൊണ്ടാനല്ലോ
ഋഷികർമ്മാദികളും മടിയാതുടൻ ചെന്നു
അന്നദാനവും കൊടുത്തമ്പോടെ വളർത്തുന്നു
മൂവ്വാണ്ടിൽ പാപങ്ങളും അയ്യാണ്ടിൽ കാതു കുത്തു
വേദശാസ്ത്രാദികളും പാഠംചെയ്യിപ്പിച്ചു
മുനിക്കു വേണ്ടുന്നൊരു കർമ്മങ്ങൾ പിഴയാതെ
സീത താൻ കൊടുത്തിട്ടു മംഗലാൽ വാഴുന്നല്ലോ
ഒരു നാൾ സീത പുഷ്പം പറിപ്പാൻ പോയ നേരം
ഇനിക്കു ജലം വീഴ്ത്താൻ ശമിക്കു വേണമല്ലോ
അതിനെ കേട്ടു മുനി മകനോടുരചെയ്തു
ഇവിടെ നിന്നു മൂത്രം വീഴ്ത്തല്ലേ എന്നു മുനി
അങ്ങിനെ കേട്ടു മുനി മകനോടുരചെയ്തു
എങ്കിലോ എന്റെ കയ്യിലൊഴിന്നു തരികെന്നു
പറഞ്ഞു മുനീശ്വരൻ ഒഴിഞ്ഞു കൊടുത്തല്ലോ
മണിയും പൊരത്തി മെല്ലെ കളിച്ചു നടന്നവൻ
മാതാവിന്റരികത്തു ചെന്നുനിന്നുരചെയ്തു
പറഞ്ഞു മാതാവോടു ഇശലൻ പോയവഴി
പറഞ്ഞു മാതാവോടു അതിനെ കേട്ടു സീതാ
കട്ടകെ ഇരുത്തിട്ടു പുഷ്പവും തികച്ചുടൻ
എടുത്തു മകനെയും എളിയെ തട്ടിക്കൊണ്ടു
വേഗത്തിൽ വരുന്നേരം മകനെ കാണാഞ്ഞിട്ടു
മകനെ കാണാഞ്ഞിട്ടു മുനിയും നിരൂപിച്ചു

സീതയങ്ങവിടത്തിൽ വരുന്ന നേരത്തിങ്കൽ
മകനെ കാണാഞ്ഞവൾ മരിക്കുമെന്റെ മുമ്പിൽ
എടുത്തു ദർഭകൊണ്ടു കെട്ടിനാൻ മകനേയും
വളയും തളകളും മണിയും മോതിരവും
ഇവനെന്നപോലെ മറ്റൊരു പുത്രനെ
കണ്ടൊരു നേരം സീതാ മുഖവും വാടി നിന്നാൾ
പിന്നെയും സീതാദേവി നിരൂപിച്ചെന്തു വേണ്ടു
കിടക്കെ ഫലമെന്നുരച്ച സീതാദേവി
മകനെക്കണ്ടനേരം അരുളി മുനിവരൻ
മകളേ നിന്റെ മകൻ ഇതാ എന്നു ചൊല്ലി
അതിനെ കേട്ടു സീതാ മുനിയോടരുൾചെയ്തു
എന്നുടെ മകനെന്റെ പിന്നാലെ കൂടെപ്പോന്നു
ഒളിച്ചുപോയ കള്ളനിവനെന്നുടൻ മുനി
എങ്കിലോ ഇവനെ മുനി ഒന്നുപോൽ വളർത്തേണം
അതിനെ കേട്ടു മുനി ഒന്നുപോൽ വളർത്തുന്നു
മുട്ടമ്പു മുളവില്ലുമവർ കയ്യിലുണ്ടു
പാട്ടുകൾ കൊത്തിപ്പല ബാലരെ തോല്പിക്കയും
അന്നേരം പറഞ്ഞവർ ബാലരെല്ലാവരും
അച്ഛനില്ലാത്ത മക്കൾ തന്നുടെ ശിഖരങ്ങൾ
അതൊക്കെ കേട്ടനേരം നടന്നങ്ങിരുവരും
വേഗത്തിലവർ ചെന്നു ചോദിച്ചാരമ്മയോടു
ചൊല്ലുക മടിയാതെ ഞങ്ങടെ അച്ഛനാരെ
അന്നേരം സീതാദേവി ചൊല്ലിനാളുള്ള വണ്ണം
നിങ്ങൾക്കു അച്ഛന്മാരുമില്ലെന്നു ചൊല്ലീടിനാൾ
കൂട്ടമേ മടിയാതെ അച്ഛനെ ചൊല്ലീടാഞ്ഞാൽ

നിങ്ങടെ മുമ്പിൽ ഞങ്ങൾ മരിക്കുമത്രേയുള്ളു
ഭർത്താവില്ലാതെ നിങ്ങൾ ഞങ്ങളെപ്പോററതെന്തേ
ഇങ്ങിനെ ഓരോ താം കേട്ടോരു നേരം സീത
മംഗലം വരുമല്ലോ കേൾക്ക നീ അള്ളുമെങ്കിൽ
എന്നുമെ നിങ്ങളെന്നെ ചൊല്ലാതെ ഇരിക്കിലോ
മക്കളെ നിങ്ങളുടെ അച്ഛനെ ചൊല്ലിത്തരാം
അന്നേരം സീതാദേവി ചൊല്ലിനാളുള്ളവണ്ണം
ശ്രീരാമലക്ഷ്മണന്മാർ നിങ്ങടെ അച്ഛനല്ലോ
അതിനെ കേട്ടനേരം നടന്നാങ്ങിരുവരും
വനത്തിൽ ചെന്നിരിന്നു കളിക്കുന്നതുനേരം
വരുന്നു പാലും പഴംകൊണ്ടവർ വനവാസേ
അന്നേരം അവരോട് ചോദിച്ചു കുമാരരും
ആർക്കെന്നു പാലും പഴംകൊണ്ടു പോകുന്നതിപ്പോൾ
ശ്രീരാമലക്ഷ്മണന്മാർക്കെന്നിതങ്ങവർ ചൊല്ലി
അന്നേരമവർ ചെന്നു തൊകലുമൊടിച്ചിട്ടു
തലയിൽ പിടിച്ചവരാണെയുമിട്ടാനല്ലോ
പിടിച്ചുപറിച്ചവൻ ഉജിച്ചു തുടങ്ങുന്നു
അങ്ങിനെയവർ ചെന്നു ചൊല്ലിനാൻ വേഗംതന്നെ
രണ്ടു ബാലകന്മാർ വനത്തിൽനിന്നുകൊണ്ടു
നിങ്ങടെയാണെയിട്ടു പാൽപഴം തടുക്കുന്നു
പിടിച്ചുപറിച്ചവർ നടപ്പാൻ വഴിയായല്ലോ
അതൊക്കെ കേട്ടനേരം ശ്രീരാമദേവൻ താനും
അവസ്ഥയുള്ളതെല്ലാം പറക അനുജാ നീ
അന്നേരം ഇളയ മന്നൻ അണ്ണനോടറിയിച്ചു
പോകണം നമുക്കിന്നു വനത്തിലെന്നു മന്നൻ

അവസ്ഥ കേട്ടനേരം നടന്നങ്ങിരുവരും
വനത്തിൽ ചെന്ന നേരം വരുന്നു ബാലകന്മാർ
അപ്പന്മാരെയും കണ്ടു വീണുടൻ തൊഴുതിട്ടു
മക്കളെ കരംകൊണ്ടു തടവി അണച്ചുടൻ
നിറുത്തി രഘുവരൻ മക്കളെ നിങ്ങളുടെ
മക്കളെ നിങ്ങളുടെ അമ്മയെങ്ങെന്നു ചൊല്ലി
അന്നേരം കുമാരന്മാർ കൂട്ടിയുംകൊണ്ടുപോയി
മാതാവു നില്ക്കുന്നോരു വനത്തിൽ ചെന്നു മെല്ലെ
ഇതു താൻ നില്ക്കുന്നെന്നു കൈകൊണ്ടു ചൂണ്ടി ചൊല്ലി
അടുത്തു രഘുപതി ഭാര്യയെക്കണ്ടനേരം
ചഞ്ചലമൊഴിഞ്ഞിട്ടു സീതയും കണ്ടു മെല്ലെ
അതൊക്കെ കണ്ട നേരം ശ്രീരാമദേവൻ താനും
അവസ്ഥയുള്ളതെല്ലാം പറക ഇല്ലയെന്നു
അടുത്തു രഘുപതി ഭാര്യയെക്കണ്ടനേരം
കടുകെ ഓടി മന്നൻ അടുക്കുന്നു നേരം
പിടിക്കുമെന്നെയെന്നു നിനച്ചു സുഖത്തോടു
അന്നേരം സീതാദേവി ഭൂമിയോടിരന്നപ്പോൾ
ഭൂമിയങ്ങിടവിട്ടു പിളർന്നു സീത തന്റെ
തലനാർ രാമൻകയ്യിൽ പാലാഴി തന്നിൽചെന്നു
പാലാഴിതന്നിൽ ചെന്നു വാസുകിയുടെ വാൽമേൽ
അൻപോടു തന്റെ പുറത്തുടനെ ശയനവും
അരികെ ചെന്നു രാമൻ ഉടനെ തഴുകിയും
തമ്പിയും പുത്രരുമായുടനെ നാടു വാണോൻ
സുഖിച്ചങ്ങെല്ലാവരും വസിച്ചിതക്കാലമേ.

സീതാദുഃഖം സമാപ്തം

വടക്കുന്നാഥക്ഷേത്ര

മഹിമാനവർണ്ണനം

കിളിപ്പാട്ട്.

ശങ്കര ശിവ ശിവ ശങ്കര ശിവ ശിവ
ശങ്കര ശംഭോ ജയ ശങ്കര ശംഭോ ജയ
പങ്കജാസനാസേവ്യ പങ്കജബാണാരാതേ
പങ്കനാശന പരമേശ്വര ഭക്തപ്രിയ
ത്വങ്കഴൽ തൊഴും ഭക്തസങ്കടങ്ങളെപ്പോക്കും
തിങ്കൾശേഖര മലമകൾതൻ മണവാള
പങ്കജനേത്ര നേത്ര പങ്കജാരാധിതാംഘ്രി
പങ്കജഭവഭയ സങ്കടഹരരേത്യേവം
ശങ്കരനാമം പാടി സഞ്ചരിച്ചീടും നല്ല
പൈങ്കിളിപ്പൈതലേ നീ വന്നാലും മടിയാതെ
പഞ്ചതാരയും പാലും പഴവും ഭുജിച്ചു നീ
സഞ്ചാരഖേദം തീർത്തു സഞ്ചിതാമോദമിപ്പോൾ
പുരുഷാർത്ഥങ്ങൾ നാലും സാധിപ്പാനെളുപ്പമാ-
യിരിക്കും മാർഗ്ഗമെന്തെന്നരുൾചെയ്യേണം ശുഭേ
സന്തതമോദിതമേവംകേട്ടു തത്തയും നിജ
ചിത്തേ തന്മാതൃപിതൃഗുരു പാദാംബുജങ്ങളെ-
ധ്യാനിച്ചു ഗണേശാദി ദൈവതങ്ങളെ കുമ്പി-
ട്ടാനന്ദം ശ്രീവടക്കുന്നാഥനെ വിശേഷിച്ചും
സ്മരിച്ചു പരമാനന്ദാമൃതാബ്ധിയിൽ മുങ്ങി-
ത്തിരിച്ചു സരസമായിത്തരമുരചെയ്തു

പണ്ടീയൎത്ഥത്തെത്തന്നെ ധീമാനാം സൂതനോടു
കൊണ്ടാടിക്കുമക്ഷേത്രത്തിങ്കൽ നിന്നൃഷിജനാം
ചോദ്യം ചെയ്തു മതിശ്രാവ്യമാമുത്തരവും
സാദരം ചൊൽവൻ കേട്ടുകൊള്ളുവിനെല്ലാവരും
ഋഷഭക്ഷേത്രത്തിൽ വസിച്ചീടിനോരൃഷിജന-
മൊരിക്കൽ സൂതനോടു ചൊല്ലിനാരിപ്രകാരം
ശ്രീമഹാവിഷ്ണു മുന്നം വിസ്തരിച്ചുരചെയ്ത
ശ്രീമത്താമൃഷഭാഖ്യ ക്ഷേത്രമദ്ധ്യത്തിൽ പരം
ജ്യോതിർല്ലിംഗമായ്ദേവദേവനാം മഹാദേവൻ
ദ്യോതിച്ചീടുന്നുവെന്നു നീ ചൊല്ലിക്കേട്ടുവെല്ലൊ
ഋഷഭക്ഷേത്രത്തിന്റെ മാഹാത്മ്യം വിസ്തരിച്ചു
വൃഷഭാദ്രിയെ കേൾപ്പാനാഗ്രഹിക്കുന്നു ഞങ്ങൾ
ഏതൊരു പുണ്യാത്മാവിക്ഷേത്രമുണ്ടാക്കി മുന്ന-
മേതൊരു സുകൃതിയാൽ പൂജിതമതു പിന്നെ
എന്തെല്ലാം പ്രഭാവമുണ്ടതിനെന്നതും പാരി-
ലെന്തു ലക്ഷണമതിന്നെവിടെയിരിപ്പെന്നും
ഏതൊരു കാരണത്താലൃഷഭമെന്ന നാമം
ജാതമായ്വന്നതെന്നു മിത്യാദി സമസ്തവും
വിസ്തരിച്ചുരചെയ്ക ഞങ്ങളോടിന്നു ഭവാൻ
വിസ്തൃതബുദ്ധേ സൂത വ്യാസമാമുനിശിഷ്യ
മുനിമാരുടെ ചോദ്യമീവണ്ണം കേട്ടുപാരം
ജനിതാനന്ദം സൂതനിത്തരമുരചെയ്തു
ഹിരണ്യഗർഭനായ ബ്രഹ്മാവു പണ്ടീയൎത്ഥം
ഹരിയാം വിഷ്ണുവോടു ചോദിച്ചനേരം നാഥൻ
വേധാവിനോടു ചൊന്നതിവിടെച്ചൊല്ലാമഹം

ബോധിച്ചീടുവിനതു മാമുനിവരന്മാരെ
ജഗൽസ്രഷ്ടാവാം വിധിയൊരുനാളീയൎത്ഥത്തെ
ജഗന്നാഥനാം വിഷ്ണുതന്നോടു ചോദിച്ചപ്പോൾ
ഖഗവാഹനൻ ഭക്തപ്രിയനാം മഹാവിഷ്ണു
ഭഗവാനതാനമേവമരുളിച്ചെയ്തു മുന്നം
അല്ലയോ വിധാതാവെ കേട്ടാലുമെന്നംശമായ്
ച്ചൊല്ലേഴും ഭൃഗുകുലേ രാമനെന്നാഖ്യയോടും
ഉണ്ടായാനൊരു മുനിപുംഗവനവനി-
ക്കണ്ടായി വന്നിതൊരു കാരണാൽ ക്ഷത്രദ്വേഷം
ഇരിപത്തൊന്നുവട്ടം ക്ഷത്രിയന്മാരെയവ-
നാമൃതിവരുത്തിനാൻ വെണ്മഴുകൊണ്ടു തന്നെ
കുരുക്ഷേത്രത്തിലഞ്ചു കയങ്ങളൊരുപോലെ
നിറച്ചു ക്ഷത്രിയന്മാർ തങ്ങടെ രക്തങ്ങളാൽ
രക്തപൂരിതങ്ങളാമവററിൽ കുളിച്ചഥ
രക്തത്താൽ തന്നെ പിതൃക്രിയയും ചെയ്തു ധീരൻ
ഉഗ്രമാം ശപഥത്തെസ്സാധിച്ചു കൃതാൎത്ഥനാ-
യുഗ്രശിഷ്യനാമവൻ ക്ഷത്രിയഹത്യാമൂലം
സംഭവിച്ചൊരു പാപപരിഹാരാൎത്ഥം ഭൃഗു
സംഭവനശ്വമേധയാഗം ചെയ്തിതു പിന്നെ
യാഗാവസാനെ മഹാഭാഗനാം ഭൃഗൂദ്വഹൻ
യോഗിവൎയ്യനായീടും കാശ്യപന്നായിക്കൊണ്ടു
സൎവ്വഭൂതലത്തെയും ദക്ഷിണാൎത്ഥമായ്ത്തന്നെ
സൎവ്വജ്ഞശിഷ്യൻ ദാനംചെയ്തിതു സസന്തോഷം
സൎവ്വസ്വദക്ഷിണമാം വിശ്വജിത്തെന്ന യാഗം
സൎവ്വവന്ദ്യനാം രാമൻ ചെയ്തിതു മുന്നെപ്പോലെ

പിന്നെപ്പോയ് നർമ്മദാതൻറെ ആശ്രമത്തെ പ്രാപിച്ചുട-
നനന്തമായ തപംചെയ്തിതു ചിരകാലം
സൂൎയ്യബിംബത്തിൽ ദൃഷ്ടിയുറപ്പിച്ചിളകാതെ
ധൈൎയ്യമോടേകാംഗുഷ്ഠമൂന്നിനിന്നവനിയിൽ
ധ്യാനിച്ചു മഹാത്മാവാം ജഗന്നായകതാരിൽ
മാനിച്ചു മഹായോഗി വൎത്തിക്കുംകാലത്തിങ്കൽ
സൎവ്വസ്വദാനം രാമൻ ചെയ്യുന്നിതെന്നു കേട്ടു
സൎവ്വഥാ ധനം കിട്ടുമെന്നുള്ളൊരാശയോടും
ഉൎവ്വീധന്മാരാസൂയം വിധിപോൽ യാഗം ചെയ്യും
സൎവ്വമാന്യരായുള്ളോരവനീദേവന്മാർ ചിലർ
സൎവ്വസ്വദാനം ചെയ്തു നിൎദ്ധനന്മാരായിസ്സദാ
നിൎവ്വികല്പന്മാരായ്മഹാ തപസാ വാണീടുന്നു
രാമനോടനവധി ധനത്തെ യാചിച്ചിതു
ഭൂമീദേവന്മാരതുനേരമമ്മുനിനാഥൻ
ചിന്തിച്ചാനൎത്ഥികളാമന്തണരിവരുടെ
ചിന്തിതം നല്കീടാതെ പിന്തിരിച്ചയക്കുകിൽ
ഹന്ത മേ ജന്മം വൃഥാവിലാമത്രയല്ല
കിന്തു മേ തപസ്സിനും വൈഫല്യം വന്നുവരാം
ആകയാലവനിതന്നേകഭാഗത്തിൽനിന്നി-
ന്നാകുലംവിനാ ഭൂമിനീക്കി ഞാൻ സമുദ്രത്തെ
അന്തണന്മാൎക്കായ്ക്കൊണ്ടാ ഭാഗത്തെ ദാനം ചെയ്യു-
ന്നന്തരമേതുമില്ല പിന്നെയെന്നകതാരിൽ
നിശ്ചയിച്ചൎത്ഥികളാം ബ്രാഹ്മണരോടുംകൂടി
പശ്ചിമാംബുധിതീരം പ്രാപിച്ചു മഹാധീരൻ
വരുണനെത്തന്നെ വിളിച്ചധികം നയത്തോടു

കരുണാശാലീ രാമനിത്ഥമരുൾചെയ്തു
വരുണ വരിക നീയരികേ മഹാഭാഗ
കരുണാവാരാന്നിധെ ശരണംപ്രാപിക്കുന്നേൻ
അരുതേ വിളംബമെന്നരുളപ്പാടു കേട്ടു
വരുണൻ വിനീതനായ്ത്തരസാ വന്നീടിനാൻ
യാദസാംപതിയായ വരുണൻ തന്നെക്കണ്ടു
മേദുരഗുണനായ ഭാർഗ്ഗവൻ സന്തോഷിച്ചു
തരണമിനിക്കൊരു ഭൂഭാഗം പ്രണയമോ-
ടിരുന്നീടുവാനായെന്നു ശമനം ചൊന്നാൻ
വരുണനതുകേട്ടു ശോകപീഡിതനായകം
വിറച്ചുവിറച്ചവൻ ഭാർഗ്ഗവനോടു ചൊന്നാൻ
വിപ്രേന്ദ്ര ത്വന്നിയോഗമതെന്നാകിലും
ക്ഷിപ്രം ഞാനനുഷ്ഠിപ്പാനില്ല സംശയമേതും
ധർമ്മജ്ഞനായ നിനക്കറിവില്ലിതു ചൊല്ലും
ധർമ്മമല്ല മര്യാദം മര്യാദാവ്യതിക്രമം
ഇതു ഞാനവശ്യമായ്ചെയ്യേണമെന്നു ഭവാൻ
ക്ഷിതിദേവോത്തംസമേ നിർബ്ബന്ധിക്കുന്നുവെങ്കിൽ
ഞാനിതാ തന്നീടുന്നേനങ്ങായുധത്താൽ
മാനിയാം ഭവാനേകം ഭൂഭാഗമുണ്ടാക്കുക
അങ്ങിനെ തന്നെയെന്നു ഭാർഗ്ഗവരാമനതാനും
തിങ്ങിനമോദം സ്വകായുധമാം ശൂർപ്പത്തെയും
ഇംഗിതജ്ഞനായിട്ടും വരുണനോടു വാങ്ങി
സംഗതം മമാഭീഷ്ടമെന്നു സന്തോഷിപ്പിച്ചിതു
മുനിനായകൻ ശൂർപ്പംകൊണ്ടു താൻ സമുദ്രത്തിൽ
ഘോരമായൊന്നു വീശിച്ചുഴിപ്പിച്ചിതു ജലം

അന്നേരം സമുദ്രത്തിൽ നിവാരണ്ണുകാരമായ്
മിന്നിടും ജ്യോതിസ്സൊന്നു കണ്ടിതു ഭൃഗൂദ്വഹൻ
തൽക്ഷണമതു തത്ര കാണാതെ മറഞ്ഞിതു
സൽക്ഷമാനിർജ്ജരനാം വിസ്മയം തേടീടിനാൻ
ജ്യോതിസ്സുൽഭൂതമായ സ്ഥലത്തിൽനിന്നു പിന്നെ
ജ്യോതിർവ്വേദിയാം രാമൻ ശൂർപ്പംകൊണ്ടവിളംബം
അംഭോരാശിയെ നീക്കി ഭൂഭാഗമുണ്ടാക്കിനാ-
നംഭസാസമം യാദഃപതിയും പിൻവാങ്ങിനാൻ
തൽക്കാലം ഭൂമീതലം സ്പഷ്ടമായ് നാലുപാടു-
മുൽക്കൃഷ്ടശാലീരാമൻ കണ്ടു വിസ്മയംപൂണ്ടാൻ
പിന്നെയും ഭൂഭാഗത്തെ നിർമ്മിപ്പാനുള്ള രാമൻ
തന്നുടെ യുദ്യോഗത്തെയറിഞ്ഞു വരുണനും
മുന്നേ താൻ കൊടുത്തോരു ശൂർപ്പത്തെ നശിപ്പിപ്പാൻ
ധന്യനാമവനപ്പോൾ നിർമ്മിച്ചു ചിതലിനെ
ക്ഷുദ്രപ്രാണിയാം ചിതൽ തന്നോടു വരുണനും
ഭദ്രമാംശൂർപ്പം തിന്നുകളവാൻ കല്പിച്ചപ്പോൾ
ഉടനെ വരുണനോടർത്ഥിച്ചു ഞങ്ങളുടെ
കടിയാൽ മൃത്യുഭവിച്ചീടേണമെന്നുവരം
തരണമെന്നന്നേരം വരുമങ്ങിനെയെന്നു
വരുണൻ ചിതലിനു വരവുംകൊടുത്തിതു
ചെണ്ഡയജ്ഞായുധമായുള്ള ശൂർപ്പത്തിനെ
തിന്നിതു നിർഗ്ഗുണമായ്ക്ഷുദ്രജന്തുവാം ചിതൽ
മണ്ണോടിയായി ഭവിച്ചീടിന ശൂർപ്പംകണ്ടു
ജൃംഭിച്ചകോപത്തോടും ഭാർഗ്ഗവമഹാമുനി
അല്പജന്തുകളായ ചിതൽ തിന്നൊടുക്കവാ-

നപ്പോഴെ കനത്തമാമെറുമ്പിൻകൂട്ടത്തേയും
നിൎമ്മിച്ചു പ്രീതിപൂൎവ്വമവറെറക്കൈക്കൊണ്ടുടൻ
നിൎമ്മമൻ തലോടിനാനപ്രമേയാത്മാ രാമൻ
പിന്നെയപ്പൃതിതന്നെയനന്തോപനാം ചെയ്തി-
ട്ടുന്നതനാപ്രദേശമൎത്ഥികളായിട്ടന്ന
മന്നിടദേവന്മാൎക്കായ്ദ്ദാനവും ചെയ്തു പുന-
രന്നാവാഹനാമഹാനായ ഭാൎഗ്ഗവരാമൻ
ഗോകൎണ്ണം മുതൽ തെക്കം ശ്രീകന്യാകുമാരിയാം
ശ്രീകരഭൂവിൽനിന്നു വടക്കം സഹ്യാദ്രിയിൽ
നിന്നഹോ പടിഞ്ഞാറുമുള്ളൊരു ഭൂമിഭാഗ-
മിന്നഹോ ബ്രഹ്മൻ കൊങ്കണാദ്യമെന്നല്ലോ ചൊല്ലു
മലയപൎവ്വതത്തിൽനിന്നുടൻ മരുദ്വൃധാ
മഹിയെ പ്രാപിപ്പതും വിശ്രുതാനിളാനദീ
സരിതാം വരാമഹാപാവനീപ്രവാഹത്തെ-
പ്പുരിചോടെല്ലാപ്പോഴും ചെയ്തുകൊണ്ടിരിപ്പതും
ഏലതാംബൂലപൂഗനാരികേളങ്ങളര-
യാലുകളുനവധി ചഞ്ജൂരപുന്നാഗങ്ങൾ
പനസരസാലാദി വൃക്ഷങ്ങൾ നിരന്തരം
ഘനച്ഛായങ്ങളായും ഫലപൂൎണ്ണങ്ങളായും
കളമാദികളായ ധാന്യരാശികൾ കൊണ്ടു
വിളങ്ങുംക്ഷേത്രങ്ങളും ധാന്യാദിവൃദ്ധികൊണ്ടു
വളരെപ്പുഷ്ടിയോടുവൎത്തിക്കും കൃഷീവല-
രളവില്ലാതമഹാക്ഷേത്രങ്ങളിവകളും
ബ്രഹ്മക്ഷത്രിയ വൈശ്യശൂദ്രാദിവൎണ്ണങ്ങളു-
മുണ്മയിലവരവൎക്കുള്ളൊരു ധൎമ്മങ്ങളെ

നിർവ്യാജമനുഷ്ഠിച്ചു ഭഞ്ജനാദീതിയെന്യേ
നിർവ്വിഘ്നം സദാചാരരതരായ്‌വസിപ്പതും
സർവ്വമംഗളം മഹാപാവനം മുനിവാസ-
ഭൂമിയിൽ വിമലാചലക്ഷേത്രമുല്ലസിപ്പതും
ഏതൊരു പ്രദേശത്തിലതുതാൻ മുഖ്യമായൊരു
ഭൂതലഭാഗമെന്നു ധരിക്ക വിധാതാവെ
ദാനംചെയ്തനന്തരം ഭക്താഗ്രണിയാം ജാമദഗ്ന്യൻ
ദീനമെന്നിയെ ചെന്നു ഹിമവൽ പാർശ്വത്തിങ്കൽ
അഷ്ടമൂർത്തിയാം മഹാദേവനെ ഭക്തിപൂർവ്വം
സാഷ്ടാംഗം നമസ്കരിച്ചിത്ഥമർത്ഥിച്ചു രാമൻ
ഭക്തവത്സല പരമേശ്വര ദയാനിധേ
മുക്തിദായക മുകുന്ദാദിസന്നുതപാദ
സമുദ്രമകററി ഞാൻ നിർമ്മിച്ച ഭൂഭാഗത്തി-
ലുമയാസഹ ഭവാൻ വസിച്ചീടുകവേണം
പരശുരാമനതന്റെ കാംക്ഷിതം സാധിപ്പിപ്പാൻ
ഗിരിശൻ ഭക്തപരാധീനനാം മഹാദേവൻ
ദേവിയാമുമയോടും വൃഷഭാരൂഢനായി-
ട്ടേവമാമുനികളാൽ സംസ്തുതാപദാനനായ്
കൈലാസത്തിങ്കൽനിന്നു ദക്ഷിണദിക്കുനോക്കി
നീലകണ്ഠനാംദേവനെഴുന്നള്ളിനാൻ മുദാ
പ്രമഥഭൂതഗണമീശനൊപ്പിച്ചുടൻ
സമന്താൽ നടന്നിതു പരമൌത്സുക്യമോടും
ഭദ്രാണിഭദ്രന്മാരെ വഹിച്ചു യഥാസുഖ-
മദ്രിതുല്യനാം വൃഷം ചരിച്ചു മന്ദം മന്ദം
കൊങ്കണാഖ്യമാംദേശംപ്രാപിച്ചു മുന്നം ജ്യോതി-

സ്സങ്കരിച്ചോരു ഭാഗേ വന്നപ്പോഴാ വൃഷഭവും
അവിടെ വസിപ്പതിന്നാശയോടഖിലേശ-
ശിവമാരുടെ മുഖം നോക്കിനിന്നിതു തത്ര
സർവ്വജ്ഞനായ ദേവദേവനാം മഹാദേവൻ
ശർവ്വാണീമുഖം നോക്കി സാകൂതം വൃഷേന്ദ്രന്റെ
ഹിതവുമറിഞ്ഞഹിഭൂഷണൻ മഹേശ്വരൻ
സുതഭാർയ്യാദി പരിവാരങ്ങളോടും കൂടി
അവിടെത്തന്നേ ചിരം വസിച്ചു ദയാപരൻ
ഭുവനേശ്വരൻ പത്മസംഭവ ധരിക്കെടൊ
ഇങ്ങിനെ ബഹുകാലമവിടെത്തന്നേ വാസം
തിങ്ങിന മോദമോടും ചെയ്യുന്ന മഹേശനെ
കണ്ടു ഞാൻ തദ്വിയോഗം സഹിച്ചുകൂടായ്കയാൽ
കൊണ്ടാടിത്തത്ര ചെന്നു വസിച്ചേനറിഞ്ഞാലും
മുന്നമേ ഞാൻ ചൊന്ന നീളാനദിയിൽനിന്നു പരം
മൂന്നു യോജന ദൂരെ തെക്കാകുന്നിപ്രദേശം
ഋഷഭം തന്നാൽ ദൃഷ്ടമായതു നിമിത്തമാ-
യൃഷഭമെന്ന നാമം ചൊല്ലുന്നു മഹാജനം
കാരണാന്തരംകൊണ്ടു കാട്ടിൽവന്നകപ്പെട്ടു
നാരിരത്നമാം മാതാ തന്നിൽനിന്നുത്ഭവിച്ചു
കേരളനെന്ന രാജാ ശത്രുവൃന്ദത്തെജ്ജയി-
ച്ചാരണപ്രിയനായി കൊങ്കണം പാലിച്ചിതു
കേരളൻ പാലിക്കയാൽ കൊങ്കണദേശത്തിനു
കേരളമെന്നനാമം വന്നിതെന്നറിഞ്ഞാലും
വിനയൌദാർയ്യപൂർണ്ണനാം കേരളാഖ്യൻ
സ്വനയം യഥാവിധി രക്ഷിച്ചാനെല്ലാരേയും

വാൎദ്ധക്യമടുത്തപ്പോളു് ഭമാം രാജ്യത്തേയും
ബുദ്ധിമാനപേക്ഷിച്ചു തപസെ പുറപ്പെട്ടു
നിൎമ്മലമനസ്സോടുമീശ്വരനാമങ്ങളേ
നിൎമ്മമൻ ജപിച്ചുകൊണ്ടു് ന്ദക്ഷേത്രേ ചെന്നു
ശരണാഗതജനരക്ഷണവ്രതത്തോടും
ധരണീസുരവരാരാദ്ധ്യനായ്സ്സദാകാലം
ശങ്കരനാരായണരാഘവരൂപങ്ങളെ-
സ്സങ്കലിതപ്രമോദം ധരിച്ചു ത്രിധാസ്ഥിതം
മാമേവശരണമായ് പ്രാപിച്ചു കൊങ്കണേശൻ
നാമസങ്കീൎത്തനത്താൽ ഭജിച്ചു തത്ര വാണാൻ
ചൊല്ക്കൊള്ളും മഹാമനസ്സാകിയ കൊങ്കണേശ-
നക്കാലം നാനാവിധഗോപുരങ്ങളെക്കൊണ്ടും
വപ്രങ്ങൾ ഹൈമങ്ങളും ചതുശ്ശാലങ്ങൾ പുന-
രപ്രതിമങ്ങളായ വിചിത്രമണ്ഡപങ്ങൾ
സാരസക്രൌഞ്ചജലകുക്കുടചക്രാംഗാദി
സാരപക്ഷികളുടെ ശബ്ദമിശ്രിതങ്ങളാം
വാപികൾ തടാകങ്ങൾ നൽസ്സരസ്സുകൾ നല്ല
കൂപങ്ങൾ നക്രമത്സ്യപൂൎണ്ണങ്ങളായിട്ടുള്ള
ഹ്രദങ്ങളോടും നല്ല താമരപ്പൂക്കളോടു-
മധികം വിളങ്ങുന്ന സരസീനികരങ്ങൾ
അരയാലുകളാമ്രവനങ്ങൾ പനസങ്ങൾ
നിരയായുള്ള താലഹിന്താലാദികൾ മറ്റും
പ്രിയംഗുവാസന്തികാപാടലീപുന്നാഗങ്ങൾ
പ്രിയംഭാവുകങ്ങളും കേതകിചെമ്പകങ്ങൾ
ബകുളാശോകദ്രാക്ഷാ കദളീനാരികേള-

നികരമാതുലുംഗദാഡിമീനികരങ്ങളും
ഇത്യാദികൊണ്ടും കിളി ഹാരീതം നൽകോകിലം
ദാത്യൂഹം മയിൽ ചെമ്പോത്തെന്നിവയാദിയായ
പക്ഷികളുടെ മനോഹരമാം നാദംകൊണ്ടു-
മക്ഷീണം വിളങ്ങുന്ന വളരെപ്പൂന്തോട്ടങ്ങളും
ഇവകളെല്ലാംകൊണ്ടും തൽസ്ഥാനം വിശേഷമാ-
യവനീനാഥനലങ്കരിപ്പിച്ചിതുവിധെ
ശ്രോത്രിയവരനാവനെത്രയും നിഷ്ഠയോടു-
നിത്യവും ബഹുവിധമർച്ചിച്ചു മഹേശനെ
ചിത്തവുമുറപ്പിച്ചു കർമ്മങ്ങളെല്ലാം ഫല-
സക്തിയെന്നിയേ ചെയ്തു ബുദ്ധിമാൻ നിരന്തരം
ശുദ്ധാന്തഃകരണനായ് യോഗിയായ് നിർവ്വികല്പം
ശുദ്ധമദ്വയമഹീനം ജ്ഞാനത്തെ പ്രാപിച്ചുടൻ
യോഗി ദുർല്ലഭമായ മല്പദം പരബ്രഹ്മ-
യോഗത്താൽ പ്രാപിച്ചിതു കൊങ്കണമഹീനാഥൻ
ഋഷഭക്ഷേത്രം നിത്യം സ്മരിക്കുന്നവർകൾക്കും
വൃഷപ്രാപകമതു ദർശിക്കുന്നവർകൾക്കും
ശങ്കരനാരായണരൂപിയാമെന്നെസ്സദാ
പങ്കനാശനത്തിനായർച്ചിക്കുന്നവർകൾക്കും
സർവ്വപാപവും നീക്കി ശുഭത്തെ നൽകീടുവൻ
സർവ്വതോ ഭദ്രം പരമസംഭവ കേട്ടാലും നീ
യാതൊരു പുമാൻ മഹാദേവമൂർത്തിയാമെന്നെ
സ്ഫീതഭക്തികം തത്ര പൂജിച്ചീടുന്നു സദാ
പാപഹീനനായ്ശുദ്ധനാമവന്നു ഞാൻ
താപനാശനം മഹാ ജ്ഞാനത്തെ നൽകീടുവൻ

അവിടെ ഭദ്രമൂൎത്തിയാകിയ ഹരൻതന്നെ
ളവനാം തന്നിലേവൻ സ്മരിപ്പാനിച്ഛിക്കുന്നു
യോഗിയാമവന്നു ഞാൻ സംസാരദുഃഖം തീൎക്കും
യോഗലഭ്യമാം ജ്ഞാനമന്ത്രത്തിൽ നൽകീടുവൻ
രോഗാൎത്തനായ പുമാൻ ശിവമൂൎത്തിയാമെന്നെ
വേഗമോടവിടെവന്നാദരാൽ ഭജിച്ചീടിൽ
രോഗപീഡകളെല്ലാം നശിപ്പിച്ചുടൻ മഹാ-
ഭോഗവും നൽകീടുവനില്ല സംശയമേതും
ദുഷ്ടദൈവതങ്ങളാൽ ബാധിതരായുള്ളവർ
പുഷ്ടപുണ്യമായുള്ളോരീക്ഷേത്രം പ്രാപിക്കുകിൽ
പെട്ടെന്നു നഷ്ടമാകും സകല ബാധകളും
കഷ്ടങ്ങളെല്ലാം തീരും ദൃഷ്ടമാത്രത്താൽ തന്നെ
മഹത്താമിക്ഷേത്രത്തിലുള്ളൊരു ജലാശയെ
മഹിയിലെവൻ സ്നാനം ചെയ്യുന്നു വിധിപോലെ
അന്യതീൎത്ഥാദിസ്നാനജന്യമാം ഫലത്തെക്കാ-
ളന്യൂനം ശതാധികഫലത്തെ പ്രാപിച്ചീടും
അവിടെവെച്ചു ചെയ്യും ദാനവുമതുപോലെ
യവധിയില്ലാതൊരു ഫലത്തെ നൽകീടുമെ
ഓരോരോ മഹാക്ഷേത്രെ ചെയ്യുന്ന കൎമ്മഫലം
പാരാതെയിക്ഷേത്രത്തിലാകിലൊ ശതാധികം
ഒരു വത്സരമത്ര തപസാ വാഴും പുമാ-
നരുജാ ദീൎഗ്ഘായുഷ്മാനായിട്ടു ഭവിച്ചീടും
വിദ്യാൎത്ഥിയായവന്നു വിദ്യയുമുടനങ്ങൊ-
മൎത്ഥാൎത്ഥിയെന്നായിടിലൎത്ഥവുമതുപോലെ
ധൎമ്മാൎത്ഥിയാകിൽ ധൎമ്മം മോക്ഷാൎത്ഥിയാകിൽ മോക്ഷം

നിർമ്മലമതേ സർവ്വം സാധിക്കുമറിഞ്ഞാലും
ധർമ്മാർത്ഥകാമമോക്ഷമെന്നിവ നാലും സദാ
ധർമ്മബുദ്ധിയായുള്ളോരേവനും സാദ്ധ്യം നൂനം
അന്നേരം വിധാതാവും നാഥനെ നോക്കിത്തെളി-
ഞ്ഞത്യാദരമേവം ചോദിച്ചു വഴിപോലെ
മരണം വരും നിങ്ങൾ കടിച്ചാലെന്നു വര-
മരുളിച്ചെയ്തു ചിതൽ തന്നോടു വരുണനും
കടിച്ചാലുടനവ മരിച്ചീടുന്നു പാരിൽ
നൊടികൊണ്ടതിങ്ങിനെ വരുവാനെന്തു നാഥ
കേൾക്കെടോ വിധാതാവെ ക്ഷുദ്രപ്രാണിയാം ചിത-
ലുൽക്കർഷമേറും പാശി തന്നോടു ചൊന്ന വാക്യം
ഞങ്ങടെ ദംശനത്താൽ മൃത്യു സംഭവിക്കേണ-
മങ്ങിനെതന്നെയെന്നു വരുണൻ താനും ചൊന്നാൻ
പരമാർത്ഥപ്രാഭവം ചെയ്യേണമെന്നുള്ളവ-
ക്കറിവാനൊരു ഉപായമായിതെന്നറിഞ്ഞാലും
ഋഷഭക്ഷേത്രമഹാമാഹാത്മ്യം പഠിപ്പോർക്കും
വഴിപോലതു നിത്യം കേൾക്കുന്ന ജനത്തിനും
നരകഭയമൊരുനാളുമേയുണ്ടാസ്സുരാ
നരശ്രേഷ്ഠനാമവൻ സജ്ജനമാന്യൻതന്നെ
മഹത്താമിക്ഷേത്രത്തിൽ വസിച്ചു നിരന്തരം
മഹത്വമേറീടുന്ന ശ്രീമഹാദേവൻതന്നെ
ഭജിച്ചു തന്മൂർത്തിയാമെന്നെയും മനതാരിൽ
ത്യജിച്ചു കാമാദിഷഡ്വർഗ്ഗങ്ങളെ വഴിപോലെ
ജപിച്ചു നാമങ്ങളെ വസിക്കും മമ പ്രിയൻ
തപിക്കയില്ല ദുഃഖമാമഗ്നിതന്നാൽ

നരകദുഃഖമെന്തു പറവാനുള്ളു പിന്നെ
വിരിഞ്ച മഹാപുണ്യവൃഷഭക്ഷേത്രവാസം
ചൊല്ലിനേനഹം നാരസിംഹമാം പുരാണത്തിൽ
ചൊല്ലുള്ളോരറുപത്തിനാലാമതദ്ധ്യായത്തിൽ
ചൊല്ലിയപോലെയിന്നു കേരളഭാഷയായി-
ച്ചൊല്ലുമുള്ളോരൃഷഭാഖ്യക്ഷേത്രത്തിൻ മാഹാത്മ്യത്തെ
തെല്ലുതെററിതിൽ ബുദ്ധിമാന്ദ്യത്താൽ ഭവിക്കിലും
നല്ലവരായജനം ക്ഷമിച്ചുകൊള്ളേണമെ
വല്ലവണ്ണമെന്നാലും മല്ലബാണാരികഥാ
ചൊല്ലിയാലതുമല്ലലെല്ലാമെയകററീട്ടു
കല്യാണപ്രദമായ സൌഖ്യത്തെക്കൊടുത്തീടു-
മില്ല സംശയമെന്നു ചൊല്ലുന്നു മഹാജനം
ഒടുക്കമില്ലാതോരു സംസാരസമുദ്രത്തെ-
ക്കടപ്പാനൊരുപോതം വടക്കുന്നാഥക്ഷേത്രം
തടുക്കം നരകാദിദുഃഖങ്ങളശേഷവും
കൊടുക്കും ചതുർവ്വിധ പുരുഷാർത്ഥവും നൃണാം
മടിക്കാതെല്ലാവരും മിടുക്കുള്ളോരുകാലം
വടക്കുന്നാഥൻതന്നെസ്സേവിപ്പിൻ ജനങ്ങളെ
നിത്യവും പ്രാതഃകാലെ കുളിച്ചു സജലമാം
ശുദ്ധഭസ്മത്തെ വിധിപോലെ ലേപനം ചെയ്തു
ദ്ധൃതിധാരണപ്രകാരത്തേയും ചൊല്ലീടുവൻ
കൈതവമെന്യേ കേട്ടു ധരിപ്പിനെല്ലാവരും
കൃമികീടാദി ദുഷ്ടമല്ലാത്ത ഗോമയത്തെ
വിമലഭൂവിലിട്ടു ചുട്ടതി നിർമ്മലമാം
ഭസ്മത്തെ ജലം ചേർത്തു കുഴച്ചു മനക്കാമ്പിൽ

ഭസ്മഭൂഷണനായ ഹരനെ ബ്ഭക്തിയോടും
സ്മരിച്ചു ശിരസ്സിലും നെററിമേൽ കഴുത്തിലു-
മുരസ്സിൽ നാഭിയിങ്കൽ രണ്ടു പാൎശ്വത്തിൽ ഭുജം
രണ്ടിലും ഭുജമദ്ധ്യം രണ്ടിലും കരസന്ധി-
രണ്ടിലും പൃഷ്ഠത്തിലും പിങ്കഴുത്തിലുമേവം
സ്ഥാനങ്ങൾ പതിനാറിൽ വിലങ്ങനെ ത്രിരേഖമായ്
ജ്ഞാനിയാമെവൻ ഭസ്മധാരണം ചെയ്തീടുന്നു
അവനെ വന്ദിച്ചീടും ഭുവനെ ദേവന്മാരു-
മവനു രുദ്രത്വമാനായയുമുണ്ടാമ്പരാ
എത്രകാലത്തുമേതുദിക്കിലുമെല്ലാവൎക്കും
ഭൂതിധാരണം മുന്നം ചൊന്നപോൽ കൎത്തവ്യമാം
ഭജനാൽ പാപനാശം സ്മരണാൽ ശുഭപ്രാപ്തി
ഭവിച്ചീടുകമൂലം ഭസ്മമെന്നോതുന്നതും
ഭൂതിധാരണം മഹാ പാവനം രുദ്രേവതാ
ഭൂതദോഷങ്ങളും ഭൂതിദായകമെല്ലാവൎക്കും
ശ്രീമൂലസ്ഥാനവാസിയാകിയ സദാശിവം
ശ്രീമൂലം രണ്ടു പ്രദക്ഷിണത്തെച്ചെയ്തു കൂപ്പി
ശ്രീമൂലനാഥ കൃപാവാരിധെ സദാശിവ
മാമകദുരിതത്തെ വേരറുത്തവിളംബം
ശ്രീമയമായ മോക്ഷമെനിക്കിടേണം ദേവ
കാമനാശനമൂൎത്തെ ശങ്കര നമോസ്തുതെ
ഇങ്ങിനെ കൂപ്പിസ്തുതിച്ചുടനെ തെക്കുള്ളോരു
മംഗളാത്മകമായോരശ്വത്ഥം സേവിക്കേണം
മൂലമദ്ധ്യാഗ്രങ്ങളിൽ ബ്രഹ്മവിഷ്ണ്വീശരൂപ-
മാലംബിച്ചിരിക്കുന്നിതശ്വത്ഥമഹാവൃക്ഷം

ഭക്തിയോടേഴുവട്ടമാൽ പ്രദക്ഷിണം ചെയ്യും
മൎത്ത്യന സിദ്ധമാകും ഭൂപ്രദക്ഷിണഫലം
ബ്രഹ്മവിഷ്ണ്വീശരൂപിയാകിയോരശ്വത്ഥത്തെ
നിൎമ്മലഭക്തിയോടുനമിക്കും പുരുഷന്ന
മൂൎത്തികൾ മൂന്നിനേയും നമിച്ചാലുള്ള ഫലം
തീൎത്തു ചൊല്ലീടാം വരുമില്ല സംശയമേതും
പുലൎന്ന പന്തിരണ്ടു നാഴികക്കകം വേണം
വലംവെക്കുവാൻ പ്രതിദിവസമശ്വത്ഥത്തെ
ഫലമില്ലെന്നാകിൽ പാപവുമുണ്ടായ്വരും
വിലക്കിടേണമതും ശുക്രവാരങ്ങളിൽ
രാത്രിയിലൊരിക്കലുമശ്വത്ഥം സേവിക്കരു-
താൎത്തിദമെന്നാലതു സകല ജനങ്ങൾക്കും
ബ്രഹ്മവിഷ്ണ്വീശരൂപ നമസ്തേ വൃക്ഷരാജ-
കന്മഷഹര പരിപാഹി മാമമേയെന്നാൽ
ഏവമൎത്ഥിച്ചു ഭക്ത്യാ തൊഴുതു ചെന്ന പിന്നെ
കേവലം മതിപ്പുകത്താദരഭക്തിപൂൎവ്വം
ഗീതയെപ്പാൎത്ഥന്നായി ബോധിപ്പിച്ചോരു നന്ദ-
പൈതലാം ഗോശാലേശനാകിയ ശ്രീകൃഷ്ണനെ
വന്ദിച്ചു വൃന്ദാരകവൃന്ദവന്ദിതപാദ-
നന്ദനന്ദന പാൎത്ഥസാരഥേ ഗോശാലേശ
പാലയ കൃപാലയ പാലിതാഖിലലോക-
കാലിണ വണങ്ങീടും ഭക്തലോകാൎത്തിഹര
ഭക്തനാം വിജയനു ഗീതോപദേശം ചെയ്തു
മുക്തിമാൎഗ്ഗത്തെപ്പരിചോടു കാട്ടിയ നാഥ
കംസാരേ നിൻകാലിണപണിയുമടിയനെ

സ്സംസാരാബ്ധിയിൽനിന്നു കരകേറേണം വിഭോ
ഏവമൎത്ഥിച്ചു പ്രദക്ഷിണത്തെ നാലുവട്ടം
സാവധാനമായ്ചെയ്തു നന്ദിയാം വൃഷഭത്തെ
വന്ദിച്ചു നന്ദികേശ ശിവ ഭക്താഗ്രഗണ്യ
തന്നിടവേണമനുവാദമീശനെ കണ്ടു
വന്ദിപ്പാനെന്നിരന്നു തൊഴുതു പിന്നെപ്പോയി
വന്ദ്യനാം ശ്രീഭാൎഗ്ഗവന്തന്നെ വന്ദിച്ചു ഭൃഗു-
നന്ദന മഹാബാഹോ ക്ഷത്രിയാന്തക വിഭോ
നന്ദിതമുനിഗണവന്ദാരുവൃന്ദേഷ്ടദ
പരശുരാമ പരിപാഹിമാം ദയാനിധേ
ശരണം മമ തവ ചരണപത്മമേവം
സ്തുതിച്ചു തൊഴുതു പോയ് ധീരനാം സിംഹോദര-
ഭൂതനാഥനെക്കൂപ്പി ഭക്തിയോടകക്കാമ്പിൽ
ഭൂതനായക പരിപാഹിമാം സിംഹോദര
ഭൂതേശപ്രിയദാസ നമസ്തേ കൃപാനിധേ
സ്തുതിച്ചിവണ്ണം തൊഴുതുടനേ വാരാണസീ-
പതിയാം വിശ്വനാഥം വടക്കുനോക്കിത്തന്നെ-
ധ്യാനിച്ചു കാശീവിശ്വനായക സതാമാത്മ-
ജ്ഞാനദായക ദേഹി പരമാത്മജ്ഞാനം
പുത്രദാരാൎത്ഥവിഷയാബ്ധിയിൽ പതിച്ചുട-
നെത്രയും വലയുന്നോരെന്നെയുദ്ധരിക്കേണം
ഏവമൎത്ഥിച്ചു ഹരപ്രാസാദകുംഭത്തെയും
ഭാവനയോടുകൂപ്പി ശുഭമൎത്ഥിച്ചു പിന്നെ
പാവകകോണിലുള്ള കൽത്തറ തന്നിലേറി
പ്പാവനമനസ്സോടുമീശാന ദിക്കുനോക്കി

ആനന്ദതാണ്ഡവത്തെ സ്സൎവ്വദാ ചെയ്യും പര-
മാനന്ദമൂൎത്തിയായ ശ്രീ ചിദംബരേശനെ
സ്തുതിച്ചു നട നാഥ കനകസഭാപതേ
ഭരിച്ചുകൊൾക തവ ദാസനാമടിയനെ
ശരണാഗതജനാഭരണൊദ്യതാശംഭൊ
ശരണം മമ തവ ചരണപങ്കജമഹൊ
കരുണാനിധേ സംസാരാൎണ്ണവത്തിങ്കൽനിന്നു
തരിപ്പിച്ചിടേണം മഹാ ആൎത്തിയാകുമെന്നെ
ഇത്തരം പ്രാൎത്ഥിച്ചുടൻ തൊഴുതു ഭക്തിയോടും
തത്രൈവ നിന്നു പിന്നെയാഗ്നേയ ദിക്കുനോക്കി
രാമനാഥനാം മഹാദേവനെ ഭക്തിപൂൎവ്വ-
മാമയംവിനാ കൂപ്പിത്തൊഴുതു വിനീതനായ്
പങ്കജാമിത്രമിത്ര പാവകനേത്ര പാദ-
പങ്കജാഘാത പരിമൎദ്ദിതാന്തകവിഭോ
ശ്രീരാഘവാരാധിതപാദ നീ മാം പാപജാല-
വാരിരാശിയിൽനിന്നു സന്തതം രാമേശപാഹി
ഏവമൎത്ഥിച്ചു പിന്നെത്തെക്കെ ഗോപുരമദ്ധ്യേ
ദേവദേവാരാധ്യയാം കോടിലിംഗേശപ്രിയെ-
സ്സേവിച്ചു മഹാകാളി ശ്രീഭദ്രേ മഹാദുൎഗ്ഗേ
താവക ദാസം പാഹി ആൎത്തി നിവാരിണി
രക്ഷമാം ദേവി ഭക്തപാലനജാഗ്രൂകേ
ശിക്ഷിതദുഷ്ടാസുരേ കോടിലിംഗാധിനാഥേ
ഇങ്ങിനെ സ്തുതിച്ചുടൻ തെക്കെ കൽത്തറകേറി
ത്തിങ്ങിനഭക്ത്യാ തെക്കുനോക്കി നിന്നാനാകലം
മംഗലപ്രദമൂൎത്തി കൂടൽമാണിക്യനെന്ന

സംഗമേശാഖ്യനാകും ഭരതം കൂപ്പിടേണം
ഭരതമഹാമതേ രാഘവസഹോദര
ശരണംപ്രാപിക്കുന്നേൻ രക്ഷ മാം ദയാനിധേ
നന്നായി സ്തുതിച്ചിത്ഥമൂരകത്തമരുന്ന
കുന്നിന്മാതിനെ കൂപ്പിത്തൊഴുതു ഭക്തിയോടും
വന്ദാരുബൃന്ദാഭീഷ്ടദായിനി മഹേശ്വരി
സുന്ദരി കാഞ്ചീപുരനായികേ ശ്രീകാമാക്ഷി
കാലിണ വണങ്ങുന്നേൻ കരുണാലയെ തായെ
പാലയ പരാധീനം മാമേവമർത്ഥിച്ചുടൻ
പ്രാസാദകുംഭത്രയം കൈതൊഴുതിറങ്ങീട്ടു
വ്യാസമാമുനി തന്നെ സ്മരിച്ചു ശിലതന്നിൽ
വരച്ചു ബ്രഹ്മജ്ഞാനമർത്ഥിച്ചു ശാസ്താവിനോ-
ടിരന്നീടേണം ശത്രുസംഹാരം വിശേഷിച്ചും
ഭൂതപ്രേതാദി ബാധജാതത്തെ നീക്കിസ്സദാ
ഭൂതനായക പാലിക്കെന്നിന്നടിയനെ
ഇങ്ങിനെ സ്തുതിച്ചഥ വലംവെച്ചുടൻ പിന്നെ
തിങ്ങിന ഭക്തിയോടും നമസ്കാരവുംചെയ്തു
അടുത്ത കൽത്തറയിലടുത്തു തൃണങ്ങളെ-
മെടുത്തു മൃതസഞ്ജീവിനിയെന്നുള്ള വൈദ്യാ
സ്മരിച്ചു ഹനുമാനെ ധരിച്ചു ശിരസ്സിങ്കൽ
തിരിച്ചുചെന്നു പിന്നെ ശ്ശംഖചക്രങ്ങളേയും
മിത്രവൃദ്ധിയും ശത്രുനാശവും ചെയ്യേണമെ-
ന്നർത്ഥിച്ചു സാവധാനം നടന്നു ജപത്തോടും
ചിത്രരൂപിയാം രംഗനാഥനെച്ചെന്നു കൂപ്പി-
പ്പക്ഷിവാഹന പരിപാഹിമാം ജഗല്പതെ

രംഗനായകധരാ ലക്ഷ്മീലാളിത പാദ–
തുംഗദാ നവമദജ്ഞനാ ദയാനിധെ
കാവേരീമദ്ധ്യസ്ഥിത കാർമുകിൽവർണ്ണ വിഭോ
കേവലാനന്ദരൂപ നമസ്തേ നമോ നമഃ
ഇത്ഥം സ്തുതിച്ചുടൻ നമിച്ചു ശ്രീരംഗേശം
ചിത്രരൂപിയാം നടേശനേയും നന്ദിയേയും
ഉത്തമസ്തോത്രങ്ങളാൽ സ്തുതിച്ചു വിനീതനായ്
ചിത്തത്തിൽ ഭക്തിയോട്ട മകത്തു കടന്നുടൻ
വേട്ടക്കാരയൊരുമ്പെട്ടു കാട്ടാളവേഷംപൂണ്ട
ധൃഷ്ടനാം വേട്ടയ്ക്കൊരുമകനെ വന്ദിച്ചഥ
ജ്യോതീരൂപനായിടും വടക്കുനാഥൻതന്നെ–
ച്ചേതസി ഭക്തിയോടുനമിച്ചു സാഷ്ടാംഗമായ്
ശങ്കര സദാശിവ സർവ്വജ്ഞ പശുപതെ
പങ്കജനേത്രമുഖദേവവന്ദിതപാദ
സർവ്വമംഗളാപതെ ഭൂതേശ മൃത്യുഞ്ജയ
ശർവ്വസന്മയവിഭോ പാഹിമാമഷ്ടമൂർത്തെ
ഋഷഭക്ഷേത്രവാസലോലുപ ഗംഗാധര
വൃഷവാഹനശംഭോ സമസ്തേശ്വരനമഃ
സ്തുതിച്ചീവണ്ണം തൊഴുതംബികാപാദങ്ങളിൽ
നതിചെയ്തനന്തരം സർവ്വമംഗളെ ഗൌരി
സർവ്വജ്ഞെ സർവ്വരൂപെ സർവ്വസാധകെ ദേവി
ശർവ്വാണി സർവ്വാഭീഷ്ടം ദേഹിമെ മഹേശ്വരി
പാലയ നീ പാലയവാസലോലുപെ ദേവി
കാലാരിജായെ കലികന്മഷവിനാശിനി
വിദ്യയുമൈശ്വര്യവുമായുസ്സും സൽകീർത്തിയു–

മൈത്ര്യവദേഹി! പുത്രമിത്രാദി സമസ്തവും
സ്തുതിച്ചീവൎണ്ണം പിന്നെ വിഘ്നരാജന്റെ കാക്കൽ
പതിച്ചു ലംബോദരവിഘ്നനാശന വിഭോ
അന്തരായങ്ങളെല്ലാം നീക്കി നിന്തിരുവടി-
യന്തരം വിനാ പാലിച്ചീടേണമടിയനെ
ശങ്കരനാരായണരൂപിയാം മഹേശനെ
സങ്കലിതപ്രമോദം പിന്നെപ്പോയി കുപ്പീടേണം
ശങ്കരനാരായണരൂപസൎവ്വാത്മകൻ ഭക്ത-
സങ്കടഹര, ഭക്തവാഞ്ഛിത ഫലപ്രദ
കിങ്കരനാകുമെന്നെസ്സൎവ്വദാ പാലിക്കേണം
നിങ്കഴൽ പണിയുന്നേൻ മദ്ധ്യനായക വിഭോ
സ്തുതിച്ചീവൎണ്ണം പിന്നെസ്സാദരം രഘുകുല-
പതിയെബ്ഭക്തിപൂൎവ്വം നമിച്ചു സാഷ്ടാംഗമായ്
അഗതിജനാവനലോലുപ ദാശരഥേ
ഭഗവന്നാരായണ രാവണാന്തക ഹരേ
കോദണ്ഡപാണേ പരിപാഹി മാം പരമാത്മൻ
വൈദേഹീപതേ രാമ സൎവ്വകല്യാണമൂൎത്തേ
ഹംസവാഹനാമുഖദേവവന്ദിതപദ
സംസാരദുഃഖാൎണ്ണവകൎണ്ണധാരക വിഭോ
കിങ്കരനാകുമെന്റെ സങ്കടമശേഷവും
പങ്കജവിലോചന തീൎത്തു മാം രക്ഷിക്കേണം
ആയാസമെന്ന്യേ മമ മരണം സാധിക്കേണം
മായാമാനുഷ ദൈന്യമെന്നിയേ ജീവനവും
ഇളക്കമില്ലാതൊരു ഭക്തിയും ഭവിക്കേണം
ലളിതാകൃതേ നിങ്കലെപ്പോഴും മുരരിപോ

ഭൂതഭവ്യങ്ങൾക്കീശനാകിയ ഭഗവാനേ
ചേതസി വേണ്ടതെന്തെന്നറിഞ്ഞുകൂടാ മമ
നിന്തിരുവടിതന്നെ ചിന്തിച്ചു മമ ഹിത-
മന്തരം വിനാ നൽകിക്കാത്തുകൊള്ളുകവേണം
ഈവണ്ണം ശ്രീരാമനെ പ്രാർത്ഥിച്ചു നമസ്കരി-
ച്ചാവോളം മുഹുർമ്മുഹു സ്തുതിച്ചു പിന്നെപ്പോയി
ശങ്കരനാരായണമൂർത്തിയെഗ്ഗണേശനെ
ശങ്കരിയായോരുമതന്നെയുമീശനേയും
പിന്നെയും ഗണേശശ്രീമല്ല്യനായകരല്ല്യ-
നന്ദനന്മാരെക്രമാൽ തൊഴുതിടുകവേണം
മല്ല്യനാഥനെപ്പിന്നെത്തൊഴുതു ശ്രീരാമനെ
മേല്ല്യമാം മനസ്സോടെ വന്ദിച്ചു മല്ല്യനാഥം
കൈക്കൂപ്പി ഹേരംബനെ വന്ദിച്ചു ഭവാനിയെ
കൈതവംവിനാ കൂപ്പി സ്തുതിച്ചു ഭക്തിയോടും
ഭൂതനായകനായ വടക്കുന്നാഥനേയും
ചേതസി ഭക്ത്യാ തൊഴുതർത്ഥിച്ചു മനോരഥം
പുറത്തു കടന്നു തൽപാദങ്ങളോർത്തു നിജ
മുറ തെറ്റാതെ വാണിടുന്നതേ മഹാഭാഗ്യം
പരമേശ്വര പരിപാഹിമാം ജഗല്പതേ
സ്മരനാശനാ ശംഭോ പാർവ്വതീവര വിഭോ
സർവ്വമംഗളാത്മികേ സർവ്വസിദ്ധിദേ ദേവി
ശർവ്വാണി രുദ്രജായേ പാർവ്വതി ഭക്തപ്രിയേ
പാദപങ്കജങ്ങളിൽ ഭക്തി സംഭവിക്കേണം
പാദജനായ കൃഷ്ണനാമാവാമടിയനും
ചേതസി മായാമോഹമകലെയകറ്റേണം

ഭൂതേശപ്രിയേ തവ കാരുണ്യപൂരമേകേണം
ശങ്കര ശിവശിവ ശങ്കര ശങ്കരി ജയ
സങ്കടം തീൎത്തു മമ മംഗളമരുളേണം
ഇങ്ങിനെ ശിവനാമമുച്ചരിപ്പോരന്തരം
തിങ്ങിന മോദം തന്ന വാണിടു സന്താനങ്ങളും.

[illegible]

ശിവനാമാവലി.

അകാരാദി.

അംഗജാവല്ലഭ ഗൌരീശ ഖഗവാഹാൎച്ചിത ഗൌരീശ
അംഗജാവല്ലഭ ഖഗവാഹാൎച്ചിത ഭുജഗഭൂഷിതകര ഗൌരീശ
ആസുരകുലഹര ഗൌരീശ ഭാസുരശേഖര ഗൌരീശ
ആസുരകുലഹരഭാസുരശേഖര ഭൂസുരവന്ദിത ഗൌരീശ
ഇന്ദ്രമുഖാൎച്ചിത ഗൌരീശ ചന്ദ്രകലാധര ഗൌരീശ
ഇന്ദ്രമുഖാൎച്ചിത ചന്ദ്രകലാധര സാന്ദ്രകൃപാലയ ഗൌരീശ
ഉഗ്രസദാശിവ ഗൌരീശ നിഗ്രഹകാരണ ഗൌരീശ
ഉഗ്രസദാശിവ നിഗ്രഹകാരണ ദുൎഗ്രഹനാശന ഗൌരീശ
ഊരീകൃതവിഷ ഗൌരീശ ദൂരീകൃതയമ ഗൌരീശ
ഊരീകൃത വിഷദൂരീകൃതയമ ഗൌരീ ഹൃദ്ഗൃഹ ഗൌരീശ
ഋഷഭകേതുഗ ഗൌരീശ വൃഷവാഹന ഗൌരീശ (ശ
ഋഷഭകേതുഗ വൃഷഭവാഹന വൃഷമുഖ സന്നുതഗൌരീ
ഏധിതഭൂതഗണഗൌരീശ ബാധിതരിപുഗണഗൌരീശ
ഏധിതഭൂതഗണ ബാധിതരിപുഗണ ബോധിതപരിചി
(ൽ ഗൌരീശ

ഐശ്വര്യപ്രദ ഗൗരീശ വിശേഷശേഷ ശിവ ഗൗരീശ
ഐശ്വര്യപ്രദ വിശേഷശേഷശിവ വിശ്വാത്മൻ ഹര ഗൗ
ഓങ്കാരാത്മക ഗൗരീശ ലങ്കേശാൎച്ചിത ഗൗരീശ (രീശ
ഓങ്കാരാത്മക ലങ്കേശാൎച്ചിത പങ്കാപഹപദ ഗൗരീശ
ഔക്ഷകവാഹന ഗൗരീശ ഭിക്ഷുജനപ്രിയ ഗൗരീശ
ഔക്ഷകവാഹന ഭിക്ഷുജനപ്രിയ ഭിക്ഷാടനപര ഗൗരീശ
അംഗജനാശന ഗൗരീശ തുംഗജടാധര ഗൗരീശ
അംഗജനാശന തുംഗജടാധര മംഗലമൂൎത്തേ ഗൗരീശ
അൎജ്ജുനസേവിത ഗൗരീശ ദുൎജ്ജനനാശന ഗൗരീശ
അൎജ്ജുനസേവിത ദുൎജ്ജനനാശന ഗൎജ്ജിതപുരഹര ഗൗ
(രീശ

നാമം [illegible]
[illegible] ശ്രീകണ്ഠ [illegible].

വിഷ്ണുനാമാവലി.

അക്ഷരമാല.

ഹരിനാരായണ ഗോവിന്ദ ഹരിഹരപൂജിത ഗോവിന്ദ
ഹരിനാരായണ ഹരിഹരപൂജിത നരകവിനാശന ഗോവി
ശ്രീവര മാധവ ഗോവിന്ദ കേവല കേശവ ഗോവിന്ദ (ന്ദ
ശ്രീവര മാധവ കേവല കേശവ പാവനമൂൎത്തേ ഗോവിന്ദ
ശങ്ഖധരാസന ഗോവിന്ദ ഋദ്ധ കരുണാലയ ഗോവിന്ദ
ശങ്ഖധരാസന ഋദ്ധ കരുണാലയ മുരമദനാശന ഗോവി
പക്ഷിപതിസ്യന്ദന ഗോവിന്ദ ശേഷഫണനന്ദന ഗോവിന്ദ (ന്ദ

പശുപതി സന്നുതശേഖരനന്ദനദശമുഖനാശനഗോവിന്ദ
തപനകുലോദ്ഭവഗോവിന്ദ താപവിമോചന ഗോവിന്ദ
തപനകുലോദ്ഭവതാപവിമോചനകൃപണജനാശ്രയ
(ഗോവിന്ദ
യേ ച ഭജന്തേ ഗോവിന്ദ തേപാരണം തേ ഗോവിന്ദ
യേ ച ഭജന്തേ തേചാരണം തേ മോചനമീയുർഗ്ഗോവിന്ദ
നരകനിഷൂദന ഗോവിന്ദ നരഹരിവിഗ്രഹ ഗോവിന്ദ
നരകനിഷൂദനനരഹരിവിഗ്രഹസുരവരസേവിതഗോവിന്ദ
മത്സ്യാകൃതിധരഗോവിന്ദ സത്താമാത്രക ഗോവിന്ദ
മത്സ്യാകൃതിധരസത്താമാത്രകമുക്തിപ്രദവരഗോവിന്ദ
അച്യുതശാശ്വതഗോവിന്ദ നിശ്ചലനിരുപമഗോവിന്ദ
അച്യുതശാശ്വതനിശ്ചലനിരുപമ സച്ചിന്മയമോ ഗോ
(വിന്ദ
ആദിവിവർജ്ജിത ഗോവിന്ദ ചോദിതപശുകുല ഗോവിന്ദ
ആദിവിവർജ്ജിത ചോദിതപശുകുലമോദിത ഭൂതവര
(ഗോവിന്ദ
ഇനകുലഭൂഷണഗോവിന്ദ ദനുകുലദൂഷണ ഗോവിന്ദ
ഇനകുലഭൂഷണ ദനുകുലദൂഷണതനുജിതമന്മഥഗോവിന്ദ
ഈശശരാധരഗോവിന്ദ വീശരഥാനഘ ഗോവിന്ദ
ഈശശരാധര വീശരഥാനഘനാശവിവർജ്ജിത ഗോവിന്ദ
ഉഷ്ണകരേക്ഷണ ഗോവിന്ദ കൃഷ്ണമുരാന്തക ഗോവിന്ദ
ഉഷ്ണകരേക്ഷണകൃഷ്ണമുരാന്തക വൃഷ്ണികുലോദ്ഭവ ഗോവിന്ദ
ഊർജ്ജസ്വലവരഗോവിന്ദ ധൂർജ്ജടിസേവിത ഗോവിന്ദ
ഊർജ്ജസ്വലവരധൂർജ്ജടിസേവിതഭൂർജ്ജപടപ്രിയ ഗോവിന്ദ
ഋതുമാസാത്മകഗോവിന്ദ ഭീതിജനിവാരണ ഗോവിന്ദ

ഋഷിമാനസാത്മകകൃതിജനവിദാരണ യതിജനസംസ്തുത
(ഗോവിന്ദ

ഏതത്സത്വം ഗോവിന്ദ ഋതേശത്വം ഗോവിന്ദ
ഏതത്സത്വം ഋതേശത്വം പീതാംബരധരോ ഗോവിന്ദ
ഐശ്വര്യപ്രദഗോവിന്ദ വിശേഷശാമലഗോവിന്ദ
ഐശ്വര്യപ്രദ വിശേഷശാമല വിശ്വപാവനാപര ഗോവിന്ദ
ഓങ്കാരാത്മകഗോവിന്ദ പങ്കജപാദപദ ഗോവിന്ദ
ഓങ്കാരാത്മക പങ്കജപാദപദ ശങ്കരസ്തുത്യ ഗോവിന്ദ
ഔദാര്യാത്മകഗോവിന്ദ വേദാഗമമയഗോവിന്ദ
ഔദാര്യാത്മകവേദാഗമമയ വേദാന്തകരോ ഗോവിന്ദ
അംബുജലോചനഗോവിന്ദ കംബുഗളാധരഗോവിന്ദ
അംബുജലോചനകംബുഗളാധര തുംബുരുസേവിത ഗോവി
അപ്രതിമൌജസഗോവിന്ദ വിപ്രജനപ്രിയ ഗോവിന്ദ (ന്ദ
അപ്രതിമൌജസവിപ്രജന സുപ്രസ്തുത്യ ഗോവിന്ദ
കമലാവല്ലഭ ഗോവിന്ദ കമലോത്ഭവനത ഗോവിന്ദ
കമലാവല്ലഭകമലോത്ഭവനതവിമലാനഘഗുണ ഗോവിന്ദ
ഖഗപതി വാഹന ഗോവിന്ദ നഗനഗപാദമോക്ഷദ ഗോവിന്ദ
ഖഗപതിവാഹനനഗനഗപാദമോക്ഷദജഗദധിപാലക
(ഗോവിന്ദ

ഗജപാദമോക്ഷദ ഗോവിന്ദ നിജജനകിങ്കര ഗോവിന്ദ
ഗജപാദമോക്ഷദനിജജനകിങ്കര സുജനാവനരത ഗോവിന്ദ
ഘനരുചിവിഗ്രഹ ഗോവിന്ദ കനകനിഭാംബര ഗോവിന്ദ
ഘനരുചിവിഗ്രഹ കനകനിഭാംബര ജനകസുതാവര
(ഗോവിന്ദ

ചന്ദ്രകശേഖരഗോവിന്ദ ഛന്നഗുണോജ്ജ്വല ഗോവിന്ദ
ചന്ദ്രകശേഖരഛന്നഗുണോജ്ജ്വലസാന്ദ്രകൃപാലയ ഗോവിന്ദ
ജലദാവിഗ്രഹ ഗോവിന്ദ ഝങ്കൃതഭൂഷണ ഗോവിന്ദ
ജലദാവിഗ്രഹഝങ്കൃതഭൂഷണ ബൃന്ദാരകനുതഗോവിന്ദ
ജലജവിലോചന ഗോവിന്ദ ജലധിസുതാവര ഗോവിന്ദ
ജലജവിലോചനജലധിസുതാവര ഖലജനമാരണ
(ഗോവിന്ദ

ഝഷവിഗ്രഹധര ഗോവിന്ദ വിഷധരമർദ്ദനഗോവിന്ദ
ഝഷവിഗ്രഹധര വിഷധരമർദ്ദന വൃഷപരിപാലക
(ഗോവിന്ദ

ജ്ഞാനകളേബര ഗോവിന്ദ ദീനജനാശ്രയ ഗോവിന്ദ
ജ്ഞാനകളേബരദീനജനാശ്രയമാനവിവർജ്ജിത ഗോവിന്ദ
ടങ്കായുധസഖ ഗോവിന്ദ പങ്കേതഠമുഖ ഗോവിന്ദ
ടങ്കായുധസഖ പങ്കേതഠമുഖ സങ്കടനാശന ഗോവിന്ദ
ഡാഢിമമന്ത്രഗ ഗോവിന്ദ ഢോഢിതരിപുകല ഗോവിന്ദ (ന്ദ
ഡാഢിമമന്ത്രഗഢാഢിത രിപുകല മോഢിതമുനികല ഗോവി
ഢമരുരവപ്രിയ ഗോവിന്ദ സമരജിതാസുരഗോവിന്ദ
ഢമരുരവപ്രിയ സമരജിതാസുര ശമധനപൂജിത ഗോവി
ഢക്കാബോധിത ഗോവിന്ദ ദുഷ്കലിമലഹര ഗോവിന്ദ (ന്ദ
ഢക്കാബോധിത ദുഷ്കലിമലഹര കല്കിവപുർദ്ധര ഗോവിന്ദ
തത്വാന്തരഗതഗോവിന്ദ സത്വഗുണാത്മക ഗോവിന്ദ
തത്വാന്തരഗത സത്വഗുണാത്മക യാതനാന്തകളജഗോ
(വിന്ദ

സ്ഥവിരജനപ്രിയ ഗോവിന്ദ രവികലനന്ദന ഗോവിന്ദ
സ്ഥവിരജനപ്രിയ രവികലനന്ദന ഹവിരശനപ്രിയ
(ഗോവിന്ദ

ദനുജകുലാന്തക ഗോവിന്ദ മനുവംശാധിപ ഗോവിന്ദ
ദനുജകുലാന്തക മനുവംശാധിപ ഹനുമൽസേവിത
(ഗോവിന്ദ
ധരണീനായക ഗോവിന്ദ ധരണീഭരഹര ഗോവിന്ദ
ധരണീനായക ധരണീഭരഹര ധരണീധരധര ഗോവിന്ദ
നരനാരായണ ഗോവിന്ദ വരദാനവ്രതഗോവിന്ദ
നരനാരായണ വരദാനവ്രത വരകിടിവിഗ്രഹ ഗോവിന്ദ
പങ്കജലോചന ഗോവിന്ദ പങ്കവിനാശന ഗോവിന്ദ
പങ്കജലോചന പങ്കവിനാശന ശങ്കരസേവിത ഗോവിന്ദ
ഫൽഗുന ബാന്ധവ ഗോവിന്ദ വൽഗുമുഖാംബുജ ഗോ
(വിന്ദ
ഫൽഗുനബാന്ധവ വൽഗുമുഖാംബുജ സൽഗുണമൂർത്തേ
(ഗോവിന്ദ
ബലഭദ്രാനുജ ഗോവിന്ദ ബലിമദനാശന ഗോവിന്ദ
ബലഭദ്രാനുജ ബലിമദനാശന കലിമലനാശന ഗോവിന്ദ
ഭദ്രാസോദരഗോവിന്ദ വിദ്രാവിതപര ഗോവിന്ദ
ഭദ്രാസോദര വിദ്രാവിതപര ഭദ്രാത്മപ്രദ ഗോവിന്ദ
മധുകൈടഭഹരഗോവിന്ദ വിധുരവിലോചന ഗോവിന്ദ
മധുകൈടഭഹര വിധുരവിലോചന മധുരാനായക ഗോ
(വിന്ദ
യമളയവാരണ ഗോവിന്ദ കമഠാകൃതിധര ഗോവിന്ദ
യമളയവാരണ കമഠാകൃതിധര കമനീയാത്മക ഗോവിന്ദ
രജനീചരാന്തക ഗോവിന്ദ സുജനാഹിതോത ഗോവിന്ദ
രജനീചരാന്തക സുജനാഹിതോത രജകഗതിപ്രദ ഗോ
(വിന്ദ

ലളിതാകൃതിധര ഗോവിന്ദ ഗളിതാമൃതപദ ഗോവിന്ദ
ലളിതാകൃതിധര ഗളിതാമൃതപദ മിളിതയദുവ്രജ ഗോ
(വിന്ദ

വടുവിഗ്രഹധര ഗോവിന്ദ പടുവിക്രമകര ഗോവിന്ദ
വടുവിഗ്രഹധര പടുവിക്രമകര കടുശകടാന്തക ഗോവിന്ദ
ശർമ്മാമൃതകര ഗോവിന്ദ നിർമ്മമ നിർമ്മല ഗോവിന്ദ
ശർമ്മാമൃതകര നിർമ്മമ നിർമ്മല ധർമ്മകുലഭൂഷണ ഗോവിന്ദ
ഷൺമുഖമുഖനുത ഗോവിന്ദ സന്മുഖ സനാതന ഗോവിന്ദ
ഷൺമുഖമുഖനുത സന്മുഖ സനാതന സന്മയമാധവ ഗോ
(വിന്ദ

സനകമുഖാർച്ചിത ഗോവിന്ദ വനജോജ്ജ്വലനുത ഗോവിന്ദ
സനകമുഖാർച്ചിത വനജോജ്ജ്വലനുത വിനയഗുണോജ്ജ്വല
(ഗോവിന്ദ

ഹരിഹരസേവിത ഗോവിന്ദ പരചിദ്രസമയ ഗോവിന്ദ
ഹരിഹരസേവിത പരചിദ്രസമയ പരശുധരപ്രിയ ഗോ
ളാളിതള്ളമ ഗോവിന്ദ മേളിതാധിക ഗോവിന്ദ (വിന്ദ
ളാളിതള്ളമ മേളിതാധിക കേളിവിനോദക ഗോവിന്ദ
ക്ഷത്രകുലോദ്വഹ ഗോവിന്ദ മിത്രസുതപ്രിയ ഗോവിന്ദ
ക്ഷത്രകുലോദ്വഹ മിത്രസുതപ്രിയ ചിത്രാകൃതിധര ഗോ
(വിന്ദ

[illegible]
[illegible]

നാമാവലി അക്ഷരമാല സമാപ്തം.

സന്താനഗോപാലം

പാട്ട്.

നല്ല വിശേഷങ്ങൾ ചൊൽവാൻ വരിക നീ
കല്യാണശീലേ! കിളിക്കിടാവേ!
നന്ദപുരേ വാഴും നാരായണസ്വാമി
എന്നെ വഴിപോലെ കാത്തുകൊൾക
നാരായണസ്വാമി തന്നുടെ ലീലക-
ളാരെങ്കിലും സദാ ചൊല്ലിപ്പാടി
ക്കേവേ നന്നായുറിച്ചു ഗ്രഹിച്ചാലും
ഭംഗിയോടേയിട്ടു കേട്ടുകൊൾവിൻ
കണ്ണൻ തളികയിൽ കണ്ണൻ തിരുവടി
കൺമുനകൊണ്ടു കടാക്ഷിച്ചീടും
കണ്ണൻ കരിമുകിൽവർണ്ണൻ മുകുന്ദന്റെ
കർണ്ണാമൃതമാം കഥകൾ ചൊൽവാൻ
പാപങ്ങൾകൊണ്ടുള്ള താപങ്ങൾ തീരുവാൻ
ഗോപാലലീലകളല്ലോ നല്ല
പൈങ്കിളി മെല്ലപ്പറഞ്ഞുതുടങ്ങിനാൾ
എങ്കിലോ കേട്ടാലും മാലോകരേ
സന്താനഗോപാലം ചൊല്ലുന്നതുണ്ടു ഞാൻ
സന്തതിക്കൂറ്റം പ്രധാനമല്ലോ
സന്തോഷമുണ്ടാകും സമ്പത്തുമുണ്ടാകും
സന്താനഗോപാലം കേട്ടുകൊണ്ടാൽ

നാരായണൻ തന്റെ നാരിമാരുമായി
ദ്വാരകാതന്നിൽ വസിയ്ക്കുംകാലം
വീരൻ വിജയനും വന്നാനക്കാലം
വാരിജനേത്രനെ വന്ദിപ്പാനായ്
ആക്കാലമങ്ങൊരു വിപ്രന്റെ നാലഞ്ചു
മക്കൾ പിറന്നു മരിച്ചുപോയി
ദുഃഖം പൊറാഞ്ഞവനക്കാലം ദ്വാരകാ
പുക്കു മുകുന്ദനോടേവം ചൊന്നാൻ
ബാലമരണം നീ കേട്ടില്ലേ ഗോപാല
നാലഞ്ചു ബാലന്മാർ നഷ്ടമായി
നാട്ടിന്നു രാജാവു നീയെന്നു കേൾക്കുന്നു
നാട്ടിലനർത്ഥം കഴിച്ചിടുന്നു
കേട്ടാൽ നിനക്കൊരു കുട്ടമില്ലേതുമേ
കേട്ടില്ലെന്നല്ലോ നിനക്കു ഭാവം
എത്ര കൊതിച്ചിട്ടു പുത്രന്മാരുണ്ടായി
എത്ര വഴിപാടു നേർന്നു ഞാനും
വേദിയരെക്കൊണ്ടു വേദം ജപിപ്പിച്ചു
വേദാന്തകർമ്മങ്ങളെല്ലാം ചെയ്തു
ക്ഷേത്രങ്ങളിൽ പൂജാപാത്രങ്ങൾ തീർപ്പിച്ചു
ക്ഷേത്രം പല പല കേടുപോക്കി
മാലാ നിവേദ്യം വിളക്കും തുടങ്ങിച്ചു
മാലോകർ ചൊല്ലുന്നതെല്ലാം ചെയ്തു
പിന്നെത്തിരുവോണമൂട്ടും തുടങ്ങിച്ചു
എന്നല്ലേടോ ഗണഹോമം ചെയ്തു
സോമവാരവ്രതമിന്നും മുടങ്ങീലാ

നാമൊന്നും ചെയ്യാത്തിട്ടല്ലിതൊന്നും
ഉണ്ടായ പുത്രന്മാരെല്ലാം മരിച്ചുപോയ്
കണ്ടാലുമെന്നുടെ കർമ്മദോഷം
പണ്ടാർക്കുമിവണ്ണമുണ്ടായില്ലാ പത്തു
തണ്ടാർമകളുടെ കാന്ത! കേൾ നീ
നിന്നുടെ ദുഃഖംകൊണ്ടിങ്ങനോ വന്നു
എന്നോ പറയുന്നു കേൾക്കുന്നോരും
എന്നുടെ ദുഃഖമെന്നോ പറയേണ്ടു
മന്നിൽ മറ്റാർക്കുമനർത്ഥമില്ലാ
എന്നുള്ള വാക്കുകൾ കേട്ടു മുകിൽവർണ്ണൻ
ഒന്നും കല്പിച്ചീല തെല്ലുപോലും
മല്ലാരിക്കാവതില്ലെന്നറിഞ്ഞാരെ
ഇല്ലത്തേക്കമ്മാറു പോന്നു വിപ്രൻ
പിന്നെയും ഭാര്യ പ്രസവിച്ചു നല്ലൊരു
നന്ദനനുണ്ടായ്മരിച്ചുപോയി
ഈവണ്ണമെട്ടുസുതന്മാർ മരിച്ചതും
ഗോവിന്ദനോടവൻ വന്നു ചൊല്ലി
അന്നന്നതിങ്ങനെ കണ്ടാലും കേട്ടാലു-
മൊന്നും കല്പിച്ചില വാസുദേവൻ
ഒമ്പതാം പുത്രൻ പിറന്നു മരിച്ചപ്പോൾ
സംഭ്രമം പൂണ്ടിതു ഭൂമിദേവൻ
ഉണ്ണിതൻ ചത്ത ശവവുമെടുത്തുടൻ
കണ്ണന്റെ മുമ്പിൽ കിടത്തിച്ചൊന്നാൻ
കണ്ണു മിഴിച്ചു മരിച്ചു കിടക്കുന്ന
ഉണ്ണിയെക്കണ്ണ നീ കണ്ടുകൊൾക

പെണ്ണുങ്ങളോടിടകൂടീരസിക്കുന്ന
പൊണ്ണന്മാൎക്കേണോ വിശേഷമതൊ നം
എണ്ണമില്ലാതോളം ഭാൎയ്യമാരുണ്ടായി
സ്വൎണ്ണാദിസമ്പത്തുമേററമുണ്ടായ്
സംഖ്യയില്ലാതോളം പുത്രരുമുണ്ടായി
പുത്രന്റെ പുത്രനും പൌത്രന്മാരും
നല്ല സുഖമെന്റെ കൃഷ്ണാ നിനക്കിപ്പോ-
ളില്ലാതെ മറെറാരു ചിന്തയില്ല
നാട്ടിലിരിക്കും ജനത്തിന്റെ സങ്കടം
കേട്ടാലുമില്ലൊരു ഭാവഭേദം
കാരുണ്യമില്ലാത്ത കശ്മല നിന്നുടെ
സാമൎത്ഥ്യശേഷികളാൎക്കുചേരും
അമ്മാവനെക്കൊലചെയ്തു നിനക്കിപ്പോൾ
സമ്മാനിപ്പാനായിക്കൊണ്ടുപോന്നോൻ
ദൃഷ്ടിയുറച്ചു മരിച്ചു കിടക്കുന്നു
ദുഷ്ട നീ ബാലനെക്കണ്ടുകൊൾക
കൊഞ്ചുവാൻ നിന്നെയെടുത്തൊരു പെണ്ണിനെ
വഞ്ചിച്ചു കൊന്നില്ലേ ഗോവിന്ദാ നീ
നിന്നുടെ മുമ്പിൽ ഞാൻ പ്രാണൻ കളവാനാ-
ഞ്ഞുന്നു ധരിക്ക നീ വാസുദേവ
വിപ്രന്റെ വാക്കുകളിവണ്ണം കേട്ടപ്പോൾ
ക്ഷിപ്രം പറഞ്ഞിതു പാൎത്ഥൻ താനും
ദുൎഭാഷണം മതി പോരും മഹീസുര
ദുൎവ്വാക്കുകൊണ്ടു ഫലമില്ലേതും
പത്താംകുമാരനെ പാലിക്കുന്നുണ്ടു ഞാൻ

പാൎത്താലും വിപ്രാ നീയത്ര നാളും
പാൎത്ഥന്റെ വാക്കുകളിവണ്ണം കേട്ടപ്പോൾ
പാരം പരിഹാസം പൂണ്ടു ചൊന്നാൻ
അയ്യോ ജളത്വം പറയാതെ നില്ല നീ
നില്ലായിതിന്നു മതിയാകുന്നു
ഭോഗീന്ദ്രരായിട്ടു സാധിയാകാത്തതാം
ഭോഷ നിനക്കുണ്ടോ സാധിക്കുന്നു
ആനത്തലവനു സാധിയാകാത്തതാം
അണ്ണാക്കണ്ണനു സാദ്ധ്യമാമോ
മിന്നുന്ന സൂൎയ്യൻ വിളങ്ങുന്ന നേരത്തു
മിന്നാമിനുങ്ങിനു ശോഭയുണ്ടോ
മിണ്ടാതെ നില്ലെടാ മൂഢാ നിനക്കിപ്പോൾ
കണ്ടാൽ പൊറുക്കയില്ലെന്നുചെയ്യും
തന്നത്താനോൎക്കാതെ മേനിപറയുന്ന
നിന്നെ ഞാനൊന്നറിഞ്ഞില്ലല്ലോ
അന്നേരം വില്ലുമെടുത്തു കലച്ചുടൻ
നിന്നു പറഞ്ഞിതു പാണ്ഡവനും
ഈരേഴുലോകത്തു വീരനായുള്ളവൻ
ആരാലറിയപ്പെടാത്തു വിപ്രാ
ദുൎയ്യോധനാദികളശേഷം മുടിച്ചോരു
വീൎയ്യാംബുരാശി ഞാൻ സവ്യസാചി
കാട്ടാളനായ്വന്ന കാലാരിദേവനെ
ക്കൂട്ടാക്കാതെതിരോരു പാണ്ഡവൻ ഞാൻ
പാരാതെ വിൽകൊണ്ടു വേടനെത്താഡിച്ചു
മേടിച്ചു പാശുപതാസ്ത്രമെല്ലാം

ഖാണ്ഡവകാനനം ചുട്ടുപൊടിച്ചോരു
ഭസ്മമാക്കീടിന പാണ്ഡവൻ ഞാൻ
കണ്ണന്റെ കാരുണ്യംകൊണ്ടു രണം തന്നിൽ
കർണ്ണാദിവംശം മുടിച്ചവൻ ഞാൻ
ഒന്നും മനക്കാമ്പിൽ ഖേദിക്കവേണ്ട നീ
നന്ദിച്ചുകൊൾക നീ ഭൂമിദേവ
പത്താംകുമാരനെപ്പാലിക്കുന്നുണ്ടു ഞാൻ
പാർത്താലും വിപ്ര നീയത്രനാളും
പാലിച്ചില്ലെന്നാകിൽ പാരാതെ വില്ലുമാ-
യ്പാവകൻ തൻകൽ പതിക്കുന്നോൻ ഞാൻ
ഗർഭം തികഞ്ഞാൽ ഗ്രഹിപ്പിക്കവേണം നീ
അപ്പോൾ വരുന്നുണ്ടു സത്യംതന്നെ
പാർത്ഥന്റെ വാക്കുകൾ കേട്ടോരു നേരത്തു
പാരം പ്രസാദിച്ചു ഭൂമിദേവൻ
പാരാതെ ഇല്ലത്തു ചെന്നു മഹീസുരൻ
പത്നിയോടേവം പറഞ്ഞാനപ്പോൾ
അയ്യോ നീ കേട്ടാലും ഭാഗ്യവഴിപോലെ
കാര്യങ്ങൾ മേലിൽ ശുഭമൊക്കണം
വീരനാമർജ്ജുനൻ വന്നിഹ വില്ലുമായ്
ചാരത്തു വന്നവൻ കാത്തുകൊള്ളും
ഇന്നിപ്പിറക്കുന്ന പുത്രന്റെ ജീവനെ
രക്ഷിച്ചുതന്നിടും ഫൽഗുനൻതാൻ
എള്ളും മനക്കാമ്പിൽ ഖേദിക്കവേണ്ട നീ
കൈതവമല്ലിതു സത്യംതന്നെ
അന്തർജ്ജനമതു കേട്ടോരു നേരത്തു

സന്തോഷംപൂണ്ടു സുഖിച്ചിരുന്നാൾ
പത്താമതും ഗർഭമുണ്ടായി പത്നിക്കു
പത്തും തികഞ്ഞിതു മെല്ലെ മെല്ലെ
അപ്പോൾ മഹീസുരൻ വന്നപത്തുക്കവേ
അപ്പാണ്ഡുപുത്രനെക്കൊണ്ടുപോന്നു
അമ്പുകൾ കൊണ്ടവനീററില്ലമുണ്ടാക്കി
വമ്പുള്ള പാണ്ഡവൻ കാത്തുനിന്നാൻ
ഈററില്ലം പുക്കിതു വിപ്രന്റെ ഭാര്യയും
പേററിനുവേണ്ടുന്ന പെണ്ണുങ്ങളും
നൊന്തുവിളിക്കുന്ന കേൾപ്പാൻ ചെവിപാർത്തു
സന്തോഷംപൂണ്ടു ഗൃഹസ്ഥൻ നിന്നാൻ
വില്ലുംകുലച്ചോരു ബാണവും കൈക്കൊണ്ടു
വില്ലാളി ഫൽഗുനൻ കാത്തുനിന്നാൻ
ഈററില്ലം തന്നിലെപ്പാരത്തു പെണ്ണുങ്ങൾ
ഏററം കലമ്പുവാൻ വന്നുകൂടി
നില്ക്കേണമെന്നു വിചാരിച്ചു നില്ക്കുമ്പോൾ
നില്പാനരുതൊട്ടും തോഴിമാരേ!
അയ്യോ മകളേ കിടന്നാൽ കണക്കല്ല
മെയ്യോട്ടുചേർന്നിരിയെന്നൊരുത്തി
നോവു വരുമ്പോളെഴുന്നേററു നില്ക്കേണം
അല്ലെങ്കിൽ നോവുശമിച്ചുപോകും
കമ്പിട്ടിരിക്കാതെ കാററം പലതുണ്ടു
കുട്ടിക്കുററാലുമുണ്ടാശ്ചര്യം
ഈവണ്ണമോരോരോ വാക്കുകൾ കേൾക്കായി
ഈററില്ലം തന്നിലേ കോലാഹലം

പത്തായ മാസവും പത്തുദിവസവും
പത്തുവിനാഴിക ചെല്ലുന്നേരം
നൊന്തുവിളിച്ചു പ്രസവിച്ചു പത്നിയും
എന്തുകിടാവെന്നു നോക്കുന്നേരം
പൈതൽകുമാരനൊ പ്രാണനുമില്ലാതെ
ചത്ത ശവംപോലും കാണ്മാനില്ല
പെണ്ണുങ്ങളൊക്കവെ വാവിട്ടലറവെ—
തിണ്ണെന്നു ചെന്നിതു പാർത്ഥൻ താനും
നേരവും നോക്കിയിട്ടില്ലം ഗൃഹസ്ഥനും
പാരമുഴന്നങ്ങു ചോദിച്ചപ്പോൾ
പെണ്ണുങ്ങൾ വന്നു പറഞ്ഞു പതുക്കവെ
ഉണ്ണിശവംപോലും കാണ്മാനില്ല
മോഹിച്ചുവീണങ്ങു തണ്ടു മഹീസുരൻ
ആകെത്തൊഴിച്ചു കരഞ്ഞുംകൊണ്ടു
വേഗേന പാർത്ഥന്റെ മുമ്പിലണഞ്ഞുടൻ
വേദനയോടെ കയർത്തു ചൊന്നാൻ
വീര ധനഞ്ജയ ശൂര ധനഞ്ജയ
പാരാതെ വഹ്നിയിൽ ചാടികൊൾക
വില്ലുംകുലച്ചോരു ബാണവും കൈക്കൊണ്ടു
വല്ലാളിവീരനും നില്ക്കുന്നേരം
കാലന്റെ കിങ്കരർ വന്നങ്ങു വേഗേന
ബാലന്റെ ദേഹവുംകൊണ്ടുപോയി
ഇത്രനാളുമെന്റെ പുത്രന്റെ വിഗ്രഹം
മാത്രമെന്നാകിലും കാണ്മാനുണ്ടായ്
നിന്റെ പരാക്രമം കൊണ്ടിന്നു ബാലകൻ

തന്റെ ശവംപോലും കാണ്മാനില്ല
എന്നെല്ലാമോരോ ജല്പിതം പറഞ്ഞു നീ
കന്തിക്കുമാറാക നീ താനെല്ലൊ
ഗംഗാധരനെ പ്രസാദിച്ച വൈഭവം
എങ്ങുപോയർജ്ജുന ചൊല്ലെന്നോട്
ദുര്യോധനാദിയെ കൊന്ന പരാക്രമം
അയ്യോയെന്നർജ്ജുന യെങ്ങുപോയി
തൊണ്ടന്മാരിങ്ങിനെ മേനിപറയുന്നു
കണ്ടാലുമെന്നുടെ കർമ്മദോഷം
ഭീരുവാം നിന്നുടെ ഭീഷണം കേട്ടപ്പോൾ
നേരെന്നു ബോധിച്ചതെന്റെ മോഹം
നിശ്ചിനി വൈകാതെ തീയ്യിൽ പതിച്ചാലും
ചെയ്യുന്നതെല്ലാമബദ്ധം തന്നെ
അല്ലെങ്കിൽ വേണ്ട നീ വല്ലേടം പൊയ്ക്കൊൾക
വല്ലാതെ ചാവുന്നതെന്തിനിപ്പോൾ
നിന്റെ ശരീരം ദഹിയ്ക്കുന്നു കാണുവാൻ
എന്റെ ശിരസ്സിൽ ലിഖിതമുണ്ടോ
നീളെത്തിരഞ്ഞു പുറപ്പെട്ടു വില്ലുമായ്
നിളാന്നപാതാളം തന്നിൽച്ചെന്നു
കാണാഞ്ഞുവേഗേന സ്വർഗ്ഗത്തെ പ്രാപിച്ചു
ചെന്നാനവിടേയും കണ്ടതില്ല
കാലപുരിയിലും ചെന്നു ധനഞ്ജയൻ
ബാലനവിടേയും കണ്ടില്ലെന്നായ്
എങ്ങുമൊരേടത്തും കാണാഞ്ഞുവേഗേന
ഇങ്ങു ധരണിയിൽ തന്നെ പോന്നു

തീക്ഷ്ണധം ച്ചൂട്ടിട്ട തിയ്യംപിടിപ്പിച്ചു
തിണ്ണന്നകത്തിജ്വലിയ്ക്കുന്നേരം
മൂന്നു പ്രദക്ഷിണംവെച്ചു ധനഞ്ജയൻ
മൂർത്തികൾ മൂവ്വരെയും വണങ്ങി
വില്ലും ശരങ്ങളുംകൂടിപ്പിടിച്ചുടൻ
തെല്ലുംമടിയാതെ തിയ്യിൽച്ചാടാൻ
ഭാവിച്ചുറച്ചുടനോടിയണഞ്ഞപ്പോൾ
ഗോവിന്ദൻ ചെന്നു കരംപിടിച്ചു
നില്ലെന്റെ ഫൽഗുനാ നീയെന്തു ഭാവിച്ചു
തിയ്യിൽ പതിയ്ക്കുന്നതെന്തിനിപ്പോൾ
ഞാനല്ലയോ നിന്റെ ബന്ധു ധനഞ്ജയ
ജ്ഞാനികൾക്കാധാരം ഞാനാകുന്നു
കന്തികമാരക പോകനാം വൈകാതെ
ചിന്തിച്ചകാര്യം വരുത്തിടുന്നേൻ
പാരാതെ നിയ്യെന്റെ തേരിൽ കരേറുക
വീര വിജയ വിഷാദിയ്ക്കേണ്ട
മൂന്നുലോകത്തെയും മൂന്നടിയാക്കിയ-
ളന്നവൻ മാധവൻ കൃഷ്ണനന്നി
നാരായണദേവനേവമരുൾചെയ്തു
തേരിലുക്കേറിയിരുന്നരുളി
വീരൻവിജയനും കൂടെക്കരേറിനാൻ
തേരുതെളിയ്ക്കുന്നദാരുകനും
നേരെ പടിഞ്ഞാട്ട നോക്കിത്തിരിച്ചിതു
നാരായണനും ധനഞ്ജയനും
ആഴികളേഴും കടന്നു പതുക്കവേ

നാഴികനേരം കഴിഞ്ഞിടാതെ
ലോകാലോകമതുമാശു കടന്നവൻ
ലോകാധിനാഥൻ ധനഞ്ജയനാം
സൂൎയ്യന്റെ രശ്മികളില്ലാത്തതിൽപ്പുറം
കൂരിരുട്ടല്ലാതെ മറ്റൊന്നില്ല
കണ്ണുകൾ കാണാഞ്ഞു പാണ്ഡുകുമാരനും
ഭയംതുടങ്ങി മനസ്സിലപ്പോൾ
തന്റെ സുദർശനചക്രത്തെ ധ്യാനിച്ചു
താമസംകൂടാതെ വാസുദേവൻ
കോടിദിനേശന്മാർ കൂടിയുദിച്ചപോലെ
മോടികലർന്നപ്രകാശത്തോടെ
ഓടിയണഞ്ഞിതു ചക്രം സുദർശനം
പേടിച്ചുമണ്ടിയിരുട്ടശേഷം
നല്ലവെളിച്ചം തെളിഞ്ഞതുനേരത്തു
നന്നായ്പ്രസാദിച്ചു പാണ്ഡുസൂനു
ഗോവിന്ദ മാധവ കൃഷ്ണ മുരാന്തക
ഗോപീമനോഹര വാസുദേവാ
നാരായണാനന്ദ വിഷ്ണോ ജനാർദ്ദന
നാഥ നമസ്കാരമെന്നിവണ്ണം
ദാമോദരന്റെ തിരുനാമവുംപാടി
സാമോദമിങ്ങിനെ പോകുന്നേരം
കോടിദിനേശനാദിച്ച പ്രകാശനാ
കാണായി വൈകുണ്ഠമായ ലോകം
പാലാഴിതൻ തിരമാലാപാതത്തിന്റെ
കോലാഹലങ്ങളും കേൾക്കാറായി

നിരാഴമുള്ളൊരു ക്ഷീരാബ്ധിതൻതിരെ
വേഗത്തിൽ ചെന്നങ്ങു നോക്കുന്നേരം
ഈരേഴുലകിന്റെ വേരായ്‌വിളങ്ങുന്ന
നാരായണൻതന്റെ ദിവ്യദേഹം
ഏറെ വിശേഷിച്ചു കാണുമാറായ്‌വന്നു
ഓരോ ഭവനങ്ങൾ വേറെ വേറെ
പൊന്നും മണികളും മിന്നും കരാനിറം
മുന്നിലായോരോന്നു കാണായ്‌വന്നു
മുത്തും പവിഴവുമൊത്തു വിളങ്ങുന്ന
പത്തനജാലങ്ങൾക്കറ്റമില്ല
പത്താരമാറ്റുള്ള തങ്കങ്ങൾ കൊണ്ടുള്ള
പുത്തൻ ഗൃഹങ്ങൾക്കുമറ്റമില്ല
ഏഴു നിലയുള്ള മാടങ്ങളങ്ങിനെ
ഏതാനുമല്ലൊരു നൂറു കോടി
ദേവേന്ദ്രൻ തന്നുടെ ഭാര്യമാരുമായി
ദേവന്റെ മുമ്പിലും കാണായ്‌വന്നു
ഉർവ്വശി മേനകാ രംഭാ തിലോത്തമ
സാരസ്യമാംവണ്ണം പാടീടുന്നു
ഓടക്കുഴൽവിളിയുമാനമാട്ടവും
കേടറ്റ കൂത്തുമുണ്ടങ്ങു ഭാഗേ
ദാമോദരന്റെ തിരുനാമവും പാടി
സാമോദമിങ്ങിനെ പോകുന്നേരം
ഓരോ വിശേഷങ്ങളെത്ര മനോഹരം
ആരോമലാംവണ്ണം കാണായ്‌വന്നു
നാലു കരങ്ങളിൽ നാലായുധത്തോടും
നാനാജനങ്ങളും കാണായ്‌വന്നു

വിഷ്ണുസ്വരൂപത്തെ പ്രാപിച്ചു ഭക്തന്മാർ
വിഷ്ണുസ്തുതിചെയ്തു നിന്നീടുന്നു
ഈവണ്ണമോരോന്നു കണ്ടു പാൎത്ഥനവെ
ദേവന്റെ മന്ദിരം കണ്ടു പിന്നെ
മാണിക്യരത്നവിളക്കു നിരക്കവെ
കാണായി കൃഷ്ണനർജ്ജുനനാം
സർപ്പേശനായുള്ള തല്പേ ശയിക്കുന്ന
ചിൽപ്പുരുഷാംബുജം കാണാകുന്നു
പൊന്നും കിരീടവും മിന്നും കുണ്ഡലനിരം
മിന്നുന്ന നെററി മേലേകപുണ്ഡ്രം
ചൊല്ലേറും പങ്കജംപോലെ വിളങ്ങുന്ന
തൃക്കണ്ണു രണ്ടും തിരുമുഖവും
അൎണ്ണോജനേത്രങ്ങളാകലഭംഗിയും
കർണ്ണങ്ങൾ രണ്ടും കവിൾത്തടവും
ഭംഗികളും തിരുമാറിൽ വനമാല
കൌസ്തുഭരത്നവും ശ്രീവത്സവും
ശംഖും ഗദാ ചക്രം പങ്കജനാഭന്റെ
കങ്കണം മോതിരം കാണാകുന്നു
ചിത്രംവിചിത്രം കുറികൾ പലവിധ-
മെത്ര മനോഹരമെന്നെ വേണ്ടു
ശ്രീദേവിയും പിന്നെ ഭൂദേവിയും
രണ്ടു ഭാഗേ വസിപ്പതു കാണാകുന്നു
പക്ഷീന്ദ്രനാകും ഗരുഡനെ കാണായി
ലക്ഷം മുനികളും ദേവകളും
ഇമ്പമ നാഥനാംബുജലോചനൻ

അംബുജബാണാദിദേവൻതാനും
മുപ്പത്തുമുക്കോടി ദേവകളൊക്കവെ
തത്ഭക്തന്മാരായി വന്ദിക്കുന്നു
വിപ്രന്റെ പുത്രന്മാരെയും ഭഗവാന്റെ
തല്പെ ശയിക്കുന്ന കാണാകുന്നു
ശ്രീദേവി തന്റെ മുലയും കുടിക്കുന്നു
ഭൂദേവബാലന്മാർ ക്രീഡിക്കുന്നു
പത്താം കുമാരനെ മാറത്തു ചേർത്തുടൻ
പൊൽത്താർമകൾ മുല നൽകീടുന്നു
നാലാണ്ടു മൂന്നാണ്ടു പൃക്ക കുമാരന്മാർ
ത്രൈലോക്യനാഥന്റെ മെത്തതന്മേൽ
ചെന്നു കരേറുമിറങ്ങും പതുക്കവെ
പിന്നെത്തിരുമടി ചെന്നിരിക്കും
പന്നഗരാജനവൻ തന്റെ ദേഹത്തിൽ
ചെന്നു കരേറുന്നു ബാലന്മാരും
ഘോരമായുള്ള ഫണത്തിൻ മുകളേറി
സ്വൈരമായ്വാഴുന്നു ബാലകന്മാർ
ശ്രീവാസുദേവനും കുന്തീതനയനും
വൈകുണ്ഠം തന്നിലും ചെന്നിറങ്ങി
തേരിന്മേൽനിന്നങ്ങിറങ്ങീട്ടിരുവരും
ചേരുന്ന വണ്ണം സ്തുതിച്ചിടുന്നു
ലോകേശനാഥനാം നാരായണസ്വാമി
തന്റെ തിരുമുമ്പിൽ ചെന്നു മെല്ലെ
വിഷ്ണുഭഗവാനുമന്നേരം മെല്ലവെ
കൃഷ്ണാർജ്ജുനന്മാരെ തൃക്കണ്ണോർത്തു

പുഞ്ചിരിയാകും തളിരും നിലാവുകൾ
തഞ്ചും കടാക്ഷവും തൂകിത്തൂകി
സുന്ദരന്മാരാമവരോടു ഗോവിന്ദൻ
മന്ദമാംവണ്ണമരുളിച്ചെയ്തു
കീർത്തികളൊക്കവെ കേട്ടു പണ്ടങ്ങളോ
മൂർത്തികൾ കാണ്മതിന്നാശയുണ്ടായ്
എന്നതു കാരണം ഭൂമീസുരേന്ദ്രന്റെ
നന്ദനന്മാരെ ഞാൻ കൊണ്ടുപോന്നു
എന്നാലിരുവരുമൊന്നിച്ചിവിടേയ്ക്കു
വന്നീടുമെന്നു നമുക്കു ഭാവം
ധാത്രീസുരേന്ദ്രന്റെ പത്തു സുതന്മാരു-
മത്ര വളരുന്നു ജാതമാത്രം
അച്ഛനെന്നുണ്ണികൾ നമ്മെ വിളിക്കുന്നു
അമ്മയെന്നംബുജപുത്രിയേയും
ഇച്ഛയ്ക്കു ചേരുന്നതെല്ലാം കൊടുക്കുന്നു
ഇച്ഛയോടേ ഞാൻ വളർത്തീടുന്നു
എന്നാലിവരെയും കൊണ്ടങ്ങു പോയാലും
നന്നായനുഗ്രഹിച്ചീടുമെന്നാൽ
പ്രാണിവധംകൊണ്ടു നിങ്ങൾക്കിരുവർക്കും
മാലിന്യമുള്ളതുമിന്നു തീർന്നു
എന്നതിനുണ്ടൊരു കാരണമിക്കാലം
നിങ്ങളെയും വരുത്തീടുവാൻ
ഭൂമിക്കു സൌഖ്യം വരുത്തീട്ടിരുവരും
സാമോദമിങ്ങോട്ടു പോന്നുകൊൾകിൻ
അന്തണശ്രേഷ്ഠനമന്ദാനന്ദത്തിനും

സന്തോഷം നൽകുവിൻ വീരന്മാരേ
ഉണ്ണികളൊക്കവേ പോയാലും വൈകാതെ
കണ്ണാ കടൽവർണ്ണ പാണ്ഡുസൂനോ
എന്നുള്ളതുള്ളപ്പാടെല്ലാമവർ കേട്ടു
നന്നായ് പ്രസാദിച്ചു കൈവണങ്ങി
ഇതു വരികെന്നു കൈകാട്ടിച്ചൊന്നപ്പോ-
ളുടനോട്ടു മണ്ടുന്നു ബാലകന്മാർ
അച്ഛനാരെടാ നിങ്ങൾക്കെന്നു ചോദിച്ചപ്പോൾ
അച്യുതനെച്ചെന്നു തൊട്ടുകാട്ടി
മാതാവിനെപ്പിന്നെ ചോദിച്ച നേരത്തു
ലോകമാതാവിനെ ചൂണ്ടിക്കാട്ടി
ഇതു വരികെന്നു കൈകാട്ടിച്ചൊന്ന-
പ്പോളുണ്ണികളാരുമടുക്കുന്നില്ല
ഇന്ദിര തന്നുടെ ബാലകൻ പിന്നാക്കം
പിന്നാക്കം നോക്കി മുഖം തിരിച്ചു
എന്തുവേണ്ടെന്നാകുഴന്നാരിവരും
കുന്തീതനയനും കൃഷ്ണൻ താനും
അന്നേരം വിഷ്ണുഭഗവാൻ പതുക്കവേ
ഒന്നു കടാക്ഷിച്ചു പോവാറായി
അപ്പോൾ കുമാരന്മാരൊക്കപ്പുറപ്പെട്ടു
കെല്പോടു കൃഷ്ണന്റെ മുമ്പിൽ ചെന്നാർ
ഇപ്പൊഴുമച്ഛനമമ്മയുമെന്നുള്ള
തെല്ലാമവർക്കുള്ളിലപ്പോൾ തോന്നി
മായാസമുദ്രത്തിൽ ചാടിച്ചു മാധവൻ
പോയാലുമെന്തൊരു ദൃഷ്ടികൊണ്ടും

പിന്നാലെ മണ്ടിപ്പുറപ്പെട്ടിതു ചിലർ
പിന്നെ നടന്നു ചിലരന്നേരം
മുട്ടുകൾ പത്തിയും നീന്തിയിഴഞ്ഞിട്ടും
പെട്ടെന്നവരൊക്കെ യാത്രയായി
പാരാതെ ബാലകന്മാരെയുമന്നേരം
തേരിൽ കരേറി മുകുന്ദനപ്പോൾ
യാത്ര തൊഴുതു നടന്നാരിതുവതും
ധാത്രീസുരേന്ദ്രന്റെ പുത്രരോടും
പാരാതെ പോന്നിതു ദ്വാരാപുരം പുക്കു
നാരായണനും ധനഞ്ജയനും
പാരാതെ വിപ്രന്റെ ഇല്ലത്തു ചെന്നുടൻ
വീരനാമർജ്ജുനൻ കൃഷ്ണൻ താനും
വാതുക്കൽ ചെന്നു വിളിച്ചു തുറപ്പിച്ചു
വാരിജനേത്രനുമർജ്ജുനനും
ഊണുമുറക്കവുമെല്ലാമുപേക്ഷിച്ചു
കേണു വസിക്കുന്ന വിപ്രദേവൻ
ആരെന്നറിവാൻ പുറത്തു പുറപ്പെട്ടു
തേരിലാമ്മാറങ്ങു നോക്കുന്നേരം
എന്തൊരു വിസ്മയമെന്നു വിചാരിച്ചു
ശാന്തൻ മഹീസുരൻ നിന്നനേരം
ഉണ്ണികളെക്കൊണ്ടുപോന്നു മഹീസുരൻ
ഉർവ്വീസുരേന്ദ്രനു നൽകിച്ചൊന്നാൻ
പത്തു സുതന്മാരും വന്നു മഹീസുര
പാലിച്ചുകൊണ്ടാലും മോദത്തോടേ
എന്നുപറഞ്ഞു കൊടുത്തൊരു ബാലരെ
ചെന്നു പിടിച്ചു തഴുകി വിപ്രൻ

കണ്ണുനീർകൊണ്ടഭിഷേകവുംചെയ്തു താൻ
കണ്ണനെച്ചെന്നു നമസ്കരിച്ചു
പാൎത്ഥന്റെ കാലും പിടിച്ചുടൻ മാറത്തു
ചേർത്തു കരഞ്ഞു പറഞ്ഞു വിപ്രൻ
അയ്യോ ഞാൻ നിന്നോടബദ്ധം പറഞ്ഞതു
പൊറുക്ക പാൎത്ഥ സഹിച്ചീടണം
സ്വപ്നത്തിൽകൂടെ നിരൂപിച്ചു വയ്യാത്ത
സന്തോഷമെന്നേ പറവാനുള്ളു
നന്നായ്വരും തവ നന്ദകുമാരക
നന്നായ്വരും തവ പാണ്ഡുസൂനോ
എന്നു പറകയും കണ്ണുനീർ വാൎക്കയും
നന്ദനന്മാരെ പുണരുകയും
കൈതൊട്ടുകയുമോരോന്നു വാഴ്ത്തിയും
കാണ്മാൻ മനോഹരമെന്നേ വേണ്ടു
അന്തൎജ്ജനത്തിന്റെ കയ്യിൽ കൊടുത്തുട-
നന്തികെ മെല്ലവേ ചൊല്ലിനിന്നാൻ
ഈവണ്ണം പത്തു കുമാരകന്മാരെയു-
മീശ്വരാനുഗ്രഹംകൊണ്ടു കിട്ടി
പുത്രന്മാർ പത്തുമൊരുമിച്ചു മന്ദിരേ
ധാത്രീസുരേന്ദ്രൻ സുഖിച്ചു വാണാൻ
ഇക്കഥ പാട്ടുകൾ പാടി രസിച്ചിലും
കേട്ടു വസിക്കുന്ന മാനുഷൎക്കും
സന്തതിയുണ്ടാകും സമ്പത്തുമുണ്ടാകും
ലോകത്തു കീൎത്തികൾ വൎദ്ധിച്ചീടും.

സന്താനഗോപാലം പാട്ടു സമാപ്തം.

പാഞ്ചാലി
സ്വയംവരം.

പാട്ട്.

ഒന്നാം പാദം.

അത്തിയണിന്തരനാം പുത്തിരനാനാമുഖൻ
അപ്പനേരിപ്പടയും ശർക്കരാപുത്തവിലും
പകപാവും പായസവും മമ്പഴം തേങ്കറിയും
ഭക്തിയോട്ടുറുവച്ചു കൈതൊഴുതേനടിയൻ
ബുദ്ധിതെളിഞ്ഞുവരു ചെയ്യണമഗ്നിമുഖൻ
പുരാണമായകഥാ ചൊൽവതിനിന്നു തുണ
പങ്കജപ്പൂവിൽമാതേ വാണിസരസ്വതിയെ
പാൽമൊഴി മങ്കെ തായേ ഭാരതി നീ തുണെക്കു
ഭക്തജനത്തിന്മനോരഥത്തവേദാർത്ഥവിത്തെ
പാരം പരാപരത്തിന്നാധാരമായ ശക്തി
ഉരുവായ വായു താനോ ഉരുട്ടുന്നൊരുട്ടകത്തു
ഉരുടെ മുളച്ചെഴുന്നോരാധാരമായ ശക്തി
നീറെച്ചുട്ടഗ്നിയുടെ നാരായത്തണ്ടുപോലെ
മാറാതിരുന്നൊരു ശക്തി ശിവായമെന്നെ
അല്ലലിടഞ്ഞു കുഴലാളായ ദ്രൗപതിയെ
അർജ്ജുനൻ മാലവച്ച വാർത്തചൊൽവാൻ തുണെക്കു
പങ്കജപ്പൂവിൽമാതേ ഭാരതി നീ തുണെക്കു
അല്ലൽകൂടാതെ വാണ പാണ്ഡുസുയോധനാദി
അങ്ങപാടു ദ്വാപരത്തിൽ വാണിരുന്നോരു കാലം

അസ്ത്രശാസ്ത്രം പഠിച്ചു ദ്രോണരോടന്നു നാനാര്
ആസ്ഥയായ് ദക്ഷിണയ്ക്കർജ്ജുനൻ പാഞ്ചാലനെ
ആപാർത്ഥരൊരത്തിന കൈകാൽ പിടിച്ചു കെട്ടി
ആശാൻെറ മുമ്പിൽവെച്ചു ദക്ഷിണ ചെയ്തവാറെ
ആധിയൊഴിഞ്ഞു ചൊല്ലാലമ്പോടയച്ചു ഭൂപം
അർജ്ജുനൻ താനിനിയ്ക്കു ബന്ധുവാകേണമെന്ന്
ആരന്ന വിളിച്ചു ജപി രാജ ഹോമം തുടങ്ങി
പുണ്യപ്രഭയാൽ വന്നു ധൃഷ്ടദ്യുമ്നൻ പിറന്നു
പൂമാത്രമെത്രപ്പൂർണ്ണം വില്ലും പിറന്നവാറെ
പുരാണമായി ജപി ചൊല്ലിതു രാജനോട്
പോർച്ച വിൽകലച്ചൊന്നു മെയ്യന്നവർക്ക്
പാർമൊഴി മാതിനാലെ മാലയിടാവിതെന്ന
പാഞ്ചാലനാദരിച്ചു പത്രി കഴിത് കൊടുത്തു
പാരാതെ കന്മചെയ്തു നാലെഴാം നാളിലന്ന
പാർത്ഥിവന്മാരുമോടെ തൃണമെന്നിട്ടു ചേത്
പൈതൽ മനോഹരിയ്ക്കു ആറായ മാസത്തിങ്കൽ
പാദപ്പൊറുകൂട്ടിയാമോതിരം കൈവളയും
പാടകം താലിയുടഞ്ഞാലരഞ്ഞാണുമിട്ട
പൈതൽ മനോഹരിയ്ക്കു മുന്നിൽ മുടിയിറക്കി

അഞ്ചു വയസ്സിൽ കാതു കുത്തിക്കടുക്കിട്ട്
അഞ്ചാതെ പൂഞ്ചോലയാളക്ഷരവിദ്യ കൊറ
ചെഞ്ചൊലയിൽകൾ മുല്ലമൊട്ടുപോൽ വളരും പെണ്ണ്
ചേച്ചിയോടാട്ടം പാട്ടും പൊന്നരിവീണ വേണു
ചെമ്മെ പഠിച്ചു കന്നിതന്നെ തുടർന്നുവന്നു
പൊന്മയമായ മേനി ഉടയിൽ വെണ്മപ്പൂണ്ട

ചെന്തൊണ്ടി വായ്ക്കലാം മന്ദഹാസം തുടങ്ങി
കണ്ടല്പമെല്ലെ മെല്ലെ തഞ്ചിക്കൊഞ്ചിത്തുടങ്ങി
വാർകൊണ്ടെഴുന്നോരു വാലോലമായ്ത്തുടങ്ങി
മത്തേഭവാടപ്പൂണ്ട മാധുരിയും തുടങ്ങി
വാർകൊങ്കയും വിരവിലാരംഭമായ്ത്തുടങ്ങി
നേർകാതിലെക്കരട മാറി പൊന്നോല പൂണ്ട
ചന്തം തഴച്ചമണിപ്പൂമ്പാവയെന്നു കണ്ടാൽ
നേരില്ല മാരനെന്റെ നേരമെഴുപ്പതിന്നു
പാരിൽ മണിമണാളൻ നാരീജനങ്ങളെയും
കാലാന്തരത്തിനിവളാളാലുമെന്നാകിൽ
കാലമിനിസ്സനിസ്സ ഞാനവു പോയ്ക്കഴിയും
കാലാന്തകന്റെ നീൾമാറും ഭയപ്പെടുന്ന
ബാലകന്മാരുള്ള ചിത്തമുള്ളിൽ ഭയപ്പെടുന്ന
നിരയെ വന്നവരുള്ള വരുണൻ ഭയപ്പെടുന്ന
നിലകെട്ടു വന്നപോലെ ഞാനറിയാതെ മാതരെല്ലാം
നിടുവീർപ്പുമിട്ടു വാടി മനസ്താപമായിതെല്ലാം
അണിച്ചായൽ പൂങ്കുഴലി മണിമാർകുടം പൂണ്ടിടാത
മണിമാളികക്കകത്തെയിളമാതരോടുകൂടി
കളിമാറിയാണിനോടടങ്ങാളിപ്പായിതന്നു കന്നി
മികവാർന്ന ഭക്തിയോടെ വ്രതവും പിഴച്ചിടാതെ
തിരുവാതിരയും തിങ്ക ഏകാദശിവ്രതങ്ങൾ
തിരുവോണമഷ്ടമിയും തിറമായ ദേവപൂജാ
തരുണി തുലാക്കുളിയും തരമായ കന്നിവ്രതം
മുമ്പോലെ ചെയ്തു കന്നിവ്രതവും പിഴച്ചിടാതെ
ഓരോ കഥാപുരാണകാവ്യങ്ങളും പഠിച്ചു

പുരനാരിമാർ പലതരം രമിച്ചിരുന്നവാറെ
ഉരനാരിമാർകൾ ഗീതം നടനം കളിവിനോദം
വിരിയുന്ന പൂമലർകൾ പൊഴിയുന്ന കാറ്റു ചുററും
പരിവണ്ടിനിണ്ടനങ്ങൾ കുയിൽ കോയിലും മയിലും
മലതണ്ട ചന്ദനവും അകിൽദേവതാരമോരോ
മണ്ണമൊടെഴുന്നാരണം ഇളകുന്ന മണ്ഡപ്പൂടെ
നളിനം പൊരുന്ന മിഴി നാണിച്ചുകൊണ്ടൊളിച്ചു
അലർബാണവീരനോട് നിലവിന്ന കോലമല്ലോ
പടകൊണ്ടെഴുന്ന മന്നൻ പാഞ്ചാലരാജനെന്നെ
പടയാളിമാർകളോടങ്ങറിയിച്ചു വൈകിടാതെ
വടിവൊട് കോപ്പിട്ടകായിന്ന സ്വയംവരത്തെ
വൈകതരത്തെന്നു മന്നൻ വൈഭവമായ് മുതിന്നു.

രണ്ടാം പാദം.

അദ്ദിശിപത്തിലുമൊക്കെ നടത്തി സ്വയംവരഘോഷവി (ശേഷം
അത്ഭുതമാകിയ ദൂതരെവിട്ടറിയിച്ചിതു ദിക്കുകളൊക്കെ
ചെട്ടികൾ പട്ടരമപ്പുരദേശികൾ ശുദ്രജനങ്ങളുമെല്ലാം
തെക്കർ വടക്കരുമപ്പുരിവാഴികളൊക്കെ വരേണമതി (ന്നെ
ദിക്കുകളൊക്കെ നടത്തി വിശേഷമതിന്നു സ്വപേരുനമ (സ്സാൽ
ദീപിതമാകിയടിച്ചു തോരണം കെട്ടി നടത്തിയിത (ന്നാൽ

നാടിടയിൽ ചില വീടൊട പീടിക വച്ചുനിരത്തിയിത
(ത്താൽ
നല്ല ജനം ചിലർ ചില്ലികളോടവർ വെട്ടുവർ ജാതിക
(ളൊക്കെ
കാട കളഞ്ഞു മരങ്ങൾ പറിച്ചു നിലങ്ങൾ നിരത്തിയിത
(ത്താൽ
കല്ലുകൊണ്ടു പടുത്തു ചമച്ചു ചിതമൊടു ദിക്കുകളൊ
(ക്കെ
കോട്ട കിടങ്ങൊട വാടയതിൽപ്പുറം വീട, മതിൽപ്പുറമെ
(ല്ലാം
കൊട്ടിലകപ്പുറ പന്തൽ മണിപ്പുര മററു മണിപ്പുര വേറെ
കോട്ടയകത്തു നിരത്തിയ പീടിക വാണിഭശാലയുമെല്ലാം
എട്ടു ദിശിസു നിരത്തിയ തോരണമൊടു കൊടി കൂറകളുമ്പാ
(ൽ
എത്രതരത്തിൽ വഴിസു നിരന്തരമിട്ട വിളക്കുകളെല്ലാം
മററു മണിത്തറപോൽത്തറ കല്ലുകൃതമണിത്തറവേറെ
മച്ചുറകെട്ടുമടക്കുകൾ കെട്ടിയടപ്പുകളെത്ര തരത്തിൽ (റെ
പൊൻമുടി മന്നവർകൾക്കു നിരന്തരമായ മണിപ്പുര വെ
രത്നമണിത്തരമാളികയും മണിമണ്ഡപമാളികൾ വേറെ
മാടണിയും മുല മാത്രമനോഹരമായ് നിലപാടുകൾ വേറെ
മാമുനിമാർ മറയോർ ജനവാസകരമെമണിപ്പുര വേറെ
ആടിന ചാക്കിയർ കൂത്തുമരങ്ങുകളമ്പലമങ്ങൊരു ഭാഗേ
ആടിന മാത്രമണിമയരംഗ കളിപ്പുരമങ്ങൊരു ഭാഗേ
അമ്മാനത്തൊടു പാടുന്ന വരാംഗനമാരൊരു ഭാഗേ
ആയുധപാണികളൊത്തു നിരന്നു കളിപ്പുരമങ്ങൊരു ഭാ
(ഗേ

കാവ്യപുരാണകഥാദികൾകൊണ്ടു കളിപ്പതുമങ്ങൊരു ഭാ
നല്ല വിചിത്രകൊടിയഴികൾ തടച്ചു വിളക്കുകൾ ചുററും (ഗോ
മുത്തൊടു രത്നമണിപ്പവിഴങ്ങൾ പതിച്ചു നിരച്ചുടതോറും
മുമ്പു പിറന്നൊരു വില്ലോടുമെന്ത്രമിരിപ്പതിനൊത്തവിചിത്രം
പൊൻപടി ഉത്തിരവും നിരതോരണമക്കൊടികൂറകളമ്പ
(ലവും
വച്ചൊരു പീഠമതിന്നടമീതുവിരിച്ചുപുലിത്തുകൽകൊണ്ടേ
വാരണചർമ്മമൊടാരിയർ ചോലയിൽ വച്ചിതു വില്ലൊടു
(യന്ത്രം
ഇച്ചപതിച്ചു വിളക്കിരുപാടുമിതത്തൊടു തോഴിയരൊത്തേ
ഇട്ടനവാസ്സുരലൊച്ചപെരുക്കിയെടുത്തിതുവെൺകടപാടേ
മററുമണിക്കുട പൊൻകുത്തുമണിക്കുടയോടേ (ടെ
കുററവർത്തുങ്കുട കത്തുമണിക്കുട വെൺചാമരിയിത്താരമോ
കൊട്ടിന ഭേരി മിഴാവൊടു കൊമ്പൊടു ചെണ്ടയിടക്ക
(പെരുമ്പറയും
കൊമ്പൊടു ചിന്നമിടക്കകൾ താളമൊടിട്ടിശിയൊക്കെ
(മുഴക്കി
എപ്പുരുഷാദികൾ ദിക്കുകളൊക്കെ നിറഞ്ഞു കവിഞ്ഞു വ
(ന്നു
യക്ഷസുരാദികൾ സിദ്ധപരായണരൊക്കെ നിറഞ്ഞു വി
(മാനേ
വിപ്രർ മാമുനിമാർകലരൊത്തു തിരക്കിവരുന്നിതു ചുററും
വിശ്വാമിത്ര പരാശര പാണിനി കാശ്യപനാദികളോടേ
ശുക്രനഗസ്ത്യ ചന്ദ്രപുലസ്ത്യ പ്രാഗസ്ത്യ പ്രവസിഷ്ഠന്മാരായേ
ശുദ്ധപരായണദക്ഷപരായണ കാശ്യപനാശചനിദേവകളും
ഗന്ധർവ്വകിന്നരകിമ്പുരുഷാദികൾ ഇമ്പേയു നാരദനന്നേ

ഗണ്ണസ്വഗണ്ണമഹാമുനിമാർ പല ശിഷ്യരുമായി വരുന്നോ
പുത്രപവിത്രരമിത്രസ്വമിത്രരുമെത്രതരത്തിൽ വരുന്നോർ
വിക്രമമന്നവർപത്തു ദിശികളുമെത്തു തിരക്കി വരുന്നോർ
കൊട്ടിന ഭേരിയകമ്പടിയോടു വരുന്നതുമെത്രതരത്തിൽ
മണ്ടിനവൻ കതിരച്ചുമലേറിവരുന്നിതു നൂറു സഹസ്രം
മണ്ടിന ചാടിനൊരൊട്ടകവും കഴുതച്ചുമലേറിവരുന്നി
(തു നൂറു സഹസ്രം
മാനൊടു മാമയിലേറി വരുന്നതു നൂറു സഹസ്രം
പാണ്ടിയർ ചീനർ കലിങ്കർ തുളുക്കരുമണ്ടിയർ താഴിയർ
(ചോഴിയരും
പണ്ടൊരു നാളും കണ്ടറിയാതവരുണ്ടു വരുന്നു താംതരമേ
വങ്കടലിൽ തിരപോലെ തിരക്കി വരുന്നിതുമെത്ര തരത്തി
(ൽ
പൂട്ടിന തേരാടാടിന വൻകൊടികൊണ്ടൊടുഭേരികളോടെ
എട്ടു ദിശികൾ തിരക്കി വരുന്നിതു പത്തിരുനൂറു സഹസ്രം
കൊട്ടിന ഭേരിയകമ്പടിയോടു വരുന്നിതു നൂറു സഹസ്രം
കൊണ്ടലൊലി കൊലികൊട്ടിന ഘോഷമൊടട്ടിശിയോ
(കെ മുടക്കി
അണ്ടർപതിത്തലവൻ മുടിമന്നവനായ സുയോധനനാന
ആടരമെക്കൊടിയോനരചുചെയ്തിതു പമ്പിയർതന്നെ വി
(ളിച്ചു
ഉണ്ടു സ്വയംവരമഞ്ജനനായിജനിച്ചൊരുപെണ്ണു നമുക്ക
ത്തു തിരിച്ചുടനമ്പൊടു കാണണമെന്നു
മണ്ടിനതേർ കുടയോടുമകമ്പടിമന്നവരും നടകൊണ്ടാൻ
മന്നവർ കന്നരമന്നു നടന്നിതു മാലയിടുന്നതു ഞാനെ
ന്മാർകൊടി പൂണ്ടു നടന്നിതു ശല്യരു

മന്നാരിൽമിഴിമാനിനെ മാലയിട്ടന്നു ഞാനിനിയെന്നു
(നടന്നാൻ

വൻനിനവേറിന ശകുനി മുടന്തനേറി നടന്നെ
വാർകുഴമാതിനെ മാലയിട്ടന്നിതു ഞാനിനിയെന്നു നിന
(ച്ചേ

പൊന്നണിയും മദവാരണമേറി വന്നു രാക്ഷസവീരർ
പോർമുലമാതിനെ മാലയിട്ടന്നു ഞാനിനിയെന്നു നിന
ഏറിന തേരതിലേറിന ഭീഷ്മർ ജരച്ചു നരച്ചു കാച്ചേ(ച്ചേ
മാനിനിമാതിനെ മാലയിട്ടന്നു ഞാനിനിയെന്നു നട
(ന്നാൻ

ആനന്ദവേദിയരാകിയ ദ്രോണനുമന്നൊരു തേരതേറി
ആത്മമതില്ലാതി വാർകുഴൽമാതിനെ മാലയിട്ടന്നു ഞാനോ
പൃ ന്നമാകിയ പുണ്യ പുമാനാം ധർമ്മസുതനാമതന്നോ
ആരൊരു കമ്പടി ഭീമസുയോധനാദികളൊക്കെ നടന്ന
നാരിമാർ നമ്മളിൽവെച്ചു മികച്ചു വരുന്നിതു മാല വഴി
(പ്പാൻ

മന്നവരവർവഴികിൽപുറപ്പെട്ടിയന്നു പുറത്തുകളുമതി—
ട്ടുഴകിയ മാതിനെ മാലയുമിട്ടു തിരിക്കുന്നെന്നോ
വിരാട മന്നവനും കടയും തഥാ മേധികളൊച്ചപെരുകി
ക്കുറവതാകുന്നു ഘോഷമൊടന്നു സുയോധനാദികൾ
(ചെന്നാ

വിരാടമന്നവർ കംസഗ്രഹത്തിന്റ പ്രപതിതന്നയിർകൊ
(ണ്ടേ

വീഥിയ മന്നവരന്നയതിങ്കൽയിരുത്തി നടന്നുകാലം
മാറിന വേഷമൊടന്നു ചമഞ്ഞിട്ടു കമ്പിളിയോടു കഠി
(ന്പടവും

മറാത്തത്തൊത്ത വടികടയും ചെറുകെട്ടചെരിപ്പുമതായേ
ചാത്തയേറിന പീതനാറും ചെറുകണ്ഡികപുസ്തകമോടേ
ധൎമ്മസുതന്മാരിരുവരുള്ളോര ബ്രാഹ്മണനാസ്ഥിടകൊണ്ടുകാ
പാരമുയൎന്നതൊരീകരവും വയറുതം നെടിയോടെ (ലം
പാട തിരിഞ്ഞു തെളിഞ്ഞു തടിച്ചോരു കമ്പിളികൊണ്ടു
(മൂടത്തെ
പൃഥുകോൽവടി കടയും ചെറുകെട്ട ചെരിപ്പുമതായേ
ഉരുകിൽ മുമ്പ നടക്കിയ ഭീമനതിമ്പിറകെ നടകൊണ്ടു
എരെയുലഞ്ഞു വലഞ്ഞു തൊന്നുകൾ ചീരനാരുപ്പക്കാച്ചേ
എരെയുലഞ്ഞു പൊളിഞ്ഞൊരു പഴങ്കടയും വടി കയ്യിൽ
തോലുടെ കരിമ്പടവും ചെറുകെട്ട ചെരിപ്പുമതായേ
ഉരിനഗീതപഞ്ചമങ്ങളോടും നടകൊണ്ടിതു അൎജ്ജുനനാനോ
തോലുടെ തൊടു കീറിയ മുണ്ടുമുട്ടത്തൊരു കെട്ടുമതായേ
തോലുമതിൽ കരിമ്പടവും വടിയോ നകുലൻ നടകൊണ്ടാൻ
തോലുമെട്ടത്തൊരു തോലുടുത്ത കരിമ്പടവും വടിയേന്തി
(സഹദേവൻ നടകൊണ്ടാൻ
അത്ഭുതമൊരുത്തരുമറിയാതവരൈവരുമമ്പൊട ചെന്നു
കണ്ടു പറഞ്ഞിതു ദേവന്ദ്രയോധൻ വന്നൊരു വിപ്രനെ
(നോക്കി
ഹോരിതു നമ്മുടെ ഭീമനൊളം സമമുള്ളവനിന്നിവനൊന്ന്
നൊറിയാതവൻ കണ്ടുപറഞ്ഞിതു മകുഴ ചിരിച്ചു ഇക്കാലം
വേറൊരു കോണിലിരുന്നവരൈവരു വേദിയരായൊരു
(ഭോഗ
വേണ്ടപൊളും വിഭവങ്ങളുമുണ്ടു താന്തൊരൈമ്പരമായേ
ഏറിയ കൂട്ടു വന്നതെപ്പാൻ ധൃഷ്ടദ്യുമ്നൻ ഇയമ്പിയ

പൃമന്നവാ പരിപാലനംചെയ്യതിനായേ
നാരദനോട് പരാശരാത്മജമുനി വേദവ്യാസനുമായേ
നാട്ടിനിടയ്ക്കിട തേടി നടപ്പതു ദ്രൌപതിയച്ഛനമങ്ങേ
കാരണനായ മുരാരിയായവിന്ന പുകന്നകാലമതായങ്ങു
(പറഞ്ഞു
കൃഷ്ണനവന്തണനവെവനൊടും പരിചിലേ കാരണമായിനി
നിങ്ങളിനത്തൊടു വച്ചു വിളമ്പണമെന്നേ
വേദവുമുണ്ട തിളക്കത്തെന്ന ശ്രാദ്ധമതിനു നാം
വേലയിതെന്നു നിനച്ചുവരമാരിനിയെന്നു മുതൽനാൻ
അന്നിയടുക്കളപുക്കിതു പാണ്ഡവരൊന്നായിവെപ്പതു ഭീമൻ
അർജ്ജുനനും കറിവെപ്പതൊതുക്കവേ തമ്പോടു ധർമ്മസു
(തൻതാൻ
കോണെയെടുത്തു അടുത്തുകൊടുത്തിതു നീർ പിറകെല്ലാം
കോലമൊടേ നകുലൻ സഹദേവനമശ്രുതമെന്നിവരയ
(ച്ചും
കൊണ്ടുവരുത്തിന വേണ്ടിന സാധനമെന്നിനിയെന്നു മു
(ന്നാൻ
കന്നു ന്യായാധനൻ മേവിന പന്തലിൽ പുക്കു പാണ്ഡ
(വരന്നാ
പപ്പടമപ്പരി ശർക്കര പാൽ പഴം പഞ്ചാരസത്താൽ
മുന്തിരി അപ്പം തയിർ നെയ്യതുളിയിൽ വരവെല്ലാം
മുമ്പിൽ വിളമ്പിയതിൽപിന്നെ കറിയെത്രതാനില്ലതെ
(ല്ലാം
പന്തിയിതത്തിൽ വിളമ്പിയ ഭീമനമർന്നിയ കോഴിയ ശട്ട
(കവും
തൽക്കാലപന്തിയിലമ്പൊരുമാറു വിളമ്പിയതാശയ്ക്കുത്താൽ

മുമ്പെ നടന്ന പറഞ്ഞു രസിപ്പുകൊടുപ്പതു ധൎമ്മസുതൻ
(താൻ
വെണ്ണക്കുടിഞ്ഞു പാണ്ഡവൎക്കു വിളമ്പിയിതങ്ങിനെ നാ
(ട്ടണ്ടാൻ
അങ്ങിനെയുള്ള ചിലകൎമ്മങ്ങൾ തിങ്ങിനെയിങ്ങുവരാ
(ത്തു
ഇന്ദ്രനോടൊന്ന മുരാരിയുമത്തു പാണ്ഡവർ ഗന്ധൎവ്വരാ
(ജ്യ
ഇത്ഥം യുതായൊരു അശ്വമേധം നടപ്പതു കണ്ടതുപോലും
അങ്ങൊരുമിക്കിലുമിപ്പ പിടന്നയിങ്ങുവരാത്തതുമെന്നേ
ഇന്നിതിലുള്ളതിലച്ചുതനൊന്നിച്ചുകൂടിത്തുപോകെന്നറിന
(ച്ചേ
ഈടിനവൻ പാദ പത്മമിൽമിത്തുപാലിപ്പവരിട്ടതുനേരം
നിന്നമഹാരാജനിനപ്പിതിലുള്ളവരൊക്കെ നശിച്ചുനീർ
കാന്താർകൊണ്ടു ഭീമനാത്താരക്കലത്തിലെറിഞ്ഞു
നിൎണ്ണയമായിതു നാശസ്യ ശേഷിപ്പിഗന്ധൎവ്വകിന്നരരെല്ലാം
നിൎണ്ണയമായിതു പാണ്ഡവരൊഴിഞ്ഞതിലുടച്ചൊല്ലാതില്ലാ
കൊന്നൊഴിയാതെ നയിതന്ന മഹാരാജനുമണ്ണസുയോധനനാതി
ഉയരാകഴിഞ്ഞിട്ടുപാണ്ഡവർതന്നുടെ ഐശ്വൎയ്യം വെളമാറേ.

മൂന്നാം പാദം

ഐശ്വൎയ്യം വതമകാരണമോരോന്നാണിൻ ചെയ്തു
അശ്വമേധാദിദാനം ചെയ്തു സുഖം വതവതി
അച്യുതൻ വിഷ്ണുമൂൎത്തി ഗോവിന്ദാദിനാഥൻ
അനുപാദശാന്തം വാണിയും വേദവ്യാസൻ

അമ്പോടവർകൾ ചൊല്ലീടുന്ന ദൂതന്മാരപ്പോൾ
അങ്ങോളമിങ്ങകലെത്തിങ്ങാതിടം വരുത്തി
അമ്പോടു കിങ്കരന്മാർ വില്ലുവലിച്ചുവച്ചേ
അപ്പോഴെ വന്നാങ്ങിൽ നിന്നൊരു പാഞ്ചാലനും
വന്നീടിന രാജരാജർ കോലക്കമാരോന്നരുളി
അഗ്നനായി ജനിച്ചുണ്ടായ പെണ്ണിതെന്നോ
അവ്വണ്ണമല്ല വന്നുകാണായ കർമ്മദോഷം
അതിൽ ജനിച്ചുണ്ടായൊരെന്തുപുള്ളും ശിലയും
അരയോർകളെന്തുചെയ്വു വില്ലുമറിയുമെന്നു്
അല്ലാർകുഴലിതന്റെ വല്ലഭനാകുമെന്നോ
അയ്യത്തു രാജാക്കന്മാരെല്ലാരും ഭാരതിങ്കൽ
അട്ടഹാസക്കൊടിപ്പുട്ടും കൂടി മന്നർ താൻ
അറിയാതെ ചെയ്വു നിങ്ങളരയോർകളെന്തുചെയ്വാൻ
അമ്പത്തിരണ്ടായൊരു എന്തുപുള്ളി ചിലയുമായോ
അനന്തമെന്നു പേരോർ മന്നം വടിത്തു പലമന്നർ വന്നു
(നിന്നു
ചുഴവുന്നാരങ്ങിടയിൽ അതുമെന്നചെന്നു ജരാസന്ധൻ
ശിലയെടുത്തെ അവനിലലച്ചുവിണെല്ലാ ചെയ്തുപോയശേഷം
അതുമെന്നു ചെന്നു ശല്യരാജൻ ശില എടുത്തു
അവനിലലച്ചുവിണു വീണുകെട്ടു വന്നുപോയി
അതുമെന്നു ദുര്യോധനൻ ചെന്നു ശില എടുത്തു
അണിമെയ്യിലിവൻ നേരം ശിലയിളതാനടിയിൽ
അരിശം പൊരുത്തു നാണിച്ചു ജാതിപോയികഴിഞ്ഞു
അംഗരാജനോടു ചൊല്ലിനാൻ ചെന്നു ശില എടുക്ക
അതുകേട്ടവനും ചെന്നു അറിയാതെ ശില എടുക്കാൻ
അപമാനരാജരവിടൻ ചുഴലുന്നങ്ങിടയിൽ

ആശ്ചൎയ്യമായ ദ്രോണൻ ഗുരുപദവും വണങ്ങി
അരികെനു ഗ്രഹിച്ചൂനിംസനാരാജടിയിൽ
അഴുതുമോട് വില്ലെടുത്തു പൊടിതുടച്ചു അക്ഷണംകൊ
ട്ടില്ലെടുത്തു പൂട്ടേറുവാൻ അച്ചുതൻ വിസ്മയത്തി (ങ്ങ
ഉംതൽവില്ലേതുന്നി അഗ്നേസനനു വിൽകാൽകനമുള്ള
(വിദ്രാളം
അതിൽ പിന്നത്തു കൎണ്ണനൊത്രപ്രയാസപ്പെട്ടു
അദിരം പെരുത്തു നാണിച്ചോരു ജാതി പൊറ്റുഴികുന്നു
ആമെന്നു ചെന്നു ശിശുപാലൻ ശില എടുത്തോ
അവനിലലച്ചുവിനു ചെളിയും പുരണ്ടതുണ്ടെ
അക്ഷണമേ വിളിച്ചു ലഘുനാകനാകനെ
അവനാതമജനു ചൊല്ലി നീ ചെന്നു വില്ലെടുക്കാ
അതുകേട്ടവനും ചെന്നു അറിയാതെ വില്ലെടുക്കാൻ
അതിൽപിന്നത്തു നീരും മുട്ടും നികന്നുപോയി
അതുളിതു നാഗസ്തു രുമ്പിനാനുദലുമേ
വെട്ടോരു വില്ലെടുപ്പാൻ അതു നാണു നിന്നാൻ പണ്ടു
ഗുരുദക്ഷിണ കൊടാഞ്ഞിട്ടുള്ളുകൊണ്ടു
മറ്റൊരുത്തകൎത്തനു പോനതില്ല
ഖേദം പെരുത്തു ചൊല്ലി ആവതാരാജനപ്പോൾ
ആരാന്റെ ഭേചത്തിൽ തെൎ നൊക്കു കവന്ന കന്നാ
അതുപായർ കുരുവാഗി പശുപാലനായ നിന്റെ
അരുവായ പാണ്ഡവൎകൾ വരുമെന്നൊള്ളു എന്നോ
അരനാഴികക്കുള്ളു മുമ്പിലെതിരുളിൽ ഞാനൊടുങ്ങേ
അവരോടു ചെന്നു ചൊല്ലിവരുവാൻ ശിലഎടുപ്പാൻ
അതുകേട്ടു ധൎമ്മപുത്രൻ ഇളയോനെ നോക്കിയപ്പോൾ
അമരേന്ദ്രനന്ദനനും അതുകേട്ടടുത്തു ചെന്നു

അഖിലേശനും പറഞ്ഞു നിനവെന്നു ബ്രാഹ്മണനോ
അരശാളിമാരെക്കൊണ്ടാകാത്തതൊന്ന വില്ലെടുപ്പാൻ
അതുതന്നെ വാക്കിനാലും ആരെന്ന ഭാവത്താലും
അധികായവിപ്ലവിന്റെ അതുളളാലെ ബ്രാഹ്മണനും
അണിമാറ്റിൽ നിനിക്കിത്തലവന്റെ കെട്ടി നന്നായി
അറിയാതെ ചെന്നവൻ ചുഴലുന്നങ്ങിടയിൽ
അവരോരോജാതി നിന്നു പറയുന്നു മഹാജനങ്ങൾ
ആരെന്നു ബ്രാഹ്മണന്റെ നിനവെന്നു മിക്കപേരും
അതുമല്ല പെണ്ണിലുള്ള കൊതിയെന്നു മിക്കപേരും
അവരോരോജാതി നിന്നു പലജാതി ചൊന്നനേരം
അഴകോടു പാർത്ഥനട നാരായണരതിയോടും
അകമേ വണങ്ങി ദ്രോണൻ ഗുരുപാദവും വിജയൻ
അഖിലേശനാദിയായി സകലം വണങ്ങി നന്നായി
ആകെ അനുഗ്രഹിച്ചു നിന്നൊരങ്ങിടയിൽ
അത്ഭുതമോടു വില്ലെടുത്തു പൊടിതുടച്ചു
അശ്രമംകൊണ്ടു കുലച്ചു പൂട്ടിനിന്നൊ
അഖിലം കലങ്ങിയപ്പോൾ ഞാണൊലി കേട്ടനേരം
ഹരിയോ ഹരായിതെന്നു ഭ്രമിയാ മഹാജനങ്ങൾ
അറിയാതെ ശിരൽപിണ കളിപോൽ ശരന്തൊടുത്തു
അഴകൊടുയന്ത്രമെഴു ശിലയുംമുറിച്ചങ്ങിട്ടു
അരശാളിമാർകളൊക്കെ അഭിമാനം കേട്ടവന്നൊ
അരശതമേ പരിശിലകമേ നിനച്ചു കോവാളുവർ
മാലയിട്ടുകൊണ്ടു വഴിമേൽ വരുന്നനേരം
അരികെ അണഞ്ഞു ചുററിപ്പിടിപ്പതിന്നും
പടികാട്ടിയന്നുയെമ്പാടുമവളുടനേ

പെണ്ണിനോടും അരികെവസിച്ചുകൊണ്ടു പരിചൊടു
(പോകവേണം
അവർതങ്ങളൊക്കെമന്നും കൊടിയോനിളയവനും
അരശാളിമാതിനാളുകൂടിവാഴ ബ്രാഹ്മണനെ
അരുളിതു വേദവ്യാസൻ പരിശൊടു കൃഷ്ണനോടെ
പരിശിൽ മുല്ലത്തുമാലമഴകൊടു വന്നതിപ്പോൾ
അതുകൊണ്ടു പാഞ്ചാലനോടറിയിച്ചു ലോകനാഥൻ
അഴകൊടു മാലവസ്ത്രാദിനിറയെത്തു താമസമെ
അതുകേട്ടു പാഞ്ചാലനും മുറയോടുകൂടെഴുന്നോ
അറിയാതെ ബ്രാഹ്മണനോ പരദേശിപാണനൻ
അറിയാതെയോമുന്നിമകളെക്കളഞ്ഞിടാമോ
അവസാനമില്ലാമുറപൊഴിയുന്ന മന്നവന്റെ
അകതളിർ കളിക്ഷമാറൊന്നരുളി ലോകനാഥൻ
അരനാളുവഷ്ഠരികിലുടയോർകളായതും ഞാൻ
അകതാരിലുള്ളഖേദം കളകെന്നു ചൊന്നനേരം
അലർശായലാളരികെ പരിശോടെഴുന്നരുളി
അണിവാതിലും തുറന്നിട്ടരികെ വിളിച്ചു കൃഷ്ണൻ
അരുളിതു വാ മകളെ പരിതാപമെന്തിനെന്നെ
അരുളിടിനൊരുനേരം അറിയിച്ചു ദ്രൌപതിയും
അമൃതോടു പാൽപഴവും ഭുജിച്ചിട്ടു അണിയാടമേൽ
തറമേൽ തരമായി തമ്പുരാനെ അരികായ
തോഴിമാരോടലസാതിയന്നടിയൻ ഇവരോടു കൂറിയതു
വഴിപോവിതന്തരാമൊ അവസാനമില്ലാ മുറ-
പൊഴിയുന്ന മാതിനാഠംകെ അകതളിർകളിക്ഷ-
മാറൊന്നരുളി ലോകനാഥൻ അളവില്ലായതേയരി-

ചെപ്പുനാരകങ്ങളോടെ അരിതാർചരക്കു
വാങ്ങുന്നതിന്നുള്ള മന്ത്രവും ഞാൻ നാരായണന്റെ
ആയുധപ്പെതായെഴുന്നാരാരം അമരാങ്ങിനിമാർ
ചുററി ചമയിച്ച മാതിനാളെ അണിഹാരവും
കുറികൾ കളഭാദിയുമണിഞ്ഞ അലർ
ബാണകോലമായ കുളുർകൊങ്കതന്നിടയിൽ
മണിമാലനൂലുതാലി ശിലമോതിരം കഴലും
തളിമാതിനാൾ കനകതളികയിലിട്ടു മാലാ
താമായ തോഴിമാർകളിതപാട്ടുവരുല്ലു
വാതകിൽ ചെണ്ടമുരശും കുഴൽ കൊമ്പുതാളങ്ങളുമേ
തഴവെഞ്ചാമരി കൊററക്കുടതൻ നിഴലിനൂടെ
തരുണിമണിതിലകമണിയുന്ന നേരമപ്പോ
എരിയുന്ന കോൽവിളക്കം പരിചാലകമ്പടിയും
എതിരേല്പിനാങ്ങു നിങ്ങൾ വരവിനങ്ങിടയിൽ
അലർ ചായലാൾ വടിവിനവസാനമില്ല ചൊൽവാൻ
ഇരുൾചായൽ നേർപ്പുളുവിനൊത്തുകൊണ്ട വാർകുഴലും
പരിശോട്ട പഞ്ചമിനാൾമതി പൊന്നനൊറിശോഭ
മതിമാനനിന്തൂ നോക്കന്നതുകൊണ്ടു
കണ്ണിണയും തിലപുഷ്പമോട്ട വെല്ലും
പരിശോട്ട നാസികയും ചെറുതൊണ്ടിതൻ
പഴത്തിനൊത്തുകൊണ്ട ചുണ്ടഴകും
ചെറുമുല്ല മല്ലികയോടൊത്തുകൊണ്ട നേർകുഴുത്തും
അരമക്കിടാവും മണ്ടും കരളംഗിശോഭ കണ്ടാൽ
വാർ കൊണ്ടെഴുന്ന മുലവാരിജമൊട്ടുപോലെ
അരയാലിലത്തളിരിനൊത്തുകൊണ്ടമാറുദരം

പറയാവതല്ല മുഖം അബ്ജജന്മജപ്രഭയോ
ഇവളിനി എന്നെയെന്ന മനസ്സാൽ ചെട്ടത്തുമിതാൽ
കരതാരിൽ വിശറാവും ചെറുതായി മുറിക്കിനൊന്നൊ
ചെറുതായി നറുക്കിതിന്നു കരട്ടം കളത്തിപ്പോയി
തിറമെന്നു പൂപെട്ടത്തു നുറെന്നു വായിലിട്ടു
പരിശൊട്ടതിന്നാനോരം കറിയും ശവത്തു പോയി
തുരഗങ്ങൾ മേലിതന്ന പൊടിവൊന്നു വീണുപോയി
പലർനിന്നാണിടയിൽ തുകിലാട വീണുപോയി
പറയാവതല്ല രാജപരിതാപമാനയോർത്താൽ
അണിചായൽ പൂങ്കുഴലി മണിമാത്രപൂമടന്ത
അഴകൊട്ട ബ്രാഹ്മണനെൻറ അണിമാവ്വിൽ
മാലയിട്ടെ അനവേഗമോട്ട കൃഷ്ണൻ
അപ്പൂഴകൊട്ട തേരുമേറി പരിശൊട്ട പോകുന്നോരം
ഉടയോർ പിതാവുമനാൻ പരദേശിയോട്ടകൂടി
നൃപസൂനപോയിതന്നൊ അടിയാർ കടിയാരൊക്കെ
മുറയവലാധിയായ അറിയാതെ പാണ്ഡവർകൾ
വഴിമേൽ വരുന്നോരം എറിവാൾ കവാലമോട്ടം
കൊട്ടതായമന്നവർകൾ തിറമായറിഞ്ഞിട്ടെഴുന്ന
കൊട്ടകോപമോട്ട പാർത്ഥൻകശ ദപ്പ്ബാണമാകിയവ
(യൊന്നു
ചാട്ടമേറ്റപ്പോൾ അടവിതു കാൽകരവും തുടയോട്ടപെട്ടുവീണു
എടയുടെ ചാടികൊണ്ടു പിടിപെട്ട ഭീമസേനൻ
പയയൊട്ട തോറുമണി ഭൂരിശ്രയോധനാദികളും
അറിയാതെ പാണ്ഡവന്മാരോളി പൊൻവിശേഷം
പൊങ്ങി മറിമായമോട്ടവന്നു പുരിചായലാളെ

വെട്ടുപരിശൊടു പോയവർകൾ ഹരിയോഹരായിതന്നെ
(അഴകൊടു

കരഗ്രഹം അഴകൊടു ചെന്നാപുക്കെ
അറിയാതെ ശോകമോടു മണിമംഗല്യവും പുകിനെ
അണെചായലമ്മ കുന്തി എതിരേററകത്തുകൊണ്ടു്
അമ്മപറഞ്ഞു മക്കളൈവരും മാലവെച്ചു
അന്നുവിളിച്ചു പാഞ്ചാലദ്രൌപതിയെന്നു നാമം
അഴകൊടു ധൃഷ്ടദ്യുമ്നൻ പരിശൊടു തേരുമേറി
പരിതാപമകന്നിങ്ങളിലതിനാലെ പോയിവേഗം.

ഇതി പാഞ്ചാലീസ്വയംവരം

സമാപ്തം.

വള്ളുവകവി.

അരമയിൽ ചെള്ളചമച്ചുള്ളും പണ്ടു
അരശാരി വന്നങ്ങളന്നും മുറിച്ചും
തെരിച്ചു തുണിവ നാലുമെ നിർത്തി
തമ്പതു ചാണുള്ള പൂഴിക വെച്ചേൻ
വാരിയും കെട്ടി വളർകോലും വീക്കി
വാരിപ്പുറമെ പുതച്ചാമ്പൽ കോവിൽ
ഇരിപത്തൊരായിരത്തൊന്നൊരു ചിറമക്കളുണ്ടേൻ
ഇച്ചെളിപുക്കം പുറപ്പെട്ടു നില്പാൻ
കോരി നിറച്ചു നിറവൊത്തു മില്ലേൻ
കൊണ്ടച്ചൊരിഞ്ഞാൽ ചൊരിഞ്ഞിട്ടും കൂടാ
കാകപരാധൻ ഉഴതോടു ഉഴവിൽ
കളിവിൽ വിതച്ചു മുളച്ചോരു വിത്തു
അറികാതെ കാലത്തങ്ങാന്തകോവിൽ
അരിമച്ചുണിക്ക വിളിക്കുന്നോരെന്നോ
ഇന്തയുമില്ലാ റ്റെന്റയുമില്ലേൻ
ഓതാരവള്ളാരെഴുത്തു പഠിപ്പാൻ
മൂലകിഴങ്ങിന്നു മൂന്നല്ലൊ വള്ളി
മൂലത്തിലൊക്കെ പടർന്നുള്ള വള്ളി
ഓതാരക്കിഴങ്ങിന്നു നാലല്ലൊ വള്ളി
ഓതാരത്തിലൊക്കെ പടർന്നുള്ള വള്ളി।
മുപ്പത്തു മുന്നു മരംനട്ട കാലം

മൂന്നു ശരമതിൽ താറോ മുളച്ചു
ആമരം പൂത്തൊരു പൂവ്വെണ്ടു കയ്യിൽ
പൂവ്വോടു ഞാറോടു ചൂടാമ്പോറിന്നെൻ
അക്കരെ നിന്നു വിളിപ്പോറി വള്ളോൻ
അക്കരെപ്പോവാൻ തുണയില്ലെനിക്കു
മക്കളുണ്ടവരെ കൂടെ നടപ്പാൻ
വന്നെന്നൊയാറും കടത്തുവോനില്ല
പുക്കം പുറപ്പെട്ടും നില്ക്കുന്നനേരം
പുതുവെള്ളം വന്നു പുഴയും നിറഞ്ഞു
ദുഃഖം പെരുതായി ഉറക്കില്ലിനിക്കെ
ദുഃഖം കെട്ടത്തന്നൊ കൊണ്ടുപോറിന്നെൻ
ആറും കടന്നിട്ടങ്ങപ്പുറം ചെന്നാൽ
ആനന്ദവള്ളോൻ പുരെക്കലും ചെല്ലാം
ഞാറുണ്ടുനില്ക്കുന്നു ഞാറെ പറിപ്പാൻ
ഞാനിപ്പുലവരെ കാണുന്നതില്ല
കൂറുള്ളവരുണ്ടമ്പത്തൊരിവർ
കപ്പപ്പുലവവരുണ്ടവരതിലും
പാറകൊണ്ടന്നൊ എറിയലുംകോളെ
പണ്ടെൻപുറക്കൽഞാൻ പോകുന്നനിന്നെൻ
ഇത്തിരെ നാളും കുടിൽ കാത്തിരുന്നു
ഈവള്ളോൻകൊണ്ടെന്റെ വല്ലി പുകൾവാൻ
പത്തുവയസ്സിൽ ഞാൻ കല്ലുനൂര പൂണ്ടെൻ
പരിത്തുള്ള തണ്ടയുമിട്ടുനടന്നു
പത്തുവിരൽക്കു ഞാൻ മോതിരം പൂണ്ടെൻ
പാടത്തുചേരിയിൽ കന്നം തെളിച്ചെൻ

മുക്കറിയുംവന്നു വഴികാട്ടുവാനായി
മൂലപ്പുറക്കൽഞാൻ പോകുന്നതിന്നെന്തെൻ
ഈരേഴുലോകം പടെടത്തോനി വള്ളോൻ
അക്കുടിൽത്താനെ ഇനിക്കു കിടപ്പാൻ
ചോരുന്നതിപ്പുറ നേരെ മുകളിൽ
ചോർച്ചയടപ്പാനിനിക്കാതുമില്ലെൻ
പാരാതെ തൻമക്കളെളുവരുമിപ്പോൾ
വന്നിപ്പുരയൊന്നു കുത്തി തരുവാൻ
നേരായിട്ടെങ്ങും കിടക്കുന്നതല്ലൊ
നിന്നോട്ട എന്നേയും കൊണ്ടുപോരാനിന്നെന്തെൻ
ഉള്ളകത്തിട്ടൊരു ഞാറു പറിപ്പാൻ
ഉഠംക്കണ്ടത്തോറും നനഞ്ഞു ഞാൻനട്ടു
കള്ളപ്പുലവരെ കാവലും വെച്ചു
കാപ്പാളരുണ്ടു കളംപൂവോരുണ്ടു
കൊള്ളിയും മിന്നി ഞാൻ തന്നിക്കു പോകുമ്പോൾ
കോഴിമാ തച്ചിട്ടും കൊട്ടിട്ടും കൊല്ലും
ഉള്ളതു നീട്ടു പറയിലും കോളെ
പണ്ടെൻപുറക്കൽ ഞാൻ പോകുന്നതിന്നെന്തെൻ
ഊരിലെക്കുന്നും തെളിച്ചു മുളച്ചെൻ
ഊരാഴിയത്തെയും ഉറപ്പിച്ചു പോരുന്നേൻ
മൂരികളുണ്ടു കത്തുവാൻ നില്ക്കുന്നു
മുക്കിറയിട്ടവർ കത്തുപോരെന്നൊ
കാരിയമുള്ളവർ വാഴുവോർ തന്മെ
കാട്ടിൽപ്പോയോടി ഒളിക്കും ചിലനാൾ
നേരിയവള്ളി പിടിച്ചേറി കൊമ്പവാൻ

നേരത്തെ കൊണ്ടായി മുളുക്കാൻ പൊറിനെന്തൻ
എട്ടുതൊഴത്തിലെ കന്നും തെളിച്ചേൻ
ഏണ്ണാം പുരെക്കിൽ തൊഴത്തിലും ചെന്നേൻ
കെട്ടുകഴിക്കുംകെണക്കു പുലവർ
കാണാഞ്ഞു തേടി നടക്കുന്നോരെഞ്ചും
വെട്ടാവെളിച്ചത്തു നില്ക്കുന്നവറെ
വേറെ തെളിച്ചുണ്ടൊരുവഴിക്കൂട്ടി
പട്ടാങ്ങചൊൽവാൻ പണെവള്ളോനാരു
പണ്ടെൻപുരക്കൽ ഞാൻ പോകുന്ന നിണ്ണേൻ
ഏണ്ണമുതുകന്നോരിന്റെയെ കാണാഞ്ഞു
ഏള്ളു വഴിയെന്നറിയുന്നതില്ല
നാർവഴിയെപോയി വായിപ്പോരെനൊ
പോമിയെക്കാവലൊഴിഞ്ഞു ഞാനുള്ള
ചോറുകണ്ണക്കം ചെറുമീനും കള്ളും
ഭോഷം വെളിച്ചെണ്ണും വെച്ചു കഴിച്ചേൻ
ആനാവള്ളോനാർ തന്നോട്ടു ചോദുവാൻ
ആദിപെരുവഴി ചൊല്ലുന്നോടിന്നേൻ
പെണ്ണുവത്തൊരുനാഴി നെല്ലുണ്ടു മാടിൽ
നാഞ്ഞാഴി നെല്ലു പുരെക്കലുമുണ്ടേൻ
മുമ്പിൽ പിടുത്താളു മുന്നാഴി പോരും
പിന്നെ ഇരുനാഴി കൂടെകിടച്ചേൻ
ഒമ്പതുനാഴിനെൽ ആണിച്ചാൽ കൊള്ളേൻ
ഒന്നേനൊടമടി ഏണ്ണാഴിപോരും
വമ്പിച്ച നാഴിനെൽ കയ്യിൽ പിടിച്ചാൽ
നേള്ളാന കൊണ്ടോണ്ടോട്ടുക്കാൻ പോറിനെന്തൻ

ഒന്നായ കണ്ടത്തിൽ മൂന്നാക്കി മാടി
മൂന്നിലും ഓരോരോ വിത്തും വിതെച്ചൻ
കന്നും കഴിയും തടവും നികത്തുവാൻ
കൂറുള്ളവരങ്ങെമ്പത്തൊരിവർ
എന്നാലിരിവരും ദൈവരും കൂടി
ഏട്ടം തൊഴത്തിലെ കന്നുംതെളിച്ച
പട്ടാങ്ങുചൊൽവാൻ പഴവള്ളോനാരു
പണ്ടെൻ പുരക്കൽ ഞാൻ പോകന്നാറിന്നെൻ
കാരാരത്തണ്ടെത്തു കാരാരമാറ
ഒരെട്ടെഴുത്തൊന്നെഴുത്താന തോന്നി
കാരാരവള്ളോത്തി വള്ളോനെ കാണാഞ്ഞു
ആരാഞ്ഞു തേടി നടക്കുന്നോരെങ്ങും
കാരാരവള്ളോനാർ തന്നൊടു ചോദിവാൻ
ആടി പെരുവഴി ചൊല്ലുന്നൊടിന്നെൻ
ആവാററിൻറക്കരെ താമരപ്പൊയ്കയിൽ
ആറും മറുകരെ ചെല്ലുവതാകും
ആറുവേർചിറ മുഴന്താഴി ആറിൽ
ആറുവർ കൂട്ടരും വിക്ഷ്ഠാഴി ആറിൽ
ഇത്തിരെ ആഴം പെരുതായൊരാറിൽ
ഈവണ്ണം നീന്തിക്കരയേറിക്കൊള്ളാം
അല്ലചൊല്ലുള്ളു മറിന്തവയോ നീ
നാൾതോറും നോക്കുകിൽ കാണാനിയാകും
പണ്ടത്തിനോടെ മുതൽകെട്ടി വെപ്പാൻ
കല്യാണം കെട്ടുവോൻ പിന്നെയുമുണ്ടെ
എല്ലാം തടത്തിൽ എളുമുളയാണേൽ

ഒന്നു പൊളിച്ചുണ്ടു വാരിയുംകൊണ്ടു
സ്ഥാനം പിഴയാതെ തൂണിട്ടുകൊണ്ടാൽ
എല്ലാം കഴക്കോലു നാല്പത്തിരുന്നു
എട്ടുള്ളവാരിയും കെട്ടിയും നിർത്തി
ഓലയും തൊങ്ങാറാറുമടൽകെട്ടി
മേലെ പുതച്ചു മുകളേറികൊണ്ടാൽ
ഒത്ത മുകളിലൊരോടം കവുത്തി
മേലെ വെയിൽമഴ മന്നു തടുക്കും
ഒമ്പതു കണ്ടം മുഴവുണ്ടെല്ലാക്കും
ഒമ്പതിനൊമ്പതു വാതലുമുണ്ടേ
എട്ടുവാലൊരുമണി വിത്തും വിതച്ചെൻ
അന്നാളു എട്ടുവരെ കാവലും വെച്ചെൻ
അച്ചിടി കണ്ടങ്ങൾ രണ്ടരികെ
പിടിക്കറയുണ്ടാംമതിനകത്തിലും
അരിവാളും നീക്കി പിടിയുന്തിക്കൊണ്ടു
അരുമിച്ചരുമിച്ചു കൊയ്യുന്നനേരം
അരുമറ തമ്പുരാൻ നോക്കിയിരിക്കും
ആളെക്കണ്ടാൽ മടിക്കൂടെ മേപ്പട്ടി
ആളത്തെ പണ്ടു ചതിച്ചോനിപ്പട്ടി
എളുത്താൽത്തൊയും പെരിയയാനിപ്പട്ടി
ചെളുമുഴുത്തൊരു നായുണ്ടവനെ
ചെളുയെ പൂക്ക കലത്തെയെടുത്തു
ദാഹിച്ച തണ്ണിനീർ വായിലുംകൊണ്ടു
ദാശിയിൽ വന്നുവിളിക്കുന്നോരെന്നൊ
ഏകസ്വരൂപികളെല്ലാരും കൂടെ

എന്നെ തുറിഞ്ഞു വിളിക്കുന്നോരം
പെയ്യും മഴയെന്നെ വെള്ളവും തേവി
കേലിയുംകെട്ടി പെരുംചിറതാങ്ങി
തുണ്ടാരാകാശത്തിൽ കളിവരാമി
ഒമ്പതു വെള്ളാനാർ വെള്ളത്തിൽ കൊൽവാൻ
ഒററിലും കൂട്ടും വലയുമാസ്സുന്ന
ഒററിപ്പിടിപെട്ടുഴലുന്ന നേരം
ഇപ്പടി നിത്യവും ചൊല്ലിസ്തുതിപ്പോ-
ക്കീശപാദപ്പാദത്തെ ചേരുമി സ്വാമി

വെള്ളാക്കവി സമാപ്തം.

കുമ്മിയടി.

കുമ്മിയടിപ്പെണ്ണെ കുമ്മിയടിപ്പെണ്ണെ
കൂടെ കുനിന്തനിന്താടും പെണ്ണെ
അപ്പെണ്ണെ ഇപ്പെണ്ണെ തുളിപ്പെണ്ണെ
അലങ്കാരകുമ്മിയിട്ടിട്ടാടുക്കോടി
കൂട്ടമൊരൊമ്പതുകോലകലം
കൂട്ടകഠം നീളമുണ്ടൊമ്പതു ചാൺ
ആറുണ്ടു അദ്ധ്യാമം കൂടെനില്പാൻ
അഞ്ചു മരംപണി ചെയ്യുകൂട്ടിൽ
വാതിട്ടിവാതിലിലൊമ്പതെന്നും
വല്ലിതാവാതിലുമുണ്ടറി നീ
പുരാണകൂടകത്തുള്ള കാമൻ
തെപ്പുള്ളിപിറാവിനെ മേവുമയ്യോ

കൊമ്പിപ്പണിതൊരു കൂടതിലെ
ഓലത്താലണ്ണം കൂടിന പൊൻനിറവും പളുങ്കും
അരമ്പിക്കൊരു നിറം പച്ചയും വെളുളയും
ആനന്ദക്കൂടാരം ലംഘിപ്പിടും

കച്ചപണിയകത്തിലിരവ
താരാളപക്ഷി പിറന്നിടാമേൽ

കൊമ്പി പിടുത്താതിനെ വളർത്തിടുകിൽ
കോവിലകം പുകിനതാട്ടമല്ലോ
അയ്യാറു കൂടകത്തിൽ ഇതനാ
ആനന്ദപക്ഷിനേയും പിടുത്ത്

അയ്യാറുകപ്പിയിൽ പാൽകൊടുത്ത്
ആനന്ദപക്ഷിനേയും വളർത്തി
ഇയ്യാറുകളെല്ലാരു തുണതന്നിൽ

തൂക്കി തൂക്കിന പെങ്കയർ തൊണ്ണിത്ത
അയ്യാറുകള്ളകത്തിൽ ഇരുന്ന ആവര
ആടി കുഴിയിട്ടാടുകൊടി
പണ്ടാറപ്പെട്ടി തുറന്നതിലെ

പത്തരുട്ടിച്ച പതക്കമിട്ട
തണ്ടാരംകൊണ്ടുള്ള മൂടിയിട്ട താരം
താനാരിതെരുതെ ചക്കെയിട്ട

തണ്ടാരെപ്പെന്ന തുറന്നിടുകിൽ
കച്ചോടപ്പെട്ടി തുറന്നിടമെ

ഓരായകണ്ടം നീ ആടിനിണ്ടാൽ

ഉയിരാടികുഴിയിട്ടാടുകൊടി
കപ്പുറിയെന്നാരു കാടകരെ

കായമില്ലാപ്പുള്ളി മാങ്കളിത്തു്
ഇപ്പാരി പുളെളുറിന്തിടുകിൽ
ഇഷ്ടം ചിന്നാളർ വരു വളന്തിടുകൊ
ഇപ്പൊരുക്കേണി കാണാംമുന്നെ
ഉടലാടി കമ്മിയിട്ടാടുകൊടി
തപ്പാതെ കാടകം ഊടറിന്താതരം
താനാവർ മാമ്പെടും കാടിളക്കി
മപ്പൊതം മക്കേണി കാണാംമുന്നെ
ഉടലാടി കമ്മിയിട്ടാടുകൊടി
സുഖം സുഖിത്താ സുഖമെടുത്താൽ
സുഖമൊക്കയും മറന്തിടുമെ
ആകെക്കളിന്ത സുഖമെടുത്താൽ
അണുവോളമൊന്നും ഫലം വാരാമെ
കൂടകം വിട്ടു കയിൽപറന്താൽ
കയിലുണ്ടൊ കൂടോടണന്തിടുന്നു
കാടകം വിട്ടു കരമറന്ന കമ്പി.
കാരിയം പിന്നെ ഫലം വരുമൊ
പാടുന്ന മാത്രം വരം വരുത്തി
വരം വരുത്തിപ്പോരു
ആടികമ്മിയിട്ടാടുകൊടി

കമ്പിപ്പാട്ടു സമാപ്തം.

വാരണത്തിൻകവി.

വാരണത്തിൻ വടിവുടയൊപതിമാർ പോററി
വാണരുളീടുന്നുടയ ഹൃദയം തന്നിൽ

നാരിണികൾ നാൽമുഖൻതാൻ നാരിയാളെ
നന്നായി നിന്നരുൾക നാവുതന്മേൽ
കാരണനാം കടൽവർണ്ണാ കമലകണ്ണാ
കരുണയിനിക്കുളളൊന്നും നീക്കവേണം
പാരിടത്തിൽ ശ്രീകണ്ഠാക്ഷരമേ ഞാൻ
പണ്ഡിതരേ പരമാർത്ഥം തരികിനിക്കെ
പരമാർത്ഥം തരുന്നതാകിലടിയനിപ്പോൾ
പരമജ്ഞാനകവികളാലൊന്നെടുത്തുരപ്പിൻ
അറിപ്പമിപ്പോളുള്ളവണ്ണം കണ്ടുകൊൾവാൻ
ആദ്യന്തം മൂലമേതെന്നറിയുന്നില്ലേ
ശ്രുതവരുളാലെങ്കിലും ഞാൻ ഇതാ ചൊല്ലുന്നേൻ
ഗുണമെന്നും കരുതേണം ഫലതമല്ലോ
അതല്ലേണം ദേവകളെ ഋഷിമാരെ
അറിവില്ലാത്തടിയനൊട്ടറിയുമാറെ
അറിവുടയമഹമുനിമാർ വചനത്താലെ
അവസ്ഥയിൽ ഞാനൊന്നുണ്ടു കേട്ടിരിപ്പു
പിറവികളിൽ നരനായി ജനിച്ചുകൊണ്ടോൻ
മുമ്പിലേതും പിമ്പിലേതും കാണാമല്ലോ
ചിരമനായി പിറപ്പാനും യോഗം വന്നു
ജനനമറ്റും പോംവഴിയും കണ്ടതില്ലേ
തിരംവഴമാറൂടനെ പോയി പരലോകത്തു
നിശ്ചയമായി പരമപദം കണ്ടീടാവൂ
പരമപദം കണ്ടുകൊൾവാൻ വിധിയുമില്ലേ
പാപമെന്നും കല്ലും മുള്ളിട്ടുപോയി
ദുരിതമാരം പണ്ടനേകം ചെയ്തോനല്ലേ

ദുഷ്ടതയിൽ കിടന്നു മറിഞ്ഞുഴൽവതല്ലോ
തിരക്കടലിൽ മരക്കലം പോയോട്ടമ്പോലെ
തിരയുന്നോൻ പലവഴിയും മനസ്സിനാലെ
കരവഴിമേലണഞ്ഞുകൊൾവാൻ കരകണ്ടില്ല
കാണാതോരറിമ്പൊരുളെ കണ്ടെന്നാവൂ
കാണാതോരറിമ്പൊരുളേ കാണുമാറിപ്പോൾ
കാമമെന്നും പാശത്താൽ കെട്ടു പെട്ടേൻ
പ്രാണൻ പൊള്ളുറുകുന്ന കാലനേരാവും
വമ്പരന്റെ കിങ്കരന്മാർ വരവുണ്ടിപ്പോൾ
കേണുകിടന്നുഴലാതെ പോകവേണം
കേവലമേ പരമപദം കണ്ടുകൊൾവാൻ
വീണോർ തണ്ടിതിരടയ നാട്ടവേ ചെന്നാൽ
വിശ്വനാഥൻ താനിരിക്കും കോവിൽകാണാം
താനിരിക്കും കോവിലകം പുക്കുകൊൾവാൻ
സ്ഥാനമാനപെരുവഴി കണ്ടവർക്കേയാവൂ
കായമെന്നും വഴിയേ പൊള്ളുടന്നു ചെന്നാൽ
ആഴമുള്ളാഴിപാതിൽ തുറന്നുകാണാം
ഊനമെല്ലാം പാധാതൊതീശനാണ്ട്
ഊടറിവോർക്കുള്ളവന്നും കണ്ടുകൊൾവാൻ
ആനന്ദം പൊഴിയുന്നൊരാത്മതത്വം
അണ്ഡവേ കാണതിലുമുണ്ടഖിലലോകം
അണ്ഡവാകം മുതൽക്ക നിങ്ങളൂഖിലത്തോളും
അതിനിടയിൽ കാണേണം നേർക്കൂറ്റം
ഉണ്ണിലോളം പോതമൊരു രൂപംതന്നെ
രൂപമോരാലരൂപമോരോലെന്നും പിന്നെ

മണമിയലും പുഷ്പമലരിൽ ഗന്ധംപോലെ
മന്നിലെങ്ങും കലർന്നെതളിവായിരുന്ന
ദോഷഗുണം തിരിച്ചറിവാനാക്കിതാവു
കമ്പിട്ടേനേൻ നമശിവായം ശിവായമെന്നും
നമശിവായം തന്നിലല്ലോ പരമാനന്ദം
നാട്ടവെ കാണുപദേശം നിന്നാവാറും
ഉമപ്രമാണം പഴുതുമാകിൽ താവുമില്ലേ
ഉമവച്ച സ്ഥൂലസൂക്ഷ്മത്താലെ കാണാ
സംശയമില്ലതിനേതും സത്യംതന്നെ
താല്പരീയം തന്നിലെ കണ്ടറകെയാവു
സമസ്തവും താനതിനാലെ അറിയാമോ താൻ
സാധനയിൽ മുക്തിപദം കേട്ടുകൊൾവാൻ
തപസികളും പുരുഷർക്ക് അതു ചെയ്യാവു
ആധാരം നീതികളെ വകവെച്ചിട്ട്
അറിയുമാകിൽ അവനിവനൊന്നില്ലതാനും
ശോധനചെയ്യുകമലരിൽ മലമറുത്തയോഗത്തെ
കണ്ടുകൊൾകിലഴകിതല്ലോ
വായുവിന്റെ നിലകളോരോ യോഗമല്ലോ
തായുള്ളേടം കുറിട്ടുവാൻ നിനവുണ്ടോറം
ആയവ്യയം കണ്ടവർക്കു കുറിടാവു
ആവതില്ല അവരിലൊരാളെന്നുകമുണ്ടാം
കായമെന്നും കുഴലുകളുണ്ടേക നാഡി
കനക്കട്ടിപ്പനക്കണക്കിൽ തിരിവുമുള്ള
ആഴമുണ്ടങ്ങവ്വഴിക്ക കീഴ്മേലും
അകമെഴുന്ന വായുവിനും മൂലമുണ്ടു

മൂലമാകുന്നാധാരം തന്നിലല്ലോ മുകൾമുടിവും
വായുബീജം പിറന്നുണ്ടായി
മേലേടം നിലകളേഴും കടന്നു ചെന്നാൽ
മേവിനിന്നു വിലസീടും പരിചു കാണാം
വെലയുണ്ടങ്ങനിലയിൽ ചെന്നുകൊൾവാൻ
വേദാന്തം കണ്ടവർക്കേ പൊരുൾ കാണാവു
മൂലനാഥൻ വസിപ്പതൊരു സ്ഥാനമുണ്ടോ_
മുപ്പുരം തൻനടുവെ ഉപദേശങ്ങൾ
പച്ചനിറം പവിഴനിറം പാൽനിറത്താൽ
പരമിതൊന്നായി നിന്നതല്ലോ പരമയോഗം
അച്ചുതക്കം കണ്ടു സേവിച്ചുറച്ചുകൊൾകിൽ
അതിനുമേലെ ആനന്ദം പെരികെയുണ്ടാം
നിശ്ചയമായി മൂലനാഡിമുതൽ കണ്ഠത്തിൽ
നിറഞ്ഞുനില്ക്കും പരമജ്ഞാനകതിർവിളക്ക
പരമജ്ഞാനകുവിളക്കിലെഴുന്ന ദീപം
പരമാത്മാ തന്നിലെങ്ങും നിറഞ്ഞു നിൽക്കും
എരിഞ്ഞു കത്തീട്ടൊഴുകുന്നദീപം
എഴുന്നുകണ്ടിട്ടെൻ മനവും തന്നാകവെ സുഖം
കൊട്ടത്തു പരമീശീലു ദീപത്തിൻ നാളംപോലെ
പരീക്ഷിച്ചുകാണേണം വിശ്വരൂപം
അമയിനാലതിട്ടയമ്മഹിമ കണ്ടിട്ടെൻ
മനവും മതിമറന്നു തുടങ്ങിതല്ലോ
മതിമറന്നു പോവാതെ ജീവാത്മാവെ
മനോഹരമാം സ്വപ്നങ്ങളുണ്ടതിന്നരീതെ

അതിശയമായുണ്ടലങ്ങൾ മൂന്നുണ്ടല്ലോ
അതിന്നാടുവെ മുക്കൂടം വഴിയുമുണ്ട്
ചതിയെന്ന നിന്നാപരകൾ മൂവ്വരുണ്ടേ
ചായനിലെ വായുമാർഗ്ഗം താനുമുണ്ടേ
പതവിയതിനുള്ളവണ്ണം ചൊല്ലാമെല്ലോ
പലരറികെ പരൻ ചോതിനാൽ പെരുപ്പം ചൊല്ലാം
ചോതിയുടെ പെരുപ്പത്തെ കണ്ടുകൊൾവാൻ
ചൊല്ലേറും ഗുരുനാഥൻ തനിക്കേയാവൂ
അതേതന്നുറക്കാതെ ഉറക്കവേണം
ഏതാനം കണ്ടവർക്ക് നിറത്തിൽ നിൽപ്പൂ
വിതിയുണ്ടൊരാനിലയിൽ കാൺകേവേണ്ടു
വിസ്താരം വിതിയുള്ള നിലകൾ കാണാം
വിസ്താരം വിതിയുള്ള സ്ഥലവുമുണ്ടെല്ലു കാണാം
മേൽനിലയാൽ വിതിസ്ഥാനം പുക്കുകൊൾവാൻ
അതിനാടുവെ ഓടിനില്ലും വായു തന്നിൽ
നോക്കി നോക്കി കരയേറി ചെന്നാൽ പിന്നെ
കാൽനിലയുണ്ടക്കരെന്നെ കണ്ടുകൊള്ളാം
തന്നിലുള്ളം കണ്ടുകൊള്ളാം എന്നരുളുൻ
മൂലത്താൽ മുമ്പിൽ നമ്മെ കാണാം
മേൽനിലയാൽ കരയേറി ചെന്നാൽ പിന്നെ
മേവിനില്ലും വായുവിൻെറ മികവുകാണാം
മികവിനോടു വായു വന്നു വിലസിക്കാണാം
ആകാശം തന്നിലെ ചെന്നിറങ്ങി കാണാം
ഓങ്കാരം തന്നിലെ ചെന്നിരിക്കിൽക്കാണാം

ആകാശത്തങ്ങളൊക്കെ പട്ടവെ കാണാം
മധുരമാകുന്നപ്രദേശമിവിടെ കാണാം
വേദാന്തം പൊരുളിന്റെ വടിവു കാണാം
ഉത്തമനാം ശ്രുതിനാഥൻ തന്നെക്കാണാം
ഈരേഴുലോകമതും കൂടെക്കാണാം
തെളിവിനോടങ്ങനാമറ്റൊരഴികകാണാം
ദേവകളും മുനിമാരും വണങ്ങിക്കാണാം
ദേവകളും മുനിമാരും വണങ്ങിനില്ലും
ദേവമയം കണ്ടുകൊൾകിലഴകിതല്ലൊ
സേവയുള്ള ഭക്തജനം കണ്ടുകൊൾവാൻ തേടുമ്പോൾ
തന്നകമേ വായുതാനും മൂവുലകം വാരിക്കും
മൂർത്തി മൂന്നും മുപ്പൊഴും മുന്തിതോറും തേജസ്സുണ്ടാം
ഈവക കണ്ടറിച്ചുകൊൾവോർക്കിച്ചുവാഴ്വും
ഈശപരൻ താൻ വന്ന പരമപദം തന്നുമാക
പരമപദം തന്നെതാൻ പാരണല്ലൊ
പാരമെന്നിക്കണ്ടുകൊൾവാൻ ഭയമേറീടം
കൊടിയവരാം തന്നെതാൻ ഗുരുവുണ്ടല്ലൊ
ഭയമെന്നി കണ്ടുകൊൾവാൻ ഭയമേറീടം
ഗുരുവരെയൊത്തുടയവരോടണഞ്ഞുകൊൾവാൻ
ഉടൻ വിട്ടു ഉയിർപോകാതുറവി കണ്ടോൻ
തുറവി വിട്ടു പിറവിമറന്നീടിനൊ ഞാൻ
സുഖമൊടെ ബ്രഹ്മാണ്ഡം കടന്നു ചെന്നാൻ
നിറവുടയ പദം പൊരുൾതാൻ പാദം ചെന്നാൽ
നിനവുണ്ടു പരമയോഗം പൂക്ക എന്നാൽ

വിരവിനൊടു രാമനാഥൻ ചൊന്നമാല
അതിശയമായി കവികളുണ്ടിങ്ങിരിപ്പതൊന്നു
നിരത്തൊടെ ചൊല്ലുവോരും കേൾക്കുന്നോരും
നിനവുറും പരമപദം പുവ്വർന്നമെ.

രാമനാഥിപ്പാട്ട സമാപ്തം.

ഭീമൻ കഥ.

ഹിഡുംബാവധവും ബകാവധവും.

അംബുജവൈരികുലത്തിലുള്ള-
വാകിയ പാണ്ഡവരഞ്ചും
അമ്മയുമായൊരു നാളിലര-
ക്കില്ലവും വെന്തു നടന്നു
അന്നു വിലച്ചാരം പുക്കു കുന്തി
പുത്രരുമായ് നടകൊണ്ടു
ചാത്തുപുഴയ്ക്കലും ചെന്നു കുന്തി
തീരം കടപ്പതിന്നായി
തോണിപ്പുഴയുടെയാളെക്കണ്ടു
വേദനയോടെ പറഞ്ഞു
തോണിപ്പുഴയുടെയാളേ എന്നെ-
യക്കരെയ്ക്കിറക്കേണം
തോണി കടക്കേണമെങ്കിൽ തോണി-
ക്കൂലിയെടുപ്പിൻ വൈകാതെ
തോണിക്കൂലിക്കുള്ളതുപായം കഴി-
വില്ലാ പുഴയുടെയാളേ
കൂലിക്കുപായമില്ലെങ്കിൽ നിന്റെ
ബാലരിലൊന്നു തന്നാലും
അരുചിതം ചൊല്ലിൽക്കരഞ്ഞു കുന്തി

ചഞ്ചലം പൂണ്ടുഴന്നു
അന്നേരം ഭീമൻ പറഞ്ഞു തന്റെ
മാതാവിനോടു സത്വരം
ഞാനുമിവിടെ നിന്നിടാം നിങ്ങൾ
വേഗം കടന്നങ്ങു പോവിൻ
എന്നതു കേട്ടോരു നേരം കുന്തി
നേത്രാംബുമാർവ്വിലൊഴുക്കി
വമ്പൻപുഴയുടയോന്റെ കയ്യിൽ
പുത്രനെ മെല്ലെക്കൊടുത്തു
ധർമ്മസഹോദരന്മാരും കുന്തി
വനിപ്പു തീരം കടന്നു
അളകലാശ്ശൂതാവിനപ്പോൾ മനം
ചെന്നിതു വെള്ളിശ്രീയാൽക്കൽ
ആൽത്തറ കേറിയിരുന്നു തന്റെ
പുത്രനെയോർത്തു കരഞ്ഞു
അന്നേരം ധർമ്മജൻ ചൊല്ലി മാതൃ-
ദുഃഖം കെടുപ്പാനുപായം
നാലു നാളുള്ളിലിവിടെയെന്റെ
സോദരൻ വന്നിടുമമ്മേ!
ധർമ്മജനേവം പറഞ്ഞു ധർമ്മ-
സമ്മതമായി മാതാവും
വായുതനയനെ നോക്കി വീരൻ
വമ്പൻ പുഴയുടയോനും
മാർഗ്ഗശുശ്രൂഷകൾ നിത്യം ഒരു
വാട്ടം വരാതെ ചെയ്യണം

അങ്ങിനെയാമെന്നു ചൊല്ലി ഭീമ-
സേനനു സമ്മതമായി
നിത്യം കുളിപ്പതിനുള്ള വെള്ളം
കാച്ചേണമെന്നു പറഞ്ഞു,
ഉദാരമായുള്ളൊരു ചെമ്പു ഭീമ-
സേനൻെറ പേരിൽക്കൊടുത്തു
ബാലകൻ ചെമ്പതെടുത്തു മട-
പ്പള്ളിമറമതിൽ പുക്ക
ചെപ്പുകുടം രണ്ടെടുത്തു വെള്ളം
കോരിച്ചൊരിഞ്ഞു നിറച്ചു
അഗ്നിയും കത്തിച്ചു നന്നായ് വെള്ളം
കാഞ്ഞു തിളച്ചുതുടങ്ങി
പോരിക വേഗം കുളിപ്പാൻ വിര-
നാഴിക തെറ്റരുതൊട്ടും
പോരാൻ മടിയുണ്ടെന്നാകിൽ പ്രാണ-
നാഥേ വിരവിലെടുപ്പൻ
എന്നു പറഞ്ഞുടൻ ഭീമൻ വേഗം
കാൽകരം കൂട്ടിപ്പിടിച്ചു
മെല്ലെയവിടന്നെടുത്തു തിള-
വെള്ളത്തിലങ്ങു മറിച്ചു
കാർക്കുന്തൽ ചുറ്റിപ്പിടിച്ചു തിള-
വെള്ളത്തിലിട്ടൊന്നുലച്ചു
അസ്ഥിയുമൊക്കെ മുറിഞ്ഞു അവളും
മൃത്യുവശഗതയായി
ചത്തെന്നു കണ്ടൊരു നേരം ഭീമൻ

മറെറാരു ചെമ്പതെടുത്തു
ചിത്രത്തിൽ വെച്ചതു മൂടി കാടി-
ച്ചെന്നു കടവിലന്നേരം
ബാലകുമാരനെക്കണ്ടു വീരൻ
വമ്പൻപുഴയുടയോനും
അമ്മയ്ക്കു നല്ല സുഖമോ സുതാ
എന്തിനിങ്ങോട്ടിപ്പോൾ പോന്നു?
അമ്മ കളിച്ചു സുഖമായ് നല്ല
സ്വാദുതാമുണ്ടു ഉജിച്ചു
സൌഖ്യമായങ്ങിരിക്കുന്നു ഒരു
നാളും ലയമില്ലവൾക്ക്
ഓടം കടത്തേണമിപ്പോളിനി-
ക്കാലസ്യം പാരം മകനേ!
എന്നങ്ങു ചെയ്യുന്നേരം ഭീമ-
നപ്പോളവനോടു ചൊല്ലി
ആരുമീ തോണിനടുവിൽ ഒരു
വാട്ടം വരാതെയിരിക്കൂ
അങ്ങോട്ടുമിങ്ങോട്ടു വേഗം പുഴ
ഞാൻ വലിച്ചങ്ങിറക്കീടാം
സന്തോഷമുള്ളിൽക്കരുതി വീരൻ
വമ്പൻപുഴയുടയോനും
തോണിനടുവിൽക്കയറി ഭീമൻ
തോണിത്തുഴയുമെടുത്തു
ഓടംതലയ്ക്കൽക്കയറി ഭീമൻ
ഉന്നതമായൊന്നു വലിച്ചു

തോണിനാട്ടപ്പുഴതന്നിൽ പുഴ-
ന്മാരു കീഴ്പ്പോട്ടു താണു
തോണിപ്പുഴയുടെയോരം മുങ്ങി
നീന്തിത്തുടിച്ചു തുടങ്ങി
കാലും കരവും തളൎന്നു അവൻ
കണ്ണു മിഴിച്ചു തുടങ്ങി
വല്ലാതെ കൊല്ലുമതെന്നു ഭീമ-
സേനനുമുള്ളിലുറച്ചു
കാൽകരം കൂട്ടിപ്പിടിച്ചു ഭീമ-
നക്കഴുത്തോടൊട്ടിറുത്തു
വായിലെ നാവും പറിച്ചു അവൻ-
തന്നെയും തള്ളിയങ്ങിട്ടു
വേഗം കരിച്ചങ്ങു ചെന്നു മാതൃ-
പാദാംബുജവും വണങ്ങി
അഗ്രജപാദം തൊഴുതു തന്റെ
സോദരന്മാരെപ്പുണൎന്നു
ദുഃഖവും തീൎന്നിതു കുന്തി തന്റെ
പുത്രരുമായ് നടകൊണ്ടു
കാടതിൽ ചെന്നങ്ങു പുക്കു കണ്ണു
കാണാതെ ദേവിയുന്നോരം
തെറ്റെന്നുഴറി നടന്നു ചെന്നു
പുക്കിതിഡുംബവനത്തിൽ
അൎക്കനസ്തമിച്ചപ്പോൾ കൊടും
നാട്ടിലെഴുന്നാറു ദേവി
പുത്രന്റെ ദുഃഖവുമായി കുന്തി-

ക്കാലസ്യമായിതന്നേരം
വെള്ളം കുടിയാതെകണ്ടു കുന്തി–
ദേവിക്കാലസ്യമായി
വായുതനയ മകനേ വേഗം
വെള്ളം കൊണ്ടുവന്നു തരേണം
മാതാവു ചൊന്നതു കേട്ടു ഭീമൻ
വേഗം വനത്തിൽക്കടന്നു
കണ്ടിതിഡുംബാവനത്തെ വിസ്മ–
വിസ്മയമെന്നു കണ്ടേക്ക
ഗോപുരം നാലു ദിക്കിലും നല്ല
വ്യോമമാർഗ്ഗത്തോളം കാണായ്
പശ്ചിമഗോപുരദേശേ നല്ല
പൂഞ്ചിറ കണ്ടു തെളിഞ്ഞു
ബാലരോഷത്തോടിറങ്ങി തോയ–
പാനവും ചെയ്തന്നേരം
മട്ടോൽമിഴിയാളിഡുംബി കുളി–
ച്ചാനന്ദമായ് നില്ക്കുന്നേരം
അംഗനമാരോടുകൂടിച്ചില
സംഗാവിനോദം പറഞ്ഞു
ഗംഗയിൽ സ്നാനവും ചെയ്യും നര–
പുംഗവനാകണ്ടവളും
ചഞ്ചലമുള്ളിൽ കരുതി മണ്ടി–
ച്ചെന്നിതു ഭീമസമീപേ
മാരാർത്തി പൂണ്ടു പറഞ്ഞു നിജ–
നാരീമണിയാളിഡുംബി

എന്നോടുകൂടെ വരിക നല്ല
സ്വാതന്ത്ര്യമുണ്ടു വസിക്കാം
സ്വൈരമായങ്ങുറങ്ങീടാം സുഖം
നല്ലവണ്ണം വരും മേലിൽ
ഇവ്വാക്കു കേട്ടൊരു നേരം ഭീമൻ
കോപിച്ചവളോടു ചൊല്ലി
പോടി നിശാചരി മൂഢേ നിന്റെ
വാക്യങ്ങൾ ഞാനിങ്ങറിഞ്ഞു
പോകാഞ്ഞീടിൽ ഞാൻ നിന്നെ
ഇപ്പോൾ കാലപുരത്തിലയയ്ക്കും
എന്നതു കേട്ടങ്ങിഡുംബി മന്ദം
ചെന്നങ്ങിഡുംബസമീപേ
ഘോരം പരിതാപം പൂണ്ടു തന്റെ
സോദരനോടു പറഞ്ഞു
മർത്ത്യാധമനിങ്ങൊരു മാരൻ നല്ല
രാജകുമാരകവീരൻ
തോഴിമാരൊന്നിച്ചു ഞാനും കളി-
ച്ചങ്ങിനെ നില്ക്കുന്ന നേരം
എന്നോടടുത്തവൻ വന്നു എന്റെ
മെയ്മേൽ തൊടുവതിന്നായി
കണ്ടു പേടിച്ചു ഞാനോടി എന്റെ
കാലും കരവും തളർന്നു
പോയീലവനവിടുന്നു വേഗം
ചെന്നാലവനെക്കണ്ടീടാം
എന്നതു കേട്ടൊരു നേരം അവൻ

കോപത്തോടൊന്നങ്ങലറി
കഷ്ടം മനുഷ്യൻ വന്നെന്റെ പിറ
തൊട്ടവനെ വധിക്കേണം
പെട്ടന്നു വന്നൊരു കോപം ഉന്നു
പോക്കുവനൊന്നുരചെയ്തു
നന്നായ്ച്ചിരിച്ചൊന്നലറി അവൻ
മുഷ്ടി ചുരുട്ടി നടന്നു
ഭീമനൊക്കണ്ടങ്ങവനും അതി
ഭീമമായൊന്നങ്ങലറി
ദംഷ്ട്രം കരാളംകണക്കെ നീട്ടി
ദന്തം കടിച്ചു പൊടിച്ചു
മുഷ്ടിയുരുട്ടി മിഴിച്ചു കനൽ-
ക്കട്ട ചിതറുമാറോരം
അട്ടഹാസംചെയ്തലറി ദംഷ്ട്ര-
നൊട്ടാകെ പൊട്ടുമാറപ്പോൾ
ച്ചിറാം കയർത്തടുത്തു അവ-
നൂറമായൊന്നങ്ങടിച്ചു
ആയടി ഭീമൻ പിടിച്ചു തന്റെ
ബാഹുക്കൾകൊണ്ടൊന്നടിച്ചു
ആയടി കൊണ്ടുടനവ-
നാലസ്യം പാരമുണ്ടായി
എന്നതു കണ്ടൊരു നേരം ഭീമ-
സേനനമൊന്നു പറഞ്ഞു
നിന്നോടു ഞാനെന്തു ചെയ്തു പിന്നെ-
യെന്നോടു വന്നിങ്ങെതിർപ്പാൻ?

നേരം പോയകേട്ടും ന്യായം വഴി
രണ്ടുമറിയേണമിപ്പോൾ
എന്നേയടിപ്പാൻ നിനക്ക ഒരു
യോഗ്യതയില്ലറിയേണം
എന്നു പറഞ്ഞുടൻ ഭീമസേനൻ
പിന്നെയുമൊന്നങ്ങടിച്ചാൻ
ആയടികൊണ്ടങ്ങസുരൻ പൃഴ-
ന്നാമ്മാറു ഭൂമിയിൽ വീണാൻ
അല്പനേരം കഴിഞ്ഞപ്പോൾ അവ-
ന്നുറമായൊന്നങ്ങലറി
ചിറം മുഴത്തങ്ങിരുന്നാൻ നായ-
ന്മാരാനൊപ്പിടികെട്ടു
മുഷ്ടിപ്രയോഗം തുടങ്ങി നാലെ-
ദന്തങ്ങൾ പറഞ്ഞു തുടങ്ങി
കമ്പം കലർന്നു നേരം ഗദ-
കൊണ്ടു പ്രയോഗം തുടങ്ങി
കാണികൾക്കിടം തുടരാതെ അവർ
യുദ്ധം തുടർന്നു നേരം
ഭീമനു ദീനതയുണ്ടു പാര-
മാലസ്യമായിതന്നേരം
വേർപിരിയാതവർ ഭൂമൌപ്പോയി
വിചാരിച്ചു നില്ക്കുന്നനേരം
തോറ്റുവെന്നുള്ളിലുറച്ചു മഹാ-
ദുഷ്ടൻ ഹിഡിംബനന്നേരം
വന്മരം പറിപ്പറിച്ചു ഇല

ഊരിയവനൊരടിച്ചു
ആയടി മാറിത്തടുത്തു തന്റെ-
യച്ഛനെയുള്ളിൽ നിനച്ചു
ശ്രീഗദകയ്യിലെടുത്തു ഭീമ-
സേനനുമൊന്നങ്ങടിച്ചു
ആയടി കൊണ്ടങ്ങസുരൻ ചുഴ-
ന്നാമമാറു ഭൂമിയിൽ വീണു
കൊല്ലല്ലേ വായുതനയ നിന-
ക്കിഷ്ടമാംവണ്ണമിരിയ്ക്കാം
ഞാൻ ചെയ്യുന്നതൊക്കെപ്പൊറുക്ക ധന-
ധാന്യങ്ങളൊക്കെ തന്നിടാം
ക്രോധം മുഴുത്തസുരന്റെ ദേഹം
ഭസ്മമായ് ധൂളിച്ചനേരം
ദേവകൾക്കാപത്തൊഴിഞ്ഞു മുനി-
യാശ്രമങ്ങൾക്കും സുഖമായ്
വമ്പൻ ഹിഡുംബനെക്കൊന്നു ജലം
കൊണ്ടു പോകുന്നോരു നേരം
പിന്നാലെ കൂടി ഹിഡുംബി അപ്പോൾ
ഭീമൻ പറഞ്ഞവളോടു
നീയുമിന്നെന്നോടു കൂടിപ്പോരാ-
നെന്തൊരു കാര്യസിദ്ധാന്തം
താനെന്നെ രക്ഷിയ്ക്കവേണം ഇനി
താനൊഴിഞ്ഞാരുമില്ലിനിയ്ക്കു
തമ്മിലന്യോന്യം പറഞ്ഞു കുന്തി
ദേവീസമീപത്തു ചെന്നു

മാതാവിനു ജലം നൽകി തോയ-
പാനവും ചെയ്തവരപ്പോൾ
ആനന്ദപ്രമോദമെഴുന്നി നിന-
ക്കെങ്ങുന്നു കിട്ടിയിവളെ?
ഉണ്ടായ വാർത്തകളെല്ലാം തന്റെ
മാതാവിനോടു പറഞ്ഞു
ധർമ്മം നീ ചെയ്തകാര്യം ബോധ്യ
വിസ്മയമെന്നുമറിക
വൃത്താന്തമിങ്ങിനെ കേട്ടു ധർമ്മ-
പുത്രനുമൊന്നുര ചെയ്തു
ധാത്രീപതിസുത കേൾക്ക ഭവ-
തീർത്ഥമാടേണം നമുക്ക
എന്നു പറഞ്ഞതുകേട്ടു നിജ-
ധർമ്മസഹോദരന്മാരും

തെറ്റന്നുഴറി നടന്നു ചെന്നു
പുക്കിതു ആശ്രമത്തിൽ.
ഊരതിലൊക്കെ നടന്നു ഭയ-
മുണ്ടായ്വസിക്കുന്ന നേരം
ഊരതിലൊക്കെ നടന്നു കുന്തി
സഞ്ചരിച്ചീടുന്നൊരു നേരം
ഏകനൊരു വിപ്രന്തന്റെ ഇല്ല
ത്തന്തണസ്ത്രീ കരയുന്നു
അന്തണസ്ത്രീദുഃഖം കേട്ടു കുന്തി
ചിന്തിച്ചവിടേക്കേറി
എന്തെന്നു ചോദിച്ചു കുന്തിയന-

വേദപ്രയോഗപാരന്ത്യ
ഇഗ്രാമത്തിൽ പ്രഭയോടെ ഞങ്ങൾ
ഐശ്വൎയ്യമായ്‌വാഴുന്നാകാലം
പ്പിശുന്ന വന്നൊരസുരൻ ദുഷ്ടൻ
ധാരണയില്ല മാതാവെ
ബ്രാഹ്മണരൊക്കെക്കളിപ്പാൻ ചിര-
ന്തനിലിറങ്ങിയ നേരം
ഊരിൽക്കടന്നവൻ വന്നു ചില
ഉണ്ണികളേയും ഭക്ഷിച്ചു
ഗോക്കളെയൊക്കവെ കൊന്നു തിന്നു
വൃന്ദമാം വിപ്രരെക്കൊന്നു
മാതരെസ്ത്രീകളെക്കൊന്നു ഞങ്ങൾ-
ക്കാതൽ വരുത്തിയസുരൻ
നമ്മെ ദിവസമിങ്ങിനെയവൻ
ചഞ്ചലം കൂടാതെ ചെയ്യാൻ
നമ്പോമരാചാൎയ്യസുരാ ഞങ്ങൾ
ചൊല്ലുന്ന വാക്കുകൾ കേൾക്ക
ഒന്നാലെ കൊന്നു മുടിച്ചാൽ പിന്നെ
ഉണ്മാൻ നിനക്കെന്തു കൊറവു
വിപ്രവചനങ്ങൾ കേട്ടു ബകൻ
തൽപ്രസാദം നിറഞ്ഞുള്ളിൽ
അപ്പോൾ പറഞ്ഞസുരനൻ ദിനം
നിത്യവുമുള്ള കണക്കെ
ആയിരം നാഴിയരിയും അശ-
ക്കോടിച്ചു വച്ചു ചമച്ചു

നൂറു കുടത്തിൽ ഒരാളം ദുഃഖ-
മേററമെനിക്കു പ്രസാദം
പച്ചയിറച്ചി ഭുജിപ്പാനൊരു
മാനും മറിനായും പോത്തും
കേവലമോടുന്ന ചാട്ടിൽക്കേററി-
കേടുവരാതെ തരേണം
നിത്യവും കൊണ്ടത്തരേണം നിങ്ങ-
ളോരോരുത്തരോരോ ദിവസം
കൊണ്ടുവരാൻ വൈകിയെന്നാൽ കൊന്നു
പാടെയടക്കം മുടിക്കും
അങ്ങിനെ സമ്മതിച്ചപ്പോൾ അവ-
നിന്നലെയാവോളമെല്ലാം
ഇന്നിനി ഞങ്ങടെ കയ്യാൽ ബക-
ന്നമ്മാൻ കൊടുക്കേണം തായേ
കോപ്പുകളൊക്കവേ കൂട്ടി കൊണ്ടു-
പോവതിനാരുമേയില്ല
മാമകയോനും മകനും ഞാനും
തന്നെയുള്ളു മാതാവേ!
ഉണ്ണിയെച്ചൊല്ലിയയച്ചാലെന്റെ
ഉദകക്രിയക്കാരുമില്ലാ
മാമകയോനെയയച്ചാലെന്റെ
മംഗല്യസൂത്രം മുടങ്ങും
ഞാനിനി പോകുന്നതമ്മേ! മക-
നൊന്നായിരിക്കുള്ള പുത്രൻ
വേദന പൂണ്ടു ഭർത്താവങ്ങിനെ

ദീനത പൂണ്ടുഴലുന്നു
ഹാ ഹാ വിധി ദൈവമെന്നും കേണു -
പിന്നെയും വീണു മുറയാ -
യന്തണസ്ത്രീദുഃഖംകൊണ്ടു കുന്തി -
ദേവിയ്ക്കു സങ്കടം പൂണ്ടു
ഉൾഭവനാരിതന്നോടുമപ്പോ -
ളിമ്പം വരുമാറു ചൊല്ലി
കമ്പം കലരാതിരിയ്ക്കാ കഴി -
വുണ്ടാക്കുവൻ ഞാനും ഭദ്രേ
അഞ്ചുണ്ടു മക്കളെനിയ്ക്കു അതി -
ലൊന്നിനെ ഞാൻ തരുന്നുണ്ടു
സങ്കടം തീർന്നില്ലയെങ്കിൽ അതി -
നാലിനെയും തരുന്നുണ്ടു
സങ്കടം തീർന്നീടുന്നാലും എന്നു
വേദിയസ്ത്രീയോടു ചൊല്ലി
കുന്തീവചനങ്ങൾ കേട്ടു മനം
നന്നായ് കുളുർത്തു പറഞ്ഞു
കത്തിയെരിയുന്ന തീയിൽ കുളു -
ർവെള്ളം ചൊരിയുന്നപോലെ
ഉള്ളകമൊക്കെത്തണുത്തു എന്റെ
തള്ളയെന്നും ചൊല്ലിനിന്നു
കൊല്ലുവാൻ കൊണ്ടുപോകുന്ന ജനം
തന്നെ രക്ഷിയ്ക്കുന്നപോലെ
വെള്ളത്തിൽ വീണു മരിയ്ക്കുന്നോരെ
തന്നെ രക്ഷിയ്ക്കുന്നപോലെ

പ്രാണരക്ഷാൎത്ഥം ചെയ്യുന്ന ജനം
മാതാവിനു തുല്യമമ്മെ
ഉള്ളിലെ വേദനകൊണ്ടു പൊറു-
പ്പുണ്ടായി ഭേദം മകനെ
നല്ലതു മേലിൽ വരേണം നിങ്ങൾ-
ക്കല്ലാതെയില്ല പറവാൻ
നാരായണനെന്നു ചൊല്ലി നാരി-
ഖേദവുമുള്ളിലടക്കി
വിപ്രരെ രക്ഷിപ്പതിന്നു തന്റെ
പുത്രനോടന്നു പറഞ്ഞു—
വീരൻ ബകനെന്നപോലും വിപ്ര-
രോടുള്ളഹംമതിയെല്ലാം
ധൎമ്മജനാദിയായുള്ള സുത-
ന്മാരോടു ചൊല്ലി മാതാവും
അഗ്രജനാകുന്ന പുത്രനപ്പോ-
ളുഗ്രയനനുവാദം നൽകി
മുക്തി വരുത്തേണമെന്നു തന്റെ
ഭീമനോടന്നു പറഞ്ഞു
മാതാവു ചൊന്നതു കേട്ടു
ഭീമനാമെന്നും ചൊല്ലി നടന്നു
വേദന കൂടാതെ ചെന്നു
ഭീമൻ വേദിയരോടു പറഞ്ഞു
കന്മഷം പൂണ്ടസുരനെ നിങ്ങ-
ളമ്മാൻ ശ്രമിച്ചതെപ്പോഴും
എന്നുടെ പാറിൽത്താരിക പക്ഷെ

ഞൊറാണ്ടു കൊണ്ടു ചെന്നീടാം
എന്നു പറഞ്ഞതു കേട്ടു ഭീമൻ
ചൊല്ലിയതെല്ലാം കൊടുത്തു
ചെപ്പുകുടം രണ്ടെടുത്തു ചെമ്പിൽ
നൂറു കുടം വെള്ളം കോരി
ആയിരം നാഴിയരിയും അഴ-
കോടെ കഴുകിക്കൊടുത്തു
ആനന്ദമുള്ളിലുറച്ചു ഭീമൻ
നന്നാച്ചുടച്ചു തുടങ്ങി
അമ്പു കറിക്കുള്ള വട്ടം ക്ഷിപ്രം
കൊണ്ടു ചമച്ചുടൻ ഭീമൻ
ചുക്കുമുളകു പൊടിച്ചിൻ ചെറു
ജീരകം നന്നായരച്ചിൻ
ഈരുള്ളി ഏലം നറുനൈ കൂട്ടി
വേഗത്തിലങ്ങു പകർന്നു
കൂട്ടിയിളക്കി മറിച്ചു പുക-
ത്തട്ടാതെ മെല്ലെയിറക്കി
തൊട്ടികൾ വട്ടി നിരത്തി അതി-
ലൊക്കെ നിറച്ചു തുടങ്ങി
മൈക്കണ്ണിമാരെ വരുവിൻ നിങ്ങ-
ളിക്കറിക്കുപ്പൊന്നു നോക്കിൻ
ഉപ്പില്ലയെങ്കിൽ കൊതിയൻ ബക-
നൊക്കുകയില്ലെന്നറിക
അമ്പുകറിയും ചമച്ചു ഭീമ-
നമ്പോടെയുള്ളിലുറച്ചു

നൂറുകുടത്തിൽ രസാളം നിറ-
ച്ചുനാറു വാകെട്ടി വെച്ചു
മാനം മറിനവും പോത്തും പിന്നെ
പാരാതെ കൊണ്ടന്നു കെട്ടി
പോത്തുകൾ രണ്ടും വണ്ടി പൂട്ടി-
ച്ചാട്ടിൽ കരേറിത്തുടങ്ങി
വട്ടികൾ തൊട്ടി നിരത്തി ഒരു
വാട്ടം വരാതെ കരേറി
നൂറു കുടത്തിൽ രസാളങ്ങളും
വാട്ടം വരാതെ കരേറി
അംഭോജസംഭവമെല്ലാമൊരു
കുന്നുപോലെ കരയേറി
ആടിയടിച്ചു തുടങ്ങി ഭീമൻ
ഇട്ടുകൂടാതെയന്നേരം
സമയം കഴിഞ്ഞു ചോററിയും കേട്ട
വരവീലയെന്നോർത്തു
കാട്ടിൽക്കരേറിയന്നേരം ബകൻ
ഞെട്ടുമാറൊന്നലറി
അട്ടഹാസം കേട്ടനേരം ബകനും
ഞെട്ടുമാറൊന്നലറി
പാരിച്ച കോപം മുഴുത്തു ബകൻ
ദ്ദൂരത്തു വാങ്ങിയിരുന്നു
ഇന്നു ഞാൻ ഗ്രാമം മുടിച്ചു വിപ്ര-
വംശത്തെയൊക്കെ മുടിപ്പൻ
ചീററം കലർന്നു കൊതിയൻ കോപം

വൎദ്ധിച്ചിരിക്കുന്ന നേരം
പെട്ടന്നു ചെന്നു സമീപേ ഭീമൻ
കോപ്പുകൾ കാട്ടിത്തുടങ്ങി
റോരിട്ടൊന്നും പറയാതെ നിന്ന
റോത്തു ഭീമൻ പറഞ്ഞു
ആരാനും തന്നൊരു ചോറു അഴ-
കോടിത്തു കൊണ്ടിരുവന്നു
അഞ്ചാതെയുണ്ടുകൊണ്ടാലും ഒരു
ചഞ്ചലം വേണ്ട മനസ്സിൽ
റോരില്ല വിപ്രരോടിന്നു നിന്റെ
ഊഷ്മതയെന്നറിയേണം
ബ്രാഹ്മണൻ തന്നൊരു ചോറു മതി-
യാവോളമുണ്ടുകൊണ്ടാലും
ആരാന്റെ ചോററിനിങ്ങാശാ കൊതി-
യുണ്ടാകരുതെന്നറിക
ആണിന്നു ചേരുന്നതല്ലാ നിന്റെ
ഊണെന്നു ഭീമൻ പറഞ്ഞു
കാരണന്നു ചൊല്ലിയിതന്നു കറി-
യിട്ടതു കൂട്ടിക്കുഴച്ചു
ഓരോരോ പിണ്ഡമുരുട്ടിയവ-
റൊന്നും ഉടരാതെ വെച്ചു
പാരാതെ ഭീമൻ ബകന്റെ മുമ്പിൽ
ചെന്നിരുന്നാനാദരമോടെ
ഓരോരോ പിണ്ഡമെടുത്തു പിന്നെ

ഊണിന്നു കോപ്പിട്ടു ഭീമൻ
ഓരോന്നെ ചൊല്ലി വിഴുങ്ങും പിണ്ഡം
നെഞ്ചിലിരുന്നൊരു ദണ്ഡം
വേണം നിനക്കെങ്കിൽ വാടാ ബാഹു-
കൊണ്ടുടൻ നീട്ടിവലിച്ചു
പിന്നെയും പിണ്ഡമെടുത്തു ഭീമൻ
കാട്ടി വലിച്ചു വിഴുങ്ങും
കണ്ടു സഹിയാഞ്ഞരക്കൻ കട-
ക്കണ്ണും കടക്കെച്ചുവത്തി
പല്ലും കടിച്ചവൻ ചൊല്ലിയവൻ
മെല്ലെന്നു നിന്നര ചെയ്ത
ധിക്കാരമെല്ലാം നിനക്കൊരു
സൽക്കാരമെന്നറിയേണം
ഇന്നു ഞാനങ്ങൊന്നുകൊണ്ടു ഒരു
ഭേദം നിനക്കുള്ളിൽ വേണ്ടാ
നിന്നെയിന്നെക്കൊന്നു ഭുജിച്ചാൽ പിന്നെ
നിന്നുള്ളിലാകുമിതെല്ലാം
എന്നു പറഞ്ഞതു കേട്ടു ബകൻ
കുന്നിൻ ശകലങ്ങൾകൊണ്ടു
വേരുവിടാതെയരക്കൻ മെല്ലെ
ഏറു തുടങ്ങിയനേരം
ഏറുകളൊക്കെത്തടുത്തു ഭീമൻ
ഊണു കഴിഞ്ഞെഴുന്നേറ്റു
വേരു വിടാതെയരക്കൻ വൃക്ഷം
ചെമ്മിലാ ഊരിപ്പറിച്ചു

ഛിന്നതപ്പൂണ്ടസുരൻെറ ചോറു-
മുണ്ടു കൊണ്ടിന്നു തള്ളി
ആയടി മാറിത്തടുത്തു ഭീമ-
നപ്പൂനെയ്യുള്ളിൽ നിനച്ചു
ശ്രീഗദ കയ്യിലെടുത്തു ഭീമൻ
വേഗമോടൊന്നങ്ങടിച്ചു
പിന്നെപ്പിടിച്ചവർ തമ്മിൽ
യുദ്ധം വട്ടമിട്ടങ്ങു പൊരുതും
വട്ടത്തിൽ കെട്ടി തടിയും വടി
തട്ടിപ്പറിച്ചതു ഭീമൻ
വടിയൊത്തൊരു ഭീമനന്നേരം ഇടി
വെട്ടിയപോലൊന്നടിച്ചാൻ
ഇടിപോലൊങ്ങസുരഗളം
വെട്ടി മുറിഞ്ഞങ്ങു വീണു
വാരിധിപോലെ പരന്നു ചോര
നാലുവഴിയുമൊഴുകി
ആയടികൊണ്ടസുരൻ മല
പോലെ മറിഞ്ഞങ്ങു വീണു
അപ്പോഴവനെയെടുത്തു മരം
കൂട്ടിവെച്ചങ്ങു മുറുകി
ചേർച്ചയേറുന്ന മരത്തെക്കൊണ്ടു
ചേർത്തങ്ങു ചാരി നിറുത്തി
അപ്രകാരം പിടിച്ചോരെ കെട്ടി
വായുസുതനും നടന്നു
അഗ്ഗ്രാമത്തിലും ചെന്നു ഭീമൻ

മാതാവിനേയും വണങ്ങി
അഗ്രജൻ തന്നെ തൊഴുതു തന്റെ
സോദരന്മാരെപ്പുണർന്നു--
ഇങ്ങിനെ ചൊല്ലിക്കളിക്കുന്നോൎക്കു
മംഗലം വർദ്ധിച്ചുകൂടും
പുത്രരും സമ്പത്തും വന്നുകൂടും
മിത്രത്തോടൊന്നിച്ചു വാഴാം

ശ്രീഗുരുവേശരണം

ഇതി ഭീമൻകഥ സമാപ്തം.

കുരിയാററുപാട്ട്.

പങ്കജമകൾതന്നിലൻപുള്ള കിളിപ്പെണ്ണേ!
പങ്കജനാഭപ്രിയേ! പങ്കജേക്ഷണേ! ബാലേ!
പെൺകുലമണേ! കനിഞ്ഞെങ്കൽ വന്നിരുന്നു നീ
പങ്കനാശനമായ സൽക്കഥ ചൊല്ലീടേണം
പൈങ്കിളിമകളതു കേട്ടുടൻ പ്രസാദിച്ചു
സങ്കടം കളവാനായ് സ്തുതിച്ചാൾ വന്ദ്യന്മാരെ
വൻകരിവദനനാം വാണിയും കമലാനന-
മെൻഗുരുനാഥന്മാരും ശങ്കരൻ വിരിഞ്ചനും
സങ്കടം തീർത്തു തുണച്ചീടേണം മമ, പാദ-
പങ്കജത്തിങ്കൽ വീണു സന്തതം വണങ്ങുന്നേൻ
ചിത്തപങ്കജേ മമ നിത്യവും വാഴ്ക പുരു-
ഷോത്തമൻ ദേവൻ ശ്രീഗോവർദ്ധനനാഥൻതന്റെ
ചിത്തകാരുണ്യബലംകൊണ്ടു ഞാനൊരു കഥ-
യെത്രയും ചുരുക്കമായ് ചൊല്ലുവൻ കേൾപ്പിനെങ്കിൽ—
പശ്ചിമപാരാവാരതീരവാസികളായി
വിശ്രുതന്മാരാം രണ്ടു കുരിയാററകൾ മുന്നം
ചേവലും പിടയുമായുല്ലസിച്ചു രമിച്ചവർ
സാഗരതീരത്തിങ്കൽ സുഖമായ്വാഴും കാലം
സന്തതിയുണ്ടാകാഞ്ഞു സങ്കടപ്പെട്ടു പാരം
സന്തതീശോചങ്ങളുരച്ചു മനസ്സോടും
ഒട്ടുനാൾ ചെല്ലുംകാലം പക്ഷിണീതാനും രണ്ടു

മുട്ടയുമിട്ടാമുത്തു ഭരിച്ചു വാണോരവർ
അന്നൊരുദിനം പുനരണ്ഡങ്ങൾ മണലിൽനി-
ന്നുഷ്ണവം തന്നിൽനിന്നു തിരവന്നടിക്കയാൽ
വെള്ളത്തിലൂടങ്ങുപോയെന്നു കണ്ടനേര-
മുള്ളത്തിൽ പരിതാപം പൂണ്ടിടുന്നവർകളും
ദുഃഖവുമുൾക്കൊണ്ടവരന്യോന്യം നിരൂപിച്ചു
ഇക്കുസൃതിക്കു പകരമൊന്നങ്ങു വേണമിപ്പോൾ
നീക്കേണം വരുണന്റെയുള്ളിലുള്ളഹങ്കാരം
പോക്കേണമവനുടെ മുറിപ്പൊരുതങ്ങളെല്ലാം
ചേർക്കേണം ഭയമവൻതന്നുള്ളിലതിനിപ്പോൾ
ഉക്കേണം സമാധിമാക്കേണം സമുദ്രവും
ഇത്തരം നിനച്ചവരബ്ധിയിൽ കളിച്ചുടൻ
സന്തതം മണൽതന്നിലുരുണ്ടു പിരണ്ടിട്ടു
ഇത്തിരി മണൽപ്പൊടി ചിറകിൽപ്പുരുന്നേരം
സന്തതം കടൽതന്നിൽ കടന്നു കളകയും
പിന്നെയും പറന്നുപോയ്മണലിലുരുൾകയും
പിന്നെയും കടകയും പിന്നെയുമുരുൾകയും
തിങ്ങിന ദുഃഖത്തോടും പൊങ്ങിന വൈരത്തോടു-
മിങ്ങിനെ പലദിനമങ്ങിനെ കഴിഞ്ഞിതു
അക്കാലമൊരുദിനമസ്ഥാദിപലതമാ-
യക്കടൽമീതെ ശീഘ്രം പറന്നുപോകുന്നേരം
കണ്ടിതങ്ങവരവർ രണ്ടുപേരെയുമൊരു
കുണ്ഠിതക്കൂട്ടിയൊരു ഭാവവും കലഹവും
എന്തിതിന്മൂലമെന്നു ചൊന്നു നാമറിയേണം
സിന്ധുനായകനോടു സമരം തുടങ്ങുവാൻ

സമുദ്രരാജനാതിക്രമിച്ച മൂലമിപ്പോൾ
ഭവിച്ച പരിതാപമിവക്കൊന്നിരിക്കിലും
മറിപ്പാൻ മടികൂടാതിരിക്കും കുറിയാററ-
കുലത്തിൽ ജനിച്ചോരില്ല സംശയമേതും
എങ്കിൽ നാമിതുംകണ്ടു പോകയില്ലൊരുനാളും
സങ്കടമവക്കു വന്നിടുകിലതിനേയും
തീൎത്തുപോകേണമല്ലെന്നാകിലീ ജനത്തിന്റെ
കീൎത്തിക്കൊരുമക്കം താഴ്ചവന്നിടും നൂനം
നാണയക്കേടുവന്നിട്ടിരിക്കുന്നതിനേക്കാൾ
പ്രാണനെ കളകെന്നതുത്തമമാകുന്നതും
വീൎയ്യവിക്രമശക്തിശൌൎയ്യവും ജഗത്തിങ്കൽ
കുറിയാററകൾക്കെന്നു ലോകരും പുകഴ്ത്തുന്നു
ആരെയുമതതോര സങ്കടസമയത്തു
പാരാതെ കാണുന്നേരമൊഴിക്കയെന്നുള്ളതും
എന്നതിൽ വിശേഷിച്ചു നമ്മുടെയസ്മാദിക-
ളിന്നവരതുകൊണ്ടു പോക നാം വൈകിടാതെ
എന്നുരച്ചവരും പോയന്നവതീരത്തിങ്കൽ
ചെന്നുടൻ കുറികളോടെല്ലാമേ ചോദിച്ചപ്പോൾ
പറഞ്ഞാർ മടികൂടാതിറങ്ങിയെല്ലാവരും
ഇടങ്ങീടുക ഒന്നും മടങ്ങുന്നില്ല പക്ഷേ
അടങ്ങും ജീവനപ്പോളൊടുങ്ങും കിളികുലം
അണ്ഡങ്ങൾ കൊണ്ടുവന്നു നൽകേണം വരുണൻ താൻ
അന്നവം തീൎത്തീടേണമല്ലായ്കിലന്നതന്നെ
ഇത്തരം പറഞ്ഞവരൊത്തൊരുമിച്ചു ചെന്നു-
ങ്ങബ്ധിനായകനോടു യുദ്ധവും തുടങ്ങിനാർ

കേട്ടിതു വിശേഷങ്ങൾ മറ്റുള്ള പക്ഷികളും
കൂട്ടമിട്ടുതുകാലമൊക്കവേ പുറപ്പെട്ടാർ
ഉഗ്രന്മാർ കാകന്മാരും കാടകളേറവെള്ളൻ
കേമന്മാരായ കത്തിച്ചൂടന്മാർ പരുന്തുകൾ
കഴുകും കാരാണ്ഡങ്ങൾ കട്ടോടങ്ങോത്തന്മാരു-
മഴകേറുന്ന തത്തക്കൂട്ടങ്ങൾ പൊകിണ്ണകൾ
ചക്രവാകങ്ങൾ മൂളുംതത്തകൾ കുയിലുകൾ
വിക്രമിമാരായുള്ളോരുലൂകന്മാരും പിന്നെ
കടൽക്കാക്കകൾ കുളക്കോഴികളിരണ്ടകൾ
മിടുക്കന്മാരായുള്ളോരടയ്ക്കാപ്പക്ഷികളും
അമ്പലപ്രാവോടമ്പിപ്രാവുകൾ മലംകിളി
കമ്പമില്ലാതെ മൂളും നത്തുകൾ കരിങ്കിളി
ശാകടവികടരും മുണ്ടലാ മൈനാക്കിളി
പ്രകട കാടക്കൊററി താമരക്കോഴികളും
വാരണമെടുക്കുന്ന ഭാരണ്ഡപ്പക്ഷികളും
ഘോരവിക്രമമുള്ള വക്രതുണ്ഡാഖ്യന്മാരും
എണ്ണിവരാതിയായ പക്ഷികൾ നാനാദിശി
നിന്നുടൻ തിങ്ങിനിന്നൊക്കവന്നൊരുമിച്ചാർ
അക്കാലം സുബ്രഹ്മണ്യസ്വാമിവാഹനമായ
പക്ഷിപുംഗവൻ മയിൽ കേട്ടിതു വിശേഷങ്ങൾ
ചെന്നുടൻ വേലായുധസ്വാമിയോടുണർത്തിച്ചാ-
നന്റുവതീരത്തിങ്കൽ പോകേണമടിയനും
അതിനായനുഗ്രഹിച്ചീടുകെന്നതു കേട്ടി-
ട്ടഖിലവൃത്താന്തവുമറിഞ്ഞിട്ടരുൾചെയ്താൻ
പോരുവനെങ്കിൽ ഞാനും താതനെയുണർത്തിച്ചു

പാരാതെ പുറപ്പെട്ടുകേളുമേ വൈകിടാതെ
ഇത്തരമുരചെയ്തു മൃത്യുശാസനനോട്
വർത്തമാനങ്ങളുണർത്തിച്ചപ്പോൾ ഭഗവാനും
എങ്കിലോ പുറപ്പെട്ടുകേളുമേ വൈകീടാതെ
ശങ്കരനന്നേരം പാർവ്വതിയോടും കൂടി
കാളതൻ കഴുത്തേറി മൂഷികവരന്മേലെ
മേളമാണ്ടേറിനാൻ ശ്രീഗണപതിയപ്പോൾ
മയിലിൻപുറമേറി താരകവൈരിതാനും
ചുഴലും നിറഞ്ഞിതു ഭൂതസംഘവുമെല്ലാം
ചന്ദ്രശേഖരസ്വാമി ഭഗവാനിവരോടും
മന്ദമെന്നിയെ ചെന്നു സാഗരതീരം പുക്കാൻ
കേട്ടിതു വിശേഷങ്ങളക്കമലമയനും
ശ്രേഷ്ഠനാം പരിഷയുമൊന്നിച്ചു പുറപ്പെട്ടു
ബ്രഹ്മദേവനെ വന്ദിച്ചുണർത്തി വൃത്താന്തങ്ങൾ
അംബുധിയോടു യുദ്ധം തുടർന്നതശേഷവും
അക്കഥ കേട്ടു ചതുർമ്മുഖനും പുറപ്പെട്ടാൻ
മുഖ്യനാമരയന്നമേറിനാനന്നേരം
അറിഞ്ഞു മഹേന്ദ്രനമന്നോരവസ്ഥകൾ
നിറഞ്ഞ മോദത്തോടും ദേവസംഘാതത്തോടും
പോവാനായ്പുറപ്പെട്ടങ്ങേറിനാനൈരാവതം
ദേവനായകനോടുകൂടവേ വിരിഞ്ചനും
വിചിത്രമായിടുന്നോരവസ്ഥ കാണ്മാനായി
സമുദ്രതീരസ്ഥലം പ്രാപിച്ചാരതുകാലം
ഈരേഴുപതിന്നാലു ലോകത്തിലമർന്നീടും
നാനാജാതികൾ പക്ഷിവൃന്ദങ്ങളശേഷവും

സാഗരതീരത്തിങ്കൽ നിറഞ്ഞു തിക്കിത്തിര-
ച്ചാകവെ കൂടികലർന്നാർത്തിതു പെരുമ്പട
ഘനസലാഘലമിലാഘു സ്വലഘലീഘ്യലീ
ഘലഘളാഘലഘോഷഭൈരത്ത്യച്ചമാം ശബ്ദങ്ങളും
മേളമാർന്നൊരൊവാദ്യഘോഷവും പൊടികളും
ധൂളിയും കലർന്നിതു ഘോരമായിതു രണം
ഇല്ലൊരു ബഹുമാനം പുല്ലോളമതുകൊണ്ടു
നിർല്ലജ്ജന്മാരെന്നോർത്തു നിന്നിതു വരുണനും
കോടി മൂഷികവരർ കൂടിവന്നെതൃത്താലും
കൂട്ടമോ മാർജ്ജാരരിലേകനോടെന്നപോലെ
കലുഷംകൂടാതെ കണ്ടിരിക്കും സമുദ്രത്തോ-
ടടുക്കുന്നിതു പക്ഷിവൃന്ദങ്ങളൊരുപോലെ
പാരാതെ കൊക്കുകൊണ്ടും ചിറകുകൊണ്ടും മണൽ
കോരിയങ്ങിടുകയും തൂരുമെന്നോർക്കയും
ഇങ്ങിനെ കഴിഞ്ഞിതു പലനാളതുകാല-
മെങ്ങിനെ പറയുന്നു പിന്നെയുള്ളവസ്ഥകൾ
അക്കുതൂഹലം കേട്ടിട്ടക്കാലം മുനികുല-
മുഖ്യനാം ശ്രീനാരദനവിടെക്കെഴുന്നെള്ളി
ഉൾക്കരുത്തുള്ള പക്ഷിസംഘത്തെക്കണ്ടനേര-
മുൾക്കാമ്പിൽ പ്രസാദിച്ചു നിന്നിതു മുനീന്ദ്രനും
വിനയംബോധിച്ചുടൻ നാമവുമുരക്കഴി-
ച്ചാനന്ദംപൂണ്ടു യുദ്ധവിചിത്രപരാക്രമം
കണ്ടു വേഗേന നടകൊണ്ടു മോദേനപോ-
യ്വൈകുണ്ഠമാം മഹാപുരം പ്രാപിച്ചാനതുകാലം
അവനീദേവിയോടും ശ്രീഭഗവതിയോടും

ഭുവനേശ്വരനായ ഭഗവാൻ നാരായണൻ
സർപ്പനായകൻ ഫണപ്പള്ളിമെത്തമേലേറി
സുപ്രഭമായോരു നിജപാദപങ്കജം രണ്ടും
പക്ഷിനായകൻതന്റെ പക്ഷങ്ങൾ രണ്ടിന്മേലും
തൽക്ഷണം ചേർത്തു പാരമാനന്ദിച്ചിരിക്കുമ്പോൾ
ചെന്നു വന്ദിച്ചോരു ശ്രീനാരദൻ തന്നെക്കണ്ടു
മന്ദഹാസവുംചെയ്തു മാധവനരുൾചെയ്തു
താപസകുലമണേ നാരദമഹാമുനേ
ശോഭനാകരമല്ലൊ ലോകവാർത്തകളെല്ലാം
എന്നതു കേട്ടു ചൊന്നാനന്നേരം മുനിപ്രവരം
മന്നിലെ വിശേഷങ്ങൾ ചൊൽവാനാവുന്നോനാഥം
ചിത്രമെത്രയുമൊരു വാർത്തയുണ്ടിതുകാലം
മെത്രയും കൌതൂഹലമോർത്തു കാണുന്നേരം
ഹിമവാൻ മുതലായ സേതുബന്ധനത്തോളം
ഇടയിലകപ്പെട്ട പക്ഷികളശേഷവും
ബദ്ധവൈരേണ ചെന്നു പശ്ചിമാംബുധിതീരേ
യുദ്ധസന്നദ്ധന്മാരായെത്തിനാരിതുകാലം
വാരിധിതീരസ്ഥലവാസികളായി രണ്ടു
കുറിയാററകളുടെ മുട്ടകളൊരുദിനം
ആക്രമിച്ചാഴിനാഥൻ കൊണ്ടുപോകയാലുള്ള
ദുഃഖവാൻ സമുദ്രമെന്നോർപ്പാരവർകളും
തുടലുണ്ടാകയില്ല വാരിധിക്കതുകൊണ്ടു
കൂട്ടമോ പക്ഷിജനാം ഭോഷരെത്രയുമോർത്താൽ
ജയിച്ചു ശ്രീരാഘവൻ പണ്ടു സാഗരവരം
ചമച്ചു മദ്ധ്യേജലം തടുത്തു ചിറകെട്ടി

പേടികൂടാതെ മുന്നമാഴിനായകനോലെ
ചാടിനാൻ ഫറമോനം നൂറുയോജനാവഴി
സൂര്യവംശജനായ രാമനും സമാനനായ്-
വിശ്വപൂജ്യന്മാരിന്നാതുള്ള ധരണിയിൽ
അക്കഥപോലുമറിയാതെ ജന്തുക്കളിവ-
രിക്കാലം തുടങ്ങിയതെത്രയുമതിശയം
അല്പസാരന്മാരിവരെത്രയുമശക്തന്മാർ
ദുർബ്ബലശ്രേഷ്ഠന്മാരിപ്പക്ഷികളറിഞ്ഞാലും
വിഷ്ണുഭാവത്തോടവർ നായകൻ ഗരുഡനം
ജീവവല്ലയോ തവ പാദസന്നിധിയിങ്കൽ
വന്നടനൊളിച്ചു പാർക്കുന്നിതു നിരൂപിച്ചാൽ
നന്ദനെന്റെ ഭഗവാനേ ദോഷമില്ലതു പാർത്താൽ
ജീവികളായുള്ളവർ കലഹം കേൾക്കണോര-
മായുള്ള രക്ഷിപ്പാനെന്നുമാപത്തിലുഴന്നിട്ട-
ങ്ങാശ്രയിച്ചവർകളെ രക്ഷിക്കവേണം ഭവാൻ
ആശ്വസിപ്പിക്കേണമേ ഭീതനാമിവൻ തന്റെ
പൂച്ചയെക്കണ്ടോരെലിപോലെയാമിവനിപ്പോൾ
ചേഷ്ടയില്ലിവൻ മുഖം നോക്കുകിലെളുപ്പമാം
ചാവാതെയിരിപ്പാനുള്ളാഗ്രഹം നിരൂപിച്ചാ-
ലാകാതെയായീലിവൻ പോകാതെയിരുന്നതും
ഇത്തരം പലവിധം നാരദമഹാമുനി-
യെത്രയുമധിക്ഷേപിച്ചുരൾ ചെയ്തതു കേട്ടു
സന്താപം നാഥൻതന്റെ തൃക്കഴൽ നിലത്തുചേ-
ത്തക്ഷികൾ ചുവപ്പിച്ചു പക്ഷങ്ങളടിച്ചതി
ക്രുദ്ധനായവിടെനിന്നുത്ഥാനം ചെയ്തു മുനി

സത്തമനോട് ചൊന്നാനന്തരം ഗരുഡനും
പോരുമിത്തരം മുനേ ചൊന്നതു നന്നുപാരം
ചേരുകയില്ല മമ ചെവികൾക്കിവയൊന്നും
കേൾക്കയില്ലധിക്ഷേപവാക്കു ഞാനൊരിക്കലും
ആഗ്രഹം ഭവാനുള്ളിലുള്ളതുമറിഞ്ഞു ഞാൻ
തീർക്കുവനതുമിനിവരുണനമരത്തെയും
പോക്കുവൻ ക്ഷുരികൾക്കു സങ്കടമറിഞ്ഞാലും
ഈരേഴുപതിനാലുലോകത്തിനുടയതാം
കാരണനേകൻ മമ സ്വാമിയെന്നറിഞ്ഞാലും
തൻതിരുവടിയുടെ കാരുണ്യമുണ്ടെന്നാകിൽ
സിന്ധുരാജനെജ്ജയിച്ചൊഴിഞ്ഞിട്ടിനിശ്ശേഷം
ഇത്തരം പറഞ്ഞഖിലേശ്വരൻ പാദങ്ങളിൽ
സത്വരം നമസ്കരിച്ചീവണ്ണമുരചെയ്തു
വരുണാലയത്തിങ്കൽ പോകേണമടിയനു
കരുണാനിധേ വിടതരികെന്നതുകേട്ടി-
ട്ടരുളിച്ചെയ്തു നാഥൻ പോരുവനൊപ്പിൽ ഞാനും
ഗരുഡൻ കഴുത്തേറി സാഗരതീരം പുക്കാൻ
വിഷ്ണുശങ്കരവിരിഞ്ചാദികളൊരുമിച്ചു
വിസ്മയം കാണ്മാനായി നിന്നരുളുന്നേരം
വിനീതം ഗരുഡനും വീണുടൻ വണങ്ങിനാൻ
പാരാതെ നാരായണസ്വാമിതൻ പാദങ്ങളിൽ
പങ്കജയോനന്തകൻ തൻപാദം പണിഞ്ഞുടൻ
പങ്കജാസനാദികൾ തന്നെയും വണങ്ങിനാൻ
അമ്പിനോടനുഗ്രഹം വാങ്ങിനാനെല്ലാരോടും
വമ്പരിൽ മുമ്പൻ വിനതാത്മജൻ പക്ഷിശ്രേഷ്ഠൻ

പാരിടംനടുങ്ങുമാറൊച്ചകൊള്ളിച്ചു ശീഘ്രം
മേരുവാംമലയോളംകൂടവെ വിറച്ചിതു
അന്നവന്തന്നെ നോക്കിച്ചൊല്ലിനാൻ ഗരുഡനും
അണ്ഡങ്ങൾകൊണ്ടുവന്നു നൽകുന്നതല്ലയാകിൽ
ഇന്നുമേൽ സമുദ്രമില്ലെന്നു ഞാൻ വരുത്തുവൻ
നിണ്ണയം നാരായണസ്വാമിതൻപാദത്താണ്
ഇത്തരംപറഞ്ഞതിനുത്തരം കേളാഞ്ഞയാൽ
ബഹുരോഷേണ താൎക്ഷ്യൻ പറന്നുമേൽഭാഗേ പോയ
കിഴക്കെ സമുദ്രത്തിന്നടുത്തുനിന്നു ചിറ-
കയത്തിപ്പുറത്തിയൊന്നിളക്കിലോകത്രയം
വീശിനാൻ ചിറകുകൊണ്ടപ്പോൾ കുലഗിരി-
യാകവെ പറിഞ്ഞുടൻ പറന്നു പശ്ചിമാബ്ധൌ
ധിധിധിംധിധിന്നു ചെന്നുടൻ മേല്ക്കുമേലെ
പൎവ്വതവരന്മാർ വീണിടുന്നു ചിത്രം ചിത്രം
ശങ്കര ശിവ ശിവ ബന്ധുവാം മുകുന്ദനെ-
ച്ചിന്തിച്ചു ഗരുഡനും സത്വരം മുഖത്തിനാൽ
പക്ഷങ്ങളെടുത്തുടനിളക്കുന്നേരത്തിങ്കൽ
തൽക്ഷണം കലുങ്ങിതു ചക്രവും വിറെക്കുന്നു
വളൎന്ന മഹാമല കിളൎന്നു വേരോടെയ-
ങ്ങുടൻ പറിഞ്ഞുടനായവൻ വായുമാൎഗ്ഗേ
തിരിഞ്ഞു തിരിഞ്ഞുടൻ പറന്നു സമുദ്രത്തിൽ
മറഞ്ഞു ശൈലേന്ദ്രരാൽ നിറഞ്ഞു രത്നാകരം
വളൎന്നപൊടിയുമമൎന്നു ഭൂമണ്ഡലം കിളൎന്നു
മേൽഭാഗത്തോട്ടങ്ങുമീടുന്നനേരം
കലങ്ങിടുന്നു സിന്ധു കലങ്ങിടുന്നു ലോകം

നടുങ്ങീടുന്നു ജനം മുടങ്ങി ലോകോത്സവം
മുഴങ്ങിസാധുവാദം പുഴങ്ങി ലോകമെല്ലാം
കുഴങ്ങി ജലധിയിലമരും ജന്തുക്കളും
മടങ്ങുന്നില്ലയെന്നു ഇറിഞ്ഞു പക്ഷികളും
ഇടങ്ങി കൂട്ടമിട്ടിട്ടങ്ങിനെ മഹാജനം
പൊരുവാൻ വാവായെന്നു ഗരുഡൻ വിളിക്കയും
വരുണൻ പരിതാപം പൂണ്ടുടൻ വിറയ്ക്കയും
കമ്പങ്ങൾ പെരുക്കയും ധരകൾ കറയ്ക്കയും
ഇമ്പങ്ങൾ ശമിക്കയും വമ്പുകൾ ക്ഷയിക്കയും
ഭീതനായ്ത്തിറയ്ക്കയുമാവതു നിനയ്ക്കയും
ആധികൾ മുഴക്കയും വേദനാപെരുക്കയും
ഉരഗനാം ഗരുഡനമായാസം പെരുക്കയും
ഭീരുക്കളായുള്ളവർ ദൂരപ്പോയൊളിക്കയും
വിസ്മയത്തോടു സൂക്ഷ്മദൃഷ്ടികൾ കാക്കയും
വിസ്മയപ്പെട്ടുകാണിവൎഗ്ഗങ്ങൾ സ്തുതിക്കയും
വിക്രമം ഗരുഡനു മേല്ക്കുമേൽ വൎദ്ധിക്കയും
നിഷ്കളനായ നാഥം നിശ്ചലം ധ്യാനിക്കയും
സംഖ്യയില്ലാതെ പക്ഷി സംഘങ്ങൾ മരിക്കയും
ഉഗ്രാകൃതിപൂണ്ടു കലഹത്തിനായടുക്കയും
അറുക്കയും തിരക്കയുമാഗ്രഹം നിനയ്ക്കയും
തോല്മയില്ലെന്നുകണ്ടു പോൎക്കവർ തിരക്കയും
ശീഘ്രമായ്പ്പറക്കയും ഗാത്രങ്ങൾ വിയൎക്കയും
തീക്ഷ്ണമായിവാദവാക്കുകൾ പറകയും
തൽക്ഷണം മണലെടുത്തഗ്നിയിൽ നിറയ്ക്കയും
സംഖ്യാതിക്രമത്തെക്കണ്ടുടൻ കളിക്കയും

മകരാദികരങ്ങൾ കമഠസമൂഹങ്ങൾ
അതുലാകൃതികളാം മുതലവൃന്ദങ്ങളും
ഘോരമാം തിമിംഗിലം വാരണാവലികളും
വാരിധിതന്നിൽ വാഴും ജന്തുക്കൾ പലതിദം
പേടിച്ചുവിറയ്ക്കയുമോടിയങ്ങൊളിക്കയും
ചാടിയും പിടകയും വീഴ്കയും മരിക്കയും
ഉഗ്രനാം ഗരുഡൻ തന്നാനനാംചുവത്തിയും
വാരിധികീഴ്മേൽ മറിച്ചാകവേ കലക്കിയും
വാരിജാസനാദികളാനനാം കലുക്കിയും
നാരദൻ കൌതുഹലം പൂണ്ടു വിസ്മയിക്കയും
കഴിഞ്ഞു പതിനഞ്ചു ദിനങ്ങളൊരുപോലെ
നാട്ടങ്ങിവരുണനും മടങ്ങി ബുദ്ധിമുട്ടി
പക്ഷവാതങ്ങൾകൊണ്ടു പക്ഷാന്തമൊരുപോലെ
പക്ഷിനായകൻ ഗിരിവർഷം ചെയ്യുന്നേരം
സാഗരമിതുകാലം തീരുമെന്നുരച്ചുടൻ
വേഗേനവരുണനും സംഭ്രമിച്ചുഴറോടെ
മുത്തുകൾ രത്നങ്ങളുമററമില്ലാത്ത പല
വസ്തുക്കൾ ദിവ്യങ്ങളായുള്ളതും ബഹുവിധം
കാഴ്ചയായ്വെച്ചു കമലേക്ഷണൻ പാദങ്ങളി-
ലീശ്വര പാലിച്ചുകൊള്ളണമേ ദയാനിധേ
പിഴച്ചതഖിലവും പൊറുത്തുകൊൾക പോററി
സഹിച്ചുകൂടാ ഭയമൊഴിച്ചു രക്ഷിക്കമാം
നടിച്ചു പുറപ്പെട്ടു സമുദ്രമിതുകാലം
മുടിച്ചുകളവാനായുരച്ചു ഗരുഡനും
ശങ്കയില്ലിതുകാലം തൂർന്നുപോമംഭോനിധി
നിൻകരുണയാ പരിപാലിച്ചേനിത്രനാളും

കിം ഫലമിതുകാലമെൻബലംകൊണ്ടു നാഥ
നിൻബലമെല്ലാമവൻതൻ ബലമല്ലോ നൂനം
ഗരുഡജയം കളഞ്ഞഖിലമടിയനെ
പരിപാലിക്കേണമേ കരുണാകര ദേവ
ശരണം ജഗന്നാഥ കരുണാലയ തവ
ചരണപങ്കജയുഗളം നമോസ്തുതേ
ശരണാഗതപ്രിയ കരുണാനിധേയെന്നു
ശരണം പ്രാപിച്ചോരു വരുണൻ തന്നെക്കണ്ടു
കുതുകചേതസ്സോടും കുപിതഭാവത്തോടും
മധുകൈടഭവൈരി ഭഗവാനരുൾചെയ്തു
ദേശവുമവസ്ഥയും കാലവും ബലാബലം
ദോഷവും വിശേഷവും കാര്യവുമകാര്യവും
സത്യവുമസത്യവും ന്യായവുമന്യായവും
കൃത്യവുമകൃത്യവുമുള്ളവകളെല്ലാം
എന്നിവ ഗുണദോഷമൊന്നുമോരാഞ്ഞുമൂലം
ഇന്നിതു വന്നീടുവാൻ കാരണം നിനക്കു നീ
നിനക്കു ജലപതേ നിനക്കും വൈനതേയൻ
തനിക്കും ബലമാവെന്നറിഞ്ഞിട്ടില്ലേ ഭവാൻ
നാഗശാസനൻ തവ ബന്ധുവോ വിരോധിയോ
സാഗരാധിപ നിരൂപിക്ക നീ വഴിപോലെ
തന്നെത്താനറിയാഞ്ഞാൽ പിന്നെത്താനറിഞ്ഞീടും
ഇന്നിപ്പോളറിഞ്ഞു നീയെന്നാപ്പോളബദ്ധമാ-
യെങ്കിലും നിനക്കിന്നു സങ്കടം തീരുവാനായ്
ശങ്കയെന്നിയേ ചെന്നു കാണ്ക നീ ഗരുഡനെ
ഓരാതെ ചെയ്തമൂലം പാരാതെയകാര്യമാ-

ല്ലാരാതെയിരിപ്പാനാളാക്കേ നീ ഗരുഡനെ
സാഗരാധിപ ഭവാൻ പോക വൈകാതെ ശീഘ്രം
സാദരം കൊടുക്കേണമഭയങ്ങളിനി ഭവാൻ
ഇങ്ങിനെ നാഥൻ തന്റെ മംഗലമൊഴി കേട്ടു
തിങ്ങിന ഭക്തിയോടും തൊഴുതു വരുണനും
കമ്പിതഭാവത്തോടും ചെന്നുടൻ വേഗത്തോടെ
കണ്ടിതു ഗരുഡനാം പക്ഷിപുംഗവൻ തന്നെ
വിക്രമാംബുധേ പുരുഷോത്തമപ്രിയ സഖേ
പക്ഷിനായക പ്രസാദിക്ക നീ ഗുണാംബുധേ
അല്പകാൎയ്യങ്ങൾ നിനച്ചിപ്രകാരേണ വൈര.
മൂപ്പുവിൽ ഇടന്തു നീ വിക്രമം കാട്ടുന്നതി-
ന്നപ്പുറം തടുപ്പതിന്നാരുമില്ലല്ലോ സഖേ
തൽബലസമന്മാരായിത്രിലോകത്തിലെങ്ങു
അടക്കീടുക കോപം മുടക്കീടുക യുദ്ധം
നാട്ടക്കം പാരമുണ്ടു ജഗദ്വാസികൾക്കെല്ലാം
നിനക്കു ബോധിക്കുന്ന വഴിയേ നടപ്പതി-
ന്നിളപ്പമില്ല മമ സുഹൃത്തല്ലയോ ഞാനും
സാഗരാധിപൻ തന്റെ വാചകം കേട്ടനേരം
ശ്രീഗരുഡാഖ്യൻ പക്ഷിശ്രേഷ്ഠനുമുരചെയ്താൻ
എന്തൊന്നു ചിന്തിച്ചു നീയെന്നോടായാരാഞ്ഞു ഞെ ദൾ
സന്തതിനാശം ചെയ്യുന്നതല്ലൂ ശ്രമിച്ചതും
ജന്തുക്കളിവരെന്നു നിനക്കൊണ്ടല്ലോയെന്നാൽ
ജന്തുവായുള്ള ഞാനുമെന്തിനു വന്നിതിപ്പോൾ
നിൻ തൊഴിലിവയൊന്നുമെന്നോടു ഫലിക്കയി-
ല്ലഹങ്കാരങ്ങളൊഴിച്ചടങ്ങിയിരിക്ക നീ

ധൎമ്മമടക്കി നീ വസിക്കൂ, നല്ലു തവ
ധിക്കാരം തുടങ്ങുകിലിക്കാലം നാശം വരാ
ഇത്തരം ഗരുഡൻെറ ക്രുദ്ധിച്ച മൊഴി കേട്ടു
സത്വരം വരുണനും ഭീതനായ്വിറച്ചുടൻ
പിന്നെയുമുരചെയ്തു പന്നഗാശനനോടു
ഖിന്നതയോടുകൂടിത്തന്നകമഴിഞ്ഞുടൻ
അറിയപ്പോകായ്കയാൽപിണഞ്ഞൊരബദ്ധങ്ങൾ
അറിവുള്ളോരു ഭവാനിന്നു പൊറുക്കേണം
ഗരുഡനതു കേട്ടു മനസി നിരൂപിച്ചു
കരുണാഭാവം നടിച്ചീവണ്ണമുരചെയ്തു
എങ്കിലോ ഭവാൻ ചെന്നു കുരികിൽതന്മക്കളെ
സങ്കടം തീൎത്തുവരികെന്നുമേ വൈകിടാതെ
അണ്ഡങ്ങൾ കൊടുത്തവർ തന്നെയുമാശ്വസിപ്പി-
ച്ചിങ്ങു നീ വരുവോളമൊന്നുമേയിളകാതെ
പാൎക്കുന്നേനിവിടെ നീ വരുവാൻ വൈകിയാൽ ഞാൻ
ഇക്ഷവൻ പാരാവാരമില്ല സംശയമേതും
ശ്രീമഹാവിഷ്ണു ജഗൽകാരണനേകൻ മമ
സ്വാമിയെന്നുള്ളതുള്ളിലെപ്പോഴും നിനക്കു നീ
പാരാതെയതു കേട്ടു നടന്നു വരുണനും
വാരിധിതന്നിൽ പുക്കു മുട്ടകളെടുത്തുടൻ
കുരികിലുടെ മുമ്പിൽക്കൊണ്ടുപോയ്വെച്ചു മന്ദം
വാരിധിവരനവരോടു ചൊല്ലീടിനാൻ
ഞാനപഹരിച്ചോരു മുട്ടകളെടുത്താലും
മാനസം തെളിഞ്ഞുടൻ നീരസം കളഞ്ഞാലും
കളക പരിഭവം തെളിക മാനസം

കളിയായത്രെയിതു കലഹിച്ചില്ല ഞാനും
പോരികവേണം നിങ്ങൾ ഗരുഡൻ തന്നെക്കാണ്മാൻ
ഇതുമിന്നല്ലയാസ്സിൽ വാരിരാശിയും നൂനം
ഇത്തരം പറഞ്ഞവർ തമ്മെയും കൂട്ടിക്കൊണ്ടു
സത്വരം ചെന്നു വിനതാത്മജൻതന്നെക്കണ്ടു
വന്ദിച്ചുനിന്ന പക്ഷിസംഘത്തെക്കണ്ടനേരം
മന്ദഹാസവും ചെയ്തു ഗരുഡനുരചെയ്താൻ
വന്ന സങ്കടമെല്ലാം തീൎന്നിതോ നിങ്ങൾക്കിപ്പോ-
ളെന്നു കേട്ടവർകളുമിങ്ങിനെ ചൊല്ലീടിനാർ
സന്തതിനാശത്തിനാൽ ഞങ്ങൾക്കു ഭവിച്ചൊരു
സന്താപമശേഷവും തീൎന്നിതു മഹാമതെ
നിന്തിരുവടിയുടെ കാരുണ്യമല്ലാതെക-
ണ്ടെന്തൊരു ബലമുള്ളതിക്കണ്ട ഞങ്ങൾക്കെല്ലാം
എങ്കിലോ നിങ്ങൾക്കൊരു സങ്കടം വരുന്നോ-
മെങ്കൽവന്നറിയിച്ചു തീൎത്തുകൊള്ളുവനെല്ലാം
ജഗല്പൂരണനായ മുകുന്ദൻ പത്മേക്ഷണൻ
നമുക്കു ബന്ധുവെന്നു നിരൂപ്പുകൊൾവിൻ നിങ്ങൾ
ഖേദമേതുമേ വേണ്ട പോയാലുമെന്നു പറ-
ഞ്ഞാധിയും തീൎത്തു തൊഴുതവരും നടകൊണ്ടാർ
ചിരിച്ചു വരുണന്റെ കരത്തെപ്പിടിച്ചുടൻ
രസിച്ചു ഗരുഡനുമീവണ്ണമുരചെയ്താൻ
അൎണ്ണവേശ്വര ഭവാനൊന്നറിഞ്ഞിരിക്കണം
എന്നുടെ ജനങ്ങളിപ്പക്ഷികളൊരിക്കലും
നിൻമൂലമിവൎക്കൊരു സങ്കടമുണ്ടാകാതെ
നന്നായി വിശ്വസിച്ചുകൊള്ളുക മേലിൽ ഭവാൻ

എന്നിപ്പു നീയാരെന്നും നിനക്ക ഞാനാരെന്നും
നിനപ്പു ജലേശ്വരാ കഴിഞ്ഞ വൃത്താന്തങ്ങൾ
ഇത്തരം പറഞ്ഞവരൊത്തൊരുമിച്ചു കൂടി
സത്വരം കയ്യും പിടിച്ചുഞ്ഞിനായകനാമ്-
പത്രിസത്തമൻ ചെന്നു ഭക്തികൈക്കൊണ്ടു നാഥൻ
തൃക്കഴൽ കൂപ്പി സ്തുതിച്ചീടിനാനനേരം
ഇന്ദിരാവരനേയും ചന്ദ്രശേഖരനേയും
വന്ദനം ചെയ്തുനാരവിന്ദമന്ദിരനേയും
ഇന്ദ്രാദിഗണത്തെയും താപസജനത്തെയും
വന്ദിച്ചു വരുണൻ പോയ്തന്നിടം പുക്കീടിനാൻ
പക്ഷിജാതികളഖിലേശാദികളേയും
പക്ഷിനായകനേയും വണങ്ങി സ്തുതിച്ചുടൻ
ബഹുമാനത്തോടനുവാദവും വാങ്ങിക്കൊണ്ടു
സത്വരം പറന്നുപോയ്ത്തങ്ങളെല്ലാവരും
നാരദാദിയായ മാമുനിവരന്മാ-
മാരണാദിയായ കാണികൾ മററുള്ളോരും
വന്ദിച്ചു ദേവന്മാരോടാജ്ഞയും വഴങ്ങിച്ചു
ചെന്നുടൻ നിജനിജമന്ദിരം പുക്കീടിനാർ
ഇന്ദ്രാദിദേവകളോടൊന്നിച്ചു വിരിഞ്ചനും
നന്ദിച്ചങ്ങരയന്നം കഴുത്തിൽ കരയേറി
സത്വരം സത്യലോകം തന്നിൽ വാണരുളിനാൻ
മൃത്യുശാസനൻ നിജപുത്രരും ഭൂതങ്ങളും
ഒന്നിച്ചു പുറപ്പെട്ടു കുന്നിൻമാനിനിയുമാ-
യ്യൊന്നുടെ കാളക്കഴുത്തേറിയങ്ങെഴുന്നെള്ളി
സത്വരം ശ്രീകൈലാസംപുക്കുവാണരുളിനാൻ

ലോകേശനായ നാഥൻ ശ്രീഭഗവതിയോടും
അവനീദേവിയോടും ഫണിപൎയ്യങ്കേ പിന്നെ
യോഗനിദ്രയും പൂണ്ടു വസിച്ചു യഥാസുഖം
ദുരിതഹരപ്രിയചരിതം ഹരപ്രിയം
പരിതാപഹം ശ്രീചരിതാമൃതമിദ-
മുരചെയ്തീടുന്നോൎക്കു സകലസുഖങ്ങളും
സാധിക്കുമെന്നു ചൊല്ലിസ്സന്തോഷിച്ചുവിടുന്ന
ശുകസുന്ദരിതാനും പറന്നുപോയാളന്നേ.

ചരിതപ്പാട്ടു സമാപ്തം.

ഐവർനാടകം

കളിപ്പാട്ട്.

രാമായണം കഥ.

വെണ്മതികലയണിഞ്ഞോൻ
വേദങ്ങൾ വേർതിരിച്ചോൻ
അംബികക്കുള്ളനായോൻ
ഹരനെന്ന നാമം പൂണ്ടോൻ
പൂമാതിൻ കണവനായോൻ
പിരിജട മുടിയണിഞ്ഞോൻ
പാർവ്വതികണവനായോൻ
പരാപരനാഥനായോൻ
കടഞ്ഞ പാൽ വിഷം കുടിച്ചോൻ
കാളിയെ പെറ്റ നാഥൻ
തിരുമുപെറ്റുനായോൻ
കാവുകളെല്ലാം തീർത്തു
പറവാൻ വരം തരേണം
അറിവുള്ളോർ പിഴകൾ കണ്ടാൽ
അഖിലവും തീർത്തിടേണം
മഹാമായാലക്ഷ്മി സീതാ
വനംതന്നിൽ വസിക്കുംകാലം
ദുഷ്ടനാം രാവണൻ താൻ
കപടത്താൽ കട്ടുകൊണ്ടു
ലങ്കയിൽ കൊണ്ടുവെച്ചു

ദുഃഖിച്ചു കാരണത്താൽ
ആഴിയെ കടപ്പതിന്നു
ആളില്ലെന്നുറച്ചു രാമൻ
ഹനുമാനെ വിളിച്ചുകൊണ്ടു
അടയാളം കൊടുത്തു കയ്യിൽ
പോകയെന്നരുളിച്ചെയ്തു
പൊലിവോടു വിണ്ണുയൎത്തി
വഴിപിഴയാതയച്ചിതങ്ങു
വരങ്ങളും കൊടുത്തു നന്നായ്
വാനരപ്പടകളെല്ലാം
വാരിധിതീരം പുക്കു.

വാരിധി കണ്ടൊരു വാനരവംശങ്ങൾ
വാലുകളുയൎത്തീടുകയും
പാരം ഭയപ്പെട്ടു വാരിധി നോക്കയും
പൎവ്വതം നോക്കി കഥിച്ചുകയും
ആഴിയിലാനന്ദവൻതിര കാണുമ്പോൾ
അട്ടഹസിച്ചോടിപ്പോകകയും
കൂട്ടരെ നോക്കയും കൊഞ്ഞനം ചെയ്യുയും
കണ്ണേടം മാന്തി ചൊറിയുകയും
കള്ളക്കരങ്ങന്മാർ വെള്ളത്തിൽ ചാടിയും
തള്ളിത്തിരയിൽ മറിയുകയും
വെള്ളത്തിൽ തുള്ളിക്കളിച്ചാൽ കഴിവരാ
എന്നതു കണ്ടറിയേണം
കാട്ടിലിതന്നു കളിക്കുന്നതുപോലെ
കാട്ടുവാനോ നിങ്ങൾ പോന്നു
ഇത്തരം ജാംബവാൻ ചൊന്നതിനുത്തര-

ഇത്ഥമംഗദൻ ചൊന്നാൻ.

അംഗദൻ ചൊന്ന വാക്ക
അങ്ങൊട്ടു ചാടാമെന്നും
ഇക്കരെ എത്തുവാനൊ
എളുതല്ല എന്നൊക്കൊണ്ടു
മുപ്പതു യോജന ഞാൻ
ചാടാമെന്നു നീലനും
കേസരി എഴുപതെന്നും
നളനൊരു തൊണ്ണൂറെന്നും
വഴിമൊഴി പറഞ്ഞെല്ലാരും
മന്ദഭാവവും പൂണ്ടു
വന്ദിച്ചു നിന്നെല്ലാരും.

നിന്നതു കണ്ടു ജാംബവാൻ ചൊല്ലി
വമ്പരിൽ മുമ്പൻ വാനരന്മാർ
വന്മലകളിൽ നിന്നു മടിച്ചു
വമ്പുകളെന്തിവിടെ ലഭിച്ചു
നന്നുനന്നു നാമെല്ലാരുമിന്നാൾ
നാരായണന്റെ വേലകൾ ചെയ്വാൻ
ആരുമില്ലെന്നറിവിനെല്ലാരും
വന്ദിച്ചീടുക മാരുതിയെപ്പോൾ
നന്ദിച്ചെല്ലാരും ദുഃഖം കലന്നു
കൂടിയൊരുമിച്ചു ചിന്ത തുടങ്ങി
അനന്തരമതു കണ്ടു ഹനുമാൻ
ചിന്തയാ രാമപാദം നിനച്ചു

രാമപാദം നിനച്ചുനില്ക്കും ഹനുമാനപ്പോൾ

വിളിച്ചരികെയിരുത്തിയുടൻ ജാംബവാനും
എന്നു ഭവാനിളകാതെയിരുന്നുകൊൾവാൻ
ചൊന്നവാക്ക ചിന്തയിലെ മറന്നായോ നീ
ചൊല്ലേറിയ ഭവാൻ നിൻകയ്യിൽ തന്നടയാളം
അടയാളമകതാരിൽ മറന്നായോ നീ
ആരെയും ഞാൻ നീയൊഴിഞ്ഞു കാണുന്നില്ല
ആഴിചാടിയരിവരന്റെ പുരിയിൽ പോവാൻ
അകതാരിൽ നിനവു നിനക്കുണ്ടെന്നാകിൽ
ഹരിഹര ശ്രീഹനുമാൻ താനൊന്നു തന്നെ
ആദികാലേ ഞാൻ പറഞ്ഞു കേട്ടിട്ടുണ്ടു
ആവകയും നിരൂപിച്ചാൽ നീയെ പോരൂ.

നിശ്ചയം ഞാൻ പോരുമെന്നുറച്ചിട്ടല്ലേ
ചൊന്നതു നീക്കി മറ്റൊന്നു കണ്ടാലയോഗ്യവും
ഭവിയ്ക്കുമേ ഓർക്കവേണം
സുഗ്രീവരാജൻ ചൊന്നവാക്ക നിന്നോടു
തൽക്ഷണം നീ പോവാനുള്ള
യാത്രയും തുടങ്ങെടോ
പക്ഷംവേണ്ട പോവതിനു
വേഗേനാതി നിശ്ചയം.
നിശ്ചയിച്ചിട്ടച്യുതനും ചൊന്ന വാക്ക
നീക്കമൊരു തെല്ലുമില്ലെന്നുറച്ചു കൊൾക
പോക നേരം കളയാതെ വൈകിടേണ്ട
വൈകിയാലോ പതഗരാജനറിയുന്നേരം
പങ്കജാക്ഷി സീതതന്റെ കാര്യത്തിന്ന്
മുട്ടുമുണ്ടു പണിയെന്നു കരുതും രാമൻ

അയച്ച വഴി നിനച്ചാലും സഹിച്ചുകൂടാ
നിനവിലെപ്പോഴുമധികമുണ്ടു സങ്കടങ്ങൾ
കഴിക്കില്ല നിനക്കേതും മാരുതിയെ പോകയെന്നു
പോവതിനവനുമുറച്ചഥ തൊഴുതിടിനാൻ
നിങ്ങളൊക്കെ നല്ലവണ്ണം നിന്നു സ്തുതിച്ചീടുവിൻ
അല്ലലകന്നുള്ളകം തെളിഞ്ഞുകൊൾകവേണമേ
രാമ രാഘവ മുകുന്ദ രാമരാമ പാഹി മാം
ലോകനാഥ സീതാകാന്ത രാവണാന്തക ജയ
ആദിനാഥ ആഴിവർണ്ണ നീ തുണയടിയനു
എന്നു ചിന്തയിൽ നിനച്ചുരച്ചിതന്നു മാരുതി
മാരുതി ഞാൻ വാനത്തിലെന്നു നിനച്ചു നീ ചാടീട്ടുണ്ടു
പർവ്വതസ്ഥനീശനൊന്നു വഴിപോലെ മനസ്സിലൂന്നി
എന്നതിനാൽ കപി ചൊല്ലി നിന്നുകൊണ്ടു
എന്നപ്പോൾ വായുപുത്രൻ ചിന്തയിൽ നിനച്ചുകൊണ്ടു
കൊണ്ടൽവർണ്ണന്റെ ലീലകൾകൊണ്ടു
അഞ്ജനാസുതൻ ശ്രീഹനുമാനും
വാരിധിതന്റെ തീരത്തു ചെന്നു
വാനരമേഘം വർണ്ണം തുടങ്ങി
കണ്ഠവും മാർവ്വും കാൽ കരമെല്ലാം
ഉന്നതമായി തടിച്ചതു കണ്ടു
വിഷ്ണുനാഥന്റെ മായങ്ങൾകൊണ്ടു
വിസ്മയം പലതും കണ്ടറിവാൻ.
കണ്ടുകൊൾവിൻ വാനരരെ നിങ്ങളെല്ലാം
കടപ്പമായ വാരിധി ഞാൻ ചാടുന്നുണ്ട്
വലഭാഗം വലങ്കയ്യൊന്നുയർത്തിനാക്കി

താതനായ വായുവിനെ മനസ്സിലൂന്നി
കടലിടിയിൻ മുഴക്കമെന്ന ശബ്ദംപോലെ
അലറിയുടൻ ഹനുമാനും ഗമിച്ചിതങ്ങംബരാന്തേ
അംബരമാർഗ്ഗേ ഉയർന്നുപോകുമ്പോൾ
ഹനുമാന്റെ വരവങ്ങുസാ കണ്ടിട്ടു
സുരസയും ചെന്നു തടുത്തു ചൊല്ലിനാൾ
വിശപ്പും ദാഹവും പൊറുക്കാ മാരുതി
കടക്ക വായതിൽ മടിക്കേണ്ട
കടക്ക വായുള്ളം ഇറക്കാം ഞാനിപ്പോൾ
ഗുഹപോലെ വായും തുറന്നവളപ്പോൾ
മലപോലെ നിന്നു മാരുതിയപ്പോൾ
അതിലിരട്ടി വാ തുറന്നവളപ്പോൾ
പവനാത്മജനതികൃശനായി
കടുകപോലുടലെടുത്തു മാരുതി
കവിളിണകളറിയാതെകണ്ടര..
നിമിഷത്തിൽ ചാടി പുറത്തുവന്നപ്പോ..
ജംബോ മാതാവേ ശുഭേ ഭുജംഗേ
ഇതി സ്തുതിച്ചു പിൻ വിടയും ചൊല്ലിനാൻ
നിഴൽ പിടിച്ചുടനശിച്ചീടുന്നോരു
നീചസിംഹികയെ വധിച്ചു മാരുതി
അണഞ്ഞസുരന്റെ പുരോഭാഗേ ചെന്നു
പുരോഭാഗേ ചെന്നിരുന്നു പുതുമകൾ പലതും കണ്ടു
ഏഴുണ്ടു നിലവിതാനം ഏഴുപതു കിടങ്ങുമുണ്ട്
മൂന്നുണ്ടു ശിഖരക്കോട്ട മുന്നൂറുമടവിധാനം
പുറംകോട്ട പുതുമ ചൊൽവാൻ അനന്തനും പണിയതുണ്ട്

അതിന്നിതെ കാണായ്യുന്ന കടവുകളും പുഴകളും തോട്ട്
കാക്കടൽ ചാടിച്ചെന്നാൽ പാല്ക്കടൽ കാണാം പിന്നെ
പാല്ക്കടൽ ചാടിച്ചെന്നാൽ ഇരുട്ടാഴി കാണാം പിന്നെ
ഇരുട്ടാഴി ചാടിച്ചെന്നാൽ പാലാഴിമദ്ധ്യേ ചെല്ലാം
പാലാഴിമദ്ധ്യേ ചെന്നാൽ രാവണന്‍ കോട്ട കാണാം
രാവണന്‍കോട്ടമീതെ ആകാശം തട്ടായ്തോന്നും
പഞ്ചമി അഞ്ചുമില്ല അരനൊളിത്തുന്മാരൊളിപ്പതില്ല
ഉള്ളകം കടന്നുകൊൾവാൻ ഉപായങ്ങൾ കാണുന്നില്ല
ഉടയവനെന്റെ കടാക്ഷത്താലെ ഒന്നിനാൽ ഓരം കണ്ടു
കൃശാംഗധാരിയായി കടന്നവൻ ചെല്ലുന്നേരം
കടപ്പുത്തിൽ വന്നോരു സ്ത്രീ അസുരനാരി പക്ഷി-
മൃഗാദി ജന്തുക്കൾക്കും കടന്നുകൂടാത്തൊരു ലങ്കയിൽ
നീയേകനായി വരുവാനെന്തുമൂലം
എന്നോട്ട പരമാത്ഥം പറകയെന്നു
ചൊല്ലിയവൾ വലമൊഴ്ന്നെത്തിക്കൊണ്ടു
കട്ടുത്തുടൻ ചൊന്ന വാക്കു കേട്ട പിൻകഥിച്ചിതേവം

എന്തണേ വന്തണേ ചൊല്ലണേ പെണ്ണണേ
എന്തൊരു കാവൽ നീ കാക്കുന്നണേ
കാവൽവെച്ചാരണേ കാക്കുന്നതെന്തണേ
ചൊല്ലണേ നില്ലണേ പെണ്ണണേ നീ
പെണ്ണുങ്ങൾ കാക്കുന്ന കാവലിലാരണേ
പെൺനലക്കോട്ടയും ചൊല്ലണേ നീ
കോട്ടപ്പുറം കാവൽ കല്പിച്ചതാരണേ
കൊല്ലം തികഞ്ഞേതും ചൊല്ലണേ നീ
കൊണ്ടാടി നിന്റെ മുല പൂണ്ണതാരണേ

കൊണ്ടുള്ള ഭർത്താവെ ചൊല്ലുണേ നീ
എന്നെടാ വാനരശ്രേഷ്ഠ കപിവര
ലങ്കയിൽ വന്നതു ചൊല്ലെടാ നീ
എന്നുടെ നായകി സീതയെക്കണ്ടൊരു
കാരണത്താലെ ഞാൻ പോന്നു
ഒപ്പത്തിനൊപ്പം പറയുന്നതാരെന്നു
തങ്ങളിലോരോന്നടിച്ചു
വമ്പനാം മാരുതി ലങ്കാശ്രീയുമായി
തങ്ങളിലുള്ളോരു യുദ്ധം
കോപിച്ചു മാരുതിയൊന്നടിച്ചാനതു-
കൊണ്ടവൾ മോഹിച്ചു വീണു
വീണു തെളിഞ്ഞു ലങ്കാശ്രീ ഭഗവതി
മാരുതിയോടരുൾ ചെയ്തു
മാരുതേ ഞാനറിഞ്ഞവാറെ കേൾക്ക നീയും
മഹാലക്ഷ്മി വൈകുണ്ഠം ഭരിക്കുമ്പോൾ
നിനയാതെ വിരിഞ്ചനോടൊന്നരുളിച്ചെയ്തു
അറിയാതെയകപ്പെട്ടു രാക്ഷസി ഞാൻ
അറിവുണ്ടായിരിക്കുന്നു എന്നാകയിൽ
ഞാനിപ്പോൾ ബ്രഹ്മലോകം പ്രാപിപ്പാനാ-
യവകാശമിന്നു നൂനം വന്നിതിപ്പോൾ
ലങ്കയിൽനിന്നു മഹാലക്ഷ്മി മാറി നിന്നു
ലങ്കേശൻ രാവണനും വിറച്ചു ദേഹം
ഒരു സ്ഥലവും കഴിയാതെ നടന്നുനാകി
കാണാഞ്ഞു ദുഃഖിച്ചു ക്ലേശത്താലെ
താരനായും സ്തുതിച്ചുതുടങ്ങി
ക്ലേശിതപിതാവെ പോററി

ക്ലേശിതപിതാവെ നീ ശരണം
ഗംഗയോടണിവുറൊരു നാഥ
ലോകമൊക്കയും ജീവനെ പോററി
ലോകനാഥന്റെ സീതയെത്തേടി
ആഴിയേഴും ഞാൻ ചാടി വന്നല്ലോ
കാണ്മാൻ യോഗമിന്നില്ലില്ലെ സ്വാമി
രാമ രാമ ഹരെ പരമേശ
കാമവൈരി ശരണം നമസ്തേ
എന്നുചൊല്ലി വണങ്ങി സ്തുതിച്ചു
അപ്പോൾ വായുവും വന്നു വഴികാട്ടി
ചെന്നു സീതയെക്കണ്ടു ഹനുമാൻ
ശിംശപാവൃക്ഷമൂലേ വസിക്കും
നിജ്ഞരാംഗിയെക്കണ്ടു കൈകൂപ്പി
കണ്ടവനും വൃക്ഷമേറിയിരിക്കുന്നേരം
കാളമേഘവടിവൊത്ത രാവണൻതാൻ
വരവുതാനും കണ്ടുടനെ മാരുതിയും
ഉടനടനെ വാളുമടിച്ചലംകരിച്ചു
ചെണ്ടകുഴൽ ചേങ്ങല തുടിയും വീണ
തപ്പുതാളമാലവട്ടംവിശികൊണ്ടു
ഉർവ്വശിമാരുലകിൽ വന്ന
ദേവസ്ത്രീകൾ രാവണന്റെ ഭൃത്യരായിമരുവുന്നൊരു
ഈവക കണ്ടനുമാനും ഭീതിപൂണ്ടു
അകലെ നിന്നിട്ടസുരൻതാനുരചെയ്യപ്പോൾ
    ഞാനെന്തസുരനമ്മരചെയ്തീടിനാ..
നാട്ടത്താണി മുലപുണരുവാൻ

കൊതിയുണ്ടു ബാലേ നിന്നവെന്നു
നിന്റെ മനതാരിലൊന്നുമറിയേണം
പതിനാലു ലോകം ധരിത്താരാമനും
നിനക്കു സാദൃശ്യമാസ്ത്രീകില്ല
കലശലൊന്നും കരുതവേണ്ട നീ–
പരമ തമ്പുരാനൊരുപോലെ
അറിവില്ലേ ബാലേ വിരവിലെന്നുടെ
അണിമുഖം നോക്കി പറയേണം
പറയാം ഞാൻ ബാലേ കേൾക്ക നീ–
യിനിയുമിപ്പോൾ പരമാർത്ഥമറിഞ്ഞു
രാമനൊ നിനക്കുവേണ്ട
നാരിസേവ ചെയ്യയില്ല രാമദേവൻ
അഴകസുഖം രാമനൊന്നോളമില്ല
ക്രൂരാസുരൻ രാവണന്റെ വാക്കുകേട്ടു
കോപമോടു സീതതാനും ചൊന്നവാക്കു
ചൊല്ലി സീത പുല്ലിനോടന്നല്ലലോടും
മെല്ലവേ ചൊന്നതിപ്പോൾ
നിന്റെ കാലദോഷവുമടുത്തെടാ!
കള്ളനായ നിന്റെ മായം കണ്ടറിഞ്ഞു ഞാനെട!
ലക്ഷ്മണനറിയാതെന്നെ കട്ടുകൊണ്ടു പോരുമ്പോൾ
പക്ഷിയോടടുത്തപ്പോൾ ഞാൻകണ്ടു നിന്റെ വീര്യം
നില്ലു നില്ലു രാവണ ഞാൻ നിൻകുലത്തിൽ കൂടുവാൻ
ഏറെയൊരുനേരമിനി വൈകവേണ്ട രാവണ
രാമദേവൻ ലങ്കയിലെഴുന്നരുളും നേരത്തു
അരക്ഷണം കൊണ്ടൊക്കയുമൊടുക്കയും

ഭസ്മമാക്കും ബാണംകൊണ്ടു രാമനാളു നിശ്ചയം
നിശ്ചയം നിൻവംശത്തെയൊടുക്കുവാനും
നിന്നെക്കൊന്നു ലോകത്തെ രക്ഷിപ്പാനും
അച്യുതനായി പിറന്നു രാമൻ
നിന്നുടെ കാലനായി.
പാകശാസനവൈരിയാം ദുഷ്ടൻ
പങ്കജാക്ഷിയിൻ വാക്കിനെ കേട്ടു
കണ്ണിണയതിൽ തീയെരിയുന്നു
ഉടൽഗിരി പോലെ നിന്നിതന്നു
ദുഷ്ടൻ കോപിച്ചു വാളുമെടുത്തു
ചന്ദ്രമുഖീം വധിപ്പതിന്നായി
ചന്ദ്രഹാസമെടുത്തിളക്കുന്നു വാളുമായവൻ
പാഞ്ഞടുക്കുമ്പോൾ വാമലോചന
മണ്ഡോദരി ചെന്നു വാളും
ഭർത്താവിൻകയ്യും പിടിച്ചു
മറ്റൊരു തുണയില്ലിതിലാരും
ഉറ്റോരാരുമിവൾക്കില്ല നാഥ
നാഥനൊടീവണ്ണമെല്ലാം
നാരിയാൾ പറഞ്ഞുടനെയനു-
സരിപ്പിച്ചു നാല്പതുനാളുകളുഞാൻ
വശമാക്കിത്തരുന്നുണ്ടു
കോപകരൻ രാവണനും കോപത്തോടെ
പോയവനും പുരിപുക്കതിന്നുശേഷം
രാവണൻതന്റെ പുരിപുക്കനേരം
ഉറച്ചിതു ചിത്തം ഹനുമാനന്നേരം

പറഞ്ഞിതു രാമവൃത്താന്തമെല്ലാം
മഹാഗുണവാനാം ദശരഥനു പണ്ടു
തനയരായ് നാലു പുത്രരുണ്ടായി
നാഥനായതും രാമദേവൻതാൻ
മാരാരിതന്റെ വില്ലുമുറിച്ചു
മാലയിട്ടതും ഭഗവാൻ താനല്ലൊ
മുടക്കി കൈകേയിയഭിഷേകമന്നു
വനത്തിന്നു ഭാര്യതമ്പിയുംകൂടി
അടുത്തസുരരെയൊടുക്കുവതിന്നായി
അടുത്തസുരരെയൊടുക്കിയ വാറും
വനത്തിൽ വെച്ചല്ലൊ ദേവിയെക്കണ്ടു
കാണാഞ്ഞു ദൂതർനാലു ദിക്കിലും
ഏകൈകലക്ഷമയച്ചിട്ടുണ്ടല്ലൊ.
അയച്ചോരു വർത്തമാനം അറിഞ്ഞു സീതാ
ആരുമാരുമീവണ്ണം വരുന്നോരില്ല
കോപകരൻ രാവണന്റെ മായംകൊണ്ടോ
എന്നടനെ ക്ഷീണമുള്ളിൽ കരുതിക്കൊണ്ടു
കമ്പിട്ടിരുന്നതു കണ്ടു വായുപുത്രൻ സ്തുതിതുടങ്ങി.
വായുപുത്രൻ സ്തുതിച്ചു തുടങ്ങി
വൈദേഹി ദേവി ലോകമാതാവേ
വായുവിന്റെ മകനാണടിയൻ
ശങ്കിക്കവേണ്ടയെന്നൊ നീ തെല്ലും
ശങ്കരനാണെ സത്യം മാതാവേ
മാതാവെന്നുള്ള സത്യം വൈദേഹി
കേട്ടനേരം പാരാതെ മുഖത്തുനോക്കി

യഞ്ജനാനന്ദനൻതാൻ അടയാളമെടുത്തുകൊണ്ടു
കൈവണങ്ങി തൊഴുതുകൊണ്ടു-
ങ്ങടയാളം കൊടുത്തു കയ്യിൽ
അടയാളം വാങ്ങി അണിമിഴിയാളും
എടുത്തവൾ മുലമാറിൽ വെച്ചുന്നു
ഹരിഹര എന്റെ ഭഗവാനേ കാന്ത
അറുതി ഞാനിന്നു രാവണൻകയ്യാൽ
മരണമേയുള്ളും അറിവില്ല കാന്ത
സീതാദുഃഖം കണ്ടടനെ ഹനുമാൻചൊല്ലി
ശാന്തിയുണ്ടാം ജനനി നീ ബോധിച്ചുകൊ
രാവണന്റെ കോട്ടയെല്ലാം തകർപ്പാനും
രാജധാനിയ്ക്കവസാനം വരുത്തുവാനും
രാഘവൻതാൻ തമ്പിയോടും പടകളോടും
വാരിധിയിൽ ചിറ കെട്ടി കടന്നുവന്നു
അരക്കനായ രാവണനെ വധിപ്പുവാനും
രാക്ഷസരെ കലംമുടിച്ച ഭവതിതന്നെ
വീണ്ടുകൊണ്ടയോദ്ധ്യയ്ക്കു പോകുവാനും
അധികമൊരു പണിയില്ല രാഘവർക്ക്
ജനകജേ നീയെന്നും കേണ്ടും ഭയപ്പെടേണ്ട
കൈവണങ്ങി തൊഴുതുകൊണ്ടടയാളവാക്കും പ
(റഞ്ഞു കൊണ്ടു

അടയാളവാക്കും പറഞ്ഞു മാരുതി
വിടവാങ്ങിക്കൊണ്ടു തൊഴുതാൻ
വരട്ടെ മാതാവെയ്യാസ്ഥ രാമനോ-
ടറിയിപ്പാൻ കാലമടുത്തില്ല

ഇരിക്കൂ മാതാവേ ഇനി നീ–
യേറിയാലൊരു മാസമെയിങ്ങിരിക്കുണ്ടു
രാഘവരനോടങ്ങൊരുമിച്ചു ഞങ്ങൾ
ഏഴുപതു വെള്ളം പടവരം അരാക്കരെ
കലം മുടിച്ചു ദേവിയെ അയോദ്ധ്യയിൽ
കൊണ്ടങ്ങിരുത്തുവാൻ ശേഷമി–
ന്നൊരു പണിയില്ല കപികുലങ്ങൾ
ഞങ്ങൾക്കും ഭയമില്ലാ ഇളക്കം ദേവിക്കു മന–
ക്കാമ്പിലൊരു പണത്തൂക്കംപോലും ധരിക്കേണ്ട
കളുത്ത പാലാഴി ധരിത്ത രാമന്റെ
തിരുപ്പാദത്താണെ ധരിക്ക നീ
പവനനന്ദനൻ പറഞ്ഞ വാക്കുകൾ
പരമാത്ഥമെന്നു ധരിച്ചുടൻ
ഹനുമാനെ വിളിച്ചരികെ നിർത്തിയ–
ങ്ങരുളി സീതയാടയാളം
ഇതു ചെന്നെന്നുടെ കണവനോടു നീ
പറക മാരുതി കളിവിനാ
അതു ശ്രുത്വം താണുനമിച്ചു മാരുതി
പുറപ്പെടുവാനായ്ത്തുനിഞ്ഞപ്പോൾ
പുറപ്പെടുവാൻ തുനിഞ്ഞനേരം ചൊല്ലി സീത
വിശപ്പടക്കിപ്പോകവേണം വായുപുത്ര
ഒളിച്ചു നീ പോയ് രാവണന്റെ
ഉപവനത്തിൽ വെളിപ്പെടാതെ
ക്ഷുത്തടക്കി പോകവേണം
എന്നതുകളെ കേട്ടനേരം വായുപുത്രൻ

ചെന്നു പുക്കാൻ രാവണന്റെ ഉപവനത്തിൽ
നന്നായി കദളിവാഴക്കനിയും തിന്നു
തൃപ്തി വന്നു മദത്തോടെ കുതിച്ചു ചാടി
ചാടിയവൻ രാവണന്റെ ഉപവനങ്ങൾ
ഝടിതി പൊടിധൂളിയാക്കിച്ചമച്ചു പിന്നെ
കാപ്പവരും കണ്ടുടനെ പിടിപ്പാൻ ചെന്നു
ചെന്നോരെ രാക്ഷസരെ തച്ചുകൊന്നു.
തച്ചുകൊന്നോരിൽ ചാവാതെയുള്ളോർ
അക്ഷണം ചെന്നു രാവണനോടു
വൃത്താന്തമെല്ലാം ബോധിപ്പിക്കുന്നു
കേൾക്ക സ്വാമി ഉഗ്രവിക്രമങ്ങൾ
ഉഗ്രനായൊരു വാനരൻ വന്നു
അക്രമമോടു നാം നട്ടു നനച്ച
തോപ്പും തോട്ടവും തച്ചു തകർത്തു
കാക്കുന്നോർകളിൽ നാലൊന്നു കൊന്നു
പുഞ്ചിരിയോടവൻ കൊമ്പിലിരുന്നു
ഞെട്ടുമാറുടനട്ടഹസിച്ചു.
അട്ടഹാസം കേട്ടു പേടിച്ചോടി ഞങ്ങൾ
വന്നുമാനം സ്വാമിയോടങ്ങുണർത്തിപ്പാനാ-
യിട്ടുന്നു വിടകൊണ്ടു ഞങ്ങളെല്ലാം
ഇക്കണ്ട ഞങ്ങളുമാത്രം നിനച്ചുകണ്ടാൽ
നില്ക്കയില്ലിനിയവനോടു ശത്രു നേരെ
എന്ന വാക്കു കേട്ടനേരം രാവണൻ താൻ
ക്രുദ്ധനായ മന്ത്രികളോടൊന്നു ചൊല്ലി
പൊട്ടരായ നിങ്ങളാരും പോക പോണ്ട

ഇപ്പോളെന്റെ ഇളയപുത്രൻ പോകപോകട്ടെ
അക്ഷകുമാരനെ വിളിച്ചുടനെ രാവണൻതാൻ
നമ്മുടെ ഉപവനേ ഒരു കുരങ്ങു വന്നു
പലവകയും നാശങ്ങൾ വരുത്തിപോലും
കാവല്ക്കാരർ പലരെയും തച്ചുകൊന്നു
ശേഷമുള്ളോർ പേടിയോടിങ്ങോടിപ്പോന്നു
നീ ചെന്നവനെ വധിച്ചീടണം വരികവേണം.
അക്ഷണം നടന്നവനും അച്ഛനുടെ വാക്കിനാൽ
മാരുതിസമീപേ ചെന്നാനിന്നു രാവണസുതൻ
വില്ലുമായ്മാരുതന്റെ നേരെ ചെന്നെത്തുമ്പോൾ
നേരെ ചെന്നെത്തുന്ന ബാണസായകം തൊടുത്തപ്പോൾ
മാരുതിയും മുഷ്ടിയോടെടുത്തടിച്ചാനക്ഷണം
ഒന്നടിച്ചനേരം യമലോകേ ചെന്നിതന്നവൻ
മണ്ണിൽ വീണ ദേഹമതു കണ്ടു ദൂതർ മണ്ടിനാർ
മണ്ടിച്ചെന്നു രാവണനോടതുമുണർത്തിനാർ
കേൾക്കകൊൾക രാവണ! കപിവരന്റെ വിക്രമം
നിന്നുടെ തനയനങ്ങു ചെന്നെതിർത്തനേരത്തു
ഒന്നടിച്ചാനക്ഷണം മരിച്ചു നിന്റെ നന്ദനൻ.
മരിച്ചു തന്റെ പുത്രനെന്നു കേട്ടനേരം
കരുത്തനായ രാവണനും കോപത്തോടെ
ഇരിക്കയില്ല ഊഴിതന്നിലക്ഷണം
ഞാൻ ഇരിക്കയിലും മരിക്കനല്ല എന്നുറച്ചു
കോപിച്ചു തലകൾ പത്തും കുലുക്കികൊണ്ടു
നയനങ്ങൾ ഇരുപതിലും ചിതറിയഗ്നി
കണങ്ങൾ പരത്തിൽ ചന്ദ്രഹാസമിളക്കികൊണ്ടു

ഉടനടനെ തെരുതെരെ കന്നൊത്തു ചൊല്ലി
ഊറ്റം കാററില്ല എൻറെ ലങ്കതന്നിൽ
ഊനമററ വരങ്ങളും ഞാൻ വാങ്ങിട്ടുണ്ട്
പരമേശൻ ചന്ദ്രഹാസം തന്നു പിന്നെ
ഊറ്റം കാററാട്ടം പാമ്പർക്കചന്ദ്രൻ
ഇന്ദ്രാദിദേവകളും യമരാജാവും
ഇത്യാദി നിവഹമെന്നെ ഭയപ്പെട്ടുമ്പോൾ
ഭയം കൂടാതൊരു കരളു വന്നിട്ടെൻറ
ഉപവനങ്ങൾ സർവ്വനാശം വരുത്തുവാനും
എന്നുടെയ പരിബന്ധിപടകളേയും
കെൽപ്പുടയ പുത്രനേയും നിഗ്രഹിച്ച
ശക്തിമാനൊന്നറച്ചിരിപ്പിലും വാനരൻറെ
ഉടൽ തലകൾ ചന്ദ്രഹാസംവാളിനാലെ.

ചന്ദ്രഹാസത്തിനാൽ നിഗ്രഹിച്ചീടുവാൻ
താതൻ പുറപ്പെട്ടനേരം ഇന്ദ്രജിത്താത്മജൻ ചെന്നു
തടുത്തു പറഞ്ഞിതു താതനോടപ്പോൾ
താതനിപ്പോൾ കപിവീരനോടെതിർപ്പാൻ പോകരുതെന്നു
വിലക്കി മർക്കടനെ വധിച്ചീടുവാൻ നമ്മുടെ
ചന്ദ്രഹാസമെടുക്കണോ കാണി വൈകാതവനെ–
ക്കൊലചെയ്യതിൻ ബാണമുണ്ടെന്നുടെ കയ്യിൽ
കാണി വൈകാതവനെക്കൊല ചെയ്തു ഞാൻ
താതൻറെ മുമ്പിൽ വന്നേനെ ഇത്തരമിന്ദ്രജിത്തു ചൊ
താതചിത്തതാപം കളവാനായി. (നാൻ

ചിത്തതാപം കളയെൻറെ താതനീയും
എന്നുടനെ ഇന്ദ്രജിത്തും പറഞ്ഞനേരം . .

ഉന്നതനാം രാവണനും ചൊന്നാനപ്പോൾ
ഇന്ദ്രജിത്തേ! നിന്നുടെയ സോദരനാമക്ഷകുമാരൻ
ഉപവനങ്ങൾ നശിച്ച ചേതി കേട്ടനേരം
ചെന്നവനും മാരുതിയോടേററനേരം
രണ്ടടിച്ചാനതുനേരം കുമാരൻ താനും
ചെന്നു പുക്കാൻ യമലോകമെന്നു കേട്ട
എന്നതുകൊണ്ടെന്നുടെയ ദുഃഖം തീർപ്പാൻ
ചെന്നവനെ നിഗ്രഹിച്ചു വരിക നീ ഇന്ദ്രജിത്തേ!
എന്നുടനെ രാവണൻതാൻ കഠിനമായ് കയ
(ർത്തു ചൊന്നാൻ.

ചൊന്ന വാക്കു കേട്ടവനാമിന്ദ്രജിത്തും
മെല്ലവേ തന്നുടെയ വില്ലുംബാണം ചെന്നെടുത്താനാദരാൽ
വന്ന കപിവീരനോട്ട ചെന്നെതിർത്തു ചൊല്ലിനാൻ
വീരനായ വാനര! നീ ആരുചൊല്ലാൽ വന്നെടോ!
സൂര്യനും ഭയപ്പെടുന്ന ലങ്കാരാജ്യംതന്നിൽ നീ
ആരെയും ഭയപ്പെടാതെ നീ കടന്നതെങ്ങിനെ?
പോരുമോ നീയെന്നോടൊപ്പം യുദ്ധംചെയ്തു നില്ക്കുവാൻ
പോരിനെന്നോടിന്ദ്രസൂര്യചന്ദ്രന്മാരും പോരുമോ
എന്നിരിക്കുന്നെന്നെ നീ ജയിപ്പതിന്നു പോരുമോ?

പോരുമോ വാനര! നീ എന്നോടൊപ്പം
പോർചെയ്തു ജയിപ്പതിന്നു നിനവുണ്ടെങ്കിൽ
ഭീകാരതയെന്റെ ശരം തടുത്തുകൊൾക
അല്ലായ്കിലുള്ളവണ്ണം ബോധിപ്പിക്ക
ആരു നിന്നെ പറഞ്ഞയച്ചതെന്നു ചൊല്ലു
ആരുടെ ദൂതനെന്നും വിവരംചൊൽക.

ചൊല്ലാതെ ഇയന്നനാകിൽ നിന്നെ ഞാനും
വല്ലാതൊരസ്ത്രമെയ്തു കൊല്ലുന്നുണ്ട്.
കൊല്ലുമെന്ന മൊഴി കേട്ടപ്പോൾ
മാരുതി കോപമോടൊന്നു പറഞ്ഞു
കൊല്ലുവാൻ വന്നൊരു വീരവൈരി കേളെടാ!
ഞാൻ വന്നമൂലം നീ കേൾക്ക
അർക്കകുലാധിപരാമൻെറ ഭാര്യയെ
ദുഷ്ടനാം നിന്നുടെ താതൻ
കട്ടുമൂലത്താലക്കനായനോ-
ടൊന്നിച്ചെഴുപത്തു വെള്ളം വീരരായ
പടനായകർ ഞങ്ങളും
ആരാഞ്ഞു ദേവിയെക്കാണ്മാൻ
ദിക്കിലൊക്കെ നടന്നോര വലഞ്ഞുടൻ
ദുഃഖിച്ചുന്ന ചിലരങ്ങു തൂക്കുന്നൊ-
ബലംകൊണ്ടു ഞാനിക്കരെച്ചാടി-
ക്കടന്നു വരുമ്പോൾ
ലങ്കാശ്രീയായ ഭഗവതിതന്നോടു
സങ്കടം ഞാൻ പറഞ്ഞപ്പോൾ
മങ്കയാളെന്നുടെ സങ്കടം കണ്ടപ്പോൾ
ലങ്കയിലുണ്ടെന്നു ചൊല്ലി
അന്നോടവിടന്നു ചാടിക്കടന്നു ഞാൻ
പങ്കജക്കണ്ണിയെക്കണ്ടു പോരുന്ന നേരത്തു
ദാഹം പെരുത്തപ്പോൾ വാഴക്കനികണ്ടു ഞാനും
കണ്ടു ഞാനും സ്വല്പമാത്രം ഭുജിച്ചുന്നേരം
കണ്ടുവന്നു നിന്നുടയ കാവൽക്കാരർ

കഠിനമായിട്ടെന്നോടു യുദ്ധംചെയ്തു
എത്രത്തവരെത്തച്ചുകൊന്നൊടുക്കി ഞാനും
എന്നതിനാൽ നീയിപ്പോൾ പോകവേണ്ടു
ഒന്നുകൊണ്ടു നിങ്ങളാരും നിനച്ചിടേണ്ട
നിന്നുടെയ താതനായ രാവണൻതാൻ
ദേവവരൻറെ പത്നിതന്നെക്കട്ടമൂലം
രാക്ഷസരുടെ കുലമെല്ലാം മുടിഞ്ഞുപോകും
ദശമുഖനാം രാവണൻറെ തലയും പോകും
വീരനായ നിൻറെ വില്ലും ശരവും പോകും
ശരം കയ്യിലിരിക്കെ നിൻറെ തലയും പോകും
അല്ലെങ്കിലൊന്നുവേണം ഇന്ദ്രജിത്തേ!
താതനായ രാവണനും നിനക്കും നിൻറെ
പുത്രമിത്രകളത്രാദി പ്രജകൾക്കെല്ലാം
മരിക്കാതെയിരിപ്പതിനു മോഹമെങ്കിൽ
തെറ്റിക്കാതെ സീതതന്നെക്കൊടുത്തുകൊണ്ടു
അവിധം ചൊല്ലി കൈവണങ്ങി സ്തുതിച്ചുകൊണ്ട്
അറിയാതെ പിഴച്ചുപോയെന്നഭയം ചൊന്നാൽ
പിഴച്ചതൊക്കെ പൊറുത്തുകൊള്ളും രാമദേവൻ
മടിക്കവേണ്ട താതനോടെച്ചൊന്നറിയിക്ക നീ
എന്നുടനെ മാരുതിയും ചൊന്ന വാക്ക്
മാരുതി ചൊന്നതു കേട്ടുടൻ കോപിച്ചു
വീരനാം ഇന്ദ്രജിത്തപ്പോൾ
ആരെടാ കശ്മല രാമനെ കൈവണ..
ങ്ങീടുവാൻ ചൊല്ലിയതാര്
വാനര നിന്നുടെ രോമദ്വാരങ്ങളിൽ

ചോര ഞാൻ കാട്ടുവനിപ്പോൾ
എന്നു പറഞ്ഞുടൻ വാനരമേനിമേൽ
ബാണം പൊഴിച്ചുതുടങ്ങി
ബാണങ്ങൾകൊണ്ടുടൽ വായുതനയന്റെ
രോമങ്ങൾ നന്നാലായ്ക്കീറി
കാണിപോലും ഭയം മാരുതിക്കില്ലാഞ്ഞു
കോപിച്ചു രാവണിയപ്പോൾ
വാനരവീര നീ കാൺകയെന്നുടെ
ബാണപ്രയോഗബലങ്ങൾ
എന്നു പറഞ്ഞവൻ മോഹാസ്ത്രമെയ്തുടൻ
മാരുതി മോഹിച്ചു വീണു.
    വീണനേരം രാക്ഷസരൊട്ടുത്തുകൂടി
അടുത്തുകൂടിപ്പിടിച്ചു കെട്ടിക്കൊണ്ടുപോയി
അരക്കനായ രാവണന്റെ മുമ്പിൽ വെച്ചു
കാഴ്ചവെച്ചു കൈകാണങ്ങളിത്തൊഴുതുണർത്തി
കേൾക്കയെന്റെ താത നീ ശരണം സ്വാമി
മാനമുള്ള ലങ്ക തന്നിൽ ഇവൻ വന്നിട്ടു
മാനിയാതെ വിക്രമങ്ങൾ പലതും ചെയ്തു
മാനിയാതെ കടന്നുവന്ന കപിവരന്റെ
പ്രാണനാശം വരുത്തിയിവൻ ദേഹമെല്ലാം
കഴു കാകൻ പക്ഷികൾക്കിരയാക്കണം.

ഇര കൊടുക്കയിവന്റെ ദേഹം കഴുകാകൻ നായ്ക്കൾക്കു
ഇടി മിന്നലൊന്നു പവനങ്ങൾ തടുത്തി പൊടിയാക്കി
(നാൻ

ഇവ പലതും കേട്ടനേരം കോപം പൂണ്ടു രാവണൻ

മന്ത്രികളിൽ മുമ്പനാം പ്രഹസ്തനെ വിളിച്ചുടൻ
എന്തിനിവിടേക്കുവൻ വരുവതിനു കാരണം
ആരു ചൊല്ലിവിട്ടു ദൂതനെന്നു ചോദിച്ചീട് നീ
രാവണന്റെ വാക്കിനാൽ പ്രഹസ്തനും നടന്നിതു
വാനരന്റെ മുമ്പിൽ ചെന്നുനിന്നു ചോദിച്ചീടിനാൻ
മർക്കടാ നീ എന്തിനിവിടേക്കു വന്ന കാരണം
ദുർഘടം നിനക്കു വന്നുകപ്പെടുന്നതിനു മുൻ
ആരു ചൊല്ലിവിട്ടു ദൂതനെന്നു വേഗം ചൊല്ലെടാ
കോപമോടു മാരുതി പ്രഹസ്തനോടു ചൊല്ലിനാൻ
പോട പോ ജളപ്രഭോ ഞാൻ രാമദൂതനാണെടാ
വായുവിന്നു ജാതനായ വീരനാണു ഞാനെടാ
അർക്കപുത്രൻ സുഗ്രീവന്റെ ഭൃത്യനാണു ഞാനെടാ
സീതയെ തിരഞ്ഞുവന്ന രാമദൂതനാണു ഞാൻ

രാമദൂതനൊന്നുമൊഴി കേട്ടനേരം
രാവണനും ശിരസ്സിളക്കി ഒന്നുചൊല്ലി
രാമനെന്നുള്ളനാമം ചൊല്ലുവോനും
കാനനത്തിൽ കായ്പറിച്ചു തിന്നീടുന്ന
സുഗ്രീവനൊന്നുമൊഴി ചൊല്ലുവോനും
മൂലമെന്തെന്നിവനോടു ചോദിച്ചിട്ടു
ആയുധംകൊണ്ടരിഞ്ഞു വെട്ടി നുറുക്കിക്കൊണ്ടു
വാരി വാരി ദൂരെയങ്ങു കളകവേണം
കൊല്ലാതെയിവനെ വിട്ടയച്ചുകൂടാ
എന്നതുകേട്ടധികാരിപ്രവരന്മാരും
കപിതന്നെക്കുലചെയ്വാനടുത്തനേരം.
കുലചെയ്തീടുവാനടുത്തനേരത്തു
തടുത്തു ചൊല്ലിനാൻ വിഭീഷണൻ

അന്നതന്നതന്നതയ്യു ദൂതരേ
കല ചെയ്തിടുവാൻ വിധിയില്ല
കലചെയ്തിടുവാൻ വിധിയില്ല
നമുക്കിളപ്പം ദൂതരെ കലചെയ്താൽ
ഇവനെ നാമിന്നു കലചെയ്തിൽ കാൎയ്യം
രഘുകുലാധിപനറിയുമോ
കലചെയ്തിടുവാൻ വിധിയില്ലാ നമു-
ക്കിളപ്പം ദൂതരെ കലചെയ്താൽ
ഇവനെ നാമിന്നു വധിച്ചെന്നാകില-
റിയുമെങ്ങിനെ രഘുവരൻ
ചിതമല്ലഗ്രജാ ഇതിനുപായം ഞാൻ
പറയുന്നതു ധരിച്ചുനീ
കപികുലങ്ങളിലിവൻ ചെന്നാലവർ
കുലത്തിൽ കൂട്ടാതെയിരിക്കുവാൻ
അടയാളം കൊടുത്തയച്ചിലിങ്ങനെ
പരികീൎത്തിയുണ്ടെന്നറിക നീ
ഇവന്റെ വാൽകെട്ടിപ്പൊതിഞ്ഞു തീവെച്ചു
കരിച്ചു വിട്ടെന്നാലതുചിതം.
അതുതന്നെ ചിതമെങ്കിലപ്രകാരം ചെയ്യവേണം
വിഭീഷണാ നീ കൂടെച്ചെന്നു
എന്നുടനെ രാവണന്റെ വാക്കിനാലെ
വിഭീഷണനും ഇന്ദ്രജിത്തും പടകളോടും
ചെന്നുനിന്നാർ വായുപുത്രൻ കിടക്കും ദിക്കിൽ
മന്ത്രികളെ വിളിച്ചുചൊല്ലി ഇന്ദ്രജിത്തു
മന്ത്രികളേ നിങ്ങളെല്ലാം ഒന്നുവേണം

ഇവനുടയ വാൽപൊതിഞ്ഞു തിരെപ്പൊറാത്
അഞ്ഞൂറു കുടം നിറച്ചു നെയ്യുംവേണം
ആയിരത്തഞ്ഞൂറുകുടം എണ്ണ വേണം
അതിലിരട്ടി വെളിച്ചെണ്ണ വരുത്തീടേണം
അതിനുവേണ്ടും വസ്ത്രവും വരുത്തീടേണം
അരനിമിഷംകൊണ്ടിതൊക്കെ വരുത്തീടേണം
എന്നതുകേട്ടധികാരിപ്രവരന്മാരും
കല്പനയാൽ വേണ്ടതൊക്കെ കൊണ്ടുവന്ന്
ഇന്ദ്രജിത്തിൻ കാക്കൽവെച്ചു നമസ്കരിച്ചു
ഇത്യാദി മഹാഘോഷം *കണ്ടശേഷം
സത്യവാദി വായുപുത്രൻ വൻപട കണ്ടനേരം

വമ്പടയൊടുക്കൂടെവന്നതു കണ്ടുണർന്നിതു മാരുതി
വമ്പേറുന്നൊരു വാനരൻ കപികുഞ്ജരൻ ഭുജവിക്രമൻ
അമ്പിനോടു സ്തുതിച്ചവനു മോഹതാപമകലുവാൻ
ഇണ്ടൽ നീ മമ തീർക്കുക കാളകണ്ഠരേ നമോനമഃ
മായത്താൽ മലർമങ്കയോടൊളിച്ചേർന്നവനേ നമോനമഃ
മോഹിനിയുടെ മോഹനാ ശിവശങ്കരായ നമോനമഃ
വാഹനം മയിൽകൊണ്ടോനേ പരമേശ്വരായ നമോനമഃ
ആഴിതന്നിലനന്തമേൽ ശയിക്കുന്നോവനെ നമോനമഃ
മോഹസായകമേറു ഞാനിവിടെ കിടന്നുഴലുന്നഹോ
വേർപെടുത്തുകവേണമെന്നുടെ പാശബന്ധനമൊക്കെയും.

പാശബന്ധം ഭവിച്ചിരിക്കും ഹനുമാൻതന്റെ
സ്തുതികേട്ടു രാഘവന്റെ തിരുവുള്ളത്താൽ
പാശബന്ധം വേർപെട്ടു എഴുന്നേററവനും
താതനായ വായുവിനെ നിനച്ചുടനെ

രാവണനെൻറ ഒപ്പമവനാങ്ങിതന്നേരം
കോപിച്ചു രാവണനാങ്ങുരത്തു ചൊന്നാൻ
എന്നുടെ സമനായിട്ടിതന്നിടുന്ന
ഉന്നതന്മാരീയുലകിലാരുമില്ല
നിന്ദ്യനായിട്ടിവിടെ വന്ന കരിങ്കുരങ്ങേ
നിന്നുടെ ജീവനെ ഞാൻ യമനുടെ പുരിയിലാക്കും.

യമനുടെ പുരിക്കിവനു പോകുവാ-
നടുത്തു കാലവും ദിവസവും
അതുകേട്ടഞ്ജനാസുതനും വേഗമോ-
ടസുരവീരനോടുരചെയ്തു
ഉരത്താരാവണ കരുത്ത നിന്നെ-
യോരണുവോളം ഭയമിന്നിക്കില്ല
കരുത്തൻ നീയും നിൻശരിക്കോരായിര-
ത്തൊരുതരുവോളം വന്നെത്തുകിലും
എനിക്കതുകൊണ്ടു ഭയമില്ലയെൻറ
ചെറുവിരല്ക്കു നീ ശരിപോരാ
സമസ്തമെന്നോടു ശരിയായുള്ളോര-
ണെഴുപതുവെള്ളമയോദ്ധ്യയിൽ
അയോദ്ധ്യാ രാജനും പടയും വന്നുടൻ
നിരക്കെ നിന്നിട്ടണഞ്ഞുക്കുമ്പോൾ
അരക്ക നിന്നുടെ ഉരത്തകോട്ടയും
തകർത്തിടും നിൻറ ശിരസ്സുപോം
കനത്തതാടിമേൽ മുളച്ചമീശയും
കപികുലമെണ്ണിപ്പറിച്ചിടും
കപികുലങ്ങളോടടികൊള്ളും നിൻറ

കവിളിതപ്പൂം തകരവെ
രഘുവരനോടങ്ങമർചെയ്യതിന്നു
മതിയാമോ പൊണ്ണത്തടിയാ നീ
ഇവയെല്ലാം നിനക്കകപ്പെട്ടും മുന്നെ
കൊടുക്ക ദേവിയെ മടിക്കാതെ
മറച്ചു നിന്നു നീ കൊടുക്കാഞ്ഞാൽ രാമൻ
മുടിക്കും നിന്നെ നിൻകുലത്തോടെ.

കുലത്തോടെ മുടിഞ്ഞുപോകുന്നതിന്നു മുമ്പിൽ
കൊടുത്തുകൊൾക രാവണാ നീ സീതതന്നെ
എന്നിങ്ങിനെ മാരുതിയും പറഞ്ഞവാക്ക
കേട്ടുടനെ രാവണനും കോപത്തോടെ
മന്ത്രികളെ വിളിച്ചുചൊല്ലി അതിജവം താൻ
മന്ത്രികളേ നിങ്ങളുമിന്നൊന്നുവേണം
ഒന്നുകിൽ ഇവനെ നിങ്ങൾ വധിക്കവേണം
അല്ലായ്കിൽ വാൽപൊതിഞ്ഞു തീ വെക്കേണം
അല്ലായ്കിൽ നിങ്ങളെ ഞാൻ വധിക്കുമിപ്പോൾ
എന്ന വാക്ക കേട്ടനേരം മന്ത്രിമാരും
വാനരന്റെ വാലുചുററി കുളിർമാറു
എണ്ണ നെയ്യും കോരിയുടനൊഴിച്ചു കൊണ്ടു
അഗ്നിയങ്ങു കുളുത്തിയുടൻ മാറിനിന്നു
ജ്വലിച്ചാനഗ്നിയപ്പോൾ വാനരൻതന്റെ വാൽമേൽ.

തന്റെ വാൽമേലഗ്നി കണ്ടു കോപംപൂണ്ടു മാരുതി
തന്റെ ഭാവമൊന്നുടൻ പകർന്നു നിന്നുമാരുതി
രാമദേവൻ കാരുണ്യം കരുതിനിന്നു മാരുതി
ജാനകിയെ കട്ടതിനാൽ കോപത്തോടെ മാരുതി

രാവണൻമുഖത്തു വാൽകൊണ്ടൊന്നുതല്ലി മാരുതി
ഉന്നതമാം ഗോപുരം നിവർന്നുമെല്ലെ നോക്കിനാൻ
ഒന്നുയർന്നുനോക്കിയവൻ ലങ്കയെയതിദ്രുതം
വാലുയർത്തിച്ചാടിയവൻ ഗോപുരങ്ങൾ തീവെച്ചു
അക്കമൊടരക്ഷണാലരക്കരെയും ചുട്ടിതു
ഉൾക്കടയ രാവണനിരുന്നരുളും മന്ദിരം
അഞ്ചിലൊന്നൊളമുയർന്ന രാവണന്റെ ഗോപുരം
അഞ്ചിലൊന്നാക്കിച്ചമച്ചൊരഞ്ചിലൊന്നിനാത്മജൻ
യോജനയെഴുന്നൂറും ഇരുപത്തെട്ടു ഗോപുരം
മൂന്നേമുക്കാൽ നാഴികകൊണ്ടൊക്കെയും ദഹിച്ചിതു.

ദഹിച്ചുപോയി ഗോപുരങ്ങൾ ഇരുപത്തെട്ടും
വിഷ്ണുഭക്തവിഭീഷണസൌധമെന്ന്യെ
ഉള്ളതെല്ലാം തീവ്രമഹോ ഭസ്മമായി
കത്തിയെരിഞ്ഞഗ്നിബലം കണ്ടനേരം
കരുത്തനായ മാരുതിക്കൊരിളക്കം തോന്നി
എരിയുന്നൊരഗ്നിയുടെ തീക്ഷ്ണംകൊണ്ടു
എരിഞ്ഞുപോയോ സീതയെന്നൊരാടലുണ്ടായ്
അരിശംകൊണ്ടൊക്കെയും ഞാൻ ചുട്ടുപോയേൻ
അരിശംകൊണ്ടാചാരം മറന്നിതോ ഞാൻ
രഘുവരന്റെ ഭാര്യയാകും സീതാദേവി
ദഹിച്ചുപോയോ ജനകജയെൻ തമ്പുരാട്ടി
കാറുകണ്ണൻതമ്പുരാനേ ശരണംപോററി
ഉരച്ചിനിക്ക വിടകൊൾവാൻ വരംതരേണം
നിന്ദ്യമെന്നു വന്നുപോയോ തമ്പുരാനേ
എന്നൊരല്ലൽ മാരുതിക്കുള്ളിലുണ്ടായി.

ഉള്ളിലല്ലൽമുഴുത്തു ഹനുമാൻ
ഉൾത്തളിർ വാടിയമ്പോടു ചാടി
ചാടിവീണരയാലിൻ മുകളിൽ
വാടിനാമുഖഗാത്രസഹിതം
ആടലോടടൻ കേണുതുടങ്ങി
രാഘവന്റെ തിരുവുള്ളത്താലെ
പാരാതെ വന്നു വാരിധിതീരെ
ചാടിപ്പോന്നു ഞാൻ ആഴികളേഴും
തേടിവന്നു ഞാൻ ജാനകിതന്നെ
ഒട്ടിപ്പോവാൻ വിധിയില്ലേ സ്വാമി
രാമ രാമ ഹരെ പരേശ
കാമവൈരി ശരണം നമസ്തേ
അംഗനിമേ ചതിച്ചോ നീയെന്നെ.
ചതിച്ചോ നീ വഹ്നിദേവ തമ്പുരാനെ
കരുത്തനായ രാവണന്റെ മനോഹരമാം
ഗോപുരങ്ങളെപ്പേരും ചുട്ടേൻ ഞാനും
ചുട്ടതുകൊണ്ടിഷ്ടക്കേടാർക്കുമില്ല
പട്ടണസ്ഥകാശി തീർത്ഥവാസികൾക്കും
പട്ടിണിയായുള്ളവർക്കും ബ്രാഹ്മണർക്കും
ചന്ദ്രാർക്കന്മാർ ത്രിമൂർത്തികൾക്കും
രിപുവായുള്ള ദുഷ്ടന്റെ
പട്ടണം ഞാൻ ചുട്ടമൂലം
ഇഷ്ടക്കേടാകുവാൻ മൂലമില്ല
ഇഷ്ടനാഥനാകുമെന്റെ രാഘവന്റെ
ഇഷ്ടനാഥസ്സുപത്നിയെത്ത വരുത്തിടൊല്ല

രാമ രാമ ശിവ ശിവ സീതേ ദേവി
പരവശനായ് ചമഞ്ഞടിയനിവിടെ
നിന്നു പരവശത്തൊടീശനെ
ഞാൻ സ്തുതി ചെയ്യുന്നേൻ
കാര്യമെന്തെന്നിതുവരെയറിഞ്ഞില്ലൊന്നും
നേരറിഞ്ഞു വിടകൊൾവാൻ തുണെക്കു സ്വാമി
ഇത്ഥമോരോന്നകതാരിൽ ചിന്തിച്ചിട്ടു
ചിത്തതാപം പൂണ്ടടനെ മാരുതിയും
ദുഃഖത്തോടരയാലിന്മേലിരിക്കുന്നേരം
ഉത്തമരാം വൈദികന്മാർ വരവു കണ്ടു.
വരവുകണ്ടു ശ്രീഹനുമാനും
അലസാതാലിന്മേലിളകാതിരുന്നു
കരഞ്ഞുമന്നോരം ചെവിയും തുറന്നു
വിപ്രന്മാർ ചൊന്ന വാക്കിനെക്കേട്ടു
ഹര ഹര കഷ്ടം കൌതുകമെന്നു
എരിയുന്നു പല ദിക്കിലും തീയ്യ്
ജനകജാതനിശ്ശുനമില്ലെന്നു
ഭഗവാന്റെയൊരു തിരുവുള്ളമെന്നും
ഭൂവാദേവന്മാർ ചൊന്നതു കേട്ടു
അപജയം ദേവിക്കില്ലെന്നാച്ചു
ധൈര്യം മാരുതിയ്ക്കപ്പൊഴുതുണ്ടായി
അഴൽ തീർന്നടനെ അമ്പോടു വേഗം
അനിലനന്ദനൻ തെളിവൊടു ചാടി
കടൽകടന്നവനിക്കരെ വന്നു
രാഘവൻ തന്റെ തിരുമുമ്പിൽ നിന്നു

തൊഴുതുണൎത്തിനാൻ സീതാവൃത്താന്തം
ഹര ഹര എന്റെ രഘുവരസ്വാമി (വാക്കം
അടിയൻ പോയ്ചെന്നു ദേവിയെക്കണ്ടു അടയാള
അംഗുലീയവും വിടവഴങ്ങി ഞാൻ തൃക്കയ്യിൽനല്കി.
തൃക്കയ്യിലംഗുലീയം കൊടുത്തനേരം
അക്ഷണം താൻ തുഷ്ടിയോടെ വാങ്ങി ദേവി
വാങ്ങിക്കൊണ്ടങ്ങു മാൎവ്വിലണെച്ചുകൊണ്ടു
അഴകുടയ ദേവിതാൻ ദുഃഖിച്ചുന്നു
അഴകുടയ ഭൎത്താവെ രാമദേവാ
അറിയാതെ ദുഷ്ടനെന്നെ കട്ടതിനാൽ
മറുകരയിൽ പെട്ടു വലഞ്ഞീടുന്നു
എന്നുടയ ഭൎത്താവാം രാമദേവാ
നിന്നുടയ ശ്രീപൂൎണ്ണാവും പുഞ്ചിരിയും
കണ്ടുകൊൾവാൻ കഴിവിനിക്കെന്നുണ്ടാകും
എന്നു ചൊല്ലി ദേവിയഹോ ദുഃഖത്തോടെ
തിരുമുടിക്കഴകൊത്ത ചൂഡാരത്നം
വിരവൊടങ്ങടിയന്റെ കയ്യിൽ നല്കി
തൽക്ഷണമടിയനതു വാങ്ങിക്കൊണ്ടു
പക്ഷമോടെ യാത്രചെയ്യാനാരംഭിച്ചു
അപ്പോഴിതൊന്നരുൾചെയ്തു പങ്കജാക്ഷി
ക്ഷുൽപിപാസയടങ്ങുവാൻ നീ വായുപുത്രാ
അറിയാതുപവനത്തിൽ ചെന്നുകൊണ്ടു
അഭീഷ്ടംപോൽ കായ്കനികൾ പറിച്ചുതിന്നു
അംബുധി കടന്നു ചെന്നു ഭൎത്താവോടു
വൃത്താന്തമന്നാകം നീ ബോധിപ്പിക്ക

എന്നതു കേട്ടടിയനും രാവണന്റെ
ഉപവനത്തിൽ ജവാ കടന്നു ചെന്നു
കായ്കനികൾ മോദത്തോടെ ഭക്ഷിക്കുമ്പോൾ
കണ്ടുവന്നു രാവണന്റെ ഭൃത്യവൃന്ദം
എത്തിയെന്നോടെതൃത്തവരെത്തച്ചുകൊന്നു
മെച്ചമെഴും രാവണനും കേട്ടനേരം
പുത്രനാമക്ഷകുമാരൻ തന്നെ വിട്ടു
ഹന്ത ഞാനവനേയും അറുതിയാക്കി
അറുതിവന്നുപോയക്ഷകുമാരൻ
അരനിമിഷംകൊണ്ടറിയിച്ചു ദൂതർ
രാത്രിഞ്ചരപതി രാവണനോടു
അതിവകോപമുല്ലസിച്ചപ്പോൾ
പുത്രഫലം കേട്ടു രാവണി വന്നു
കലശലോടെ പറഞ്ഞനാവസ്ഥ
അതുകേട്ടനേരമിന്ദ്രജിത്തും
പടയോടുകൂടി വന്നടിയന്റെ
ഉയിർ പിരിപ്പാനായ് ബാണം പൊഴിച്ചു
അതിനാൽ മോഹിച്ചു വീണേനടിയൻ
വീണൊരു നേരത്തു വന്നിതു ദൂതർ
ബന്ധിച്ചവരെന്നെ രാവണന്മുന്നിൽ
കൊണ്ടുചെന്നറിയിച്ചാരവസ്ഥകൾ.
അവസ്ഥയെല്ലാം രാവണനോടറിയിച്ചപ്പോൾ
അരക്കനായ രാവണന്റെ നിയോഗത്താലെ
അരക്ഷണംകൊണ്ടടിയന്റെ വാലു ചുററിപ്പൊ-
തിഞ്ഞു തീയും വേഗമോടെ കൊളുത്തിയപ്പോൾ

വേഗമോടെ ചാടി ഞാനും ലങ്കയെല്ലാം ഝടിതി
പൊടിഭസ്മമാക്കിച്ചമച്ചനേരം ആകാശേ
എരിഞ്ഞു കത്തീടുന്നൊരഗ്നികണ്ടു ഞാനടിയ-
നൊന്നു ഭയപ്പെട്ടേൻ രാമസ്വാമി
അഴകുടയ ദേവിയെഞാൻ വെന്തുപോയോ
എന്നൊരല്പം ഭീതിയുണ്ടായടിയത്തിന്നു
ദുഃഖംപൂണ്ടരയാലിന്മേൽ ഇരിക്കുന്നേരം
ആൽക്കീഴെക്കൂടി പോയീടുന്ന ഭൂസുരന്മാർ
അഗ്നിഭയം സീതക്കുണ്ടായില്ലെന്നു ചൊല്ലി
എന്നതു കേട്ടടിയനും തെളിഞ്ഞുമോദാൽ
അംബുജാക്ഷൻ തിരുനാമം മനസ്സിലൂന്നി
തൃക്കടാക്ഷംകൊണ്ടു ചാടിക്കടന്നുവന്നു
തൃപ്പാദാന്തേ വീണടിയൻ കൈതൊഴുന്നേൻ.

കൈതൊഴുതു വണങ്ങി സ്തുതിച്ചു
രാമരാമഹരേ ലോകനാഥ
കാമപ്രദമുകുന്ദമുരാരേ
ആഴിയിലനന്തന്മേൽ ശയിക്കും
ആഴിവർണ്ണശരണം നമസ്തേ
ഏഴ് രണ്ടുലകാധിപ പോററി
ഊഴിനാഥരുടയപുരാനേ
പാപനാശകശരണം നമസ്തേ
ഇത്ഥമങ്ങു സ്തുതിച്ചൊരു നേരം
ചിത്തമോദത്തോടെ അരുൾചെയ്തു
ചിന്തുന്നമ്പൊടു വാരിധി ചാടി

ഊക്കുടയോന്റെ ലങ്കയും ചുട്ടു
കാൽക്കൽ വന്നു നമിച്ചു നിനക്കു
പോക്കില്ലാത്ത വരം തരുന്നുണ്ടു
ഊക്കിലും നിന്റെ വാക്കിലും
ഒടിവാക്കില്ലാതെയിരിക്ക നീയെന്നും
നന്ദിച്ചു വരം നൽകിയ നേരം
ഒന്നിച്ചെല്ലാരും ദുഃഖം കലൎന്നു
കൂടിയിരുന്നവർ ചിന്തിച്ചിതപ്പോൾ.
ചിന്തിച്ചുനില്ക്കവേണ്ടാ കപികുലങ്ങൾ
ചിന്തയെല്ലാം ലങ്കയിൽ പോകുന്നിട്ടാകാം
ചിന്തകാൎയ്യപ്രതിബന്ധമേറെയല്ലോ
ലങ്കേശൻ രാവണനെ നിഗ്രഹിച്ചു
പങ്കജാക്ഷി സീതതന്നെ വീണ്ടുകൊണ്ടു
അയോദ്ധ്യയിൽ സുഖമേ വന്നിരിക്കുമ്പോൾ
ആട്ടൊള്ളാകളി ചിരികളെന്നറിവിൻ
എന്നരുൾചെയ്തു മന്നനേ രാമദേവൻ
സുഗ്രീവൻതന്നെ വിളിച്ചരുളിച്ചെയ്തു
സുഗ്രീവാ കപികുലത്തോടൊരുമിച്ചാശു
ഉഗ്രവീരൻ രാവണന്റെ പുരിയിൽ പോവാൻ
പാവനസുതൻ മുതലായിട്ടുള്ളവർകൾ
കപികുലത്തോടൊത്തു പട നിരക്കവേണം
എന്നതിനെ കേട്ടനേരം സൂൎയ്യപുത്രൻ
വന്ദിച്ചു കപികുലത്തെ വിളിച്ചുകൂട്ടി
ഒന്നിച്ചു രഘുവരനും തമ്പിയോടും

ഉന്നതനാം രാവണനെൻറ പുരിയിൽ പോവാൻ
പുഷ്ടിയോടങ്ങിഷ്ടരായ വാനരന്മാർ
ചട്ടമോടങ്ങൊത്തുകൂടി രാഘവൻ തിരുമുമ്പാകെ.
തിരുമുമ്പിൽനിന്നു തൊഴുതവരെല്ലാം
ചിറകെട്ടി കടലക്കരെച്ചെന്നാരജനീചരനെ
അറുതിവരുത്തി ജനകജാതനെ വീണ്ടുകൊണ്ടിങ്ങു
വരുവാനായ്ക്കൊണ്ടു നടകൊണ്ടാരല്ലോ
നടകൊണ്ടവരുദധിതീരേ ചെന്നു.
അബ്ധിതീരെ ചെന്നുകൊണ്ടു വരുണനെ സേവചെയ്തു
സേവിച്ചിട്ടനുകൂലം താൻ ലവവും കാണായ്കമൂലം
അതികോപിയായി രാമൻ അരമങ്ങരുളിച്ചെയ്തു
പെരുകിന വാരിധി ഞാൻ ഉരുകവേ അസ്ത്രമെയ്തു
ഝടിതിയിൽ നശിപ്പിച്ചുകളയുമെന്നുരചെ രാമൻ
കോപമോടെടുത്തു ബാണം കഠിനമായഗ്നിയസ്ത്രം
കടൽനേരെ തൊടുത്തപ്പോൾ വരുണനും ഭീതിപൂണ്ടു
രാഘവൻ തിരുമുമ്പാകെ തൊഴുതുപ്രാപിച്ചഭയം
തൊഴുതുണർത്തിനാൻ വരുണനന്നേരം
ഹരഹര എന്നെ രക്ഷിക്കേണം സ്വാമി
അറിയാതെ വന്ന പിഴയല്ലോ നാഥ
അനുകൂലമായി ജലനിധിദേവ
ഇളകയില്ലീ ദിശിയെങ്ങും ശംബരം
ഇളകയില്ലിനി ജലമൊരിക്കലും
ഇതി പലതരം പറഞ്ഞൊരു നേരം
ഭഗവാനും പ്രീതി വളരെയുണ്ടായി
അനുകൂലനായാൽ വരുണൻ പോയപ്പോൾ

അരുൾചെയ്തു രാമൻ രവിസുതനോടു
പടയാളിമാരങ്ങൊരുമിച്ചുകൂടി
കടലൂടെ ചിറ ചമയ്ക്കേണമിപ്പോൾ
കടലൂടെ ചിറകെട്ടി കടന്നുപോവാൻ
കരുണാമയരാമവചോ നിശമ്യ
സുഗ്രീവൻ സേനയോടങ്ങൊരുമിച്ചാശു
ഉഗ്രവീരൻ രാവണന്റെ പുരിക്കു നേരെ
വാരിധിയിൽ ചിറകെട്ടി കടന്നുപോയി
രജനീചരവീരനുടെ പുരിയിൽ ചെന്നു
പടവിളിചെയ്തുനിന്നു കപികുലപ്പടകളെല്ലാം
കപികുലപ്പടവിളി കേട്ടനേരം
തെരുതെരെച്ചെന്നങ്ങു കോട്ടയിൽ നോക്കി
പെരിയ വൻപട കണ്ടൊരു നേരം
തിരികെ ചെന്നുടൻ രാവണനോടു
പടവിശേഷങ്ങളറിയിച്ചശേഷം
പറഞ്ഞു രാവണൻ ക്രുദ്ധമോടപ്പോൾ
ഝടിതി പോകുവിൻ രണഭൂമിതന്നിൽ
അരികുലങ്ങളെ വധം ചെയ്വാൻ നിങ്ങൾ.
വധംചെയ്വാൻ രാവണന്റെ നിയോഗത്താലെ
അതികായൻ മകരാക്ഷൻ പ്രഹസ്തവീരൻ
മഹോദരാദിമുഖ്യരായ പടവീരന്മാർ പടകളോടും
വന്നെതിൎത്ത നേരത്തിങ്കൽ ഉടനെയഹോ കുലചെയ്തു
മുടിച്ചുപിന്നെ കമ്പനൻ താൻ നികുംഭനാദികുംഭകൎണ്ണൻ
മുമ്പരായ രാക്ഷസരെക്കൊന്നു രാമൻ
വീരനായൊരിന്ദ്രജിത്തെ വധിച്ചു തമ്പി

ശൂരവീരൻ രാവണനെ വധിച്ചു രാമൻ
പുഷ്പരാക്ഷസൻതന്നെ വധം കഴിച്ചു ശേഷം
പുഷ്പരാക്ഷസൻ ആലസ്യത്തോടുംകൂടി
തൃക്കയ്യിലിരിക്കുന്ന പള്ളിവില്ലു മെല്ലവേ താൻ
നിലത്തൂന്നി തൃക്കണ്ണോർത്തു ആലസ്യമൊഴിപ്പാൻ
നിന്നരുളീടുമ്പോൾ ദേവഗണം പുഷ്പവൃഷ്ടിചെയ്തീടുന്നു
ദേവേന്ദ്രൻ സുഖിച്ചിരുന്നു ചിരിച്ചീടുന്നു
ആയിരം കണ്ണൊന്നായി മിഴിച്ചീടുന്നു
അർക്കചന്ദ്രന്മാർ ഉദിച്ചു ശോഭിക്കുന്നു
വിപ്രജനമൊക്കെ നിന്നു സ്തുതിച്ചീടുന്നു
രക്ഷോഭാര്യമാരൊക്കെ വിലാപിക്കുന്നു.

കരയുന്നു ചിലർ തൊഴിക്കുന്നു മാറ്റി-
ലടിക്കുന്നു ചിലർ പലതരം
അതിദുഃഖം മണ്ഡോദരിക്കുണ്ടാകയാൽ
തൊഴിച്ചലച്ചു വീണുരുളുന്നു
തൊഴിച്ചലച്ചു വീണുരുണ്ടും മാറ്റിടം
പുണർന്നു ഭർത്താവെ തഴുകിയും
ചതിച്ചോ എന്നുടെ കണവാ നീയെന്നെ
ത്യജിച്ചുപോകുവാൻ വിധിവന്നോ
കളിത്തമെത്തമേൽ ശയിച്ചാലും സുഖം
നിനക്കു പോരായെൻ കണവരെ
മരിച്ചു നീ വെറുംനിലത്തല്ലേ
കിടന്നുരുളുന്നു എന്റെ കണവരെ
പനിനീരും മോദാൽ കളഭം കസ്തൂരി
അണിഞ്ഞ മാറ്റിടം പുണരുവാൻ

തിരുമാറ്റിൽ ശരം പൊഴിഞ്ഞല്ലോ
കിടന്നുറങ്ങുന്ന എന്റെ കണവരെ
പുരഹരനിരുന്നരുളുന്ന ഗിരിയെടുത്തു
തൃക്കരമിരുപതും ശരങ്ങളേറ്റുടൻ മുറിഞ്ഞി-
ട്ടോരോരോ ദിശികളിൽ ചെന്നുകിടക്കുന്നു
വിളങ്ങും പൊൻമുടികിരീടവും നിന്റെ
തലകളാം പത്തും വേർപിരിഞ്ഞിതോ.
പിരിഞ്ഞുപോയോ ഭർത്താവേ തലകളാം പത്തും
തലകളാം പത്തും പത്തുദിക്കിലായ് ചമഞ്ഞു
തൃക്കരങ്ങളാം ഇരുപതും പോയ്തെറിച്ചു ദൂരേ
നരി കാകൻ കങ്കപക്ഷികളിരയായല്ലോയൊ
ഒരുനാളുമിതിൻവണ്ണം വരുമെന്നല്ലോ
പെരിയോരാം തമ്പുരാനേ നിനച്ചില്ലാരും
ധരണിദേവി സീതയെ നീ ഹരിക്കയാലെ
മരിപ്പതിനു ഹേതുവായോ ജീവനാഥ
അറിഞ്ഞു തമ്പി പറഞ്ഞതൊന്നും കേളാഞ്ഞിട്ടും
അറിഞ്ഞ അവസ്ഥ ചൊല്ലുവോരെ ദ്വേഷിച്ചിട്ടും
അകപ്പെട്ടോരബദ്ധമല്ലോ തമ്പുരാനെ
ഒരുത്തരോടും ദോഷം ഞാൻ ചെയ്തോളല്ലേ
അരക്കർകുലം ദോഷമെന്നിക്കപ്പെട്ടല്ലോ
ജനകപുത്രി സീതതന്റെ ദുഃഖം കണ്ടു
മെല്ലെ ചെന്നു ഞാനും ധവനികടം പ്രാപിച്ചിട്ടു
വണങ്ങിനിന്നിട്ടെന്തെല്ലാം പറഞ്ഞെന്നല്ലോ
ജനകജയാം സീതതന്നെ കൊടുക്കയെന്നും
അന്യവധൂസംഗമം താനുചിതമല്ലെന്നും

ചൊന്നതിനെ മാന്യമാക്കിടാഞ്ഞുമൂലം
വന്നദോഷമൊപ്പതിന്നു കഴിവില്ലല്ലൊ
മറെറാരു ക… ല്പിനിസ്സംശയമില്ലേ
ഭർത്താവും പിന്നെയു എന്റെ പുത്രരും വെടിഞ്ഞു
ഉററൊരായതൊന്നുമേയുമിനിയില്ല രാമദേവൻ
ഭർത്താവോടും പുത്രരോടും സ്വർഗ്ഗലോകം വാഴുവാൻ
ഭൃത്യനാ… ലക്ഷ്മികാന്ത…
നിനതിമേവുള്ളയോരെലന്റെ ഭർത്താവോടുകൂടി
ചിന്തചെയ്തുകൊണ്ടിരിപ്പാൻ നിൻകനിവു വേണം
രാവണന്റെ ഭാര്യതന്റെ ദുഃഖമെല്ലാം കേട്ടു
സാദരം വിഭീഷണനോടരുളിച്ചെയ്തു.
അനന്തരം ചെയ്തു വിഭീഷണനെ വിളിച്ചു രാമൻ
വിഭീഷണാ നീ ചെന്നവർകളുഴൽ പോക്കേണം
ഒന്നുകൊണ്ടും ഭയപ്പെടേണ്ടാ എന്നു ചൊൽക
ഒന്നിനും ഞാൻ ഖേദിപ്പിക്കയില്ല സത്യം
ഇനിയുള്ള നിങ്ങളെ ഞാൻ രക്ഷിച്ചീടാം
അങ്ങു നീ പോയ് രാവണന്റെ ഭാര്യയോടു
ഭംഗമില്ല എന്നു ചൊല്ലി ദുഃഖം പോക്കി
മംഗലമായുള്ള ശീലം വന്നിതക്കൊണ്ടു
വന്നുകൊൾക എന്നരുളു കേട്ടനേരം
ചെന്നു നിന്നാനഗ്രജന്റെ ഭാര്യയോടു
ഒന്നൊഴിയാതുള്ളവണ്ണം ചൊല്ലുവാനായി
അരികെ ചെന്നു നിന്നുടനെ വിഭീഷണൻ താൻ
കരളലിഞ്ഞു വണങ്ങിനിന്നു ചൊന്നാനേവം
ഖേദമൊവമശേഷം നീ കളക വേണം

കരയവേണ്ട മകയാളെ ലങ്കനാഥേ
കരികിലിന്നു വരികയില്ല മരിച്ചോരാരും
ജനനിതന്റെ ജഠരജാതന്മാരായുള്ള
ജനങ്ങളാരും മരിക്കാതെയിരിക്കുമോ ചൊൽ
കരകിലൊരു ഫലവുമില്ല നിർമ്മലാംഗി.

കരയവേണ്ട നീ മതിമുഖിയാളേ

കരുതാതെ വന്നൊരപജയമല്ലേ
രഘുവരൻതന്റെ തിരുവൃത്താന്തങ്ങളും
അറിഞ്ഞതൊക്കെ ഞാൻ പറഞ്ഞല്ലൊ നാഥേ
കളവെന്നുള്ളതും ചതി പുലയാട്ടും
കളിസംഗം പോതം വളരെ വേണ്ടെന്നും
കട്ടുപ്പംചെയ്യുന്നതെട്ടുമതൊ നിനച്ചാൽ
കടൽ കടന്നു പോയ്യൂറുകരെ ചെന്നു
അറിയാതെ കണ്ടു രഘുവരൻതന്റെ
കളത്രമാരായോളെ കളവാലെ ജ്യേഷ്ഠൻ
മറിമായത്താലെ രഥമതിലേററി
വിരവിൽ കൊണ്ടുവന്നിവിടെവെച്ചിട്ടു
പടയുള്ള കോപ്പുകളൊപ്പിച്ചുംകൊണ്ടു
മിടുക്കും വിസ്തൃതാം കഥയെന്നും ചൊല്ലി
ഇരിക്കവാൻ വിധിയായതാർക്കുമുണ്ടോ
കരുത്തർക്കും വിധിയുണ്ടോ നിനച്ചുകണ്ടാൽ
ഓർത്തുകണ്ടാൽ ഇതിൽപരം കഷ്ടമുണ്ടോ
കട[illegible] മുൻപേ ചൊല്ലു കര[illegible]
[illegible] ഇന്ദ്രാദികൾ[illegible]
ഇന്ദ്രംഭ കൊടുക്കണം വധുവാതാര

അറിയിച്ചൊരവസ്ഥയെല്ലാം താപമോടെ
എന്നതിനാൽ ബ്രഹ്മാവും ദേവവൃന്ദം
അംബുധിതൻ തീരെ ചെന്നു സ്തുതിക്കയാലെ
അംബുജാക്ഷൻ മൎത്ത്യനായ്പിറന്നു ഭുവിൽ
ബാല്യകാലേ മുനിപിമ്പെ പോയനേരം
അലറിവന്ന താടകയെ വധിച്ചു രാമൻ
മുടക്കിയൊരു യാഗകൎമ്മം നിവൃത്തിയാക്കി
മുടക്കിയോരെ ഒടുക്കി യാഗം കഴിച്ചശേഷം
ശാപമേറു കല്ലായോരഹല്യ തന്റെ
ശാപവും തീൎത്തുടൻ പോയി മിഥില പുക്ക.

മിഥില പുക്കഥൊ ധനുസ്സുടൻ മുറിച്ചഴകിൽ
വേട്ടിതു ജാനകിജെ ഉടനെ പോരുമ്പോൾ
പരശുരാമൻ വന്നെതിൎത്തവനേയും ജയിച്ചപിൻ
അയോദ്ധ്യയിൽ ചെന്നു സുഖത്തോടെ
വാണങ്ങിരിയ്ക്കും കാലത്തു ദശരഥൻ
മകനഭിഷേകം കഴിപ്പാനാരംഭി-
ച്ചവനിപാലനായിരുന്നവൻ
മകന്നഭിഷേകം കഴിക്കരുതെന്നു
ജനനി കൈകേയി മുടക്കിനാൾ
അതു തരമെന്നുറച്ചു രാഘവൻ
വനവാസത്തിന്നായി പോയിതു
അടവിയിൽ അവനിപാലൻ ഇരിക്കും കാലം
ഭഗിനിയാകും ശൂൎപ്പണഖാ ചെന്നാളപ്പോൾ
കാന്തനാവാൻ രാമനെ വരിച്ചനേരം
എന്നുടയ സഹോദരനാം ലക്ഷ്മണൻതാൻ

നിന്നെയിപ്പോൾ വേൾക്കുമവനാരു ചൊൽക
എന്നുടനെ രാമദേവൻ അരുളിവിട്ടു
എന്നവാക്കു കേട്ടുടനെ ശൂർപ്പണഖാ
ചെന്നുതമ്പി തന്നോടങ്ങുണർത്തിയപ്പോൾ
ചെമ്മേയവൾ മുലയും മൂക്കരിഞ്ഞു തമ്പി
എന്നതിനാൽ കോപിച്ച ശൂർപ്പണഖാ
അതികോപാൽ ഖരദൂഷണത്രിശിരാവോടായ്
ചതിയാലെ ചെന്നുണർത്തി വൃത്താന്തങ്ങൾ
കേട്ടുനേരം അവരെല്ലാരും പടകളോടും
വന്നെതിർത്ത നേരമവരെ മുടിച്ചു രാമൻ
പിന്നെ വന്നഗ്രജന്റെ കാല്ക്കൽ വീണവൾ
നിന്നുണർത്തി വൃത്താന്തങ്ങൾ ബോദ്ധ്യമായിട്ടു
അതിനാലെ കോപിച്ചാൻ അഗ്രജൻതാൻ
മായത്താൽ മാരീചൻതന്നെ വിട്ടു
മറിമാനായ്ക്കളിച്ചവനും സീതമുമ്പിൽ

സീതമുമ്പിൽ ചെന്നുടൻ കളിച്ചു മറിമാനും
മാൻ പിടിപ്പാൻ രാമദേവൻ പോയ സമയത്തു
മായത്താലെ തേർ കരേറി സീതാദേവിതന്നെ
കൊണ്ടു വന്നു ലങ്കതന്നിൽ വച്ചിരുന്നശേഷം
രാമദേവൻ തമ്പിയോടും സീതയെത്തിരഞ്ഞു
കാനനേ നടന്നു ചെന്നു സുഗ്രീവനെക്കണ്ടു
സഖ്യമുടൻചെയ്തു രാമൻ ബാലിയെ വധിച്ചു
ദൂതനായി മാരുതി കടൽ കടന്നു വന്നു
സീതാദേവിതന്നെക്കണ്ടു ഗോപുരങ്ങൾ ചുട്ടു
വമ്പടകൾ നാലിലൊന്നിനന്തരം വരുത്തി

പുത്രരിലിളയവനെ തച്ചുകൊന്നു പോയി
വൻപുടയ രാമനോട് ചെന്നണഞ്ഞിയപ്പോൾ
ചെന്നണഞ്ഞി വായുപുത്രൻ വൃത്താന്തങ്ങൾ കേട്ടനേരം
രാഘവനാം തമ്പിയോടും സുഗ്രീവൻ മുതലായ
പടകളോടും വാരിധിയിൽ ചിറകെട്ടി കടന്നുവന്നു
നമ്മുടയ വംശമൊക്കെ കടുക്കി രാമൻ
നിന്നുടയ കണവനോട് പറഞ്ഞേൻ ഞാനും
ഒന്നിനൊന്നായി രാമദേവൻ വൃത്താന്തങ്ങൾ
പറഞ്ഞപ്പോൾ നിറഞ്ഞു കോപം ചുവന്നു കണ്ണും
കോപത്താൽ ചന്ദ്രഹാസം ഇളക്കിക്കൊണ്ടു
വേഗത്തിൽ നിഗ്രഹിപ്പാനടുത്തനേരം
പേടിയോടങ്ങു ഓടി ഓടി പോന്നു ഞാനും
പേടിച്ചോടി ഞാൻ പേടമാൻകണ്ണി
പേടികൊണ്ടൊരൊ പേടിക്കവേണ്ട
പേടിയാഞ്ഞാൽ വന്നിതിൻവണ്ണം
പാടെയൊക്കെ മുടിഞ്ഞതും കണ്ടോ
കൂടെയുള്ള സഖികളും ഞാനും
പേടിപ്പാൻ പല വാക്ക പറഞ്ഞു
പേടിയില്ലാഞ്ഞുകാരണമല്ലേ
ഓടിയെത്തുമോ പേടിയുണ്ടെങ്കിൽ
ഊടറിയാതെ ചെയ്യുന്നതെല്ലാം
ആടലായി ചമഞ്ഞതു കേൾ നീ
നേടുവാനിനി ആ[illegible]
വടിവോടവിടെ [illegible]ക്ക
ഭക്ഷിക്കവേണം പേടമാൻമിഴിയാളെ നീ

വിധിയാലെ വന്നതാർക്കും ഒഴിച്ചുകൂടാ
പിറന്നാലൊ മരിക്കാത്തൊരാരുമില്ല
കരഞ്ഞാലും ഫലമില്ലെന്നോർക്കുക നീ
മരിച്ചുപോയാൽ ക്ഷമിക്കയല്ലാതെന്തു ചെയ്വൂ
കന്യകയെ ദുഃഖമെല്ലാമകറ്റുക നീ
ദുഃഖമൊട്ടടക്കിയെഴുന്നേററിരിക്ക ബാലെ
സൌഖ്യമാശ്ശുമതിനാലൊട്ടുമില്ല ഖേദം
ലങ്കാനായകപ്രിയേ നീ സങ്കടം കളക
മങ്കമാർമണിയെ ഞാൻ പറഞ്ഞ വാക്ക കേൾക്ക
സങ്കടമകറ്റിയെഴുന്നേററിരിക്ക ബാലെ
വന്നതൊക്കെ വന്നുപോയി ഇനി നാമിതിന്റെ
വന്നപിതൃക്രിയകൾ നന്മയോടെ ചെയ്ക
ഇങ്ങിനെ വിഭീഷണൻ പറഞ്ഞ വാക്ക കേട്ടു
തിങ്ങി വിങ്ങി മെല്ലെയെഴുന്നേററന്നാളപ്പോൾ
നന്മയോടെ സൽക്രിയകൾ ചെയ്തിനായൊരുങ്ങി
നന്മയോടെ പിതൃകർമ്മം ചെയ്കയെന്നു
അംബുജാക്ഷൻ അരുളിച്ചെയ്കയാലിതെന്നും
കേട്ടെഴുന്നേററിയുടനെ മണ്ഡോദരിയും
അട്ടത്തൊരങ്ങിയവരും പോയി കുളിച്ചു വന്നു
ഉടനെ പോയി രാമദേവൻ തൃപ്പാദത്തെ
വിനീതരായി കൈവണങ്ങി തൊഴുതുനിന്നു
നിന്നതങ്ങു കണ്ടനേരം രാമചന്ദ്രൻ വൈകാതെ
വിഭീഷണനെ ലങ്കതന്നിൽ രാജാവായിട്ടഭിഷേകം
(ചെയ്തു മോദാൽ
അഭിഷേകം ചെയ്തശേഷം അരുളിച്ചെയ്തു രാമദേവൻ

അരുൾചെയ്താനിതു രാമദേവൻ രജനിചരൻതന്നോടു
അഴകോടു നീ ലങ്കതന്നിൽ വാഴ്ക വിഭീഷണാ
അടങ്ങി വാഴ്ക ലങ്കതന്നിൽ അനർത്ഥമൊന്നും കൂടാതെ
പിടിച്ചു നിന്റെ അഗ്രജൻതാൻ പറിച്ചെടുത്ത ദ്രവ്യങ്ങൾ
മടിക്കാതെ നീ അവരവർക്കു കൊടുത്തു ബോധംവരുത്തുക
അശുദ്ധമായതിനി നീയൊന്നും ചെയ്യാതെകണ്ടിരിക്കേണം
ഉചിതമായ കർമ്മവും കഴിച്ചു നിന്റെ പുരിയതിൽ.

ഉചിതമായിട്ടുള്ള കർമ്മം കഴിച്ചുകൊണ്ടു്
എല്ലാരെയും പ്രേമത്തോടെ രക്ഷിക്കേണം
വല്ലായ്മതന്നിലൊന്നും തുടങ്ങിടാതെ
തള്ളലാകുമഹംകാരമൊരിക്കൽപോലും
എള്ളോളമൊരുത്തനോടും ചെയ്തീടല്ലേ
നിനച്ചീടാതെ വന്നൊരനർത്ഥമല്ലോ
കുളിച്ചു മേലാൽ നിത്യകർമ്മം കഴിച്ചുകൊണ്ടു
കുളിച്ചു ചിരിച്ചാനന്ദിച്ചിരിക്ക നന്നായ്
വല്ലതും ഉപദ്രവങ്ങൾ തുടങ്ങിയെന്നാൽ
വില്ലാണ്ടു് എന്നുടയ തമ്പിയാണെ
വില്ലിനാൽ ഞാൻ കൊന്നീടുവനെല്ലാരേയും.

കൊല്ലുവൻ ഞാനമ്പിനാലെ വില്ലാണെ നീ കേൾക്ക
ഇല്ല സംശയമതിനൊന്നുള്ളിലോർക്കവേണം
ഇത്തരമരുൾചെയ്തു താപമോടെ കേട്ടു
ഉടനാം വിഭീഷണൻ തൊഴുതുണർത്തി മേലാൽ
ഉത്തമരാമപ്രിയ ഭഗവൽപുത്രാ മമ
ചിത്തതാരിലാത്മബോധമെപ്പോഴും വരുത്തുക
അച്ചുത അനന്തതല്ലേ ചിത്തസൗഖ്യം വരണേയും

വിശ്വപാലക സകലശത്രുനാശക ഹരേ
എത്രയും പെരുത്ത ദുഷ്ടനിഗ്രഹം കഴിക്കുവാൻ
ശക്തിയോടുലകിൽ ജാതനായ രാഘവ ജയ
എത്രയും പെരുത്ത ശാപമഗ്രജൻ വരുത്തിനാൻ
നിഗ്രഹിച്ചതെത്രയെന്നൊരറിവുമില്ല രാഘവാ
അണ്ണനന്നു ചെയ്യുവന്ന ദുഷ്ടതങ്ങളൊക്കെയും
എണ്ണിയാലിതൊന്നുരണ്ടല്ലെണ്ണമില്ല രാഘവാ
എണ്ണമില്ലാ അണ്ണൻ ചെയ്തതി പാപങ്ങൾ
എണ്ണുകിലോ വിണ്ണവർക്കും പെരിയ ദണ്ഡം
ഇന്നതൊക്കെ തീർപ്പതിനായടിയനോ-
ടെന്നുടയ തമ്പുരാനെയരുളിച്ചെയ്യുവാൻ
എങ്ങിനെയിന്നടിയനിതു തീർത്തീടേണ്ടു
ദണ്ഡമൊന്നു വരുത്തല്ലേ രാമസ്വാമി
അങ്ങനെയിരിക്കട്ടെ ഭഗവാൻതന്റെ
പത്നിയാകും സീതാദേവി ഈ സ്ഥലത്തിൽ
ശോകവിഹ്വലചിത്തസമേതയായി
ഭർത്താവെച്ചിന്തിച്ചുകൊണ്ടിരുന്നീടുന്നു
ഭർത്താവെ ചിന്തിച്ചിരിക്കുന്നു ദേവി
ഉറക്കവുമൂണുമൊഴിച്ചു വാഴുന്നു
കമനീയമായ തൻ ഗാത്രവും വാടി
കണവനെ വേർപിരിഞ്ഞാധിയോടയ്യോ
മഹൽകീർത്ത്യാ ലങ്കാപുരിയിൽ വാഴുന്ന
ജനകപുത്രിയെക്കൊണ്ടിങ്ങു വരുവാൻ
അരുൾചെയ്തീടേണം കപികുലത്തോടും
വിരവിൽ തമ്പിയോടൊരുമിച്ചു ചെന്നു

വിനീതഭക്തന്റെ വചനത്തെക്കേട്ടു
തെളിവോടുംകൂടി രഘുകുലനാഥൻ
അനുജനെ വിളിച്ചരുൾചെയ്താനപ്പോൾ
അരുൾചെയ്തു രാമദേവൻ തമ്പിയോടു
രവിസുതനാം സുഗ്രീവൻ മുതലായുള്ള
കപികുലവീരരായ പടകളോടും
ദീനഭാവം ഭവിച്ചിരിക്കും സീതതന്നെ
അതിവേഗമിവിടേയ്ക്കു വരുത്തീടേണം
വരുത്തീടുകയെന്നരുൾകേട്ടു രവി-
സുതനും ലക്ഷ്മണൻതാനുമായ്
കപികുലമെഴുപതു വെള്ളം
പട ഇരുപുറമകമ്പടിയോ മട-
തരുണിമണി ജാനകി ദേവിയിരു-
ന്നരുളും ശാലയിൽ പുകിന്നുടൻ
പരിചോടു ജനകജയെക്കണ്ടടി-
മലരിണ തൊഴുതിതു തമ്പി
പരിതാപത്തോടു മരുവും ദേവിയോ-
ടുരചെയ്താനുടൻ ലക്ഷ്മണൻ
കരുണാകരനാം രഘുപതിയുടെ
അരുളാലടിയൻ വിടകൊണ്ടേൻ
ജനകപുത്രി നീ രഘുവരാന്തികം
പ്രാപിക്കേണമെന്നറിയിച്ച്
ഇരുപുറമകമ്പടിയോടും നിന്നെ
വിരവിൽക്കൊണ്ടുചെല്ലുവാൻ
രഘുവരനെന്നെ അയച്ചിതെന്നുടൻ

അറിഞ്ഞു പുറപ്പെട്ടീടുക നീ
അതുകേട്ടു സീതാ പുറപ്പെട്ടു ധവ-
നികടം പ്രാപിച്ചു തൊഴുതിതു
    ഉൾപ്പൂദം കൂപ്പി നിന്നാൾ സീതാദേവി
തിരുവുടൽ കണ്ടതിമോദാൽ പുൽകുവാനായ്
തിരമോടുടൻ സീത ചെന്നടുത്തനേരം
തിണ്ണമിദം അരുൾചെയ്തു രാമദേവൻ
അരുതരുതെന്നുടൽ തൊടാതെ ദൂരെ നില്ക്ക
ദുരിതകരൻ രാവണനോടൊത്തുകൂടി
വനമതിൽ നിന്നെന്നെ വിട്ടു പിരിഞ്ഞോളല്ലേ
പിരിഞ്ഞവണ്ണമിതെന്നുകൊൾകെന്നരുളിച്ചെയ്തു
അതു കേട്ടു ജാനകിയും ദുഃഖത്തോടെ
നേത്രജലം വാർത്തു നിന്നാൾ മൈഥിലി സാ
    തിരുമുമ്പിൽ നിന്നിട്ടരുൾ ചെയ്തു ദേവി
വരിക നീ മമ അരികെ ലക്ഷ്മണാ
പിരിഞ്ഞു ഞാൻ പോന്നൊരപരാധത്തിന്റെ
തെളിവു വരുവതിന്നൊന്നു ചെയ്ക നീ
പെരിയൊരഗ്നിയിൽ മുഴുകീടുകിൽ ഞാൻ
പരിബോധമാകും വരുമല്ലോ ദൃഢം.
പരിബോധം ജനങ്ങൾക്കും ഭർത്താവിന്നും
വരുത്തുവാനായൊന്നു വേണം സഹോദരാ നീ
വിരവോടു നീ അഗ്നികുണ്ഡം കൂട്ടീടേണം
അഗ്നിതന്നിൽ മുഴുകിയെന്റെ സത്യം കാട്ടി
വിശ്വാസം ജനങ്ങൾക്കും ഭർത്താവിന്നും
വരുത്തി വേഗം അയോദ്ധ്യയ്ക്കു പോകവേണം

എന്നാ വാക്ക കേട്ടുടനെ സോദരൻതാൻ
അഗ്നികണ്ഡം ഒരുസമയേറൊ കൂട്ടീടുന്നു
അഗ്നിയങ്ങു പൊങ്ങിവന്ന നേരത്തിങ്കൽ
പൊങ്ങിയങ്ങു നിന്നെരിയുന്നഗ്നിയിൽ
ചൊരിയുന്നെണ്ണയും നറുനെയ്യും
എരിഞ്ഞഗ്നിയങ്ങു ജ്വലിച്ചപ്പോൾ സീതാ
കണവനോടു ചൊന്നണെത്തിച്ചു അറിയണൊ
എന്റെ കണവരെ എന്റെ പരമാർത്ഥമെല്ലാ-
മറിയണൊ അവിശ്വാസംതിരുമനസ്സിൽതോന്നിയ-
തഖിലം പോക്കുവാൻ തുടങ്ങുന്നു
അറിക ഭർത്താവേ അറിയാതെ വന്നൊ-
രപരാധമൊക്കെ ഞാൻ പറയുന്നേൻ
അറിയാതെ ദുഷ്ടൻ മറിമായത്തേരിൽ
വളരാലകൊണ്ടു ഗമിക്കുമ്പോൾ
അറിഞ്ഞ പക്ഷിയാം ജടായുവീരൻ വ-
ന്നെതിർത്തുടൻ യുദ്ധം തുടന്ന നാൾ
അടുത്ത യുദ്ധത്തിലസുരന്റെ പുറവടി
എന്നെലങ്ങു തൊട്ടിതോ മാ-
താരിലിനിസ്സന്ദേഹമൊരു ശങ്കാ
ഒഴികയില്ലെന്നുമറിയേണം
ഇതി ചൊല്ലി സീത എരിയുമഗ്നിയെ
പ്രദക്ഷിണം വെച്ചു തൊഴുതിട്ടു
കിഞ്ചിൽ ഭയം വിനാ വഹ്നിയിൽ ചാടിനാൾ
പരമകന്യാവരാ ജനകജാ
ദശ്യുവനാൻ ആദിയായ ദേവകളും

നിശ്ചലമതികളാകും മർത്ത്യന്മാരും
രാമൻതാൻ നിന്നരുളും പ്രദേശത്തിങ്കൽ
പ്രേമമോടവർ സ്തുതിച്ചു നില്ക്കുന്നേരം
ആശ്രയാശൻ മൈഥിലിയെ കാഴ്ചയായി
ആശയോടെ കൊണ്ടുവന്നു വണങ്ങിനിന്നാൻ
ആശ്ചര്യമാധുരികന്മാർക്കുണ്ടായ്വന്നു
വഹ്നിയെ പ്രതിപൂജിച്ചു രാമദേവൻ
സീതയെ പരിഗ്രഹിച്ചു മോദത്തോടെ
തല്പരം തമ്പിയോടൊന്നരുളി സീതാ
അരുൾചെയ്തു സീതാ അനുജനോടപ്പോൾ
അരികെ വന്നാലുമിഹ നീ വൈകാതെ
അതു കേട്ടു തമ്പി തിരുമുമ്പിൽ ചെന്നു തൊഴുതു നിന്ന
(പ്പോൾ
അകലെ നിൽക്കെന്നുരച്ചു വൈദേഹി
രാമദേവമനോധൈര്യം വരുത്തുവാൻ
അനലനിലങ്ങു മുഴുകിവന്നോൻ ഞാൻ
അനലനിന്ധനമായിതോ ഞാനെന്നു
അറിവാൻവന്നോനെൻറ തിരുമേനി നോക്കെ
തിരുമേനി അടുത്തു ചെന്നു നോക്കി
തമ്പി കാർ കുന്തലഴിഞ്ഞുലഞ്ഞു മുഷിഞ്ഞിട്ടില്ല
കമനീയ നിറമതിന്നു ഭംഗമില്ലാ കാതിലകൾക്കു
പ്രഭയുമുണ്ടായില്ല ദേഹമേററം ഭംഗിയോടെ ശോ
(ഭിക്കുന്നു
കനകമററംഗമെല്ലാം പൊന്മയമായ്
പൊന്മയതിരുമേനിയിൻ ഭംഗികണ്ടു മോദാൽ

കന്മഷമില്ലെന്നുറച്ചു രാമലക്ഷ്മണന്മാർ
തിരുമനം തെളിഞ്ഞു രാമൻ ഒന്നരുളിചെയ്തു
അരികെ നിൽക്കും ഭക്തനാം വിഭീഷണനോടപ്പോൾ
ഇനിവൈകാതെ പോകണമയോദ്ധ്യ പുരിക്കിപ്പോൾ
ശ്രുതൈപതൃജനാധിപനാകിയ വിഭീഷണൻ
തിരുമുമ്പാകെ പുഷ്പകവിമാനവും വരുത്തിനാൻ
പരിചോടവർ പുഷ്പകം കരയേറി യെഴുന്നെള്ളി
എഴുന്നെള്ളി പുഷ്പകമാം വിമാനംതന്നിൽ
എഴുന്നള്ളത്തയോദ്ധ്യാ പുരിക്കടുത്ത നേരം
എഴുന്നള്ളുന്ന അവസ്ഥ കേട്ട ഭരതനപ്പോൾ
എതിരേല്പാൻ അധികാരിപ്പടകൾ വിട്ടു
അയോദ്ധ്യാപുരിക്കെഴുന്നള്ളി
ഇക്കണ്ടോത്തു ലക്ഷ്മണനും നമസ്കരിച്ചാൻ ഭരതൻ കാ
(ക്കൽ
ശത്രുഘ്നൻ നമസ്കരിച്ചാൻ രാമപാദേ
രാമപാദേ സഹോദരരെല്ലാം
മോദേന ചെന്നു തൊഴുതു കൈകൂപ്പി
തൊഴുതു സീതയെ അനുജന്മാർ
ചെന്നു തൊഴുതു തമ്പിയും ജനനിമാർ കാല്ക്കൽ
ഗുരുവാദ്യേവും വസിഷ്ഠാദികളേയും
കരുണയാലെ പൊന്നൊഴുതവരെല്ലാം
അയോദ്ധ്യാപുരിക്കരചനായിട്ടു
അഭിഷേകം രാമനെ വിധിപോലെ ചെയ്തു
തരുണീസീതയോടൊരുമിച്ചു മോദാൽ
പരമധാനിയിൽ സുഖമായിരുന്നു

സുഖമായി ഇരുന്നരുളും നേരത്തിങ്കൽ
സുഖികളായ കപികുലത്തോടരുളിച്ചെയ്തു
വാനരരേ നിങ്ങളെന്നും സുഖിച്ചിരിപ്പിൻ
ഹനുമാനെ മരിക്കാതെയിരിക്ക നീയും
സുഗ്രീവ മോദമോടെ നീയും പോയി
കിഷ്കിന്ധപ്പതിയായ്വാണുകൊൾക
വിഭീഷണനെ വിളിച്ചുടനെയരുളിച്ചെയ്തു
സുഖമായി ലങ്കതന്നിൽ വസിക്ക നീയും
ഇത്യാദിവരങ്ങളെല്ലാം കൊടുത്തുകൊണ്ടു
സത്വരം അവരെയെല്ലാം അയച്ചു രാമൻ
പ്രജകൾക്കു മോദകരമാകുംവണ്ണം
രാജാവായി ഭരിച്ചു ലോകമെല്ലാം
സർവ്വലോകസുപാലകനായി
ജീവനാഥനായ്വാണരുളുന്നു
ലോകർക്കൊക്കെയും ഭക്തി വർദ്ധിച്ചു
ലോകഭീതിയശേഷവും തീർന്നു
ഭൂമിദേവിക്കു ഭാരം കുറഞ്ഞു
ഭൂതങ്ങൾക്കും വളർന്നു പ്രസാദം
ദേവകൾക്കുള്ളൊരാപത്തും തീർന്നു
ദേവേന്ദ്രനുള്ളിൽ ഭീതിയും നീങ്ങി
അർക്കചന്ദ്രൻ തെളിഞ്ഞു വിളങ്ങി
ആമയം തീരുമെന്നോർത്തു ജനങ്ങൾ
രാമരാമേതി നാമം ജപിച്ചു
ദാരിദ്ര്യത്തിനു ദരിദ്രതയായി
പാരിൽ സന്തോഷമെന്നും നിറഞ്ഞു

രാമരാജ്യഭരണസമയേ
രാജ്യത്തല്ലലില്ലാതായ്ചമഞ്ഞു
ഭൂമിപാലകാ ലോകൈകനാഥാ
രാമരാമ മുകുന്ദാ തൊഴുന്നേൻ

ഐശ്വർനാടകം സമാപ്തം

നളൻകഥ

കിളിപ്പാട്ട്.

നല്ല ഗീതവും പാടി മെല്ലവെ വരും തത്തേ!
ചൊല്ലു നീ വിശേഷങ്ങളല്ലൽപോയകലുവാൻ
വെല്ലവും പാലും നല്ല പഞ്ചസാരയും തേനും
നല്ല പൊൻതളികയിൽ മേളിച്ചു തരുവൻ ഞാൻ
എന്നതുകേട്ടു കിളിപ്പൈതലുമുരചെയ്താൾ
നന്നല്ലോ നളൻകഥാ ചൊൽവതും കേൾക്കുന്നതും
നല്ലനാം നളൻ തന്റെ നല്ല സൽക്കഥ കേട്ടാൽ
ലല്ലലാകവെ നീങ്ങി കല്യാണം വന്നുകൂടും
ഘോരമാം കലിദോഷമാകവെ നീങ്ങീടുവാൻ
വീരനാം നളൻ കഥാസാരമെന്നറിഞ്ഞാലും
ആയതുകൊണ്ടു നിഷധേശ്വരൻ തന്റെ കഥാ
മായമെന്നിയേ കുറഞ്ഞൊന്നു ഞാൻ പറഞ്ഞീടാം
അമ്പിനോടെന്നാൽ ശുകതരുണേ പറകെടോ!
വമ്പനായുള്ള നളനൃപന്റെ കഥാമൃതം
എന്നതു കേട്ടു കിളിപ്പൈതലുമതുനേരം
മന്ദഹാസവും പൂണ്ടു പറഞ്ഞു തുടങ്ങിനാൾ
പന്നഗാരികളെന്നും പന്നഗശയനനു-
മൊന്നായിട്ടുഴകൊടെ കമലാസനൻതാനും
പന്നഗാഭരണൻതൻ സുതനും വാണിമാതും
നന്നായിട്ടെന്റെ നാവിൽ തുണച്ചു വസിക്കേണം

ഋഗ്യജുസ്സാമാഥർവ്വമെന്നുള്ള വേദം നാലും
യോഗസാംഖ്യാദിയായിട്ടുള്ള ശാസ്ത്രങ്ങളാറും
അഭ്യസിച്ചഴകോടേ പാഠമാം ഭൂദേവരും
ശാബ്ദികന്മാരായുള്ള ജനവും ഉണ്ടല്ലണം
അഗതിയായുള്ള ഞാൻ ചമച്ചും പാട്ടിതിന്നു
പിഴവന്നിട്ടുണ്ടാകിൽ പൊറുക്കയറിവുള്ളോർ.

എങ്കിലോ കേൾപ്പിൻ നളനാകിയ നരവരൻ
സങ്കടംതീൎത്തു രാജ്യം രക്ഷിച്ചപ്രകാരങ്ങൾ
തിങ്കൾവംശജൻ വീരസേനജൻ നളൻ രാജ്യം
സങ്കടഹീനം രക്ഷിച്ചീടുന്ന കാലത്തിങ്കൽ
സങ്കടമൊരേടത്തുമില്ലല്ലോ ചോരന്മാരാൽ
വൻകരിസിംഹവ്യാഘ്രമിവരാലില്ല ദീനം
കള്ളക്കോൽ കള്ളനാഴിയില്ല ചന്തകളില്ല-
മുള്ളിലാധികൾ വ്യാധിയാൎക്കുമേയില്ല ചൊൽവാൻ
വെള്ളിപൊൻകനകാദിയില്ലാതില്ലൊരേടത്തു-
മുള്ളിൽ വൈരാഗ്യമില്ല തങ്ങളിലൊരുത്തൎക്കും
നാരിമാർ പരപുരുഷന്മാരോടില്ല കളി
പുരുഷന്മാരും പരസ്ത്രീകളിൽ പോകയില്ല
നേരത്തു പെറുമല്ലോ ഗോക്കളും നാരിമാരും
പാരാതെ തളിൎത്തു പൂത്തിടുമേ വൃക്ഷങ്ങളും
ബാലന്മാർ മരിക്കുമാറില്ലവിടൊരേടത്തും
കാലത്തു വിളഞ്ഞീടും കൃഷിയുമവൻ രാജ്യേ
മത്സരം രാജാക്കന്മാർ തങ്ങളിലല്ലാതില്ല
ജരാനാദികൾ രാജ്യവാസികൾക്കാൎക്കുമില്ല
പീഡയുമവൻ രാജ്യേയില്ലല്ലോ നിരൂപിച്ചാൽ

പീഡയുണ്ടെന്നാൽ വിദ്യാഭ്യാസം കൊണ്ടെല്ലാവക്കും
മുട്ടമാറില്ല മനമൊന്നിനാലൊക്കമെന്നാൽ
മുട്ടമേ ശാഠ്യം പഠിച്ചീടുമ്പോഴം പരസ്പരം
കത്തുമാറുണ്ടു തടുത്തീടുമാറതുമുണ്ടു
പന്താടുവാനും വെള്ളം തടുപ്പാനായും ചിലർ
ഉലച്ചിൽ രാജ്യത്തിങ്കലില്ലെന്നാകിലും ചൊല്ലാം
ഉലഞ്ഞീടുമാറുണ്ടു കാററിനാൽ മരങ്ങളും
വിരണ്ടിട്ടോടുകെന്നതില്ലല്ലോ നിരൂപിച്ചാൽ
വിളങ്ങിയാം നാരിമാർ തലമുടി കണ്ടാൽ
പീഡകൊണ്ടവൻ രാജ്യേ കരച്ചിലില്ല ചൊൽവാൻ
വേഴാമ്പൽ കരയുമേ വരിഷം കരയുമ്പോഴം
രാജ്യവും പരിപാലിച്ചീവണ്ണം തന്നെ നളൻ
പൂജ്യനാമവൻ രാജ്യേ സ്വൈരമായ്വാഴും കാലം
രൂപയൌവനവിദ്യാസൽഗുണശീലംകൊണ്ടും
സാരമാമൈശ്വര്യാദി സൽഗുണങ്ങളെക്കൊണ്ടും
യോഗ്യത നളനോളം മററാക്കുമില്ല ചൊൽവാൻ
യോഗ്യന്മാരായ ജനമാനനം പൂണ്ടു പാരം
മാരസന്നിഭനായ വീരസേനജൻതന്റെ
രൂപലാവണ്യവിദ്യയാദിസൽഗുണം കേട്ടു
മന്നിടം തന്നിലുള്ള കന്യാരത്നങ്ങളെല്ലാം
കന്ദസായകാർത്തി പൂണ്ടേററവും പ്രേമത്തോടെ
സാരസേക്ഷണൻ നളൻ വരനായ്വരുവാനാ-
ശ്ശാരമാഗ്രഹം പൂണ്ടു മരുവീടുന്ന കാലം—
കുണ്ഡിനപുരിയിങ്കലുണ്ടൊരു നരവരൻ
പണ്ഡിതനവൻ നാമം ഭീമരാജാവെന്നല്ലോ

പുണ്ഡരീകാക്ഷിയൊരു നാരീയവനുണ്ടു
കണ്ടാലോ മനോഹരിയെന്നതേ പറയാവൂ
കാമിനീമണിമാരിൽ രത്നമാമവളുടെ
നാമമോ ദമയന്തിയെന്നല്ലോ ചൊല്ലീടുന്നു
കോമളാംഗിയാമവൾ തന്റെ വൃത്താന്തം കേട്ടു
കോമളാംഗനാം നളൻ മാരമാൽ പിടിപെട്ടു
സുന്ദരനായ നളൻ തന്റെ വൃത്താന്തം കേട്ടു
സുന്ദരിയായ ദമയന്തിയുമതുപോലെ
കന്ദർപ്പശരപരവശരായിതവരും
മന്ദസന്തോഷത്തോടെ മന്ദിരേ വാഴുംകാലം
വമ്പനാം നളനൊരു ദിവസം തേരിലേറി
ഇമ്പമോടവൻ തന്റെ പൂങ്കാവിൽ കളിക്കുമ്പോൾ
വമ്പെഴുമൊരു നല്ല താമരത്തടാകത്തി-
ലിമ്പമായുണ്ടു നല്ലരന്നങ്ങൾ കളിപ്പതു
വമ്പനാം നളനടനിറങ്ങിച്ചെല്ലുന്നേരം
സംഭ്രമത്തോടന്നങ്ങളൊക്കെയും പറന്നുപോയ്
കണ്ണിതം പൂണ്ടു നൃപൻ നില്ക്കുന്ന നേരത്തിങ്കൽ
കണ്ടിതോരരയന്നമവിടെയിരിപ്പതു
കണ്ട നേരത്തു മെല്ലെയടുത്തു ചെന്നു നൃപൻ
കണ്ണതകൈവിട്ടുടൻ പറഞ്ഞാനന്ദത്തോടെ
നിന്നെയെൻ കരതളിർ കൊണ്ടെടുത്തണപ്പാനായ്
നിന്നാണെ മോഹമെനിക്കുണ്ടു നിൻമംഗി കണ്ടു
അന്നങ്ങൾ മറ്റൊക്കവേ പേടിച്ചു പറന്നുപോ-
യിന്നു നീ പോകാത്തതിൽ കൗതുകമുണ്ടുപാരം
ഇത്തരം പറഞ്ഞുടനടുത്തു ചെന്നു നളൻ

സന്താപമന്നംതന്നെപ്പിടിച്ചതെട്ടുതിരു
മന്നനും ഭംഗികണ്ടിട്ടപ്പോഴയച്ചുപോ-
യ്യാനന്ദമെന്നിയേ തന്റെ രാജധാനിയും പുക്കാൻ
അന്നവും പിന്നെ മനതാരതിൽ നിരൂപിച്ചു
മന്നവനെന്നെക്കൊല്ലാതപ്പോഴയച്ചല്ലോ
ആയതിനൊരു കൃതജ്ഞതയായുപകാരം
മായമെന്നിയേ പ്രതിക്രിയ ഞാൻ ചെയ്തീടേണം
എന്നുള്ള ചിന്തിച്ചന്നം പാരാതെയുടൻ ചെന്നു
മന്നവന്നരികിൽ പുക്കിതന്നോരനന്തരം
മന്നനമന്നത്തെക്കണ്ടുന്നതാനന്ദത്തോടെ
പിന്നെയുമെടുത്തുടൻ കൈത്തലത്തിങ്കലാക്കി
എന്നുനേരമരയന്നവുമുരചെയ്തു
മന്നവ! കേൾക്കവേണം ബ്രഹ്മാവിൻ വാഹനം ഞാ-
നെന്നെ നീ പിടിച്ചിട്ട കൊല്ലാഞ്ഞതുമൂലമിഹ
നിന്നോടിന്നൊരു കാര്യം ചൊൽവാൻ വന്നിരുന്നാലും
കുണ്ഡിനപുരിയിങ്കലുണ്ടൊരു നരവര-
നങ്ങവനൊരുമകൾ സുന്ദരീമണിയല്ലോ
നാമമോ ദമയന്തിയെന്നല്ലോ ചൊല്ലീടുന്നു
കാമിനിയ്ക്കെതിരില്ല മറ്റൊരു നാരിമാരും
അവളെ നിന്റെ ഭാര്യയാക്കേണം വൈകീടാതെ-
യവൾക്കു കാന്തനാവാൻ നീയല്ലാതില്ല പാരിൽ
അംഗനാമണിമൌലിരത്നമാമവളുടെ
ഭംഗികളുരചെയ്യാനൊന്നാലേ പണിയത്രേ
വണ്ടാർ പൂങ്കുഴലഴിച്ചിട്ടാലെന്തൊരു ചിത്രം
തണ്ടാർമാനിനി തന്റെ കാൽപ്പുറവടിതൊട്ടും

ബാലനാം ചന്ദ്രൻ തോൽക്കും നെററിതന്നിതേയൊരു
ബാലമാകിയ തൊടുകുറിയെന്തൊരു ചിത്രം
മുല്ലബാണനെൻറ വില്ലോടെള്ളോളം വഴുതാതെ
മല്ലുവച്ചൊപ്പം പടതല്ലുന്ന പുരികവും
മദനൻതന്റെ വില്ലിൻ ചരടോടെതിരിടും
കാതിണതന്നിലണിഞ്ഞീടുന്ന പൊന്നോലയും
ഇളയമാമ്പേടതന്മിഴി തോറ്റിടുന്നൊരു
ഇളകും നയനങ്ങളെത്ര മോഹനം കണ്ടാൽ
കുമുളക്കുസുമം വന്നടിമപ്പെടുമൊരു
കമനീയമായുള്ള നാസികാമനോഹരം
കണ്ണാടിപ്പൂളിണയൽവതും കവിൾത്തൻ ഭംഗികണ്ടാൽ
നിസ്തുല്യമവർക്കൊത്ത നാരിമാരില്ല മന്ന!
മുരിക്കിൻ കുസുമത്തോടെതിർക്കുമധരത്തെ
മരിക്കും പുരുഷന്മാർ കാങ്കിൽ മാരമാൽ പൂണ്ടു
മുത്തുകളിടകടത്തൊടുത്ത കണക്കപോൽ
ദന്തപങ്ക്തിയുമെന്തു ചൊല്ലുന്നു നിരൂപിച്ചാൽ
ശംഖിനും ശങ്കതോന്നും ഗളത്തിലണിഞ്ഞൊരു
മംഗലമേറും നല്ല മാലകൾ ബഹുതരം
ചെന്തളിരൊളിച്ചീടുമോമനക്കരം കണ്ടാൽ
രത്നങ്ങൾ പതിച്ചുള്ള മോതിരം വിരൽതോറും
പൊന്മണിക്കുംഭംപോലെ മേവുന്ന കുളുർമുല-
മൊട്ടിനെന്തൊന്നു തുല്യം ചൊല്ലുന്നു നിരൂപിച്ചാൽ
പങ്കജമൊട്ടിലൊരു വണ്ടിരുന്നതുപോലെ
കൊങ്കതന്നിടകളിലണിഞ്ഞ മാലകളും
ആലിലയൊടുപൊരുതിടുന്നൊരുദരവും

നീരിലെച്ചുഴിതോല്ക്കും പൊക്കിളും തൻഭംഗികണ്ടാൽ
ചേലെഴും മയിൽപ്പീലിതന്നോടു ജയിച്ചീടും
ചോലയൊത്തരോമാവലിയെത്രയും മനോഹരം
നല്ലൊരു തുടിയിടപോലുള്ളോരരയതിൽ
നേരിയ പുടവകൊണ്ടഴകിൽ ഞൊറിഞ്ഞവൾ
അരയിലണിഞ്ഞതിന്മീതെ പൊന്നരഞ്ഞാണം
പാരാതിട്ടതിന്നുടെ ഭംഗിയെന്തഹോ ചൊൽവു
കദളിത്തണ്ടോടെതിർപൊരുതും തുടകളും
മതിമോഹനമായ ചെപ്പൊത്ത മുട്ടുകളും
കൈതപ്പൂ തോറ്റകണങ്കാലിന്റെ പുറവടി
കാന്തിയേറിടും നല്ല കാൽച്ചിലമ്പണിഞ്ഞതിൽ
തുമ്പപ്പൂവോടു തുല്യമായ കാൽനഖം ചിത്ര-
മിമ്പമെത്രയുമവൾ കണ്ണുകൾക്കെന്നോ വേണ്ടു
അന്നപ്പൈങ്കൊടികൾതൻനടയെക്കളയുന്ന
തന്വംഗിതന്റെ നടഭംഗിയെന്തഹോ ചൊൽവൂ
അത്രയല്ലവൾ ഭംഗിയെന്നാലെ ചൊൽവതിന്നി-
ന്നെത്രയും പണിയത്രേ മന്നവശിഖാമണേ!
പതിനൊന്നായി വയസ്സവൾക്കിക്കാലം
മതിനേർമുഖി തന്നെക്കണ്ടാലെന്തൊരു ചിത്രം
അക്ഷരവിദ്യയവൾ ശിക്ഷയാഗ്രഹിച്ചല്ലോ
ശിക്ഷയാംവണ്ണം നല്ല ശാസ്ത്രികൾതന്നിൽനിന്നു
പഞ്ചമം സ്വരം താളം ചിന്തു പദങ്ങളു-
മിമ്പമാർന്നുള്ള വീണാവാദനം താളം മേളം
കമ്പമെന്നിയേ നൃത്തഗീതവാദ്യാദികളു-
മമ്പോടു പഠിച്ചവൾ സൈ്വരമായ്‌വസിക്കുന്നു

വീണയിലിളംകയ്യിൽ നാദവും മയങ്ങുന്നു
വാണികേട്ടീടുന്നോരം താണടിവണങ്ങുന്നു
കണ്ണിണക്കോണുകൊണ്ടിട്ടൊന്നവൾ കടാക്ഷിക്കിൽ
നിർണ്ണയം പുരുഷന്മാരടിമപ്പണി ചെയ്യും
ഇങ്ങിനെയരന്നത്തിന്റെ വാക്കുകൾ കേട്ടനേരം
തിങ്ങിനമോദത്തോടെ മന്നവൻ ചോദിച്ചിതു
കേട്ടോ നീയവൾ തന്റെ വൃത്താന്തമതു പിന്നെ
കണ്ടിട്ടോ ചൊല്ലുന്നരയന്നമേ! യെന്നോടിദം
എന്നതുകേട്ടനേരമന്നവുമുരചെയ്തു
മന്നവർ മന്നിനിഷധേശ്വര മഹാമതേ!
വണ്ടാർ പൂങ്കുഴലിതൻസഖിമാരോടുംകൂടി-
ക്കണ്ടേൻ ഞാനൊരു ദിനം പൂങ്കാവിൽ കളിപ്പതു
സുന്ദരാംഗികളാകുമപ്പുരസ്ത്രീകളേക്കാൾ
സുന്ദരീമണിയവൾ നിർണ്ണയമറിഞ്ഞാലും
ചിത്രമെത്രയുമവൾതന്നുടെ രൂപഗുണ-
മെത്രയല്ലിനിയും നീ കേട്ടാലും നൃപോത്തമ!
കണ്ടാൽ നല്ലംഗനമാരുണ്ടാകയില്ലാനാടേ
കണ്ടാൽ നന്നെങ്കിൽ ശീലമൊട്ടുമേ നന്നായ്‌വരാ
ശീലം നന്നെങ്കിൽ വിദ്യയുണ്ടാകയില്ലാ പിന്നെ-
ക്കോലത്തിനൊരു ഭംഗമുണ്ടാമെന്നറിഞ്ഞാലും
വിദ്യയുണ്ടെങ്കിൽ നിന്ദയുണ്ടാകുമെല്ലാരെയും
വിദ്യയും ശീലം ഗുണം സൌന്ദര്യമിവനാലും
പെണ്ണുങ്ങൾക്കുണ്ടാകുന്നതെത്രയും ചുരുക്കമാം
നിർണ്ണയം ദമയന്തിയല്ലാതില്ലിപ്പോളാരും
[illegible] നാരിമാർക്കറിഞ്ഞാലും

മാറും ചൊല്ലുവനെങ്കിൽ കേട്ടാലും നരാധിപ!
കണ്ടാലോ നാരിമാരിൽ രത്നമായിരിക്കണ-
മുണ്ടായീടേണം ക്ഷമ ഭൂമിദേവിയെപ്പോലെ
മന്ത്രിമാരോടു തുല്യം സംസാരയുക്തിവേണം
ദാസിയെപ്പോലെ വേണം പ്രവൃത്തിചെയ്യുന്നേരം
മാതാവിനോളം സ്നേഹം വേണം തൻ ഭർത്താവിനെ
ശയനം വേശ്യയെന്നപോലനുസരിക്കേണം
ഇങ്ങിനെ ഗുണമാറുമുണ്ടാകുന്നംഗനമാർ
മംഗലസ്ത്രീകളിൽവെച്ചുത്തമയായോരല്ലോ
ഇങ്ങിനെയുള്ള ഗുണമൊന്നുമേ കുറയാതെ-
യംഗനാമണി ദമയന്തിക്കുണ്ടറിഞ്ഞാലും
ഇങ്ങിനെയന്നത്തിന്റെ മംഗലപ്രശംസ കേ-
ട്ടിംഗിതജ്ഞനാം നൃപൻ പിന്നെയും ചോദിച്ചിതു
ഇങ്ങിനെയുള്ള ഗുണമവളിലുണ്ടെന്നുള്ള-
തെങ്ങിനെയറിഞ്ഞു നീ രാജഹംസമേ! സഖേ!
എന്നുടൻ നൃപൻതന്റെ ചോദ്യത്തെക്കേട്ടനേരം
മന്ദമെന്നിയേ പറഞ്ഞീടിനാൻ മരാളനും
അറിയാമറിഞ്ഞീടിക്കടനേ കാണുന്നേര-
മറിയപ്പോകാത്തവരെങ്ങിനെയറിയുന്നു?
ഉത്സാഹം ചെയ്തീടുന്ന ദൂതന്മാരുണ്ടായ്‌വന്നാൽ
സംശയമില്ല കാര്യം സാധിക്കുമറിഞ്ഞാലും
ഉത്സാഹംകൊണ്ടുമുപായങ്ങളെക്കൊണ്ടും നിന്റെ
ഭാര്യയായ് ചമപ്പൻ ഞാനവളെ വൈകീടാതെ
ഇത്തരമന്നത്തിന്റെ വാക്കുകൾ കേട്ടനേരം
പൃഥ്വീശൻ ലജ്ജ വിട്ടു പറഞ്ഞാനന്നത്തോടും

എങ്കിലോയെന്റെ ദൂതനായ്ച്ചെന്നു പറഞ്ഞാലും
മങ്കമാർമണിതന്നോടെന്റെ വൃത്താന്തം നീയും
അന്നമേ! നിന്നാണെ ഞാനവൾതൻ ഭംഗികളെ-
യെന്നുള്ളിൽ കേട്ടപ്പോഴേ മാരാർത്തി പെരുകുന്നു
കേട്ട ഞാൻ മുമ്പേ പലരും പറഞ്ഞവൾ ഗുണം
കേട്ടിരിയ്ക്കുന്നിതവളെന്നുടെ വിശേഷവും
ദൂതരായ്പ്പറഞ്ഞാരാനമിതിനു വേല ചെയ്യാ-
ലേതുമേ ഫലിയ്ക്കയില്ലന്നമേ! നിന്നെപ്പോലെ
എന്നതു കേട്ടന്നവുമങ്ങിനെതന്നെയെന്നു
മന്നനോടരുളിയും കൈക്കൊണ്ടു പറന്നപോയ്
മന്നവർമണി നളൻതന്നുടെ മാനസവു-
മന്നത്തോടൊരുമിച്ചു ഗമിച്ചെന്നതേ വേണ്ടു
കാമുകനായുള്ളോരു നളനമ്മതുകാലം
കാമബാണാർത്തി പാരം മുഴുത്തു ചമഞ്ഞിതു
സന്തതം മനക്കാമ്പിൽ പരിതാപം മുലയാളെ-
ച്ചിന്തിച്ചു നരേന്ദ്രനും വലഞ്ഞു ദിനംപ്രതി
കാമബാണാർത്തിമൂലം ദേഹവും മെലിഞ്ഞിതു
യാമിനിതന്നിൽ നിദ്രയില്ലാതാക്കുലഞ്ഞിതു
ധ്യാനവും ജപം കർമ്മമെന്നിവ ചെയ്യുമ്പോഴും
മാനസേ ദമയന്തിയെന്നല്ലാതില്ല ചിന്ത
അവൾതൻ കുളുർമുലമൊട്ടു ഞാനണച്ചാവൂ
അവധിയില്ലാതോളമാശ്ലേഷം ചെയ്യാവൂ ഞാൻ
പുഞ്ചിരിപ്പൂതുമയും ചാഞ്ചാടിനടയതും
നെഞ്ചകം തെളിവോളം കണ്ടു ഞാനിരുന്നാവൂ
ഇരിട്ടോടെതിരിട്ടമവൾതൻ തലമുടി

വിരൽകൊണ്ടഴകിൽ ഞാൻ വിരവിൽ വിടൎത്താവു
ചെന്തൊണ്ടിസമമധരത്തെ ഞാൻ നുകൎന്നാവു
ചന്തമായവളോടുകൂടി ഞാൻ മരിച്ചാവു
ഇങ്ങിനെ നളൻ ഭൈമിതന്നെയും സ്മരിച്ചുകൊ-
ണ്ടംഗജതാപത്തോടെ വസിക്കും കാലത്തിങ്കൽ
അന്നവും പറന്നങ്ങു കുണ്ഡിനപുരം പുക്കു
ചെന്നുടനിരുന്നു നല്ലുമ്മറപ്പൂങ്കാവതിൽ
മുല്ല പിച്ചകം നല്ല ചേമന്തി കുറുമൊഴി
മല്ലലോചനമാൎക്കിഷ്ടമാം മല്ലികയും
സൌരഭ്യമേറും നല്ല കനകനാറിയതും
പാരാതെ പാടലവും ചന്ദനം ചരിന്തതിയും
ചെന്തൊണ്ടി ചെമ്പകവും തേന്മാവുമിലഞ്ഞിയു-
മെന്നൊരു മനോഹരം പൂങ്കാവിലകം പുക്കാൽ
ഷൾപ്പദശുകപിക കേകികൾ നാദങ്ങളാൽ
ശില്പമാനന്ദകരമാകിയോരാരാമത്തിൽ
ചൊല്ലൊങ്ങും നളദൂതൻ ഭൈമിയെപ്പാൎത്തുപാൎത്ത-
ങ്ങൾപ്പൂവിലാൎത്താനന്ദം പൂണ്ടുകൊണ്ടിരിക്കുമ്പോൾ
ഉല്പലാക്ഷിമാരായ തോഴിമാരോടുംകൂടി-
യല്പഭാഷിണി ദമയന്തിയുമന്നേരം
പൂങ്കാവിലകം പുക്കു കളിക്കുന്നതു കണ്ടു
ശങ്ക കൈവിട്ടങ്ങടുത്തിരുന്നാനന്നരന്നം
കണ്ടിതങ്ങരയന്നംതന്നെ മാനിനിയപ്പോൾ
കണ്ടു കൌതുകം പൂണ്ടു തോഴിമാരോടു ചൊന്നാൾ
ഇത്ര നന്നായിട്ടരയന്നത്തെക്കണ്ടിട്ടുണ്ടോ
ഇത്രിലോകത്തുമില്ലായിത്ര നല്ലരയന്നം

എന്നിട്ടു കളിപ്പതിന്നീയരയന്നം കൊള്ളാം
നിനച്ചു നിന്നീടാതെ പിടിച്ചുതന്നീടുവാൻ
ഇങ്ങിനെ പറഞ്ഞുടൻ തോഴിമാരോടുംകൂടി-
യംഗനാമണിതാനും പിടിപ്പാനടുത്തിതു
ചേടിമാർ പിടിപ്പതിന്നടുത്തു ചെല്ലുന്നേരം
പേടിയും ഭാവിച്ചന്നമോടിയങ്ങകന്നീടും
ഭീമജാ പിടിപ്പതിന്നടുത്തു ചെല്ലുന്നേരം
പ്രേമമോടരയന്നമടുത്തു കളിച്ചീടും
അത്തൊഴിൽ കണ്ടനേരം തോഴിമാർ വിരവോടെ
ചിത്തവിസ്മയം പൂണ്ടങ്ങകന്നു മാറിനിന്നു
കന്നൽനേർമിഴിയാളാം ഭൈമിയുമിളനാര-
മന്നത്തെപ്പിടിപ്പാനായടുത്തു താനേതന്നെ
അന്നവും ദമയന്തിതന്നുടെ മുമ്പിലപ്പോ-
ളുന്നതാനന്ദം പൂണ്ടു കളിച്ചുതുടങ്ങിനാൾ
ചാടിയങ്ങിരുന്നീടുമോടിയങ്ങകന്നീടും
മാടൊത്ത കുളുർമുലത്തയ്യലോടടുത്തീടും
ബന്ധുരാംഗിയാം ദമയന്തിയും മതിമറ-
ന്നന്തികേയന്നത്തിനെപ്പിടിപ്പാൻ നടന്നിതു
ദാന്തസോദരിതന്റെ ശാന്തഭാവത്തെക്കണ്ടു
സ്വാന്തവിസ്മയത്തോടേ നിന്നിതു തോഴിമാരും
അന്നം പോയൊരു മുല്ലവല്ലിമേലിരുന്നപ്പോ-
ളന്നേരമവൾ കൂടിച്ചെന്നരികത്തു പുക്കാൾ
എന്നതുനേരമന്നം മന്ദഹാസവും പൂണ്ടു
സുന്ദരഗാത്രിയോടു മന്ദമായുരചെയ്തു
പൈന്തേനനം മൊഴിയാളേ! പന്താക്കും മുലയാളേ!

എന്തു നിൻ മനോരഥമെന്നു നീ പറഞ്ഞാലും
എന്നതു കേട്ടു ദമയന്തിയുമുരചെയ്തു
ഉന്നതാനന്ദമരയന്നത്തോടതുനേരം
നിന്നുടെ രൂപഗുണം കാൺകകുലമിപ്പോൾ
നന്നല്ലോ കളിപ്പാനൊന്നെന്നുള്ളിലൊരു മോഹം
എന്തൊരു ദിക്കിൽനിന്നു വന്നിപ്പോൾ പോകുന്നതു-
മേതൊരു ദിക്കിലെന്നു നേരു ചൊല്ലുകവേണം
നളനെന്നൊരു നരവരന്റെ രാജ്യത്തിങ്കൽ
മേളമായിരുന്നു ഞാനവനുമായി ബാലേ!
അന്നമേ നീയോ പല ദിക്കിലും നടന്നല്ലോ
മന്നവന്മാരിൽ നല്ല സുന്ദരരെവിടുള്ളു
അമ്മധുവാണിയോടരയന്നവുമതുനേരം
വെണ്മയിലുരചെയ്തുതുടങ്ങി പതുക്കവെ
സാഗരമേഴും ഭൂവി മൂന്നിലും നടന്നു ഞാൻ
മംഗലവാണി! കണ്ടേൻ മന്നവർ പലരെയും
എന്നതിൽ നളനോളം സൌന്ദര്യമുണ്ടായിട്ടു
കന്യകേ! കണ്ടില്ല ഞാൻ മാനുഷരൊരുത്തരെ
ആണിൽ മാണിക്യമായ നളനു തുല്യയായി-
ട്ടേണലോചനമാരിൽ നിന്നെയും കണ്ടു പാരിൽ
പലരും പറഞ്ഞു നിൻ വാർത്തകൾ കേട്ടു നളൻ
വലിയ കാംക്ഷ നിന്നിൽ മുഴുത്തിരിക്കുന്നു
കാംക്ഷയുണ്ടെന്നാൽ വിധിയെങ്ങിനെയറിയുന്നു
പെണ്മണിതന്നോടപ്പോളന്നവും പറഞ്ഞിതു
ബ്രഹ്മാവു കല്പിച്ചു ഞാൻ കേട്ടിരിക്കുന്നു ബാലേ!
നളനാം നരവരൻ നിനക്കു കാന്തനെന്നു

നളിനമിഴിയാളേ! സത്യമെന്നറിഞ്ഞാലും
നാരിമാരായാൽ ഭർത്താവെത്രയും നന്നായ്‌വേണം
വീരന്മാരായ പുരുഷന്മാർക്കുമതുപോലെ
നീ മാലയിടുന്നാകിൽ നളനെത്തന്നെ വേണം
വാമലോചനേ! നന്നായുറച്ചുകൊൾക ചിത്തേ
മുരിക്കുകൊണ്ടു മാല ചമക്കുമാറില്ലല്ലോ
വരിക്കുമാറില്ലല്ലോ കേകികൾ കാകികളെ
വാഴമേൽ കൊടിയിടുമാറുണ്ടോ മധുവാണി
കേഴകൾ കോഴികളെ വരിച്ചീടുമാറുണ്ടോ?
ഇരുമ്പുതകിടിന്മേൽ രത്നങ്ങൾ പതിക്കുമോ
കരിമ്പു സ്വർണ്ണം കെട്ടി യഷ്ടിയായ്പ്പിടിക്കുമോ
അന്നപ്പേടയോടൊരു കാകനെയണക്കുമോ
തന്വംഗീമണി! നീയും ചിന്തിച്ചുകാൺക ചിത്തേ
കേശമില്ലാത്ത ജനം പുഷ്പങ്ങളണിയുമോ
നാസികയില്ലാത്തവർ ഘ്രാണങ്ങളറിയുമോ
ഒന്നിനൊന്നനുരൂപം ചേർച്ചയാകുന്നപോലെ
സുന്ദരിമാർക്കു നല്ല സുന്ദരർതന്നെവേണം
അത്രയുമല്ല നിങ്ങൾ തമ്മിൽ ചേരുകിൽ ബാലേ!
ചിത്രമായൊരു കാന്തിയതിനു വേറെയുണ്ടു
ഇന്ദ്രനിന്ദ്രാണീദേവിതന്നോടു ചേർന്നപോലെ
ചന്ദ്രമാ വിഭാവരിതന്നോടു ചേർന്നപോലെ
അംഗജൻ രതിദേവിതന്നോടു ചേർന്നപോലെ
ഗംഗാവല്ലഭൻ ഗൗരിതന്നോടു ചേർന്നപോലെ
മംഗലഗുണഗണതേജസ്സു കലർന്നൊരു
നിങ്ങൾതങ്ങളിൽ ചേർന്നു വരുന്നതുപപന്നം

അക്ഷരവിദ്യജ്ഞവൻതന്നോളം മതിപോന്നി-
ട്ടിക്ഷിതിതന്നിലില്ലാ നിശ്ചയമൊരുത്തരും
അസ്ത്രശസ്ത്രാദിപ്രയോഗങ്ങൾക്കുമതുപോലെ
ഇത്രിലോകത്തിലില്ലാ നളനു തുല്യരാരും
സംഗീതസാഹിത്യസാമുദ്രികാദികളിലു-
മങ്ങവൻതന്നെ ജയിച്ചീടുവാനാരും പോരാ
പമ്പരം സ്വരം താളം ചിന്തുപന്താട്ടങ്ങളിൽ
വമ്പിനു നൈഷധനെന്നേവർക്കും സിദ്ധമല്ലോ
ഒന്നുകൊണ്ടുമേ നളൻതന്നോടു തുല്യന്മാരായ്
മന്നിടംതന്നിലില്ലാ മന്നവരിപ്പോളാരും
എട്ടുദിക്കിലും നളൻതന്നുടെ പ്രഭാവങ്ങൾ
പുഷ്ടമായ് പ്രശംസിക്കുന്നുണ്ടെന്നു ധരിച്ചാലും
അംഗജോപമനായുള്ള തുംഗനാം നരാധിപൻ
ഭംഗിയിൽ വരനായി വരുവാൻ കാമിച്ചേറ്റം
നളനെന്നുള്ള നാമം ജപിച്ചു കണ്ണുമട-
ച്ചുളിവേണികൾ രാഗം പൂണ്ടേറ്റം സ്മരിക്കുന്നു
പണ്ഡിതനെന്നുമതിസുന്ദരനെന്നും പിന്നെ
നിർണ്ണയം തനിക്കൊത്ത പുരുഷന്മാരില്ലെന്നും
ശക്തിയുക്തികൾക്കെതിരായുള്ള തന്നോടെന്നു-
മൈത്ര്യം ഘോഷത്തോടെ നടിക്കും പുരുഷന്മാർ
വീരസേനജൻതന്റെ നാമത്തെക്കേൾക്കുന്നേരം
വീര്യമെല്ലാം പോയി നാണം പൂണ്ടൊളിക്കുന്നു
ഇങ്ങിനെയന്നത്തിന്റെ വാക്കുകൾ കേട്ടനേരം
തിങ്ങിന രാഗത്തോടെ ദമയന്തിയും ചൊന്നാൾ
വീരസേനജൻതന്റെ വാർത്തകൾ കേൾക്കുന്തോറും

പാരമാഗ്രഹം വളൎന്നിടുന്നു മനതാരിൽ
മുന്നമേതന്നെ നളക്ഷോണിനായകൻതന്നെ-
യെന്നുടെ മനതാരിൽ വരനായ്വരിച്ചു ഞാൻ
ചെന്താരമ്പനു തുല്യനായ വല്ലഭനെന്റെ-
യന്തരംഗത്തിൽ വസിച്ചീടുന്നു സദാനേരം
മന്നവനതിന്നെന്നോടുണ്ടനുരാഗമെങ്കിൽ
വന്നുകൂടീടും മമ ജന്മസാഫല്യമെടോ!

എന്നുടെ വൃത്താന്തങ്ങളെല്ലാമേ വഴിപോലെ
മന്നവൻതന്നോടു ചെന്നറിയിക്കേണം ഭവാൻ

നിഷധേശപുത്രൻതന്റെ ഭാൎയ്യയാകുന്നു ഞാനും
തോഷമോടെന്നാൽ ഭവാൻ ഗമിച്ചീടുക വേഗം
ഇത്തരം ദമയന്തിതന്നുടെ വാക്കു കേട്ടു
സത്വരം തെളിഞ്ഞന്നാം മന്ദഹാസവും തൂകി
നളനാം നരവരൻതന്നുടെ രൂപമൊത്ത
നളിനപത്രംതന്നിലെഴുതി വിരവോടെ
നളിനമുഖി ദമയന്തിക്കു കൊടുത്തുടൻ

തെളിവിൽ യാത്ര ചൊല്ലിപ്പറന്നുപോന്നു വേഗം
മന്ദമെന്നിയേ നളൻതന്നുടെ മുമ്പിൽ ചെന്നു

മന്ദഹാസവും പൂണ്ടു പറഞ്ഞുതുടങ്ങിനാൻ
വീരസേനജ! ഭവാൻ ധീരനായ്ഭവിച്ചാലും
കാൎയ്യസാഫല്യം വന്നു നിനക്കു മഹീപതേ!

നിന്നെയല്ലാതെയവൾ മാലവെയ്ക്കുകയില്ലെ-
ന്നെന്നോടു പരമാൎത്ഥം പറഞ്ഞെന്നറിഞ്ഞാലും
താമസിയാതെതന്നെയുണ്ടാകും സ്വയംവരം

താമരേക്ഷണന്തന്നെ ലഭിക്കും നിനക്കെടോ!
മറ്റുള്ള ഭൂപാലരെയൊക്കയുമുപേക്ഷിച്ചു
തെററന്ന ഭവാൻതന്നെ വരിക്കും കല്യാണാംഗി
കിഞ്ചന ക്ഷമിച്ചു നീ നെഞ്ചകംതന്നിലൊരു
ചഞ്ചലം കൂടാതെ വാണീടുക മഹാമതേ!
എങ്കിലോ ഭൂപാലകമകുടമണേ! ഭവാൻ
ശങ്ക കൈവിട്ടു പോവാനനുജ്ഞ നൽകീടേണം
ഇങ്ങിനെയരയന്നം ചൊന്നതു കേട്ടനേരം
മംഗലാകാരൻ നളൻ ചൊല്ലിനാൻ മോദത്തോടെ
അന്നമെ സ്വയംവരാഡംബരാഘോഷം കാണ്മാ-
നന്ന നീ കൂടിക്കനിഞ്ഞവിടെ വന്നീടേണം
അങ്ങിനെതന്നെയെന്നു പറഞ്ഞു മരാളനും
തിങ്ങിന മോദത്തോടു യാത്രയും ചൊല്ലിപ്പോയാൻ
ഇത്തരം പറഞ്ഞുള്ള പൈങ്കിളിപ്പൈതൽതാനും
സത്വരം പാലും നുകർന്നിതന്നാൾ തെളിവോടെ.

നളൻകഥ കിളിപ്പാട്ടു സമാപ്തം.

ബൃഹസ്പതിവാക്യം.

ചന്തം ചിന്തവെ മന്ദം മന്ദമാരുതമേറ്റു
ചിത്തുരാഗങ്ങൾ പാടീട്ടന്തരേ പറക്കുന്ന
വൻതേനാം മൊഴിയാളെ സുന്ദരീ കിളിപ്പെണ്ണെ
പൈതലെ ചാരുശീലേ വന്നിരിയരികത്തു
പൈദാഹമടക്കുവാൻ പാൽപഴം തരുന്നുണ്ടു
പയ്യവെ ഭുജിക്ക നിൻവയറു നിറയോളം
ഇന്ദ്രനോടാചാര്യൻ ചൊന്നുപദേശങ്ങളിപ്പോ-
ളിത്തിരി ചുരുക്കി നീ പറഞ്ഞീടുകവേണം
എന്നതു കേട്ടനേരം പൈങ്കിളിപ്പൈതൽ താനും
എല്ലാരും കേട്ടുകൊൾവിൻ ചുരുക്കിപ്പറഞ്ഞീടാം
ആനനമാനപോലെയുള്ള വിഘ്നേശനേനും
അംബുജമകളായ വാണിമാതാവുംകൂടെ
അല്പൽ തിപ്തിന്നു ഞാനാവോളം വന്ദിക്കുന്നേൻ
ആനന്ദത്തോടു കേട്ടുകൊൾവിനിന്നെല്ലാവരും—
അമരാപതിവീരൻ തന്നുടെ ഗുരുവരൻ
അമരേന്ദ്രനെക്കാണ്മാനാസ്ഥയാ പുറപ്പെട്ടു
പുസ്തകം ദണ്ഡും തന്റെശസ്ത്രവുമെടുത്തുടൻ
പെരികെസ്സന്തോഷത്താൽ നടകൊണ്ടിതു മുനി
കണ്ടു മക്കമാർ നാൽപേരാചാര്യൻ വരുന്നതു
കനകമണിക്കട്ടിലാവണിയെടുത്തിട്ടു
നാൽപേരുമൊരുമിച്ചു മന്ത്രിച്ചു നില്ക്കുന്നേരം

നാശങ്ങളുണ്ടായതു പറഞ്ഞീടണമിപ്പോൾ
അറിവുകുറകയാൽ ഭവിച്ചോരവസ്ഥകൾ
അറിവുള്ളോരാചാൎയ്യൻ കേൾക്കുമ്പോൾ ഗ്രഹിപ്പിക്കും
പറവാൻ നാണമാകുംപൊറഞ്ഞുമതിയാവു
ഭാഷണം ലോകത്തിങ്കൽപലർ കേട്ടീടും മുമ്പിൽ
മേനകാ ഉൎവ്വശിയും രംഭയും തിലോത്തമാ
മാനസതാപത്തോടും മന്ത്രിച്ചുനില്ക്കുന്നേരം
വന്നിതു മഹാമുനി കനകക്കെട്ടുപുക്ക
പാണികളാലാചാരം ചെയ്തിതന്നരചെയ്തു
അക്കനാലെല്ലും കാന്തിയേല്ക്കയാൽ മുനിക്കായി
എടുത്തു വിശറിയും കൊടുത്താളുൎവ്വശിയും
എറിഞ്ഞു രവികാന്തിയടങ്ങി സമീരണാൽ
എന്നപ്പോൾ മഹാമുനി യരുളിച്ചെയ്തീടുന്നു
ഇന്നിപ്പോൾ ഭക്ഷണം നിങ്ങടെ മുഖമെല്ലാ-
മേററവും മങ്കിണ്ടു മെയ്യുളൻ നിന്നീടുന്നു
എന്നതുകേട്ടുനേരം മേനക ഉണൎത്തിച്ചു
പുസ്തകധരനെന പുണ്യപുമാനെ പൊററീ
ഭൎത്താവിനുണ്ടായോരു സന്താപംകൊണ്ടു തന്നെ
അക്ഷരാനം പാരമുണ്ടുണൎത്തിപ്പതിനുള്ളിൽ
അംബുജപുത്രസുതരൊങ്കിലൊ കേട്ടുകൊൾക
അമ്പോടു മമ പതി കുളിച്ചു വേഗം വന്നു
ആദരവോടു ചില ഭംഗിയിലെഴുതുന്നു
നേർവളർ തിരുമുടി തിരുകിക്കെട്ടി നന്നായ്
നന്മയിൽ പട്ടുശില ചുററുകൊണ്ടുകെട്ടി
ചമ്പകമലർ മുല്ല കനക കുറുമൊഴി

ചേലൊടു മുടിതന്നിലണിഞ്ഞു ഇടുന്നു
അഞ്ജനം കൊണ്ടു നേത്രം ഭംഗിയിലെഴുതുന്നു
അൎക്കനോടെതിരൊത്ത തിലകപ്രഭകളും
പവിഴമുത്തുമാല രത്നമാലകളോടും
പണമാലകളോരോമാലകളണിയുന്നു
കാഞ്ചനത്താലിയിട്ടു കടകമണിയുന്നു
കൈവിരല്ക്കഴകെഴും മുത്തുമോതിരങ്ങളും
ചന്ദനം പുഴുവതിൽ കളഭം കസ്തൂരിയും
കായാമ്പൂമേനിതന്നിൽ പൂശുന്നു ഭംഗിയോടെ
പട്ടതിന്മീതെ പൊന്നരഞ്ഞാണമിട്ടും
ഭംഗികളോരോതരം വാക്കിൽ ചൊല്ലാവതല്ല
ഭാവിച്ചതറിയാതെ ഞങ്ങളും ചോദിച്ചപ്പൊ-
ളൊന്നൊന്നും കാണാത്തപോലെന്തെടോ ചമഞ്ഞതു
എന്നതു കേട്ടു നാഥൻ ഞങ്ങളോടോന്നു ചൊന്നാൻ
എന്തിന്നു പറയുന്നു വർത്തമാനം തോഴിമാരെ
വാനത്തുള്ള നാടകളും വനത്തുള്ളിടങ്ങളും
വാനത്തിൽ കണ്ടേൻ നാക്കമാറിലുള്ളെല്ലാവരും
ഭോഗ്യകൾ പാർത്തിരിപ്പും വല്ലഭൻ വേഗംപോയി
പിന്നെന്നാം വനമപ്പോളംഗഭംഗങ്ങളായി
അഹല്യ തന്നൊപ്പുന്ന രമിപ്പതറിഞ്ഞിട്ടു-
ങ്ങമ്പോടു മഹാമുനി ഗൌതമൻ ശാപമിട്ടു
ഇതു കേട്ടു ഞങ്ങളന്ധരായിരിക്കുന്നു
അവതില്ലാതെ വന്നാലെന്തെന്നു പറയുന്നു
ദേവകൾ മറവുകൾ പറഞ്ഞു ദുഷിക്കുന്നു
ദൈവമേ ഇതു ചെയ്തു പാപകൎമ്മങ്ങൾകൊണ്ടു
ദേവകൾ കേൾക്കുന്നേരം ഹാസിക്കും പലതരം

തന്നെത്താനറിയാതെ ചെയ്തോരു നിമിത്തമായ്
നാരിമാർ കേട്ടെന്നാകിൽ ഞങ്ങളെ ശാപിച്ചീടും
നാണിഭക്കേടുകേട്ടിട്ടിരിപ്പാൻ കാലം വന്നു
ഞങ്ങളെ രക്ഷിപ്പവനിങ്ങനെ തുടങ്ങിയാൽ
ഞങ്ങൾക്കു വഴിയെന്തെന്നരുളിച്ചെയ്തീടേണം
നാണിച്ചു മണിയറതന്നിൽ പുക്കൊളിച്ചുടൻ
നാണിഭക്കേടുവന്നു വല്ലഭനിരിക്കുന്നു
ഭൂമയിൽ കേട്ടനേരം പുഞ്ചിരികൊണ്ടുമുനി
താപങ്ങളുടക്കുവിൻ മങ്കമാർകളെ നിങ്ങൾ
വിധിയാൽ വിധിവഴി തട്ടപ്പൊരാരുമില്ലാ
വിധിയാൽ വരുന്നോരം ഖേദിച്ചാൽ ഫലമില്ലാ
വന്നതിനല്ല ഖേദം വരാതെ സൂക്ഷിക്കേണം
ബാലപ്പെൺകൊടിമാരെ ഇനിയും കേട്ടുകൊൾവിൻ
കാറമാറവരാതില്ലല്ലൊ ഒരേടത്തും
കാറാവും പലതരം പലക്ലേശമറിഞ്ഞാലും
ഓരോ കാലത്തോരോരോ അവസ്ഥാ വന്നുകൂടും
ഓർത്തു ചിന്തിച്ചാലെന്തു ഫലമെന്നു ചെയ്യാൻ
ഞാൻ ചെന്നു കാണട്ടെന്നു മാമുനിമണിയറ
ന്ന്യായമോടകംപുക്കു നില്ക്കുന്ന നേരത്തിങ്കൽ
പൂമെത്തതന്മേലെന്നെഴുനീറ്റു പൂജിച്ചു മുനി-
തന്നെ പൂജിച്ചമ്പോടങ്ങിരുത്തി മഹേന്ദ്രനും
എന്നപ്പോൾ മഹാമുനി അരുളിച്ചെയ്തീടുന്നു
എന്നുണ്ണീ മമ അരികത്തു വന്നിരുന്നാലും
എത്രം നീ ഖേദിക്കേണ്ട സന്തോഷം സന്താപവും
എങ്കിലോ സുഖം ദുഃഖം സമമെന്നറിഞ്ഞാലും

എന്നതുകൊണ്ടുമിപ്പോളിക്രിയാ വേണ്ടില്ലാത്തു
എന്നുണ്ണി നിന്റെ ശീലമൊട്ടുമാകാത്തതായി
അറിവില്ലാത്തപോലെ തുടങ്ങുന്നതു കഷ്ടം
അറിവിന്നടുത്തതെ ഗ്രഹിക്കെന്നറിഞ്ഞാലും
മന്മഥശരമിതു വശമായിരിക്കല്ലെ
അറിവുള്ളോർ പറയും വചനം തടുക്കല്ലെ
അഭിമാനത്തെക്കളഞ്ഞർത്ഥത്തെ മോഹിക്കല്ലെ
ഉത്തമന്മാരോടങ്ങു കയര്പ്പാൻ തുടങ്ങല്ലെ
ഉചിതം കാണുന്നേരം പഴുതേ പൊന്നീടല്ലെ
ഉൾപ്പൂവിൽ കല്മഷവും വെച്ചുകൊണ്ടിണങ്ങല്ലെ
ഉദ്ധതരായുള്ളോരെ നിയതം സേവിക്കല്ലെ
മദ്ധ്യമന്മാരെ നിത്യം പൂജിച്ചു പറയണം
മാന്യമല്ലാത്തവസ്തു ചെയ്യല്ലെ ഒരേടത്തും
തന്നുടെ ബലമറിയാതെ മത്സരിക്കല്ലെ
തന്നാൽ സാധിച്ചീടാത്തതൊന്നുമേ പറയല്ലെ
വാക്കിങ്കലൊരുവിധം മനസ്സിലൊരുവിധം
വച്ചുല്ലെ തന്നെ പ്രിയപ്പെട്ടവരോടു വൈരം
ഇരന്നു സമ്പണ്ണമിട്ടുണ്ടാവെ ഞെളിയല്ലെ
ഏകനായതിലൂരെ പോകല്ലെ ഒരേടത്തും
ചോദിച്ചാൽ തരുന്നോടത്തെപ്പോഴും ചോദിക്കല്ലെ
ചോറുതന്നവർകളെ ചതിപ്പാൻ തുടങ്ങല്ലെ
ചോരന്മാരോടുകൂടി ചോരത ചെയ്തീടല്ലെ
ചേതസി തന്നിലന്യനാരിയെ ചിന്തിക്കല്ലെ
ആഹാരം കൊടുപ്പതു അരുതെന്നു മുടക്കല്ലെ
ആരാന്റെ മുതൽക്കേറെ ആഗ്രഹമുണ്ടാകല്ലെ

വിശന്നു വരുന്നോരോടരിശം പറയല്ലെ
ബാലന്മാരോടു പ്രായംചെന്നവർകളിക്കൊല്ലാ
അധമന്മാരെ സേവിച്ചീടല്ലെ ഒരിക്കലും
അമ്പിനാൽ വരുന്നതു വമ്പിനാൽ വരുത്തല്ലെ
അന്നന്നു മുടങ്ങിയാൽ പിന്നെയും തുടങ്ങല്ലെ
ആചാരം നെറിവുകൾ കുറച്ചീടല്ലെ ഒന്നും
മാതാവു വിലക്കുന്ന വഴിയെ പോയീടല്ലെ
ഒക്കുമാരോടുകൂടെ സംസർഗ്ഗം ചെയ്തീടല്ലെ
കൈക്കുണ്ണിമരവെറുംമനയൊടടക്കല്ലെ
കശ്മലന്മാർക്കുകൊണ്ടുണ്ടോ പാരംകൊടുക്കല്ലെ
കാഞ്ചനാഭരണങ്ങളെപ്പൊഴുമണിയല്ലെ
തന്നെ സ്നേഹിച്ചിടാത്ത താൻപ്രിയപ്പെട്ടിടല്ലെ
സ്ഥായിയില്ലാത്തൊടത്തങ്ങെപ്പോഴും പോയിടല്ലെ
ഒരുത്തരോടും കണക്കില്ലാതെ പിണങ്ങല്ലെ
സ്നേഹിച്ചു തരുന്നോരം വേണ്ടെന്നു നിനയ്ക്കല്ലെ
കൈക്കൂലി മേടിച്ചുകൊണ്ടൊത്തപോൽ പറയല്ലെ
കച്ചിട്ടും മധുരങ്ങളിട്ടുകേട്ടുണ്ടൊന്നാൽ
പലതും നിരൂപിച്ചു തുടങ്ങാവൊരു കാര്യം
പണം മോഹിച്ചുകൊണ്ടു ചതിപ്പാൻ തുടങ്ങല്ലെ
കാണുമ്പോൾ രസിക്കുന്ന വാക്കുകൾ പറയുന്നോൻ
കഷ്ടകാലത്തിലവനൊത്തുമെന്നോർത്തീടല്ലെ
സാഹസംഭാവിച്ചാൽ ദുഃഖമഭ്യസിച്ചതുപോലെ
ആഗ്രഹമേറിവന്നാലാപത്തു പോകില്ലുടാ
മറന്നുനിന്നുകൊണ്ടു തോല്പിക്കല്ലൊരുത്തരെ
മനസ്സറിക്കണമെങ്കിൽ നേരെവന്നോതുകേണം

അറിവു പറയേണം അറിവുള്ളവരോടു
അന്ധകാരത്തിന്നു പോയ്ബന്ധുവായ് നിന്നീടല്ലെ
ദുരിതമുണ്ടാംവഴി കരുതാതകതാരിൽ
ദുഷിച്ചു പറയല്ലെ കേളാതെയായതാരെ
സൂക്ഷ്മത്തെയറിയാതെ സാക്ഷിപോയ്നിന്നീടല്ലെ
സ്വൎണ്ണങ്ങളളിക്കുമ്പോൾ നിറുത്തു തുടങ്ങല്ലെ
ഉണ്ടല്ലാത്തവസ്തു കാണുമ്പോൾ പറയേണം
കാണാത്ത വസ്തുക്കളെ കണ്ടെന്നു പറയല്ലെ
അരിശം പെരുതായാലായുസ്സിന്നാകയല്ലൊ
ഒരിക്കെ മരിക്കുമെന്നോൎക്കേണം മനതാരിൽ
ഒന്നിനും പാപകൎമ്മം ചെയ്യാതെ ഇരിക്കേണം
അൻപുകൊണ്ടറിയേണം ഒന്നിന്റെ ഗുണദോഷം
അറിവുള്ളവരോടു ചിന്തിച്ചു തുടങ്ങേണം
വിശന്നു വരുന്നോൎക്കുചിതന്നു കൊടുക്കേണം
ഏറന്നു കൊടാകയറ്റു കവൎന്നു മോഷ്ടിക്കല്ലെ
അക്ഷരം ശുഷ്ഠനാകാ ദുഷ്ടന്റെ വൈരം കേട്ടാൽ
അതിക്രൂരമനായ്മാകാ ഭക്തനാക്കൊട്ടമാകാ
കരളുകാരോടുചിററം കുറച്ചീടേണം മുററും
കുളിച്ചീടേണം ദിവസത്തിലൊരുനേരം
ജപിച്ചീടേണം മുക്തിയുണ്ടാവാൻ തങ്കവണ്ണം
ഭക്തിയുണ്ടായീടേണമന്യദുഃഖങ്ങൾ കണ്ടാൽ
ഗുണത്തിന്നടുത്തതേ ഏവൎക്കും ചെയ്തീടാവൂ
വിശ്വസിച്ചവൎകളെ ചതിപ്പാൻ തുടങ്ങല്ലെ
വിരുന്നു യോഗ്യത്തിന്നു കുത്തു പറയല്ലെ
വിരസ്യം ഭാവിക്കല്ലെ വിദ്വാന്മാർ തന്നെക്കണ്ടാൽ

ശീഘ്രം മന്നടത്തോരോടാഗ്രഹം പറയല്ലെ
ചിന്തിച്ചീടേണമറിവുള്ളവരോട് കാൎയ്യം
ചിന്തയുണ്ടായിടല്ലെ ആരാന്റെ ഓൎത്തുതന്നെ
തന്നെപ്രിയപ്പെടാഞ്ഞാൽ താൻപ്രിയപ്പെട്ടീടല്ലെ
തന്നെപ്പോലൊത്തോരോടെ സൌഹൃതം കൂടീടാവൂ
തന്നേക്കാൾ ജാതിഹീനന്മാരോട് ചേൎന്നീടല്ലെ
തന്നോട് ചോദിയാതെ താനൊന്നു പറയല്ലെ
തന്നുടെ വിലമനോഭാവം താൻപോയി കുറയ്ക്കല്ലെ
പഞ്ചമഹത്തി അഞ്ചും കിഞ്ചനായുരക്കേണം
പഞ്ചസാരികളഞ്ചും വെടിഞ്ഞു വഴിപോലെ
ഏഴണ്ടാരവിൽ ഓരോ ഏഴും ഒവ്യേറെ കേൾക്ക
നിഗളം ചപലവും ഞായങ്ങളതിലും
നല്ലതല്ലാത്തതൊക്കെ കൊതി വെറുപ്പും മടി
ഇങ്ങിനെയുള്ള മോഹമൊന്നുമില്ലാത്തവൻ
ഈശപാപിലാസവുമുണ്ടാകമറിഞ്ഞാലും
ഇണവത നാവരോടതിശം പറയല്ലെ
ഇരിപ്പിനാട്ടത്തവന്നും പാത്തായക്കേണം
നാൽപോതമൊന്നുമില്ല നിദ്ര കിടക്കുമ്പോൾ
ഏകനായ്ത്തന്നെ നിദ്രാവെടിഞ്ഞിരിക്കല്ലെ
ജളന്മാരോട് കൂടി ജളത്വം ഇടങ്ങല്ലെ
ജയം കണ്ടഹംഭാവം കരുതാതകതാരിൽ
അജയം കൂടേയുണ്ടെന്നോൎത്തിടേണമുള്ളിൽ
ആരോട് തനിക്കു വേണ്ടെന്നു വിലക്കല്ലെ
മനുതാപം ദൈവഭക്തിയാൽ നീക്കീടേണം
സത്യംപറഞ്ഞുകൊണ്ടു ധൎമ്മം ചെയ്കിലേ പറയുള്ളൂ

സാക്ഷിയായുള്ളോളിക്ക നിന്നീടല്ലെ കലികളും
ബന്ധുവായവരവതണ്ടാകയതും വേണം
സത്യത്തിന്നസത്യങ്ങൾ ചെയ്യാതെ ഇരിക്കേണം
സന്താപം പൂണ്ടു വന്ന ജനത്തെ മുഷിക്കല്ലെ
ബൃഹതാംപതിയുടെ വാക്യങ്ങൾ കേട്ടനേരം
ഇതിരിതാപം പൂണ്ടങ്ങിരുന്ന ചോദ്യം ചെയ്താൻ
നല്ലതു കേട്ടനേരം സന്താപം ഹന്തുള്ളിൽ
നീക്കമെന്നിയേയിന്നാം കേൾക്കണം ഗമാചാര്യാ
എന്നതു കേട്ടനേരം മാമുനിശ്രേഷ്ഠൻതാനും
എങ്കിലോ കേട്ടുകൊൾക എന്നാടനവൾ ചെയ്തു
എൻമുതകടാക്ഷത്താലിനിയും പറഞ്ഞീടാം
എങ്കിലോ കേട്ടു ഗ്രഹിച്ചീടുക ദേവപതെ
ഉത്തരത്തിങ്കൽ മനസ്സുള്ളവരോടു വേണം
ഉത്തരം പറവതിന്നെന്നതു ധരിച്ചാലും
സിദ്ധാന്തം കൊല്ലും ന്യായം വൃത്താന്തം കൊല്ലും കോപം
ചിത്തത്തിലുറപ്പോടൊട്ടുത്തരം പറയേണം
മത്തരോടുള്ളിൽ കരുതീടല്ലെ നിന്നാ
മട്ടംതോറും ധർമ്മം കൊടുക്ക സത്യത്താലേ
ധൈര്യത്തെക്കൊല്ലും ദുഃഖം നാണത്തെക്കൊല്ലും കർമ്മം
ധർമ്മത്തെക്കൊല്ലും ക്രോധം മിത്രത്തെക്കൊല്ലും ദോഷം
ശക്തിയെക്കൊല്ലും മൊഴി മാന്യത്തെ ക്കൊല്ലും ശാന്തം
വിദ്യയെക്കൊല്ലും ദുഃഖം മൂലമില്ലാത്ത
വൈരം ഇടഞ്ഞീടല്ലെ ഉള്ളിൽ
മൂഢന്മാർ ബോധമൊത്താൻ നിനയ്ക്കല്ലെ

തന്നെ കാരുണ്യംപോലെ മറെറല്ലാവരോടും വേണം
തന്നെത്താനറിയാതെ പറയാവൂ ഒരുത്തനെ
പ്രിയമെങ്കിലും പുനരപ്രിയമെന്നാകിലും
പറഞ്ഞീടേണം കണക്കല്ലാതെ കാണുമെന്നോം
പരസ്ത്രീഉപായവും പരന്മാരുള്ളത്തിയും
പരിഹാസപേക്ഷയുണ്ടായീടല്ലൊരിക്കലും
ഒരുത്തന്റെ കളവും ചതി കൊതി കലയും കോപങ്ങളും
കൊണ്ടാട്ടം മനസിലുണ്ടാകല്ലെ
പിഴച്ചാൽ തെററം നല്ലമൊഴിക ക്ഷമനല്ലൂ
പഠിക്കുന്നതിൽ നല്ലതക്ഷരമറിഞ്ഞാലും
കൊതിക്ക പതംനല്ല കൊടുപ്പാൻ ദാനം നല്ല
കൊടുപ്പാനിരസ്സുണ്ട [illegible]
മാധുരീയത്തെ പറവാനുണ്ട പലരെന്നാൽ
മാനിക്കയില്ല തന്റെ ബന്ധുവെന്നറിഞ്ഞാലും
ധനത്തെ ഉണ്ടാക്കുമ്പോൾ മിത്രങ്ങളുണ്ടാമതം
ധനം പൊയ് ക്ഷയിക്കുമ്പോൾ മിത്രമില്ലാതെ വരും
കലഹിച്ചൊരുവൻ വന്നെതിർത്താൽ കോപിക്കല്ലെ
കടുകെന്നജ്ഞാനത്താൽ കോപിച്ചു പറയല്ലെ
കാര്യങ്ങൾ വാക്കിൽനിന്നു ഗുണമുണ്ടെന്നു ചൊല്ലാം
അക്ഷരം ചൊല്ലുന്നോരം വിരുതിയുണ്ടാകേണം
മാധുരീയങ്ങൾവേണം രണ്ടാമതറിഞ്ഞാലും
മാനസേ മൂന്നാമതു പതമുണ്ടായിടേണം
നാലാമതഴകേറും സ്വരമുണ്ടായീടേണം
നന്മയേറിടും ധൈര്യമുണ്ടാകെന്നഞ്ചാമതും
ആറാമതഴകേറും വിശദമുണ്ടാകേണം

ആറും വെവ്വെറെ നാറിവുള്ളോർക്കറിഞ്ഞീടാം
കെട്ടി; കിന്തു ദോഷമായതാറുണ്ടു ചൊല്ലാം
കാമക്രോധവും ലോഭമോഹമത്സരംസത്യ
മദവും പാനസന്ത്യവും ഉഷ്ണതൃഷ്ണം മുദാ മാനസേ
ഉപേക്ഷിക്കിൽ സൌഖ്യത്തെ ലഭിച്ചീടും
ഏങ്കിലോ ഗുണമാറു ചൊല്ലുവൻ കേട്ടുകൊൾക
ഏളിമസുഖം നല്ല രണ്ടാമതായ ധർമ്മം
ഉത്തമം മൂന്നാമതുമടക്കം
ക്ഷമാവതാം ഒതുക്കീടുന്നതുമാറാമതായ സ്നേഹം
ഉത്സാഹമിവയേഴും വേണമെന്നറിഞ്ഞാലും
ഉൾബോധമുള്ള ജനമറിയുമിവയെല്ലാം
ആത്മാവെ ദഹിപ്പിക്കും പാപത്തെയുപേക്ഷിക്കും
ഉചിതക്കേടു ചെയ്യും ജനത്തെയുപേക്ഷിക്കും
അനർത്ഥം വരുത്തുന്ന മിത്രത്തെയുപേക്ഷിക്കാം
ലുബ്ധരോടപേക്ഷയുണ്ടാകാതെയുപേക്ഷിക്ക
ലഭിച്ചീടാതവസ്തു കാലത്തെയുപേക്ഷിക്ക
പക്ഷിജാതികളിൽ കാകൻ ചണ്ഡാലനത്രെ
മൃഗത്തിൽ ചണ്ഡാലമാം ഗർദ്ദഭമറിഞ്ഞാലും
മുഖ്യബ്രാഹ്മണന്മാരിൽ കോപി ചണ്ഡാലനത്രെ
നിന്ദയേറുന്ന ജനം സർവ്വചണ്ഡാലനത്രെ
നിന്ദയുണ്ടായിടല്ലെ പാപികളോടുംതന്നെ
നീചന്മാർക്കുപകാരം ചെയ്തീടിലതിൻ ഫലം
നാഗത്തെ വളർത്തിയാൽ വിഷം നൽകീടുംപോലെ
കയ്ക്കുന്ന ഫലംഗുള സംയുതമായെന്നാലും
കയ്പ്പൊന്നുമധുരിക്കയില്ലെന്നതറിഞ്ഞാലും

പക്ഷികൾക്കാകാശംബലംമത്സ്യത്തിന്നാഴംബലം
ഭൂപതിതന്നാൽബലം ദുർബ്ബലക്കറിഞ്ഞാലും
ബാലകൾക്കൊപ്പം ബലം വാക്കിന്ന സത്യം ബലം
ശക്തിക്ക ന്യായംബലം വൃദ്ധന്ന വേദംബലം
ശോകക്കാൎക്ക കായം ബലം
വേണ്ടവരോട രുചിതത്തിന്ന ക്ഷമാബലം
സൎവ്വം ന്യായം ബലമെന്നതുമറിഞ്ഞാലും
സൎവ്വവുമുപേക്ഷിച്ചു മിത്രത്തെ രക്ഷിക്കണം
ക്രോധത്തെയുപേക്ഷിച്ചുമവരെ രക്ഷിക്കണം
ക്രൂരത്തെയുപേക്ഷിച്ചു ന്യായത്തെയുറക്കണം
കോപിച്ചിട്ടൊരുത്തരോടെതിൎപ്പാൻ തുടങ്ങുമ്പോൾ
കാലദേശാവസ്ഥകൾ സൂക്ഷിച്ചീടേണമുള്ളിൽ
ശക്തിയും ധനങ്ങളും മിത്രവുമുണ്ടായ്വന്നാൽ
ശിക്ഷായാമവിവേകമുണ്ടാകാതിരിക്കണം
എത്രയും വിനീതനായിട്ടിലേ വൎദ്ധിച്ചീടു
എന്നുള്ളിൽക്കരുതേണമല്ലാഞ്ഞിലെന്നങ്ങല്ലൊ
ശക്തിയെ കൊല്ലും വ്യാധി ധനത്തെക്കൊല്ലും കോപം
ശാന്തരാം മിത്രന്മാരുമില്ലാതെ വരുമല്ലൊ
പീയൂഷം നൽകും ശോകൎത്തുണത്തെക്കൊടുത്തെന്നാൽ
പാലൂട്ടിത്തന്നാൽ വിഷം നൽകിടും സൎപ്പങ്ങളും
ഉത്തമന്മാൎക്ക കരത്തൊന്ന നൽകിയാൽ മതി-
യുണ്ടാകുമവൎക്കെന്നും തന്നാലെന്നറിഞ്ഞാലും
അധമന്മാൎക്ക വളരെക്കൊടുത്തന്നാകിലു-
മുപകാരമൊരു ഗുണമില്ലെന്നോൎക്കയും വൃഥാ
വാക്കുമുട്ടിയാൽ പിന്നെയാഗ്രഹം പറഞ്ഞാലും

കൊടുത്തോനാകിൽ പിന്നെ പുകഴ്ത്തി പറവാനും
എന്നിവരെല്ലാരോടുമുത്തരം പറയല്ലെ
എങ്കിലോ ഭോഷന്മാൎക്കെട്ടുലക്ഷണമുണ്ടു
ഇളിഭ്യം ദുൎമ്മാത്ര്യവും പൊളിവാ ശാഠ്യങ്ങളും
ഈൎഷ്യകൾ പറകയും വെറുതെ ചിരിക്കയും
കാണാതെ കേളാതെയായിരിപ്പൊരാഗ്രഹങ്ങൾ
ഇങ്ങിനെയെട്ടു പ്രകാരമെന്നറികെടോ
ഏഴ് കാതത്തോളം പോയഗതി ഇരുന്നീടും
ദാനം ചെയ്യുന്നേടത്തു ദുൎബ്ബലനിരുന്നീടും
മത്സ്യമുള്ളേടത്തു മത്സ്യപന്മാരിരുന്നിടും
പുഷ്കരപത്രത്തിന്മേലന്നങ്ങളിരുന്നീടും
ഗിരികൾ മദ്ധ്യത്തിങ്കൽ സിംഹങ്ങളിരുന്നിടും
നല്ലതുവരുന്നോരെല്ലാററികളും കാണാം
കഷ്ടകാലത്തിൽ ഗുണമുണ്ടാകില്ലൊരിക്കലും
പരമാനന്ദമൂൎത്തി ഭഗവാൻ പശുപതി
പരിചോടിരുന്നതു നടന്ന കാലമൊക്ക
മുമ്പിനാൽ ഗുണമെങ്കിൽ പിന്നാടം ദുഃഖമുണ്ടാം
മുമ്പിനാൽ വിചാരിച്ചു കാണേണമിവരെല്ലാം
വസ്തുത്തെയുപേക്ഷിച്ചു സ്വപ്നത്തെ മോഹിക്കല്ലെ
വാക്കുകളേറെ പറഞ്ഞിടല്ലെയൊരുത്തരെ
അരചന്മാരെ കണ്ടാൽ മന്നുകം വണങ്ങിട-
മദ്യാസവിത്തു കണ്ടാൽ സമൎത്ഥൻ വണങ്ങിടും
ജ്ഞാനത്തെക്കൊണ്ടേറ്റമജ്ഞാനം വണങ്ങിടും
ന്യായമുള്ളവർ തമ്മിൽ പിണക്കം വണങ്ങിടും
നല്ല സജ്ജനത്തോടു സംസൎഗ്ഗം വണങ്ങിടും

ദുഷ്ടനെക്കാണുന്നേരം ദുഷ്ടത വണങ്ങീടും
ധൎമ്മിയെക്കാണുന്നേരമതിഥി വണങ്ങിടും
സന്യാസിയായാലുടൻ സമസ്തം വണങ്ങീടും
നാവിന്റെ ഗുണംകൊണ്ടു സൎവ്വവും ലഭിച്ചീടും
നാരിമാർ ഗുണഗ്രഹം ഭൂഷണമറിഞ്ഞാലും
അതിഥികൾക്കു ഗുണമെളിയസുഖം തന്നെ
അരചന്മാൎക്കു ഗുണജ്ഞാനധൎമ്മങ്ങൾ കൊണ്ടും
വൃദ്ധന്മാൎക്കു കനകധൎമ്മങ്ങൾതന്നെ വിത്തം
നെല്ലുടുത്തു ഭൂഷണമറിഞ്ഞാലും
സുരാപാനവും ചൂതുമതതെത്രയും ക്രോധം
സൂക്ഷിച്ചാലിവനാലും നാശത്തെ വരുത്തീടും
സൽമതമെളിമയും ജാതിയും ജ്ഞാതിയും
ധൎമ്മത്തെ ഇവനാലും രക്ഷിപ്പോരറിഞ്ഞാലും
ഇത്തരം ബഹുവിധം ബൃഹസ്പതിവാക്യങ്ങളെ
വിസ്തരിച്ചുരചെയ്വാൻ കാലമൊ പോരയല്ലൊ
ദേവവസ്തുനാശോക്തം പ്രകാശിപ്പാനും പാരം
ദേവാചാൎയ്യനമതൾ ചെയ്തീടിനാൻ ശുഭംശുഭം.

ബൃഹസ്പതിവാക്യം സമാപ്തം.

കേരള സാഹിത്യ
അക്കാദമി